
കെ. ദാമോദരൻ
പോരും പൊരുളും



പി. ഗോവിന്ദപ്പിള്ള

M.G. RADHAKRISHNAN
Athiyarath. 406 Sangamam Nagar
Thiruvananthapuram 695008 Kerala.
INDIA

കെ. ദാമോദരൻ—
പോരും പൊരുളും



(Malayalam)
K. Damodaran—Porum Porulum
Biography
By
P. Govinda Pillai

Cover Design: C. S. Vinod Kumar
First Published April 2011
Type Setting and Printing at M. P. Paul Smaraka
Offset Printing Press (SPCS), Kottayam
Price Rs. 180.00
© P. Govinda Pillai

No part of this publication may be reproduced or transmitted in any form or by any means without prior written permission of the Publisher

Publishers
Sahithya Pravarthaka Co-operative Society Ltd.,
Kottayam, Kerala State, India

Email: spcsktm@gmail.com

Sales Department
National Book Stall
Thiruvananthapuram-Kollam–Alappuzha-Kottayam
Kottayam (Show-room)- Ernakulam (Marine Drive)
Thrissur- Palakkadu–Kozhikkodu-Kalpatta-Kannur

S 7899 B 4817 015/11-12 1-1000

കെ. ദാമോദരൻ—
പോരും പൊരുളും

(ജീവചരിത്രം)

പി. ഗോവിന്ദപ്പിള്ള

പ്രസാധകർ

സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക് സ്റ്റാൾ

കോട്ടയം

വില ക. 180.00

പി. ഗോവിന്ദപ്പിള്ള

പെരുമ്പാവൂരിനടുത്തുള്ള പുല്ലുവഴിയിൽ 1926 മാർച്ച് 25-ന് ജനിച്ചു.

വിദ്യാർത്ഥിപ്രസ്ഥാനത്തിലും കേരള കർഷകസംഘത്തിലും പ്രവർത്തിച്ചു.

1951-ൽ തിരു-കൊച്ചി നിയമസഭയിലും 1957-ൽ കേരളനിയമസഭയിലും അംഗമായിരുന്നു. കിറ്റ് ഇൻഡ്യാസമരത്തിലുംമറ്റും പങ്കെടുത്ത് പലതവണ ജയിൽവാസം അനുഭവിച്ചു.

കേരളാ പ്രസ്സ് അക്കാദമി, സംസ്ഥാന ചലച്ചിത്രവികസന കോർപ്പറേഷൻ എന്നിവയുടെ ചെയർമാനായിരുന്നു. 1964 മുതൽ 1982 വരെ ദേശാഭിമാനിയുടെ മുഖ്യപത്രാധിപരായിരുന്നു.

പ്രസിദ്ധീകരിച്ച കൃതികൾ: ഇസങ്ങൾക്ക് ഇപ്പുറം, വിപ്ലവപ്രതിഭ,
കേരളം ഇൻഡ്യയിലെ അധഃകൃതസംസ്ഥാനം, സാഹിത്യവും രാഷ്ട്രീയവും,
മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം: ഉദ്ഭവവും വളർച്ചയും,
വിപ്ലവങ്ങളുടെ ചരിത്രം, സാഹിത്യം: അധോഗതിയും പുരോഗതിയും,
പൂന്താനം മുതൽ സൈമൺ വരെ, ചരിത്രശാസ്ത്രം പുതിയ മാനങ്ങൾ,
ഭഗവദ്ഗീത-ബൈബിൾ-മാർക്സിസം, മഹാഭാരതം മുതൽ മാർക്സിസം വരെ,
കേരളനവോത്ഥാനം: ഒരു മാർക്സിസ്റ്റ് വീക്ഷണം,
സ്വാതന്ത്ര്യത്തിന്റെ സാർവ്വദേശീയത, ആഗോളവൽക്കരണം സംസ്കാരം മാധ്യമം,
കേരളനവോത്ഥാനം: മതാചാര്യർ മതനിഷേധികൾ,
ഫ്രെഡറിക് എംഗൽസ്: സ്നിഗ്ദ്ധനായ സഹകാരി വരിഷ്ഠനായ വിപ്ലവകാരി,
ഇ.എം.എസ്സും മലയാളസാഹിത്യവും,
വൈജ്ഞാനികവിപ്ലവം ഒരു സാംസ്കാരികചരിത്രം.
വിവർത്തനങ്ങൾ: കാട്ടുകടന്നൽ, ഭൂതകാലവും മുൻവിധികളും,
ഇൻഡ്യാചരിത്രവ്യാഖ്യാനം മാർക്സിസ്റ്റ് വീക്ഷണത്തിൽ,
ആര്യദ്രാവിഡവിവാദവും മതനിരപേക്ഷതയും,
മാർ ഗ്രിഗോറിയോസിന്റെ മതവും മാർക്സിസവും.

ഭാര്യ: എം. ജെ. രാജമ്മ.

മക്കൾ: എം. ജി. രാധാകൃഷ്ണൻ, ആർ. പാർവ്വതിദേവി.

വിലാസം:

മുളയ്ക്കൽ
9-സുഭാഷ് നഗർ
തിരുവനന്തപുരം-8

സമർപ്പണം

പരുക്കൻ ജീവിതകഥകൾ വസ്തുതകൾക്ക് ഒരു കോട്ടവും വരാത്തവിധം ഹൃദ്യമായ നാടകങ്ങൾ രചിക്കുന്നതിനും അവതരിപ്പിക്കുന്നതിനും പ്രഗല്ഭനായ സഖാവ് പിരപ്പൻകോട് മുരളിക്ക്.

പ്രസാധകക്കുറിപ്പ്

'കെ. ദാമോദരൻ—പോരും പൊരുളും' എന്നത് വെറും ഒരു ജീവ ചരിത്രഗ്രന്ഥമല്ല. മാർക്സിസത്തെയും ജീവിതത്തെയും പോലും സർഗ്ഗാത്മകതയുടെ എളിമയാർന്ന കണ്ണാടിയിലൂടെ നോക്കിക്കണ്ട ആളായിരുന്നുവല്ലോ മഹാനായ മാർക്സിസ്റ്റ് ദാർശനികനും കലാ തത്ത്വചിന്തകനുമായ കെ. ദാമോദരൻ. അദ്ദേഹത്തിന്റെ വ്രതശുദ്ധ മായ ജീവിതത്തെ അപഗ്രഥനാത്മകമാംവിധം വരച്ചെടുത്ത ജീവ ചരിത്രകൃതിയാണ് 'കെ. ദാമോദരൻ—പോരും പൊരുളും'. മുകളിൽ പറഞ്ഞ വിശേഷണങ്ങളെല്ലാം നന്നായിണങ്ങുന്ന അക്ഷരസ്വരൂപി യായ പി. ഗോവിന്ദപ്പിള്ളയാണ് ഈ പുസ്തകത്തിന്റെ കർത്താവ് എന്നത് സമസ്ത മലയാളികൾക്കും സന്തോഷം ചേർക്കുന്ന വസ്തുത യാണ്.

പി. ജി.ക്ക് 85 വയസ്സു തികയുന്ന അവസരത്തിൽ അദ്ദേഹത്തിനു സ്വീകരണം നൽകാൻ ചേർന്ന ഒരു ഗൃഹത്സദസ്സിൽവെച്ചാണ് ഈ പുസ്തകം സംബന്ധിച്ച പ്രഖ്യാപനം ഉണ്ടായത്. പിന്നീട് മൂന്നാഴ്ച സമയമേ ഉണ്ടായിരുന്നുള്ളു പുസ്തകപ്രസിദ്ധീകരണത്തിന്. സമയ പരിമിതി ഒരു വെല്ലുവിളിയായിത്തന്നെ ഏറ്റെടുത്ത് ഈ മഹനീയ ഗ്രന്ഥം നിശ്ചിതസമയത്തുതന്നെ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്. മലയാളസാമൂഹ്യജീവിതത്തിന് ആരും നേരും ചേർക്കുകയും പൂവും പൊട്ടും ചാർത്തുകയും ചെയ്ത മഹാമനീഷിയായ കെ. ദാമോദരന്റെ ജീവിതകഥ പ്രസിദ്ധീകരിക്കാ നായതിൽ ഞങ്ങൾക്ക് അതിരുകവിയാത്ത ആത്മാഭിമാനമുണ്ട്. പ്രിയ പ്പെട്ട പി.ജി.യോടുള്ള കടപ്പാട് വാക്കുകൾക്കതീതം.

ആമുഖം

കേരളത്തിലെ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നാലു സ്ഥാപകാംഗങ്ങളിൽ ഒരാളായിരുന്നു എന്നതു മാത്രമല്ല ചരിത്രത്തിൽ കെ. ദാമോദരനുള്ള പ്രാധാന്യം. ഒരുപക്ഷേ, പി. കൃഷ്ണപിള്ളയ്ക്കും ഇ. എം. എസ്സിനും എൻ. സി. ശേഖർക്കും മുൻപുതന്നെ കാശി വിദ്യാപീഠത്തിലെ പഠനകാലത്ത് ആർ.ഡി. ഭരദ്വാജിന്റെയും ഓംപ്രകാശ് ശാസ്ത്രിയുടെയും സ്വാധീനത്തിൽ ദാമോദരൻ കമ്മ്യൂണിസ്റ്റായിക്കഴിഞ്ഞിരുന്നു. കേരളത്തിൽ 1930-കളുടെ ആദ്യം രൂപീകരിക്കപ്പെട്ട കമ്മ്യൂണിസ്റ്റ് ലീഗിൽ എൻ. സി. ശേഖർ അംഗമായിരുന്നുവെങ്കിലും അതിന്റെ ഉദ്ഭവവും ഘടനയും പേരും സൂചിപ്പിക്കുന്നതുപോലെ ഒരു ലക്ഷണമൊത്ത കമ്മ്യൂണിസ്റ്റ്പാർട്ടിയായിരുന്നുവെന്നു കരുതാൻ വയ്യ. അതുകൊണ്ട് ദാമോദരനെ കേരളത്തിലെ പ്രഥമ കമ്മ്യൂണിസ്റ്റായി കരുതുന്നവർ ചുരുക്കമല്ല.

ദാമോദരന്റെ ജീവിതമാകെ പരിശോധിക്കുന്നപക്ഷം അതിന് ഒരു ദുരന്തകഥയുടെ സ്വഭാവമാണുള്ളതെന്ന് ഈ പുസ്തകത്തിൽനിന്ന് വ്യക്തമാകും. ദാമോദരന്റെ അന്ത്യകാലത്ത് അദ്ദേഹവുമായി ദില്ലിയിലെ ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ സൗഹൃദത്തിലേർപ്പെട്ടിരുന്ന ഡോ. കെ. എൻ. പണിക്കർ ഈ ദുരന്തകഥ വിവരിക്കുന്നത് ഉദ്ധരിച്ചുകൊണ്ടാണ് ഈ പുസ്തകം അവസാനിക്കുന്നത്.

ദാമോദരനെ പലയിടത്തും ഈ ജീവചരിത്രപഠനത്തിൽ വിമർശിക്കേണ്ടതായിവന്നിട്ടുണ്ട്. അത് അദ്ദേഹത്തോടുള്ള ബഹുമാനത്തിനോ സ്നേഹാദരങ്ങൾക്കോ വിഘാതംവരുത്തുന്നില്ലെന്ന് വിശ്വസിക്കുന്നു.

ഈ പുസ്തകമെഴുതാൻ ദാമോദരന്റെ വിവിധ കൃതികളും ഇൻഡ്യൻ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ ചരിത്രങ്ങളും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഒരു ട്രോട്സ്കി പക്ഷപാതിയും ആർ. എസ്. പി. നേതാവും എന്ന നിലയിൽ പ്രസിദ്ധനായ എം. റഷീദ് എഴുതിയ സഖാവ് കെ. ദാമോദരൻ എന്ന ജീവചരിത്രകൃതി എനിക്ക് വളരെ സഹായകമായിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ എല്ലാ വിലയിരുത്തലുകളോടും വീക്ഷണത്തോടും എനിക്ക് യോജിപ്പില്ലെന്ന കാര്യം വായനക്കാർക്ക് ബോദ്ധ്യമാകും. ഇതിനു പുറമേ 1950 മുതൽ ദാമോദരനു

മായി പരിചയപ്പെടാനും അദ്ദേഹത്തിന്റെ സ്നേഹവാത്സല്യങ്ങൾ അനുഭവിക്കാനും ഇടവന്നിട്ടുള്ള എനിക്ക് അദ്ദേഹത്തിൽനിന്ന് നേരിട്ടറിയാൻ കഴിഞ്ഞ വിവരങ്ങളും പ്രയോജനകരമായി. 1970-നുശേഷം സി. പി. ഐ. അംഗത്വം ദാമോദരൻ തുടർന്നുവെങ്കിലും പല കാര്യങ്ങളിലും അദ്ദേഹം പ്രത്യയശാസ്ത്രപരമായി അവരുമായി അകലാൻ തുടങ്ങിയിരുന്നു. അക്കാലത്തും സി. പി. ഐ.(എം.)ൽ ചേരാനോ പരസ്യമായി അതിനെ അനുകൂലിക്കാനോ മുതിർന്നില്ലെങ്കിലും സി. പി. ഐ.(എം.)ന്റെ നേതൃത്വത്തിൽ ദേശാഭിമാനി ദിനപത്രം സംഘടിപ്പിച്ച ദേശാഭിമാനി സ്റ്റഡിസർക്കിൾ യോഗങ്ങളിൽ ദാമോദരൻ പതിവായി പങ്കെടുക്കാറുണ്ടായിരുന്നു. ഈ ബന്ധങ്ങളും പ്രവർത്തനങ്ങളുമെല്ലാം നൽകിയ വിവരങ്ങൾ ഈ പുസ്തകത്തിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഈ പുസ്തകത്തിന്റെ ഉപതലവാചകമായ 'പോരും പൊരുളും' ദാമോദരന്റെ ജീവിതത്തെ എന്നപോലെ ആശയങ്ങളെയും വിമർശനാത്മകമായി വിലയിരുത്താൻ സഹായിച്ചു എന്ന് സൂചിപ്പിക്കുന്നു.

അടുത്തകാലത്തെ എന്റെ പുസ്തകരചനകളിലും മറ്റു രചനകളിലും നിർണ്ണായകമായി സഹായിച്ചുപോരുന്ന സഖാവ് എൽ. പരമേശ്വരനോടും ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്ത എസ്. പി. സി. എസ്സിന്റെ അദ്ധ്യക്ഷൻ ഏഴാച്ചേരി രാമചന്ദ്രനോടും എനിക്കുള്ള കടപ്പാട് നിസ്സീമമാണ്.

പി. ഗോവിന്ദപ്പിള്ള

ഉള്ളടക്കം

1. തുഞ്ചന്റെ നാട്ടിൽ പിറന്ന വിപ്ലവകാരി 13
2. ഓലക്കുടയുമായി ഒരു കോളേജ് കുമാരൻ 25
3. പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം 33
4. കാശിയിലെ പുണ്യതീർത്ഥവും
   മാർക്സിസത്തിന്റെ പുലർവെട്ടവും 45
5. പുത്തുണർവ്വിന്റെ ചെങ്കൊടി 54
6. നാൽവർ ചേർന്ന പ്രഥമഘടകം 66
7. ഉണരുന്ന തൊഴിലാളിവർഗ്ഗം 77
8. കൃഷി: നാടിന്റെ നട്ടെല്ല് 88
9. അറിവിന്റെ ഊർജ്ജം ആദർശത്തിന്റെ ലഹരി 100
10. ദാമോദരന്റെ കോൺഗ്രസ്പ്രവർത്തനം 108
11. സർഗ്ഗസാഹിത്യപ്രതിഭ 121
12. ജീവത്സാഹിത്യം 141
13. മോചനം, വിവാദം, വിവാഹം 150
14. സ്വാതന്ത്ര്യവും അസ്വാതന്ത്ര്യവും 157
15. പുരോഗമനസാഹിത്യസംഘം 168
16. മനുഷ്യനും മാനവികതയും 180
17. മലബാർ സെക്രട്ടറി 192
18. സ്റ്റാലിൻ, റഷ്യ, ക്രൂഷേവ് 204
19. ഭാരതീയചിന്ത: ഒരു നവീന മാർക്സിസ്റ്റ് വീക്ഷണം 215
20. പ്രാഗ്വസന്തം: ദാമോദരന് മഞ്ഞുകാലം 231
21. ദാമോദരന്റെ ഒസ്യത്ത്—കറുപ്പും വെളുപ്പും 239

അനുബന്ധം: ചിത്രങ്ങൾ

1. തുഞ്ചന്റെ നാട്ടിൽ പിറന്ന വിപ്ലവകാരി

"പൊന്നാനിപ്പുഴയുടെ
തടത്തിൽ മനുഷ്യനും
തെങ്ങിൻതണ്ടുപോൽ ചീഞ്ഞു
മറ്റുള്ളോരുടെ കയ്യിൽ
പൊൻനാരായി മാറും കാഴ്ച
കണ്ടുണർന്നൊരാ കൺകൾ
എന്നുമന്വേഷിച്ചിതാ
ദുരന്തസത്യത്തിന്റെ
മണ്ണിലാണ്ടിറങ്ങിയോ-
രടിവേരുകളേത്
മന്ത്രിപ്പൂ നമ്മോടിന്നു-
മക്കണ്ണിൻ കെടാവെട്ടം
ഈയപൂർണ്ണതയുടെ
ചിപ്പിയിലൊരു പൂർണ്ണ-
ജീവിതം വിളയിക്കാൻ
വേഗേന വരിക്കുക!"

—ഒ. എൻ. വി. കുറുപ്പ്, 1978

മലയാളിയുടെ ജീവിതചര്യയിലും സാംസ്കാരികസങ്കല്പങ്ങളിലും മൗലികമാറ്റങ്ങൾക്ക് വഴിതെളിച്ച യുഗപ്രഭാവനായിരുന്നു തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ (സു. 1475-1575). ഇന്നത്തെ മലപ്പുറം ജില്ലയിലെ തിരൂർ റെയിൽവേ സ്റ്റേഷനിൽനിന്ന് രണ്ടുരണ്ടര കിലോമീറ്റർ കിഴക്കുമാറി സ്ഥിതിചെയ്യുന്ന തുഞ്ചൻപറമ്പ് എന്നു പേരുകേട്ട പുരയിടത്തിലായിരുന്നു അദ്ദേഹത്തിന്റെ തറവാട് എന്ന് മലയാളികൾ വിശ്വസിച്ചുവരുന്നു. ഇപ്പോൾ അവിടെ പ്രശസ്തമായി പ്രവർത്തിച്ചുവരുന്ന തുഞ്ചൻ സ്മാരകം ഭാഷാപ്രണയികളുടെയും ഒരു തീർത്ഥാടനകേന്ദ്രമാണ്. ഇടക്കാലത്ത് ആചാര്യൻ ഇന്നത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂരിൽ ആശ്രമം സ്ഥാപിച്ച് കഴിഞ്ഞുവന്നതായും ഐതിഹ്യമുണ്ട്. അവിടെയും തിരൂരിലെപ്പോലെ തുഞ്ചൻ ദിനാചരണവും ഗുരുസ്മരണയെ മുൻനിറുത്തി കുട്ടികളെ എഴുത്തിനിരുത്തലും നടന്നുവരുന്നു.

ഈ ഇതിഹാസപ്രസിദ്ധമായ ഗ്രാമത്തിലാണ് പിൽക്കാലത്ത് സഖാവ് കെ. ദാമോദരൻ എന്ന പേരിൽ പ്രസിദ്ധനായ കീഴേടത്തു ദാമോദരമേനോൻ 1912 ഫെബ്രുവരി 26-ാം തീയതി ജനിച്ചത്. അച്ഛൻ തിരൂരിനടുത്ത് പെരുമണ്ണയിലെ കിഴക്കിനിയേടത്ത് മനയിലെ തുപ്പൻനമ്പൂതിരി. അമ്മ കീഴേടത്ത് നാരായണി അമ്മ. അക്കാലത്തെ നായർപ്രഭുക്കളുടെ കൂട്ടുകുടുംബത്തിൽ സംബന്ധക്കാരായി വരിക മേൽജാതിക്കാരായ നമ്പൂതിരിമാരായിരുന്നുവല്ലോ. അത്തരം സംബന്ധക്കാരായ നമ്പൂതിരിമാരുടെ സ്വത്തിന്റെ എന്നല്ല സ്നേഹത്തിന്റെ ഓഹരിക്കുപോലും അച്ഛന്റെ മടിയിലിരിക്കാനെന്നല്ല തൊടാൻ പോലും അനുവാദമില്ലാത്ത മക്കൾക്കവകാശമില്ല. പക്ഷേ, ദാമോദരന്റെ അച്ഛൻ തുപ്പൻനമ്പൂതിരി സാധാരണയിൽക്കവിഞ്ഞ ഹൃദയാലുവായിരുന്നതിനാൽ മക്കളുടെ കാര്യത്തിൽ അല്പം കൂടുതൽ ശ്രദ്ധപ്രകടിപ്പിച്ചിരുന്നതായി പറയപ്പെടുന്നു. പക്ഷേ, ദാമോദരന് 14 വയസ്സായപ്പോഴേക്കും അച്ഛൻ നിര്യാതനായതോടെ അധികാരപ്രമത്തനും പ്രമാണിയുമായിരുന്ന കീഴേടത്തു കാരണവരായി ദാമോദരന്റെയും സഹോദരങ്ങളുടെയും ഏക ആശ്രയം. നായർ കൂട്ടുകുടുംബങ്ങളിൽ അധികാരപ്രമത്തരായ കാരണവന്മാർ എങ്ങനെയാണ് അനന്തിരവരോടും മറ്റു കുടുംബാംഗങ്ങളോടും പെരുമാറുക എന്നത് ഒയ്യാരത്ത് ചന്തുമേനോന്റെ പഞ്ചുമേനോനേയും (ഇന്ദുലേഖ) പൂഞ്ചോലക്കര അച്ചനേയും (ശാരദ) അറിയുന്നവരോട് പ്രത്യേകം പറയേണ്ടതില്ല. ദാമോദരനും ആ ദുരനുഭവം നേരിട്ടു. ആ കഥ പിന്നാലെ പറയാം.

മോഹഭംഗം: കാരണവർക്കും അനന്തിരവനും

ഇന്നത്തെ മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ തിരൂർ വില്ലേജിൽ പൊന്നാനിപ്പുറം പുഴയുടെ തീരത്ത് നിരന്തരം പുകപടലങ്ങളുയർത്തി ഓടിക്കൊണ്ടിരുന്ന കൽക്കരിവണ്ടികളുടെ ചൂളംവിളിയും പുഴയൊഴുക്കിന്റെ കളകളംവിളികളും കേട്ടുകൊണ്ടാണ് കീഴേടത്ത് നാരായണിയമ്മയുടെ മൂത്തമകൻ ദാമോദരൻ പിറന്നുവീണത്. ഇന്നത്തെ തിരൂർ താലൂക്ക് അന്നത്തെ പൊന്നാനി താലൂക്കിന്റെ ഭാഗമായിരുന്നു. വളരെ പരിമിതമായ സമ്മതിദാനാവകാശത്തോടെ പ്രവർത്തിച്ചിരുന്ന മദിരാശി പ്രവിശ്യയിലെ നിയമസഭയിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കാൻ ജന്മിമാർക്ക് പ്രത്യേകം നിയോജകമണ്ഡലങ്ങളുണ്ടായിരുന്നു. പൊന്നാനി നിയോജകമണ്ഡലത്തിൽനിന്ന് ജന്മിപ്രതിനിധികളെ തെരഞ്ഞെടുക്കാൻ അവകാശമുള്ള ഏഴു പ്രഭുകുടുംബങ്ങളാണ് തിരൂർ വില്ലേജിൽ ഉണ്ടായിരുന്നത്. അതിൽ ഒന്നായിരുന്നു കീഴേടം. കീഴേടത്തുക്കാർ ഭൂനികുതിയായി അടച്ചിരുന്നത് പ്രതിവർഷം 4500 രൂപ. ഇന്നത്തെ നിലവാരപ്രകാരം അഞ്ചോ ആറോ ലക്ഷത്തിലേറെ.

ഈ സമ്പൽസമൃദ്ധിയുടെ മടിത്തട്ടിൽ ജനിച്ചുവളർന്ന ദാമോദരന് ഇല്ലായ്മയുടെ വല്ലായ്മയൊന്നും ബാധിക്കേണ്ട കാര്യമില്ലായിരുന്നു. വിദ്യാലയത്തിലെ ആദ്യവർഷങ്ങളിലൊന്നും ഇത്തരം വല്ലായ്മകൾ അനുഭവപ്പെട്ടതുമില്ല. മാത്രമല്ല കാരണവർ സാധാരണയിലേറെ വാത്സല്യത്തോടെയാണ്

തന്റെ അനന്തിരവനോടു പെരുമാറിയതും അവന്റെ ആവശ്യങ്ങളെല്ലാം പിശുക്കുകൂടാതെ നടത്തിക്കൊടുത്തതും. പഠിപ്പിൽ മിടുക്കനും സൽസ്വഭാവിയും ഈശ്വരവിശ്വാസിയും അദ്ധ്യാപകരുടെ കണ്ണിലുണ്ണിയും സഹപാഠികളുടെ അസൂയാപാത്രവുമായി വളർന്ന ദാമോദരനെ പഠിപ്പിച്ച് വലിയ വക്കീലാക്കി തന്റെ മകളെ വിവാഹംകഴിപ്പിക്കണമെന്നും കാരണവർ മോഹിച്ചിരുന്നതായി കാണുന്നു. ഈ സൽസ്വഭാവംപോലും ചിലപ്പോൾ വിനയാകാറുണ്ട്. ഉച്ചയ്ക്ക് ക്ളാസ്സു വിട്ട സമയത്ത് മിക്ക കുട്ടികളും തുള്ളിച്ചാടിയും ലഹള വെച്ചും ഉല്ലസിക്കുമ്പോൾ ദാമോദരൻ മുറിയിൽ ഒതുങ്ങിയിരുന്ന് പുസ്തകം വായിക്കുകയാണ് പതിവ്. ഒരുദിവസം കുട്ടികൾ ദാമോദരനെ ക്ളാസ്സ്മുറിയിലിട്ട് പൂട്ടി. ചിലർ അകത്തും മറ്റുചിലർ പുറത്തും. അദ്ധ്യാപകൻ വന്നപ്പോൾ അകത്തുനിന്ന് കുറ്റിയിട്ട മുറി തുറക്കാനാകാതെ ക്രുദ്ധനായി. ഒടുവിൽ കടുത്ത ഭീഷണിയെത്തുടർന്ന് അകത്തുള്ളവർ മുറി തുറന്നു. അച്ചടക്കലംഘനം. കേസ്സായി. ഒടുവിൽ കുസൃതിക്കാരെ ശിക്ഷിച്ചപ്പോൾ നിരപരാധിയായ ദാമോദരനും ശിക്ഷിക്കപ്പെട്ടു. അങ്ങനെ ജീവിതത്തിൽ പലതവണ അനുഭവിക്കേണ്ടിവന്ന പീഡനങ്ങളുടെയും ശിക്ഷകളുടെയും തുടക്കം ദാമോദരന്റെ ഈ വായനാഭ്രമത്തിൽനിന്നായിരുന്നു എന്നു പറയാം.

പ്രാഥമികവിദ്യാഭ്യാസവും ഹൈസ്ക്കൂൾ വിദ്യാഭ്യാസവും രൂപഭേദത്തോടെ ഇന്നും നിലനിൽക്കുന്ന തിരൂർ സ്കൂളുകളിലാണ് ദാമോദരൻ നിർവ്വഹിച്ചത്. വളരെ ഉയർന്ന നിലയിൽ സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ഉപരിപഠനത്തിനായി കോഴിക്കോട്ടെ സാമൂതിരി കോളേജിൽ ചേർന്നു. ഉത്സാഹപൂർവ്വം പഠനത്തിൽ മുഴുകിയ ദാമോദരൻ ഇന്റർമീഡിയറ്റ് ജൂനിയർ പരീക്ഷ കഴിഞ്ഞ് തിരൂരിലെ തറവാട്ടിൽ മദ്ധ്യവേനൽ അവധിക്കാലം കഴിച്ചുകൂട്ടാനെത്തി. അപ്പോൾ വയസ്സ് 17.

അപ്പോഴേക്കും മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഉപ്പുസത്യാഗ്രഹരൂപത്തിൽ രണ്ടാംഘട്ടം നിയമലംഘനപ്രസ്ഥാനം ആരംഭിക്കുകയായിരുന്നു. (അതിന്റെ വിശദാംശങ്ങൾ പിന്നീട് വിവരിക്കുന്നതാണ്.) കുറെക്കാലമായി പത്രങ്ങളിൽനിന്നും മറ്റും ലഭിച്ച വാർത്തകളിൽനിന്ന് ദാമോദരന്റെ യുവമസ്തിഷ്കത്തിൽ പുത്തൻ ആശയങ്ങളും യുവഹൃദയത്തിൽ പുത്തൻ ആവേശങ്ങളും നാമ്പെടുക്കുകയായിരുന്നു—ഇന്ത്യയുടെ ദുരവസ്ഥയേയും സ്വാതന്ത്ര്യസമരത്തേയും സംബന്ധിച്ച്. ഉപ്പുസത്യാഗ്രഹത്തെക്കുറിച്ചുള്ള വാർത്തകൾ അവയെ സ്ഫോടനാവസ്ഥയിലെത്തിച്ചു. ദാമോദരൻ മധ്യവേനൽ അവധിക്കാലം തറവാട്ടിൽ ചെലവഴിക്കുമ്പോൾ 1930 മെയ് 12-ാം തീയതി കോഴിക്കോട്ട് കടപ്പുറത്ത്, ഉപ്പു കാച്ചി നിയമലംഘനം നടത്തിയ മഹാനായ അബ്ദുർറഹിമാൻ സാഹിബ്, പിൽക്കാലത്ത് ദാമോദരൻ സഖവായിത്തീർന്ന പി. കൃഷ്ണപിള്ള തുടങ്ങിയവരെ അതിക്രൂരമായി ചുട്ടുപഴുത്ത മണലിലിട്ട് പൊലീസ് തല്ലിച്ചതച്ചതിന്റെയും അവർ പിൻതിരിയാതെ അഹിംസാസിദ്ധാന്തപ്രകാരം ധീരമായി ത്രിവർണ്ണപതാക നെഞ്ചോടു ചേർത്ത് സഹനസമരം നടത്തിയതിന്റെയും ചോരത്തിളപ്പിന്റെയും വാർത്തകൾ തിരൂരിലുമെത്തി.

ഇനി അറച്ചുനിൽക്കുന്ന പ്രശ്നമില്ലെന്ന് ഉറച്ചുകൊണ്ട് സമരത്തീച്ചൂളയിലേക്ക് എടുത്തുചാടാൻതന്നെ 17-കാരനായ ദാമോദരൻ എന്ന വിദ്യാർത്ഥി തീരുമാനിച്ചു. പക്ഷേ, ഖദർമുണ്ടിനും ഉടുപ്പിനും എവിടെപ്പോകും? എങ്ങനെയോ അതൊക്കെ സംഘടിപ്പിച്ച് പിറ്റേദിവസംതന്നെ കോഴിക്കോട്ടേക്ക് വണ്ടികയറി സത്യാഗ്രഹകൃാമ്പിലെത്തി. എന്നാൽ സത്യാഗ്രഹം നടത്താനുള്ള പ്രായം ആയില്ലെന്നു പറഞ്ഞ് മുതിർന്ന കോൺഗ്രസ്സ് നേതാക്കൾ അനുവാദം നൽകിയില്ല. വല്ലാത്ത നിരാശ അനുഭവപ്പെട്ടു. എങ്കിലും നാട്ടിലെത്തി വിദേശവസ്തുദഹനം, ഖാദിപ്രചരണം മദ്യവർജ്ജനം തുടങ്ങിയ പരിപാടികളിൽ കൂട്ടുകാരെക്കൂടി പങ്കെടുപ്പിച്ച് വയസ്സു തികയാൻ അക്ഷമനായി കാത്തു.

അനന്തിരവന്റെ മോഹഭംഗം ഇപ്രകാരമായിരുന്നെങ്കിൽ അമ്മാവന്റേത് മറ്റൊരുവിധത്തിലായിരുന്നു. തന്റെ അനന്തിരവനെ പഠിപ്പിച്ച് വലിയ വക്കീലാക്കി മകളെ വിവാഹംകഴിച്ചുകൊടുത്ത് സ്വന്തം പിൻഗാമിയാക്കണമെന്ന കാരണവരുടെ മോഹത്തിനാണ് ഭംഗം നേരിട്ടത്. ഉപദേശങ്ങളും അനുനയങ്ങളുമൊന്നും അനന്തിരവനെ മാനസാന്തരപ്പെടുത്തില്ലെന്നു ബോദ്ധ്യമായപ്പോൾ ചെലവിനും പഠിത്തത്തിനും പണം കൊടുക്കാതെയായി. പിന്നീട് അങ്ങോട്ടുള്ള ദാമോദരന്റെ ജീവിതവും പഠനവും സമരവുമെല്ലാം ഇല്ലായ്മകളും വല്ലായ്മകളുംകൊണ്ട് കലുഷമായിരുന്നു. അങ്ങനെ സമ്പത്തിന്റെയും കുലീനത്വത്തിന്റെയും ഉന്നതശ്രേണികളിൽനിന്ന് ദാരിദ്ര്യത്തിന്റെയും വിഷമതകളുടെയും പടുകുഴിയിലേക്ക് നിപതിച്ച ഈ ബുദ്ധിമാനും ധീരനുമായ യുവാവ് അറിവിന്റെയും ആർജ്ജവത്തിന്റെയും കരുത്തിലൂടെ കഠിനാദ്ധ്വാനം ചെയ്ത് വിപ്ലവപ്രസ്ഥാനത്തിന്റെ ഉന്നതശ്രേണികളിൽ എത്തിയ വീരസാഹസികകഥ പറയാനാണ് ഈ പുസ്തകത്തിൽ ശ്രമിക്കുന്നത്.

ഈ കഥാകഥനത്തിൽ തുഞ്ചത്തെഴുത്തച്ഛന്റെ പ്രസക്തി എന്ത് എന്നുകൂടി പരിശോധിച്ചിട്ട് നമുക്ക് അടുത്ത അദ്ധ്യായത്തിലേക്ക് കടക്കാം. ആചാര്യനിൽനിന്നാണല്ലോ നാം ആരംഭിച്ചത്.

തുഞ്ചന്റെ വിപ്ലവം

മൂലസംസ്കൃതകൃതികളെ ഉപജീവിച്ചുകൊണ്ടാണെങ്കിലും അദ്ധ്യാത്മരാമായണം കിളിപ്പാട്ടും മഹാഭാരതം കിളിപ്പാട്ടും സ്വതന്ത്രമായ കാവ്യാഖ്യാനങ്ങളായിട്ടാണ് എഴുത്തച്ഛൻ എഴുതിയത്. ഇന്ന് മലയാളി സംസാരിക്കുന്ന ഭാഷയിൽ രചിക്കുകയും അങ്ങനെ ഭാഷയ്ക്ക് ഓജസ്സും വെടിപ്പും വ്യക്തിത്വവും നൽകുകയും ചെയ്ത മഹാകവി എന്ന നിലയിലാണ് എഴുത്തച്ഛനെ 'മലയാളഭാഷയുടെ പിതാവ്' എന്ന് പ്രകീർത്തിച്ചുവരുന്നത്. എഴുത്തച്ഛന് തൊട്ടുമുമ്പ് കണ്ണശ്ശന്മാർ എഴുതിയ രാമായണവും ഭാരതവും തീർച്ചയായും എഴുത്തച്ഛനിലേക്കുള്ള മലയാളഭാഷാവികാസത്തിലെ നാഴികക്കല്ലുകളായിരുന്നു എങ്കിലും അവരുടെ മലയാളം കൊടുംതമിഴിന്റെ കടുംപിടിയിൽനിന്നും വിമുക്തമായിരുന്നില്ല. അതിനുമുമ്പിലത്തെ മണിപ്രവാള

വേശ്യാസങ്കീർത്തനങ്ങളാകട്ടെ സംസ്കൃതബഹുലവും. എഴുത്തച്ഛന് അല്പം മുമ്പ് ജീവിച്ചിരുന്നിരിക്കാൻ ഇടയുള്ള ചെറുശ്ശേരിയുടെ കൃഷ്ണഗാഥ അനുവാചകരിൽ കുളിരുകോരുന്നവിധം ഹൃദയഹാരിയായിരുന്നെങ്കിലും ഗൗരവമായ കാവ്യവ്യവഹാരത്തിന് ഉതകുമായിരുന്നില്ല. എഴുത്തച്ഛനാകട്ടെ, ഈ മുൻഗാമികളുടെ കാവ്യസരണികളിലെ തെളിനീർധാരകളെ എല്ലാം സ്വാംശീകരിക്കുന്നതോടൊപ്പം പുതിയൊരു ചട്ടവും ചിട്ടയും നല്കി, മലയാണ്മയെ മറ്റു ദ്രാവിഡഭാഷകളോടൊപ്പം സ്വതന്ത്രവും സച്ചുവുമാക്കി.

എഴുത്തച്ഛന്റേത് എന്ന് അടുത്ത കാലം വരെ വിശ്വസിച്ചുപോന്ന ഭാഗവതം കിളിപ്പാട്ട് തുടങ്ങിയ പലതും അദ്ദേഹത്തിന്റെതന്നെയാണോ എന്ന ചോദ്യം സാഹിത്യപഞ്ചാനനൻ പി.കെ. നാരായണപിള്ളയുടെ 'ഭാഗവത'വിമർശനം മുതൽ ഉയർന്നുവന്നിട്ടുണ്ട്. മഹാഭാരതവും അദ്ധ്യാത്മരാമായണവും അദ്ദേഹത്തിന്റേതുതന്നെ എന്ന് സർവ്വരും അംഗീകരിച്ചിരിക്കുന്നു. ഇവയിൽ മഹാഭാരതം കിളിപ്പാട്ടാണ് കാവ്യചാതുരികൊണ്ട് മികച്ചുനിൽക്കുന്നത് എന്ന് കരുതുന്ന എം. ലീലാവതി അദ്ധ്യാത്മരാമായണത്തിനാണ് മലയാളികൾ താരതമ്യേന കൂടുതൽ അംഗീകാരം നൽകിയിട്ടുള്ളത് എന്നു പറയുന്നത് തികച്ചും ശരിയാണ്. നമുക്ക് രാമായണമാസമല്ലാതെ മഹാഭാരതമാസം ഇല്ലല്ലോ. രണ്ടിലും യുദ്ധവും കൊലയും ചതിയും എല്ലാമുണ്ടെങ്കിലും മഹാഭാരതത്തിലെപ്പോലെ യുദ്ധം രാമായണത്തിൽ ആദ്യന്തം നിറഞ്ഞുനിൽക്കുന്ന മുഖ്യധാരയല്ല. വില്ലാളിവീരനെങ്കിലും പിതൃഭക്തി, സത്യസന്ധത, പ്രജാക്ഷേമതാൽപര്യം, പൊതുജനാഭിപ്രായം മാനിക്കാനുള്ള സന്നദ്ധത, സ്വാർത്ഥത്യാഗശീലം തുടങ്ങിയ ഗുണങ്ങൾ നിറഞ്ഞ മാതൃകാപുരുഷനും ആദർശരാജാവും ആയിട്ടാണ് രാമകഥയിൽ ശ്രീരാമനെ ചിത്രീകരിച്ചിരിക്കുന്നത്. അതുകൊണ്ടാകാം മലയാളക്കരയിൽ മാത്രമല്ല രാമായണത്തിന്റെ 800-ലേറെ പാഠങ്ങളും ഭേദങ്ങളും പ്രചരിച്ചുപോന്ന ഭാരതത്തിലും മറ്റനേകം ഏഷ്യൻ രാഷ്ട്രങ്ങളിലും രാമായണം ഒരു വിശ്വപ്രശസ്ത കൃതിയായി അംഗീകരിക്കപ്പെടുന്നത്. ലീലാവതി എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണത്തെപ്പറ്റി പറയുന്നു:

> "മലയാളഭാഷ സംസാരിക്കുന്ന ഭൂവിഭാഗം എന്ന നിലയ്ക്കും സഹ്യപർവ്വതത്തിന് പടിഞ്ഞാറുള്ള തീരദേശമെന്ന നിലയ്ക്കും കേരളത്തിന് ഏകതന്ത്ര ഉണ്ടായിരുന്നെങ്കിലും ഈ നാടിന് ഭാവൈക്യം നൽകിയ ആദ്യത്തെ കവി എഴുത്തച്ഛനും ആദ്യത്തെ കൃതി അദ്ധ്യാത്മരാമായണം കിളിപ്പാട്ടുമാണ്."
>
> (മലയാളകവിതാസാഹിത്യചരിത്രം, തൃശ്ശൂർ, 1980)

എഴുത്തച്ഛന്റെ സംഭാവനകളെയും പരിഷ്കാരങ്ങളെയും ഒരു 'വിപ്ലവം' എന്നുതന്നെയാണ് ഉള്ളൂർ എസ്. പരമേശ്വരയ്യർ വിശേഷിപ്പിക്കുന്നത്. അതംഗീകരിച്ചുകൊണ്ടാകാം ലീലാവതിയും അദ്ദേഹത്തെ ഉദ്ധരിക്കുന്നത്:

> "വൈശികതന്ത്രത്തിൽനിന്ന് അദ്ധ്യാത്മരാമായണത്തിലേക്കും ചന്ദ്രോദയത്തിൽനിന്ന് ഭാരതത്തിലേക്കുമുള്ള പ്രയാണം രാത്രിയിൽനിന്ന് പകലിലേക്ക് എന്നപോലെ കേരളീയർക്ക് ഉണർവ്വും ഉയർച്ചയും നല്കി. ആ സിദ്ധൻരസഭാവങ്ങളെ അലങ്കാരങ്ങൾക്ക് കീഴ്

പ്പെടുത്തിയില്ല. ശബ്ദശ്ലേഷങ്ങൾകൊണ്ട് ജാലവിദ്യകൾ കാണിച്ചില്ല. വ്യാകരണപ്രയോഗങ്ങൾകൊണ്ട് സാധാരണക്കാരെ അമ്പരപ്പിച്ചില്ല. കഥാകഥനത്തിൽ എനിക്കുണ്ടായ അന്യാദൃശമായ പ്രാഗല്ഭ്യം മുഴുവൻ അദ്ദേഹം അനുവാചകരെ അത്യന്തശുദ്ധരും ആത്മാഭിമാനികളുമാക്കാൻ വിനിയോഗിച്ചു. ശാന്തവും സർവ്വമനോഹരവുമായ ഒരു വിപ്ലവം അദ്ദേഹം സാഹിത്യസാമ്രാജ്യത്തിൽ വരുത്തി. അത്തരത്തിലുള്ള ഒരാചാര്യന്റെ അവതാരംകൊണ്ട് കൈരളി സർവ്വഥാ ധന്യയായി."

(കേരളസാഹിത്യചരിത്രം)

മഹാകവി ഉള്ളൂർ തുഞ്ചൻ പ്രോദ്ഘാടനം നിർവ്വഹിച്ച വിപ്ലവത്തിന്റെ ധാർമ്മികവും സാഹിത്യപരവും ഭാഷാപരവും ആയ വശങ്ങളെല്ലാം ഏതാനും അർത്ഥഗർഭമായ ലളിതവാചകങ്ങളിൽ വിവരിച്ചിരിക്കുന്നതിനോട് എന്തെങ്കിലും കൂട്ടിച്ചേർക്കേണ്ട കാര്യമില്ല. ഈ യുഗപ്രഭാവനായ ആചാര്യന്റെ അപദാനങ്ങൾ കേട്ടും ശീലുകൾ ആസ്വദിച്ചും ആയിരിക്കണം ദാമോദരൻ വളർന്നത്. നേരത്തേ നാം കണ്ടതുപോലെ ബാല്യം തൊട്ടേ വായനയിലും പഠനത്തിലും അതീവകുതുകിയായിരുന്ന ദാമോദരൻ കർക്കിടകമാസത്തിലെ മുറതെറ്റാതെയുള്ള രാമായണംവായന അവഗണിച്ചുകാണാൻ ഇടയില്ല. പിൽക്കാലത്ത് (1950-കളിൽ) മാതൃഭൂമി ആഴ്ചപ്പതിപ്പിൽ തുഞ്ചന്റെ ഭക്തിപ്രസ്ഥാനത്തെപ്പറ്റി എഴുതിയ ദാമോദരൻ അതിനു മുമ്പ് ചേലനാട്ട് അച്ചുതമേനോനും പി.കെ. നാരായണപിള്ളയും മറ്റും എഴുതിയ വിലപ്പെട്ട ആദ്യപഠനങ്ങളിൽപ്പോലും കാണാൻകഴിയാത്ത പല ഉൾക്കാഴ്ചകളും നൽകുന്നുണ്ട്. മദ്ധ്യകാലഭാരതത്തിൽ ആസേതുഹിമാചലം അലയടിച്ചുയർന്ന ഭക്തിപ്രസ്ഥാനത്തിന്റെ സവിശേഷതകളുമായി എഴുത്തച്ഛനെ ബന്ധിപ്പിച്ച ആദ്യത്തെ മലയാളപഠനം ദാമോദരന്റേതായിരിക്കാനാണിട. തുഞ്ചൻപറമ്പിലെ ശാരികപ്പൈതലിന്റെ കളമൊഴിയെ കളങ്കപ്പെടുത്തുകയോ പഴയ മണിപ്രവാളഗഹ്വരങ്ങളിലേക്ക് തള്ളിക്കയറ്റുവാൻ ശ്രമിക്കുകയോ ചെയ്യുന്നവരോട് ദാമോദരൻ ഒരിക്കലും വിട്ടുവീഴ്ച ചെയ്തിട്ടില്ല. ഉദാഹരണത്തിന് പണ്ഡിതവരേണ്യനെങ്കിലും കടുത്ത യാഥാസ്ഥിതികനായ വടക്കുംകൂർ രാജരാജവർമ്മയുടെ വരേണ്യഭാഷാഭ്രമത്തെ ദാമോദരൻ ഒരിക്കൽ വിമർശിക്കുകയുണ്ടായി.

ഭാഷ: സിദ്ധാന്തവും സാഹിത്യവും

വടക്കുംകൂറിന്റെ താഴെച്ചേർക്കുന്ന ഉദ്ധരണികളാണ് ദാമോദരൻ, എന്താണ് സാഹിത്യം? (പ്രഭാത്, തിരുവനന്തപുരം, 1979-ലെ പതിപ്പ്) എന്ന കൃതിയിൽ വിചാരണയ്ക്ക് വിധേയമാക്കിയിരിക്കുന്നത്:

"ഒരു സമുദായത്തിന്റെ ഉന്നതിയെ നിർണ്ണയിക്കുന്ന അളവുകോൽ ഭാഷയാണ്. ഏതു സമുദായക്കാർക്ക് ഉന്നതനിലയിലിരിക്കുന്ന ഒരു ഭാഷയുണ്ടോ അവർ ഉൽകൃഷ്ടന്മാർ. അങ്ങനെയല്ലാതുള്ളവർ അപകൃഷ്ടന്മാരും."

(സാഹിത്യഹൃദയം, പുറം 13).

അവ്യക്തതകൾ നിറഞ്ഞതാണെങ്കിലും ഈ വാചകങ്ങളിൽ വരേണ്യ ഭാഷാപക്ഷപാതത്തിന്റെ നിഴലാട്ടം വ്യക്തംതന്നെ. സംസ്കൃതഭാഷയെ വരേണ്യർ 'ഉൽകൃഷ്ട'മെന്ന് വിധിച്ചപ്പോൾ സാധാരണക്കാരുടെ സംസാരഭാഷയായ 'പ്രാകൃത്'(പാലി)ത്തെ 'അപകൃഷ്ട' എന്ന് തരംതാഴ്ത്തിയത് 'സംസ്കൃതം', 'പ്രാകൃതം' എന്നീ പദപ്രയോഗങ്ങളിൽനിന്നുതന്നെ വ്യക്തമാണ്. കാളിദാസന്റെയുംമറ്റും നാടകങ്ങളിൽ മേൽത്തട്ടുകാരും മേൽജാതിക്കാരും സംസ്കൃതത്തിൽ സംസാരിക്കുമ്പോൾ അധഃസ്ഥിതരും കീഴ്ജോലിക്കാരും സ്ത്രീകളും 'പ്രാകൃത'ത്തിൽ സംസാരിക്കുന്നതോർക്കുക. എഴുത്തച്ഛന്റെ കാലത്തോ അതിന് തൊട്ടുമുമ്പോ ജീവിച്ചിരുന്നതായി കരുതാവുന്ന അജ്ഞാതനാമാവായ ഒരു പണ്ഡിതൻ എഴുതിയ ലീലാതിലകം എന്ന ലക്ഷണഗ്രന്ഥത്തിൽ 'ഈ ഉൽകൃഷ്ടാപകൃഷ്ട'ഭാഷാഭേദം കുറെക്കൂടി വ്യക്തമായി നിർവ്വചിക്കപ്പെടുന്നു. ഭാഷ രണ്ടുവിധമുണ്ടെന്നും അവയെ 'ഉൽകൃഷ്ട'മെന്നും 'അപകൃഷ്ട'മെന്നും വിശേഷിപ്പിക്കാമെന്നും ത്രൈവർണ്ണികർ (പുണൂലുള്ള ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യർ) സംസാരിക്കുന്ന ഭാഷയാണ് 'ഉൽകൃഷ്ട'മെന്നും ശൂദ്രപഞ്ചമാദികളായ കീഴാളരുടേത് അപകൃഷ്ടമെന്നുമാണ് ലീലാതിലകകർത്താവ് വിധിക്കുന്നത്. കമ്പർ(തമിഴ്), പമ്പ (കന്നടം), നന്നയ്യ (തെലുങ്ക്), സരളദാസൻ (ഒറിയ), നരസിംഹമേത്ത (ഗുജറാത്തി), തുളസീദാസ് (ഹിന്ദി) തുടങ്ങിയ ഭക്തിപ്രസ്ഥാനകവികളെപ്പോലെ എഴുത്തച്ഛനും ഈ 'അപകൃഷ്ട'ഭാഷയെ ഉൽകൃഷ്ടപദവിയിലേക്കുയർത്തി 'ഉൽകൃഷ്ടരെ' പ്രാന്തവൽക്കരിക്കുകയാണ് ചെയ്തത്. ഇക്കാരണങ്ങളാൽ സാമാന്യജനങ്ങളുടെ ഭാഷയേയും സംസ്കാരത്തേയും ഉയർത്തിപ്പിടിക്കാൻ ദാമോദരൻ തുനിഞ്ഞത് തികച്ചും ഉചിതംതന്നെ. അത് എഴുത്തച്ഛൻപാരമ്പര്യത്തിന് ചേർന്നതുതന്നെ.

പക്ഷേ, തുടർന്നദ്ദേഹം വടക്കുംകൂറിന്റെ വാദങ്ങളെക്കുറിച്ചെഴുതുമ്പോൾ കാൽ പതറുന്നതായി തോന്നുന്നു.

> "സാഹിത്യം നമ്മൾ കണ്ടുകഴിഞ്ഞപോലെ (പുസ്തകത്തിന്റെ ആദ്യ അദ്ധ്യായങ്ങളിൽ—ഇത് ഒൻപതാം അദ്ധ്യായം) സാമൂഹികജീവിതത്തിന്റെ കലാപരവും ക്രിയാത്മകവുമായ പ്രതിഫലനമാണ്. ഭാഷയാകട്ടെ സാഹിത്യനിർമ്മാണത്തിനുള്ള ഒരുപകരണം മാത്രം."

സാഹിത്യം സാമൂഹികജീവിതത്തിന്റെ 'പ്രതിഫലന'മാണെന്നു പറയുമ്പോൾ അത് കലാപരവും ക്രിയാത്മകവും എന്ന് വിശേഷിപ്പിക്കാൻ മറക്കാതിരുന്നത് ദാമോദരന്റെ സഹൃദയത്വത്തിന് സാക്ഷ്യംവഹിക്കുന്നു. ദാമോദരൻ കൂടിച്ചേർന്ന് രൂപംകൊടുത്ത ജീവൽസാഹിത്യപ്രസ്ഥാനത്തിന്റെയും പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെയും ആദ്യകാലങ്ങളിലെ 'രൂപഭാവ' ദ്വിത്വ സങ്കല്പത്തിന്റെയും വിവാദങ്ങളുടെയും പശ്ചാത്തലത്തിൽ ദാമോദരന്റെ ഈ വിശേഷണങ്ങൾ പ്രത്യേകം പ്രശംസാർഹങ്ങളാണ്. പക്ഷേ, അതോടൊപ്പം മറ്റൊരു ദ്വിത്വം ദാമോദരൻ ആവിഷ്ക്കരിക്കുന്നു—ഭാഷയും സാഹിത്യവും തമ്മിൽ. ഭാഷ സാഹിത്യനിർമ്മിതിക്കുള്ള ഒരു 'ഉപകരണം' മാത്രമാണെന്ന് പ്രസ്താവിച്ചുകൊണ്ടാണ് ദ്വന്ദ്വാത്മക(ഡയലക്ടിക്കൽ)വാദത്തിന് വിരുദ്ധ

മായ ഈ കേവലദ്വിത്വം ദാമോദരൻ അവതരിപ്പിക്കുന്നത്. വാസ്തവത്തിൽ പ്രസ്തുത പുസ്തകത്തിലെ ഈ അദ്ധ്യായംതന്നെ ആ ദ്വിത്വസമർത്ഥന ത്തിനുവേണ്ടിയാണ് എഴുതിയത് എന്നു തോന്നുന്നു. അദ്ധ്യായം ആരംഭിക്കു ന്നത് നോക്കുക:

> "ഭാഷയും സാഹിത്യവും ഒന്നാണെന്ന് കരുതുന്നവരുണ്ട്. സാഹി ത്യചരിത്രമെന്നു പറയേണ്ടിടത്ത് അവർ ഭാഷാചരിത്രമെന്നു പറയുന്നു. അവരെ സംബന്ധിച്ചിടത്തോളം മലയാളഭാഷയും മലയാളസാഹി ത്യവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല."

തീർച്ചയായും ഭാഷയും സാഹിത്യവും ഒന്നല്ല. വാക്കും വ്യാകരണവും പോലെ, സ്വരവും വ്യഞ്ജനവുംപോലെ, മണ്ണും വിളവുംപോലെ. പക്ഷേ, ഈ പറഞ്ഞ ഉപമകളിലെന്നപോലെ രണ്ടിനെയും നിശ്ശേഷം വേർപെടുത്താ നൊക്കുമോ? മണ്ണില്ലാതെ വിളവുണ്ടാകാത്തതുപോലെ ഭാഷയില്ലാതെ സാഹി ത്യമുണ്ടാകില്ല എന്നുമാത്രമല്ല ഭാഷയുടെ പ്രയോഗസവിശേഷതയാണ് സാഹിത്യത്തെ സാഹിത്യേതരരചനകളിൽനിന്ന് വേർതിരിക്കുന്നത്. ബാദരാ യണന്റെ ബ്രഹ്മസൂത്രവും ശ്രീകൃഷ്ണന്റെ ഭഗവദ്ഗീതയും ഏറക്കുറെ സമാനമായ ദർശനങ്ങൾ അവതരിപ്പിക്കുന്നു എങ്കിലും ബാദരായണന്റേത് പ്രബന്ധവും ശ്രീകൃഷ്ണന്റേത് കാവ്യവും ആകാൻ കാരണവും ഇതുതന്നെ. എല്ലാ കലാസൃഷ്ടികളും സംവേദനത്തിന് ഉതകണമെങ്കിൽ അവയ്ക്ക് യോജിച്ച മാധ്യമം ആവശ്യമാണ്. പക്ഷേ, സാഹിത്യസൃഷ്ടിയായാലും ഇതര കലാസൃഷ്ടികളായാലും നിസ്സംഗവും നിർജ്ജീവവുമായ 'ഒരുപകരണ'മല്ല. സൃഷ്ടിക്കൊത്തതാകണം ഉപകരണമെന്നതുപോലെ ഉപകരണത്തിലൂടെ ആവിഷ്കരിക്കപ്പെടുമ്പോൾ സൃഷ്ടിക്ക് അവസ്ഥാന്തരം സംഭവിക്കുന്നു. ഒരു സ്ഫടികമാധ്യമത്തിലൂടെയോ (പ്രിസം) ജലമാദ്ധ്യമത്തിലൂടെയോ കടന്നു പോകുന്ന പ്രകാശരശ്മികൾക്ക് സംഭവിക്കുന്ന പഥവ്യതിയാനം(റിഫ്രാ ക്ഷൻ)പോലെ.

നമുക്ക് കളിമണ്ണിലോ കോൺക്രീറ്റിലോ മരത്തടിയിലോ ലോഹത്തിലോ ഒരു പ്രതിമാശില്പം രചിക്കാം. ഒരേ വ്യക്തിയുടെ രൂപമാകാം എല്ലാം. അല്ലെ ങ്കിൽ ഒരേ വിഷയത്തെ മുൻനിറുത്തിയാകാം എല്ലാം. എന്നാലും ആ മാധ്യ മങ്ങളുടെ സവിശേഷമുദ്രകളിൽനിന്നും ഒന്നും വിമുക്തമാവില്ല. ആ വ്യത്യസ്തത പ്രമേയസമാനതകൊണ്ട് പരിഹരിക്കാനാവില്ല, കലയുടെ മേന്മയ്ക്കോ സൃഷ്ടിയുടെ ആകർഷകത്വത്തിനോ പ്രമേയത്തിന്റെ സംവേ ദനത്തിനോ അതാവശ്യവുമല്ല.

അദ്ധ്യായത്തിന്റെ അവശേഷിച്ച ഭാഗങ്ങൾ ഭാഷയും സാഹിത്യവും എന്ന വിഷയത്തെക്കാൾ ഭാഷയുടെ ഉൽപത്തിവികാസചരിത്രത്തിനാണ് ചെലവഴിച്ചിരിക്കുന്നത്. അതിന് അദ്ദേഹം പ്രധാനമായി ആശ്രയിക്കുന്നത് ജെ.വി. സ്റ്റാലിൻ അദ്ദേഹത്തിന്റെ അവസാനകാലത്ത് എഴുതിയ 'മാർക്സി സവും ഭാഷാശാസ്ത്രവും' എന്ന കൃതിയെയാണ്. ദ്വന്ദ്വാത്മകഭൗതികവാദ ത്തിനു പകരം യാന്ത്രികഭൗതികവാദത്തിന്റെ ഇരകളായ ഏതാനും

മാർക്സിസ്റ്റ് ഭാഷാശാസ്ത്രജ്ഞന്മാരുടെ ചില വാദവൈകല്യങ്ങളെ തിരുത്താൻ സഹായിച്ച വിലപ്പെട്ട കൃതിയാണതെങ്കിലും ഭാഷയെ വർഗ്ഗാതീതമായ ഒരു സാർവ്വജനീനപ്രതിഭാസമായി വിവരിക്കുമ്പോൾ ആധുനിക മാർക്സിസ്റ്റ് ചിന്തകരുൾപ്പെടെയുള്ള സാമൂഹ്യഭാഷാശാസ്ത്രജ്ഞന്മാർക്ക് (സോഷ്യോ ലിംഗ്വിസ്റ്റിക്സ്) അംഗീകാര്യമല്ലാത്ത പല വാദമുഖങ്ങളും അതിൽ കടന്നുകൂടിയിട്ടുണ്ട്. സ്റ്റാലിന്റെ നിഗമനങ്ങളെ അംഗീകരിക്കുമ്പോഴും അതിലെ ചില അത്യുക്തികളിൽനിന്നും ചരിത്രനിരപേക്ഷനിഗമനങ്ങളിൽനിന്നും നല്ല മെയ്വഴക്കത്തോടെ തലയൂരാൻ ദാമോദരൻ ശ്രമിക്കുന്നത് ചർച്ചാർഹമാണെങ്കിലും അതിന് തൽക്കാലം മുതിരുന്നില്ല.

മാർക്സിസവും ധാർമ്മികമൂല്യങ്ങളും

മലയാളിയുടെ ജീവിതത്തിൽ എഴുത്തച്ഛൻ വരുത്തിയ മാറ്റങ്ങളിൽ വളരെ പ്രധാനമാണ് ധാർമ്മികമായ അവബോധം (ethical consciousness). വേശ്യാസങ്കീർത്തനങ്ങൾകൊണ്ട് മലീമസമായിരുന്ന മണിപ്രവാളസാഹിത്യത്തിന്റെ ജീർണ്ണതയിൽനിന്നും ഭക്തിസാന്ദ്രവും സദാചാരനിഷ്ഠവുമായ ഒരു നവീനമൂല്യവ്യക്തൃവസ്ഥയിലേക്ക് എഴുത്തച്ഛൻ മലയാളിയെ തന്റെ കിളിപ്പാട്ടുകളിലൂടെ കൈകൊടുത്തുയർത്തിയത് ലീലാവതിയേയും ഉള്ളൂരിനേയും മറ്റും ഉദ്ധരിച്ച് നാം പ്രതിപാദിക്കുകയുണ്ടായി. ഈശ്വരവിശ്വാസിയും ഭക്തനുമായിരുന്ന എഴുത്തച്ഛന്റെ ഈ ദൗത്യം ജനാധിപത്യത്തിന്റെയും സോഷ്യലിസത്തിന്റെയും കാലയളവിനുതകുംവിധം നിരീശ്വരനും മാർക്സിസ്റ്റുമായ ദാമോദരൻ എങ്ങനെ പിൻതുടർന്നു എന്നു നോക്കാം.

ഇംഗ്ലീഷിലെ 'എത്തിക്സി'ന് സമാനമായി നാം ഉപയോഗിച്ചുവരുന്ന പദം 'ധാർമ്മികത' അല്ലെങ്കിൽ 'ധാർമ്മികചര്യ' എന്നാണ്. എന്നാൽ ധർമ്മം എന്ന സംസ്കൃതശബ്ദത്തിന് സംസ്കൃതത്തിലെന്നപ്പോലെ മലയാളത്തിലും മറ്റർത്ഥങ്ങളുമുണ്ട്. റിലീജിയൻ അഥവാ മതം എന്നതിനും 'ധർമ്മം' എന്ന പദം ഭാരതീയർ പണ്ടുമുതലേ ഉപയോഗിച്ചുവരുന്നു. അതുപോലെ ഇംഗ്ലീഷിലെ 'ഫങ്ഷൻ' എന്നതിനും ധർമ്മം എന്ന പ്രയോഗം നിലവിലുണ്ട്. 'കർത്ത്യവ്യം' എന്നും അതിനർത്ഥമുണ്ട്. "വിഷമദ്യദുരന്തത്തിന് ഞാൻ വ്യക്തിപരമായി ഉത്തരവാദിയല്ലെങ്കിലും മദ്യവ്യവസായത്തിന്റെ ചുമതലവഹിക്കുന്ന എക്സൈസ് വകുപ്പുമന്ത്രി എന്ന നിലയിൽ അതിന്റെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്ത് ഞാൻ സ്ഥാനമൊഴിയുന്നു" എന്ന് മന്ത്രി പ്രഖ്യാപിക്കുമ്പോൾ അതിനർത്ഥം മറ്റൊന്നാണ്.

ethics, ethical എന്നീ പദങ്ങൾക്ക് രാമലിംഗംപിള്ള ഇംഗ്ലീഷിലും മലയാളത്തിലും ഇപ്രകാരം അർത്ഥം വിവരിക്കുന്നു:

> (എത്തിക്സ്, എത്തിക്കൽ) Adj. rel. to the Science of morals; rel. to morals; നീതിവിഷയകമായ, നൈതികമായ, സാന്മാർഗ്ഗികമായ, ധാർമ്മികപ്രശ്നങ്ങളെക്കുറിച്ചുള്ള; n. സദാചാരതത്ത്വം, (മത) ധർമ്മം, പെരുമാറ്റതത്ത്വം; n. ethics, science of morals, moral principles, rules of conduct സദാചാരതത്ത്വസംഹിത, ധർമ്മശാസ്ത്രം, നീതിശാസ്ത്രം.

വിവിധ രൂപത്തിലുള്ള ഈ വിവരണങ്ങളിൽ രണ്ടു പദങ്ങൾ പ്രത്യേകം ശ്രദ്ധയർഹിക്കുന്നു—നീതി, ധർമ്മം. ഇവയിൽ ആദ്യത്തേത് സ്വച്ഛവും സ്വതന്ത്രവും സമൃദ്ധവും പൂർണ്ണവും നിർവിഘ്നവുമായ ജീവിതാവകാശത്തിന് ഊന്നൽനല്കുമ്പോൾ രണ്ടാമത്തേത് കർത്തവ്യം, സൗഹൃദം, പെരുമാറ്റം എന്നിവയിലൂന്നിയ സമീകൃതവ്യവസ്ഥയ്ക്ക് മുൻതൂക്കം നൽകുന്നു.

എന്താണ് നന്മ, എന്താണ് തിന്മ? രാജഭക്തിയോ രാജ്യസ്നേഹമോ ഉത്തമം? ദേശീയതയോ സാർവ്വദേശീയതയോ ഉൽകൃഷ്ടം? ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കുമോ? അതായത് ഉത്തമലക്ഷ്യത്തിനായി അധമമായ മാർഗ്ഗം സ്വീകരിക്കാമോ? അതോ ഈ ദ്വിത്വസങ്കല്പംതന്നെ ശരിയോ? ശ്രീകൃഷ്ണൻ ഭഗവദ്ഗീതയിൽ ഉപദേശിക്കുന്നതുപോലെ ഉത്തമമായ പരധർമ്മംപോലും അധമം എന്നു തോന്നാവുന്ന സ്വധർമ്മത്തെക്കാൾ പാപപങ്കിലമാണോ? അതായത് ഓരോ ജാതിക്കാർക്കു വിഭാഗക്കാർക്കും മനുസ്മൃതി തുടങ്ങിയ പരമ്പരാഗതധർമ്മശാസ്ത്രങ്ങൾ വിധിച്ചിട്ടുള്ള ജീവിതചര്യയല്ലാതെ മറ്റൊന്നവലംബിക്കുന്നത് ശരിയോ? ആരാണ് ഈ ധർമ്മങ്ങൾ വ്യവസ്ഥപ്പെടുത്തിയത്? ആർക്കുവേണ്ടി? സമൂഹത്തിലെ മാറ്റങ്ങൾക്കനുസൃതമായി ധർമ്മസംഹിതകൾ മാറിക്കൊണ്ടിരിക്കുമോ? അതോ ധർമ്മങ്ങളും സത്യാസത്യമാനദണ്ഡങ്ങളും നിത്യമായി നിലനിൽക്കുമോ? "സത്യം വദ, ധർമ്മം ചര" എന്ന പരമ്പരാഗതനിബന്ധനയ്ക്ക് അതുണ്ടായകാലത്തെ അർത്ഥമാണോ ഇന്നുള്ളത്?

ബഹുഭർത്തൃത്വത്തിനുവേണ്ടി ഇപ്പോൾ അധികമാരും വാദിച്ചുകേൾക്കുന്നില്ലെങ്കിലും ബഹുഭാര്യാത്വം ഇപ്പോഴും ചർച്ചാവിഷയമാണ്. ചില മതക്കാർ അത് മതസ്വാതന്ത്ര്യത്തിന്റെ ഭാഗമാണെന്ന് ശഠിക്കുന്നു. അവർക്കുവേണ്ടി നിയമഭേദഗതിയും വരുത്തുന്നു. സ്വവർഗ്ഗരതി കുറ്റകൃത്യമോ? ജനനനിയന്ത്രണം പാപമോ? വേശ്യാലമ്പടനായ തന്റെ ഭർത്താവിനെ തോളിലേറ്റി വേശ്യാഗൃഹത്തിൽ എത്തിച്ച് അദ്ദേഹം പുറത്തുവരുന്നതുവരെ കാത്തിരുന്ന് സ്വഗൃഹത്തിലേക്ക് ചുമന്നുകൊണ്ടുപോകുന്ന ശീലാവതിശീലം ധാർമ്മികമോ? ജനനനിയന്ത്രണം പാപകൃത്യമോ? "My country right or wrong" (എന്റെ രാജ്യം തെറ്റുചെയ്താലും ശരിചെയ്താലും ഞാനതിനോടൊപ്പം) എന്ന പണ്ടത്തെ 'ദേശാഭിമാന'മനോഭാവം വെടിഞ്ഞ് കൊലയും കൊള്ളിവെപ്പും ആയ സകല യുദ്ധയത്നങ്ങളേയും എതിർക്കുക എന്ന ഉദാത്തമായ ആദർശത്തെ ഉയർത്തിപ്പിടിച്ച് ഒന്നാം ലോകമഹായുദ്ധകാലത്ത് സ്വന്തം രാജ്യമായ ബ്രിട്ടന്റെ യുദ്ധയത്നത്തെ എതിർത്ത് ശിക്ഷവാങ്ങിയ മഹാനായ ദാർശനികൻ ബെർട്രണ്ട് റസ്സലിന്റെ നിലപാട് ധാർമ്മികമായിരുന്നോ? എന്നിങ്ങനെ എത്രയെത്ര പ്രശ്നങ്ങളാണ് ധർമ്മസംഹിതയുടെ പരിധിയിൽ വരിക? ഇവയെല്ലാം വിശദമായി ചർച്ചചെയ്ത് നിഗമനങ്ങളിൽ എത്താനൊന്നും മാർക്സോ എംഗൽസോ ശ്രമിച്ചിട്ടില്ല. എന്നാൽ ഈ പ്രശ്നങ്ങളിലെല്ലാം ശരിയായ നിലപാടുകൾ കൈക്കൊള്ളാനുള്ള ചില അടിസ്ഥാനപരിഗണനകളും ആനുഷംഗികമായ പല പരാമർശങ്ങളും അവരുടെ കൃതികളിൽ

കണ്ടെത്താം. കൂടാതെ അവരുടെ ത്യാഗനിർഭരമായ ജീവിതപ്പോരാട്ടങ്ങളും അധികൃതരുടെ വേട്ടയാടലും പട്ടിണിയും രോഗവും സഹിച്ചുകൊണ്ടുള്ള ജീവിതമാതൃകയും നമുക്കു നൽകുന്ന ധാർമ്മികപാഠങ്ങൾ ഏറെയാണ്. അവയെ ഉപജീവിച്ചുകൊണ്ടാണ് ദാമോദരൻ തന്റെ സ്വന്തമായ നിഗമനങ്ങൾകൂടി കൂട്ടിച്ചേർത്ത് മാർക്സിസ്റ്റ് ധാർമ്മികമൂല്യങ്ങളെ നിർവ്വചിക്കുന്നതും ഉയർത്തിപ്പിടിക്കുന്നതും.

മാർക്സിസത്തിന്റെ സാമ്പത്തികശാസ്ത്രം, ചരിത്രസിദ്ധാന്തം, രാഷ്ട്രമീമാംസ, ലാവണ്യവിജ്ഞാനീയം തുടങ്ങിയ വിഷയങ്ങളെ മുൻനിറുത്തി അനുകൂലിച്ചും പ്രതികൂലിച്ചും നൂറുകണക്കിനോ ആയിരക്കണക്കിനോ പഠനങ്ങളും വ്യാഖ്യാനങ്ങളും വന്നിട്ടുണ്ട്; ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നു. അത്രയൊന്നുമില്ലെങ്കിലും മാർക്സിസ്റ്റ് ധാർമ്മികമൂല്യങ്ങളെക്കുറിച്ച് കുറെ പഠനങ്ങൾ പ്രബന്ധങ്ങളുടെയും പുസ്തകങ്ങളുടെയും രൂപത്തിൽ വന്നിട്ടുണ്ട്. മാർക്സിന്റെ മനുഷ്യസങ്കല്പത്തെക്കുറിച്ചും മതത്തെക്കുറിച്ചുമുള്ള അഭിപ്രായങ്ങൾ വിശകലനംചെയ്യുന്ന ഗ്രന്ഥങ്ങളിലും ധാർമ്മികമൂല്യങ്ങൾ പ്രധാനഘടകങ്ങളാണ്: ഹോവർഡ് സെൽസാം, ഡേവിഡ് മാക്ലെല്ലാൻ, ഭുവൻ ചന്ദേൽ, എറിക്ക് ഫ്രോം, ജോൺ പ്ലാമനാറ്റ്സ്, എ. ടിറ്റാറെങ്കോ, ബി. ജി. കുസ്നറ്റ്സോവ്, ജോർജ് ബി ബ്രെങ്കേർട്, ഇസ്വാൻ മെസാറിയോസ്, ടി. ബി. ബോട്ടോമോർ, നോർമൻ ഗെറസ് എന്നിവർ അവരിൽ ചിലരാണ്. സമകാലിക മാർക്സിസ്റ്റ് ചിന്തയിൽ ഈ വിഷയം എത്രമാത്രം പ്രാധാന്യമർഹിക്കുന്നുവെന്നും മലയാളത്തിൽ ദാമോദരനല്ലാതെ മറ്റാരും ഇതേപ്പറ്റി എഴുതിക്കാണാത്തതിന്റെ കാരണം ദുരൂഹമാണെന്നും സൂചിപ്പിക്കാനാണ് ഈ നീണ്ട ഗ്രന്ഥകാരപ്പട്ടിക ഇവിടെ നിരത്തിയത്. (കൂടുതൽ ഇതേക്കുറിച്ചറിയാൻ ആഗ്രഹിക്കുന്നവർക്കായി ഇവയിൽ ചില പുസ്തകങ്ങളുടെ പേരു വിവരം ഇംഗ്ലീഷിൽ അടിക്കുറിപ്പായി ചേർത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.*

ഇവരെല്ലാവരും മാർക്സിസ്റ്റ്കാരല്ല, ചിലർ നിഷ്പക്ഷർ; മറ്റുചിലർ വിമർശകർ. ഈ പുസ്തകങ്ങളിൽ അന്നു ലഭിക്കുമായിരുന്നവയെല്ലാം, അദ്ദേഹം വായിച്ചിരുന്നുവോ എന്നറിയില്ല. വായിച്ചിരുന്നുവെങ്കിൽത്തന്നെ അതെല്ലാം ആറ്റിക്കുറുക്കി തന്റെ കൃതികളിലൂടെ നമുക്കു തരുകയുമല്ല

* Selsam, Howard, Socialism and Ethics, (1943), NewYork
McLellan, David, Marxism and Religion (1987), London.
Chandel, Bhuvan, Marxian Ethics (1979), NewDelhi)
Fromm, Eric, Marx's Concept of Man (1961), NewYork.
Plamenats, John, Karl Marx's Philosophy of Man (1975), Oxford, London.
Titorenko. A., Morality and Politics (1979), Moscow.
Kuznetsov, B.G., Philosophy of Optimism (1977), Moscow.
Brenkert, George G., Marx's Ethics of Freedom (1983), London.
Mezarios, Istvan, Marx's Theory of Alienation, (1970), London.
T.B. Bottomore and Maximilien Rubel, Selected writings in Sociology and Social Philosophy (1956), London.
Geras, Norman, Marx and Human Nature, Refutation of a Legend (1983), London.

ദാമോദരൻ ചെയ്തത്. മാർക്സിസത്തിൽനിന്നദ്ദേഹം ഉൾക്കൊണ്ട പാഠങ്ങളും സ്വന്തം അനുഭവങ്ങളിലൂടെ ചെന്നെത്തിയ നിഗമനങ്ങളും ജന്മസിദ്ധമെന്നുപോലും തോന്നിക്കാവുന്ന സന്മാർഗ്ഗപക്ഷപാതങ്ങളും സമന്വയിപ്പിച്ച് തന്റെ വാദങ്ങൾ സ്ഥാപിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്.

ദാമോദരന്റെ പല കൃതികളിലും ഈ വിഷയം പ്രത്യക്ഷമായും പരോക്ഷമായും പരാമർശിക്കപ്പെടുന്നുണ്ടെങ്കിലും താഴെ പറയുന്ന മൂന്നെണ്ണത്തിലാണ് അത് സമഗ്രമായി കൈകാര്യംചെയ്യുന്നത്:

1. മനുഷ്യൻ (1956), മംഗളോദയം, തൃശ്ശൂർ.
2. കമ്മ്യൂണിസവും ക്രിസ്തുമതവും (1959) പ്രഭാത്, തിരുവനന്തപുരം.
3. ധാർമ്മികമൂല്യങ്ങൾ (1965), പ്രഭാത്, തിരുവനന്തപുരം.

മാർക്സിന്റെയും എംഗൽസിന്റെയും ചിന്തയിലും കർമ്മപദ്ധതികളിലും എന്നപോലെ ദാമോദരന്റെ ചിന്തയിലും കർമ്മപദ്ധതികളിലും വളരെ പ്രാധാന്യം അർഹിക്കുന്നതാണ് ധാർമ്മികമൂല്യങ്ങളും അവയുമായി ബദ്ധപ്പെട്ട പ്രശ്നങ്ങളും. അതുകൊണ്ട് ഈ പ്രശ്നങ്ങളുടെ വിവിധവശങ്ങൾ പരിശോധിക്കാൻ മറ്റൊരധ്യായംതന്നെ വേണ്ടിവരും. തുഞ്ചത്ത് എഴുത്തച്ഛന്റെ പാരമ്പര്യം കാലോചിതമായ ത്യാജ്യഗ്രാഹ്യവിവേചനത്തോടെ ദാമോദരൻ തുടർന്നുവെന്നും അതിനായി മറ്റാരും ചെയ്യാത്തവിധം തൊഴിലാളിവർഗ്ഗവിപ്ലവപ്രസ്ഥാനത്തിന് പ്രത്യയശാസ്ത്രകരുക്കൾ ഒരുക്കിക്കൊടുത്തുവെന്നും മാത്രം പ്രസ്താവിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ജീവിതായോധനത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് നമുക്കു പ്രവേശിക്കാം.

2. ഓലക്കുടയുമായി ഒരു കോളേജ് കുമാരൻ

എനിക്കു വേണ്ടാ ശാന്ത-
സ്വച്ഛജീവിതം—ഭൂമി
നടുക്കും കൊടുംകാറ്റിൻ
കരുത്താണെന്നാത്മാവിൽ
എന്റെ ജീവിതം സംഘർ-
ഷങ്ങളാൽ നിറയട്ടെ
ഉന്നതമാകും മഹാ-
ലക്ഷ്യമൊന്നണഞ്ഞീടാൻ
മർത്ത്യവർഗ്ഗസഞ്ചിത-
മായ നിങ്ങടെയീടു-
വെപ്പുകൾ തുറന്നെന്നെ
കാട്ടുവിൻ കലകളെ,
എന്റെ ബുദ്ധിയാലിന്ദ്രി-
യങ്ങളാൽ പ്രപഞ്ചത്തെ
ഒന്നാകെ സമാശ്ലേഷി-
ച്ചിന്നു ഞാനുണർന്നാവൂ!

(കാൾ മാർക്സ്, വയസ്സ് 21—ഒ. എൻ. വി.യുടെ വിവർത്തനം)

വേഷഭൂഷാദികളിലും പെരുമാറ്റരീതികളിലും കോളേജ് വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും പച്ചപരിഷ്കാരികളായിട്ടാണ് നമ്മുടെ നാട്ടിൽ പണ്ടു മുതലേ പരിഗണിക്കപ്പെട്ടുവരുന്നത്. സർവ്വകലാശാലാവിദ്യാഭ്യാസം പൂർവ്വാധികം വ്യാപകമാകുകയും ദളിതരും ദരിദ്രരുമുൾപ്പെട്ട സാധാരണക്കാർ വലിയതോതിൽ കോളേജുകളിൽ ചേരുകയും പുരോഗമനവിദ്യാർത്ഥിസംഘടനകളുടെ സ്വാധീനം വർദ്ധിച്ചുവരികയും ചെയ്യുന്ന ഇക്കാലത്ത് കോളേജ് കുമാരന്മാരുടേയും കുമാരിമാരുടേയും പരിഷ്കാരഭ്രമം ഗണ്യമായി കുറഞ്ഞിട്ടുണ്ടെങ്കിലും തീരെ അസ്തമിച്ചു എന്ന് പറയാറായിട്ടില്ല. ഏതായാലും 1930-കളോടെ കെ. ദാമോദരൻ ഉപരിവിദ്യാഭ്യാസത്തിനായി കോഴിക്കോട്ടെ സാമൂതിരി കോളേജിൽ ചേരുന്ന കാലത്ത് ഈ പരിഷ്കാരഭ്രമം വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ ഇടയിൽ അതിന്റെ ഉച്ചകോടിയിലായിരുന്നു എന്നതിൽ സംശയമില്ല. ദാമോദരൻ കോളേജിൽ ചേർന്നതിനുശേഷം ഒരു വ്യാഴവട്ടത്തോളം കഴിഞ്ഞ് കോളേജിൽ ചേർന്ന ഈ ലേഖകന്റെ കാലത്തും ഈ പരിഷ്കാരഭ്രമത്തിന് കാര്യമായ മങ്ങലേറ്റിരുന്നില്ല എന്ന് ഓർക്കുന്നു.

ഈ സാഹചര്യത്തിലാണ് അടിച്ചുനനച്ച് ഇസ്തിരിക്കിടാത്ത പരുക്കൻ ഖദർമുണ്ടും ജുബ്ബയുമണിഞ്ഞ് കാലിൽ ചെരുപ്പുപോലുമില്ലാതെ ഇടവപ്പാതിയെ തടുക്കാൻ ഒരോലക്കുടയുമായി ദാമോദരൻ എന്ന കോളേജുകുമാരൻ കുന്നു കയറി സാമൂതിരികോളേജിന്റെ അങ്കണത്തിൽ പ്രവേശിക്കുന്നത്. ഇന്നത്തെ തലമുറയ്ക്ക് എത്രകണ്ട് പരിചയമുണ്ട് എന്നറിയില്ല. കൈയിലൊതുങ്ങുന്ന ഒരു മുളങ്കാലിന്റെ ഒരറ്റത്ത് മുളംകീറുകളോ ഓട(ഈറ്റ)ക്കീറുകളോ കൊണ്ട് വൃത്താകൃതിയിലുള്ള ഒരു ചട്ടം ഘടിപ്പിച്ച് അതിന്റെ മേൽഭാഗം കരിമ്പനയോല പാകി ഉറപ്പിച്ച ഒരു ഉപകരണമാണ് ഓലക്കുട. രണ്ടു കൈകൊണ്ടും പണിയെടുക്കുന്നവർക്കായി മുളങ്കാൽ ഒഴിവാക്കി കവുങ്ങിൻ പോളകൊണ്ട് ഒരു തൊപ്പി മധ്യത്തിൽ പിടിപ്പിച്ച് വെള്ളക്കാരുടെ വയ്ക്കോൽത്തൊപ്പിപോലെ ധരിക്കാവുന്ന ഓലക്കുടയുമുണ്ട്. അതിന് തൊപ്പിക്കുട എന്ന് പേർ. ഇവയിൽനിന്നുള്ള വ്യത്യസ്തത വ്യക്തമാക്കാനാണ് 'അംബ്രലാ' എന്ന ഇംഗ്ലീഷ്പദത്തിന് വെറും കുടയെന്ന് പറയാതെ 'ശീലക്കുട' എന്നു നാം പറഞ്ഞുവരുന്നത്. പരിഷ്കാരഭ്രമത്തിന്റെയും വരേണ്യസാന്നിധ്യത്തിന്റെയും കേദാരമായ കോളേജിൽ ഒരാൾ ഇന്നും ഒരു പ്രാകൃതവേഷം കെട്ടി ചെല്ലുക എന്നത് ദാമോദരന്റെ ആദർശധീരതയുടെ എന്നപോലെ നിലവിലുള്ളതിനെ എല്ലാം വെല്ലുവിളിക്കുക എന്ന സഹജവാസനയുടെ പ്രകടനംകൂടിയായിരുന്നു.

ഏതു കാര്യവും മനസ്സിൽ തട്ടി ബോദ്ധ്യപ്പെട്ടാൽ അതിൻപ്രകാരം പ്രവർത്തിച്ച് അതിന്റെ സയുക്തികപരിണതിയിലോളം പോകാൻ ദാമോദരൻ അന്ത്യശ്വാസം വരെ മടിച്ചിരുന്നില്ല. അതുകൊണ്ട് എം. റഷീദിന്റെ ഭാഷയിൽ ഗാന്ധിയേക്കാൾ ഗാന്ധിയനാകാനും വൈദേശികമോ വൈദേശികശൈലിയിലുള്ളതെന്തും ത്യജിക്കാനോ ദാമോദരന് മടിയുണ്ടായിരുന്നില്ല. അതാണ് 1931 ജൂണിൽ സീനിയർ ഇന്റർമീഡിയറ്റ് ക്ലാസ്സിൽ പഠിക്കാൻ സാമൂതിരി കോളേജിലെത്തിയ ദാമോദരനെ പ്രാകൃതമായ ഓലക്കുട ചൂടിച്ചുക്കിച്ചുളിഞ്ഞ പരുക്കൻ ഖദർവേഷവുമായി ചെന്നു കയറാൻ പ്രേരിപ്പിച്ചത്. അപ്പോഴേക്കും ഗാന്ധിജിയുടെ ജാതിവിരുദ്ധപ്രസ്ഥാനത്തിനുള്ള തന്റെ സംഭാവനയായി കീഴേടത്ത് ദാമോദരമേനോൻ ജാതിവിശേഷണം തിരസ്കരിച്ച് വെറും കെ.ദാമോദരനായിത്തീരുകയും ചെയ്തിരുന്നു.

ഗാന്ധിയൻസമരം—രണ്ടാമൂഴം

ദാമോദരന്റെ കോളേജ് പഠനം ആരംഭിക്കുന്നതിന് രണ്ടുമൂന്നു വർഷം മുൻപുതൊട്ട് 1922 ചൗരിചൗരാ സംഭവത്തിനുശേഷം ഉറങ്ങിക്കിടക്കുകയായിരുന്ന ഇന്ത്യൻ സ്വാതന്ത്ര്യസമരം വീണ്ടും ഉണരാൻ തുടങ്ങിയിരുന്നു. ബ്രിട്ടീഷ് പോലീസുകാരുടെ അക്രമവാഴ്ചകൊണ്ട് പൊറുതിമുട്ടിയ കർഷകർ ബീഹാറിലെ ചൗരിചൗരയിലെ പൊലീസ് സ്റ്റേഷൻ ആക്രമിച്ച് ചില പൊലീസുകാരെ കൊലപ്പെടുത്തിയതിനെ (1922) മുൻനിറുത്തി ഗാന്ധിജി ആരോടും ആലോചിക്കാതെ നിസ്സഹകരണസമരം നിർത്തിവച്ചതിൽ ഒരു വലിയ

വിഭാഗം കോൺഗ്രസുകാർ അസംതൃപ്തരായിരുന്നു. കോൺഗ്രസിനകത്തും പുറത്തും തുടർന്നുണ്ടായ വീണ്ടുവിചാരങ്ങൾ മൂന്ന് മുഖ്യരാഷ്ട്രീയപ്രവണതകൾക്ക് വഴിവെച്ചു.

1. രാജേന്ദ്രപ്രസാദ്, വല്ലഭായിപട്ടേൽ, രാജഗോപാലാചാരി തുടങ്ങിയവർ ഗാന്ധിയോടൊപ്പം നിന്നു. അവരെ 'നോ ചെയ്ഞ്ചേഴ്സ്' അഥവാ 'മാറ്റവിരോധികൾ' എന്ന് വിളിച്ചുവന്നു.

2. മോത്തിലാൽ നെഹ്രു, സി.ആർ. ദാസ് തുടങ്ങിയവരായിരുന്നു പ്രോ-ചെയ്ഞ്ചേഴ്സ് അഥവാ 'മാറ്റവാദികൾ'ക്ക് നേതൃത്വംനൽകിയത്. പരിമിതാധികാരമുള്ള നിയമസഭകളിലേക്കുംമറ്റും തെരഞ്ഞെടുപ്പിൽ പങ്കെടുക്കരുതെന്നും അത്തരം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ദേശസ്നേഹികൾ രാജിവെച്ചു പിരിയണമെന്നുംമറ്റുമുള്ള ഗാന്ധിയുടെ നിസ്സഹകരണനിർദ്ദേശങ്ങളെ അവർ തിരസ്കരിക്കുകയും 'സ്വരാജ് പാർട്ടി' എന്നൊരു പാർട്ടി രൂപീകരിച്ച് മത്സരിച്ച് ഗണ്യമായ വിജയം നേടുകയും ചെയ്തു. അടിസ്ഥാനപരമായി അവർ മിതവാദികളായിരുന്നു.

3. മൂന്നാമത്തെ പ്രവണത വിട്ടുവീഴ്ചയില്ലാതെ ബ്രിട്ടീഷുകാരെ കെട്ടുകെട്ടിക്കാൻ ഏതു സമരമാർഗ്ഗവും സ്വീകരിക്കണം എന്നതായിരുന്നു. ഭഗത്സിംഗിന്റെ ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ പാർട്ടി, അമേരിക്കയിൽ കുടിയേറിയ സിക്ക് കർഷകർ സ്ഥാപിച്ച ഗദർ പാർട്ടി, ബംഗാളിലെ അനുശീലൻ തുടങ്ങിയവരെല്ലാം ബ്രിട്ടീഷ്കാർ 'ഭീകരവാദികൾ' എന്നു മുദ്രകുത്തിയ ഉശിരൻ പോരാളികളായിരുന്നു നയിച്ചിരുന്നത്. 1917-ലെ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിൽനിന്നാവേശംകൊണ്ട കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് ഗ്രൂപ്പുകൾ വേറെ.

ഇങ്ങനെ പല വഴികളിൽ സഞ്ചരിച്ചിരുന്ന ദേശീയസമരസേനാനികൾ 1930-കളോടുകൂടി കൂടുതൽ ഊർജ്ജസ്വലരാവാൻ തുടങ്ങി. കോൺഗ്രസ്സിൽത്തന്നെ ജവഹർലാൽ നെഹ്രു, സുഭാഷ് ചന്ദ്രബോസ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ഒരിടതുപക്ഷം തല ഉയർത്താൻ തുടങ്ങി. ഗാന്ധിയുടെ 1920-ലെ നിസ്സഹകരണസമരത്തിന്റെ അടിത്തറ കോൺഗ്രസ് ഖിലാഫത്ത് സഖ്യമായിരുന്നുവല്ലോ. 1921-ലെ മലബാർ കലാപത്തിന്റെ പ്രചോദനകേന്ദ്രവും ഈ സഖ്യമായിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിൽ ജർമ്മനിയുടെ ഭാഗത്തായിരുന്ന തുർക്കിയിലെ ഭരണാധികാരിയും മുസ്ലീങ്ങളുടെ ആദ്ധ്യാത്മികനേതാവുമായിരുന്ന 'ഖലീഫ'യെ വിജയികളായ ബ്രിട്ടീഷുകാർ സ്ഥാനഭ്രഷ്ടനാക്കിയത് ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ മുസ്ലീം ജനതയെ ബ്രിട്ടീഷ്വിരോധികളാക്കി. ഈ വിരോധം മുതലെടുത്ത് കോൺഗ്രസ്-ഖിലാഫത്ത് സഖ്യത്തിലൂടെ ഹിന്ദു-മുസ്ലീം ഐക്യം കെട്ടിപ്പടുത്ത് ബ്രീട്ടിഷുകാരെ എതിർക്കുക എന്നതായിരുന്നു ഗാന്ധിജിയുടെ തന്ത്രം. 1924-ൽ മുസ്തഫാ കമാൽ പാഷയുടെ നേതൃത്വത്തിൽ തുർക്കിയിൽ നടന്ന ഫ്യൂഡൽ വിരുദ്ധ ബൂർഷ്വാ വിപ്ലവത്തിൽ ഖലീഫാ സ്ഥാനം നിർമ്മാർജ്ജനംചെയ്തു റിപ്പബ്ലിക്ക് സ്ഥാപിച്ചതോടെ ഖിലാഫത്ത്പ്രസ്ഥാനം അപ്രസക്തമായതും സമഗ്രമായ നയമാറ്റങ്ങളിലേക്ക് കോൺഗ്രസ്സിനെ എത്തിച്ചു.

1927-ൽ രണ്ടു സംഭവങ്ങൾ സ്വാതന്ത്ര്യസമരവേലിയേറ്റത്തിന് പുത്ത നുണർവ്വ് നൽകി. ഇന്ത്യയ്ക്ക് ഒരു ഭരണഘടന ഉണ്ടാക്കാൻ വെള്ളക്കാർ മാത്രമടങ്ങുന്ന സൈമൺ കമ്മീഷനെ ഇന്ത്യയിലേക്കയച്ചതും കമ്മീഷൻ തെളിവെടുക്കാൻ പോയ ദിക്കിലെല്ലാം അതിനെ ബഹിഷ്കരിക്കുന്നവരും പൊലീസും തമ്മിൽ ഏറ്റുമുട്ടിയതും പുതിയൊരു പ്രത്യക്ഷസമരത്തിന്റെ കേളികൊട്ടായി. 1927-ൽ മദിരാശിയിൽവച്ചു ചേർന്ന കോൺഗ്രസ് സമ്മേളനം പൂർണ്ണസ്വാതന്ത്ര്യമാണ് തങ്ങളുടെ ലക്ഷ്യമെന്നു പ്രഖ്യാപിച്ചത് മറ്റൊരു കാൽവെപ്പായി. അതുവരെ ഇടതുപക്ഷക്കാരും ഗ്രൂപ്പുകളും ഒഴിച്ചുള്ളവരെല്ലാം ബ്രിട്ടീഷ് കിരീടത്തിന്റെ കീഴിൽ പുത്രികാരാജ്യപദവി (കനഡ, ആസ്ട്രേലിയ തുടങ്ങിയവയെപ്പോലെ ഡൊമിനിയൻ സ്റ്റാറ്റസ്) മാത്രമേ ആവശ്യപ്പെട്ടിരുന്നുള്ളു. ഈ പ്രമേയം അംഗീകരിച്ചതിനുശേഷവും ഗാന്ധിജിയെയും മോത്തിലാലിനെയുംപോലുള്ളവർ അത്രത്തോളം പോകാതെ അറച്ചുനിൽക്കുകയായിരുന്നു. 1930 ജനുവരി 26-ാംതീയതി കോൺഗ്രസ് പൂർണ്ണ സ്വാതന്ത്ര്യദിനം ആചരിക്കുകയും സ്വാതന്ത്ര്യപ്രതിജ്ഞ എടുക്കുകയും ചെയ്തതോടെ 'പുത്രികാ'വാദങ്ങൾ ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലായി.

ഈ പ്രക്ഷുബ്ധവും ആവേശകരവും ആയ പശ്ചാത്തലത്തിലാണ് മഹാത്മാഗാന്ധി അഹമ്മദാബാദിലെ സബർമതി ആശ്രമത്തിൽനിന്നും എഴുപതുനാഴിക ദൂരെ ഗുജറാത്ത് കടപ്പുറത്ത് ദണ്ഡിയിലേക്ക് കാൽനടയായി അനുയായികളോടൊപ്പം പോയി, നിയമം ലംഘിച്ച് കടൽവെള്ളത്തിൽനിന്നും കുറുക്കി ഉപ്പുകാച്ചിയതും കാട്ടുപുല്ലിന് തീപിടിക്കുംപോലെ ഇന്ത്യയാകെ സമരജ്വാലകൾ ഉയർത്തിയിളകിമറിഞ്ഞതും.

കോഴിക്കോട്ട് കടപ്പുറത്ത് അബ്ദുർറഹിമാൻ സാഹിബ്, പി. കൃഷ്ണപിള്ള, ഇ.എം.എസ്. കേളപ്പൻ തുടങ്ങിയവർ ഉപ്പുസത്യാഗ്രഹം നടത്തി മർദ്ദനം ഏറ്റുവാങ്ങിയതും ശിക്ഷിക്കപ്പെട്ട് ജയിലിൽ പോയതും എല്ലാം നേരത്തേ വിവരിച്ചിരുന്നുവല്ലോ. ഈ വാർത്തകൾ അറിഞ്ഞു നിയമം ലംഘിക്കാൻ തയ്യാറായി ചെന്ന ദാമോദരന് പ്രായപൂർത്തിയാകാത്തതിനാൽ സത്യാഗ്രഹാനുമതി നിഷേധിക്കപ്പെട്ടതും പരാമർശിക്കുകയുണ്ടായല്ലോ. 1930 ജൂണിൽ ദാമോദരൻ സീനിയർ ഇന്റർമീഡിയറ്റ് ക്ലാസിൽ ചേരുമ്പോഴേക്കും ഈ പ്രതിബന്ധം അവസാനിച്ച് 18 തികഞ്ഞ് പ്രായപൂർത്തിയിലെത്തിക്കഴിഞ്ഞിരുന്നു. മേനോൻസ്ഥാനം ഉപേക്ഷിച്ച് പരുക്കൻ ഖദറും ഓലക്കുടയുമായി കോളേജിലെത്തിയ ദാമോദരന്റെ കഥ നമുക്കിനി തുടരാം.

ആദ്യത്തെ പുസ്തകം, ആദ്യത്തെ ജയിൽവാസം

ഖാദിവേഷം, ഓലക്കുട, പേരുമാറ്റം തുടങ്ങിയ ബാഹ്യപ്രകടനങ്ങളിൽ ഒതുങ്ങിനിന്നില്ല ദാമോദരന്റെ പ്രവർത്തനങ്ങൾ. വിദേശവസ്ത്രദഹനം, മദ്യവർജ്ജനപ്രചാരവേല, ഹരിജനോദ്ധാരണം തുടങ്ങിയ ഗാന്ധിയൻ നിർമ്മാണപരിപാടികളിലൂടെ ദേശീയപ്രസ്ഥാനത്തെ ജനസാമാന്യത്തിലെത്തിക്കാൻ ഒഴിവുദിവസങ്ങളിലും, ഒഴിവുവേളകളിലും ദാമോദരൻ തെരുവുകളിലും കുടിയിടങ്ങളിലും ചുറ്റിക്കറങ്ങിക്കൊണ്ടിരുന്നു. വിദ്യാഭ്യാസവ്യവ

സ്ഥയെ കൊളോണിയൽ ചങ്ങലക്കെട്ടുകളിൽനിന്ന് വിമുക്തമാക്കാനും വിദ്യാർത്ഥികളെ സ്വാതന്ത്ര്യസമരത്തിലണിനിരത്താനും അവരെ സംഘടിപ്പിക്കാനും ദാമോദരൻ മുൻകൈയെടുത്തു. മറ്റു പലയിടങ്ങളിലും സ്ഥാപനങ്ങളിലും അന്നും പ്രവർത്തനങ്ങൾ നടക്കുന്നുണ്ടായിരുന്നു. അവയെ എല്ലാം കോർത്തിണക്കി കേരള വിദ്യാർത്ഥിസംഘം രൂപംകൊണ്ടപ്പോൾ അതിന്റെ കാര്യദർശിയായി തെരഞ്ഞെടുക്കപ്പെട്ടത് ദാമോദരനാണ്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി അതിനകം ഇന്ത്യൻ യുവജനങ്ങളുടെ ആരാധനാപാത്രമായി ഉയർന്ന ജവഹർലാൽ നെഹ്റുവിന്റെ ഒരു ജീവചരിത്രം ദാമോദരൻ എഴുതി. 1931-ൽ കേരള വിദ്യാർത്ഥിസംഘംതന്നെ അത് പ്രസിദ്ധീകരിച്ചു. ദാമോദരന്റെ ആദ്യത്തെ കൃതി എന്ന പ്രശസ്തി അതിനവകാശപ്പെട്ടതാണെന്നതിനു പുറമേ ഗാന്ധിയൻ നിലപാടുകളിൽനിന്നദ്ദേഹം അകലാനാരംഭിച്ചു എന്നതിന്റെ തെളിവും ആ ഗ്രന്ഥം സ്പഷ്ടമായി വായിച്ചാൽ ബോദ്ധ്യപ്പെടും. എന്നാൽ അത് ഗാന്ധിസവുമായുള്ള അന്തിമമായ വിടപറയലായിരുന്നില്ല എന്നതിന്റെ തെളിവ് 1934-ൽ ഗാന്ധിജിയുടെ 'ഏകവഴി' എന്ന കൃതി വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചതാണ്. ആ വർഷംതന്നെ കാറൽ മാർക്സ് എന്ന മറ്റൊരു ജീവചരിത്രം എഴുതി ഒരു ഗ്രാമീണവായനശാലയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ചത് ദാമോദരന്റെ മനസ്സിൽ വിവിധ ചിന്താധാരകൾ തമ്മിൽ സംഘർഷങ്ങളും സമന്വയങ്ങളും അംഗീകാരവും തിരസ്കാരവും നടന്നുകൊണ്ടിരുന്ന ഒരു കാലയളവിലായിരുന്നു അതെന്ന് തെളിയിക്കുന്നു. അവിടെയൊരു ചോദ്യം ഉയരുന്നു. പഴയ വിശ്വാസങ്ങളും പുതിയ ആശയങ്ങളും തമ്മിലുള്ള സംഘർഷങ്ങളിൽനിന്ന് ദാമോദരൻ എന്നെങ്കിലും വിമുക്തനായിരുന്നുവോ? അതിനുള്ള മറുപടി ഈ പുസ്തകം പുരോഗമിക്കുന്നതോടെ ലഭിക്കും എന്ന പ്രതീക്ഷയോടെയാണ് ഇതെഴുതുന്നത്.

രക്ഷകർത്താക്കളും അദ്ധ്യാപകരുൾപ്പെടെയുള്ള ഗുണകാംക്ഷികളും ദാമോദരന്റെ ഈ പോക്കിൽ അസംതൃപ്തരായിരുന്നു. ആപൽക്കരമായ ഈ മാർഗ്ഗത്തിൽനിന്ന് നല്ല ഭാവിയുണ്ടെന്ന് അവർ കരുതിയ ഈ യുവാവിനെ പിന്തിരിപ്പിക്കാൻ 'സാമദാനഭേദദണ്ഡങ്ങൾ' എന്ന ചതുരുപായങ്ങളിൽ അവസാനത്തേത് ഒഴിച്ചുള്ളതെല്ലാം പ്രയോഗിച്ചുനോക്കിയിട്ടും ഫലമുണ്ടായില്ലെന്നു പറയേണ്ടതില്ലോ. ചിലപ്പോൾ ദാമോദരന്റെ തന്ത്രപൂർവ്വമായ മൗനത്തെ സമ്മതമായി കരുതി അവർ ആശ്വസിക്കാറുണ്ടെങ്കിലും അതെല്ലാം ക്ഷണികമായ മോഹമോ വ്യാമോഹമോ മാത്രമാണെന്ന് ബോധ്യപ്പെടാൻ കാലമേറെ വേണ്ടിവന്നില്ല. അതേസമയം ദാമോദരന്റെ ബുദ്ധിശക്തിയേയും സൽസ്വഭാവത്തേയും വിജ്ഞാനതൃഷ്ണയേയും ദീർഘദൃഷ്ടിയോടെ കണ്ടറിഞ്ഞ് പ്രോത്സാഹിപ്പിച്ചിരുന്നവരും ഉണ്ടായിരുന്നു. അവരിൽ പ്രമുഖനായിരുന്നു അന്നത്തെ സാമൂതിരി കോളേജ് പ്രിൻസിപ്പൽ എ.വി. കുട്ടികൃഷ്ണമേനോൻ. മനസ്സുകൊണ്ട് അഭിനന്ദിക്കുമ്പോൾപ്പോലും അപകടരാഷ്ട്രീയത്തിൽ ആകണ്ഠം മുഴുകിയ ഒരു വിദ്യാർത്ഥിയെ പരസ്യമായി, അതും രേഖാമൂലമായി, പ്രശംസിക്കാൻ പല അദ്ധ്യാപകരും അറച്ചുമാറിയിരുന്ന കാലത്ത് പ്രിൻസിപ്പൽ കുട്ടികൃഷ്ണമേനോൻ അതിനു തയ്യാറായത്

ശ്രദ്ധേയമാണ്. അദ്ദേഹത്തിന്റെ ജവഹർലാൽ നെഹ്റു എന്ന ജീവചരിത്രത്തെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് ഒരവതാരിക എഴുതിക്കൊടുത്തു. അത് പ്രിൻസിപ്പലിന്റെ ആദർശത്തിന്റെയും ആർജ്ജവത്തിന്റെയും നിദർശനമെന്നതുപോലെ വിദ്യാർത്ഥിയുടെ വ്യക്തിവൈശിഷ്ട്യത്തെ വ്യക്തമാക്കുകയും ചെയ്യുന്നു.

1931-ലെ മദ്ധ്യവേനൽ അവധിക്കാലത്ത് കോളേജിൽനിന്ന് തിരൂരിലെ വീട്ടിൽ തിരിച്ചെത്തിയ ദാമോദരന്റെ മനസ്സുനിറയെ അപ്പോഴും തുടർന്നുകൊണ്ടിരുന്ന ഉപ്പുസത്യാഗ്രഹമായിരുന്നു. ഫെബ്രുവരി 26-ാം തീയതിയോടെ 18 വയസ്സു തികഞ്ഞ ദാമോദരന് നിയമലംഘനസത്യാഗ്രഹത്തിൽ പങ്കെടുക്കാൻ പഴയ തടസ്സമൊന്നുമില്ല. തന്നോടൊപ്പം കോളേജിൽ പഠിക്കുന്ന ഒരു കൂട്ടുകാരനെ കാണാനാണെന്നു പറഞ്ഞ് ദാമോദരൻ താനൂരിലേക്ക് പുറപ്പെട്ടു. ഒരു സ്നേഹിതനായ കോൺഗ്രസുകാരൻ ബാലകൃഷ്ണമേനോനെയും കൂടെ കൂട്ടി. 1931 മാർച്ച് 27-നാണ് ദാമോദരന്റെ സ്വപ്നം സാക്ഷാൽക്കരിക്കപ്പെട്ടത്. ഇരുവരും ചേർന്ന് നിയമലംഘനം നടത്തി, ജയിലിലായി. പിൽക്കാലത്ത് കേരളമെങ്ങും കേളികേട്ട ദാമോദരന്റെ പ്രഭാഷണപാടവം താനൂരിലെ മണൽത്തരികളെപ്പോലും കോൾമയിർകൊള്ളിച്ചിട്ടുണ്ടാവാം; പ്രഥമ ജയിൽവാസത്തിന്റെ ചാരിതാർത്ഥ്യം ദാമോദരനെയും.

കീഴേടത്തെ പുകിലുകൾ തകൃതി

പൊതുവേ ജന്മിമാരും പ്രത്യേകിച്ച് 1921-ലെ കലാപത്തിനുശേഷം തെക്കേ മലബാറിലെ ഹിന്ദുജന്മിമാരും ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അക്രീത ദാസന്മാരായിട്ടാണ് വർത്തിച്ചുവന്നത്. കീഴേടത്ത് ജന്മികുടുംബത്തിന് അതിൽപ്പെട്ട ഒരു കുട്ടി ബ്രിട്ടീഷ് നിയമം ലംഘിച്ച് തടവിൽ പോകുക എന്നത് ആലോചിക്കാൻപോലും കഴിയുമായിരുന്നില്ല. കീഴേടത്തെ തറവാട്ടുകാർക്കെന്നല്ല നാട്ടുകാർക്കും അറസ്റ്റ്ചെയ്ത് ജയിലിലടച്ച അധികൃതർക്കുപോലും അലോസരവും അത്ഭുതവും സൃഷ്ടിച്ച ഈ സംഭവത്തെത്തുടർന്നുണ്ടായ പൂതിപുകിലുകളെക്കുറിച്ച് എം. റഷീദ് രസകരമായി വിവരിക്കുന്നുണ്ട്. അത് ഇപ്രകാരം ഇവിടെ സംഗ്രഹിക്കുന്നു:

ഒരു സത്യാഗ്രഹിയെയോ നിയമലംഘകനെയോ മറ്റേതെങ്കിലും കുറ്റവാളിയെയോ അറസ്റ്റ്ചെയ്താൽ അവരുടെ ബന്ധുക്കൾ കേട്ടറിഞ്ഞ് സ്റ്റേഷനിലെത്തി അന്വേഷിക്കുകയോ ജാമ്യാപേക്ഷയോമറ്റോ കൊടുക്കുകയോ അല്ലാതെ പൊലീസുകാരോ മറ്റധികൃതരോ കുറ്റവാളിയുടെ തറവാട്ടിൽ പോയി ക്ഷമാപണപൂർവ്വം വിവരമറിയിക്കുക ഇന്നെന്നപോലെ അന്നും പതിവില്ല. പക്ഷേ, ഇത് അത്തരം സാധാരണസംഭവമോ ക്രിമിനൽപുള്ളി ചില്ലറക്കാരനോ അല്ല. സർക്കാരിന്റെ നെടുംതൂണുകളിൽ ഒന്നായ കീഴേടത്ത് തറവാട്ടിലെയാണ്. അവിടെപ്പോയി വിവരമറിയിച്ച് മേൽനടപടികളേപ്പറ്റി നിർദ്ദേശങ്ങളാരായാൻ അധികൃതർ നിയമാനുസൃതമല്ലെങ്കിലും നാട്ടുനടപ്പനുസരിച്ച് നിർബ്ബന്ധിതരാണ്. അതുകൊണ്ട് സംഭവം നടന്നയുടൻതന്നെ പൊലീസ് ദൂതന്മാർ വിവരം കീഴേടത്ത് കാരണവരെ അറിയിച്ചു.

ദാമോദരന്റെ 'കുസൃതിത്തരങ്ങളും തോന്ന്യാസങ്ങളും' അറിയാമായിരുന്നെങ്കിലും അതിത്രത്തോളമെത്തുമെന്നവർ കരുതിയിരുന്നില്ല. കാരണവരും കാര്യസ്ഥന്മാരും ചില നാട്ടുപ്രമാണികളേയും കൂട്ടി തിരൂർ പൊലീസ് സ്റ്റേഷനിൽ കിതച്ചെത്തി. പ്രമാണിമാരെ ആദരിച്ചിരുത്തിയശേഷം സർക്കിൾ ഇൻസ്പെക്ടർ അവരെ ഇപ്രകാരം ആശ്വസിപ്പിക്കാൻ ശ്രമിച്ചു. സംഗതിയിൽ പരിഭ്രമിക്കേണ്ട കാര്യമൊന്നുമില്ലെന്നും ഇപ്പോൾ താൻ വിചാരിച്ചാൽ കീഴേടത്തെ പ്രഭുകുമാരനെ ജയിൽശിക്ഷയിൽനിന്നൊഴിവാക്കാൻ കഴിയുന്നതേയുള്ളു എന്നും സർക്കിൾ ഇൻസ്പെക്ടർ ഉണർത്തിച്ചു. പക്ഷേ, ഒരു ഉപാധിമാത്രം: ഭാവിയിൽ ഇത്തരം 'കുരുത്തക്കേടുകൾക്ക്' ഒന്നും പോകില്ലെന്ന് ദാമോദരനും ബാലകൃഷ്ണനും കാരണവരെ സാക്ഷിനിറുത്തി ഉറപ്പു നൽകുകയേ വേണ്ടൂ. പിന്നീട് എഞ്ചിനീയറിങ് പഠിച്ച് സർക്കാർ സർവ്വീസിൽ പ്രവേശിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയറായി അടുത്തൂൺപറ്റി പിരിഞ്ഞ ബാലകൃഷ്ണമേനോൻ ഈ നിബന്ധന സ്വീകരിച്ച് ജയിൽമോചിതനായി.

പക്ഷേ, ദാമോദരൻ സുഹൃത്തിന്റെ മാതൃക പിന്തുടരുവാൻ തൽപരനല്ലായിരുന്നു. അത് തറപ്പിച്ചുപറയുകയും ചെയ്തു. ഈ വിഷമസന്ധിയിൽ നിന്ന് കീഴേടത്ത് കുടുംബത്തെ കരകയറ്റാൻ സർക്കിൾ ഇൻസ്പെക്ടർ അല്പംകൂടി വിട്ടുവീഴ്ചചെയ്ത് ഒരു പോംവഴി നിർദ്ദേശിച്ചു. ദാമോദരനു പകരം കീഴേടത്തെ കാരണവർ ഉറപ്പുനൽകിയാൽ മതി എന്ന്. പുതിയ നിർദ്ദേശം കേട്ടപ്പോൾ ദാമോദരന്റെ പ്രതികരണം: "ഉറപ്പുകൊടുത്താൽ കൊടുക്കുന്നവരും വാങ്ങിയവരും കുടുങ്ങും. ഞാൻ അങ്ങനെ ഉറപ്പ് ആർക്കും കൊടുത്തിട്ടില്ലെന്നും എനിക്കുവേണ്ടി ആരെങ്കിലും കൊടുത്തിട്ടുണ്ടെങ്കിൽ അതെനിക്ക് ബാധകമല്ലെന്നും പരസ്യമായി പ്രഖ്യാപിച്ച് വീണ്ടും നിയമം ലംഘിക്കും." ഇത്രയുംവരെ എല്ലാം മുറുമുറുപ്പോടെ എങ്കിലും സഹിച്ച് അനന്തിരവനെ നേർവഴിക്ക് നയിക്കാൻ ശ്രമിച്ച കാരണവർക്ക് ഈ 'ധിക്കാരം' സഹിക്കാവുന്നതിലെത്രയോ അധികമായിരുന്നു. അവിടെ കൂടിയിരുന്ന സകലരുടെയും മുൻപിൽവെച്ച് അപമാനവും ക്രോധവുംകൊണ്ട് നിലവിട്ടുപോയ കാരണവർ ദാമോദരന്റെ മുഖത്ത് ആഞ്ഞടിച്ചു. ഔപചാരികമായ അടിയല്ല, കനത്ത പ്രഹരംതന്നെ. എന്നാൽ ദൃഢമനസ്കനായ ആ യുവദേശാഭിമാനിയുടെ മുഖത്ത് വേദനയുടെ ചുളിവോ കണ്ണീരിന്റെ പ്രവാഹമോ അല്ല ചാരിതാർത്ഥ്യത്തിന്റെ പുഞ്ചിരിയാണ് വിരിഞ്ഞുകണ്ടത് എന്ന് ഈ രംഗത്തിന്റെ ദൃക്സാക്ഷിയായിരുന്ന കീഴേടത്തു കൃഷ്ണമേനോൻ തന്നോടു പറഞ്ഞു എന്ന് റഷീദ് രേഖപ്പെടുത്തുന്നു. അതോടെ കാരണവരും അനന്തിരവനും തമ്മിൽ അന്തിമമായി വേർപിരിഞ്ഞു. ജീവിതാന്ത്യംവരെ കാരണവർ ആ നിലപാടിൽ മാറ്റം വരുത്തിയില്ല: 'പുകഞ്ഞ കൊള്ളി പുറത്ത്.'

തടവറയിലും ആദർശജീവിതം

പാലക്കാട്ട് 'തുക്ടിക്കച്ചേരി' എന്നു വിളിച്ചുവരുന്ന ഉപജില്ലാക്കോടതിയിലാണ് ദാമോദരനും മറ്റു നിയമലംഘകരും വിചാരണചെയ്യപ്പെട്ടത്. കേസ്സു

വാദിക്കാൻ മെനക്കെടാതെ കുറ്റം സമ്മതിച്ച് ശിക്ഷയേറ്റുവാങ്ങുക എന്നതായിരുന്നുവല്ലോ ഗാന്ധിയൻ സമരമുറ. ദാമോദരൻ മുറ തെറ്റിച്ചില്ല. കോടതി 23 മാസത്തെ കഠിനതടവിന് ദാമോദരനെ ശിഷിച്ച് കോയമ്പത്തൂർ ജയിലിലേക്കയച്ചു. ഗാന്ധിയൻ മുറപ്രകാരം ജയിൽനിയമങ്ങളൊക്കെ അക്ഷരംപ്രതി ദാമോദരൻ അനുസരിച്ചു. തമിഴ്നാട്ടിൽനിന്നും കേരളത്തിൽനിന്നുമായി അനേകം രാഷ്ട്രീയത്തടവുകാർ അവിടെയുണ്ടായിരുന്നു. അവരുമായി കൂടിയിരുന്ന് രാഷ്ട്രീയമുൾപ്പെട്ട വിവിധവിഷയങ്ങളെപ്പറ്റി ചർച്ചയും സംവാദവും നടത്തുക പതിവായിരുന്നു. ആ സംവാദങ്ങളിലൂടെ പ്രായത്തിലും പഠിപ്പിലും കവിഞ്ഞ ദാമോദരന്റെ അറിവുകൾ അവർക്ക് പകർന്നുനൽകും. പുതിയ പുസ്തകങ്ങൾ തേടിപ്പിടിച്ച് വായിക്കും. പുതിയ വിഷയങ്ങൾ സ്വായത്തമാക്കും. കോയമ്പത്തൂരിൽവെച്ചാണ് ഹിന്ദിയും തമിഴും ദാമോദരൻ പഠിച്ചുതുടങ്ങിയത്.

ഗാന്ധിയൻ മുറകൾ തെറ്റിക്കുകയും ജയിലിനു പുറത്തുനിന്ന് നിയമാനുസൃതവും അല്ലാതെയും ഭക്ഷണപദാർത്ഥങ്ങളും ബീഡി, സിഗരറ്റ് തുടങ്ങിയവയും സംഘടിപ്പിച്ച് ഉപയോഗിക്കുന്നവരെ ദാമോദരൻ നിശിതമായി വിമർശിക്കുകയും പതിവായിരുന്നു. അങ്ങനെയെല്ലാം തന്നെക്കാൾ മുതിർന്നവരുടെയും ഗുരുവായിത്തീർന്ന ദാമോദരൻ ജയിൽമോചിതനാകുമ്പോഴേക്കും മികവുറ്റ ഒരു രാഷ്ട്രീയപ്രവർത്തകനായി കഴിഞ്ഞിരുന്നു.

ഈ രാഷ്ട്രീയവിദ്യാഭ്യാസവും പക്വതയും അക്കാദമിക്ക് തലത്തിൽ ദാമോദരന് സഹായകരമായില്ല. ജയിലിലായിരിക്കുമ്പോഴാണ് സീനിയർ ഇന്റർമീഡിയറ്റ് പരീക്ഷാഫലം വന്നത്. അതുവരെ എല്ലാ പരീക്ഷകളിലും ഉയർന്ന മാർക്കും റാങ്കും നേടാറുള്ള ദാമോദരന് ഇന്റർമീഡിയറ്റിൽ ഒരു പാർട്ടിന് ജയിക്കാൻ കഴിഞ്ഞില്ല. രാഷ്ട്രീയപ്രവർത്തനങ്ങളുടെ തിരക്കിൽ പഠിത്തകാര്യങ്ങളിൽ അല്പം അലംഭാവം വന്നതായിരിക്കണം കാരണം എന്നതിൽ സംശയമില്ല. തോറ്റ വിഷയങ്ങളിൽ പ്രാഗല്ഭ്യം നേടാൻ ജയിലിലെ വിശ്രമവേളകൾ പ്രയോജനപ്പെട്ടു. ഭാഗ്യത്തിന് ജയിലിലെ നല്ലനടത്തയ്ക്കുള്ള ഇളവുകൾകൂടി കിട്ടിയപ്പോൾ അടുത്ത പരീക്ഷ ആരംഭിക്കുന്നതിന്റെ തലേന്നുതന്നെ ദാമോദരൻ മോചിതനായി. പരീക്ഷയ്ക്ക് ഇരിക്കത്തക്കവിധം ദാമോദരൻ ജയിൽമോചിതനാകും എന്ന് പ്രതീക്ഷിച്ചിരുന്ന കീഴേടത്ത് കൃഷ്ണമേനോൻ ദാമോദരനുവേണ്ടി പരീക്ഷാഫീസ് അടച്ച് തയ്യാറായിരുന്നു. ദാമോദരന്റെ ഉറച്ച ഗുണകാംക്ഷിയായിരുന്ന കൃഷ്ണമേനോൻ ദാമോദരന്റെ വലിയമ്മയുടെ മകനായിരുന്നു. പിൽക്കാലത്ത് കാരണവരുടെ അസംതൃപ്തി വകവെക്കാതെ കൃഷ്ണമേനോൻ അത്യാവശ്യസന്ദർഭങ്ങളിൽ ദാമോദരനെ സഹായിച്ചിട്ടുണ്ട്. പരീക്ഷയ്ക്കിരുന്ന് എഴുതിയ ദാമോദരൻ മോശമല്ലാത്ത മാർക്കോടുകൂടി പരീക്ഷ പാസ്സായി ഇൻർമീഡിയറ്റ് വിജയം പൂർത്തിയാക്കി. അതിനായി പഠിക്കാൻ അവസരം നൽകിയത് ജയിൽവാസമായിരുന്നതിനാൽ ഈ വിജയവും ജയിൽ നൽകിയ നേട്ടമായി കരുതാവുന്നതാണ്.

3. പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം

സ്വാതന്ത്ര്യംതന്നെയമൃതം
സ്വാതന്ത്ര്യംതന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം.

—എൻ. കുമാരനാശാൻ

പാമരചിത്തം പുകഞ്ഞുപൊങ്ങും
ധൂമമാമീർഷ്യതൻ 'ജാതി'
ഗർവ്വമായും രോഷമായും പിന്നെ
സർവ്വമനോദോഷമായും
ആയതു മാറുന്ന വർണ്ണം
സായന്തനാംബരംപോലെ
സന്തുഷ്ടകുടുംബം പിളർക്കും അത്
ബന്ധുക്കളെ വിഭജിക്കും
ഹന്ത വർഗ്ഗങ്ങൾ തരിക്കും, പക-
ച്ചന്ത്യമായി ലോകം മുടിക്കും.

—എൻ. കുമാരനാശാൻ

പരീക്ഷയിൽ ഭംഗിയായി എഴുതി വിജയം ഉറപ്പാക്കി തിരൂരിലെത്തിയ ദാമോദരനെക്കുറിച്ച് കുടുംബാംഗങ്ങൾക്കിടയിൽ പുതിയ പ്രതീക്ഷകൾ ഉണരാൻ തുടങ്ങി. നിയമലംഘനപരിപാടികളും സ്വാതന്ത്ര്യസമരവും മന്ദീഭവിക്കുന്ന ലക്ഷണങ്ങൾ കണ്ടുതുടങ്ങിയപ്പോൾ ഇനി ദാമോദരൻ സമരഭ്രമം ഉപേക്ഷിച്ച് പഠനം തുടർന്നേക്കുമെന്നും എല്ലാം ഭംഗിയായി കലാശിക്കുമെന്നുമായിരുന്നു ഈ ശുഭാപ്തിവിശ്വാസികൾ കരുതിയത്. അവരുടെ പ്രതീക്ഷകൾ പാളിപ്പോയെങ്കിലും പുതിയ ഇന്ത്യൻ സാഹചര്യങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ തികച്ചും തെറ്റായിരുന്നു എന്ന് പറഞ്ഞുകൂടാ. എന്തായിരുന്നു പുതിയ സാഹചര്യത്തിന് വഴിയൊരുക്കിയ സംഭവവികാസങ്ങൾ?

1931 മാർച്ച് 27-ന് താനൂരിൽ നിയമം ലംഘിച്ച് പ്രസംഗം നടത്തി ദാമോദരൻ ജയിലിലായതിന്റെ പിറ്റേദിവസം കറാച്ചിയിൽ ചേർന്ന കോൺഗ്രസിന്റെ വാർഷികസമ്മേളനം ഉപ്പുസത്യാഗ്രഹത്തിന് പ്രഥമപ്രഹരമായിത്തീർന്ന

ഗാന്ധി-ഇർവിൻ ഉടമ്പടി ശരിവെച്ചു. ചെറുതും വലുതുമായ 600-ഓളം നാട്ടു രാജ്യങ്ങളൊഴിച്ചുള്ള ബ്രിട്ടീഷ് ഭരണപ്രദേശങ്ങൾക്ക് പുത്രികാരാജ്യപദവി യുടെ കീഴിൽ പ്രവിശ്യകൾക്ക് സ്വയംഭരണാവകാശത്തോടെ ഫെഡറൽ സംവിധാനം ശുപാർശചെയ്യുന്ന സൈമൺ കമ്മീഷൻ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഇന്ത്യയിലെ വിവിധ താൽപര്യങ്ങളുടെ പ്രതിനിധികളെ വിളിച്ചുചേർത്ത് ലണ്ടനിൽ ഒരു വട്ടമേശസമ്മേളനം ചേർന്ന് അഭിപ്രായവിനി മയം നടത്താൻ അവസരമുണ്ടാക്കാമെന്നായിരുന്നു വൈസ്റോയി ഇർവിൻ പ്രഭുവിന്റെ നിർദ്ദേശം. കോൺഗ്രസ് നേതൃത്വത്തിലും അണികളിലും ഉള്ള ബഹുഭൂരിപക്ഷംപേർക്ക് സൈമൺ കമ്മീഷൻ എന്നപോലെ വട്ടമേശസമ്മേ ളനവും സ്വീകാര്യമായിരുന്നില്ലെങ്കിലും ഗാന്ധി തടവറയിൽനിന്ന് (1930 മെയ് മുതൽ അദ്ദേഹം ജയിലിലായിരുന്നു) ഇർവിനുമായി നടത്തിയ എഴുത്തുകു ത്തിൽ ഇവയെല്ലാം പരിഗണിക്കാമെന്ന് ഉറപ്പു ലഭിച്ചതിനെത്തുടർന്നാണ് 1931 മാർച്ച് 5-ന് ഗാന്ധി ഇർവിൻ ഉടമ്പടിയിൽ ഒപ്പുവച്ചത്. ഗാന്ധിയും ഏതാനും പ്രമുഖ കോൺഗ്രസുകാരും ജയിൽമോചിതരായിക്കഴിഞ്ഞിരുന്നു. ഈ കരാ റിനാണ് കറാച്ചി കോൺഗ്രസ് അംഗീകാരം നൽകിയത്. ഏതായാലും ഉപ്പുസത്യാഗ്രഹം തല്ക്കാലത്തേക്ക് എന്നു പറഞ്ഞാണെങ്കിലും നിറുത്തി വെച്ചു. പിന്നീട് അതൊന്ന് പുനരുജ്ജീവിപ്പിക്കാൻ ശ്രമം നടന്നതും 1934 ആകുമ്പോഴേക്കും പൂർണ്ണമായി പിൻവലിക്കപ്പെട്ടു.

ഗാന്ധി-ഇർവിൻ ഉടമ്പടിയും ഗാന്ധിജിയുടെ മറ്റു നടപടികളും രണ്ടു ലക്ഷ്യങ്ങൾ നേടാനുള്ള അടവുകളായിരുന്നു. സമരം പ്രഖ്യാപിച്ച് ജനങ്ങളെ ഇളക്കിവിടുക. എന്നിട്ട് ആ ഇളക്കം താൻ നിശ്ചയിച്ച പരിധിയെ ലംഘിച്ച് ജനങ്ങൾ മുന്നോട്ടു പോകുമ്പോൾ അതിന് കടിഞ്ഞാണിടുക എന്നതാണ് ഈ അടവിന്റെ നടപടിക്രമം. 1922-ലും അതാണുണ്ടായത്. സമരത്തിന്റെ നേതൃത്വം തൊഴിലാളിവർഗ്ഗത്തിലേക്കോ ഇടതുപക്ഷത്തേക്കോ വഴുതി പ്പോകുന്നത് തടയുന്ന ഈ നടപടിക്രമം ബൂർഷ്വാവർഗ്ഗതാൽപര്യങ്ങൾക്ക് തികച്ചും അനുഗുണമാണ്. സമരം മൂർദ്ധന്യാവസ്ഥയിലെത്തുന്നതിനു മുൻപുള്ള ഈ ഇടംകോലിടൽ ബ്രിട്ടീഷ് സാമ്രാജ്യത്വവുമായി വിലപേശി ഒത്തുതീർപ്പുണ്ടാക്കാൻ പറ്റിയ നിലപാടുതറ സൃഷ്ടിക്കുകയും ചെയ്യുന്നു. ഇ. എം. എസ്. നമ്പൂതിരിപ്പാട് ഈ ഇടംകോൽരാഷ്ട്രീയത്തെയും പിന്നോക്കം പോക്കിന്റെയും ഉള്ളുകള്ളികളും പരിണതഫലവും ഇപ്രകാരം വിശകലനം ചെയ്യുന്നു:

> "ലാഹോർ കോൺഗ്രസ് അംഗീകരിച്ച (1929-1930) പൂർണ്ണസ്വാ തന്ത്ര്യപ്രമേയത്തിൽനിന്നു മാത്രമല്ല അതിനെത്തുടർന്ന് ഗാന്ധി പുറപ്പെ ടുവിച്ച പ്രസ്താവനകളിൽനിന്നും വൈസ്രോയിക്കയച്ച കത്തിൽനിന്നും തന്നെ പുറകോട്ടുപോകുന്ന വ്യവസ്ഥകളായിരുന്നു ഇതെന്ന് (ഗാന്ധി-ഇർവിൻ ഉടമ്പടി) പറയേണ്ടതില്ലല്ലോ. പൂർണ്ണസ്വാതന്ത്ര്യമെന്ന ലക്ഷ്യം 'സ്വാതന്ത്ര്യത്തിന്റെ സാരാംശ'മായി ചുരുക്കപ്പെട്ടു. വൈസ്രോയിക്കയച്ച കത്തുകളിൽ ഉന്നയിച്ചിരുന്ന മിനിമം ആവശ്യങ്ങളിൽ—11 പോയിന്റുക

ളിൽ—ഭൂരിപക്ഷംപോലും 'ഭാവികൂടിയാലോചനകൾക്ക് വിധേയമാക്കി' മാറ്റിവയ്ക്കപ്പെട്ടു. ഇത്രയും കീഴോട്ടുപോയ ഗാന്ധിയുടെ നാല് ആവശ്യങ്ങളെങ്കിലും അംഗീകരിച്ച് അനുരഞ്ജനത്തിന്റെ മാർഗ്ഗം കൈക്കൊള്ളാൻ അധികാരികൾ തയ്യാറാകാത്തപക്ഷം "ഊഹിക്കാൻപോലും വയ്യാത്ത ആപത്ത്" ഇംഗ്ലണ്ടിനേയും ഇന്ത്യയേയും ബാധിക്കുമെന്ന തന്റെ അഭിപ്രായം പ്രകടിപ്പിക്കപ്പെട്ടു.

മഹാത്മാഗാന്ധിയുടെ ജീവിതത്തിൽ പല ഒത്തുതീർപ്പുകളും ഉടമ്പടികളും ഉണ്ടായിട്ടുണ്ടെങ്കിലും ഇത്രമാത്രം അപമാനകരമായ ഒരു കീഴടങ്ങൽ മുൻപൊരിക്കലും ഉണ്ടായിട്ടില്ല. എന്നിട്ടും ഈ ഉടമ്പടിയിലെ വ്യവസ്ഥകൾപോലും ഇർവിൻപ്രഭുവും ബ്രിട്ടീഷുകാരും ലംഘിച്ചു. താല്ക്കാലികമായി നിറുത്തിവെച്ച സിവിൽ നിയമലംഘനം ഗാന്ധി വീണ്ടും ആരംഭിച്ചു. നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ 1934-ൽ ഔപചാരികമായി അത് പിൻവലിക്കുംവരെ ഇഴഞ്ഞും വലിഞ്ഞും നീങ്ങിയ നിയമലംഘനസമരംകൊണ്ട് ഗാന്ധിജി പ്രവചിച്ച ഒരാപത്തും ബ്രിട്ടീഷുകാർക്കുണ്ടായില്ല. മാത്രമല്ല, വട്ടമേശസമ്മേളനമാമാങ്കങ്ങളും വർഗ്ഗീയവും ജാതീയവുമായ കലഹങ്ങൾ കുത്തിപ്പൊക്കലും കോൺഗ്രസുകാർ ഘോരമായി എതിർക്കുകയും ബഹിഷ്ക്കരിക്കുകയും ചെയ്ത സർ ജോൺ സൈമണിന്റെ വിഷലിപ്തമായ റിപ്പോർട്ടും എല്ലാംകൊണ്ട് 'കുളം കലക്കി മീൻപിടിക്കാൻ' അവരുദ്യമിക്കുകയും ഒട്ടൊക്കെ വിജയിക്കുകയും ചെയ്തു. ഹിന്ദുമഹാസഭയുടെയും മുസ്ലീം ലീഗിന്റെയും ഉയർത്തെഴുന്നേല്പും വി.ഡി. സവർക്കരുടേയും എം. എ. ജിന്നയുടെയും വർദ്ധിതവീര്യപ്രകടനങ്ങളും എല്ലാമായിരുന്നു ഇതിന്റെയൊക്കെ പരിണതഫലം.

കുറെക്കൂടി ചുഴിഞ്ഞാലോചിച്ചാൽ 1947-ലെ നേട്ടമായിരുന്ന സ്വാതന്ത്ര്യപ്രാപ്തി ഗാന്ധിയുടെ ഹൃദയം പിളർന്ന ഇന്ത്യാവിഭജനത്തിലും രക്തപ്പുഴയിലും കലാശിച്ചതിന്റെയും ഒടുവിൽ ഒരു ഹിന്ദുഭീകരന്റെ വെടിയേറ്റ് രക്തസാക്ഷിയായതും എല്ലാം ഗാന്ധി-ഇർവിൻ ഉടമ്പടി എന്ന വിഷവിത്തിന്റെ വിളവെടുപ്പായിരുന്നു എന്നും കണ്ടെത്താം.

1920-കളിലെ ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ മൂന്നു പ്രവണതകൾ ഉണ്ടായിരുന്നതായി മുൻ അദ്ധ്യായത്തിൽ വിവരിച്ചിരുന്നത് ഓർക്കുമല്ലോ. ഭീകരവാദികൾ എന്ന വിശേഷണം തെറ്റായി ചാർത്തിക്കൊടുക്കപ്പെട്ട ഉശിരൻ സായുധസമരസംഘങ്ങളും കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് ഇടതുപക്ഷവും ചേർന്ന ഒരു മൂന്നാം ചേരി. ഈ മൂന്നാം ചേരി ബ്രിട്ടീഷ് മേൽക്കോയ്മയെ മാത്രമല്ല ദേശീയപ്രസ്ഥാനത്തിന്റെ ബൂർഷ്വാനേതൃത്വത്തെയും പരിഭ്രാന്തരാക്കിയിരുന്നു. ഇരുകൂട്ടരെയും തമ്മിൽ കൂട്ടുചേരാൻ ഈ മൂന്നാംചേരിയുടെ വെല്ലുവിളി പ്രേരകമായി. ഇതിൽ കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് വിഭാഗത്തെക്കുറിച്ച് പിന്നാലെ വിസ്തരിച്ച് പ്രതിപാദിക്കുന്നതാണ്. മറ്റേ വകുപ്പിൽ പല ഗ്രൂപ്പുകളും ഉണ്ടായിരുന്നെങ്കിലും ഇന്ത്യൻ രാഷ്ട്രീയാന്തരീഷത്തിൽ മിന്നൽപ്പിണർപോലെ ഉയർന്ന് രക്തസാക്ഷിത്വം വരിച്ചത് ഭഗത്സിംഗും അദ്ദേ

ഹത്തിന്റെ സഖാക്കളുമായിരുന്നു. ഗാന്ധി-ഇർവിൻ ഉടമ്പടിക്കുശേഷം 1932-ലാണ് അവർ തൂക്കിലേറ്റപ്പെട്ടത്. സ്വന്തം സഹപ്രവർത്തകരുൾപ്പെടെ പലരും അഭ്യർത്ഥിച്ചെങ്കിലും അവർക്കുവേണ്ടി ഗാന്ധിജി ഒരു ചെറുവിരൽപോലും അനക്കിയില്ല. ഗാന്ധി-ഇർവിൻ ഉടമ്പടിയിലേക്ക് നയിച്ച കൂടിയാലോചനകളിൽ അവർക്കുവേണ്ടി ഗാന്ധിജി 'കമാ' എന്നുപോലും ഉച്ചരിച്ചില്ല. തീർച്ചപറയാനാവില്ലെങ്കിലും അവരുടെ വധശിഷ ഇളവുചെയ്യണമെന്ന് ഗാന്ധിജി ആവശ്യപ്പെട്ടിരുന്നു എങ്കിൽ ഇർവിൻ വഴങ്ങിയേക്കാനും ഇടയുണ്ടായിരുന്നു. യുവജനങ്ങൾക്കിടയിൽ ഗാന്ധിജിയുടെയും കോൺഗ്രസിന്റെയും മതിപ്പ് വർദ്ധിപ്പിക്കാൻ അതു കാരണമായേനെ. പക്ഷേ, ഒത്തുതീർപ്പിന്റെയും കീഴടങ്ങലിന്റെയും രാഷ്ട്രീയത്തിൽ അത്തരം അഹിംസാധിഷ്ഠിതമായ ജീവകാരുണ്യത്തിനുപോലും സ്ഥാനമില്ലല്ലോ.

ഇവയെല്ലാം ഇത്രയേറെ വിസ്തരിച്ചത് കെ. ദാമോദരന്റെ ഭാവിപ്രവർത്തനങ്ങളുടെ പശ്ചാത്തലവും പ്രചോദനഘടകങ്ങളും വ്യക്തമാക്കാനാണ്.

ഗുരുവായൂരും തിരൂരും

ഗാന്ധിയൻ പരിപാടിയിലെ ഒരു പ്രധാന ഘടകമായിരുന്നുവല്ലോ അയിത്തനിർമ്മാർജ്ജനവും ഹരിജനോദ്ധാരണവും. ഇതിന് മർമ്മപ്രാധാന്യം നൽകാനാണ് 1924-ൽ അദ്ദേഹം ശിവഗിരിയിൽവെച്ച് നാരായണഗുരുവിനെ കണ്ട് സംഭാഷണം നടത്തിയശേഷം തന്റെ ഇംഗ്ലീഷ് വാരികയായിരുന്ന യങ് ഇന്ത്യയുടെ പേരു മാറ്റി ഹരിജൻ എന്നാക്കിയത്. 'ഹരിജൻ' എന്നാൽ 'ഹരി'യുടെ അല്ലെങ്കിൽ 'വിഷ്ണു'വിന്റെ അല്ലെങ്കിൽ 'ദൈവ'ത്തിന്റെ മക്കൾ എന്നർത്ഥം. ഗാന്ധി തികഞ്ഞ ഉദ്ദേശശുദ്ധിയോടെ ഭരണഘടനയുടെ ഭാഷയിൽ 'പട്ടികജാതിപട്ടികവർഗ്ഗ'ക്കാരെ ഇതരജനങ്ങൾക്കിടയിൽ ഉയർത്തിക്കാട്ടാനായിരിക്കാം ഈ പദപ്രയോഗം ആവിഷ്കരിച്ചതെങ്കിലും ഇപ്പോൾ പുരോഗമനവാദികളും ആ വർഗ്ഗങ്ങളിൽപ്പെട്ടവരും അതൊരു ആക്ഷേപപ്രയോഗമായി പരിഗണിച്ച് പകരം 'ദളിതർ' എന്ന പദമാണ് ഉപയോഗിച്ചുവരുന്നത്. 'ദളിത്' എന്നാൽ അടിച്ചമർത്തി ശിഥിലീകരിക്കപ്പെട്ടവർ, അധഃകൃതർ എന്നൊക്കെ അർത്ഥം. നമുക്കും ആ പദംതന്നെ ഉപയോഗിക്കാം. (ഉദ്ധരണികളിൽ പഴയ പ്രയോഗം കടന്നുവന്നേക്കാമെങ്കിലും.)

കേരളത്തിലെ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെയും അതിനകത്തുനിന്നുതന്നെ രൂപംകൊണ്ട ഇടതുപക്ഷപ്രസ്ഥാനത്തിന്റെയും പ്രത്യേകതയ്ക്കും കരുത്തിനും മുഖ്യകാരണം നവോത്ഥാനപ്രസ്ഥാനത്തിന്റെ ജാതിവിരുദ്ധവും അയിത്തവിരുദ്ധവുമായ പാരമ്പര്യവുമായി കണ്ണിചേർത്ത് വളർന്നു എന്നതാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ സമാപനനാളുകളിൽ സ്വാമി വിവേകാനന്ദൻ കേരളത്തിലെ ജാതിവ്യത്യാസത്തിന്റെയും അയിത്താചരണത്തിന്റെ രൂക്ഷതയെയും മുൻനിർത്തി കേരളത്തെ ഒരു ഭ്രാന്താലയമായി ചിത്രീകരിച്ചത് പ്രസിദ്ധമാണല്ലോ. ആ കേരളത്തിൽത്തന്നെയാണ് ഇന്ത്യയിലെ മറ്റു സാംസ്കാരികമേഖലകളെ പിൻതള്ളി അയിത്തവിരുദ്ധ

പ്രസ്ഥാനങ്ങളും ശക്തിയാർജ്ജിച്ചത് എന്നത് ആകസ്മികമല്ല. ഈ മുന്നേറ്റത്തിലെ സ്ഫോടകാത്മകമായ നാഴികക്കല്ലായിരുന്നു 1924-ലെ വൈക്കം സത്യാഗ്രഹവും 1931-ലെ ഗുരുവായൂർ സത്യാഗ്രഹവും. ഗാന്ധിയൻ പ്രചോദനമാണ് അവയ്ക്ക് ആരംഭംകുറിച്ചതെങ്കിലും ഗാന്ധിയൻ കടിഞ്ഞാൺ അവയെ മധ്യമാർഗ്ഗത്തിൽ പിടിച്ചുനിറുത്തി അന്ത്യംകുറിച്ചതും, രാഷ്ട്രീയ രംഗത്തെ ഗാന്ധിയൻ കടിഞ്ഞാണിന്റെ ഒരു വകഭേദം. വൈക്കത്തെയും ഗുരുവായൂരിലെയും സമരങ്ങളാണ് ഇവയിൽ ഏറ്റവും പ്രസിദ്ധമെങ്കിലും അവയ്ക്ക് ഊർജ്ജം നൽകിയും അവയുടെ ഊർജ്ജം ഉൾക്കൊണ്ടും കണ്ടോത്ത് (പയ്യന്നൂർ), കൽപ്പാത്തി (പാലക്കാട്), ശുചീന്ദ്രം (ഇന്നത്തെ കന്യാകുമാരി ജില്ല), ചെങ്ങന്നൂർ (പത്തനംതിട്ട ജില്ല), സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ചേന്ദമംഗലത്തെ പാലിയം തുടങ്ങിയ സ്ഥലങ്ങളിലെ അയിത്ത വിരുദ്ധപോരാട്ടങ്ങളും അവിസ്മരണീയങ്ങളാണ്.

നമ്മുടെ കഥാനായകൻ കെ. ദാമോദരനും തുടക്കംതൊട്ടേ ഈ ജാതി വിരുദ്ധപ്രസ്ഥാനത്തിൽ പങ്കാളിയായി. എന്നാൽ എല്ലാ കോൺഗ്രസുകാരും ഈ അഭിപ്രായക്കാരായിരുന്നില്ല. അയിത്തത്തിനും ജാതിവ്യവസ്ഥയ്ക്കും സ്വയം എതിരായിരുന്നവർപോലും. എല്ലാ സംഘടിതശക്തിയും സാമ്രാജ്യത്വത്തിനെതിരെ തിരിച്ചുവിടുന്നതിനു പകരം സമരമുന്നണിയിൽത്തന്നെ ഭിന്നിപ്പുണ്ടാക്കും ഈ ജാതിവിരുദ്ധസമരമെന്നായിരുന്നു അവരുടെ ഭയപ്പാട്. എ.കെ. ഗോപാലൻ അതേക്കുറിച്ചും ഗുരുവായൂർ സത്യാഗ്രഹത്തെക്കുറിച്ചും ഇപ്രകാരം പറയുന്നു:

> "അനൈക്യത്തിനും വിഭാഗീയതയ്ക്കും എതിരായ സമരം സാമ്രാജ്യത്വത്തിനെതിരായ സമരമാണെന്ന് സുഹൃത്തുക്കൾ മനസ്സിലാക്കിയില്ല. കേളപ്പന്റെ ശിഷ്യനായതിനുശേഷം ഞാനും ഒരു പിൻതിരിപ്പനായി മാറുകയാണെന്ന് സുഹൃത്തുക്കൾ എന്നെ കളിയാക്കി. എന്നാലും ഈ നിർദ്ദേശം എനിക്കിഷ്ടപ്പെട്ടു. നശിപ്പിക്കാൻ പ്രയാസമുള്ള യാഥാസ്ഥിതികത്വത്തിനുനേരെയുള്ള ഒരു സമരം ആരംഭിച്ചുകഴിഞ്ഞു എന്നതിൽ എനിക്ക് സന്തോഷമുണ്ടായിരുന്നു" (എന്റെ ജീവിതകഥ, അദ്ധ്യായം 4).

ഇന്ത്യൻ ജനങ്ങളുടെ മൗലികാവകാശങ്ങൾ ക്രോഡീകരിച്ചുകൊണ്ട് കറാച്ചിയിൽ ചേർന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ് യോഗത്തിന്റെ തീരുമാനങ്ങൾ വിശദീകരിക്കാനും പ്രചരിപ്പിക്കാനും ഉദ്ദേശിച്ചുകൊണ്ട് 1931 മെയ് 3-5 തീയതികളിൽ വടകരയിൽവെച്ചു നടന്ന കോൺഗ്രസ് സമ്മേളനമാണ് ഗുരുവായൂർ സത്യാഗ്രഹപരിപാടിക്ക് തുടക്കംകുറിച്ചത്. ഹൈന്ദവക്ഷേത്രങ്ങൾ സകല ഹിന്ദുക്കൾക്കും തുറന്നുകൊടുക്കണം എന്ന പ്രമേയം വടകര സമ്മേളനം അംഗീകരിച്ചതിനുശേഷം കോഴിക്കോട്ടു ചേർന്ന കെ. പി. സി. സി. ആ വഴിക്കുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ കെ. കേളപ്പനെ ചുമതലപ്പെടുത്തി. മുംബൈയിൽവച്ചു ചേർന്ന എ. ഐ. സി. സി. യോഗത്തിൽവെച്ച് ഗുരുവായൂരിൽ ക്ഷേത്രപ്രവേശനസത്യാഗ്രഹം തുടങ്ങാൻ മഹാത്മാഗാന്ധിയുടെ അനുമതിയും നേടി.

ക്ഷേത്രഭാരവാഹികൾ (സാമൂതിരിയുൾപ്പെട്ട) ആവശ്യത്തിന് വഴങ്ങി സമാധാനപരമായ ഒത്തുതീർപ്പിന് തയ്യാറായില്ലെങ്കിൽ 1931 നവംബർ 1-ന് ക്ഷേത്രനടയിൽ സത്യാഗ്രഹം തുടങ്ങുമെന്ന പ്രഖ്യാപനവും വന്നു. ഭാരവാഹികൾ ഒത്തുതീർപ്പിന് തയ്യാറായില്ലെന്ന് പറയേണ്ടതില്ലല്ലോ.

സത്യാഗ്രഹസമരം മാത്രമേ പോംവഴിയായുള്ളു എന്നു ബോദ്ധ്യമായതോടെ അതിനായി പ്രചാരവേലയാരംഭിച്ചു. കേളപ്പൻ സത്യാഗ്രഹസമിതിയുടെ അദ്ധ്യക്ഷനും എ. കെ. ജി. വാളണ്ടിയർ ക്യാപ്റ്റനുമായി. പ്രചാരണപ്രവർത്തനം ആരംഭിച്ചത് തെക്കെ മലബാറിലെ പൊന്നാനി താലൂക്കിൽ നിന്നായിരുന്നു. കെ ദാമോദരന്റെയും അദ്ദേഹത്തിന്റെ തലമുതിർന്ന സഹപ്രവർത്തകനും സുഹൃത്തുമായിരുന്ന മാറാഞ്ചേരി കൃഷ്ണപ്പണിക്കരുടെയും തട്ടകം. കൃഷ്ണപ്പണിക്കർ ഗുരുവായൂർ സത്യാഗ്രഹസമിതിയിലെ പ്രമുഖ അംഗവുമായിരുന്നു. (ക്രൂരമായ പൊലീസ് മർദ്ദനംമൂലം ക്ഷയരോഗം ബാധിച്ചാണ് 1937-ൽ അദ്ദേഹം ചരമമടഞ്ഞത്.) ഗുരുവായൂർ സത്യാഗ്രഹപ്രമേയ മംഗീകരിച്ച കെ. പി. സി. സി. യോഗത്തെത്തുടർന്ന് കേളപ്പനും എ.കെ. ജി.യും മൊയാരത്ത് ശങ്കരനുംമറ്റുംമറ്റുമാണ് പ്രചാരണസംഘത്തിലുണ്ടായിരുന്നത്. ഈ പ്രചാരണപരിപാടി വമ്പിച്ച വിജയമായതിന്റെ പുറകിൽ സംഘടനാരംഗത്ത് പരിചയസമ്പന്നനായിരുന്ന പി. കൃഷ്ണപ്പണിക്കരുടെയും പ്രഭാഷണചതുരനായിരുന്ന ദാമോദരന്റെയും പങ്ക് നിർണ്ണായകമായിരുന്നു. വളരെ സംതൃപ്തിയോടെയാണ് എ.കെ.ജി. ഈ പര്യടനത്തെ ആത്മകഥയിൽ വിലയിരുത്തുന്നത്. ഇതിനിടയിൽ കൃഷ്ണപ്പണിക്കരെ കണ്ടതായും അദ്ദേഹത്തിന്റെ പ്രവർത്തനസാമർത്ഥ്യം മനസ്സിലാക്കിയതായും എ.കെ.ജി. പറയുമ്പോൾ ദാമോദരനെ കണ്ടെന്നോ പരിചയപ്പെട്ടെന്നോ പറയുന്നില്ല. ചുറുചുറുക്കുള്ള പല യുവപ്രവർത്തകരിൽ ഒരാളെന്നേ ദാമോദരനെ കണ്ടെങ്കിൽ തന്നെ അദ്ദേഹം ധരിച്ചിരിക്കൂ. എന്നാൽ എ.കെ.ജി.യെ താൻ ആദ്യമായി കാണുന്നത് ഈ പര്യടനവേളയിലായിരുന്നു എന്ന് ദാമോദരൻ എന്നോടു തന്നെ പറഞ്ഞത് ഓർക്കുന്നു.

ഗുരുവായൂർ സത്യാഗ്രഹപ്രചാരണത്തിന്റെ ഭാഗമായി പ്രഖ്യാപിക്കപ്പെട്ട അഖിലകേരള ക്ഷേത്രപ്രവേശനദിനാചരണം തിരൂരിലും നടന്നു. ജില്ലാ ബോർഡ് ഹൈസ്ക്കൂളിലെ മലയാളപണ്ഡിതൻ നാരായണൻനായരായിരുന്നു അദ്ധ്യക്ഷൻ. മുഖ്യപ്രഭാഷകൻ ദാമോദരനും. ദാമോദരൻ നാരായണൻനായരുടെ ക്ലാസിലിരുന്നു പഠിച്ച ശിഷ്യനായിരുന്നു. "നമ്മുടെയെല്ലാം അഭിമാനഭാജനമായ" എന്ന് വിശേഷിപ്പിച്ചുകൊണ്ടാണ് അദ്ദേഹം ദാമോദരനെ പ്രസംഗത്തിന് ക്ഷണിച്ചത്. അയിത്തോച്ചാടനസംരംഭങ്ങളെ അദ്ദേഹം സ്വാഗതംചെയ്യുകയും ചെയ്തു. ശ്രുതി-സ്മൃതികളും പുരാണേതിഹാസങ്ങളും ഉദ്ധരിച്ചുകൊണ്ട് ജാതിവ്യത്യാസത്തെയും ഉച്ചനീചത്വത്തെയും നഖശിഖാന്തം എതിർത്ത ദാമോദരന്റെ പ്രസംഗം കേൾക്കാൻ കൂടിയിരുന്നവരെ മാത്രമല്ല അവരിൽനിന്നു കേട്ടറിഞ്ഞവരെയും ആവേശംകൊള്ളിച്ചു; ചിലരെ അമ്പരപ്പിച്ചു. കീഴ്ടത്തെ സന്തതിയുടെ 'അധികപ്രസംഗ'ത്തിൽ ക്രുദ്ധരായവരിൽ ചിലർ കാരണവരെ കണ്ട് പരാതി പറഞ്ഞു. "ആ കുരുത്തംകെട്ട

വന്റെ കാര്യമൊന്നും എനിക്ക് കേൾക്കേണ്ട" എന്ന് നിസ്സഹായനായി കൈമലർത്തുക മാത്രമാണ് കാരണവർ ചെയ്തത്.

പക്ഷേ, അവിടംകൊണ്ടും ദാമോദരൻ തിരികൊളുത്തിയ മാലപ്പടക്കം പൊട്ടിത്തീർന്നില്ല. ഈ 'വിദ്ധ്വംസക'പ്രവർത്തനത്തിൽ ഏർപ്പെട്ടതിന് ബോർഡധികൃതർ നാരായണൻനായരോട് പിരിച്ചുവിടാതിരിക്കാൻ സമാധാനം ബോധിപ്പിക്കാൻ ഉത്തരവിട്ടു. ജന്മി പ്രമുഖനും കുപ്രസിദ്ധ ബ്രിട്ടീഷ് അനുകൂലിയുമായിരുന്ന ആർ. എം. (രാമുണ്ണിമേനോൻ) പാലാട്ട് ആയിരുന്നു ബോർഡ് അദ്ധ്യക്ഷൻ. എന്നേ ലോകം മറന്നുപോകുമായിരുന്ന പാലാട്ട് ഇപ്പോഴും സഞ്ജയന്റെ ആക്ഷേപഹാസ്യകവനത്തിലൂടെ ജീവിച്ചുവരുന്നു. ഏതായാലും പിരിച്ചുവിട്ട് ജനരോഷം ഏറ്റുവാങ്ങുന്നതിൽ ഭേദം താക്കീതു കൊണ്ട് പ്രശ്നം അവസാനിപ്പിക്കുകയാണ് വിവേകം എന്ന് തീരുമാനിച്ച് പാലാട്ടും ബോർഡും തടി രക്ഷിച്ചു എന്ന് പറഞ്ഞാൽ മതിയല്ലോ.

ഇത്തരം വേദികളിൽനിന്നുള്ള യുക്തിവാദങ്ങളിലും മുക്തിവാദത്തിലും ആഹ്വാനത്തിലും ഒതുങ്ങുന്നതായിരുന്നില്ല ദാമോദരന്റെ ദളിതപ്രേമവും അയിത്തവിരോധവും. മസ്തിഷ്കത്തിന്റെ ആഴങ്ങളിലേക്ക് വേരോടിയ യുക്തിചിന്തയുടെയും ഹൃദയത്തിൽ അലിഞ്ഞുചേർന്ന സംസ്കാരത്തിന്റെയും ഫലമായിരുന്നു അവ. അതു തെളിയിക്കുന്ന പല സംഭവങ്ങളും ദാമോദരന്റെ യൗവനകാലജീവിതത്തിൽത്തന്നെയുണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് ഒന്നുമാത്രം ഇവിടെ പറയാം:

1934-ൽ മഹാത്മാഗാന്ധിയുടെ 'ഏക്ഹി രാസ്ത' എന്ന ഹിന്ദി കൃതി 'ഏകവഴി' എന്ന പേരിൽ മലയാളത്തിലേക്ക് വിവർത്തനംചെയ്ത് പ്രസിദ്ധീകരിച്ച കാര്യം നേരത്തേ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിന്റെ വില്പനയ്ക്കായി വടക്കേ മലബാറിൽ സഞ്ചരിച്ചശേഷം വീട്ടിൽ മടങ്ങിവന്നപ്പോൾ ദാമോദരൻ ഒരു സന്തോഷവാർത്ത കേട്ടു. കീഴേടത്തെ അടിയാനായ ഒരു ചെറുമന് (പുലയന്) ഒരു കുഞ്ഞു ജനിച്ചിരിക്കുന്നു എന്ന്. ഏതോ ഒരടുത്ത ബന്ധുവിന്റെ നവജാതശിശുവിനെ കാണാൻ പോകുന്ന തിടുക്കത്തോടെയും സന്തോഷത്തോടെയും ദാമോദരൻ ആ ചെറുമന്റെ ചാള(കുടിൽ, കൂര)യിലെത്തി കുഞ്ഞിനെ കാണാൻ ചോദിച്ചുവാങ്ങി കൈയിലെടുത്തു. എന്നിട്ട് വാത്സല്യപൂർവ്വം അതിന്റെ കുഞ്ഞിക്കവിളിൽ ഉമ്മയും വച്ചു. പ്രതീക്ഷിക്കാവുന്നതുപോലെ. ഇതെല്ലാം കീഴേടത്തും അയൽപക്കങ്ങളിലും അറിഞ്ഞപ്പോൾ അവരൊക്കെ അന്ധാളിച്ചുപോയി. കാരണവർ ഒന്നും മിണ്ടാതെ മുഖം വീർപ്പിച്ച് പുറംതിരിഞ്ഞ് ഇരുന്നതേയുള്ളു. കീഴ്വഴക്കങ്ങൾ ലംഘിച്ചുകൊണ്ടുള്ള ദാമോദരന്റെ മുൻനടപടികൾ കണ്ടറിഞ്ഞിട്ടുള്ളവരും ഒന്നും ചോദിക്കാൻപോയില്ല. എന്നാൽ ദാമോദരന്റെ വലിയമ്മയുടെ സംബന്ധക്കാരൻ ഒരു നമ്പൂതിരി—അദ്ദേഹം ദാമോദരനോട് മറ്റു പലരെയുംകാൾ വാത്സല്യം പ്രകടിപ്പിക്കാറുണ്ട്—ഇങ്ങനെ പറഞ്ഞു: "ഇത്രയൊക്ക വയ്യ ദാമോദരൻ." ദാമോദരന്റെ മറുപടി: "ഒരു പനിനീർപ്പൂ കണ്ടാൽ ആരും ഒന്നു വാസനിച്ചുപോകില്ലേ വല്യച്ഛാ? അതുപോലെയല്ലേ ഇതും?" ആ കുഞ്ഞിന്റെ അച്ഛൻ

ചെറുമൻ പറഞ്ഞതാണ് അതേക്കാളെല്ലാം രസകരമായത്: "ആ ചെറിയ തമ്പുരാന് പിരാന്താണെന്നാ തോന്നുന്നത്."

ഇതു വായിക്കുമ്പോൾ തിരുവിതാംകൂറിലെ 1936-ലെ ക്ഷേത്രപ്രവേശനവിളംബരത്തെത്തുടർന്നുണ്ടായ ഒരനുഭവമാണ് ഈ ലേഖകന് ഓർമ്മ വരുന്നത്. വിളംബരത്തിന്റെ അനുകൂലികളായിരുന്ന ഞങ്ങൾ കുറെ ചെറുപ്പക്കാർ കാര്യം പറഞ്ഞുകൊടുത്ത് കുറെപ്പേരെ ഞങ്ങളുടെ ഗ്രാമത്തിലെ കുറ്റിക്കാട്ട് ശിവക്ഷേത്രത്തിലേക്ക് കുളിച്ചു തൊഴാൻ ക്ഷണിക്കുകയും കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി സ്നേഹപൂർവ്വം പ്രേരിപ്പിക്കുകയും ചെയ്തപ്പോൾ അവരുടെ പ്രതികരണം ഇതായിരുന്നു: 'അതുമാത്രം മേണ്ട കൊച്ചമ്പ്രാക്കളെ. അടിയങ്ങളെ അമ്പലത്തിൽ വലിച്ചുകേറ്റി ഒടെതമ്പ്രാന്റെ അരിശം മേങ്ങി ചതിക്കാനല്ലേ?'

"മാറ്റുവിൻ ചട്ടങ്ങളെ...."

"ഇന്നലെ ചെയ്തോരബദ്ധം
ഇന്നത്തെയാചാരമാകാം,
നാളത്തെ ശാസ്ത്രവുമതാകാം...."

എന്ന് കുമാരനാശാൻ നമ്മെ പഠിപ്പിക്കുന്നു. അത്തരം അനാചാരങ്ങളും അന്ധവിശ്വാസങ്ങളും 21-ാം നൂറ്റാണ്ടിലും വ്യാപകമായി നിലനിൽക്കുന്നുണ്ടെങ്കിലും ദാമോദരന്റെ ചെറുപ്പകാലത്ത് തെക്കേ മലബാറിൽ അവ നിത്യസാധാരണമായിരുന്നു. അവയ്ക്കെതിരെയുള്ള പോരാട്ടത്തിന് സ്വന്തം തറവാടായ കീഴേടംതന്നെ ദാമോദരന് അവസരമുണ്ടാക്കിക്കൊടുത്തു.

പഴയ തറവാടുകളിൽ വർഷംതോറും നടക്കാറുള്ള ഒരു ബലിതർപ്പണമാണ് 'ഗുരുതി' എന്ന ചടങ്ങ്. മകരമാസത്തിലെ ആദ്യത്തെ വെള്ളിയാഴ്ചയാണ് കീഴേടത്ത് ഈ ചടങ്ങു നടക്കുക. പണ്ടുകാലത്ത് ഇത് 'നരബലി' തന്നെയായിരുന്നു. 19-ാം നൂറ്റാണ്ടിൽ നിലവിൽവന്ന പുതിയ ക്രിമിനൽ നടപടി നിയമപ്രകാരം നരബലി ശിക്ഷാർഹമായ നരഹത്യയായി പ്രഖ്യാപിച്ചതിനെത്തുടർന്നാണ് നരബലിയുടെ സ്ഥാനത്ത് ജന്തുബലി (മൃഗമോ പക്ഷിയോ) നടപ്പിലാവാൻ തുടങ്ങിയത്. കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രത്തിലെ ഭരണി ഉത്സവത്തിനും ചേർത്തല തുടങ്ങിയ സ്ഥലങ്ങളിലെ അത്തരം ഉത്സവങ്ങൾക്കും ഈ രക്തബലിയോടൊപ്പം മദ്യപാനവും അസഭ്യഗാനങ്ങളും പതിവായിരുന്നു. തിരുവിതാംകൂറിൽ ചേർത്തല ഭരണിക്കും അതോടനുബന്ധിച്ചുള്ള മൃഗബലിയും അശ്ലീലഗാനങ്ങളും നിരോധിച്ചത് 1930-ാമാണ്ടിടയ്ക്ക് റീജന്റ് സേതുലക്ഷ്മീഭായിയുടെ ഭരണകാലത്താണ്. കൊടുങ്ങല്ലൂരും നിരോധനം ഉണ്ടായിട്ടുണ്ടെങ്കിലും അതിനെ മറികടന്ന് ഇക്കാലത്തും അതിന്റെ അവശിഷ്ടങ്ങൾ തുടരുന്നുണ്ട്. ഹിന്ദുക്കളുടെ ഇടയിലെ ഈ അനാചാരങ്ങൾ മറ്റു ചില മതങ്ങളിലേക്കും വ്യാപിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്നതാണ് എറണാകുളം ജില്ലയിലെ ഇടപ്പള്ളി സിറിയൻക്രിസ്ത്യൻപള്ളിയിലെ 'കോഴിപ്പെരുന്നാൾ'. കേരളത്തിൽ ഇപ്പോഴും ചില ക്ഷേത്രങ്ങളിൽ നടക്കുന്ന

'ഗരുഡൻതൂക്കം' മാവേലിക്കര ചെട്ടികുളങ്ങര ക്ഷേത്രത്തിലെ 'കുത്തിയോട്ടം' മുതലായവയും ഈ പ്രാകൃതവും ക്രൂരവുമായ പാരമ്പര്യത്തിന്റെ അവശിഷ്ടങ്ങളാണ്. ഈ പശ്ചാത്തലം മനസ്സിൽവെച്ചുകൊണ്ട് നമുക്ക് തിരുരെ കീഴേടത്തേക്കുതന്നെ തിരിച്ചുപോകാം.

ദാമോദരൻ എവിടെയോ പോയി ഒരുദിവസം തിരിച്ചുവന്നപ്പോൾ കോഴിവെട്ട് മുഖ്യ ഇനമായ ഗുരുതിചടങ്ങിനുള്ള തയ്യാറെടുപ്പ് തകൃതിയായി നടക്കുകയായിരുന്നു. അദ്ദേഹം അപേക്ഷയുമായി കാരണവരുടെ സവിധത്തിലെത്തി. കോഴിവെട്ട് പ്രാകൃതമായ ഹിംസയാണെന്നും ഈശ്വരന്മാരുടെ പേരിൽ അത് ചെയ്യരുതെന്നും അതുമാത്രമെങ്കിലും ഒഴിവാക്കി പൂജ നിർവ്വിഘ്നം നടത്താവുന്നതാണെന്നുമായിരുന്നു ദാമോദരൻ വിനയപൂർവ്വം കാരണവരോടപേക്ഷിച്ചത്. കാരണവർ പതിവുപോലെ രോഷംകൊള്ളുകയും 'കുരുത്തംകെട്ടവന്റെ' അപേക്ഷയെ പുച്ഛിച്ചുതള്ളുകയും ചെയ്തു. ദാമോദരൻ വിട്ടുകൊടുത്തില്ല. വിനയപൂർവ്വമായ അപേക്ഷ നിരസിച്ചപ്പോൾ ദാമോദരൻ ഉറച്ച സ്വരത്തിൽ പ്രതികരിച്ചു. എന്തുവന്നാലും താൻ ഈ പ്രാകൃതസമ്പ്രദായം തടയുമെന്നായിരുന്നു ദാമോദരന്റെ പ്രഖ്യാപനം. കാരണവർ കൂടുംബാംഗങ്ങളെ എല്ലാം വിളിച്ചുകൂട്ടി ദാമോദരന്റെ 'ദൈവനിന്ദ'യെ ഭർത്സിക്കുകയും കോഴിവെട്ടു മുറപോലെ നടത്താൻ സകലരും സഹായിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ചില ചെറുപ്പക്കാർ ദാമോദരന്റെ അഭിപ്രായത്തോടു യോജിച്ചുവെങ്കിലും കാരണവരുടെ 'വായയ്ക്ക് എതിർവായ' പറയാൻ ധൈര്യപ്പെട്ടില്ല. അങ്ങനെ സംഗതികൾ നീങ്ങി കോഴിവെട്ടിന്റെ മുഹൂർത്തം വന്നെത്തി. എന്താണീ കുടുംബദ്രോഹി ചെയ്യാൻപോകുന്നത് എന്ന ഉൽക്കണ്ഠയോടെ നോക്കിക്കൊണ്ടിരുന്നവരെ അമ്പരപ്പിച്ചുകൊണ്ട് ദാമോദരൻ ചാടിയിറങ്ങി കോഴിവെട്ടാനുള്ള വാൾ വെളിച്ചപ്പാടിൽനിന്ന് പിടിച്ചുവാങ്ങി വിജയിയായി സ്ഥലംവിടാൻ തുടങ്ങിയപ്പോൾ കാരണവരുടെ ആജ്ഞാനുവർത്തികളായ ആറേഴു കരുത്തന്മാർ ദാമോദരനുമായി ഏറ്റുമുട്ടി. അരമണിക്കൂറിലധികം നേരത്തെ പിടിവലിക്കുശേഷം അവർ വാൾ പിടിച്ചുവാങ്ങി വെളിച്ചപ്പാടിനെ ഏല്പിച്ചശേഷം ദാമോദരനുചുറ്റും ഒരു മനുഷ്യഭിത്തി നിർമ്മിച്ച് ബന്ധനസ്ഥനാക്കി. കോഴിവെട്ട് രക്തം ചീറ്റിത്തെറിപ്പിച്ചുകൊണ്ട് നടന്നപ്പോൾ കാരണവരുടെ മുമ്പത്ത് പുച്ഛരസം കലർന്ന പുഞ്ചിരി!

പിന്നൊരു കൊല്ലം ദാമോദരൻ തറവാട്ടിലുണ്ടായിരുന്നപ്പോഴാണ് കോഴിവെട്ടുപൂജയുടെ ഒരുക്കങ്ങൾ. ദാമോദരൻ തടസ്സം പറഞ്ഞില്ല. എന്നാൽ മുഹൂർത്തത്തിനല്പം മുമ്പ് സൂത്രത്തിൽ നടന്നുചെന്ന് കോഴിയുടെ കാൽ കെട്ടിയ ചരടഴിച്ച് അതിനെ സ്വതന്ത്രമാക്കി. ആളും ബഹളവും കണ്ട് ഭയന്നിട്ടായിരിക്കാം അത് പ്രാണഭയത്തോടെ തത്തിയും പറന്നും എവിടെയോ മറഞ്ഞുപോയി. അങ്ങനെ കോഴിയില്ലാഞ്ഞതിനാൽ ആ വർഷം കോഴിവെട്ടു നടന്നില്ല. നിസ്സഹായനായ വെളിച്ചപ്പാടും രോഷാകുലനായ കാരണവരും 'അണ്ടികളഞ്ഞ അണ്ണാനെ'പ്പോലെ ഇളിഭ്യരായതു മിച്ചം. എന്നിട്ട് എന്തുണ്ടായി എന്നറിവില്ല. അപ്പോഴേക്കും ദാമോദരന്റെ വീടും നാടും ആയിട്ടുള്ള

ബന്ധം നേർത്ത് അസ്തമിക്കുകയായിരുന്നല്ലോ. അതുകൊണ്ട് നമുക്ക് ഈ കഥയിൽ അത് പ്രസക്തമല്ല.

വരിക വരിക സഹജരെ, സഹനസമരസമയമായി

മേൽവിവരിച്ച സംഭവങ്ങളിൽനിന്ന് രണ്ടു കാര്യം വ്യക്തമായി. രാഷ്ട്രീയ സ്വാതന്ത്ര്യപ്രസ്ഥാനത്തെ സാമൂഹ്യപരിഷ്കരണരംഗത്തേക്കുകൂടി വ്യാപിപ്പിച്ചതുമൂലം ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ അനുഭവപ്പെട്ട അപചയം കേരളത്തെ ബാധിച്ചിരുന്നില്ല എന്നതാണൊന്ന്. അതുകൊണ്ട് ഈ അപചയംമൂലം ദാമോദരൻ അസ്തവീര്യനായി പഠനകാര്യങ്ങളിലേക്കു തിരിഞ്ഞ് രാഷ്ട്രീയമെല്ലാം ഉപേക്ഷിച്ചുകൊള്ളും എന്ന ചില കുടുംബാംഗങ്ങളുടെയും ഗുണകാംക്ഷികളുടെയും മോഹം വ്യാമോഹമായിത്തീർന്നു എന്നത് രണ്ടാമത്തെ കാര്യം.

തിരൂരെ തൃക്കണ്ടിയൂരിൽ ഒരു പ്രാഥമികവിദ്യാലയത്തിൽ ദിവസേന എന്നോണം വൈകുന്നേരങ്ങളിൽ ദാമോദരനും കോൺഗ്രസ് അനുഭാവികളായ കൂട്ടുകാരും ഒന്നിച്ചുകൂടുക പതിവായിരുന്നു. അവിടെവെച്ച് രാഷ്ട്രീയ കാര്യങ്ങൾക്കുപുറമേ നാട്ടിലെ ദാരിദ്ര്യം, ജാതിസമ്പ്രദായം, ജന്മി-കുടിയാൻബന്ധം, സാഹിത്യം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ചർച്ചയും സംവാദങ്ങളും നടക്കും. ദാമോദരനാണ് വിഷയം അവതരിപ്പിക്കുന്നതും ചർച്ചകൾ നയിക്കുന്നതും. രാഷ്ട്രഭാഷയായി ഗാന്ധി അംഗീകരിച്ച ഹിന്ദിയുടെ പഠനവും നൂൽനൂല്പുപരിശീലനവും ഈ സായാഹ്നസദസ്സുകളിൽ പതിവാണ്. ദാമോദരനായിരുന്നു ഹിന്ദിക്ലാസ് എടുത്തത്. ഈ പഠിപ്പിക്കലിലൂടെ ദാമോദരന്റെ ഹിന്ദിയും ഏറെ മെച്ചപ്പെട്ടു. സമപ്രായക്കാരും വാർദ്ധക്യമെത്തിയ മുതിർന്നവരും പഠിക്കാനെത്താറുണ്ടായിരുന്നു. അവരിൽ ഷഷ്ടിപൂർത്തി കഴിഞ്ഞ ഒരു കുട്ടിരാമപ്പണിക്കരെപ്പറ്റി എം. റഷീദ് പരമാർശിക്കുന്നുണ്ട്. ഇവരെല്ലാം ചേർന്ന് ഫലത്തിൽ ദാമോദരന്റെ ഒരു സഹപ്രവർത്തകസംഘമായിത്തീർന്നു. ഇവരുടെ സഹകരണത്തോടെയാണ് ദാമോദരൻ ജനങ്ങൾക്കിടയിൽ രാഷ്ട്രീയപ്രവർത്തനവും പ്രക്ഷോഭണങ്ങളും പൊതുയോഗങ്ങളും സംഘടിപ്പിച്ചത്. ഇതിനിടയിൽ വീട്ടിനടുത്തുള്ള ഒരു മൊല്ലാക്കയുടെ ശിഷ്യത്വം സ്വീകരിച്ച് അറബിഭാഷ പഠിക്കാനും ദാമോദരൻ ശ്രമം നടത്തി. കുറെ പഠിച്ചെങ്കിലും മറ്റു പല ഭാഷകളിൽ നേടിയ ഉപസ്ഥിതിയോളം അറബിയിൽ നേടാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല എന്നാണ് കാണുന്നത്.

ദാമോദരന്റെ പരിപാടിയിൽ മറ്റൊരിനം ഗ്രാമീണ ഗ്രന്ഥശാലകൾ സ്ഥാപിക്കുകയും ഉള്ളവ മെച്ചപ്പെടുത്തി ജനങ്ങളിൽ വായനാശീലം വളർത്തുകയുമായിരുന്നു. പിൽക്കാലത്ത് കേരള ഗ്രന്ഥശാലാസംഘത്തിന്റെ പ്രമുഖ നേതാക്കളിൽ ഒരാളായി ഉയർന്ന ദാമോദരന്റെ കന്നിക്കാൽവയ്പുകളായിരുന്നു ഈ പ്രവർത്തനം. കേരളപ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വം അബ്ദുർറഹിമാൻ സാഹിബ്, ഇ.എം.എസ്. നമ്പൂതിപ്പാട്, കെ. ദാമോദരൻ,

പി. കൃഷ്ണപിള്ള തുടങ്ങിയ ഇടതുപക്ഷക്കാരുടെയും ഉശിരൻ സമരസേനാനികളുടെയും നിയന്ത്രണത്തിൽ വന്നപ്പോൾ കോൺഗ്രസിനെ കൂടുതൽ ജനങ്ങളുമായി അടുപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ഗ്രന്ഥശാലകൾ സ്ഥാപിക്കാൻ മുൻകൈയെടുത്തതും തിരൂർ പരീക്ഷണങ്ങളുടെ തുടർച്ചയായി കരുതാവുന്നതാണ്. ദാമോദരന്റെ പിൽക്കാലത്തെ പ്രവർത്തനത്തിന്റെ ഒരു പ്രാരംഭമായി കണക്കാക്കാവുന്ന സാഹിത്യപരിശ്രമങ്ങളും തിരൂരിൽത്തന്നെ ആരംഭിച്ചു. ഒരു കയ്യെഴുത്തുമാസികയായിരുന്നു അതിനുള്ള മാധ്യമം. ദാമോദരന്റെ സായാഹ്നസദസ്സിലെ അംഗവും ഉറച്ച ശിഷ്യനുമായിരുന്ന വി.സി. അച്ചുതനെയാണ് സാഹിത്യപ്രവർത്തനങ്ങളുടെ ചുമതല ഏല്പിച്ചത്. മറ്റു സാഹിത്യവാസനയുള്ളവരോടൊപ്പം ദാമോദരനും അതിൽ ലേഖനങ്ങൾ എഴുതിക്കൊടുത്തു. ദാമോദരന്റെ ആദ്യകാലകവിതകളിൽ ചിലവയും ഈ കയ്യെഴുത്തുമാസികയിലൂടെയാണ് വെളിച്ചം കണ്ടത് എന്നു പറയപ്പെടുന്നു.

ഈയിടയ്ക്കാണ് ജവഹർലാൽ നെഹ്റു ഒരു കേരളസന്ദർശനം നടത്തിയത്. അദ്ദേഹം തിരൂർ വഴി തീവണ്ടിയിൽ പോകുന്നു എന്നറിഞ്ഞപ്പോൾ ദാമോദരനും കൂട്ടുകാർക്കും ഒരു മോഹം: അദ്ദേഹത്തിന് ഒരു മംഗളപത്രം സമർപ്പിക്കണം. ദാമോദരൻ ഹിന്ദിയിൽ മംഗളപത്രം തയ്യാറാക്കി എങ്കിലും അച്ചടിക്കാൻ പണമില്ലായിരുന്നു. അതുകൊണ്ട് സ്വന്തം കൈപ്പടയിൽ നല്ല വടിവോടുകൂടി എഴുതി തയ്യാറാക്കി ചില്ലിട്ട് ചട്ടംകൂട്ടി റയിൽവേസ്റ്റേഷനിൽ കാത്തുനിന്ന് നെഹ്റുവിന് അത് സമർപ്പിക്കുകയാണുണ്ടായത്.

ഇതിൽനിന്നെല്ലാം തിരൂരും പൊന്നാനി താലൂക്കിലുമെല്ലാം കോൺഗ്രസ് പ്രവർത്തനം നടത്തിയത് ദാമോദരനും അദ്ദേഹത്തിന്റെ സായാഹ്നസമ്മേളനപ്രവർത്തകരും മാത്രമാണെന്ന് ധരിക്കരുത്. അദ്ദേഹത്തേക്കാൾ മുതിർന്ന നേതാക്കൾ സഹകരിക്കാനും പ്രോത്സാഹിപ്പിക്കാനും ഉണ്ടായിരുന്നു. അബ്ദുർറഹിമാൻസാഹിബിന്റെ അനുയായിയും അക്കാലത്ത് 'ദേശീയ മുസ്ലിം' എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്നവരിൽ പ്രമുഖനും ആയിരുന്ന മൊയ്തു മൗലവി, ഡോക്ടർ വി.ജി. നായർ, കെ. വി. രാമൻമേനോൻ തുടങ്ങിയവർക്കു പുറമേ നാം നേരത്തേ പരാമർശിച്ച കൃഷ്ണപ്പണിക്കർ മുതലായവർ അവരിൽ ചിലരാണ്. ഇളമുറക്കാരിൽ പ്രമുഖർ പിൽക്കാലത്ത് 'ഉറൂബ്' എന്ന പേരിൽ പേരെടുത്ത കഥാകാരൻ പി. സി. കുട്ടികൃഷ്ണൻ, ലോക സമാധാനപ്രസ്ഥാനത്തിലെ പ്രധാന നേതാവായി ഉയർന്ന 'സമാധാനം' എന്ന് സ്വാതന്ത്ര്യാനന്തരകാലത്ത് അറിയപ്പെട്ട വി. പരമേശ്വരൻ, കേരളത്തിൽ കോൺഗ്രസിന്റെ മുൻനിരയിൽ എത്തിയ പ്രശസ്തപ്രഭാഷകൻ നെട്ടൂർ പി. ദാമോദരൻ, വി. സി. അച്ചുതൻ തുടങ്ങിയവരും ദാമോദരനോടൊപ്പം പ്രസ്ഥാനത്തിൽ ഉണ്ടായിരുന്നു.

യാത്രകളൊക്കെ പലപ്പോഴും കാൽനടയായിട്ടായിരുന്നു. ഗ്രാമങ്ങളിൽ ചെന്ന് പ്രചാരണവും സംഘടനാപ്രവർത്തനവും നടത്തിയശേഷം ഏതെങ്കിലും സുഹൃത്തുകളുടെ വീട്ടിലോ അല്ലെങ്കിൽ അടച്ചുപൂട്ടിയില്ലാത്ത ഏതെങ്കിലും സ്കൂളിലോ കടത്തിണ്ണയിലോ പട്ടിണികിടന്നുറങ്ങി രാവിലെ വീണ്ടും

പുറപ്പെടും. വീട്ടിലെത്താൻ കഴിഞ്ഞാൽ കാരണവരുടെ മുമ്പിലൊന്നും പ്രത്യക്ഷപ്പെടാതെ അടുക്കളയിലെത്തി ഭക്ഷണം കഴിക്കും. വീട്ടിലും ദാമോദരനോട് താൽപര്യം കാട്ടിയവർ ചിലരുണ്ടായിരുന്നു. ദാമോദരനോട് പ്രത്യേകം വാത്സല്യം പ്രകടിപ്പിച്ചിരുന്ന വല്യമ്മയുടെ മകൾ ശ്രീദേവിയമ്മ അങ്ങനെ ഒരാളായിരുന്നു. ഒരദ്ധ്യാപകനും വകയിൽ ഒരമ്മാവനുമായിരുന്ന കുട്ടികൃഷ്ണമേനോനായിരുന്നു പേരെടുത്തുപറയേണ്ട മറ്റൊരു ഗുണകാംക്ഷി. കുട്ടികൃഷ്ണമേനോൻ ദാമോദരന്റെ ആദ്യകാലജീവിതത്തിലെ ദുർഘടസന്ധികളിൽ ചുരുങ്ങിയ തോതിലെങ്കിലും പണവും പിന്തുണയും നൽകി സഹായിച്ചിട്ടുണ്ട്. വലിയമ്മയുടെ മകൻ കൃഷ്ണമേനോന്റെ കാര്യം നേരത്തേ പറഞ്ഞിരുന്നല്ലോ.

അങ്ങനെ 1931 മാർച്ച് 27-ന് താനൂരിൽ നിയമം ലംഘിച്ച് പ്രസംഗിച്ച് 23 മാസത്തെ കഠിനതടവുശിക്ഷ ഏറ്റുവാങ്ങി. നല്ലനടത്തയ്ക്കുള്ള വ്യവസ്ഥകളോടെ അല്പകാലം നേരത്തേ മോചിതനായശേഷം ഇന്റർമീഡിയറ്റ് പരീക്ഷയ്ക്കിരുന്ന് പാസ്സായ കാര്യം വിവരിച്ചിരുന്നുവല്ലോ. അതേത്തുടർന്ന് ഒരു വർഷത്തോളം മേൽവിവരിച്ചപ്രകാരം കർമ്മനിരതനായി തിരക്കേറിയ ജീവിതം കഴിച്ചുകൂട്ടി. ഇനി ദാമോദരന്റെ ജീവിതത്തിലെ മറ്റൊരദ്ധ്യായം ആരംഭിക്കുകയാണ്—ഈ പുസ്തകത്തിലേയും.

4. കാശിയിലെ പുണ്യതീർത്ഥവും മാർക്സിസത്തിന്റെ പുലർവെട്ടവും

ജന്മസിദ്ധമാം പദം പുണ്യലബ്ധമെന്നോർത്തു
വന്മദം കലർന്നോരുന്നതനക്ഷത്രമേ!
വെമ്പുക! വിള്ളുക! വിറകൊള്ളുക നോക്കു
നിൻ പുരോഭാഗത്തതാ ധീരതേജസ്സാം 'നാളെ'

ഇല്ലിനിദ്ദരിദ്രതയീ പ്രഭാതത്തിൻ പൊന്നിൽ-
പ്പുല്ലിനും മരത്തിനും തുല്യമാണവകാശം
ഇല്ലിനിയസമത, തളിർക്കാം കുരുക്കുത്തി-
മുല്ലയ്ക്കും വാനം പുല്കും—മുകുലിൻ പടർപ്പിനും
ശുദ്ധമാം കുളിർകാറ്റും സ്വച്ഛമാം വെളിച്ചവും
സിദ്ധമിച്ഛപോലാർക്കുമാർക്കുവിനാഹ്ലാദിപ്പിൻ.

—ജി. ശങ്കരക്കുറുപ്പ്

ദാമോദരന്റെ വിജ്ഞാനതൃഷ്ണയും ബുദ്ധിസാമർത്ഥ്യവും മനസ്സിലാക്കിയ സുഹൃത്തുക്കളും ഗുണകാംക്ഷികളും പഠിത്തം തുടരാനും ഒരു ബിരുദമെങ്കിലും കരസ്ഥമാക്കാനും അദ്ദേഹത്തെ ഉപദേശിച്ചുകൊണ്ടിരുന്നു. രാഷ്ട്രസേവനത്തിനായി ജീവിതം അതിനകം സമർപ്പിച്ചുകഴിഞ്ഞിരുന്ന ദാമോദരന് ബിരുദത്തിലോ പദവിയിലോ പണസമ്പാദനത്തിലോ താൽപര്യം തോന്നിയിരുന്നില്ല. എങ്കിലും ഇതിനു മുൻപ് വിവരിച്ച ഗാന്ധി-ഇർവിൻ ഉടമ്പടിയും ഗാന്ധിയുടെ ദയനീയമായ കീഴടങ്ങലും കോൺഗ്രസിലെ യുവജനങ്ങൾക്കിടയിൽ ഉളവാക്കിയ മോഹഭംഗവും വീണ്ടുവിചാരവും ദാമോദരനെ ബാധിക്കാതിരുന്നില്ല. താൻ വിവർത്തനംചെയ്തു വിതരണംചെയ്ത 'ഏക് ഹി രാസ്താ' അഥവാ 'ഏകമാർഗ്ഗം' എന്ന ഗാന്ധിയൻ പരിപാടിതന്നെയോ ശരി? മറ്റു മാർഗ്ഗങ്ങളില്ലേ? ഗാന്ധിയുടെ മാർഗ്ഗംതന്നെ ഫലപ്രദമാണോ? ഈ വക ചോദ്യങ്ങൾ ഒരു ഗണ്യമായ വിഭാഗം കോൺഗ്രസുകാരെ—ജയപ്രകാശ് നാരായണൻ, ആചാര്യ നരേന്ദ്രദേവ്, അശോക്മേത്ത, കേരളത്തിലെ പി. കൃഷ്ണപിള്ള, ഇ. എം. എസ്. നമ്പൂതിരിപ്പാട് തുടങ്ങിയവരെ—സോഷ്യലിസത്തിലെത്തിച്ചു. 1934-ൽ പാട്നയിൽ ചേർന്ന യോഗത്തിൽ കോൺഗ്രസിലെ

സോഷ്യലിസ്റ്റുകാർ കോൺഗ്രസ് സോഷ്യലിസ്റ്റ്പാർട്ടി രൂപീകരിച്ച് കോൺഗ്രസിലെ ഒരു പുതിയ ഊർജ്ജസ്രോതസ്സായി പ്രവർത്തിക്കാൻ തുടങ്ങി. ജയപ്രകാശ് നാരായണൻ അതിന്റെ ജനറൽ സെക്രട്ടറിയും ഇ.എം.എസ്. നമ്പൂതിരിപ്പാട് അതിന്റെ ജോയിന്റ് സെക്രട്ടറിയുമായി പ്രവർത്തനമാരംഭിച്ചു. മറ്റൊരു സംഘം ഇടതുപക്ഷക്കാർ മാർക്സിസം-ലെനിനിസം സ്വീകരിച്ച് നിയമവിരുദ്ധമായി കമ്മ്യൂണിസ്റ്റ് പാർട്ടിയും രൂപീകരിച്ചു. കോൺഗ്രസിനകത്ത് സുഭാഷ് ചന്ദ്രബോസ് പ്രത്യക്ഷമായും ജവഹർലാൽ നെഹ്റുവിനെപ്പോലുള്ളവർ പരോക്ഷമായും ഗാന്ധിപക്ഷത്തിനെതിരെ നീങ്ങാൻ തുടങ്ങി. ഈ സംഭവവികാസങ്ങൾ ദാമോദരന്റെ മനസ്സിനെ മഥിക്കാൻ തുടങ്ങിയിരുന്നു. ഗാന്ധിസത്തിൽനിന്നദ്ദേഹം മെല്ലെ മെല്ലെ അകലാൻ തുടങ്ങിക്കഴിഞ്ഞിരുന്നു.

ദാമോദരനെപ്പോലെയുള്ള ഒരു ചിന്തകന് പെട്ടെന്ന് എടുത്തുചാടി ഏതെങ്കിലും ഒരു പക്ഷത്തേക്കു നീങ്ങാൻ കഴിയുമായിരുന്നില്ല. പ്രശ്നത്തിന്റെ നാനാവശങ്ങൾ പഠിച്ചു വേണം പുതിയ നിഗമനങ്ങളിൽ എത്തിച്ചേരാൻ. അതുകൊണ്ട് അതിനുതകുംവിധത്തിലുള്ള പഠനപദ്ധതികളും വിദ്യാഭ്യാസവും ഏതെന്ന ചിന്തയിലായി അദ്ദേഹം.

ഈ ലക്ഷ്യങ്ങൾ പൂർണ്ണമായിട്ടല്ലെങ്കിലും കുറെയൊക്കെ നേടാൻ സാധാരണ സർവ്വകലാശാലാ വിദ്യാഭ്യാസംകൊണ്ട് കഴിയില്ലേ? ഇന്റർമീഡിയറ്റിന് പഠിച്ചിരുന്ന കാലത്തെ പഠനവും പുരോഗമനചിന്താഗതിക്കാരായ അദ്ധ്യാപകരുമായുള്ള സമ്പർക്കങ്ങളും വിദ്യാർത്ഥിസംഘടനകളിലെ കൂട്ടായ്മയും ഗ്രന്ഥശാലയുമെല്ലാം തന്റെ രാഷ്ട്രീയജീവിതസങ്കല്പങ്ങൾക്ക് കരുത്തു നൽകിയതല്ലാതെ അതിന് മങ്ങലേല്പിച്ചില്ലല്ലോ. എന്നാലങ്ങനെയാകട്ടെ, സാമൂതിരി കോളേജിൽ ബി.എ. ബിരുദത്തിനു ചേരാമെന്നുവെച്ചാലോ? രണ്ടു കാരണങ്ങളാൽ ആ പരിപാടി നടപ്പിലാവില്ല. ഇനിമേൽ രാഷ്ട്രീയപ്രവർത്തനത്തിലേർപ്പെടുകയില്ലെന്ന് ഉറപ്പുകൊടുത്താൽ മാത്രമേ കോളേജിൽ പുനഃപ്രവേശനം ലഭിക്കൂ. ആരുടേയും മുമ്പിൽ മുട്ടുമടക്കി ശീലിച്ചിട്ടില്ലാത്ത ദാമോദരന് ആ വഴി അചിന്ത്യം. രണ്ടാമത്തെ കാര്യം ചെലവിന്റെയാണ്. ദാമോദരൻ എവിടെ പോയി തുലഞ്ഞാലും വേണ്ടില്ല അയാൾക്കു വേണ്ടി ഇനിമേൽ ഒരൊറ്റ ചില്ലിക്കാശു മുടക്കാൻ തയ്യാറില്ലെന്ന മർക്കടമുഷ്ടിയാണ് കീഴേടത്തെ കാർണവർക്ക്.

അപ്പൊഴെന്തു പോംവഴി? അങ്ങനെയാണ് 'കാശിവിദ്യാപീഠം' എന്നൊരാശയം മനസ്സിലുദിച്ചത്. 1920-22-ലെ ഗാന്ധിയൻ നിസ്സഹകരണപ്രസ്ഥാനത്തിന്റെ സന്തതിയാണ് കാശിവിദ്യാപീഠവും തത്തുല്യമായി മറ്റു ചില സംസ്ഥാനങ്ങളിൽ പ്രവർത്തിച്ചുവന്നിരുന്ന ദേശീയ വിദ്യാപീഠങ്ങളും. ദാമോദരൻ അവയെപ്പറ്റി വായിച്ചറിഞ്ഞിട്ടുണ്ട്. രണ്ടു ലക്ഷ്യങ്ങളാണവയ്ക്കുണ്ടായിരുന്നത്. ഗാന്ധിയുടെ നിസ്സഹരണപരിപാടിപ്രകാരം സർക്കാർ ജീവനക്കാർ കച്ചേരികളും വക്കീലാർ കോടതികളും വിദ്യാർത്ഥികളും അദ്ധ്യാപകരും കൊളോണിയൻ വിദ്യാഭ്യാസം നൽകുന്ന വിദ്യാലയങ്ങളും ബഹിഷ്കരിക്കണം. അങ്ങനെ ബഹിഷ്കരിച്ച് പുറത്തുവരുന്ന വിദ്യാർത്ഥികൾക്ക്

തുടർന്നു പഠിക്കാനും അദ്ധ്യാപകർക്ക് പഠിപ്പിക്കാനും ദേശീയ വിദ്യാലയങ്ങളും സർവ്വകലാശാലകളും സ്ഥാപിക്കുക എന്നതാണ് ഒരു ലക്ഷ്യം. കൊളോണിയൽ വിദ്യാഭ്യാസത്തിനു പകരം ദേശീയതാൽപര്യങ്ങൾക്കും പാരമ്പര്യത്തിനും ഉതകുന്ന ബദൽ വിദ്യാഭ്യാസസമ്പ്രദായം ഏർപ്പെടുത്തുക എന്നതാണ് രണ്ടാമത്തെ ലക്ഷ്യം.

ഈ ലക്ഷ്യങ്ങളെ മുൻനിറുത്തി ഗുജറാത്ത് തുടങ്ങി ഏതാനും സംസ്ഥാനങ്ങളിൽ ദേശീയ വിദ്യാപീഠങ്ങൾ സർവ്വകലാശാലാ നിലവാരത്തിൽ പ്രവർത്തിച്ചുവന്നെങ്കിലും കാശിവിദ്യാപീഠമായിരുന്നു അവയിൽ മേന്മയേറിയതായി കരുതപ്പെട്ടത്. ബീഹാറിലെ ബനാറസ് (ഇപ്പോൾ വാരണാസി) എന്ന, പ്രാചീന കാശി എന്ന പുണ്യനഗരം, ഭാരതീയ വൈജ്ഞാനികപാരമ്പര്യത്തിന്റെ അത്യുന്നതകേന്ദ്രമായിരുന്നതിനാലും അവിടത്തെ അദ്ധ്യാപകരായിരുന്ന ആചാര്യ നരേന്ദ്രദേവ്, ബാബു സമ്പൂർണ്ണാനന്ദ്, ശ്രീപ്രകാശ് തുടങ്ങിയവർ പാണ്ഡിത്യത്തിലെന്നപോലെ സ്വാതന്ത്ര്യസമരപാരമ്പര്യത്തിലും ഉന്നതശീർഷരായിരുന്നു എന്നതായിരിക്കണം മേന്മയ്ക്കു കാരണം. കഴിവുള്ളവർക്ക് അവിടെ ഫീസുകൊടുത്തു പഠിക്കാമെങ്കിലും കഴിവില്ലാത്തവർക്ക് സൗജന്യമായും പഠിക്കാം. അദ്ധ്യാപകർ അദ്ധ്യാപനത്തിനു തുല്യമോ അതിലേറെയോ പ്രാധാന്യം കല്പിച്ചിരുന്നത് ഗ്രന്ഥശാലകൾ, ചർച്ചാവേദികൾ, സൗഹൃദസംഭാഷണങ്ങൾ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയുള്ള സ്വയം പഠനങ്ങൾക്കാണ്. അദ്ധ്യാപകരും ചിലപ്പോൾ അദ്ധ്യേതാക്കളായിമാറും. അദ്ധ്യേതാക്കൾ അദ്ധ്യാപകരായും.

ഈ അപൂർവ്വശൈലിയിലുള്ള വിദ്യാപീഠത്തിൽ പഠിച്ചാൽ തന്റെ അറിവിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് പുറമേ തന്റെ വികല്പങ്ങൾക്കും പ്രശ്നങ്ങൾക്കും പരിഹാരവും ലഭിക്കുമെന്ന് ദാമോദരനു തോന്നി. തന്റെ അവസ്ഥയും താൽപര്യങ്ങളും രാഷ്ട്രീയപ്രവർത്തനപാരമ്പര്യവും എല്ലാം രേഖപ്പെടുത്തി ദാമോദരൻ കാശിവിദ്യാപീഠത്തിലേക്ക് ഒരപേക്ഷയയച്ചു. അധികം താമസിയാതെ പ്രവേശനാനുമതി നൽകിക്കൊണ്ട് മറുപടിയും കിട്ടി. ആ യുവഹൃദയത്തിൽ സംതൃപ്തിയുടെ പൂക്കൾ വിരിഞ്ഞു.

പണത്തിന് പരക്കംപാച്ചിൽ

പക്ഷേ, പിന്നെയും ഒരു ദുർഘടം. എങ്ങനെ കാശിവരെ ചെന്നെത്തും? ആരതിന് പണം തരും? സമ്പന്നമായ കുടുംബത്തിൽ സമൃദ്ധിയുടെ മടിത്തട്ടിൽ ജനിച്ചുവളർന്നു എന്നു പറഞ്ഞിട്ടെന്തു കാര്യം? കാരണവർ കാശു കൊടുക്കില്ല.

കോൺഗ്രസ് നേതാവും മാതൃഭൂമി പത്രാധിപരുമായിരുന്ന കെ. കേളപ്പന് ദാമോദരനെ അറിയാം. സമർപ്പിതചേതസ്സായ ദേശാഭിമാനി. ഗാന്ധിയൻ, ഖദർ ഉടുത്ത്, ഹിന്ദിപഠിച്ച്, നിയമം ലംഘിച്ച്, തടവുശിക്ഷയനുഭവിച്ച ചുറുചുറുക്കുള്ള യുവാവ്. മാതൃഭൂമിയിൽ ലേഖനങ്ങളും ഹിന്ദിയിൽനിന്ന് വിവർത്തനങ്ങളും എഴുതാറുള്ള യുവപ്രതിഭ. കാശിവിദ്യാപീഠത്തിൽ പോയി

പഠിച്ച് കുറെക്കൂടി പ്രാപ്തി നേടി വന്നാൽ കോൺഗ്രസിനത് നേട്ടമാകും. കേളപ്പൻ, പ്രശ്നപരിഹാരത്തിന് ഒരു നിർദ്ദേശം മുന്നോട്ടുവച്ചു. ഭഗവദ് ഗീതയെ തന്റെ അഹിംസയ്ക്കും സത്യാഗ്രഹത്തിനും ഉപയുക്തമാകുംവിധം ഗാന്ധി എഴുതിയ ഒരു പ്രബന്ധം ദാമോദരൻ വിവർത്തനംചെയ്തത് മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ചിരുന്നു. അത് ഒരു ലഘുലേഖയാക്കി വില്ക്കുക വലിയ ചെലവൊന്നുമില്ല. കേളപ്പൻ ശുപാർശചെയ്ത് അത് സൗജന്യമായി മാതൃഭൂമി അച്ചുകൂടത്തിൽ അച്ചടിച്ചു കൊടുക്കും. നിർദ്ദേശം സ്വീകരിച്ചു. പക്ഷേ, അതുകൊണ്ടൊന്നും കാര്യമായ പ്രയോജനമുണ്ടായില്ല. വില്പനയ്ക്കുവേണ്ടി നടത്തിയ യാത്രച്ചെലവിനപ്പുറം ഒന്നും മിച്ചം കിട്ടിയില്ല. ഇനി എന്ത്? തന്നോടു പലപ്പോഴും കരുണയോടെ പെരുമാറിയിട്ടുള്ള കൃഷ്ണ മേനോനെ സമീപിച്ചുനോക്കുക. ദാമോദരനോടു പ്രത്യേകവാത്സല്യം പ്രകടിപ്പിച്ചുവന്ന വല്യമ്മയുടെ മകൻ. മേനോൻ സ്വന്തം കൈയിലുണ്ടായിരുന്നതും അനുഭാവികളായിരുന്ന കുടുംബങ്ങളിൽനിന്ന് പിരിച്ചെടുത്തതും സ്വരൂപിച്ച് 25 രൂപ ഒപ്പിച്ചുകൊടുത്തു. അന്നതൊരു വലിയ സംഖ്യയായിരുന്നു. എങ്കിലും കാശിവരെ യാത്രചെയ്യാനും അവിടെ താമസമുറപ്പിക്കുന്നതുവരെയെങ്കിലുമുള്ള ചെലവിനും അതു തികയില്ല. എങ്കിലും ദാമോദരൻ നന്ദിയോടെ അതു സ്വീകരിച്ച് കാശിക്കു വണ്ടികയറി.

കോയമ്പത്തൂർ ജയിലിലായിരുന്നപ്പോൾ പരിചയപ്പെട്ട ചില തമിഴ് രാഷ്ട്രീയപ്രവർത്തകർ മദിരാശിയിലുണ്ട്. അവരിൽ ചിലരെയെങ്കിലും കണ്ട് സംഭാവനയായിട്ടോ കടമായിട്ടോ അല്പംകൂടി പണം തേടിയാലോ? മദിരാശിയിലിറങ്ങി ചിലരെ അന്വേഷിച്ചുകണ്ടെത്തി. വലിയ പ്രയോജനം ലഭിച്ചില്ലെങ്കിലും ഒരാൾ പത്തുരൂപ കടമായി കൊടുത്തു. കൃത്യമായി തനിക്കു തിരിച്ചുതരാൻ കഴിഞ്ഞില്ലെങ്കിൽ വീട്ടിൽ കൃഷ്ണമേനോനെന്ന സഹോദരനെഴുതിയാൽ മതി എന്ന് ഉറപ്പും നൽകി. മേനോന്റെ മേൽവിലാസവും കൊടുത്തു. (പിന്നീട് കൃഷ്ണമേനോനെഴുതി ആ കടം അവർ തിരിച്ചുവീട്ടിച്ചു എന്നു പറയപ്പെടുന്നു) അങ്ങനെ അല്പാഹാരവും പച്ചവെള്ളവും ആയി കാശിയിലേക്ക് 'തീർത്ഥയാത്ര'യായി.

സോഷ്യലിസവും കമ്മ്യൂണിസവും

സാധാരണ സർവ്വകലാശാലകളിലെ ബിരുദത്തിന് തുല്യമായിരുന്നു വിദ്യാപീഠത്തിലെ 'ശാസ്ത്രബിരുദം'. ദാമോദരൻ അതിലാണ് ചേർന്നത്. രാഷ്ട്രഭാഷയായി ഗാന്ധി നിശ്ചയിച്ച ഹിന്ദിയിലും സംസ്കൃതത്തിലും ദാമോദരൻ നേരത്തെതന്നെ പ്രാവീണ്യം നേടിയിരുന്നല്ലോ. ഭാരതീയപാരമ്പര്യത്തോടുള്ള ആദരവുമൂലം സ്കൂളിൽ ഉപഭാഷയായി ദാമോദരൻ തിരഞ്ഞെടുത്തത് സംസ്കൃതമായിരുന്നു. രാഷ്ട്രീയപ്രവർത്തനത്തിന്റെ ഭാഗമായി അദ്ദേഹം ഹിന്ദി പഠിച്ചതും പഠിപ്പിച്ചതും നാം ചർച്ചചെയ്തതാണ്. കോയമ്പത്തൂർ ജയിലിൽവെച്ച് തമിഴും വശമാക്കി. അതുകൊണ്ട് സാധാരണ വിദ്യാർത്ഥികളെപ്പോലെ ശാസ്ത്രി ക്ലാസ്സിൽ ഹിന്ദിയും സംസ്കൃതവും എടു

ക്കാതെ ഉർദുവും ബംഗാളിയും പഠിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. ഇംഗ്ലീഷും സംസ്കൃതവും കൂടുതൽ ഹൃദിസ്ഥമാക്കാനും അദ്ദേഹം സമയം കണ്ടെത്തി. കൂടാതെ ചരിത്രം, രാഷ്ടമീമാംസ, അർത്ഥശാസ്ത്രം മുതലായവയും പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. പാഠ്യപദ്ധതിയിലുള്ളതും ഇല്ലാത്തതും എല്ലാം അടങ്ങാത്ത ആർത്തിയോടെ സ്വായത്തമാക്കാനുള്ള പഠനാദ്ധ്വാനം ദാമോദരന് ആവേശവും സംതൃപ്തിയും നൽകി. അതിനു പറ്റിയ അന്തരീക്ഷമായിരുന്നു വിദ്യാപീഠത്തിൽ. വിദ്യാർത്ഥികളിലും അദ്ധ്യാപകരിലും പ്രതിഭാശാലികളും ആദർശസമ്പന്നരുമായിരുന്നു ഏറെ. വലിയ സർവ്വകലാശാലകളിലുള്ളതിനേക്കാൾ വളരെ മെച്ചപ്പെട്ടതായിരുന്നു ഗ്രന്ഥശാല. ഉറക്കവും ഊണും അവിടെവെച്ച് കഴിക്കാറില്ലെന്നേയുള്ളു. ബാക്കി കിട്ടുന്ന സമയം മുഴുവൻ ഗ്രന്ഥശാലയായിരുന്നു ദാമോദരന്റെ താവളം. ചിലപ്പോൾ ഉറക്കവും ഊണും ഉപേക്ഷിച്ചും അവിടെ ഇരുന്നു വായിക്കുകയും കുറിച്ചെടുക്കുകയും ചെയ്യുക അദ്ദേഹത്തിന്റെ ശീലമായിരുന്നു.

ആർഷഭാരതത്തിലെ വൈജ്ഞാനികഗ്രന്ഥങ്ങളോടൊപ്പം അത്യാധുനികചിന്തയെ പ്രതിനിധീകരിക്കുന്ന യുക്തിവാദം, ഭൗതികവാദം, മാർക്സിസം, സോഷ്യലിസം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ചും അക്കാലത്ത് അത്ര സുലഭമല്ലാതിരുന്ന ഗ്രന്ഥങ്ങൾ വിദ്യാപീഠത്തിലെ ഗ്രന്ഥശാലയിലുണ്ടായിരുന്നത്, ദാമോദരന്റെ ചിന്തയുടെ ചക്രവാളങ്ങളെ വികസ്വരമാക്കി. കാശിയിലെത്തുന്നതിനു മുമ്പുതന്നെ ദാമോദരന്റെ കാഴ്ചപ്പാടുകളിൽ മാറ്റം വരാൻ തുടങ്ങിയിരുന്നു. ഗാന്ധിസത്തിൽനിന്നും വിമുക്തനായി ജയപ്രകാശ് തുടങ്ങിയവരുടെ സോഷ്യലിസത്തിലേക്ക് ദാമോദരൻ നീങ്ങുകയായിരുന്നു. കാശിയിലേക്കു പുറപ്പെടുന്നതിനു മുമ്പുതന്നെ സോഷ്യലിസ്റ്റ് ആശയങ്ങളുമായി ദാമോദരൻ പരിചയപ്പെടാൻ തുടങ്ങിയിരുന്നു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ മകൾ കെ. ഗോമതിയമ്മയുടെ ഭർത്താവും കേരളത്തിലെ കോൺഗ്രസിൽ ഉയർന്നുവന്നുകൊണ്ടിരുന്ന ഇടതുപക്ഷത്തിന്റെ വക്താവുമായ ബാരിസ്റ്റർ എ. കെ. പിള്ള(1893-1949)യുമായുള്ള പരിചയമാണ് ഈ പുത്തൻ ചിന്താധാരകളിലേക്ക് ദാമോദരനെ നയിച്ച ഘടകങ്ങളിൽ പ്രധാനം. ഇംഗ്ലണ്ടിലെ ബാരിസ്റ്റർ പഠനം കഴിഞ്ഞു തിരിച്ചുവരുമ്പോൾ ഇന്ത്യയിൽ ലഭിക്കാത്തതായ മാർക്സിന്റെയും എംഗൽസിന്റെയും ലെനിന്റെയും ട്രോട്സ്കിയുടെയും ബുഖാറിന്റെയും മറ്റുമായ പല പുസ്തകങ്ങളും അദ്ദേഹം കൊണ്ടുവന്നിരുന്നു. അവയിൽ ചിലത് ഇന്ത്യയിൽ നിരോധിക്കപ്പെട്ടവയുമായിരുന്നു. ഇവയിൽ പലതും ദാമോദരന് വായിക്കാൻ കൊടുത്തതിനു പുറമേ പിള്ള ദാമോദരനുമായി ഈവക കാര്യങ്ങളെക്കുറിച്ച് ചർച്ചചെയ്യാറുമുണ്ടായിരുന്നു. ഇങ്ങനെ ലഭിച്ച ആദ്യപാഠങ്ങളുമായി കാശിയിലെത്തിയ ദാമോദരന്റെ അദ്ധ്യാപകരിൽ ഒരാൾ ഇന്ത്യൻ സോഷ്യലിസത്തിന്റെ ആദ്യപഥികരിൽ ഒരാളായിരുന്ന ആചാര്യ നരേന്ദ്രദേവ് ആയിരുന്നു.

ഇങ്ങനെ ഗാന്ധിസ്റ്റ് രാഷ്ടീയം മാത്രമല്ല ഗാന്ധിയൻ സസ്യാഹാരം തുടങ്ങിയവയും അദ്ദേഹം ഉപേക്ഷിച്ചുകഴിഞ്ഞിരുന്നു. കാശിയിലെ പുണ്യ

തീർത്ഥം ദാമോദരന്റെ ഈശ്വരവിശ്വാസത്തെയും കഴുകിക്കളഞ്ഞു—ഗംഗാജലത്തിലൂടെ ഒഴുകി അകലുന്ന പാതിവെന്ത മനുഷ്യജഡങ്ങൾപോലെ എന്നു പറയാം.

സ്വാഭാവികമായും ഈ അനുപമമായ വിദ്യാപീഠത്തിലെ പ്രതിഭാസംഗമത്തിൽ ദാമോദരന് പല സുഹൃത്തുക്കളെയും സമ്പാദിക്കാൻ കഴിഞ്ഞു. ജവഹർലാൽ നെഹ്രു 1964-ൽ നിര്യാതനായശേഷം ഇടക്കാല പ്രധാനമന്ത്രിയായിരുന്ന ഗുൽസാരിലാൽ നന്ദയെത്തുടർന്ന് പ്രധാനമന്ത്രിപദം ഏല്പിക്കുകയും പാക്കിസ്ഥാനുമായി പൊട്ടിപ്പുറപ്പെട്ട 1965-ലെ യുദ്ധത്തിൽ 'ജയ് ജവാൻ ജയ് കിസാൻ' എന്ന മുദ്രാവാക്യമുയർത്തി ഇന്ത്യയെ നയിക്കുകയും ചെയ്തതിലാൽ ബഹദൂർ ശാസ്ത്രി അന്ന് കാശിവിദ്യാപീഠത്തിലെ വിദ്യാർത്ഥിയായിരുന്നു. അങ്ങനെ പിൽക്കാലത്ത് ഇന്ത്യൻ രാഷ്ട്രിയത്തിൽ തിളങ്ങിയ പലരും ദാമോദരന്റെ സഹപാഠികളായിരുന്നു. അവരിലൊരാൾ ദാമോദരനെക്കാൾ മുതിർന്ന ഓംപ്രകാശ് ശാസ്ത്രി എന്നൊരു സ്വാതന്ത്യസമരസേനാനിയായിരുന്നു. ദാമോദരനും ഓംപ്രകാശും ഉറ്റചങ്ങാതികളായി, വ്യക്തിപരമായും ബൗദ്ധികമായും. അന്ന് മീററ്റ് ഗൂഢാലോചന കേസിൽ (1929) ശിക്ഷിക്കപ്പെട്ട പ്രതികൾ മോചിതരായതോടെ നിയമവിരുദ്ധമായി പുനഃസംഘടിപ്പിച്ച് പ്രവർത്തിക്കാൻ തുടങ്ങിയ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു പ്രവർത്തകനായിരുന്നു ഓംപ്രകാശ് എന്ന് ദാമോദരൻ അറിഞ്ഞു. ജയപ്രകാശ് നാരായണന്റെ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയെക്കാൾ വ്യക്തമായ കാഴ്ചപ്പാടും അടിയുറപ്പും കോൺഗ്രസിന്റെ ബൂർഷ്വാ ചാഞ്ചാട്ടങ്ങളിൽനിന്നുള്ള അകൽച്ച നൽകുന്ന കരുത്തും കമ്മ്യൂണിസ്റ്റ്പാർട്ടിക്കാണെന്നു ദാമോദരനെ ബോദ്ധ്യപ്പെടുത്താൻ ഓംപ്രകാശിന് കഴിഞ്ഞു. ഓംപ്രകാശിന്റെ കാർമ്മികത്വത്തിൽ ദാമോദരൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി—1935-ലോ 1936-ലോ. അങ്ങനെ കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് എന്ന പദവിയും ദാമോദരന് സ്വന്തമായി.

കാശിവിദ്യാപീഠത്തിലെ ദാമോദരന്റെ ജീവിതം ബൗദ്ധികമായി ഉന്മേഷജനകവും രാഷ്ട്രീയമായി ആവേശകരവും ആയിരുന്നെങ്കിലും ചെലവിനുള്ള പണത്തിന്റെ കുറവുമൂലം വൈഷമ്യങ്ങൾ നിറഞ്ഞതായിരുന്നു. മാതൃഭൂമിക്ക് ലേഖനങ്ങളും ചെറുകഥകളും മറ്റും എഴുതിയും ഹിന്ദിയിൽനിന്ന് ചിലതെല്ലാം വിവർത്തനംചെയ്തു കൊടുത്തും കിട്ടുന്ന നിസ്സാരപ്രതിഫലമായിരുന്നു കൃത്യവരുമാനം. അക്കാലത്ത് അത്രയൊക്കെ കൊടുക്കുന്നതുതന്നെ മാതൃഭൂമിപോലെ നിലവാരമുള്ള പത്രങ്ങൾപോലും അതിരുകടന്ന ഔദാര്യമായിട്ടാണ് കരുതിയിരുന്നത്. ഹിന്ദിയിലും ചിലപ്പോൾ എഴുതി ദാമോദരൻ ചെറിയ വരുമാനം ഉണ്ടാക്കാറുണ്ട്. സമ്പത്തുള്ള തറവാട്ടിൽനിന്ന് അർഹതപ്പെട്ട തൊന്നും കിട്ടാറില്ലെങ്കിലും വല്യമ്മയുടെ മകൻ കൃഷ്ണമേനോനെപ്പോലെ ചിലർ വല്ലപ്പോഴും ചെറിയ തുകകൾ കൈയിൽനിന്നും മറ്റു കുടുംബാംഗങ്ങളിൽനിന്നും സ്വരൂപിച്ച് അയച്ചുകൊടുക്കാറുണ്ട്. അദ്ധ്യാപകൻ ആചാര്യനരേന്ദ്രദേവിനെപ്പോലെ ശിഷ്യന്റെ ബുദ്ധിസാമർത്ഥ്യവും ബുദ്ധിമുട്ടും മന

സ്സിലാക്കി സഹായിക്കുന്നവരും ഇല്ലായിരുന്നുവെന്നു പറഞ്ഞുകൂടാ. ഈ വിഷമങ്ങൾകൊണ്ടാകാം പരീക്ഷയെഴുതി ശാസ്ത്രിബിരുദം നേടുന്നതിനു മുമ്പുതന്നെ ദാമോദരൻ വിദ്യാപീഠത്തോടു വിടപറഞ്ഞ് നാട്ടിലേക്കു മടങ്ങിയത്—1936-ൽ. ശാസ്ത്രിപഠനകോഴ്സ് പൂർത്തിയാകുംമുൻപുതന്നെ ദാമോദരൻ കാശിവിട്ടു പോയി എന്നു പറയുന്നവരും കോഴ്സ് പൂർത്തിയാക്കി എങ്കിലും ബിരുദമെടുത്തില്ലെന്നേയുള്ളു എന്നു പറയുന്നവരും ദാമോദരന്റെ ആദ്യകാല സുഹൃത്തുക്കളിൽ ഉണ്ട്. ബിരുദമെടുത്തില്ലെങ്കിലും ബിരുദമെടുത്തവരെക്കാൾ എത്രയോ ഉയർന്ന പാണ്ഡിത്യത്തോടെയാണ് ദാമോദരൻ കാശിവിട്ടത് എന്നതിനെപ്പറ്റി ആർക്കും സംശയമില്ല. പഠിക്കുന്ന കാലത്തുതന്നെ അദ്ദേഹം മാതൃഭൂമി ആഴ്ചപ്പതിപ്പിലും മറ്റും എഴുതി പ്രസിദ്ധീകരിച്ച 'സാമൂഹ്യപരിവർത്തനങ്ങൾ' മുതലായ ലേഖനങ്ങൾ, പഠിച്ചുകൊണ്ടിരിക്കുന്ന ഒരു യുവവിദ്യാർത്ഥിയുടെ എന്നതിനേക്കാൾ പക്വത വന്ന ഒരു മാർക്സിസ്റ്റ് ധൈഷണികന്റെ കൃതിയായിട്ടേ ഇപ്പോഴും വായനക്കാർക്ക് അനുഭവപ്പെടൂ.

ട്രോട്സ്കിയും ബുഖാറിനും

ദാമോദരന്റെ ജീവചരിത്രകാരനായ എം. റഷീദ് കാശിവിദ്യാപീഠത്തിലെ പഠനകാലത്ത് ദാമോദരൻ കൈക്കൊണ്ട ചില നിലപാടുകളും സംഭവങ്ങളും എന്ന നിലയിൽ ഇങ്ങനെ എഴുതുന്നു:

> "മനുഷ്യവംശം ഇതേവരെ നേടിയിട്ടുള്ള വിജ്ഞാനത്തെ മുഴുവൻ സ്വായത്തമാക്കാതെ ഒരുവന് കമ്മ്യൂണിസ്റ്റാകാൻ കഴിയുമെന്നു കരുതുന്നുവെങ്കിൽ അതൊരു വലിയ തെറ്റിദ്ധാരണയാണ്. റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മൂന്നാം കോൺഗ്രസിൽ ചെയ്ത പ്രസംഗത്തിൽ ലെനിൻ പ്രകടിപ്പിച്ച ഈ അഭിപ്രായം ദാമോദരനെ വളരെയേറെ ആകർഷിച്ചു എങ്കിലും വിദ്യാപീഠഗ്രന്ഥശാലയിലുണ്ടായിരുന്ന ട്രോട്സ്കിയുടെയും ബുഖാറിന്റെയും ഗ്രന്ഥങ്ങൾ മറിച്ചുനോക്കാൻ പോലും അദ്ദേഹം ഒരുങ്ങിയില്ല. മാർക്സിസം പഠിക്കാനാഗ്രഹിക്കുന്ന ഏതൊരാൾക്കും ഒഴിച്ചുകൂടാൻവയ്യാത്ത പാഠപുസ്തകങ്ങളാണ് ട്രോട്സ്കി-ബുഖാറിൻ ഗ്രന്ഥങ്ങൾ എന്ന് മാർക്സിസ്റ്റായി അറിയപ്പെടുന്ന, തനിക്കേറ്റവും ബഹുമാനമുള്ള അദ്ധ്യാപകനായ ആചാര്യ നരേന്ദ്രദേവ് പറഞ്ഞിട്ടുപോലും തന്റെ എല്ലാവിധ സ്വപ്നങ്ങളുടെയും അഭിലാഷങ്ങളുടെയും പ്രതീകമായി സ്റ്റാലിനെ പൊക്കിപ്പിടിക്കാൻ ആരംഭിച്ചിരുന്നതുകൊണ്ട് ട്രോട്സ്കി-ബുഖാറിൻ എന്നീ പേരുകൾപോലും തനിക്ക് 'ചതുർത്ഥി' ആയിരുന്നു എന്ന് 1971-ൽ ദാമോദരൻ ഇതെഴുതുന്നയാളോടു പറയുകയുണ്ടായി." (അദ്ധ്യായം 5)

ഈ ശൈലിയിൽ രണ്ടുമൂന്നു പുറം നിറയെ റഷീദ് എഴുതിവിടുന്നുണ്ട്. ദാമോദരൻ ഇതെല്ലാം ഇതേ ശൈലിയിൽ തന്നോടു നേരിട്ട് 1971-ൽ പറഞ്ഞു എന്ന സത്യവാങ്മൂലംകൂടി റഷീദ് ഹാജരാക്കുമ്പോൾ സംശയാലുക്കൾ നിസ്സഹായരായിപ്പോകുന്നു. റഷീദ് മനപ്പൂർവ്വം നുണ എഴുതിപ്പിടിപ്പിക്കുന്നയാളാ

ണെന്ന അഭിപ്രായം എനിക്കില്ല. എങ്കിലും ഇവിടെ ഉദ്ധരിച്ച വാചകങ്ങളും തുടർന്നുള്ള പ്രസ്താവനകളും അപ്പാടെ മുഖവിലയ്ക്കു സ്വീകരിക്കാനും കഴിയുന്നില്ല. പലപ്പോഴും വസ്തുതകളിലും വിലയിരുത്തലുകളിലും ദാമോദരന്റെ 'സ്റ്റാലിൻ ഭക്തി'യേയും ട്രോട്സ്കി വിരോധത്തെയുംകാൾ മുന്തി നിൽക്കുന്നത് റഷീദിന്റെ 'ട്രോട്സ്കി ഭക്തി'യും 'സ്റ്റാലിൻവിരോധ'വുമല്ലേ എന്ന് വായനക്കാർ സംശയിച്ചുപോകും.

ആദ്യമേതന്നെ ഒരു കാര്യം വ്യക്തമാക്കട്ടെ. റഷീദിന്റെ വിവരണവും ദാമോദരന്റേതായി അദ്ദേഹം അവതരിപ്പിക്കുന്ന നിലപാടും വായിച്ചാൽ തോന്നുക ലിയോൺ ട്രോട്സ്കിയും നിക്കോള ബുഖാറിനും രാഷ്ട്രീയത്തിൽ സമാനചിന്താഗതിക്കാരായിരുന്നു എന്നാണ്—അതങ്ങനെ വെട്ടിത്തുറന്നു പറയുന്നില്ലെങ്കിലും ഇരുവരെയും ഒരു തുടർച്ചക്കുറികൊണ്ട്(-)ബന്ധിച്ച് ഒരേ നുകത്തിൽ കെട്ടി വലിപ്പിക്കുന്നതിൽനിന്ന് മറ്റെന്താണ് ധരിക്കുവാൻ കഴിയുക? വാസ്തവത്തിൽ അവർ സമാനചിന്താഗതിക്കാരായിരുന്നില്ല. 1926-ലെ 15-ാം സോവിയറ്റ് പാർട്ടി കോൺഗ്രസിൽപ്പോലും ട്രോട്സ്കിക്കെതിരെ വാദിച്ചവരിൽ പ്രമുഖനായിരുന്നു ബുഖാറിൻ. അവിടെവെച്ചാണ് ട്രോട്സ്കി വിഭാഗവും സ്റ്റാലിൻവിഭാഗവും ഏറ്റുമുട്ടിയതും ട്രോട്സ്കി വിഭാഗം പരാജയപ്പെട്ടതും. തുടർന്ന് 1927 നവബർ 14-ന് ട്രോട്സ്കിയെ കേന്ദ്രക്കമ്മിറ്റി പാർട്ടിയിൽനിന്ന് ബഹിഷ്കരിച്ചപ്പോഴും ബുഖാറിൻ പാർട്ടിക്കൊപ്പമായിരുന്നു. ട്രോട്സ്കി നാടുവിട്ടു. ബുഖാറിൻ പാർട്ടിയിൽ തുടർന്നു. 1931-ൽ ലണ്ടനിൽവച്ചു നടന്ന ലോകശാസ്ത്ര-ചരിത്രകോൺഗ്രസിൽ സോവിയറ്റ് യൂണിയനെ പ്രതിനിധീകരിച്ച് പങ്കെടുത്ത പ്രതിനിധിസംഘത്തലവൻ ബുഖാറിനായിരുന്നു. പിന്നീടാണ്. 1936-37-ലെ കുപ്രസിദ്ധമായ മോസ്കോ വിചാരണയിൽ ബുഖാറിൻ പ്രതിയായതും, 'രാജ്യദ്രോഹ'കുറ്റത്തിന് വധശിക്ഷയ്ക്കു വിധിക്കപ്പെട്ടതും. ഇതിൽനിന്നെല്ലാം സിദ്ധിക്കുന്നത് ദാമോദരന്റെ കാശിവിദ്യാപീഠക്കാലത്ത് ബുഖാറിൻ ഒരു സ്റ്റാലിൻവിരുദ്ധനായി ഇന്ത്യയിൽ അറിയപ്പെട്ടിരുന്നില്ല എന്നാണ്. ഒരുപക്ഷേ, അതിനകം സോവിയറ്റ് യൂണിയനിൽ സ്റ്റാലിനുമായി അദ്ദേഹം തെറ്റിയിരുന്നിരിക്കാം. സോവിയറ്റ് യൂണിയന്റെ പുറത്ത് അദ്ദേഹത്തിന്റെ കൃതികൾ അപ്പോഴും കമ്മ്യൂണിസ്റ്റുകാർ വായിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. അതാണ് ഇരുവരേയും ഒരേ നുകത്തിൻ കെട്ടാനുള്ള റഷീദിന്റെ ശ്രമം.

ഇനി ട്രോട്സ്കിയുടെ കാര്യം. ട്രോട്സ്കിയുടെ പുസ്തകങ്ങൾ വായിക്കാനേ പാടില്ലെന്ന് എന്റെ ദീർഘമായ പാർട്ടി ജീവിതത്തിൽ ആരെങ്കിലും വിലക്കേർപ്പെടുത്തിയിരുന്നതായി ഓർക്കുന്നില്ല. പാർട്ടിയുടെ കേന്ദ്രകമ്മിറ്റി ആഫീസിൽ രണ്ടു തവണയായി (1954-56,1962-64) പ്രവർത്തിച്ചിട്ടുള്ള എനിക്ക് അവിടത്തെ ഗ്രന്ഥശാലയിൽനിന്ന് പല ട്രോട്സ്കി കൃതികളും എടുത്തു വായിക്കാൻ കഴിഞ്ഞിട്ടുണ്ട്. അന്നും അതൊന്നും തൊട്ടുകൂടെന്ന് ഏതെങ്കിലും നേതാവ് നിർദ്ദേശിച്ചതായി ഓർക്കുന്നില്ല. ഏതു വിഷയത്തെക്കുറിച്ചായാലും ഏതു പുസ്തകവും ആർത്തിയോടെ വായിക്കുന്ന ശീലം

ചെറുപ്പത്തിലേതൊട്ടുണ്ടായിരുന്ന ദാമോദരൻ എന്തുകൊണ്ട് അക്കാലത്ത് ട്രോട്സ്കിയുടെ ഗ്രന്ഥങ്ങളെ അസ്പൃശ്യമായി കരുതി? അങ്ങനെ കരുതിയതായി വിശ്വസിക്കാൻ കാരണം കാണുന്നില്ല. പിന്നെന്തുകൊണ്ട് അദ്ദേഹം അങ്ങനെ റഷീദിനോട് 1971-ൽ പറഞ്ഞു? പറഞ്ഞുവോ? അപ്പോഴേക്കും ദാമോദരൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്ന് അകലാൻ തുടങ്ങിയതിനാൽ പാർട്ടിക്കകത്തെ പ്രത്യയശാസ്ത്രപരമായ കടുംപിടിത്തങ്ങളെ വിമർശിക്കാനായി എന്നെങ്കിലും ആവിധം സൂചിപ്പിച്ചത് റഷീദ് തന്റെ ട്രോട്സ്കിഭക്തി പൊടിപ്പും തൊങ്ങലുംവെച്ച് വിസ്തരിച്ചതാകാനേ വഴിയുള്ളു.

അതുപോലെ ദാമോദരനെ പാർട്ടിയിൽ ചേർത്ത രാഷ്ട്രീയഗുരുനാഥൻ ഓംകാർനാഥ് ശാസ്ത്രിയെ പാർട്ടിയിൽനിന്ന് ബഹിഷ്കരിക്കാൻ അദ്ദേഹം തന്നെ ട്രോട്സ്കി കൃതികൾ വായിക്കാൻ പ്രേരിപ്പിച്ചതായി പാർട്ടി നേതാവ് ആർ. സി. ഭരദ്വാജിന്റെ നിർദ്ദേശപ്രകാരം കള്ളസാക്ഷി പറഞ്ഞു എന്ന റഷീദിന്റെ വാദവും അവിശ്വസനീയമാണ്. 1950 മുതൽ അദ്ദേഹത്തിന്റെ മരണം വരെ കാൽനൂറ്റാണ്ടിലേറെക്കാലം ദാമോദരനുമായി ഉറ്റബന്ധം ഉണ്ടായിരുന്ന എനിക്ക് ഇത്ര തരംതാണ ഒരപരിചിതനാണ് അദ്ദേഹം എന്ന് ദാമോദരൻ തന്നെ പറഞ്ഞാലും വിശ്വസിക്കാനാവില്ല. പിൽക്കാലത്തെ ദാമോദരന്റെ വികല്പങ്ങളിൽനിന്ന് ഉളവായ വിഭ്രാന്തിയോ നാക്കിനു പറ്റിയ പിഴവോ ആയിരിക്കാം അങ്ങനെ അദ്ദേഹം റഷീദിനോടു പറഞ്ഞെങ്കിൽ അതിനു കാരണം. ഈ പിഴ ചിലപ്പോൾ റഷീദിന് പറ്റിയതാവാനും ഇടയില്ലാതില്ല. 1937-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രഥമ കേരളഘടകം രൂപീകരിച്ചപ്പോൾ അതിൽ കേരളീയനുമുണ്ടായിരുന്നു എന്ന അബദ്ധം റഷീദിന്റെ പേനയിൽനിന്നു വാർന്നുവീണതുപോലെ മറ്റൊരബദ്ധമായി ഇതിനെ കണക്കാക്കുന്നതായിരിക്കും ഉചിതം.

5. പുത്തുണർവ്വിന്റെ ചെങ്കൊടി

എഴുനേൽപ്പിൻ നിങ്ങൾ തനി-
പ്പട്ടിണിത്തടവുകാരെ,
എഴുനേൽപ്പിൻ മന്നിൽ കഷ്ട-
പ്പെടുന്നവരെ.

നീതിബോധമധിക്ഷേപി-
ച്ചിടിനാദം മുഴക്കുന്നു,
കൂടുതൽ നല്ലൊരു ലോകം
പിറക്കുകയായ്.

കടുക്കുകില്ലിനി നമ്മെ
പാരമ്പര്യച്ചങ്ങലകൾ—
അടിമകളല്ലിനി നാം
അടിമകൾ.....

സമരമിതൊടുക്കത്തെ! നിൽക്ക
തൻ തന്നിടത്താരും—
സർവ്വരാജ്യപ്പാർട്ടി
മർത്ത്യവംശമായിടും!

—യൂജിൻ പോട്ടിയർ*

(വിവർത്തനം: എം. പി. ഭട്ടതിരിപ്പാട്)

കാശിവിദ്യാപീഠത്തിലെ ശാസ്ത്രി ബിരുദപഠനം പൂർത്തിയാക്കിയോ പൂർത്തിയാക്കാതെയോ നാട്ടിലേക്കു സ്ഥിരമായി പോരുന്നതിന് കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ചിരുന്നതുപോലെ പല കാരണങ്ങളുണ്ടായിരുന്നി

* ലോകത്തിലെ ആദ്യത്തെ സോഷ്യലിസ്റ്റ് വിപ്ലവമായിരുന്ന 'പാരിസ് കമ്മ്യൂണി'ന്റെ (1871) പടപ്പാട്ട്. പിൽക്കാലത്ത് ഇന്നുവരെ തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിന്റെ പടപ്പാട്ടായി തുടരുന്ന 'ഇന്റർനാഷണൽ' എന്ന ഈ ഗാനം എഴുതിയത് പാരിസ് കമ്മ്യൂൺ വിപ്ലവത്തിൽ പങ്കെടുത്ത യൂജിൻ പോട്ടിയർ (1816-87). ഇന്റർനാഷണൽ എന്നത് കാൾമാർക്സും ഫ്രെഡറിക് എംഗൽസും സ്ഥാപിച്ച ഇന്റർനാഷനൽ വർക്കിങ് മെൻസ് അസോസിയേഷൻ (1866-75). ഇന്റർനാഷണലിനെ എം. പി. ഭട്ടതിരിപ്പാട് (പ്രേംജി) വിവർത്തനംചെയ്തിരിക്കുന്നതാണ് 'സർവ്വ രാജ്യപാർട്ടി' എന്നത്. ചൊല്ലാൻ കുറേക്കൂടി സുഖമുള്ളതെങ്കിലും മൂലത്തിൽനിന്ന് പല വ്യതിയാനങ്ങളുമുള്ള ബോധേശ്വരന്റെ ഒരു വിവർത്തനവും മലയാളത്തിലുണ്ട്.

രിക്കാം. അവയിൽ ഏറ്റവും പ്രധാനമായത് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമാകുകയും ആർ. ഡി. ഭരദ്വാജ് മുഖേന ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പുനഃസംഘടിപ്പിക്കപ്പെട്ട നേതൃത്വം ഏല്പിച്ച ദൗത്യവുമാണെന്ന് നിസ്സംശയം പറയാം. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുക എന്നതുതന്നെയായിരുന്നു ആ ദൗത്യം. വിവിധ ഉത്തരേന്ത്യൻ നഗരങ്ങളിലും പ്രവിശ്യകളിലും കേരളത്തോട് ഉരുമ്മിക്കിടക്കുന്ന മുംബെയ്-മദിരാശി പ്രവിശ്യകളിലും (ഇന്നത്തെ കാസർഗോഡ് ജില്ലയുടെ വടക്കുഭാഗം അന്ന് മുംബെയ് പ്രവിശ്യയുടെ ഭാഗമായിരുന്നു) കമ്മ്യൂണിസ്റ്റ് പാർട്ടിഘടകങ്ങൾ രൂപീകരിക്കപ്പെട്ടിരുന്നെങ്കിലും 1936-ൽ ദാമോദരൻ എന്ന 24-കാരൻ കമ്മ്യൂണിസ്റ്റ് യുവാവ് കാശിയിൽനിന്ന് തിരുരെത്തുമ്പോൾ ഇവിടെ ഒരു കമ്മ്യൂണിസ്റ്റ് ഘടകം പോലും ഉണ്ടായിരുന്നില്ല. ഈ വിവിധ കമ്മ്യൂണിസ്റ്റ് ഗ്രൂപ്പുകളുടെ മുന്നോടിയായിരുന്ന കർഷക തൊഴിലാളി പാർട്ടി(പെസന്റ്സ് ആന്റ് വർക്കേഴ്സ് പാർട്ടി)യും കേരളത്തിൽ രൂപംകൊണ്ടിരുന്നില്ല. 1934-ൽ പട്നയിൽവെച്ച് ചേർന്ന കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ ഒരു ഘടകം അതേ കാലത്തുതന്നെ ഇവിടെ രൂപപ്പെട്ടിരുന്നു എന്നതാണ് എടുത്തുപറയാവുന്ന ഒരു ഇടതുപക്ഷസംരംഭം.

ദാമോദരൻ കേരളത്തിൽ തിരിച്ചെത്തി ഒരു വർഷം പൂർത്തിയാകുന്നതിനുമുമ്പുതന്നെ 1937 ജൂണിൽ (ജൂലൈ എന്നും പക്ഷമുണ്ട്) ദാമോദരന്റെ പങ്കാളിത്തത്തോടെ കേരളത്തിലെ പ്രഥമ കമ്മ്യൂണിസ്റ്റ് പാർട്ടി ഘടകം രഹസ്യമായി കോഴിക്കോട്ടുവെച്ച് രൂപീകരിക്കപ്പെട്ടു. കോൺഗ്രസുകാരും അതിലെതന്നെ സി. എസ്. പി. പ്രവർത്തകരുമായി അറിയപ്പെട്ടിരുന്ന പി. കൃഷ്ണപിള്ള, ഇ. എം. എസ്. നമ്പൂതിരിപ്പാട്, എൻ. സി. ശേഖർ എന്നിവരും ദാമോദരനും ചേർന്ന നാലുപേരായിരുന്നു, ഈ പ്രഥമഘടകത്തിലെ അംഗങ്ങൾ. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ സെക്രട്ടറിയായിരുന്ന പി.കൃഷ്ണപിള്ളതന്നെയായിരുന്നു നിയമവിരുദ്ധമായ കമ്മ്യൂണിസ്റ്റ് ഘടകത്തിന്റെയും സെക്രട്ടറി. കൃഷ്ണപിള്ളയും ഇ. എം. എസ്സും കേരളപ്രദേശ് കോൺഗ്രസ് കമ്മിറ്റിയിലെ പ്രമുഖാംഗങ്ങളുമായിരുന്നു. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിലും സി. എസ്. പി.യിലും പ്രവർത്തിച്ചിരുന്ന ആന്ധ്രാ സ്വദേശി പി. സുന്ദരയ്യയും മുംബെയിലെ എസ്. വി. ഘാട്ടെയും കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തിലെ പ്രധാനകാർമ്മികരായിരുന്നു എന്നതും മറന്നുകൂടാ. പിൽക്കാലത്ത് ഇന്ത്യയിലെ പ്രഥമ കമ്മ്യൂണിസ്റ്റ് സർക്കാരിന് രൂപം നൽകി ഇന്ത്യൻ രാഷ്ട്രീയത്തിൽ വഴിത്തിരിവുകുറിച്ച കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തിലേക്കു നയിച്ച സംഭവങ്ങളുടെ ഒരു വിഹഗവീക്ഷണം നടത്തുന്നത് ഉചിതമായിരിക്കും എന്നു കരുതുന്നു. ഇന്ത്യൻ മാർക്സിസത്തിന്റെയും കമ്മ്യൂണിസ്റ്റ് ആശയങ്ങളുടെയും ഇരുളടഞ്ഞ ഏടുകളിലേക്ക് വെളിച്ചംവീശുവാൻ ദാമോദരൻ നൽകിയ സംഭാവനകൾ ഇപ്രകാരമുള്ള ഒരു വിഹഗവീക്ഷണം ഉചിതമെന്നു മാത്രമല്ല അനിവാര്യവുമാക്കുന്നു.

മാർക്സിസം ഇന്ത്യയിൽ

ദാമോദരൻ അദ്ദേഹത്തിന്റെ അവസാനനാളുകൾ ചെലവഴിച്ചതും നിര്യാതനായതും (1976) ദില്ലിയിലെ ജവഹർലാൽ നെഹ്റു സർവ്വകലാശാലയിലാണ്. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രഥമ ജനറൽ സെക്രട്ടറിയായിരുന്ന പി. സി. ജോഷി(1907-80)യുമായി സഹകരിച്ച് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഒരു 'ഡോക്യുമെന്റ് ഹിസ്റ്ററി' തയ്യാറാക്കുക എന്ന സർവ്വകലാശാലയുടെ ഒരു പദ്ധതി(പ്രോജക്ട്)യിലാണ് ഇരുവരും ഏർപ്പെട്ടിരുന്നത്. ഇരുവർക്കും അത് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അവർ ശേഖരിച്ച രേഖകളും അവയെക്കുറിച്ചുള്ള പ്രാഥമിക ഗവേഷണക്കുറിപ്പുകളും സർവ്വകലാശാലയിലെ പുരാലിഖിത-രേഖാശേഖരത്തിൽ (ആർക്കൈവ്സ്) ഭദ്രമായി സൂക്ഷിച്ചുവച്ചിട്ടുണ്ട്. പിൽക്കാലത്ത് സി. പി. ഐ. (എം.) പടിഞ്ഞാറൻ ബംഗാൾ സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജ്യോതിബസുവിന്റെ നേതൃത്വത്തിൽ ഒരുസംഘം പണ്ഡിതന്മാർ തയ്യാറാക്കിയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഡോക്യുമെന്ററ്ഡ് ഹിസ്റ്ററിയും അതിനുമുമ്പുതന്നെ ആരംഭിച്ച് ജി. അധികാരി, മോഹിത് സെൻ, എം. ബി. റാവു തുടങ്ങിയവർ തയ്യാറാക്കിയ രേഖാധിഷ്ഠിതചരിത്രവും ഇപ്പോൾ ലഭ്യമാണ്. പീപ്പിൾസ് പബ്ലിഷിംഗ് ഹൗസ് പ്രസിദ്ധീകരിച്ച ഈ ചരിത്രവും ജ്യോതിബസുവിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ചരിത്രവും വാസ്തവത്തിൽ വിശദീകരണക്കുറിപ്പുകളോടെയുള്ള രേഖാസമാഹാരങ്ങൾ മാത്രമാണ്. അനേകം സഞ്ചികകളായി പ്രസിദ്ധീകരിക്കപ്പെട്ട അവയെ ചരിത്രം എന്ന് എഡിറ്റർമാർ അവകാശപ്പെടുന്നുമില്ല. ജോഷിയും ദാമോദരനും തയ്യാറാക്കാനുദ്ദേശിച്ചിരുന്നത് കുറെക്കൂടി ഉദ്ഗ്രഥിതമായ ഒരു പരമ്പരയാണെന്നാണ് അക്കാലത്ത് ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ചെന്നു കണ്ട എന്നോട് ദാമോദരൻ പറഞ്ഞത്.

ഈ വൻപദ്ധതിയുടെ ആഴവും പരപ്പും മനസ്സിലാക്കാൻ ഉതകുന്നതാണ് അതിനുവേണ്ടി നടത്തിയ പഠനങ്ങളിലേക്ക് ഒരു കിളിവാതിൽ തുറക്കുന്ന Marx comes to India (മനോഹർ, ന്യൂദില്ലി, 1975) എന്ന ചെറുഗ്രന്ഥം. 'മാർക്സിന്റെ ഇന്ത്യയിലേക്കുള്ള വരവ്' എന്നോ മറ്റോ വിവർത്തനംചെയ്യാമെന്ന് തോന്നുന്നു. നേരത്തേ പരാമർശിച്ച രണ്ടു ഗ്രന്ഥപരമ്പരകളിലും ഇല്ലാത്ത പല വിവരങ്ങളും ഇതിലുണ്ട്.

ഇന്ത്യൻ നവോത്ഥാനത്തിന്റെ പ്രഥമ പഥികനും ബംഗാൾ നവോത്ഥാനത്തിന്റെ പിതാവുമായി പരിഗണിക്കപ്പെടുന്ന രാജാ റാം മോഹൻ റായി മുതൽ 'വന്ദേമാതര' ഗാനരചയിതാവും പ്രശസ്ത ആഖ്യായികാകാരനുമായിരുന്ന ബങ്കിം ചന്ദ്ര ചാറ്റർജിയും മഹാനായ സ്വാമി വിവേകാനന്ദനും വരെ പലരെയും കമ്മ്യൂണിസ്റ്റ്-സോഷ്യലിസ്റ്റ് ആശയങ്ങൾ ആകർഷിച്ചത് എന്ന് ഈ കൃതിയിൽ വിവരിക്കുന്നുണ്ട്. ഗുജറാത്തിൽ തുടങ്ങി ചില ഉത്തരേന്ത്യൻ ഭാഷാപത്രികകളിൽ മാർക്സിനെയും സോഷ്യലിസത്തെയുംകുറിച്ചു വന്ന കുറിപ്പുകളും വിവരണങ്ങളുംകൂടി ഈ പുസ്തകത്തിൽ പരാമർശിക്കുന്നുണ്ട്.

ലാലാ ഹർദയാലും സ്വദേശാഭിമാനിയും

മാർക്സിന്റെയും എംഗൽസിന്റെയും സിദ്ധാന്തങ്ങളും സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് ആശയങ്ങളും 19-ാം നൂറ്റാണ്ടിന്റെ അവസാനപതിറ്റാണ്ടിലും, 20-ാം നൂറ്റാണ്ടിന്റെ ആദ്യവും യൂറോപ്പിലാകെ വ്യാപിച്ചുവന്നു. മാർക്സിസ്റ്റ്-സോഷ്യലിസ്റ്റ് പാർട്ടികൾ ശക്തിയാർജ്ജിക്കുകയും പല രാഷ്ട്രങ്ങളിലും തെരഞ്ഞെടുപ്പിൽ ജയിച്ച് ശ്രദ്ധേയമായ രാഷ്ട്രീയസാന്നിദ്ധ്യമാവുകയും ചെയ്തുവന്നു. ഈ മുന്നേറ്റത്തിന്റെ മാറ്റൊലികൾ യൂറോപ്യേതരരാഷ്ട്രങ്ങളിലും മുഴങ്ങാൻ തുടങ്ങി. ഈ മുഴക്കത്തിന്റെ രണ്ട് ഇന്ത്യൻ ഉദാഹരണങ്ങളാണ് ലാലാ ഹർദയാൽ ഇംഗ്ലീഷിലും സ്വദേശാഭിമാനി രാമകൃഷ്ണപിള്ള മലയാളത്തിലും കാൾ മാർക്സിനെക്കുറിച്ചെഴുതിയ രണ്ടു ജീവചരിത്ര പഠനങ്ങൾ. ഈ രണ്ടു കൃതികളെയും അവയുടെ രചയിതാക്കളെയുംകുറിച്ച് എഴുതിയ വിമർശനാത്മകപഠനങ്ങളും ജോഷിയുടെയും ദാമോദരന്റെയും മേൽ പ്രസ്താവിച്ച കൃതിയിലെ വിലപ്പെട്ട അദ്ധ്യായങ്ങളാണ്. ഹർദയാലിനെക്കുറിച്ച് ജോഷിയും രാമകൃഷ്ണപിള്ളയെക്കുറിച്ച് ദാമോദരനും ആണ് എഴുതിയിരിക്കുന്നത്.

ഒരു സമ്പന്നകുടുംബത്തിൽ ജനിച്ച പഞ്ചാബിയായ ലാലാ ഹർദയാൽ തീവ്രവാദി എന്നുപോലും വിശേഷിപ്പിക്കാവുന്ന ആദ്യകാലസ്വാതന്ത്ര്യസമര സേനാനികളിൽ ഒരാളായിരുന്നു. വിദേശസർവ്വകലാശാലകളിൽ മാറിമാറി പഠിച്ച ഹർദയാൽ പലതവണ ലോകം ചുറ്റിസഞ്ചരിച്ചിട്ടുണ്ട്. ചെമ്പകരാമൻ പിള്ള, വിരേന്ദ്രനാഥ് ചട്ടോപാധ്യായ, എം. എൻ. റോയി, അബനി മുഖർജി തുടങ്ങിയവരെപ്പോലെ ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രചരണം നടത്താനും പണം ശേഖരിക്കാനും ചിലപ്പോൾ ആയുധങ്ങൾതന്നെ വാങ്ങാനും ഹർദയാൽ ഈ യാത്രകളിൽ പരിശ്രമിച്ചുവന്നു. സ്വാഭാവികമായും നേരത്തേ വിവരിച്ചപ്രകാരം 20-ാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിൽ മാർക്സിസ്റ്റ് പ്രസ്ഥാനം മുന്നേറിക്കൊണ്ടിരുന്നത് ഹർദയാലിന്റെ ശ്രദ്ധയിൽപ്പെട്ടു. അതിന്റെ പ്രചാരകരെ കണ്ടു സംസാരിക്കാനും അവരെക്കുറിച്ചുള്ള പുസ്തകങ്ങൾ തേടിപ്പിടിച്ചു വായിക്കാനും ഈ ലോകസഞ്ചാരിക്ക് വിഷമമൊന്നും അനുഭവപ്പെട്ടില്ല. അറിവുകളെ ആസ്പദമാക്കിയാണ് ലാലാ ഹർദയാൽ മാർക്സിനെക്കുറിച്ച് Karl Marx: A Modern Rishi എന്ന തലവാചകത്തിൽ ഒരു പ്രബന്ധമെഴുതി അക്കാലത്തെ ഉയർന്ന നിലവാരത്തിലുള്ള ഒരു മാസികയായിരുന്ന കൊൽക്കത്തയിലെ 'Modern Review' (മാർച്ച് 1912)വിൽ പ്രസിദ്ധീകരിച്ചത്.

ആ വർഷംതന്നെ ആഗസ്റ്റ് 4-ന് പാലക്കാട്ടുവെച്ച് എഴുതി പൂർത്തിയാക്കിയ കാൾമാർക്സ് എന്ന ജീവചരിത്രപഠനം സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ളയും പ്രസിദ്ധീകരിച്ചു. 1910-ൽ ഭരണരംഗത്തെ അഴിമതിയേയും രാജസേവകരുടെ അഴിഞ്ഞാട്ടത്തേയും മറ്റും അധിക്ഷേപിച്ചതിന് തിരുവിതാംകൂറിലെ ശ്രീമൂലം തിരുനാൾ രാമവർമ്മ മഹാരാജാവും അദ്ദേഹത്തിന്റെ ദിവാൻ പി. രാജഗോപാലാചാരിയും കുറ്റപത്രം കൊടുക്കുകയോ വിചാരണ

ചെയ്യുകയോപോലും ചെയ്യാതെ നാടുകടത്തപ്പെട്ട രാമകൃഷ്ണപിള്ള ആദ്യം കുറെക്കാലം തങ്ങിയിരുന്നത് പാലക്കാടുനഗരത്തിന്റെ പ്രാന്തപ്രദേശത്തുള്ള തത്തമംഗലത്ത് തരവത്ത് അമ്മാളുഅമ്മയുടെ അതിഥിയായിട്ടായിരുന്നുവല്ലോ. 'ലോകോപകാരികൾ' എന്ന ഒരു ജീവചരിത്രപരമ്പരയിൽപെടുത്തിയാണ് മാർക്സിന്റെ ജീവചരിത്രം അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ചത്. അന്ന് ഇന്ത്യയിൽ വേണ്ടത്ര അറിയപ്പെടാത്ത മോഹൻദാസ് കരംചന്ദ് ഗാന്ധിയെക്കുറിച്ചും ഈ പരമ്പരയിൽ രാമകൃഷ്ണപിള്ള ഒരു ജീവചരിത്രം എഴുതി ച്ചേർത്തിട്ടുണ്ട്. പിന്നെയും ഒരു പതിറ്റാണ്ടോളം പിന്നിട്ടശേഷമേ 'മഹാത്മ' എന്ന വിശേഷണം അദ്ദേഹത്തിന്റെ പേരോടു ചേർത്തുതുടങ്ങിയുള്ളു.

ലാലാ ഹർദയാലിന്റെ ജീവചരിത്രം പ്രസിദ്ധീകരിച്ച് നാലുമാസത്തിലേറെ പിന്നിട്ടശേഷമാണ് രാമകൃഷ്ണപിള്ള തന്റെ മാർക്സ് കൃതി എഴുതിത്തീർത്തതും പ്രസിദ്ധീകരിച്ചതും എന്നതിനാൽ അദ്ദേഹത്തിന് ഹർദയാലിനോടു കടപ്പാടുണ്ട് എന്ന് ചിലർ വാദിച്ചിരുന്നു. സൂക്ഷ്മമായി പരിശോധിച്ചാൽ അതു തികച്ചും തെറ്റാണെന്ന് ബോദ്ധ്യപ്പെടും. തികച്ചും ഒരു ഐഹികകാര്യചിന്തകനും വിപ്ലവകാരിയുമായിരുന്ന മാർക്സിനെ modern Rishi അഥവാ ഒരാധുനിക മഹർഷി എന്ന് വിശേഷിപ്പിച്ചതിൽനിന്നുതന്നെ ഹർദയാലിന്റെ വീക്ഷണവൈകല്യം ആരംഭിക്കുന്നു. ഒരു മഹാജ്ഞാനി എന്ന നിലയിൽ മാർക്സിനെ ബഹുമാനിക്കുന്ന ഹർദയാൽ അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ പ്രായോഗികമാണോ എന്ന കാര്യത്തിൽ ആശങ്ക പ്രകടിപ്പിക്കുന്നുണ്ട്. ജോഷി വിശദമായി വിശകലനംചെയ്ത് സമർത്ഥിക്കുന്നതുപോലെ മാർക്സിയൻ സിദ്ധാന്തത്തിന്റെ കാതലായ വശമൊന്നും ഹർദയാലിന് പിടികിട്ടിയിട്ടില്ലായിരുന്നു എന്ന് ആ ലേഖനം വ്യക്തമാക്കുന്നു. ഇതിനു നേരെ വിപരീതമാണ് രാമകൃഷ്ണപിള്ളയുടെ നിലപാട്. മാർക്സിന്റെ മുതലാളിത്തം, വർഗ്ഗം, സോഷ്യലിസം, ചരിത്രപരമായ ഭൗതികവാദം എന്നിവയൊക്കെ പഠിച്ച് വലിയ പാളിച്ചയൊന്നും കൂടാതെ അനുകൂലമനോഭാവത്തോടെ വിശദീകരിക്കുന്ന രാമകൃഷ്ണപിള്ള മാർക്സിന്റെയും എംഗൽസിന്റെയും കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ തുടങ്ങിയ ചില കൃതികളെ വിശദമായി വായനക്കാർക്ക് പരിചയപ്പെടുത്തുന്നു. രാമകൃഷ്ണപിള്ളയെ നാടുകടത്തുന്നതിനു മുൻപ് ഇംഗ്ലണ്ടിൽ പോയി ബാരിസ്റ്റർ പരീക്ഷ ജയിച്ചുവന്ന് തിരുവനന്തപുരത്ത് അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ട നാരായണപിള്ള എന്നൊരു രാഷ്ട്രമീമാംസാപണ്ഡിതൻ സോഷ്യലിസത്തെപ്പറ്റി വി.ജെ.റ്റി. ഹാളിൽ നടത്തിയ പ്രസംഗപരമ്പര രാമകൃഷ്ണപിള്ളയെ വളരെ ആകർഷിക്കുകയും അദ്ദേഹം അതിന്റെ സംഗ്രഹീതരൂപം തന്റെ പത്രത്തിൽ ഖണ്ഡശഃ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. നാടുകടത്തിയതിനുശേഷം രാമകൃഷ്ണപിള്ള പത്രാധിപത്യം ഏറ്റെടുത്ത് കുന്നംകുളത്തെ ആത്മപോഷിണി മാസികയിൽ സോഷ്യലിസത്തെ അനുകൂലിച്ച് വിശദീകരിക്കുന്ന ഒരു ലേഖനപരമ്പര അദ്ദേഹം പ്രസിദ്ധീകരിക്കുകയുംചെയ്തു. ഇതെല്ലാം സംശയത്തിന് ഇടകൊടുക്കാത്തവിധം ഹർദയാലും രാമകൃഷ്ണപിള്ളയുമായുള്ള വൈപരീത്യത്തെ വ്യക്തമാക്കുന്നു.

അതൊക്കെ എന്തുതന്നെയായാലും ഹർദയാലും രാമകൃഷ്ണപിള്ളയും 1917-ലെ റഷ്യൻ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന് അഞ്ചുകൊല്ലം അവശേഷിക്കുമ്പോൾത്തന്നെ മാർക്സിനെക്കുറിച്ച് പഠനങ്ങൾ എഴുതിയെന്നത് അത്യന്തം ശ്രദ്ധേയമായ സംഭവങ്ങളാണെന്ന് സമ്മതിക്കാതെ തരമില്ല.

പല പതിറ്റാണ്ടുകളായി വിസ്മൃതിയിൽ ആണ്ടുകിടന്നിരുന്ന സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ 'കാറൽമാർക്സ്' 34 വർഷം കഴിഞ്ഞ് കണ്ടെടുത്ത് ലഘുപഠനത്തോടെ പ്രസിദ്ധീകരിച്ചത് (1946-ൽ) കെ. ദാമോദരനാണ് എന്ന വസ്തുത എടുത്തുപറയാതിരിക്കുന്നത് അക്ഷന്തവ്യമായിരിക്കും. പിന്നീട് 30 വർഷംകൂടി കഴിഞ്ഞാണ് പി. സി. ജോഷിയുമായി സഹകരിച്ച് അദ്ദേഹം 'ഇന്ത്യയിലേക്ക് മാർക്സിന്റെ വരവ്' എന്ന ഇംഗ്ലീഷ് പുസ്തകത്തിൽ കൂടുതൽ വിപുലമായ ഒരു വായനാസമൂഹത്തിനുവേണ്ടി നല്ലൊരു പഠനത്തോടുകൂടി രാമകൃഷ്ണപിള്ളയുടെ പുസ്തകം ഇംഗ്ലീഷിലാക്കി പ്രസിദ്ധീകരിച്ചത്. സമകാലികസിദ്ധാന്തങ്ങളും സങ്കല്പങ്ങളും വിശ്വാസങ്ങളും വിശകലനംചെയ്തവതരിപ്പിക്കുമ്പോൾ അവരുടെ മൂലസ്രോതസ്സുകൾതേടി ചരിത്രത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങുക എന്നത് മാർക്സിസ്റ്റ് പഠനങ്ങളുടെ മാറ്റമില്ലാത്ത സമ്പ്രദായമാണ്. ദാമോദരനും അങ്ങനെയാണ് പഠനവും ആവിഷ്കാരവും നടത്തുന്നത് എന്ന് അദ്ദേഹത്തിന്റെ വിവിധ വിഷയസ്പർശികളായ കൃതികൾ പരിശോധിക്കുമ്പോൾ നമുക്കു കാണാൻ കഴിയും. ഈ സമ്പ്രദായംതന്നെയാണ് ജോഷിയോടുകൂടി ചേർന്ന് എഴുതിയ ഈ പുസ്തകത്തിലും രാമകൃഷ്ണപിള്ളയുടെ കൃതി തേടിപ്പിടിച്ച് പ്രസിദ്ധീകരിച്ചതിലും അവരുടെ പൂർത്തിയാകാത്ത രേഖാധിഷ്ഠിതചരിത്രസംരംഭത്തിലുമെല്ലാം നാം കാണുന്നത്.

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രാരംഭം

ഇതുവരെ ഈ അദ്ധ്യായത്തിൽ നാം ചർച്ചചെയ്തത് മാർക്സിസം, സോഷ്യലിസം, കമ്മ്യൂണിസം തുടങ്ങിയ ആശയങ്ങൾ ഇന്ത്യയിലെത്തിയതിനെക്കുറിച്ചും അവയുടെ പ്രചാരത്തെക്കുറിച്ചുമാണല്ലോ. പക്ഷേ, രാഷ്ട്രീയാശയങ്ങൾ രാഷ്ട്രീയപ്രസ്ഥാനമായി ചരിത്രഗതിയെ സ്വാധീനിക്കണമെങ്കിൽ ഈ ആശയങ്ങൾ സ്വീകരിച്ച് പ്രവർത്തിക്കുന്ന സംഘടനകളും പാർട്ടികളും വേണം. അതുകൊണ്ട് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തേയും ആദ്യകാലവികാസത്തേയുംകുറിച്ച് ചുരുക്കമായി പരിശോധിക്കാം.

മലയാളത്തിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന് അല്പം ആശയക്കുഴപ്പമുണ്ടാകുന്നവിധം പരാമർശിച്ചുവരുന്ന 'ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി' (കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ—സി.പി.ഐ.) സുമാർ ഒമ്പതു പതിറ്റാണ്ടു മുമ്പു മാത്രമായിരുന്നുവെങ്കിലും അത് എവിടെവെച്ച്, എന്ന്, ആരൊക്കെചേർന്ന് സംഘടിപ്പിച്ചു എന്നത് ഇന്നും വിവാദവിഷയമാണ്. ഇ. എം. എസ്. നമ്പൂതിരിപ്പാട്, എൻ. ഇ. ബാലറാം, ഇ. കെ. നായനാർ തുടങ്ങിയവർ തങ്ങളുടെ വീക്ഷണകോണുകളിൽ സി. പി. ഐ. രൂപീകരണത്തെ

ക്കുറിച്ചെഴുതിയിട്ടുണ്ടെങ്കിലും ദാമോദരന്റെ വിപുലമായ രചനാശേഖരത്തിൽ ഈ വിഷയത്തെക്കുറിച്ചെന്തെങ്കിലും എഴുതിയിട്ടുള്ളതായി കാണുന്നില്ല. അവസാനനാളുകളിൽ സി. പി. ഐ.യോട് വളരെ അകന്നാണ് വർത്തിച്ചിരുന്നത് എങ്കിലും പാർട്ടിയിലെ പിളർപ്പിനെത്തുടർന്ന് ഔപചാരികമായി സി.പി.ഐ.യിലായിരുന്ന ദാമോദരൻ ഈ പ്രശ്നത്തിൽ സി.പി.ഐ.യുടെ ഔദ്യോഗികനിലപാടാണ് സ്വീകരിച്ചിരുന്നത് എന്ന് കരുതാവുന്നതാണ്.

പഴയ സോവിയറ്റ് യൂണിയനിലെ തെക്കൻമേഖലയിലെ പ്രമുഖനഗരമായ താഷ്ക്കെന്റിൽ വെച്ച് അന്ന് കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ (കോമിന്റേണിന്റെ) നിർവ്വാഹകസമിതി അംഗമായിരുന്ന ഇന്ത്യൻ വിപ്ലവകാരി എം. എൻ. റോയിയുടെ നേതൃത്വത്തിൽ 1920 ഒക്ടോബർ 17-ാംതീയതി ഏഴ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളും പ്രവാസികളും ചേർന്നാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രഥമ ഘടകം രൂപീകരിച്ചത് എന്നാണ് സി.പി.ഐ. (എം.) വാദിക്കുന്നത്. എം. എൻ. റോയി, ഭാര്യ എവ്ലിൻ റോയി, അബനി മുഖർജി, റോസ ഫിംഗറോഫ്, മുഹമ്മദാലി, മുഹമ്മദ് സിദ്ദിഖ്, പി. ബി. ആചാര്യ എന്നീ ഏഴുപേരായിരുന്നു ഈ സ്ഥാപകസമ്മേളനത്തിൽ പങ്കെടുത്തത്. ഇവരിൽ മുഹമ്മദ് സിദ്ദിഖ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. എം. എൻ. റോയി കൺവീനർ ആയി വിളിച്ചുകൂട്ടിയ ഈ സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചത് ആചാര്യയായിരുന്നു.

1924-ൽ കാൺപൂരിൽവെച്ചു ചേർന്ന ഒരു യോഗത്തിലാണ് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കപ്പെട്ടത് എന്നാണ് സി. പി. ഐ.യുടെ ഔദ്യോഗികനിലപാട്. അതിനവർ ഉന്നയിക്കുന്ന മുഖ്യകാരണം ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കേണ്ടത് ഇന്ത്യൻമണ്ണിൽവെച്ചാണെന്നും അങ്ങനെ നടന്നത് കാൺപൂരിലായിരുന്നു എന്നുമാണ്. എം. എൻ. റോയി പിന്നീട് കമ്മ്യൂണിസ്റ്റ് ഇന്റർ നാഷണലും ലെനിനുമായി തെറ്റിപ്പിരിഞ്ഞതും അല്പകാലത്തെ പ്രവർത്തനത്തിനും ചില പ്രസിദ്ധീകരണങ്ങൾക്കും ശേഷം താഷ്കെന്റ് ഗ്രൂപ്പ് നിഷ്ക്രിയമായതുംകൂടി കാൺപൂർവാദികളിൽ ചിലർ ചൂണ്ടിക്കാണിക്കാറുണ്ട്.

അവയ്ക്കെല്ലാം തക്ക മറുപടി താഷ്കെന്റ് വാദികൾ കൊടുക്കുന്നു. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം നടത്തിയ ബോൾഷെവിക് പാർട്ടിയുടെ ആദ്യരൂപമായിരുന്ന റഷ്യൻ സോഷ്യൽ ഡെമോക്രാറ്റിക് ലേബർ പാർട്ടി രൂപീകരിച്ചത് ലണ്ടനിൽവച്ചായിരുന്നു. താഷ്കെന്റ് യോഗം ചേർന്നത് കോമിന്റേണിന്റെ അംഗീകാരത്തോടെയും പ്രതിനിധിയുടെ കാർമ്മികത്വത്തിലും ആയിരുന്നു. കാൺപൂർ സമ്മേളനത്തെക്കുറിച്ച് കോമിന്റേൺ അറിഞ്ഞിരുന്നതേയില്ല. താഷ്കെന്റിൽ രൂപംകൊണ്ട പാർട്ടി 'വാൻഗാർഡ്' എന്ന ഒരു നിയമവിരുദ്ധപത്രം വിദേശത്ത് അച്ചടിച്ച് ഇന്ത്യയിൽ വിതരണംചെയ്ത് കമ്മ്യൂണിസ്റ്റ് ആശയങ്ങൾ വിപുലമായി പ്രചരിപ്പിച്ചിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനങ്ങളിൽ കമ്മ്യൂണിസ്റ്റ് വീക്ഷണവും സമരതന്ത്രങ്ങളും അംഗീകരിക്കാൻ വിജ്ഞാപനങ്ങൾ വിതരണംചെയ്തിരുന്നു. എം.

എൻ. റോയി എഴുതിയ ഇന്ത്യ ഇൻ ട്രാൻസിഷൻ (ഇന്ത്യ പരിവർത്തനത്തിൽ) എന്ന കൃതി മാർക്സിസ്റ്റ് അടിസ്ഥാനത്തിൽ ഇന്ത്യൻ സ്ഥിതിഗതികളും ഭാവിപരിപാടിയും വിവരിക്കുന്ന ഒന്നാമത്തെ ഗ്രന്ഥമാണ്. ആദ്യകാല കമ്മ്യൂണിസ്റ്റുകാരുടെ പ്രാഥമിക പാഠപുസ്തകമായിരുന്നു അത്.

കോമിന്റേണിന്റെ രേഖാമൂലമായ അംഗീകാരമോ നിർദ്ദേശമോ ഇല്ലായിരുന്നെങ്കിലും കോമിന്റേൺ അംഗീകരിച്ചിരുന്ന ബ്രിട്ടീഷ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവും, അവിടത്തെ പാർലമെന്റ് അംഗവും ഇന്ത്യൻ വംശജനുമായ ഷാപ്പൂർജി ശക്ലത്ത്വാല കാൺപൂർ സമ്മേളനം ഉദ്ഘാടനംചെയ്യാമെന്ന് സമ്മതിച്ചിരുന്നു. അനിവാര്യമായ കാരണങ്ങളാൽ അദ്ദേഹം നേരിട്ടു വരാതെ വിജയം ആശംസിച്ച് സന്ദേശമയച്ചത് കോമിന്റേൺ അറിയാതെയാവില്ല. ശക്ലത്ത്വാലയുടെ അഭാവത്തിൽ, ഇന്ത്യൻ തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിന്റെ ആദ്യപഥികരിൽ പ്രഥമഗണനീയനായ മദിരാശിയിലെ ശിങ്കാരവേലുചെട്ടിയാരാണ് അദ്ധ്യക്ഷതവഹിച്ചത്. കാൺപൂർ ഗൂഢാലോചനക്കേസിൽ പ്രതിയായി ജയിലിലായിരുന്നതിനാൽ സമ്മേളനത്തിൽ പങ്കെടുക്കാൻ കഴിയാതെപോയ എസ്. എ. ഡാങ്കെയുടെ അഭാവത്തിൽ സമ്മേളനത്തിന് നേതൃത്വം നൽകുകയും പാർട്ടിയുടെ ജനറൽസെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്ത എസ്. വി. ഘാട്ടെ 1970-ൽ നിര്യാതനാകുംവരെ പ്രസ്ഥാനത്തിന്റെ നേതാവായിരുന്നു. കാൺപൂർ സമ്മേളനം വിളിച്ചുചേർക്കാൻ മുൻകൈയെടുത്തതും തയ്യാറെടുപ്പുനടത്തിയതും സത്യഭക്ത എന്ന പേരു സ്വീകരിച്ച നാഗപ്പൂർകാരൻ ചമൻലാൽ ആയിരുന്നു. സത്യഭക്ത ദേശീയവാദിയും സ്വാതന്ത്ര്യസമരസേനാനിയും പത്രപ്രവർത്തകനും ആയിരുന്നു. അദ്ദേഹം വിഭാവനംചെയ്ത കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വിദേശബന്ധങ്ങൾ നിഷിദ്ധമായിരുന്നു. അതുകൊണ്ട് 'ഇന്ത്യയിലെ' കമ്മ്യൂണിസ്റ്റ് പാർട്ടി എന്നല്ല 'ഇന്ത്യൻ' കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന പേരു സ്വീകരിക്കണമെന്നും കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലുമായി ബന്ധപ്പെടേണ്ടതില്ല എന്നും വാദിച്ചു. സമ്മേളനത്തിലെ ഭൂരിപക്ഷം അംഗങ്ങളും ഈ രണ്ടു നിർദ്ദേശങ്ങളെയും തിരസ്കരിച്ചതുമൂലം സത്യഭക്ത സമ്മേളനത്തിൽനിന്ന് ഇറങ്ങിപ്പോയി. ഇതും തെളിയിക്കുന്നത് കാൺപൂരിൽ രൂപംകൊണ്ട പാർട്ടി സങ്കുചിത ദേശീയവാദികളുടേതല്ലായിരുന്നു എന്നാണ്.

ഇതൊക്കയാണ് രണ്ടുകൂട്ടരുടേയും വിപരീതവാദങ്ങളുടെ ചുരുക്കം. ആ തർക്കത്തിലേക്ക് കൂടുതൽ ഇവിടെ പ്രവേശിക്കേണ്ട കാര്യമില്ല. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രത്തിലെ ഒന്നാമത്തെയും രണ്ടാമത്തെയും നാഴികക്കല്ലുകളായിരുന്നു താഷ്കെന്റിലേയും കാൺപൂരിലെയും സംരംഭങ്ങൾ എന്നു കരുതുകയാകും യുക്തിയുക്തം.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രായപൂർത്തി

പ്രജാക്ഷേമതൽപരനായ ചക്രവർത്തി തിരുമനസ്സിന്റെ അധികാരത്തെ അട്ടിമറിക്കാൻ സായുധയുദ്ധം നടത്താൻ തയ്യാറെടുക്കുന്ന—ഏകദേശം ഇതു

പോലെ ആരോപണമുന്നയിച്ച്—ശൈശവദശയിലായിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയെ തകർക്കാൻ ബ്രിട്ടീഷ് മേൽക്കോയ്മ ഇക്കാലത്ത് കമ്മ്യൂണിസ്റ്റുകാർക്കും കമ്മ്യൂണിസ്റ്റുകാർ എന്നു സംശയിക്കപ്പെടുന്നവർക്കും എതിരെ പല ഗൂഢാലോചനക്കേസുകൾ എടുത്ത് പ്രതികളെ അറസ്റ്റുചെയ്യുകയും വിചാരണപ്രഹസനങ്ങൾ നടത്തി ശിക്ഷിക്കുകയും ചെയ്തുവന്നു. അവയിലൊന്നാണ് നാം നേരത്തേ പരാമാർശിച്ച 'കാൺപൂർ കമ്മ്യൂണിസ്റ്റ് ഗൂഢാലോചനക്കേസ്' (1924). അതിനു മുൻപ് 'പെഷവർ ഗൂഢാലോചനക്കേസ്' എന്നറിയപ്പെടുന്ന ഏതാനും കേസുകൾ നടന്നു (1922-23). ഇവയ്ക്കെല്ലാം ശേഷം നടന്ന മീററ്റ് കമ്മ്യൂണിസ്റ്റ് ഗൂഢാലോചനക്കേസ് ആണ് ഏറ്റവും പ്രസിദ്ധവും ഒച്ചപ്പാടുകൾക്ക് വഴിവെച്ചതും. ഈ കേസുകൾ വിചാരണ ചെയ്ത കോടതികളുടെ ആസ്ഥാനമാണ് ആ കേസുകൾക്ക് സ്ഥലപ്പേരുകൾ വിശേഷണമായി നൽകുവാൻ പ്രേരകമായത്. അല്ലാതെ ഗൂഢാലോചനകൾ ആ സ്ഥലങ്ങളിൽവെച്ചാണ് നടന്നത് എന്നർത്ഥമില്ല.

വാസ്തവത്തിൽ ഇവയിലാദ്യത്തേതായ പെഷവാർ ഗൂഢാലോചനക്കേസുകൾ ശുദ്ധവങ്കത്തമോ തട്ടിപ്പോ ആയിരുന്നു. അതിലെ ശിക്ഷിക്കപ്പെട്ടവരും അല്ലാത്തവരുമായ ഡസൻകണക്കിന് പ്രതികളിൽ ഒന്നോ രണ്ടോ പേർക്ക് ഒരുപക്ഷേ, കമ്മ്യൂണിസ്റ്റ് ആശയങ്ങളോട് നേരിയബന്ധം ഉണ്ടായിരുന്നിരിക്കാമെങ്കിലും ബഹുഭൂരിപക്ഷം പേരും അരാഷ്ട്രീയക്കാരായ തീർത്ഥാടകരോ ഉദ്യോഗാപേക്ഷികളോ മാത്രമായിരുന്നു. തീർത്ഥാടനത്തിനോ ജോലിക്കോ വിനോദത്തിനോവേണ്ടി അറേബ്യയിലും പശ്ചിമേഷ്യൻ രാഷ്ട്രങ്ങളിലും ചുരുക്കം ചിലർ സോവിയറ്റ് യൂണിയനിലും പോയശേഷം സ്വദേശമായ ഇന്ത്യയിലേക്ക് കൈബർചുരം വഴിയോ മറ്റോ നടന്നും കുതിരപ്പുറത്തും മറ്റുമായി മടങ്ങിവന്നവർ. അവരെല്ലാം കുറ്റം നിഷേധിച്ച് കേസ് വാദിക്കുകയും മാപ്പ് അപേക്ഷിക്കുകയുമാണ് ചെയ്തത്. കമ്മ്യൂണിസ്റ്റ് ഗൂഢാലോചനക്കേസിലെ കമ്മ്യൂണിസ്റ്റുകാരായ പ്രതികൾ നേരെമറിച്ച് തങ്ങൾ കമ്മ്യൂണിസ്റ്റ്കാരാണ് എന്ന് ഏറ്റുപറയുകയും രാജ്യപുരോഗതിക്കുവേണ്ടി കമ്മ്യൂണിസം പ്രചരിപ്പിക്കാൻ തങ്ങൾക്കവകാശമുണ്ടെന്ന് വാദിക്കുകയുമാണ് ചെയ്യാറ്. കാൺപൂർ കേസിലും മീററ്റ് കേസിലും അതാണ് സംഭവിച്ചത്.

കാൺപൂരിനുശേഷം മീററ്റ്

താഷ്കെന്റിലെയും കാൺപൂരിലെയും കമ്മ്യൂണിസ്റ്റ് രൂപീകരണസംരംഭങ്ങളും അവയുടെ പ്രവർത്തനങ്ങളും ഗൂഢാലോചനക്കേസുകളും കമ്മ്യൂണിസ്റ്റ് ആശയങ്ങൾക്ക് വലിയ പ്രചാരമാണ് നൽകിയത്. കമ്മ്യൂണിസത്തെ എതിർത്ത് ബ്രിട്ടീഷ് സർക്കാരും മാധ്യമങ്ങളും നടത്തിയ പ്രചരണങ്ങളും പ്രയത്നങ്ങളും കമ്മ്യൂണിസത്തോടുള്ള വെറുപ്പിനു പകരം അതിന്റെ ആകർഷകത്വം വർദ്ധിപ്പിച്ചതേയുള്ളു. മാത്രമല്ല, കമ്മ്യൂണിസത്തെ അനുകൂലിക്കുന്ന പത്രികകളും ലഘുലേഖകളും ചില ഗ്രന്ഥങ്ങളും പ്രചരിക്കാൻ തുടങ്ങുകയുംചെയ്തു. ശിങ്കാരവേലുചെട്ടിയാർ മദിരാശിയിൽനിന്നും പ്രസി

ദ്ധീകരിച്ചുകൊണ്ടിരുന്ന ലേബർ കിസാൻ ഗസറ്റ് എന്ന ദൈവാരികയും എസ്. എ. ഡാങ്കെ മുംബെയിൽനിന്ന് പ്രസിദ്ധീകരണമാരംഭിച്ച സോഷ്യലിസ്റ്റും ഇവയിൽ എടുത്തുപറയേണ്ടവയാണ്. എം. എൻ. റോയിയുടെ വാൻഗാർഡും ഈ സേവനംതന്നെയാണ് നിർവ്വഹിച്ചത് എങ്കിലും അത് ഇന്ത്യയ്ക്കു വെളിയിൽ അച്ചടിച്ച് നിയമവിരുദ്ധമായി ഇന്ത്യയിൽ വിതരണംചെയ്യപ്പെടുകയായിരുന്നു. എന്നാൽ ശിങ്കാരവേലുവിന്റെയും ഡാങ്കെയുടെയും പത്രികകൾ നിയമവിധേയമായി ഇന്ത്യയിൽത്തന്നെ അച്ചടിച്ച് വിതരണംചെയ്യുകയായിരുന്നു.

ഇതിനുപുറമേ താഷ്കെന്റിലെയും കാൺപൂരിലെയും ആശയങ്ങൾ ഉൾക്കൊണ്ട് മസ്ദൂർ-കിസാൻ പാർട്ടി (പെസന്റ്സ് ആൻഡ് വർക്കേഴ്സ് പാർട്ടി) എന്ന പേരിൽ നഗരങ്ങളിലും പ്രവിശ്യകളിലും ഗ്രൂപ്പുകൾ ഉയർന്നുവന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിനു പുറമേ രണ്ടു ധാരകൾകൂടി സമാന്തരമായി ഉയർന്നുവന്നു— കമ്മ്യൂണിസ്റ്റ്-സോഷ്യലിസ്റ്റ് ധാരയും ബ്രിട്ടീഷുകാർ ഭീകരർ എന്നു മുദ്രകുത്തിയ ഭഗത്സിംഗിന്റെയും മറ്റും നേതൃത്വത്തിൽ വളർന്നുവന്ന ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ ആർമിപോലുള്ള സായുധഗ്രൂപ്പുകളും. 1922-ലെ ചൗരിചൗരാ പോലീസ് സ്റ്റേഷൻ ആക്രമണത്തിനുശേഷം പൊടുന്നനെ ഒന്നാം നിസ്സഹകരണ സത്യാഗ്രഹസമരം ഗാന്ധി പിൻവലിക്കുകയും, കോൺഗ്രസിലെ അദ്ദേഹത്തിന്റെ പക്ഷക്കാർ ഖാദിപ്രചരണം, മദ്യവർജ്ജനം, ഹരിജനോദ്ധാരണം തുടങ്ങിയ നിർമ്മാണപ്രവർത്തനത്തിൽ ഏർപ്പെടുകയും ഗാന്ധിയോടു വിയോജിച്ചവർ 'സ്വരാജ് പാർട്ടി' രൂപീകരിക്കുകയും ചെയ്തതോടെ കോൺഗ്രസിന്റെ പ്രഹരശേഷി ക്ഷയിച്ചുവരികയായിരുന്നു. ഈ സന്ദർഭത്തിൽ മേൽവിവരിച്ച രണ്ടു ധാരകളാണ് ബ്രിട്ടീഷ് സർക്കാരിന് എതിരെ വെല്ലുവിളിയായിത്തീർന്നത്. അറസ്റ്റും മർദ്ദനവും തടവും വധശിക്ഷയുമൊക്കെയായി ഉരുക്കുമുഷ്ടികൊണ്ട് 'ഭീകര'ന്മാരെ നേരിട്ടുകൊണ്ടിരുന്ന ബ്രിട്ടീഷ് സർക്കാർ ഗൂഢാലോചനക്കേസുകൾവഴി കമ്മ്യൂണിസ്റ്റുകാരെയും സോഷ്യലിസ്റ്റുകാരെയും വേട്ടയാടാൻ തീരുമാനിച്ചതിന്റെ ഫലമായിട്ടാണ് 1929-ലെ മീറ്റ് ഗൂഢാലോചനക്കേസ് ചാർജ്ചെയ്യപ്പെട്ടത്.

കേസ് വ്യാപകമായ ശ്രദ്ധയെ ആകർഷിച്ചു. അതിനുള്ള പല കാരണങ്ങളിൽ ഒന്ന് ഇന്ത്യയിലെ മാറിവരുന്ന രാഷ്ട്രീയാന്തരീക്ഷമായിരുന്നു. അല്പംമുമ്പ് ചൗരിചൗരായ്ക്കുശേഷം ഇന്ത്യൻ രാഷ്ട്രീയരംഗത്തെ ഗ്രസിച്ചുകൊണ്ടിരുന്ന മാന്ദ്യം അവസാനിച്ച്, പുതിയ ഉണർവ്വിന്റെ വെളിച്ചം വീശിത്തുടങ്ങിയിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ലക്ഷ്യം പുത്രികാ രാജ്യപദവിക്കപ്പുറം പൂർണ്ണ സ്വാതന്ത്ര്യമാണെന്നതിനും സൈമൺ കമ്മീഷനെതിരെ രാജ്യവ്യാപകമായി നടന്ന സംഘർഷനിർഭരമായ ബഹിഷ്കരണം, ജവഹർലാൽ നെഹ്റുവിനെപ്പോലുള്ള യുവനേതൃത്വത്തിന്റെ ഉയർച്ച തുടങ്ങിയവ ഈ ഉണർവ്വിന്റെ തെളിവുകളായി. മീറ്റ് കേസിൽ പ്രതികൾക്കുവേണ്ടി വാദിക്കാനും ചെലവിനങ്ങൾക്ക് പണം ശേഖരിക്കാനും രൂപീകരിച്ച

'ഡിഫൻസ് കമ്മിറ്റി' (പ്രതിരോധസമിതി)യിൽ ജവഹർലാൽ നെഹ്റുവിനേയും ബുലാഭായി ദേശായിയേയുംപോലുള്ള ഉന്നത കോൺഗ്രസ് നേതാക്കൾ അംഗങ്ങളായി. നെഹ്റുവും മറ്റും ദീർഘകാലമായി ഉപയോഗിക്കാതെ ഉപേക്ഷിച്ചിരുന്ന കറുത്ത അഭിഭാഷകവേഷവുമായി കോടതിയിൽ മീററ്റ് പ്രതികൾക്കുവേണ്ടി ഹാജരായി വാദിച്ചു. പ്രതികളാകട്ടെ, കുറ്റം നിഷേധിച്ച് നിരപരാധിത്വം തെളിയിക്കുന്നതിനു പകരം തങ്ങൾ കമ്മ്യൂണിസ്റ്റുകാരാണെന്നും കമ്മ്യൂണിസത്തിന്റെ സിദ്ധാന്തവും പ്രയോഗവും ഇപ്രകാരമാണെന്നും അതിൻപ്രകാരം പ്രവർത്തിക്കാൻ തങ്ങൾക്ക് അവകാശമുണ്ടെന്നും സവിസ്തരം വാദിച്ചുറപ്പിക്കുന്ന സത്യവാങ്മൂലമാണ് കോടതിയിൽ സമർപ്പിച്ചത്. പത്രങ്ങൾ കോടതിനടപടികൾ വിസ്തരിച്ചുതന്നെ റിപ്പോർട്ടുചെയ്തപ്പോൾ ഈ സത്യവാങ്മൂലത്തിന്റെ വിശദാംശങ്ങളും ജനങ്ങൾക്ക് വായിച്ചു പഠിക്കാൻ സഹായിച്ചു. അങ്ങനെ പ്രതികൾ വാദികളായി പ്രോസിക്യൂഷൻ ഭാഗത്തെ ഫലത്തിൽ പ്രതിക്കൂട്ടിലാക്കി, വിചാരണയെ തങ്ങളുടെ ആശയ പ്രചരണത്തിനുള്ള വേദിയാക്കി മാറ്റി.

കേസ് ചാർജ്ചെയ്യുമ്പോൾ നാല്പതോളം പ്രതികൾ ഉണ്ടായിരുന്നു. സാങ്കേതികകാരണങ്ങളാൽ ചിലരും മാപ്പുചോദിച്ചു മറ്റുചിലരും നേരത്തേതന്നെ പ്രതിസ്ഥാനത്തുനിന്ന് ഒഴിവായി. ചിലർ തെളിവില്ലാതെ വെറുതെ വിടപ്പെട്ടു. അവസാനം ശിക്ഷിക്കപ്പെട്ടത് 27 പേരാണ്. അവരിൽ പലരും കർഷക-തൊഴിലാളിപാർട്ടികളുടെ പ്രവർത്തകരും കമ്മ്യൂണിസ്റ്റ് ഗ്രൂപ്പുകളുടെ പ്രതിനിധികളും കാൺപൂർ ഗൂഢാലോചനക്കേസ്സുകളിലും മറ്റും പ്രതികളായിരുന്നവരുമാണ്. പിൽക്കാലത്ത് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറിമാരും പോളിറ്റ്ബ്യൂറോ അംഗങ്ങളും മറ്റ് ഉന്നത സ്ഥാനങ്ങൾ അലങ്കരിച്ചിരുന്നവരും ശിക്ഷിക്കപ്പെട്ടവരിൽ ഉണ്ടായിരുന്നു. മുസഫർ അഹമ്മദ്, എസ്. എ. ഡാങ്കെ, ഡോ. ഗംഗാധർ അധികാരി, പി. സി. ജോഷി., എസ്. വി. ഘാട്ടെ, ഷൗക്കത്ത് ഉസ്മാനി, കെ. എൻ. ജോഗ്ലേക്കർ, സോഹൻസിങ് ജോഷ് തുടങ്ങിയവരുടെ പേരുകൾ, അപ്രകാരം ഓർക്കേണ്ടിവരിൽപ്പെടുന്നു. കൂടുതലും കുറവുമുണ്ടെങ്കിലും ശരാശരി നാലുവർഷമായിരുന്നു പലർക്കും ലഭിച്ച തടവുശിക്ഷ.

1933-ലും 34-ലുമായി മിക്കവരും മോചിതരായപ്പോൾ അവരും കേസിൽപെടാത്ത മറ്റു പ്രമുഖരും ഒത്തുചേർന്നാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വം പുനഃസംഘടിപ്പിക്കുകയും കേന്ദ്ര ആസ്ഥാനം സ്ഥാപിക്കുകയും ചെയ്തത്. താരതമ്യേന ചെറുപ്പക്കാരനായിരുന്ന 27-കാരൻ പി. സി. (പൂർണ്ണ ചന്ദ്ര ജോഷി) ജോഷി (1907-1980) ജനറൽ സെക്രട്ടറിയായി. ഈ പുനഃസംഘടനയ്ക്ക് സഹായകരമായ രാഷ്ട്രീയാന്തരീക്ഷവും സംഭവങ്ങളും കെ. ദാമോദരന്റെ കാശിവിദ്യാപീഠത്തിലെ പഠനകാലത്തെക്കുറിച്ചുള്ള വിവരണത്തിൽ ചേർത്തിട്ടുള്ളതുകൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല. പുതിയ കേന്ദ്രക്കമ്മിറ്റിയേയും ജനറൽസെക്രട്ടറിയേയും തെരഞ്ഞെടുത്തശേഷം

കേന്ദ്രക്കമ്മിറ്റി കൂടി ഒരു പോളിറ്റ്ബ്യൂറോയേയും തെരഞ്ഞെടുത്തു. പോളിറ്റ് ബ്യൂറോയിൽ ജനറൽ സെക്രട്ടറിക്കു പുറമേ ഡോ. ഗംഗാധർ അധികാരിയും അജയഘോഷും ആർ. ഡി. ഭരദ്വാജുമാണ് ഉണ്ടായിരുന്നത്. പാർട്ടിയുടെ നിയമവിരുദ്ധമായ രഹസ്യ ആസ്ഥാനം മുംബെയായിരുന്നു.

ഭരദ്വാജും ദാമോദരനും തമ്മിൽ അദ്ദേഹത്തിന്റെ കാശിവിദ്യാപീഠകാല ത്തുതന്നെ അടുത്ത പരിചയമാണുണ്ടായിരുന്നത് എന്നു നാം കണ്ടുവല്ലോ. ഒരു കമ്മ്യൂണിസ്റ്റ് പ്രർത്തകൻ എന്ന നിലയിൽ ദാമോദരൻ നന്നായി ശോഭി ക്കുമെന്നുറപ്പുണ്ടായിരുന്ന ഭരദ്വാജ് കേരളത്തിലേക്കു തിരിച്ചുപോയി കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേർന്ന് കോൺഗ്രസിൽ പ്രവർത്തി ക്കുവാനും തിരൂർ വിട്ട് കോഴിക്കോട്ടു പോയി അവിടം തന്റെ ആസ്ഥാന മാക്കി കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കാനുള്ള മുന്നൊരുക്ക ങ്ങൾ ചെയ്യാനും ഉപദേശിച്ചിരുന്നു. അതനുസരിച്ച് കേരളത്തിൽ തിരിച്ചെ ത്തിയ ദാമോദരൻ തിരൂരും തറവാടും വിട്ട് കോഴിക്കോട്ടേക്കു താമസം മാറ്റി. ഇതേസമയംതന്നെ മുംബെയിൽനിന്ന് എസ്. വി. ഘാട്ടെയേയും ചെന്നൈ ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന പി. സുന്ദരയ്യയേയും കേരളത്തിലെ പാർട്ടി രൂപീകരണം സംബന്ധിച്ച പ്രവർത്തനങ്ങളിൽ സഹായിക്കാൻ പാർട്ടിയുടെ അഖിലേന്ത്യാകേന്ദ്രം നിയോഗിച്ചിരുന്നു. അന്ന് സോഷ്യലിസ്റ്റുകാരായി കോൺഗ്രസിൽ പ്രവർത്തിച്ചിരുന്ന പി. കൃഷ്ണപിള്ളയേയും ഇ. എം. എസ്. നമ്പൂതിരിപ്പാടിനേയും കെ. ദാമോദരനേയും കൂടക്കൂടെ സന്ദർശിക്കാറുണ്ടാ യിരുന്നു. ദാമോദരൻ കോഴിക്കോട് ആസ്ഥാനമാക്കി തൊഴിലാളിരംഗത്തും കർഷകരംഗത്തുമാണ് പ്രവർത്തനം ആരംഭിച്ചത്.

1937-ൽ പി. സുന്ദരയ്യയുടെയും എസ്. വി. ഘാട്ടെയുടെയും കാർമ്മികത്വ ത്തിൽ കോഴിക്കോട്ടു ചേർന്ന രഹസ്യയോഗത്തിൽവെച്ച് കമ്മ്യൂണിസ്റ്റ് പാർട്ടി യുടെ പ്രഥമ കേരളഘടകം രൂപീകരിക്കപ്പെട്ടു. കൃത്യം 20 വർഷത്തിനു ശേഷം ആ പാർട്ടി കേരളത്തിലെ ഭരണകക്ഷിയായി (1957 ഏപ്രൽ 5) ഉയർന്ന ഉദ്വേഗജനകമായ കഥയുമായി ദാമോദരന്റെ പ്രവർത്തനം ബന്ധപ്പെട്ടിരി ക്കുന്നു. അന്ന് സി. എസ്. പി. കേരള സംസ്ഥാന സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന പി. കൃഷ്ണപിള്ള സെക്രട്ടറിയായും ഇ. എം. എസ്. നമ്പൂ തിരിപ്പാട്, കെ. ദാമോദരൻ, എൻ. സി. ശേഖർ എന്നിവർ അംഗങ്ങളുമായി ആണ് ഈ ആദ്യഘടകം രൂപീകൃതമായത്. അതിന്റെ വിശദാംശങ്ങളിലേക്കു പോകുംമുമ്പ് ദാമോദരന്റെ പ്രവർത്തനങ്ങളെപ്പറ്റിയും കേരളത്തിലെ കർഷക ത്തൊഴിലാളിരംഗത്തെ സംബന്ധിച്ചും അറിഞ്ഞിരിക്കേണ്ടതുണ്ട്.

6. നാൽവർ ചേർന്ന പ്രഥമഘടകം

ചെങ്കൊടി....ചെങ്കൊടി....ചെങ്കൊടി
പുതിയ ധർമ്മനീതികൾകൊ-
രരിയ കുങ്കുമക്കുറി
നവയുഗപ്രഭാതരാഗ-
ദീപ്തിയാർന്ന ചെങ്കൊടി

മർദ്ദിതമനുഷ്യഹൃത്ത-
ടങ്ങളിലുണർന്നു നീ
ഉണർന്നു നീ...ഉണർന്നു നീ....ഉണർന്നു നീ....
മാനവസമത്വതത്ത്വ-
വേദിയിലുയർന്നു നീ
ഉയർന്നു നീ....ഉയർന്നു നീ....ഉയർന്നു നീ

ഇവിടെ ജനതതിക്കൊരാത്മ-
ശക്തിതൻ സ്വരൂപമായ്
വർഗ്ഗസമരഭൂമികൾക-
ജയ്യമന്ത്രമുദ്രയായ്
ഉണർന്നിടട്ടെ ചെങ്കൊടി
ഉയർന്നിടട്ടെ ചെങ്കൊടി!

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രഥമഘടകം പി. കൃഷ്ണപിള്ള സെക്രട്ടറിയായും ഇ. എം. എസ്. നമ്പൂതിരിപ്പാട്, എൽ. സി. ശേഖർ, കെ. ദാമോദരൻ എന്നിവർ അംഗങ്ങളായും 1937-ൽ സ്ഥാപിച്ച കാര്യം നേരത്തെ പരാമർശിച്ചതാണ്. എന്നാൽ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തെക്കുറിച്ച് കുറച്ചുകൂടി വിസ്തരിച്ച് പ്രതിപാദിക്കാനാണ് ഈ അദ്ധ്യായത്തിൽ ഉദ്ദേശിക്കുന്നത്.

അക്കാലത്ത് തിരുവിതാംകൂറും കൊച്ചിയുമെന്ന നാട്ടുരാജ്യങ്ങളും നേരിട്ട് ബ്രിട്ടീഷുകാർ ഭരിച്ചിരുന്ന മലബാർ ജില്ലയും ആയി കേരളം മൂന്നു കഷണങ്ങളായി വേർതിരിഞ്ഞുകിടക്കുകയായിരുന്നു. ഈ മൂന്നു ഭരണവിഭാഗങ്ങളിലെയും ഭരണവ്യവസ്ഥ, സാമ്പത്തികഘടന, ഭൂഉടമാസമ്പ്രദായം, പല പ്പോഴും പൊട്ടിപ്പുറപ്പെട്ടുകൊണ്ടിരുന്ന വർഗ്ഗസമരങ്ങൾ എന്നിവയെക്കുറിച്ച്

എൻ.ഇ. ബാലറാം എഴുതിയ 'കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രം' എന്ന പുസ്തകത്തെ പ്രധാനമായി അവലംബിച്ചുകൊണ്ടും മറ്റേതാനും വിവരങ്ങൾകൂടി കൂട്ടിച്ചേർത്തുകൊണ്ടും ഇതിനുമുൻപ് വിവരിച്ചിരുന്നതിലേക്ക് വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കുന്നു. പി.സി. ജോഷിയും കെ. ദാമോദരനും ചേർന്ന് ഇംഗ്ലീഷിലെഴുതിയ 'മാർക്സ് ഇന്ത്യയിലേക്ക് വരുന്നു' എന്ന പുസ്തകത്തിൽനിന്ന് പത്തൊൻപതാംനൂറ്റാണ്ടിൽത്തന്നെ കമ്മ്യൂണിസ്റ്റ് ആശയങ്ങൾ ഇന്ത്യയിൽ പലയിടത്തും പ്രചരിക്കാൻ തുടങ്ങിയതിനെക്കുറിച്ചും നാം മനസ്സിലാക്കി.

എന്നാൽ കേരളത്തിൽ ഈ ആശയങ്ങൾ പ്രചരിക്കാൻ തുടങ്ങിയത് ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകംതൊട്ടാണെന്ന് നാം കണ്ടു. ഈ പ്രചാരണത്തിന് മുൻകൈയെടുത്തത് ചരിത്രപ്രസിദ്ധനായ സ്വദേശാഭിമാനി പത്രാധിപർ കെ. രാമകൃഷ്ണപിള്ള ആയിരുന്നു. 1912-ൽ നാടുകടത്തപ്പെട്ട് പാലക്കാട് ചിറ്റൂരിനടുത്തുള്ള തത്തമംഗലത്തെ തരവത്ത് അമ്മാളുഅമ്മയുടെ അതിഥിയായി കഴിയുമ്പോൾ രാമകൃഷ്ണപിള്ള എഴുതിയ കാൾ മാർക്സിന്റെ ലഘുജീവചരിത്രത്തെക്കുറിച്ചും നാം പരമാർശിക്കുകയുണ്ടായി. 1910-ൽ നാടുകടത്തപ്പെടുന്നതിനുമുൻപുതന്നെ രാമകൃഷ്ണപിള്ള സോഷ്യലിസത്തെപ്പറ്റിയുംമറ്റും അദ്ദേഹത്തിന്റെ പത്രങ്ങളിൽ എഴുതിയിരുന്നു. നാടുകടത്തപ്പെട്ടതിനുശേഷം അന്നത്തെ കൊച്ചി സംസ്ഥാനത്തെ കുന്നംകുളത്തുനിന്നും പ്രസിദ്ധീകരിക്കപ്പെട്ടിരുന്ന 'ആത്മപോഷിണി'യുടെ പത്രാധിപത്യം രാമകൃഷ്ണപിള്ള കുറെക്കാലം വഹിച്ചിരുന്നു. അന്ന് അതിൽ സോഷ്യലിസത്തെക്കുറിച്ച് ഒരു ലേഖനപരമ്പരതന്നെ പ്രസിദ്ധീകരിക്കുകയുണ്ടായി. വീണ്ടും കമ്മ്യൂണിസത്തെയും ബോൾഷെവിസത്തെയുംകുറിച്ച് കേരളീയരുടെ താല്പര്യങ്ങൾ തട്ടിയുണർത്തപ്പെട്ട 1917-ലെ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിനുശേഷം കമ്മ്യൂണിസത്തെയും സോഷ്യലിസത്തെയുംകുറിച്ച് വളരെയേറെ ദുഷ്പ്രചരണങ്ങൾ ബ്രിട്ടീഷ് സാമ്രാജ്യവാദികൾ അക്കാലത്ത് പ്രചരിപ്പിച്ചുവന്നിരുന്നു. ആളുകളുടെ ഭൂമിയെല്ലാം പിടിച്ചുപറിക്കപ്പെടുമെന്നും പെണ്ണുങ്ങളെ പൊതുസ്വത്തായി മാറ്റുമെന്നും നിരീശ്വരന്മാരായ കമ്മ്യൂണിസ്റ്റുകാർ അമ്പലവും പള്ളിയുമെല്ലാം പൊളിക്കുമെന്നും മറ്റുമായിരുന്നു സാമ്രാജ്യവാദികൾ നടത്തിയ ദുഷ്പ്രചരണങ്ങൾ.

1921-ലോ 22-ലോ താൻ, കമ്മ്യൂണിസത്തെക്കുറിച്ച് ആദ്യമായി ഒരാൾ പറഞ്ഞുകേട്ട വിവരം ഇ. എം. എസ്. പിൽക്കാലത്ത് ഓർമ്മിക്കുകയുണ്ടായി. മൊണ്ടേഗ്-ചെംസ്ഫോർഡ് ഭരണപരിഷ്കാരങ്ങൾ എന്ന പേരിൽ ആദ്യന്തം പരിമിതമായ വോട്ടവകാശത്തോടുകൂടി നടന്ന തെരഞ്ഞെടുപ്പുകാലത്താണ് ആ സംഭവം നടന്നത്. ഇ. എം. എസ്സിന് അന്ന് പതിനൊന്നോ പന്ത്രണ്ടോ വയസ്സു മാത്രമാണുണ്ടായിരുന്നത്. ഭൂ ഉടമപരിഷ്കാരത്തിനും ഇടകുടിയാന്മാരുടെ അവകാശങ്ങൾക്കുംവേണ്ടി ജി. ശങ്കരൻനായർ, സർ ചേറ്റൂർ ശങ്കരൻനായർ തുടങ്ങിയവർ പ്രക്ഷോഭണം നടത്തിവന്നകാലമായിരുന്നു അത്. മിക്ക കോൺഗ്രസുകാരും ഈ കുടിയായ്മപരിഷ്കാരത്തിന് അനുകൂലവുമാ

യിരുന്നു. ഇത്തരം പരിഷ്കാരങ്ങൾ കമ്മ്യൂണിസവും ബോൾഷെവിസവും ക്ഷണിച്ചുവരുത്തുന്ന ആപത്കരമായ നടപടികളാണെന്ന് ഒരു ബന്ധു ഇ. എം. എസ്സിന്റെ വീട്ടിൽ തെരഞ്ഞെടുപ്പിനെക്കുറിച്ചുള്ള ചർച്ചാവേളയിൽ പറഞ്ഞുവത്രെ. അന്നത്തെ മദിരാശി നിയമസഭയിൽ ജന്മിമാർക്ക് ഏതാനും സ്ഥാനങ്ങൾ സംവരണംചെയ്തിരുന്നു. കൗമാരത്തിലേക്ക് പ്രവേശിക്കാൻ തുടങ്ങുകയായിരുന്ന ഇ. എം. എസ്സിൽ അക്കാലത്തുതന്നെ അങ്കുരിച്ചുതുടങ്ങിയ പരിവർത്തനാഭിനിവേശംമൂലം ബോൾഷെവിസത്തെക്കുറിച്ചുള്ള ഈ പരാമർശം അദ്ദേഹത്തിന്റെ ജിജ്ഞാസ ഉണർത്തുകയുണ്ടായത്രെ.

കേരളത്തിലെ യുക്തിവാദപ്രസ്ഥാനത്തിന്റെ ആദ്യനേതാക്കളിൽ പ്രമുഖനായ സഹോദരൻ കെ. അയ്യപ്പൻ, കമ്മ്യൂണിസത്തിൽ ഉണ്ട് എന്ന് ആരോപിക്കപ്പെട്ട നിരീശ്വരത്വം അതിനോട് ആഭിമുഖ്യം വർദ്ധിപ്പിച്ചതേയുള്ളൂ. ലെനിനെക്കുറിച്ചും ഒക്ടോബർ വിപ്ലവത്തെക്കുറിച്ചും അദ്ദേഹം നിരന്തരമായി എഴുതുകയും പ്രസംഗിക്കുകയും ചെയ്തുവന്നു. സോവിയറ്റ് വിപ്ലപമാതൃകയെ പിൻതുടരാൻ അന്ന് അയിത്ത ജാതിക്കാരായിരുന്ന ഈഴവരെ ഉത്ബോധിപ്പിക്കുന്ന കവിതകളും സഹോദരൻ എഴുതിട്ടുണ്ട്. അയ്യപ്പൻ സ്ഥാപിച്ച സഹോദരസംഘത്തിന്റെ ലക്ഷ്യപ്രഖ്യാപനങ്ങളിൽ ബോൾഷെവിസമെന്ന പദം ഉപയോഗിക്കാതെതന്നെ അതിന്റെ ലക്ഷ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ മകൻ, ഗോമതിയമ്മയുടെ ഭർത്താവും ഇടതുപക്ഷ കോൺഗ്രസ് നേതാവും ആയിരുന്ന ബാരിസ്റ്റർ എ. കെ. പിള്ള നടത്തിവന്ന 'സ്വരാട്ട്' എന്ന മാസികയുടെ 1924-ലെ ഒരു ലക്കത്തിൽനിന്നാണ് വി. ഐ. ലെനിൽ നിര്യാതനായ വിവരം മലയാളികൾ അറിയുന്നത്. വ്ളാഡിമിർ ഇല്ലീച്ച് ലെനിൻ എന്നായിരുന്നു അദ്ദേഹത്തിന്റെ പൂർണ്ണമായ പേര് എങ്കിലും ഒളിവുകാലത്തെ ചിലപ്പോൾ ഉപയോഗിച്ചുവന്ന നിക്കോളായ് ലെനിൻ എന്ന പേരിലാണ് 'സ്വരാട്ട്' ആ വാർത്ത പ്രസിദ്ധീകരിച്ചത്. ഒരു ചരമോപചാരക്കുറിപ്പു മാത്രമായിരുന്നില്ല അത്. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തെക്കുറിച്ചും സോഷ്യലിസത്തെക്കുറിച്ചുമുള്ള പരാമർശങ്ങൾ ആ കുറിപ്പിലുണ്ടായിരുന്നതും വായനക്കാരുടെ താൽപര്യം തട്ടിയുണർത്താൻ സഹായിച്ചു.

താഷ്കെന്റ് മുതൽ മീററ്റ്വരെ

ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിനുശേഷം ബ്രിട്ടീഷധികൃതർ സോഷ്യലിസത്തെക്കുറിച്ചും സോവിയറ്റ് റഷ്യയെക്കുറിച്ചും നടത്തിയ ദുഷ്പ്രചാരവേലകൾക്ക് അവരുദ്ദേശിച്ച ഫലമല്ല ഉണ്ടായത്. ബ്രിട്ടീഷുകാർ ശത്രുതയോടെ വീക്ഷിച്ചുപോന്ന ഏതാശയത്തെയും പ്രസ്ഥാനത്തെയും അനുകൂലമനോഭാവത്തോടുകൂടിയാണ് ഇന്ത്യൻ ദേശാഭിമാനികൾ കരുതിവന്നത്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന് പിന്തുണയും പണവും ആയുധങ്ങൾ ലഭിക്കുമെങ്കിലതും ശേഖരിക്കുവാനായി പലരും അക്കാലത്ത് വിദേശങ്ങളിൽ സഞ്ചരിച്ച് പ്രവർത്തിച്ചുവന്നിരുന്നു. ഒന്നാം ലോകമഹായുദ്ധകാലത്ത്

ഇവരിൽ ചിലർ ബ്രിട്ടീഷുകാരുടെ എതിരാളിയായിരുന്ന ജർമ്മനിയിൽ സഹായം തേടിപ്പോയിട്ടുണ്ട്. തിരുവനന്തപുരത്തുകാരനായ ചെമ്പക രാമൻപിള്ള അത്തരത്തിൽ ഒരാളാണ്. റാഷ് ബിഹാരിഘോഷിനെയും രാജാ മഹേന്ദ്രപ്രസാദിനെയുംപോലുള്ള ചിലർ ജപ്പാനിലാണ് സഹായം തേടിയെത്തിയത്. ഇക്കൂട്ടത്തിൽ ഒരു പ്രമാണിയായിരുന്നു ഭീകരപ്രസ്ഥാനം എന്ന് ബ്രിട്ടീഷുകാർ ആക്ഷേപിച്ചിരുന്ന ബംഗാളിലെ അനുശീലൻപാർട്ടിയുമായി ബന്ധമുണ്ടായിരുന്ന മാനവേന്ദ്രനാഥ് റോയ് (1887–1954). റോയ് പല രാജ്യങ്ങളിലും ചുറ്റിസ്സഞ്ചരിച്ച് ഒടുവിൽ സോവിയറ്റ് യൂണിയനിലെത്തി ലെനിനും മറ്റു നേതാക്കളുമായി ബന്ധപ്പെട്ടു. ഊർജ്ജസ്വലനും പ്രായത്തിൽക്കവിഞ്ഞ പാണ്ഡിത്യത്തിന്റെ ഉടമയുമായിരുന്ന റോയിയെ കമ്മ്യൂണിസ്റ്റ് പാർട്ടിയിലും പിന്നീട് കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിലും ചേർത്തു. ഇന്റർനാഷണലിന്റെ നിർവ്വാഹകസമിതിയിൽ ഏഷ്യയിലെ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനങ്ങളുടെ ചുമതലക്കാരനായി അദ്ദേഹം നിയോഗിക്കപ്പെട്ടു. ഈ ചുമതല നിറവേറ്റുന്നതിന്റെ ഭാഗമായി ഒരു സോവിയറ്റ് നഗരമായ താഷ്കെന്റിൽവച്ച് ഏഴു സഖാക്കളുടെ ഒരു യോഗം റോയി വിളിച്ചുചേർത്തു. അന്ന് സോവിയറ്റ് യൂണിയനിലായിരുന്ന അബനി മുഖർജി തുടങ്ങിയവരായിരുന്നു റോയിയുടെ നേതൃത്വത്തിൽ യോഗംചേർന്നത്—1920 ഒക്ടോബർ 17-ൽ. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യഘടകം അങ്ങനെ രൂപീകൃതമായി. റോയി ഇന്ത്യൻ സാഹചര്യങ്ങളെ വിവരിച്ചുകൊണ്ട് വിപ്ലവത്തിന്റെ അടവും തന്ത്രവും ആവിഷ്കരിക്കുന്ന 'ഇന്ത്യ ഇൻ ട്രാൻസിഷൻ' എന്ന ഒരു പുസ്തകം പ്രസിദ്ധീകരിക്കുന്നതിനു പുറമെ 'വാൻഗാർഡ്' എന്ന ഒരു കാലികപ്രസിദ്ധീകരണം ഇന്ത്യയ്ക്കു പുറത്തുനിന്ന് അച്ചടിച്ച് ഇന്ത്യയിൽ വിതരണംചെയ്യാനും തുടങ്ങി. അതിന്റെ പ്രതികൾ കണ്ടെടുത്ത് വിതരണം തടസ്സപ്പെടുത്തിയ ബ്രിട്ടീഷ് ഗവൺമെന്റിനെ കബളിപ്പിക്കാൻ 'വാൻഗാർഡി'ന്റെ പേർ മാറ്റിക്കൊണ്ടിരുന്നു. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് സമ്മേളനങ്ങളിൽ ഇന്ത്യൻ സ്വാതന്ത്ര്യത്തെയും സ്വാതന്ത്ര്യസമരത്തെയും സംബന്ധിച്ച കമ്മ്യൂണിസ്റ്റ് കാഴ്ചപ്പാട് അവതരിപ്പിക്കുന്ന പ്രസ്താവനകൾ, ലഘുലേഖകൾ എന്നിവ വിതരണംചെയ്യുക പതിവായിരുന്നു. അപ്പോഴേക്കും എം. എൻ. റോയിയും ലെനിനും തമ്മിൽ ദേശീയ വിപ്ലവപ്രസ്ഥാനങ്ങളെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങൾ പൊട്ടിപ്പുറപ്പെടുകയും 1927-ൽ റോയി കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിൽനിന്ന് ബഹിഷ്കൃതനാവുകയുംചെയ്തു. പിന്നീടുള്ള റോയിയുടെ പ്രവർത്തനങ്ങൾ ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ എതിരാളിയെന്ന നിലയിൽ ആയിരുന്നു. കമ്മ്യൂണിസ്റ്റ് എന്ന നിലയിൽ റോയി ഇന്ത്യയുടെ ശ്രദ്ധ ആകർഷിച്ചത് 1924-ൽ കാൻപൂരിൽ ചേർന്ന കമ്മ്യൂണിസ്റ്റ് സമ്മേളനവുമായി ബന്ധപ്പെട്ടാണ്. 1924-ലെ കാൻപൂർ ഗൂഢാലോചനക്കേസിൽ എസ്. എ. ഡാങ്കെ, മുസഫർ അഹമ്മദ് തുടങ്ങിയവരോടൊപ്പം റോയിയും പ്രതിയായിരുന്നു. പക്ഷേ, അപ്പോഴേക്കും റോയി യൂറോപ്പിലായിരുന്നതിനാൽ അദ്ദേഹത്തെ അറസ്റ്റ്ചെയ്യാനോ കോടതിയിൽ ഹാജരാക്കി വിചാരണചെയ്യാനോ ബ്രിട്ടീഷുകാർക്ക് കഴിഞ്ഞില്ല.

കാൻപൂർ ഗൂഢാലോചനക്കേസും കമ്മ്യൂണിസ്റ്റ് സമ്മേളനവും നടന്നതിനുശേഷം ഇന്ത്യയിലാകെ കർഷകത്തൊഴിലാളികക്ഷി എന്ന പേരിൽ ഗ്രൂപ്പുകൾ സംഘടിപ്പിക്കപ്പെട്ടു. 1929-ൽ ഈ ഗ്രൂപ്പുകളിൽപ്പെട്ട പ്രധാനികളെ അറസ്റ്റ്ചെയ്ത് മീററ്റ് ഗൂഢാലോചനക്കേസ് എന്നറിയപ്പെടുന്ന കേസ്സിൽ പ്രതികളാക്കുകയും അവരെ പല കാലഘട്ടങ്ങളിലേക്ക് തടവിലാക്കുകയും ചെയ്തു. മീററ്റ് ഗൂഢാലോചനക്കേസ് ബ്രിട്ടീഷ് സർക്കാർ ഉദ്ദേശിച്ചതിന് നേരെ വിപരീതമായ ഫലമാണുളവാക്കിയത്. അതിലെ പ്രതികളെ വിചാരണ ചെയ്ത് ശിക്ഷിക്കാൻ ബ്രിട്ടീഷ് ഗവൺമെന്റിന് കഴിഞ്ഞെങ്കിലും പ്രതികൾ ആ വിചാരണയെ കമ്മ്യൂണിസ്റ്റ് ആശയങ്ങൾ പ്രചരിപ്പിക്കാനുള്ള സന്ദർഭമാക്കി മാറ്റി. സാധാരണ പത്രങ്ങൾ പ്രസിദ്ധീകരിക്കാത്ത കമ്മ്യൂണിസ്റ്റ് ആശയങ്ങൾ കോടതിനടപടികളുടെ റിപ്പോർട്ട് എന്ന നിലയിൽ പത്രങ്ങളിൽ വന്നത് പ്രസ്ഥാനത്തിന് പ്രയോജനകരമായി. മുസഫർ അഹമ്മദ്, എസ്.എ. ഡാങ്കെ, പി. സി. ജോഷി, എസ്. എസ്. മിറാജ്ക്കർ, ഡോ. ജി. അധികാരി തുടങ്ങിയവർ—പില്ക്കാലത്ത് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഉന്നതനേതാക്കളായവർ—കേസിൽ പ്രതികളായിരുന്നു. 1932—33-കളായപ്പോഴേക്കും ഈ നേതാക്കൾ ഓരോരുത്തരായി ജയിൽമോചിതരായതോടെ കമ്മ്യൂണിസ്റ്റ് പാർട്ടി പുനഃസംഘടിക്കപ്പെട്ടു. പി.സി. ജോഷി 1934-ൽ ജനറൽ സെക്രട്ടറി ആയി, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ രൂപീകരിക്കപ്പെടുകയും അതിന് കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു. 1920-ൽ താഷ്കെന്റിൽ നടന്ന കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാപകസമ്മേളനം കഴിഞ്ഞ് ഇതുവരെ നാം വിവരിച്ച പല പുനഃസംഘടനാശ്രമങ്ങളും നടന്നെങ്കിലും 1934-ലാണ് ഒരു കേന്ദ്ര ആസ്ഥാനവും കേന്ദ്രകമ്മിറ്റിയും ജനറൽ സെക്രട്ടറിയുമായി യഥാർത്ഥത്തിൽ സി. പി. ഐ. രൂപംകൊണ്ടത് എന്നു പറഞ്ഞാൽ അതിൽ തെറ്റില്ല.

കമ്മ്യൂണിസ്റ്റ് ലീഗിന്റെ പ്രസക്തി

മേൽ വിവരിച്ചതാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേർവരയിലുള്ള വികാസം. പക്ഷേ, ഒരു മഹാനദിയിലേക്ക് പോഷകനദികൾ വന്നു ചേരുന്നതുപോലെ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന മഹാപ്രവാഹത്തിലേക്ക് വ്യത്യസ്തമായ ഉറവിടങ്ങളിൽനിന്ന് ഒഴുകിയെത്തിയ പല പോഷകനദികളും ഉണ്ടായിരുന്നു. അമേരിക്കയിൽ കൂടിയേറിപ്പാർത്ത് കാർഷികവൃത്തിയിലുംമറ്റും ഏർപ്പെട്ടിരുന്ന സിക്കുകാർ അവിടെ ആരംഭിച്ച് പഞ്ചാബിലേക്ക് തിരിച്ചെത്തിയ ഗദ്ദർ പാർട്ടി അപ്രകാരം കമ്മ്യൂണിസ്റ്റ്പ്രവാഹത്തിലേക്ക് ഒഴുകിയെത്തിയ ഒരു പോഷകനദി ആയിരുന്നു. അതുപോലെ ബംഗാളിൽ വളരെ വ്യാപകമായി വളർന്നിരുന്ന ഭീകരപ്രസ്ഥാനത്തിലെ പ്രമുഖന്മാരെല്ലാം പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ലയിച്ചു ചേർന്നു. വൻ വ്യവസായനഗരമായ മുംബൈയിലും ചുറ്റുപാടും മുതലാളിത്തതിനെതിരായി വളർന്നുവന്ന തൊഴിലാളിസംഘടനകളാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് അവിടെ

വേരോട്ടം നൽകിയത്. അതുപോലെതന്നെ സുപ്രസിദ്ധമായ ചിറ്റഗോംഗ് ആയുധപ്പുര ആക്രമണക്കേസിലെ പ്രതികളെല്ലാവരുംതന്നെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ചേർന്നു. ചിറ്റഗോംഗ് ആയുധപ്പുര ആക്രമണത്തിലെ വീര നായിക കല്പനാദത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേരുകയും പി. സി. ജോഷിയെ വിവാഹംകഴിക്കുകയുംചെയ്തു.

ഇത്തരം വ്യത്യസ്തമായ മറ്റൊരു പാതയിലാണ് കേരളത്തിൽ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനം രൂപംകൊണ്ടത്. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെയും ബാരിസ്റ്റർ എ. കെ. പിള്ളയുടെയും സഹോദരൻ അയ്യപ്പന്റെയും മറ്റും പ്രവർത്തനങ്ങൾ ആശയരംഗത്ത് ഒതുങ്ങിനിന്നിരുന്നു. അവരൊന്നും വർഗ്ഗസമരങ്ങൾ നയിക്കുകയോ സംഘടനാപ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്തിരുന്നില്ല. അങ്ങനെ സംഘടനാപ്രവർത്തനത്തിൽ ഏർപ്പെട്ട ഒരു ചെറുസംഘം വിപ്ലവകാരികൾ 1931-ൽ തിരുവനന്തപുരം കേന്ദ്രമായി ഒരു കമ്മ്യൂണിസ്റ്റ് സംഘടനയ്ക്ക് രൂപംനൽകി. അതിന്റെ പേര് കമ്മ്യൂണിസ്റ്റ് ലീഗ് എന്നായിരുന്നു. പിന്നീട് കമ്മ്യൂണിസ്റ്റ്പാർട്ടി പ്രഥമഘടകത്തിൽ അംഗമായ തിരുവനന്തപുരത്തെ ഒരു ഗ്രാമപ്രദേശമായ വെങ്ങാനൂർകാരൻ എൻ. ചന്ദ്രശേഖരപിള്ള എന്ന എൻ.സി. ശേഖർ ഈ ലീഗിലെ അംഗമായിരുന്നു. ശേഖറെക്കൂടാതെ പൊന്നറ ശ്രീധർ തുടങ്ങിയ ചിലരും ലീഗിലുണ്ടായിരുന്നു. അവർ ലീഗിന്റെ ഒരു 'വിജ്ഞപ്തി' പത്രം പ്രസിദ്ധീകരിക്കുകയും ഉണ്ടായി. ചരിത്രപരമായി ശ്രദ്ധേയമായ ഒന്നായിരുന്നു കമ്മ്യൂണിസ്റ്റ് ലീഗ് എങ്കിലും പല കാരണങ്ങളാൽ അതിനെ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രഥമഘടകമായി കരുതിക്കൂടാ. ഇ. എം. എസ്. നമ്പൂതിരിപ്പാട് ഇതേക്കുറിച്ച് ഇപ്രകാരമാണ് വിലയിരുത്തുന്നത്:

> "....ഇന്ത്യൻ നാഷനൽ കോൺഗ്രസിനകത്തും കേരളത്തിലെ എസ്. എൻ. ഡി. പി.പോലുള്ള സംഘടനകളിലും റഷ്യ, ലെനിൻ, കമ്മ്യൂണിസം എന്നീ പേരുകളും അവ പ്രതിനിധാനംചെയ്യുന്ന ചിന്താഗതിയും സ്വാധീനംചെലുത്തി. ഈ പ്രവണതയ്ക്ക് രൂപംനൽകിക്കൊണ്ടുള്ള ലേഖനങ്ങൾ, ലഘുഗ്രന്ഥങ്ങൾ എന്നിവ മറ്റ് ഇന്ത്യൻ ഭാഷകളിലെന്നപോലെ മലയാളത്തിലും രചിക്കപ്പെടാൻ തുടങ്ങി.
>
> തിരുവനന്തപുരത്ത് എന്നപോലെ കമ്മ്യൂണിസ്റ്റ് ലീഗ് എന്ന പേര് സ്വീകരിച്ചുകൊണ്ടും സംഘടിതമായ ഒരു ഗ്രൂപ്പ് എന്ന നിലയ്ക്കുമല്ലെങ്കിലും സോഷ്യലിസ്റ്റ്-കമ്മ്യൂണിസ്റ്റ് ചിന്താഗതികളുടെ സ്വാധീനത്തിൽപ്പെട്ട ചെറിയചെറിയ ഗ്രൂപ്പുകൾ അങ്ങിങ്ങ് രൂപംകൊള്ളാൻ തുടങ്ങി. അവയിലൊന്ന് ഔപചാരികമായി പ്രത്യക്ഷപ്പെട്ടതാണ് തിരുവനന്തപുരത്തെ കമ്മ്യൂണിസ്റ്റ് ലീഗ്.
>
> പക്ഷേ, ആ സംഘടന വെറുമൊരു പ്രാദേശികഗ്രൂപ്പായിരുന്നു. തിരുവനന്തപുരത്തുമാത്രം ഒതുങ്ങിനിൽക്കുന്നതായിരുന്നു അതിന്റെ പ്രവർത്തനമേഖല. കേരളത്തിൽത്തന്നെ മറ്റു പ്രദേശങ്ങളുമായി അതിന് ഒരു ബന്ധവുമില്ലായിരുന്നു. അപ്പോൾ പിന്നെ ഇന്ത്യയുടെ മറ്റു

സംസ്ഥാനങ്ങളോ ഇന്ത്യയ്ക്കു വെളിയിലുള്ള മറ്റു രാജ്യങ്ങളോ ആയിട്ടുള്ള ബന്ധമെന്ന പ്രശ്നം ഉദിക്കുന്നതേയില്ലല്ലോ. ഇക്കാര്യത്തിൽ ലീഗ് തൊട്ട് കമ്മ്യൂണിസ്റ്റ് പാർട്ടിവരെയുള്ള മൂന്നു സംഘടനകൾ പരസ്പരം വ്യത്യാസപ്പെട്ട് നിൽക്കുന്നു.

കമ്മ്യൂണിസ്റ്റ് ലീഗിന്റേതിൽനിന്ന് വ്യത്യസ്തമായി അഖിലകേരളാടിസ്ഥാനത്തിൽ ഒരു സംഘടനയായിരുന്നു—കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി. അഖിലേന്ത്യാതലത്തിൽ ആ പേരിൽത്തന്നെ രൂപം കൊണ്ട കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ ഭാഗമാണുതാനും അത്...”

(അദ്ധ്യായം 1, തിരിഞ്ഞുനോക്കുമ്പോൾ, കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ: ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 1984).

കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി

ഇക്കാലത്ത് മറ്റു ചില പ്രധാനപ്പെട്ട രാഷ്ട്രീയസംഭവങ്ങൾ നടക്കുകയായിരുന്നു. 1931-ലെ ഉപ്പുസത്യാഗ്രഹം അതിന്റെ മൂർദ്ധന്യാവസ്ഥയിൽ പിൻവലിച്ച് ഗാന്ധിയും വൈസ്രായി ഇർവിൻപ്രഭുവും തമ്മിൽ സന്ധിയുണ്ടാക്കിയത് ഇന്ത്യയിലാകെ എന്നപോലെ കേരളത്തിലും ഉൽപതിഷ്ണുക്കളായ കോൺഗ്രസ് യുവാക്കളെ നിരാശപ്പെടുത്തി. ഇൻഡ്യൻ സ്വാതന്ത്ര്യത്തിലേക്ക് ഗാന്ധിയുടേതല്ലാത്ത ഒരു മാർഗ്ഗം അവർ തേടാൻ തുടങ്ങി. ജവഹർലാൽ നെഹ്രു, സുഭാഷ്ചന്ദ്രബോസ് തുടങ്ങിയവർക്കും കോൺഗ്രസിന്റെയും ഗാന്ധിജിയുടെയും ഈ പോക്കിൽ അസംതൃപ്തി ഉണ്ടായിരുന്നുവെങ്കിലും അവർ കോൺഗ്രസിൽത്തന്നെ നിന്നുകൊണ്ടു തങ്ങളുടെ നിലപാടിനുവേണ്ടി വാദിക്കാൻ മാത്രമേ തുനിഞ്ഞുള്ളൂ. എന്നാൽ ജയപ്രകാശ് നാരായണൻ, അശോക്മേത്ത, റാം മനോഹർലോഹ്യ, ആചാര്യ നരേന്ദ്രദേവ്, എം. ആർ. മസാനി തുടങ്ങിയവർ കുറേക്കൂടി ക്രിയാത്മകമായി ഗാന്ധിസത്തിൽനിന്നും വ്യത്യസ്തമായ ഒരു മാർഗ്ഗം തേടി കോൺഗ്രസിനകത്തെ പുരോഗമനവാദികളെയും അക്കാലത്ത് പ്രചരിച്ചുതുടങ്ങിയിരുന്ന സോഷ്യലിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടരായിരുന്നവരെയും ചേർത്ത് കോൺഗ്രസ്സംഘടയുടെ അകത്തു നിന്ന് പ്രവർത്തിക്കുന്ന കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിക്ക് രൂപം നല്കി. അവരുടെ പ്രഥമയോഗം 1934-ൽ പട്നയിൽവെച്ചാണ് നടന്നത്. അഖിലേന്ത്യാതലത്തിൽ വന്നുകൊണ്ടിരുന്ന ഈ മാറ്റങ്ങളുടെ കാറ്റ് കേരളത്തിലും ആഞ്ഞടിക്കുകയായിരുന്നു. പട്ന സമ്മേളനത്തിനു മുൻപ് കോഴിക്കോട്ടുവച്ച് സോഷ്യലിസ്റ്റ് കോൺഗ്രസുകാരുടെ ഒരു യോഗം നടക്കുകയുണ്ടായി. പിൽക്കാലത്ത് സോഷ്യലിസത്തിന്റെയും കമ്മ്യൂണിസത്തിന്റെയും ബദ്ധവൈരികളായി മാറിയ കെ. കേളപ്പനും സി. കെ. ഗോവിന്ദൻനായരും മറ്റും കോഴിക്കോട്ട് യോഗത്തിൽ സംബന്ധിച്ചിരുന്നു. അതോടൊപ്പം പി. കൃഷ്ണപിള്ള, ഇ. എം. എസ്. നമ്പൂതിരിപ്പാട്, കെ. ദാമോദരൻ, എൻ. സി. ശേഖർ തുടങ്ങിയ ഇടതുപക്ഷകോൺഗ്രസ്സുകാരും അതിൽ പങ്കെടുത്തു. അതിന് ഒരു താൽക്കാ

ലികനിർവ്വാഹകസമിതിയെയും തെരഞ്ഞെടുത്തിരുന്നു. അതിന്റെ നയപ്രഖ്യാപനരേഖയൊക്കെ പട്നയിലെ അഖിലേന്ത്യാസമ്മേളനം കഴിഞ്ഞതിനുശേഷം ആകാമെന്ന് തീരുമാനിക്കുകയുംചെയ്തു. പട്നസമ്മേളനം ജയപ്രകാശ് നാരായണനെ ജനറൽ സെക്രട്ടറിയായും ഇ. എം. എസ്സിനെയും മസാനിയെയും ജോയിന്റ് സെക്രട്ടറിമാരായും നിയോഗിച്ച് ഒരു നിർവ്വാഹകസമിതിയെ തെരഞ്ഞെടുത്തു. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ ഒരു നയപ്രഖ്യാപനരേഖ അംഗീകരിക്കുകയും ചെയ്തു. കേരളത്തിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ ഘടകത്തിന്റെ സെക്രട്ടറി പി. കൃഷ്ണപിള്ള ആയിരുന്നു.

ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുത്ത് കണ്ണൂർ സെൻട്രൽ ജയിലിൽ കഴിയുന്ന സന്ദർഭത്തിൽ അവിടെ ബംഗാളിൽനിന്നും മറ്റുമുള്ള ഭീകരപ്രസ്ഥാനക്കാർ എന്നറിയപ്പെടുന്ന തടവുകാർ ഉണ്ടായിരുന്നു. അവരിൽ ചിലർ സോഷ്യലിസത്തിലേക്കും കമ്മ്യൂണിസത്തിലേക്കും ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. അവരുമായുള്ള സമ്പർക്കത്തിൽനിന്നും സംവാദത്തിൽനിന്നും സോഷ്യലിസത്തെക്കുറിച്ചും കമ്മ്യൂണിസത്തെക്കുറിച്ചും ഇ. എം. എസ്. ഉൾപ്പെടെയുള്ള കേരളീയർക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഇതിനെക്കുറിച്ച് ഇ.എം.എസ്. തന്റെ ആത്മകഥയിൽ ഇപ്രകാരം പറയുന്നു: (അദ്ധ്യായം 27).

> "…. കണ്ണൂർ ജയിലിൽ ഞാൻ താമസിച്ചിരുന്ന ബ്ലോക്കിൽ ഞങ്ങളുടെ കൂട്ടുകാരനായി കിരൺ ചന്ദ്രദാസ് എന്ന ഒരാളുണ്ടായിരുന്നു. ഭഗത്സിങ് ഉൾപ്പെടുന്ന ലാഹോർ ഗൂഢാലോചനക്കേസിലെ പ്രതികളിൽ ഒരാളും രണ്ടുമാസത്തിലധികം കാലത്തെ നിരാഹാരത്തെത്തുടർന്ന് ജയിലിൽവച്ച് മരിച്ച ദേഹവുമായ യതീന്ദ്രദാസിന്റെ സഹോദരനാണ് കിരൺ.....ഒരുമാസത്തെ കണ്ണൂർ ജയിൽജീവിതത്തിനുശേഷം ഞങ്ങളെ വെല്ലൂർ ജയിലിൽ കൊണ്ടുപോയപ്പോൾ കിരണും ഞങ്ങളുടെകൂടെ ഉണ്ടായിരുന്നു.... ബംഗാളിലും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലുമുള്ള വിപ്ലവകാരികളുമായി ബന്ധപ്പെടാനും വിപ്ലവപ്രസ്ഥാവുമായി അടുക്കുവാനും എന്നെ സഹായിച്ച വ്യക്തികളിൽ ഒരു ചെറിയ പങ്കുമാത്രമാണ് കിരണിനുള്ളത്. അദ്ദേഹത്തെക്കാൾ എത്രയോ അധികം പങ്കുവഹിച്ച നാലു വ്യക്തികൾ എന്റെ കണ്ണൂർ ജയിൽജീവിതകാലത്തുണ്ടായിരുന്നു....ലാഹോർ ഗൂഢാലോചനക്കേസിൽ ശിക്ഷിക്കപ്പെട്ട് ജീവപര്യന്തം തടവുകാരനായി കഴിഞ്ഞുകൂടിയിരുന്ന കമൽനാഥ് തിവാരിയാണ് അതിലൊരാൾ. ലാഹോർ ഗൂഢാലോചനക്കേസ് പ്രതികളിൽ ഏറ്റവും ചെറുപ്പക്കാരനായ ഒരാളായിരുന്നു അദ്ദേഹം.... സത്യഗ്രഹികളല്ലാത്ത മറ്റു തടവുകാരുടെ ഇടയിലും അദ്ദേഹം ഇറങ്ങി പ്രവർത്തിക്കുകയും അവരുടെ ഇടയിൽ സംഘടനാബോധം വളർത്തുകയും ചെയ്തു. ചുരുക്കത്തിൽ ജയിലിലാകെ ഒരു പുതിയ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഉപകരിച്ചു... പിന്നീട് രൂപംകൊണ്ട കേരളത്തിലെ ഇടതുപക്ഷ കോൺഗ്രസ്സിന്റെയും

കോൺഗ്രസ് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെയും ബീജാവാപം നടന്നത് കണ്ണൂർ ജയിലിൽവച്ചാണെന്നും അതു നടത്തിയത് തിവാരി ആയിരുന്നുവെന്നും പറഞ്ഞാൽ അതിൽ വലിയ അതിശയോക്തി ഉണ്ടായിരിക്കുകയില്ല. മുൻപുതന്നെ ഇടതുപക്ഷത്തേക്ക് ചായാൻ തുടങ്ങിയിരുന്ന കേരളത്തിലെ സത്യഗ്രഹതടവുകാരിൽ അത് വളർത്തി അതിന് സംഘടിതരൂപം നല്കാൻ സഹായിച്ചത് അദ്ദേഹമാണ് എന്നെങ്കിലും പറയാം. (ബീഹാറിൽനിന്നുള്ള ഒരു കോൺഗ്രസ് എം. പി.യാണ് ഇന്ന് തിവാരി)... ബംഗാളിലെ വിപ്ലവപ്രസ്ഥാനത്തിൽ അന്ന് പ്രധാനമായി രണ്ടു ഗ്രൂപ്പുകളാണുണ്ടായിരുന്നത്—

അനുശീലൻ, യുഗാന്തർ. ഇതിൽ ആദ്യത്തേതിന്റെ ഏറ്റവും ഉയർന്ന നേതാക്കന്മാരായ സെൻഗുപ്ത ചക്രവർത്തി, ആചാര്യ എന്നിവരാണ് അന്ന് കണ്ണൂർ ജയിലിൽ ഉണ്ടായിരുന്നത്. തടങ്കൽത്തടവുകാർ എന്ന നിലയ്ക്കുപോലും ഇവരെ ബംഗാളിൽ വെക്കുന്നത് ആപത്താണെന്ന കാരണത്താൽ ഇവരെ തെക്കേ ഇന്ത്യൻ ജയിലുകളിൽ പാർപ്പിച്ചിരിക്കുകയാണ്.... ഇതുപോലെ യുഗാന്തർ ഗ്രൂപ്പിന്റെ നേതാക്കളായ ഗാംഗുലി മുതലായവരെ തൃശ്ശിനാപ്പള്ളി മുതലായ മറ്റ് തെന്നിന്ത്യൻ ജയിലുകളിലും പാർപ്പിച്ചിരുന്നു. കൂടാതെ, അന്നത്തെ ഇടതുപക്ഷ കോൺഗ്രസ് നേതാക്കന്മാരായി അറിയപ്പെട്ടിരുന്ന വിതൽഭായി പട്ടേൽ, സുബാഷ്ചന്ദ്രബോസ് എന്നിവരെയും തെന്നിന്ത്യൻ ജയിലുകളിലാണ് പാർപ്പിച്ചിരുന്നത്. പിന്നീട് ഞാൻ വെല്ലൂർ ജയിലിൽ എത്തിയപ്പോൾ ഒന്നാം ലോകമഹായുദ്ധകാലത്ത് ഒന്നാം ലാഹോർ ഗൂഢാലോചനക്കേസിൽ പ്രതിയായി ജീവപര്യന്തം ശിക്ഷിക്കപ്പെട്ട പഞ്ചാബുകാരനായ ബാബ ഖേർസിങ് 1928-ലെ രണ്ടാം ലാഹോർ ഗൂഢാലോചനക്കേസിലെ ജീവപര്യന്തക്കാരനായ ജയ്ദേവ് കപൂർ എന്നിവരും അവിടെ ഉണ്ടായിരുന്നു.... ചുരുക്കത്തിൽ ബംഗാളിലും വടക്കെ ഇന്ത്യയിലും മുളച്ചുപൊന്തിയ വിപ്ലവച്ചെടിയുടെ ഒരു പറിച്ചുനടൽ നടത്തി തെക്കെ ഇന്ത്യയിലും അത് പടർന്നു വ്യാപകമാക്കാൻ 1930—'32 കാലത്തെ ജയിൽജീവിതം ഉപകരിച്ചു. അതിൽ ഒരു ചെറിയ പങ്ക് എനിക്കും കിട്ടി....."

ഇപ്രകാരം ലഭിച്ച അറിവുകളെയും വായിച്ച പുസ്തകങ്ങളിലെ ആശയങ്ങളെയും അടിസ്ഥാനപ്പെടുത്തിയാണ് ഇ. എം. എസ്., സി. എസ്. പി. യിലേക്ക് ആകർഷിക്കപ്പെട്ടത്. 1934 മെയ്മാസത്തിൽ പട്നയിൽവച്ച് ചേർന്ന സി. എസ്. പി. സ്ഥാപനയോഗത്തിൽ ജയപ്രകാശ് നാരായണൻ ജനറൽ സെക്രട്ടറി ആയും ഇ. എം. എസ്സും എം. ആർ. മസാനിയും സഹകാര്യദർശിമാരായും തെരഞ്ഞെടുക്കപ്പെട്ട വിവരം നേരത്തെ പരാമർശിച്ചിരുന്നുവല്ലോ. അതേമാസത്തിൽത്തന്നെ കോഴിക്കോട്ടുവച്ച് കേരളത്തിലെ സോഷ്യലിസ്റ്റ് അനുഭാവികളായ കോൺഗ്രസ്സുകാരുടെ ഒരു യോഗം ചേർന്ന് പി. കൃഷ്ണപിള്ള സെക്രട്ടറി ആയി സി. എസ്. പി.യുടെ കേരളഘടകം രൂപീകരിക്കപ്പെട്ടു. 1927-നുശേഷം കൃഷ്ണപിള്ള ഉത്തരേന്ത്യൻസംസ്ഥാനങ്ങളിൽ

സഞ്ചരിക്കുകയും അവിടെവെച്ച് തന്റെ ഹിന്ദിപഠനം മെച്ചപ്പെടുത്തുകയും ചെയ്തു. അക്കാലത്ത് അദ്ദേഹം ഭഗത്സിംഗിന്റെ ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ ആർമി തുടങ്ങിയ ഉശിരൻ വിപ്ലവസംഘടനകളുമായി ബന്ധപ്പെട്ടിരുന്നു. റഷ്യൻ അരാജകവാദിയായിരുന്ന പ്രിൻസ് ക്രോപ്ടോകിൻ എഴുതിയ 'Conquest of Bread' (ഭക്ഷണത്തിനുവേണ്ടിയുള്ള യുദ്ധം) തുടങ്ങിയ ഗ്രന്ഥങ്ങളും ചില സോഷ്യലിസ്റ്റ് രേഖകളും വായിക്കുകയുണ്ടായി. ഇതിന്റെയൊക്കെ സ്വാധീനം അദ്ദേഹത്തെ സോഷ്യലിസത്തിലേക്കും വിപ്ലവത്തിലേക്കും നയിച്ചു. മീററ്റ് ഗൂഢാലോചനയെപ്പറ്റിയും അതിന് പ്രതികൾ കോടതിയിൽ നൽകിയ പ്രസ്താവനയെപ്പറ്റിയും പത്രങ്ങളിൽ വിപുലമായി റിപ്പോർട്ടു ചെയ്തിരുന്നത് കൃഷ്ണപിള്ളയെ സ്വാധീനിച്ചു. അങ്ങനെ സോഷ്യലിസ്റ്റ് ചായ്വുള്ള ഒരു തീവ്രവാദി ആയിട്ടാണ് തിരിച്ചുവന്നതെങ്കിലും 1932—1933-ലെ ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുക്കുകയും കോഴിക്കോട്ട് കടപ്പുറത്തുവച്ച് ഭീകരമായ ശാരീരികപീഡനങ്ങൾക്ക് വിധേയനാവുകയും ചെയ്തു. കണ്ണൂർ ജയിലിലേക്ക് അയയ്ക്കപ്പെട്ട കൃഷ്ണപിള്ള അവിടെവെച്ച് ഇ. എം. എസ്സിനെയും മറ്റും കാണുകയുണ്ടായെങ്കിലും അവർ തമ്മിൽ കാര്യമായ പരിചയപ്പെടലോ കാര്യമായ ആശയവിനിമയമോ നടന്നില്ല. കൃഷ്ണപിള്ള താഴ്ന്ന ക്ലാസ് തടവുകാരനായിരുന്നതും ഇ. എം. എസ്. ഉയർന്ന ക്ലാസിലായിരുന്നതും അധികം താമസിയാതെ 'എ' ക്ലാസ് തടവുകാരെ വെല്ലൂർ സെൻട്രൽ ജയിലിലേക്ക് മാറ്റിയപ്പോൾ ഇ. എം. എസ്സിനെ കണ്ണൂരിൽനിന്ന് അങ്ങോട്ടു കൊണ്ടുപോയതുമൊക്കെ അതിന് കാരണമാകാം. ഏതായാലും ഉപ്പുസത്യാഗ്രഹം ഗാന്ധി-ഇർവിൻ ഉടമ്പടിയെത്തുടർന്ന് നിറുത്തിവച്ചപ്പോൾ സത്യഗ്രഹികളെ മോചിപ്പിച്ചതിനാൽ ശിക്ഷയുടെ കാലാവധി അവസാനിക്കുന്നതിനുമുൻപുതന്നെ കൃഷ്ണപിള്ളയും ഇ. എം. എസ്സും മറ്റും ജയിൽമോചിതരായി. ഈ അനുഭവങ്ങളും പുത്തൻ ആശയങ്ങളുമാണ് കൃഷ്ണപിള്ളയെ സി. എസ്. പി. കേരള ഘടകത്തിന്റെ പ്രഥമ സെക്രട്ടറി ആയി തെരഞ്ഞെടുക്കാൻ കാരണം.

കെ. ദാമോദരൻ ഈ ഘട്ടത്തിൽ കാശിവിദ്യാപീഠത്തിൽ ആയിരുന്നു. അവിടെവച്ച് ആർ. ഡി. ഭരദ്വാജിന്റെയും ഓംപ്രകാശ് ശാസ്ത്രിയുടെയും സ്വാധീനത്തിൽ അദ്ദേഹം കമ്മ്യൂണിസ്റ്റ്പാർട്ടിയംഗമായി കഴിഞ്ഞിരുന്ന കാര്യം നാം നേരത്തെ ചർച്ചചെയ്തിരുന്നുവല്ലോ. കേരളത്തിലെ പ്രഥമ കമ്മ്യൂണിസ്റ്റ്പാർട്ടി ഘടകത്തിൽ ഇനി അവശേഷിക്കുന്ന നാലാമത്തെ ആൾ തിരുവനന്തപുരംനഗരത്തിന്റെ പ്രാന്തപ്രദേശമായ വെങ്ങാനൂർ ഗ്രാമത്തിൽ (അയ്യങ്കാളിയുടെ ജന്മസ്ഥലം) ജനിച്ച നാരായണപിള്ള ചന്ദശേഖരപിള്ള എന്ന എൻ. സി. ശേഖർ ആണ്. ശേഖർ ചെറുപ്പംതൊട്ടേ ഒരു ഉശിരൻ പോരാളി ആയിരുന്നുവെന്നതും പൊന്നറ ശ്രീധറും, എൻ. പി. കുരുക്കളും മറ്റും ചേർന്ന് കമ്മ്യൂണിസ്റ്റ് ലീഗ് എന്നൊരു സംഘടന തിരുവനന്തപുരം കേന്ദ്രമായി രൂപീകരിച്ച വിവരവും അതിന്റെ പ്രസക്തിയും ദൗർബ്ബല്യവും എന്തെന്നതും നാം കണ്ടതാണ്. ശേഖറുടെ ലീഗിന്റെ രൂപീകരണത്തിന് പ്രേര

കമായ സങ്കല്പനങ്ങളെ ശാസ്ത്രീയം എന്നതിനെക്കാൾ കാല്പനികം എന്ന് വിശേഷിപ്പിക്കുന്നതായിരിക്കും ഉചിതം.

സുന്ദരയ്യയും ഘാട്ടേയും

1934-ൽ മീററ്റ് ഗൂഢാലോചനക്കേസിലെ പ്രതികൾ മിക്കവാറും പുറത്തു വന്നതിനെത്തുടർന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി പുനഃസംഘടിക്കപ്പെട്ട വിവരം നാം ചർച്ചചെയ്തതാണ്. പക്ഷേ, കമ്മ്യൂണിസ്റ്റ് പാർട്ടി നിയമവിരുദ്ധമായിരുന്നു അന്ന്. അതുകൊണ്ട് കമ്മ്യൂണിസ്റ്റുകാർ സി. എസ്. പി. അംഗങ്ങൾ എന്ന നിലയിലാണ് പ്രവർത്തിച്ചിരുന്നത്. കേരളത്തിലെ സി. എസ്. പി.യെ നയിക്കാനും അവരിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടി രഹസ്യമായി കെട്ടിപ്പടുക്കാനും അഖിലേന്ത്യാ നേതൃത്വം ചുമതലപ്പെടുത്തിയിരുന്നത്, ആന്ധ്രയിൽനിന്നുള്ള പി. സുന്ദരയ്യയെയും കൊങ്കൻകാരനെങ്കിലും മുംബൈയിൽ കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന എസ്. വി. ഘാട്ടെയെയുമാണ്. എസ്. വി. ഘാട്ടെ കോഴിക്കോട്ടു വന്ന് പല ഇടതുപക്ഷക്കാരെയും കണ്ട് സംസാരിക്കുന്നതിനിടയിൽ കെ. ദാമോദരനെയും കണ്ട് സംസാരിച്ചിരുന്നു. കേരളത്തിലുടനീളം സുന്ദരയ്യയും ഘാട്ടെയും സഞ്ചരിച്ച് പ്രഥമ കമ്മ്യൂണിസ്റ്റ്ഘടകം രൂപീകരിക്കാൻ തയ്യാറെടുത്തപ്പോൾ അവർ അതിന് യോഗ്യരായി കണ്ടത് നേരത്തെ പറഞ്ഞതുപോലെ കൃഷ്ണപിള്ളയെയും ഇ. എം. എസ്സിനെയും ദാമോദരനെയും ശേഖറെയുമാണ്. ഈ നാൽവർസംഘം വികസിച്ചാണ് ഇരുപതു വർഷത്തിനുശേഷം ഇന്ത്യയിലെ പ്രഥമ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ രൂപീകരിച്ച് ചരിത്രം സൃഷ്ടിച്ചതെന്ന് പറയേണ്ടതില്ലല്ലോ.

7. ഉണരുന്ന തൊഴിലാളിവർഗ്ഗം

നേരം പോയ്, നേരം പോയ് എല്ലാരും പോയല്ലാ,
നേരം പോയ്, നേരം പോയ് പുക്കൈ മറപറ്റി
കുന്നംകോഴി കുളക്കോഴി തത്തിത്തത്തി ചാടുന്നേ
നേരം പോയ നേരത്തും, കൊല്ലാക്കൊല കൊല്ലണിയോ!
അരമുറി കരിക്കും തന്ന് കൊല്ലാക്കൊല കൊല്ലണിയോ
ഏനിവിടെ വന്നേപ്പിന്നെ, കെട്ടാപ്പുര കെട്ടിച്ചേ,
ഏനിവിടെ വന്നേപ്പിന്നെ, വെട്ടാക്കുളം വെട്ടിച്ചേ!.....
നേരം പോയ നേരത്തും കൊല്ലാക്കൊല കൊല്ലണിയോ
കൊല്ലാക്കൊല കൊല്ലണിയോ....

(ഒരു നാടോടിപ്പാട്ട്)

പാടുപെട്ടു പണിയെടുത്ത്,
നാടു കാത്ത ഞങ്ങളെ
വീടുവിട്ടു, വേലവിട്ടു പോകു-
വാൻ പറകയോ?
മലയുടച്ച് വഴിതെളിച്ച്
ഞങ്ങൾ വേലചെയ്തവർ
പുഴകൾമേലും റെയിലുപാലം
ഞങ്ങൾ പണിതുവെച്ചവർ
വലിയ യന്ത്രശാലകൾക്ക്
ഞങ്ങൾ ജീവനേകിയോർ
വലിയ പട്ടണങ്ങൾ തീർത്തു
ഞങ്ങൾ നാടുണർത്തിയോർ
അപകടംപെട്ട ഖനിയിലാണ്ടു
ഞങ്ങൾ നീന്തുവോർ....
വീടുവിട്ടു വേലവിട്ടു പോകു-
വാൻ പറകയോ?

—ആർ. സുഗതൻ

ഉണരുവിൻ, എണീക്കുവിൻ,
അണിനിരന്നുകൊള്ളുവിൻ
രണത്തിനുള്ള കാഹളം
ശ്രവിച്ചിടിൻ, മനോഹരം!

—ബോധേശ്വരൻ

പണിയെടുക്കുന്നവരും പണിയെടുപ്പിച്ച് അതിന്റെ ഫലം നേടുന്നവരും ചൂഷിതരും ചൂഷകരും തമ്മിൽ, സമൂഹത്തിലെ ഇല്ലാത്തവരും ഉള്ളവരും തമ്മിൽ ഇരുവർഗ്ഗങ്ങളായി പിരിഞ്ഞ നാൾ മുതൽ വർഗ്ഗസമരവും ആരംഭിച്ചു. ഇന്ന് നാം കണ്ടു പരിചയിച്ചുവരുന്ന തൊഴിലാളി-മുതലാളിസമരമോ കർഷക-ഭൂപ്രഭുസമരമോപോലായിരിക്കില്ല അവ എന്ന വ്യത്യാസം ഉണ്ടാകാം. പണിമുടക്കം, നിരാഹാരം, ഹാലിളക്കം, ഭ്രാന്തനാട്യം, ആത്മാഹത്യ മുതലായ പല സമരരീതികളും പഴയകാലം മുതൽ അധഃസ്ഥിതർ സ്വീകരിച്ചുവന്നതായി രാംശരൺ ശർമ്മ വിശദമായി വിവരിക്കുന്നുണ്ട് (Early Medival Indian Society, A study in Feudalism, കൊൽക്കത്ത,2001—7-ാം അദ്ധ്യായം). പക്ഷേ, പണ്ടുകാലം മുതൽ ചരിത്രരേഖകളും പുരാലിഖിതങ്ങളും എഴുതുന്നവർ മേലാളന്മാരുടെ പ്രതിനിധികളായിരുന്നതിനാൽ ശർമ്മയെപ്പോലുള്ള പ്രതിബദ്ധതയുള്ള ഗവേഷകന്മാർക്കു മാത്രമേ ചെറിയ തെളിവുകളിൽനിന്ന് വലിയ സത്യം അനാവരണംചെയ്യാൻ കഴിയൂ. കേരളത്തിന്റെ സ്ഥിതിയും ഒട്ടും വ്യത്യസ്തമല്ലായിരുന്നു. അങ്ങനെ അംഗീകൃത ചരിത്രരചനാരീതിയിലല്ലെങ്കിലും നമ്മുടെ നാടൻപാട്ടുകളും ഐതിഹ്യങ്ങളും 'തെയ്യം' തുടങ്ങിയ നാടോടികലകളും ശ്രദ്ധയോടെ പഠിച്ചാൽ ഈവിധത്തിലുള്ള വർഗ്ഗസമരത്തിന്റെ ഓളംതല്ലലുകൾ നമുക്കു കാണാനും കേൾക്കാനും കഴിയും.

സാധാരണ ചരിത്രകാരന്മാരും പാഠപുസ്തകമെഴുത്തുകാരും അറിയാഞ്ഞിട്ടോ അന്വേഷിക്കാഞ്ഞിട്ടോ, അല്ലെങ്കിൽ, അറിഞ്ഞിട്ടും പ്രാധാന്യം കല്പിക്കാതെ അവഗണിച്ച ഏതാനും വർഗ്ഗസമരങ്ങളെ എൻ. ഇ. ബാലറാം ഒരു കൃതിയിൽ സംഗ്രഹിച്ചു ചേർത്തിട്ടുണ്ട്.

കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം, 1990

ഈ പോരാട്ടങ്ങളും ചെറുത്തുനില്പുകളും മുഖ്യമായി കർഷകരും കർഷകത്തൊഴിലാളികളും ദളിതരും നയിച്ചതാകയാൽ കർഷകപ്രസ്ഥാനത്തെക്കുറിച്ചുള്ള അടുത്ത അദ്ധ്യായത്തിൽ നമുക്കത് വിശദമായി പരിശോധിക്കാം. തൊഴിലാളികളും മുതലാളിമാരും തമ്മിലും തൊഴിലാളികളും മുതലാളിത്തസർക്കാരും തമ്മിലും ഇന്നത്തെ രീതിയിൽ മുമ്പ് അധികം സമരം നടന്നിട്ടില്ല—കാരണം ഇന്നത്തെ രീതിയിലുള്ള മുതലാളിത്തോൽപാദനസമ്പ്രദായം അന്ന് വിരളമായിരുന്നല്ലോ. എങ്കിലും താൽപര്യജനകമായ ഒരു വസ്തുത, ചുരുക്കമായി അന്നും ചില ഒറ്റപ്പെട്ട സമരങ്ങൾ ഈ പുതിയ രീതിയിലും നടന്നിരുന്നു എന്നതാണ്. ഒരുദാഹരണം പറയാം.

രണ്ടു നൂറ്റാണ്ടു മുൻപുള്ള സംഭവമാണ്. 1800-ാമാണ്ട് 1798-ൽ കാർത്തിക തിരുനാൾ രാമവർമ്മ നിര്യാതനായശേഷം ബാലരാമവർമ്മ രാജാവ് തിരുവിതാംകൂർ ഭരിക്കുന്ന കാലം. കാർത്തികതിരുനാളിന്റെ ദിവാൻ രാജാകേശവദാസ് ബാലരാമവർമ്മ ദിവാനായി തുടരുകയായിരുന്നു. ദുർബ്ബലഭരണാധി

---

* കൊണ്ടുകൊടുക്കുക.

കാരിയായിരുന്ന ബാലരാമവർമ്മയുടെയും ആശ്രിതന്മാരായ ജയന്തൻശങ്കരൻ നമ്പൂതിരി, ശങ്കരനാരായണചെട്ടി തുടങ്ങിയവരുടെയും ധൂർത്തുമൂലം ഖജനാവ് ശോഷിച്ചു. മറ്റൊരു രാജകിങ്കരനായിരുന്ന തച്ചിൽ മാത്തുത്തരകനോടുംമറ്റും വൻപലിശയ്ക്ക് വായ്പവാങ്ങിയാണ് കൊട്ടാരത്തിലെ ദൈനംദിനകാര്യങ്ങൾപോലും നടന്നുവന്നത്. ഈ ദുരവസ്ഥയ്ക്ക് പരിഹാരമായി ദിവാൻ രാജാകേശവദാസ് ഏർപ്പെടുത്തിയ പല നികുതികളിൽ ഒന്ന് തെങ്ങിന്റെ വൃക്ഷക്കരം വർദ്ധിപ്പിക്കൽ ആയിരുന്നു. ഇതിൽ പ്രതിഷേധിച്ച് പരമ്പരാഗതമായി തെങ്ങുചെത്തും മദ്യവില്പനയും നടത്തിക്കൊണ്ടിരുന്ന ഈഴവസമുദായം പ്രക്ഷോഭം തുടങ്ങി. കരം വർദ്ധിപ്പിച്ചതനുസരിച്ച് കള്ളുവിലയും വർദ്ധിച്ചപ്പോൾ വില്പന കാര്യമായി കുറഞ്ഞു. ചെത്തുതൊഴിലാളികൾ ചെത്തുനിറുത്തി കരം തീരെ കൊടുക്കാതായി. ഈഴവർ അവർണ്ണരായിരുന്നു. മറ്റ് അവർണ്ണരെക്കൾ പല കാര്യങ്ങളിലും മേലേയായിരുന്നു. സംസ്കൃതം, സിദ്ധവൈദ്യം, ആയുർവ്വേദം മുതലായവയിൽ വിദഗ്ദ്ധരായവർ അവരിൽ പലരും ഉണ്ടായിരുന്നു. കൂടാതെ 'നായർപ്പട'പോലെ 'ഈഴപ്പട'യും ഉണ്ടായിരുന്നതിനാൽ സർക്കാരിന് അവരെ അവഗണിക്കുവാൻ കഴിയുമായിരുന്നില്ല. സമരക്കാർക്കെതിരെ അറസ്റ്റും മർദ്ദനവുമൊക്കെ ഉണ്ടായെങ്കിലും അവർ കീഴടങ്ങിയില്ല. അവസാനം ഈ നികുതി പിൻവലിക്കപ്പെട്ടുവെന്നും തൊഴിലാളികൾ ജയിച്ചുവെന്നും ആണ് ചില പഴയ രേഖകളിൽ കാണുന്നത്. (Leela More, English East India Company and Local Rulers in Kerala, Tellichery, 2003)

ആധുനികകാലത്ത് ട്രേഡ് യൂണിയൻ രംഗത്തു മാത്രമല്ല രാഷ്ട്രീയ രംഗത്തും പ്രബലശക്തിയായിത്തീർന്ന ചെത്തുതൊഴിലാളിപ്രസ്ഥാനത്തിന്റെ 200 വർഷം മുമ്പുള്ള സമരം വിജ്ഞാനപ്രദമാണ്. അങ്ങനെ വേറെയും ചിലവ പിൽക്കാലത്ത് നടത്തിട്ടുണ്ട്. പക്ഷേ, ഇതൊക്കെ കൗതുകകരമായ വാർത്തകൾ എന്നതിലേറെ പ്രാധാന്യമർഹിക്കുന്നില്ല. എങ്കിലും എക്കാലത്തും വർഗ്ഗസമരങ്ങൾ പല ഭാവത്തിലും നടന്നുവന്നിരുന്നു എന്നും പല രൂപത്തിലാണെങ്കിലും അവ ഒരിക്കലും നിന്നുപോയിരുന്നില്ല എന്നും പറഞ്ഞതിന് തെളിവുകളാണിവ എന്നു മാത്രം.

മുതലാളിത്തവ്യവസ്ഥയുടെ ആവിർഭാവം

നാടുവാഴിത്ത സാമ്പത്തികക്രമം മുതലാളിത്തത്തിലേക്ക് പരിവർത്തനം ചെയ്യുന്ന പ്രക്രിയ ഇന്ത്യയിലെ മറ്റു ഭാഗങ്ങളിലെന്നപോലെ കേരളത്തിലും 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ ആരംഭിച്ചു. പക്ഷേ, അത് നാടുവാഴിത്ത വ്യവസ്ഥയെ പൂർണ്ണമായി നിർമ്മാർജ്ജനംചെയ്യാതെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെയും ബ്രിട്ടീഷ് മുതലാളിത്തത്തിന്റെയും താൽപര്യം നിറവേറ്റത്തക്കവിധം അവികസിത മുതലാളിത്തമെന്നോ കൊളോണിയൽ മുതലാളിത്തമെന്നോ നാമകരണംചെയ്യാവുന്ന ഒന്നായിരുന്നു. ഈ നാടുവാഴിത്തവും മുതലാളിത്തവും കൊളോണിയലിസവും ചേർന്നുള്ള വിചിത്രമിശ്രണം ആദ്യ

മായി പ്രത്യക്ഷപ്പെട്ടത് കാപ്പി, തേയില, റബ്ബർ മുതലായി വലിയതോതിൽ ഉൽപാദിപ്പിച്ച് ബ്രിട്ടണിലേക്കു കയറ്റുമതിചെയ്യാൻ ഉതകുന്ന കാർഷിക മുതലാളിത്തത്തിന്റെ രൂപത്തിലാണ്. അവയെല്ലാം ബ്രിട്ടീഷ് മുതലാളിമാർതന്നെയാണ് സ്ഥാപിച്ച് നടപ്പാക്കിയിരുന്നത്. കൊളോണിയൽ സർക്കാരിന്റെയും തിരുവിതാംകൂർപോലുള്ള സാമന്തരാജ്യങ്ങളിൽ ബ്രിട്ടീഷ് മേലധികാരികളുടെ ഉത്തരവനുസരിച്ച് നാട്ടുരാജാക്കന്മാരുടെയും പിന്തുണകൊണ്ട് നാടിന്റെ വിഭവശേഷിയേയും തൊഴിലാളികളുടെ അദ്ധ്വാനത്തേയും കണക്കറ്റ് ചൂഷണംചെയ്യാൻ വിദേശികൾക്കു കഴിഞ്ഞു. ഉദാഹരണത്തിന് തിരുവിതാംകൂറിലെ ഇന്നത്തെ ജില്ലകൾക്ക് സമാനമായി രൂപീകരിച്ചിരുന്ന 'ഡിവിഷനുകൾ' എല്ലാം സർക്കാർ സർവ്വീസിൽപ്പെട്ട 'ദിവാൻ പേഷ്കാർമാർ' ഭരിച്ചിരുന്നപ്പോൾ കണ്ണൻദേവൻ തേയിലത്തോട്ടവും മറ്റു തോട്ടങ്ങളും സ്ഥിതിചെയ്തിരുന്ന ദേവികുളം-പീരുമേട് താലൂക്കുകൾ ഉൾപ്പെട്ട ഡിവിഷൻ ഭരിച്ചിരുന്നത് വെള്ളക്കാരൻ കമ്മീഷണരായിരുന്നു. അയാൾ തോട്ടം ഉടമയും നിയമ സമാധാനത്തിന്റെയും നീതിന്യായപാലനത്തിന്റെയും അധിപനുമായിരുന്നു. ഈ കമ്മീഷണർമാരുടെ ഉത്തരവാദിത്വം ലണ്ടനിൽ പ്രവർത്തിച്ചിരുന്ന കമ്പനി ഡയറക്ടർ ബോർഡിനോടും മദിരാശിയിലെ ബ്രിട്ടീഷ് ഗവർണ്ണരോടും മാത്രമായിരുന്നു.

ഈ തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളെ നാട്ടിൻപുറത്തെയും നഗരങ്ങളിലെയും തൊഴിലാളികളിൽനിന്നും സാമാന്യജനങ്ങളിൽനിന്നും ഒറ്റപ്പെടുത്തി അടിച്ചൊതുക്കാൻ മറ്റടവുകളും കൊളോണിയൽ മുതലാളിമാർ അവലംബിച്ചിരുന്നു. ഈ തോട്ടങ്ങൾ സ്ഥിതിചെയ്തിരുന്നത് ഹിംസ്രമൃഗങ്ങൾ ഇരതേടിനടക്കുന്ന നിബിഡമായ വനപ്രദേശങ്ങൾ താണ്ടിചെല്ലാവുന്ന ഉയർന്ന മലനിരകളിലായിരുന്നു എന്നതുതന്നെ ഒറ്റപ്പെടലിന് ഒരു കാരണം. കൂടാതെ കോളണിക്കു പുറത്തുനിന്ന് മുൻകൂർ ഒരു തുക നൽകി കങ്കാണിമാർ റിക്രൂട്ട്ചെയ്തു കൊണ്ടുവരുന്ന തമിഴരുംമറ്റുമായ തൊഴിലാളികളാണ് ഈ തോട്ടങ്ങളിൽ പണിയെടുത്തിരുന്നത്. അവർക്കു താമസിക്കാൻ 'ലയ'ങ്ങൾ (ലൈനുകൾ) എന്നറിയപ്പെട്ടിരുന്ന നീണ്ട ഷെഡ്ഡുകൾ—ഒരു മുറി ഒരു കുടുംബത്തിന് എന്നതോതിൽ—വിഭജിച്ചിരുന്നു. വിദ്യാലയങ്ങളില്ല, ആശുപത്രികളില്ല. ഇതൊക്കെത്തന്നെയായിരുന്നു കേരളത്തിലെ തോട്ടങ്ങളിലെന്നപോലെ അസം തുടങ്ങിയ പ്രദേശങ്ങളിലേയും സ്ഥിതി. മുൽക്ക് രാജ് ആനന്ദിന്റെ രണ്ടിലയും ഒരു മൊട്ടും എന്ന ആഖ്യായിക ഈ സ്ഥിതിഗതികളെക്കുറിച്ച് വിവരിക്കുന്നുണ്ട്. സ്വാതന്ത്ര്യം ലഭിച്ച് 10 വർഷം കഴിഞ്ഞ് ഐക്യകേരള സർക്കാർ വന്നപ്പോഴും സ്ഥിതി മെച്ചപ്പെട്ടില്ലെന്ന് ഡി. ശെൽവരാജിന്റെ 'തേനീർ' (മലയാളത്തിൽ തേയിലക്കാട്) എന്ന തമിഴ് ആഖ്യായിക വായിച്ചാൽ അറിയാം. കണ്ണൻദേവൻ തോട്ടമേഖലയെന്നു കരുതപ്പെടുന്ന പ്രദേശത്ത് സർക്കാർ ഉദ്യോഗസ്ഥന്മാർക്കും പൊലീസിനും പ്രവേശനമില്ലെന്നും മിനിമം വേതനനിയമം അവർക്ക് ബാധകമല്ലെന്നും വാദിച്ച കണ്ണൻദേവൻ കമ്പനിമേലധികാരിയായിരുന്ന വാട്കാൾസ് സായിപ്പിനെ അറസ്റ്റ്ചെയ്യുമെന്ന് കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിലെ തൊഴിൽവകുപ്പു മന്ത്രി

ടി. വി. തോമസ് ഭീഷണിപ്പെടുത്തിയപ്പോഴാണ് അയാൾ പത്തിയല്പം മടക്കിയത്. 1957-ൽ റോസമ്മ പുന്നൂസ് കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥിയായി മത്സരിച്ച തെരഞ്ഞെടുപ്പിൽ ചില ചുമതലകൾ വഹിച്ചിരുന്ന ഈ ലേഖകന്റെ ജീപ്പ് ലയങ്ങളിൽ താമസിക്കുന്ന തൊഴിലാളികളെ കണ്ട് വോട്ടു ചോദിക്കാൻ പോയപ്പോൾ തോട്ടം കാവൽക്കാർ ഗേറ്റിൽ തടഞ്ഞുനിറുത്തിയതും അതു വകവെക്കാതെ ഗേറ്റ് ഇടിച്ചു നീക്കി ജീപ്പ് കടത്തിക്കൊണ്ടുപോയതും ഓർക്കുന്നു. ഇങ്ങനെയുള്ള നിരവധി കാര്യങ്ങളാൽ തോട്ടങ്ങളാണ് ആദ്യത്തെ മുതലാളിരീതിയിലുള്ള കേരളത്തിലെ സ്ഥാപനങ്ങൾ എങ്കിലും തൊഴിലാളി യൂണിയനുകൾ വളരെ വൈകിയേ അവിടെ രൂപംകൊണ്ടുള്ളു.

തുടർന്നുണ്ടായത് പിയേഴ്സ് ലെസ്ലി, ഷാവാലസ്, മലബാറിലെ കോമൺവെൽത്ത് തുടങ്ങിയ വിദേശകമ്പനികളാണ്. കയറുൽപന്നങ്ങളും ടെക്സ്റ്റയിൽസ് വ്യവസായത്തിനാവശ്യമായ നൂൽനിർമ്മാണം എന്നിവയുമായിരുന്നു അവരുടെ പ്രവർത്തനങ്ങളിൽ മുഖ്യം. പുരമേയുന്ന ഓടുവ്യവസായങ്ങളും. കൊല്ലം, ആലുവ, തൃശ്ശൂർ ജില്ലയിലെ ആമ്പല്ലൂർ പ്രദേശം, മലബാറിലെ തിരുവണ്ണൂർ തുടങ്ങിയ വ്യവസായകേന്ദ്രങ്ങളുമാണ് സാങ്കേതികമായി വളരെ താഴ്ന്ന നിലവാരത്തിലുള്ളവ. പിന്നെയുള്ളത് ബീഡി, കൈത്തറി, ചെത്ത്, കശുവണ്ടി തുടങ്ങിയ പരമ്പരാഗതവ്യവസായങ്ങൾ. ഈ അവസാനം വിവരിച്ച മേഖലകളിലാണ് ട്രേഡ് യൂണിയൻ പ്രസ്ഥാനം ആദ്യമായി ഉടലെടുത്തത്.

യൂണിയനുകളുടെ ആദ്യനാളുകൾ

കെ. ദാമോദരൻ കാശിവിദ്യാപീഠത്തിൽനിന്ന് ഒരു മുഴുവൻസമയ പ്രവർത്തകനായി കോഴിക്കോട് കേന്ദ്രമാക്കി പ്രവർത്തിച്ചുതുടങ്ങിയപ്പോഴത്തെ വ്യാവസായികരംഗമാണ് ഇതേവരെ നാം പരിശോധിച്ചത്. ഇനി ഇക്കാലത്തെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ അവസ്ഥകൂടി പരിശോധിച്ച ശേഷം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ വിവരിക്കാമെന്ന് വിചാരിക്കുന്നു.

1920-ൽ ദേശീയ സ്വാതന്ത്ര്യസമരം പുതിയ ഉശിരൻ കാലഘട്ടത്തേക്കു പ്രവേശിക്കാൻ തുടങ്ങിയ സന്ദർഭത്തിലാണ് ആദ്യത്തെ അഖിലേന്ത്യൻ തൊഴിലാളി സംഘടനയായ അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ് (എ. ഐ. ടി. യു. സി.) രൂപംകൊണ്ടത്. ഇന്ത്യയിലെ വിവിധമേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളി യൂണിയനുകളെ അവയുടെ വ്യക്തിത്വം നിലനിറുത്തിക്കൊണ്ട് ഏകീകരിച്ച സംഘടനയാണല്ലോ എ. ഐ. ടി. യു. സി. മുംബൈ, നാഗ്പൂർ, ഷോലാപ്പൂർ, കാൺപൂർ, കൊൽക്കത്ത, മദിരാശി തുടങ്ങിയ പലയിടങ്ങളിലും അതിനകംതന്നെ സുശക്തമായ ട്രേഡ് യൂണിയൻ സംഘടനകൾ പ്രവർത്തിച്ചുവന്നിരുന്നതിനാലാണല്ലോ എ. ഐ. ടി. യു. സി.യുടെ സ്ഥാപനം സുഗമമായത്. 1906-07 ആകുമ്പോഴേക്കും തൊഴിൽപരമായ അവകാശസമരങ്ങളോടൊപ്പം രാഷ്ട്രീയമായ ലക്ഷ്യങ്ങളും ഇന്ത്യൻ തൊഴിലാളികൾക്ക് കൈവന്നിരിക്കുന്നു. അത് പ്രായപൂർത്തിയുടെ ലക്ഷണ

മാണെന്നുള്ളത് വി. ഐ. ലെനിന്റെ പ്രശംസയ്ക്ക് പാത്രമായ മുംബൈ തൊഴിലാളി പൊതു പണിമുടക്കം ബാലഗംഗാധരതിലകന്റെ അറസ്റ്റിനും നാട്ടുകടത്തൽശിക്ഷയ്ക്കും എതിരായതായിരുന്നു.

ഇപ്രകാരം ഇന്ത്യയിലാകെ സംഘടിതതൊഴിലാളിപ്രസ്ഥാനം മുന്നേറുമ്പോഴും കേരളം അതിൽ പിന്നോക്കമായിരുന്നു. ചില ലക്ഷണമൊത്ത ട്രേഡ് യൂണിയനുകൾ എന്നു വിശേഷിപ്പിക്കാൻ കഴിയാത്തതും പിൽക്കാലത്തെ സംരംഭങ്ങൾക്ക് മുന്നോടിയായതുമായ ചില സംരംഭങ്ങൾ 1920-കളിൽ കേരളത്തിലും നടന്നിരുന്നു. അവയിൽ ആദ്യത്തേതും ഏറ്റവും ശ്രദ്ധേയമായതും 1922-ൽ ആലപ്പുഴ കേന്ദ്രമായി സ്ഥാപിക്കപ്പെട്ട 'തിരുവിതാംകൂർ ലേബർ അസോസിയേഷൻ' ആണ്. ആലപ്പുഴയിലെ എമ്പയർ കയർ വർക്സിലെ ഏതാനും ജീവനക്കാരായിരുന്നു അതിന്റെ ആദ്യത്തെ അംഗങ്ങൾ. സംഘാടകൻ വാടപ്പുറം പി. കെ. ബാവ. ഇന്ന് നാം 'ഓഫീസർ' എന്ന വിഭാഗത്തിൽ ചേർത്ത് വ്യവഹരിക്കുന്ന അന്നത്തെ മൂപ്പൻമാർ, മേസ്തിരിമാർ തുടങ്ങിയ സൂപ്പർവൈസറി തസ്തികയിലുള്ളവരായിരുന്നു പല അംഗങ്ങളും. ബാവയും അങ്ങനെതന്നെ. വാസ്തവത്തിൽ ബാവയുടെ ലക്ഷ്യം തന്റെയോ തന്റെ പദവിയിലുള്ളവരുടെയോ താൽപര്യം രക്ഷിക്കുകയായിരുന്നില്ല. ശ്രീനാരായണഗുരുവിന്റെയുംമറ്റും സാമൂഹ്യപരിഷ്കരണയത്നങ്ങളിൽ ആകൃഷ്ടനായിരുന്ന ബാവ തന്നെക്കാൾ വളരെ കുറഞ്ഞ കൂലിയും എപ്പോഴും പിരിച്ചുവിടാവുന്ന അവസ്ഥയും ശാരീരികമർദ്ദനം തുടങ്ങിയ പീഡനങ്ങൾക്ക് ഇരയും ആയ ദുർബ്ബലരെ സഹായിക്കുകയും അവർക്ക് ശക്തി പകരുകയും ആയിരുന്നു. എന്നിട്ടും സംഘം ചേരാനും ആവശ്യങ്ങൾ ഉന്നയിക്കാനും അവർക്കു പേടിയായിരുന്നു. ബാവയുടെയും മറ്റും സാമൂഹ്യപദവിയും കമ്പനിയിലുണ്ടായിരുന്ന ജോലിയുടെ നിലവാരവുംമറ്റും കണക്കിലെടുത്ത് അദ്ദേഹത്തിന്റെയും സഹപ്രവർത്തകരുടെയും പ്രേരണയ്ക്ക് വിധേയരായാണ് കുറെപ്പേരെങ്കിലും അംഗത്വം സ്വീകരിച്ചത്. ഒരു പൊതുയോഗത്തോടുകൂടി 1922 മാർച്ച് 21-ാം തീയതി രൂപംകൊണ്ട അസോസിയേഷന്റെ സെക്രട്ടറി ബാവയും പൊതുക്കാര്യപ്രസക്തനായിരുന്ന ഒരു ഡോക്ടർ കെ. എം. ആന്റണി പ്രസിഡന്റുമായി. ഉദ്ഘാടനയോഗത്തിൽ അദ്ധ്യക്ഷതവഹിച്ചത് പിൽക്കാലത്ത് സംയുക്ത രാഷ്ട്രീയസഭയുടെ നിവർത്തനപ്രക്ഷോഭണത്തിലും മറ്റും പങ്കെടുത്ത പൊതുജനനേതാവ് പി. എസ്. മുഹമ്മദ് ആയിരുന്നു. ഈ വിവരിച്ചതിൽനിന്നൊക്കെ സിദ്ധിക്കുന്ന കാര്യം ഇന്ന് നാം അറിയുന്നവിധത്തിലുള്ള ഒരു ട്രേഡ് യൂണിയനായിരുന്നില്ല ലേബർ അസോസിയേഷൻ എന്നാണ്. ഒരുതരം സാമൂഹ്യസേവകസംഘടനയായി അതിനെ കരുതാം എങ്കിലും ആ സംഘടന യാതൊരു ചിട്ടയും ഇല്ലാതെ ഏതു വിവേചനവും മർദ്ദനവും സഹിച്ചുപോന്ന തൊഴിലാളികൾക്ക് ചില സംരക്ഷണങ്ങളും അവകാശങ്ങളും നേടിക്കൊടുത്തു. മറ്റു കമ്പനികളിലെ തൊഴിലാളികൾക്കും അതൊരു മാതൃകയായി. പിന്നീട് 1930-കളിൽ വളർന്ന് വൻ ശക്തിയായിത്തീർന്ന ആലപ്പുഴ കയർഫാക്ടറി തൊഴിലാളി യൂണിയന്റെ മുന്നോടിയും ആയി.

1930-കളോടെ കൊച്ചിയിലും മലബാറിലും തൊഴിലാളികൾ സംഘടിക്കാൻ തുടങ്ങിയിരുന്നു. ഈ പുത്തുണർവ്വിന് ഒരു സാർവ്വദേശീയ പശ്ചാത്തലവും ഇന്ത്യൻ പശ്ചാത്തലവും ഉണ്ടായിരുന്നു. 1929-ലെ ലോക മുതലാളിത്തകുഴപ്പം ഇന്ത്യയിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങളായിരുന്നു ഒന്ന്. ഇതിന്റെ പ്രതിഫലനംകൂടി ഉൾക്കൊണ്ട് 1928-ൽ നടന്ന അഖിലേന്ത്യാ റെയിൽവേ പണിമുടക്ക് കേരളത്തിലെ റെയിൽവേ കേന്ദ്രങ്ങളിലുമെത്തി കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൽ ഒരു വഴിത്തിരിവുകുറിച്ച് ഒരു മുന്നേറ്റത്തിന് വഴിതെളിച്ചത് ഈ റെയിൽവേ പണിമുടക്കായിരുന്നു എന്ന് എൻ. ഇ. ബാലറാം കരുതുന്നു (ടി പുസ്തകം). അക്കാലത്ത് സൈമൺ കമ്മിഷൻ ബഹിഷ്കരണം, പൂർണ്ണസ്വാതന്ത്ര്യപ്രമേയം മുതലായവ ഉണർത്തിവിട്ട ദേശീയ സ്വാതന്ത്ര്യസമരവേലിയേറ്റത്തിന്റെ അലകൾ സൃഷ്ടിച്ച ആവേശം മൂലം പിൽക്കാലത്ത് യാഥാസ്ഥിതികരായി അറിയപ്പെട്ടിരുന്നവരുൾപ്പെടെ കോൺഗ്രസ് നേതാക്കളും റെയിൽവേ സമരത്തിന് പിന്തുണയും പ്രചാരവും നൽകി. ഇതേ സംബന്ധിച്ച് ബാലറാം ഇപ്രകാരം എഴുതുന്നു:

> "1928 ജൂലൈ മാസത്തിൽ നടന്ന റെയിൽവേ പണിമുടക്കാണ് കേരളത്തിലെ തൊഴിലാളികളെ ട്രേഡ് യൂണിയൻ സംഘടനയിലേക്ക് ആകർഷിച്ച മുഖ്യസംഭവം. പിരിച്ചുവിട്ട തൊഴിലാളികളെ തിരിച്ചെടുക്കുക, താഴ്ന്ന വരുമാനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുക, റണ്ണിങ് സ്റ്റാഫിന്റെ വിഷമതകൾ പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങൾ അനുവദിപ്പിക്കുന്നതിനുവേണ്ടിയായിരുന്നു തെക്കേ ഇന്ത്യയെ മുഴുവൻ പിടിച്ചുകുലുക്കിയ ആ പണിമുടക്കം. മൂന്നാം ദിവസമാണ് സമരം കേരളത്തിലേക്കു വ്യാപിച്ചത്. ദേശീയ പ്രവർത്തകരായ പലരും ആ സമരത്തെ സഹായിച്ചു. യു. ഗോപാലമേനോൻ (കോഴിക്കോട്) കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് (ഷൊർണ്ണൂർ), കെ. പി. ഗോപാലൻ (കണ്ണൂർ) എന്നിവരുടെ പേർ പ്രത്യേകം പ്രസ്താവ്യമാണ്. തിരുവനന്തപുരം, ഷൊർണ്ണൂർ, പാലക്കാട്, കോഴിക്കോട്, വടകര, തലശ്ശേരി, കണ്ണൂർ, മംഗലാപുരം തുടങ്ങിയ എല്ലാ സ്ഥലങ്ങളിലും പണിമുടക്ക് വിജയകരമായിരുന്നു. ജൂലൈ 31-ാം തീയതി മാതൃഭൂമി മുഖപ്രസംഗത്തിൽ ഇങ്ങനെ എഴുതി: ഈ പ്രവൃത്തിമുടക്കങ്ങൾ തൊഴിലാളികളുടെ ഇടയിൽ അടുത്തകാലത്തുണ്ടായിട്ടുള്ള ഉണർവ്വിന്റെയും ആത്മബോധത്തിന്റെയും ഒഴിച്ചുകൂടാത്ത ഫലങ്ങളാണ്. യഥാർത്ഥത്തിൽ കേരളത്തിലെ സംഘടിത തൊഴിലാളിസമരം ആരംഭിച്ചതുതന്നെ ഈ റെയിൽവേ പണിമുടക്കത്തോടുകൂടിയാണെന്നു പറഞ്ഞാൽ അതിൽ തെറ്റില്ല." (ടി. പുസ്തകം)

കേരളത്തിലെ ആധുനിക ട്രേഡ് യൂണിയൻ പ്രസ്ഥാന ആരംഭത്തിന് ഒരു ഏകദേശകാലം നിർണ്ണയിക്കാമെങ്കിൽ അത് 1931-നും 1933-നും ഇടയ്ക്കാണ് എന്നു പറയാം. പലവിധത്തിലുള്ള വ്യവസായസ്ഥാപനങ്ങളും വ്യാപാരകേന്ദ്രങ്ങളും വളർന്നുവന്നുകൊണ്ടിരുന്ന തുറമുഖനഗരമായ

കൊച്ചിക്ക് ഈ പുതിയ മുന്നേറ്റത്തിൽ ആദിമസ്ഥാനം കല്പിക്കാം. പി. ഗംഗാധരൻ, എ. ജി. വേലായുധൻ, ജോർജ് ചടയമുറി എന്നിവരുടെ മുൻകൈയിൽ സംഘടിപ്പിച്ച കൊച്ചിൻ ലേബർ യൂണിയൻ നിലവിൽവന്നത് ഇക്കാലത്താണ്. ഓരോ വ്യവസായത്തെയും കേന്ദ്രീകരിച്ച് യൂണിയനുകൾ സ്ഥാപിക്കാൻ അല്പംകൂടി കാലം വേണ്ടിവന്നുവെങ്കിലും ലേബർ യൂണിയൻ വടപ്പുറം ബാവയുടേതുപോലെ ഒരു സാമൂഹ്യസേവനസംഘടനയായിരുന്നില്ല. സമരസംഘടനതന്നെയായിരുന്നു. അതുപോലെതന്നെ ഓച്ചന്തുരുത്തിൽ കെ. ഐ. ഇക്കണ്ണൻവൈദ്യരും, ടി. എ. പീറ്ററും, ടി. കെ. രാമൻ മുതൽപേരും ചേർന്ന് ഒരു തൊഴിലാളിസംഘം സ്ഥാപിച്ചു. ചെത്തുതൊഴിലാളികളുടെയും കർഷകത്തൊഴിലാളികളുടെയും മറ്റും പ്രശ്നങ്ങളിലാണവർ ശ്രദ്ധ കേന്ദ്രീകരിച്ചത്. കൊച്ചി രാജ്യത്തിലെ തൃശ്ശൂരിലും ഒരു ലേബർ യൂണിയനുണ്ടായി, ലാസറപ്പന്റെ നേതൃത്വത്തിൽ.

ഈ കാലയളവിലും അതിനു തൊട്ടുപിൻപുമായി തിരുവിതാംകൂറിലും മലബാർജില്ലയിലും തൊഴിലാളിസംഘടനകൾ രൂപംകൊള്ളുകയായിരുന്നു. തിരുവനന്തപുരത്ത് യൂണിയൻ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചത് എൻ. സി. ശേഖറുടെയും കെ. പി. കുരുക്കളുടെയും നേതൃത്വത്തിലായിരുന്നു. പ്രസ്സ് തൊഴിലാളിയൂണിയനായിരുന്നു അവരുടെ ആദ്യസംരംഭം. അവർ അതോടൊപ്പം പൊന്നറ ശ്രീധർ, കെ. പി. കുരുക്കൾ തുടങ്ങിയവരെക്കൂടി കൂട്ടി ഒരു 'കമ്മ്യൂണിസ്റ്റ് ലീഗും' സംഘടിപ്പിച്ചു. കണ്ണൂർ കേന്ദ്രമായി സ്ഥാപിച്ച വടക്കേ മലബാർ ലേബർ യൂണിയന്റെ നേതാവ്, 1957-ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിൽ വ്യവസായവകുപ്പിന്റെ മന്ത്രിയായ കെ. പി. ഗോപാലനായിരുന്നു. പലയിടത്തും ബീഡിത്തൊഴിലാളിയൂണിയനുകൾ രൂപംകൊള്ളാനും ഇക്കാലത്ത് തുടങ്ങിയിരുന്നു. പി. കൃഷ്ണപിള്ളയും മഞ്ചുനാഥ് റാവുവും കോഴിക്കോട്ട് പല യൂണിയനുകൾക്ക് അടിത്തറ പാകി.

ഇത്രയൊക്കെയായതോടെ തൊഴിലാളി യൂണിയനുകൾക്കും സംഘങ്ങൾക്കും ഒരഖിലകേരളരൂപവും നേതൃത്വവും ആവശ്യമാണെന്ന് അതിലെ പ്രവർത്തകർക്കും അവർ പലരും ഉൾപ്പെട്ട കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി നേതൃത്വത്തിനും ബോദ്ധ്യമായി. അങ്ങനെയാണ് 1936 മെയ്മാസത്തിൽ കോഴിക്കോട്ടുവച്ച് ഒരഖിലകേരള തൊഴിലാളിപ്രവർത്തകർ യോഗം ചേർന്നത്. ആർ. സുഗതൻ, എൻ. സി. ശേഖർ, പി. കൃഷ്ണപിള്ള, കെ. കെ. വാര്യർ, പി. എസ്. നമ്പൂതിരി, കെ. പി. ഗോപാലൻ, എ. കെ. ഗോപാലൻ, പി. കെ. ബാലൻ, മഞ്ചുനാഥ റാവു തുടങ്ങിയവരായിരുന്നു അതിന് നേതൃത്വം നൽകിയവരിൽ പ്രമുഖർ. അതിനുശേഷം ട്രേഡ് യൂണിയൻ സംഘടനകൾ പുതിയ രീതിയിൽത്തന്നെ ഉയർന്നുവരാൻ തുടങ്ങി. ഇന്ത്യൻ നാഷണൽ കോൺഗ്രസ് കഴിഞ്ഞാൽ കേരളത്തിലെ ഏറ്റവും വലിയ രാഷ്ട്രീയശക്തിയായി ട്രേഡ് യൂണിയനുകൾ ഉയർന്നു. കെ. ദാമോദരൻ കോഴിക്കോട്ടെത്തി പ്രവർത്തനം ആരംഭിക്കുമ്പോഴത്തെ തൊഴിലാളിരംഗത്തെ സ്ഥിതി ഇതായിരുന്നു.

(കേരളത്തിലെ ട്രേഡ് യൂണിയനുകളുടെ ഉദ്ഭവവും വളർച്ചയും സംബന്ധിച്ച് കൂടുതൽ അറിയണമെന്നുള്ളവർ ഇ. എം. എസ്സിന്റെ 'കേരള ചരിത്രം മാർക്സിസ്റ്റ് വീക്ഷണത്തിൽ', 1990, എൻ. ഇ. ബാലറാമിന്റെ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം, 1990, എസ്. ആണ്ടലാട്ടിന്റെ കേരളത്തിൽ തൊഴിലാളിവർഗ്ഗത്തിന്റെ പിറവി, 1994, ആർ. പ്രകാശത്തിന്റെ കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ചരിത്രം, 1979. എന്ന കൃതികളും നോക്കുക)

ദാമോദരന്റെ യൂണിയൻ പ്രവർത്തനങ്ങൾ

ആധുനികരീതിയിലുള്ള ട്രേഡ് യൂണിയനുകൾ കെട്ടിപ്പടുക്കുന്നതിൽ വലിയ പങ്കു വഹിച്ച (ആലപ്പുഴയിലും കോഴിക്കോട്ടും കണ്ണൂരും മറ്റും) പി. കൃഷ്ണപിള്ള, സി.എസ്.പി.യുടെ കേരളഘടകത്തിന്റെ സെക്രട്ടറി എന്ന നിലയിൽ കേരളത്തിലുടനീളം സഞ്ചരിച്ച് പ്രവർത്തിച്ചുവരികയായിരുന്നു. എ.കെ.ജി.യും അങ്ങനെതന്നെ. എൻ. സി. ശേഖർ വടക്കേ മലബാറിൽ പ്രധാന ചുമതലകൾ ഏറ്റ് അവിടെയും. അതുകൊണ്ട് ആദ്യമൊക്കെ കോഴിക്കോട്ട് തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ മുൻകൈയെടുത്തവർക്ക് ആർക്കും ആ തോതിൽ അവിടെ തുടർന്നു പ്രവർത്തിക്കാൻ കഴിഞ്ഞില്ല. ആ കുറവ് കുറെയൊക്കെ നികത്തിയത് പി. കെ. ബാലൻ, എം. കെ. കേളു തുടങ്ങിയവരായിരുന്നു. അതിനാൽ ദാമോദരനെപ്പോലെ കഴിവുറ്റ ഒരു യുവാവിനെ കൂടെ കിട്ടിയതിൽ കോഴിക്കോട്ടെ സഖാക്കൾ സന്തോഷിച്ചു. അതോടോപ്പം മറ്റൊരു കഴിവുറ്റ സഖാവിനെക്കൂടെ അവർക്ക് ലഭിച്ചു—ടി. കെ. രാജു. ടി. കെ. രാജു തലശ്ശേരിക്കാരനായിരുന്നു. അദ്ദേഹം കോഴിക്കോട്ട് അന്ന് പ്രവർത്തിച്ചിരുന്ന വെജിറ്റബിൾ സോപ്പ് ഫാക്ടറിയിൽ ഒരു തൊഴിലാളിയായി ജോലി സ്വീകരിച്ചു. വാസ്തവത്തിൽ അങ്ങനെ വരുമാനം കുറഞ്ഞ ഒരു ജോലി രാജുവിന്റെ ഉപജീവനത്തിന് ആവശ്യമില്ലായിരുന്നു. അദ്ദേഹം സാമാന്യം ഭേദപ്പെട്ട ഒരു കുടുംബത്തിലാണ് ജനിച്ചത്. തൊഴിലാളിപ്രസ്ഥാനത്തിൽ പണിയെടുക്കാനുള്ള സൗകര്യത്തിനാണ് സോപ്പു ഫാക്ടറിയിൽ പണിക്കു ചേർന്നത്. ദാമോദരനും രാജുവും പരസ്പരം ഇഷ്ടപ്പെടുകയും ഒരുമിച്ചു പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്തു.

ജോലിയിൽ ചേർന്ന ഉടൻതന്നെ രാജു തന്റെ ലക്ഷ്യനിർവ്വഹണത്തിനായി പ്രവർത്തനം ആരംഭിച്ചു. ഒടുവിൽ ഒരു തൊഴിലാളി യൂണിയൻ അവിടെ സംഘടിപ്പിക്കപ്പെട്ടു. അതിന്റെ പ്രസിഡന്റ് തൊഴിലാളിയായ രാജുവും സെക്രട്ടറി ദാമോദരനുമായിരുന്നു. ജോലിക്കാരൻ യൂണിയൻ പ്രസിഡന്റാകുന്നത് കൃത്യവിലോപവും മാനേജ്മെന്റിനോടുള്ള വെല്ലുവിളിയുമാണ് എന്നാരോപിച്ച് രാജുവിനെ പിരിച്ചുവിട്ടു. അതിനെതിരെ ദാമോദരന്റെയും രാജുവിന്റെയും നേതൃത്വത്തിൽ പ്രകടനങ്ങളും കുത്തിയിരിപ്പുസത്യഗ്രഹവും അവസാനകൈയായി പണിമുടക്കും നടത്തി. ദാമോദരന്റെ വാഗ്വിലാസം ദിവസം തോറുമെന്നപോലെ നടന്ന പൊതുയോഗങ്ങളിലൂടെ ജനങ്ങളുടെ

പിന്തുണനേടി. സമരം തുടരുന്നത് കമ്പനിയുടെ നിലനില്പിന് ഭീഷണിയാണെന്നു കണ്ട മാനേജ്മെന്റ് തൊഴിലാഴികളുടെ ആവശ്യങ്ങൾ അനുവദിക്കാനും രാജുവിനെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കാനും തീരുമാനിച്ചു. സമരം അങ്ങനെ വിജയിച്ചു. ലക്ഷ്യം നേടിയ നിലയ്ക്ക് തന്റെ വിലപ്പെട്ട സമയം മുഴുവൻ സോപ്പുണ്ടാക്കാൻ ഉപയോഗിച്ചാൽ പോരാ എന്നു തീരുമാനിച്ച രാജു പിന്നെ ജോലിക്കു ചേർന്നില്ല. ഒരു മുഴുവൻസമയപ്രവർത്തകനെക്കൂടി കിട്ടിയതിൽ സന്തുഷ്ടനായ ദാമോദരൻ ആ തീരുമാനത്തെ സ്വാഗതംചെയ്തു. രാജു പ്രസിഡന്റായും ദാമോദരൻ സെക്രട്ടറിയായും സോപ്പു ഫാക്ടറി യൂണിയൻ തുടർന്നു പ്രവർത്തിച്ചു.

വിവിധ സ്ഥാനങ്ങളിലും വ്യവസായങ്ങളിലും പ്രവർത്തിച്ചുവന്നവരെ തട്ടിക്കൂട്ടി 'സർവ്വാണി' യൂണിയനുണ്ടാക്കുന്ന രീതി അവസാനിപ്പിച്ച് അവരെ പ്രത്യേക യൂണിയനുകളായി സംഘടിപ്പിക്കാനുള്ള പ്രവർത്തനം ആയിരുന്നു ദാമോദരന്റെയും മറ്റു സഖാക്കളുടെയും ആദ്യത്തെ കർത്തവ്യം. അങ്ങനെ രൂപീകൃതമായ യൂണിയനുകളിൽ ആദ്യത്തെ രണ്ടെണ്ണമാണ് കോഴിക്കോട്ടെ നെയ്ത്തുതൊഴിലാളി യൂണിയനും പ്രസ്സ് തൊഴിലാളി യൂണിയനും. അവ രണ്ടും രൂപീകരിക്കാൻ മുൻകൈയെടുത്തു പ്രവർത്തിച്ച ദാമോദരനെത്തന്നെ അവയുടെ സെക്രട്ടറിയായി തെരഞ്ഞെടുത്തു. പിന്നീട് മറ്റു യൂണിയനുകളിൽക്കൂടി പ്രവർത്തിക്കാൻ സമയം കണ്ടെത്തുന്നതിന് സെക്രട്ടറിസ്ഥാനം ഒരു തൊഴിലാളിയെ ഏല്പിച്ച് ദാമോദരൻ പ്രസ്സ് യൂണിയന്റെ പ്രസിഡന്റായി.

ചെറുവണ്ണൂർ, ഫെറോക്ക്, കുറ്റിച്ചിറ

ഇതുവരെ നാം വിവരിച്ചത് കോഴിക്കോട് നഗരത്തിനകത്തുള്ള വ്യവസായങ്ങളും യൂണിയനുകളും ആയിരുന്നു. എന്നാൽ കോഴിക്കോട് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട വ്യാവസായികമേഖല കോഴിക്കോടുനഗരത്തിനു പുറത്ത് വടക്കുമാറിക്കിടക്കുന്ന ചെറുവണ്ണൂർ പ്രദേശവും അതിനും വടക്ക് പുഴയ്ക്കക്കരെ ടിപ്പുസുൽത്താന്റെ പടപ്പാളയമായിരുന്ന ഫെറോക്കും ആണ്. ഫെറോക്കിൽ റയിൽവേ സ്റ്റേഷനുമുണ്ട്. അവസാനം ചേർത്തിരിക്കുന്ന കുറ്റിച്ചിറ വൻനഗരങ്ങളിലെ ചേരിപ്രദേശങ്ങൾപോലെ ദാരിദ്ര്യവും വൃത്തികേടും ഞെങ്ങിനിറഞ്ഞ കുടിലുകളും കൊച്ചുവീടുകളും ഉള്ള മുസ്ലീം ഭൂരിപക്ഷ മേഖലയാണ്. ഓട്, കൈത്തറി തുടങ്ങിയ ചെറുവ്യവസായസ്ഥാപനങ്ങൾ ചെറുവണ്ണൂർ-ഫെറോക്ക് മേഖലകളിൽ സുലഭമാണ്. കുടക്കാൽകമ്പനികൾ മുതലായ ചില്ലറ ദരിദ്രവ്യവസായങ്ങൾ കുറ്റിച്ചിറയിലുമുണ്ട്. ഈ പ്രദേശങ്ങളിലൊക്കെ മറ്റു സഖാക്കളോടുകൂടി ദാമോദരൻ സംഘടനാപ്രവർത്തനങ്ങൾക്കും സമരങ്ങൾക്കും നേതൃത്വം നൽകിയിരുന്നു.

ചെറുവണ്ണൂർ-ഫെറോക്ക് മേഖലയിൽ ദാമോദരൻ നേരിട്ട് ഏതെങ്കിലും യൂണിയന്റെ ചുമതല ഏറ്റിരുന്നതായി കാണുന്നില്ല. എന്നാൽ അവിടെ തൊഴിലാളിപ്രവർത്തകർക്ക് ക്ലാസ്സ് എടുക്കുക, യോഗങ്ങളിൽ പ്രസംഗിക്കുക,

പ്രസ്താവനകൾ എഴുതിക്കൊടുക്കുക, ആവശ്യങ്ങളും അവകാശങ്ങളും ക്രോഡീകരിക്കുന്നതിൽ സഹായിക്കുക എന്നതിലെല്ലാം ദാമോദരൻ ഒരു സ്ഥിരസാന്നിദ്ധ്യമായിരുന്നു.

കുറ്റിച്ചിറയിലെ കുടക്കാൽസമരം ആരെങ്കിലും മുൻകൂറായി ആസൂത്രണംചെയ്തതായിരുന്നില്ല. അവിടത്തെ തൊഴിലാളികളുടെ പണിമുടക്ക് ചൂഷണവും അവകാശനിഷേധങ്ങളും അസഹ്യമായപ്പോൾ താനെ പൊട്ടിപ്പുറപ്പെടുകയാണ് ചെയ്തത്. വിവരം അറിഞ്ഞ് ദാമോദരൻ അവിടെ പാഞ്ഞെത്തി സമരത്തിന്റെ നേതൃത്വം ഏറ്റെടുത്തു. സമരം നടത്തിക്കൊണ്ടുപോകാൻ അത്യാവശ്യം വേണ്ട സംഘടനാസംവിധാനവും ഉണ്ടാക്കി. കോഴിക്കോട്ടങ്ങാടിയിൽ വീടില്ലാതെ കടത്തിണ്ണകളിൽ കിടന്നുറങ്ങി രാവിലെ എഴുന്നേറ്റ് പകലന്തിയോളം പണിയെടുത്ത് അർദ്ധപ്പട്ടിണിക്കാരായി കഴിഞ്ഞുകൂടുന്നവരെ എസ്. കെ. പൊറ്റെക്കാട്ടിന്റെ ചില കഥകളിൽ ഹൃദയസ്പൃക്കായി വിവരിച്ചിട്ടുണ്ട്. അത്തരം തിണ്ണകളുടെ കടയുടെ പുറകിൽ മലമൂത്രവിസർജ്ജനത്തിനുപോലും സൗകര്യമില്ലാത്ത ഇടുങ്ങിയ മുറികളിലൊന്നിൽ പഴയ പത്രം വിരിച്ച് കൊതുകുകളുടെ കടിയേറ്റും മൂളിപ്പാട്ടും കേട്ടും അന്തിയുറങ്ങുക പതിവായിരുന്നു. ദാമോദരനും പി. കൃഷ്ണപിള്ള, എൻ. സി. ശേഖർ തുടങ്ങിയ സഖാക്കൾക്കും നഗരത്തിലെ ഈ പട്ടിണിദൃശ്യങ്ങൾ പുത്തരിയായിരുന്നില്ല. എന്നിട്ടുപോലും അതിനെയൊക്കെ പിൻതള്ളുന്ന കുറ്റിച്ചിറയിലെ മുസ്ലീം ദരിദ്രസമൂഹത്തെ കണ്ടപ്പോൾ വികാരങ്ങൾക്ക് തീപിടിച്ചു. കൊളംബിയൻ കുടക്കമ്പനി എന്നൊരു സ്ഥാപനമാണ്, അടിമകളെപ്പോലെ പണിയെടുക്കുകയും ഒന്നും തർക്കിക്കാതെ കിട്ടുന്ന കൂലി വാങ്ങി ഒതുങ്ങിക്കഴിയുകയും ചെയ്യുന്ന ജോലിക്കാർ സുലഭമായിരുന്ന കുറ്റിച്ചിറയിൽ അതിന്റെ പ്രവർത്തന കേന്ദ്രം ആരംഭിച്ചത്. ഇപ്പോഴും ആ പേരിൽ ഒരു കുടക്കമ്പനി നടന്നുവരുന്നുണ്ട്. ഏതായാലും അസംതൃപ്തരായ തൊഴിലാളികൾ സംഘടിതമായി പണിമുടക്കുകയും അവർക്ക് കഴിവുള്ള നേതാവിനെ കിട്ടുകയും ചെയ്തപ്പോൾ കുടക്കമ്പനിക്കാരൻ വിട്ടുവീഴ്ചകൾ ചെയ്യുകയും പണിമുടക്ക് ഒത്തുതീർക്കുകയും ചെയ്തു. 1940 സെപ്റ്റംബർ 15-ലെ സാമ്രാജ്യത്വവിരുദ്ധസമരത്തെത്തുടർന്ന് അഞ്ചു വർഷത്തോളം തടവിലായ ദാമോദരൻ അതുവരെ കോഴിക്കോടും പരിസരപ്രദേശങ്ങളിലും അതോടൊപ്പം അഖിലകേരളാടിസ്ഥാനത്തിലും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൽ സജീവമായിരുന്നെങ്കിലും ഈ അദ്ധ്യായത്തിൽ 1936-37 വരെയുള്ള ചരിത്രം മാത്രമേ ചേർക്കുന്നുള്ളു. ബാക്കി തുടർന്നു വരുന്ന അദ്ധ്യായങ്ങളിൽ വിവരിക്കാം. ഈ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിനു പുറമേ കർഷകപ്രസ്ഥാനം, കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി, കമ്മ്യൂണിസ്റ്റ് പാർട്ടി, ജീവൽസാഹിത്യസംഘം തുടങ്ങിയവയിലും ദാമോദരൻ വ്യാപരിച്ചിരുന്നതും പിന്നീട് വിവരിക്കുന്നതാണ്. മറ്റൊരു അദ്ധ്യായത്തിൽ ദാമോദരന്റെ കർഷകരംഗത്തെ പ്രവർത്തനങ്ങൾ പരിശോധിക്കാം.

8. കൃഷി: നാടിന്റെ നട്ടെല്ല്

പണിയാളരുടെ ജീവൽസ്പന്ദം
പാവങ്ങൾതൻ പ്രാണമരുത്തു വേണം
പാപപ്രഭുക്കൾക്കിഹ പങ്കവീശാൻ

—വള്ളത്തോൾ നാരായണമേനോൻ

നേരം പോയ്, നേരം പോയ്
പോയല്ലാ പെണ്ണാളെല്ലാം!
കൊയ്തു കൊയ്തു തളർന്നുവരുമ്പം
എന്തു കിട്ടുമെൻ പൈങ്കിളിക്ക്?
കല്ലരിയുണ്ട് കരിക്കാടിക്ക്
നല്ലരിയെല്ലാം പത്തായത്തില്!
കൊയ്തു കൊയ്തു മെയ് തളർന്നാൽ
ഉരിയരിയില്ല ഉടുതുണിയില്ല!
അരവയറും നിറയുകയില്ല!
നേരം പോയ് നേരം പോയ്
നേരെ നാം ഒന്നിച്ചാൽ
നമ്മളു കൊയ്യും വയലെല്ലാം
നമ്മുടെതാകും പൈങ്കിളിയെ!

—ഒ. എൻ. വി. കുറുപ്പ്

നട്ടെല്ലു പൊട്ടിക്കുംമട്ടിൽ—കടം
കഷ്ടമടിച്ചമർത്തുന്നു.
വാങ്ങിയ സംഖ്യയുമെല്ലാം—അതി-
ലെത്ര ഇരട്ടി കൊടുത്തു?
പൊന്നാച്ചു കണ്ടവരുണ്ടോ—ഇനി
അമ്മപെങ്ങന്മാർതൻ കഴുത്തിൽ
കഷ്ടമേ ഉപ്പുചിരട്ട—പോലും
നഷ്ടമായില്ലേ നമുക്ക്....
അയ്യോ വിചാരിപ്പാൻ മേലാ—പിന്നെ
വയ്യെനിക്കേറെ കഥിപ്പാൻ!

പാട്ടം, പുറപ്പാട്ട്, വാരം—നമ്മൾ
കൃത്യമായ് പക്കിച്ചിടേണ്ടേ?*
ഓണം, വിഷു തൊട്ടനാളിൽ—നമ്മൾ
കാണിക്കവെച്ച് തൊഴേണ്ടേ?
എന്നൊരടിമന്ന നീതി—യിത്
ഹന്ത, സഹിക്കുമെമ്മട്ടിൽ
താങ്ങാനരുതാത്ത ഭാരം—നമ്മെ
കൊന്നൊടുക്കും നികുതി!
സങ്കടമെല്ലാമകറ്റാൻ—നമ്മൾ
സംഘമായൊന്നൊരുമിക്ക.

—കെ. എ. കേരളീയൻ

മേൽചേർത്ത കവിതകളിലും പാട്ടുകളിലും ഭംഗമുണ്ടാകാം, ചിലതിലെ ഭാഷ പ്രാകൃതവും. പക്ഷേ, സത്യത്തിന്റെ സൗന്ദര്യവും പോർവീര്യവും അവയ്ക്ക് തിളക്കം നൽകുന്നു. വള്ളത്തോളിന്റെയും ഒ. എൻ. വി.യുടെയും കേരളീയന്റെയും 20-ാം നൂറ്റാണ്ടിലെ ചിത്രമാണവയിൽ പ്രതിഫലിക്കുന്നതെങ്കിലും നീതിക്കുവേണ്ടിയുള്ള കർഷകരുടെ പോരാട്ടത്തിന് കൃഷിയോളം നീണ്ട സഹസ്രാബ്ദങ്ങളുടെ ചരിത്രമുണ്ട്. അതല്പം വിസ്തരിച്ച് പരിശോധിക്കുന്നത് ദാമോദരന്റെയും സഖാക്കളുടെയും ജീവിതദൗത്യത്തിന്റേതായ വേരുകൾ കണ്ടെത്താൻ സഹായകമാകും.

എന്നാണ് മനുഷ്യർ കൃഷിചെയ്യാൻ പഠിച്ചതും ആരംഭിച്ചതും? എവിടെയായിരുന്നു ആരംഭം? ഈ ചോദ്യങ്ങൾക്ക് മിക്കവാറും വിശ്വാസ്യമായ മറുപടി തരാൻ ചരിത്രഗവേഷകർക്കിപ്പോൾ കഴിയുന്നുണ്ട്. ക്രി.മു. 7000-നും 6000-നും ഇടയിൽ പശ്ചിമേഷ്യയിലായിരുന്നു കൃഷിയുടെ ആരംഭം എന്ന് ഭൂരിപക്ഷം ചരിത്രകാരന്മാരും, പ്രത്യേകിച്ച് പ്രാക്ചരിത്രകാരന്മാർ കരുതുന്നു. വടക്കു കിഴക്കേ ആഫ്രിക്കയിലെ ഈജിപ്തിലെ നൈൽനദീതടംതൊട്ട് മദ്ധ്യ പശ്ചിമേഷ്യയിലെ യൂഫ്രട്ടീസ്-ടൈഗ്രിസ് നദീതടംവരെയുള്ള 'ഫെർടൈൽ ക്രെസന്റ്' (ഫലഭൂയിഷ്ടമായ ചന്ദ്രക്കല) എന്ന പ്രദേശത്താണ് കൃഷിയുടെ തുടക്കം. ചൈനയിലെ യാങ്ങ്സി നദീതടത്തിലും ഇന്ത്യൻ ഉപഖണ്ഡത്തിലെ സിന്ധുനദീതടത്തിലും മിക്കവാറും ഇതോടനുബന്ധിച്ച് കൃഷിയിടങ്ങൾ ഉണ്ടായതായും ക്രി.മു. 7000 എന്നത് ക്രി.മു. 10,000 വരെ പുറകോട്ടു നിൽക്കുന്നതാണ് ശരിയെന്നും വാദമുണ്ട്. ഇതെല്ലാം ശരിയായിരിക്കാം. കാരണം ഏതെങ്കിലും ഒരുവർഷത്തിലോ നൂറ്റാണ്ടിൽത്തന്നെയോ ആരംഭിക്കുന്നതല്ലല്ലോ. അതുവരെ വേട്ടയാടിയും ഫലമൂലാദികൾ ഭക്ഷിച്ചും മത്സ്യം പിടിച്ചും ഉപജീവനം കഴിച്ചിരുന്ന നമ്മുടെ പൂർവ്വികർ പടിപടിയായി കൃഷിയുടെ സാങ്കേതികവിദ്യ കണ്ടെത്തിയതും പ്രയോഗിച്ചതും. ഈ കൃഷിയെ ആശ്രയിച്ചാണല്ലോ ഈജിപ്ഷ്യൻ-മെസോപൊട്ടേമിയൻ, സൈന്ധവ യാങ്ങ്സി തുടങ്ങിയ ആദിമനാഗരികതകൾ രൂപംകൊണ്ടത്.

* കൊണ്ടുകൊടുക്കുക

വനാന്തരങ്ങളിൽ വേട്ടയാടിയും ഭക്ഷണം ശേഖരിച്ചുവെച്ചും ഹിംസ്ര ജന്തുക്കളിൽനിന്ന് രക്ഷനേടാൻ വെളിമ്പറമ്പുകളിലെ ഗുഹകളിലും പ്രാകൃത മായ കുടിലുകളിലും കഴിഞ്ഞിരുന്നകാലത്തുതന്നെ വീട്ടുമൃഗങ്ങളെ മെരുക്കി വളർത്താനും ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് താമസം മാറ്റുമ്പോൾ അവയെ കൂടെ കൊണ്ടുപോകാനും അവർ ആരംഭിച്ചിരുന്നു. ഇക്കാലത്തൊക്കെ 'മൂപ്പന്മാർ', 'പിതാക്കൾ', 'ഇടയപ്രഥമൻ' എന്നൊക്കെ വിളിച്ചുവന്ന നേതാക്കൾ ഓരോ കൂട്ടായ്മയ്ക്ക് അല്ലെങ്കിൽ കുലത്തിനും ഉണ്ടായിരുന്നു. 'കുലപതി' എന്ന് അർത്ഥംവരുന്ന 'പേറ്റർഫമിലാസ്' (ഇംഗ്ലീഷ്, ലാറ്റിൻ) എന്നും അവരെ വിളിച്ചിരുന്നു. ഇതൊക്കെ ക്രിസ്ത്യൻ വേദപുസ്തകത്തിന്റെ 'പഴയനിയമം' എന്ന മിത്തുകളുടെയും ഐതിഹ്യങ്ങളുടെയും ഗുരുവചനങ്ങളുടെയും സമാഹാരത്തിലുള്ളതിന്റെ ചുവടുപിടിച്ചാണ് ക്രിസ്ത്യാനികൾ പുരോഹിതന്മാരെ 'പിതാവ്' എന്നും പുരോഹിതപ്രമാണിമാരെ (ബിഷപ്പ് മുതലായവ) ഇടയനെന്നും അവരുടെ ഉത്തരവുകളെയും മാർഗ്ഗനിർദ്ദേശരേഖകളെയും 'ഇടയലേഖനം' എന്നും വിളിച്ചുവരുന്നത്.

അർദ്ധപ്പട്ടിണിക്കാരായിരുന്ന വേട്ടക്കാരുടെ വെറും മൂപ്പനിൽനിന്നും മൃഷ്ടാന്നഭോജികളുടെ നഗരവാസികളുടെ പുരോഹിതശ്രേഷ്ഠന്മാരിലേക്കും രാജാക്കന്മാരിലും എത്തുമ്പോഴേക്കും ചരിത്രത്തിലെ ഒരു നീണ്ട കാൽവയ്പ്പ് പിന്നിട്ടുകഴിഞ്ഞിരുന്നു. പ്രാചീനശിലായുഗം, നവീനശിലായുഗം, വെങ്കലയുഗം, ഇരുമ്പു യുഗം എന്നിവയെല്ലാം താണ്ടിയാണ് സമ്പന്നമായ നാഗരികതയിൽ മനുഷ്യവംശം എത്തിച്ചേർന്നത്. നിരന്തരമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ സാങ്കേതികവിദ്യകൾ മനുഷ്യന്റെ പ്രതിശീർഷോൽപാദനശേഷി വർദ്ധിപ്പിക്കുകയും ഒരാൾക്കും അയാളുടെ ആശ്രിതർക്കും കഴിയാനുള്ളതിൽ കൂടുതൽ ഉൽപാദിപ്പിച്ച് 'ഉൽപാദനമിച്ചം' കൈവരുത്താനും സഹായകമായി. ഈ സാമൂഹ്യപരിവർത്തനം സംഭവിക്കുന്നതിനു മുമ്പ് നിലനിന്നത് 'പ്രിമിറ്റീവ് കമ്മ്യൂണിസം' എന്ന് സാമൂഹ്യശാസ്ത്രജ്ഞരും നരവംശശാസ്ത്രജ്ഞരും നാമകരണംചെയ്തിട്ടുള്ള വ്യവസ്ഥയാണ്. 'എല്ലാവരും കഴിവനുസരിച്ച് പണിയെടുക്കുക, പണിയുടെ അളവും ഗുണവുമനുസരിച്ച് പ്രതിഫലം പറ്റി ഉപഭോഗം നടത്തുക' എന്ന സോഷ്യലിസ്റ്റ് വ്യവസ്ഥയെക്കാൾ ഉയർന്നതാണ് 'എല്ലാവരും കഴിവനുസരിച്ച് പണിയെടുക്കുക! ആവശ്യത്തിനനുസരിച്ച് ഉപഭോഗം നടത്തുക' എന്നതാണല്ലോ വിദൂരഭാവിയിലെ കമ്മ്യൂണിസ്റ്റ് വ്യവസ്ഥ. പ്രാകൃത കമ്മ്യൂണിസത്തിൽ ആവശ്യത്തിനനുസരിച്ച് ഉപഭോഗം നടത്താൻ ഉതകുംപടി ഉൽപാദനശേഷി വർദ്ധിപ്പിച്ചിട്ടില്ലാത്തതിനാൽ 'കഴിവനുസരിച്ച് പണിയെടുത്ത് ഉള്ളത് തുല്യവകാശത്തോടെ ഉപഭോഗം നടത്തുക' എന്നതേ നടപ്പാവൂ.

മാത്രമല്ല കഴിവുള്ളവരെല്ലാം പണിയെടുക്കാൻ നിർബ്ബന്ധിതരുമാണ്. എന്നാലും കഷ്ടിപിഷ്ടിയായി മാത്രമേ ജീവിക്കാനാവൂ. എന്നാൽ സാങ്കേതികവിദ്യയുടെ പുരോഗതി മിച്ചോൽപന്നത്തിനു വഴിവയ്ക്കുന്നു. അപ്പോൾ ചിലർ എല്ലുമുറിയെ പണിയെടുക്കുകയും മറ്റുചിലർ അവരുടെ അദ്ധ്വാന

ഫലംകൊണ്ട് പരാന്നഭോജികളായി കഴിയുകയും ചെയ്യാം. അങ്ങനെ വർഗ്ഗ വിഭജനം സമൂഹത്തിൽ ഉടലെടുക്കുന്നു. ഈ പരാന്നഭോജികൾക്ക് ആദ്യ ഘട്ടത്തിൽ ചില സാമൂഹ്യധർമ്മങ്ങൾ നിർവ്വഹിക്കാനുണ്ടായിരുന്നു. കാലാവസ്ഥ നിരീക്ഷിക്കുക, വിത്തിറക്കുകയും വിളകൊയ്യുകയും ചെയ്യുന്ന കാലം നിർണ്ണയിക്കുക, മനുഷ്യർക്കോ കന്നുകാലികൾക്കോ ചികിത്സനടത്തുക, പൂജയും മന്ത്രവാദവും മറ്റുംകൊണ്ട് ദൈവങ്ങളെ പ്രീതിപ്പെടുത്തുക എന്നിങ്ങനെ. അതിനവർ ദക്ഷിണയും പ്രതിഫലവും ഒക്കെ പറ്റുന്നു. കാലക്രമേണ ഈ ധർമ്മങ്ങൾ നിർവ്വഹിക്കുന്നവരുടെ എണ്ണം കുറയുകയും 'നിയമസമാധാന പാലനം, ക്രമീകൃതസമൂഹസംരഷണം' തുടങ്ങിയ പേരുകൾകൊടുത്ത് ആധിപത്യം സ്ഥാപിക്കുന്ന ഭരണക്കാരായി തീരുകയും ചെയ്തു. അങ്ങനെ വർഗ്ഗവിഭജനത്തോടൊപ്പം സംസ്കാരവും വർഗ്ഗാധിപത്യവും ചൂഷണവും നിലവിൽ വരുന്നു. ഇതൊക്കെ നടക്കണമെങ്കിൽ പഴയ നാടോടിസമ്പ്രദായം അവസാനിപ്പിച്ച് സ്ഥിരം വാസസ്ഥലങ്ങൾ ഉണ്ടാകണം. എന്റെ രാജ്യം, എന്റെ മണ്ണ്, എന്റെ അതിർത്തി എന്നീ ബോധത്തോടൊപ്പം സ്വകാര്യസ്വത്തു സമ്പ്രദായം ശക്തിയാർജ്ജിക്കുന്നു.

ഈ 21-ാം നൂറ്റാണ്ടിലും കാർഷികവൃത്തിയറിയാതെ വനാന്തരങ്ങളിൽ വേട്ടയാടിയും മറ്റും കഴിയുന്ന ആദിവാസികൾ ഉണ്ടെങ്കിലും മുതലാളിത്ത വ്യവസ്ഥ കാർഷികമേഖലയെ വലിയതോതിൽ വിഴുങ്ങാൻ തുടങ്ങിയിട്ടുമുണ്ടെങ്കിലും മാനവരാശിയുടെ ഭൂരിപക്ഷം ഇപ്പോഴും കർഷകർതന്നെ. അവർക്കാവശ്യമായ പണിയായുധങ്ങളും ഉപകരണങ്ങളും തീർത്തുകൊടുക്കുന്ന കരകൗശലക്കാരെയും അവരിൽ ചേർക്കാം. എന്നാൽ മാനവരാശിയുടെ ശരാശരി ചരിത്രപഠനങ്ങളിൽ രാജാക്കന്മാർക്കും സൈന്യാധിപന്മാർക്കും ഭൂവുടമകൾക്കും മറ്റും നൽകിയിരിക്കുന്ന പ്രാധാന്യം അവരെ ഊട്ടിപ്പോറ്റി വീരപരാക്രമങ്ങൾക്ക് സജ്ജരാക്കിയ കർഷകർക്കു ലഭിച്ചിട്ടില്ല. 20-ാം നൂറ്റാണ്ടു മുതൽക്കാണ് ഈ കർഷകപഠനങ്ങൾ ഒരംഗീകൃതവിജ്ഞാനശാഖയായിത്തീർന്നത് (Peasants and Peasant Societies— Editor Theodor Shamin, Penguin, 1971). ഒരുതരത്തിൽ പറഞ്ഞാൽ കർഷകചരിത്രവും കർഷകപ്രശ്നവും പഠിക്കാതെ യന്ത്രവ്യവസായയുഗത്തിന്റെ ഈ മൂർദ്ധന്യാവസ്ഥയിലും മനുഷ്യരാശിയുടെ അവസ്ഥയും വികാസപരിണാമങ്ങളും മനസ്സിലാക്കാനാവില്ല എന്ന ബോധം ബുദ്ധിജീവികളെയും അക്കാദമിഷ്യരെയും പൊടുന്നനെ തട്ടിയുണർത്തിയിരിക്കുന്നു എന്നർത്ഥം. അതിന് പ്രേരകമായിത്തീർന്ന സാഹചര്യത്തെ എറിക് ആർ വുൾഫ് ഇങ്ങനെ വിവരിക്കുന്നു:

> "കർഷകരുടെ പിന്തുണയോടുകൂടി സംഭവിച്ച സാമൂഹ്യവും രാഷ്ട്രീയവുമായ വൻവിസ്ഫോടനങ്ങൾ 20-ാം നൂറ്റാണ്ടിലെ ലോകത്തെയാകെ പിടിച്ചുകുലുക്കുകയുണ്ടായി. 1910-ലെ മെക്സിക്കൻ വിപ്ലവം, 1905-ലെയും 1917-ലെയും റഷ്യൻവിപ്ലവങ്ങൾ, 1921 മുതൽ പല പരിവർത്തനങ്ങൾക്ക് വിധേയമായി ചൈനയെ മോചിപ്പിച്ച വിപ്ലവം, രണ്ടാം ലോകമഹായുദ്ധത്തോളം നീളുന്ന നാരായവേരുള്ള വിയത്നാം

വിപ്ലവം, 1954-ലെ അൾജീറിയൻ വിപ്ലവം, 1958-ലെ ക്യൂബൻ വിപ്ലവം എന്നിവയെല്ലാം ഗ്രാമീണപങ്കാളിത്തത്തോടെയാണ് നടന്നത്."

(ടി പുസ്തകം, 20-ാം അദ്ധ്യായം)

ആധുനിക സാമൂഹ്യവികാസഘട്ടവും ശാസ്ത്രസാങ്കേതികവിദ്യയും നൽകുന്ന അവസരങ്ങൾ എന്നപോലെ ആപത്തുകളും 20-ാം നൂറ്റണ്ടിലെ കർഷകകലാപങ്ങൾക്കും വിപ്ലവഭാഗഭാഗിത്വത്തിനും ആഴവും പരപ്പും വർദ്ധിപ്പിക്കുന്നുണ്ടെങ്കിലും നാം നേരത്തേ വിവരിച്ച സഹസ്രാബ്ദങ്ങൾ നീണ്ട കർഷകചരിത്രത്തിൽ അതൊന്നും പുതുമയല്ല. പക്ഷേ, എവിടെനിന്നാണ് തെളിവുകൾ ലഭിക്കുക? പഴയകാല ചരിത്രരേഖകൾ രചിച്ചവർ എതിർഭാഗക്കാരായിരുന്നതിനാൽ കാർഷികപോരാട്ടങ്ങളിലെ നേരും നെറിയും അവർ മറച്ചുവച്ചു. പലപ്പോഴും അവരെ കള്ളന്മാരും കൊള്ളക്കാരും കാടന്മാരുമായിട്ടാണ് ചിത്രീകരിച്ചുപോന്നത്. ചിലപ്പോൾ അവർ ബ്രിട്ടനിലെ റോബിൻ ഹുഡിനെയും ആർതർ രാജാവിനെയും കേരളത്തിലെ ചെങ്ങന്നൂർ കുഞ്ഞാതിയേയും ചമ്പൽ താഴ്വരയിലെ ഫുലൻദേവിയെയുമെല്ലാം നാടോടി വീരനായികാനായകരായി ചിത്രീകരിക്കുന്നതിന്റെ പിന്നിൽ പലപ്പോഴും കർഷകരുടെ ചെറുത്തുനില്പിന്റെ കഥകളാണ് ഉള്ളത്. ചൈനയുടെ നീണ്ടകാല ചരിത്രത്തിലെ കർഷകചെറുത്തുനില്പുകൾക്ക് കൊള്ളക്കാരുടെയും കൊലയാളികളുടെയും മേലങ്കിയണിയിച്ച് അവതരിപ്പിക്കപ്പെടുന്നതിനെക്കുറിച്ച് മാവൊ സൊ ദൊങ് എഴുതിയിട്ടുണ്ട്. പ്രശസ്ത ചരിത്രകാരൻ എറിക്ക് ഹോസ്ബോം ലോകത്തിലെ പല ഭാഗങ്ങളിൽനിന്നും ഇത്തരം 'കൊള്ളക്കാ'രുടെ ചരിത്രം ശേഖരിച്ച് അവരുടെ സാമൂഹ്യസ്വഭാവം വെളിപ്പെടുത്തുന്നു. അദ്ദേഹം അതിനെ സോഷ്യൽ 'ബാൻഡിറ്റ്സ്' എന്ന് നാമകരണം ചെയ്യുന്നു. (Bandits പെൻഗ്വിൻ, 1985).

അങ്ങനെ ഇപ്പോൾ അതിവേഗം വികസിച്ചുവരുന്ന 'കർഷകപഠനങ്ങൾ' സ്വതന്ത്രവിഷയം എന്ന വിവിധവിഷയസ്പർശിയായ (ഇന്റർഡിസിപ്ലിനറി) ഒരു വിജ്ഞാനമേഖലയാണ്. ആധുനിക കേരളത്തിലെ ആദ്യകാല കർഷകപ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുകയും അവർക്കുവേണ്ടി ലേഖനങ്ങളും നാടകവും എഴുതുകയും (പാട്ടബാക്കി) ചെയ്ത ദാമോദരന്റെ പല കൃതികളിലൂടെ തെളിഞ്ഞുവരുന്ന ചരിത്രദൃശ്യങ്ങളാണിവിടെ അവതരിപ്പിച്ചത്. ഇനി ദാമോദരന്റെയും അതിനു തൊട്ടുമുമ്പുള്ള കാലത്തെയും കേരളത്തിലെ കാർഷികരംഗത്തെക്കുറിച്ച് പരിശോധിക്കാം.

നിലയ്ക്കാത്ത സമരങ്ങൾ ആയുധമേന്തിയും അല്ലാതെയും

ചെറുരാജ്യങ്ങൾ വെട്ടിപ്പിടിച്ച് പഴയ വേണാടിനെ തിരുവിതാംകൂറാക്കി വികസിപ്പിച്ച മാർത്താണ്ഡവർമ്മ(1729-1758)യുടെ കാലംതൊട്ടേ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്കാർ കേരളത്തിൽ ആധിപത്യം ഉറപ്പിച്ചുതുടങ്ങിയിരുന്നെങ്കിലും 1792-ലെ ശ്രീരംഗം ഉടമ്പടിയെത്തുടർന്ന് തന്റെ അധീനതയിലുള്ള കേരളഭൂമിയൊക്കെ ബ്രിട്ടീഷുകാർക്ക് കൈമാറി ടിപ്പുസുൽത്താൻ

പിൻവാങ്ങിയതിനുശേഷമാണ് കേരളമാകെ അവരുടെ മേൽക്കോയ്മയും കുത്തക വ്യാപാരബന്ധങ്ങളും സുസ്ഥിരമായത്. കർഷകരെ ചൂഷണം ചെയ്യുകയും അവരുടെ ചെറുത്തുനില്പിനെ അടിച്ചമർത്തുകയും ചെയ്യുന്ന ജന്മിവാഴ്ച 11-ാം നൂറ്റണ്ടു മുതൽതന്നെ കേരളത്തിൽ ആവിർഭവിച്ചെങ്കിലും ബ്രിട്ടീഷ് ആധിപത്യത്തോടെ അത് ഏറെ രൂക്ഷമായിത്തീർന്നു. ടിപ്പു സുൽത്താന്റെ പടയോട്ടക്കാലത്ത് കൃഷിക്കാരെ ആക്രമണകാരികളുടെ ദയാദാക്ഷിണ്യത്തിനെറിഞ്ഞുകൊടുത്ത് നാടുവിട്ട് തിരുവിതാംകൂറിൽ അഭയം തേടിയിരുന്ന ജന്മിമാർക്കും ഇടപ്രഭുക്കൾക്കും പഴയ ഭൂമി കൂടുതൽ ചൂഷണ വ്യവസ്ഥകളോടെ ബ്രിട്ടീഷ് ഉത്തരവ് പ്രകാരം വീതിച്ചുകൊടുത്തത് തിരുവിതാംകൂർ ദിവാൻ രാജാകേശവദാസാണ്. അതിന് പ്രതിഫലമായി 'രാജാ' എന്ന സ്ഥാനപ്പേരും കൈനിറയെ പാരിതോഷികങ്ങളും ദിവാന് നൽകപ്പെട്ടു.

ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ ആദ്യം സ്വാതന്ത്ര്യത്തിനായി പട വെട്ടി രംഗത്തുവന്നത് തെക്കൻ തിരുവിതാംകൂറിലെ തലക്കുളത്ത് വേലുത്തമ്പി, മലബാറിലെ പഴശ്ശിരാജാ, പടിഞ്ഞാറേ കോവിലകത്തെ സാമൂതിരി കുടുംബാംഗങ്ങൾ എന്നിവരായിരുന്നു. അവരുടെ എല്ലാം പിന്തുണക്കാർ കർഷകരും ആദിവാസികളുമായിരുന്നു. പരമ്പരാഗതമായി നിലനിന്നിരുന്ന പ്രഭുഭക്തിക്കു പുറമേ തങ്ങളുടെ കുരുമുളക്, ഏലം, കച്ചൂരം തുടങ്ങിയ ഉൽപന്നങ്ങളുടെ വില കുത്തകക്കാരായ വിദേശവ്യാപാരികൾ വെട്ടിക്കുറയ്ക്കുന്നതും അവരെ അസ്വസ്ഥരാക്കിയിരുന്നു. ചരിത്രത്തിന്റെ അനിവാര്യ ഗതിയുടെ ഫലമായി ഈ 'നാടുവാഴി ചെറുത്തുനില്പ്' പരാജയപ്പെട്ടു. വേലുത്തമ്പിയും പഴശ്ശിരാജാവും പടിഞ്ഞാറ് കോവിലകത്തെ ചില സാമൂതിരികുടുംബാംഗങ്ങളുമുൾപ്പെടെ പലരും പടവെട്ടി മരിച്ചു. അല്ലെങ്കിൽ രക്ത സാക്ഷികളായി.

ഈ വിജയോന്മാദത്തിന്റെ ലഹരിയുമായി ചൂഷണം കൂടുതൽ വ്യാപകവും മർദ്ദനം പൂർവ്വാധികം രൂക്ഷവുമായതിനെത്തുടർന്നാണ് ആധുനിക കാർഷികചെറുത്തുനില്പുകൾ മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും അലയടിക്കാൻ തുടങ്ങിയത്. അവയിൽ ഏറ്റവും പ്രസിദ്ധവും പ്രധാനവുമാണ് തെക്കേ മലബാറിൽ 1921 വരെ നടന്ന 'മാപ്പിളലഹള' അല്ലെങ്കിൽ 'മലബാർ കലാപങ്ങൾ'. മലബാർകലാപത്തിന്റെ ചരിത്രം ഇവിടെ വിസ്തരിച്ചു വിവരിക്കേണ്ടതില്ല. അനേകം ഗവേഷണപ്രബന്ധങ്ങളും ഗ്രന്ഥങ്ങളും അതേക്കുറിച്ച് ആധികാരികമായി പ്രതിപാദിക്കുന്നുണ്ട്. സൗമ്യേന്ദ്രനാഥ് ടാഗോർ. ഇ. എം. എസ്. നമ്പൂതിരിപ്പാട്, കെ. എൻ. പണിക്കർ, കോൺറാഡ് വുഡ് എന്നിവരുടെ കൃതികളാണ്, അവയിൽ ഭിന്നാഭിപ്രായങ്ങൾ ചിലതുണ്ടാകാമെങ്കിലും ഈ ലേഖകൻ പ്രത്യേകമായി വായനക്കാർക്ക് ശുപാർശചെയ്യുന്നത്. കലാപം കഴിഞ്ഞ് അധികം താമസിയാതെ എഴുതിയ ടാഗോറിന്റെ ലഘുകൃതി അന്ന് നിലവിലിരുന്ന ഒരു വാദത്തെ (മതഭ്രാന്തന്മാരുടെ വർഗ്ഗീയകലാപമായിരുന്നു അത് എന്ന) ഖണ്ഡിക്കാനുള്ള ശ്രമത്തിൽ അതിന്റെ മറ്റു വശങ്ങളിലേക്ക് കാര്യമായ ശ്രദ്ധതിരിക്കാതെ അതു തികച്ചും

ജന്മിമാർക്കെതിരായി നടന്ന കർഷകകലാപമായി വിവരിക്കുന്നു. മലബാർ കലാപം തികച്ചും ഒരു വർഗ്ഗീയലഹളയായിരുന്നു എന്നും, അതല്ല അത് ഒരു കാർഷികസമരമായിരുന്നു എന്നും അതിലേറെ അത് ഗാന്ധിജിയുടെ നേതൃത്വത്തിൽ രൂപീകരിച്ച കോൺഗ്രസ് ഖിലാഫത്ത് സഖ്യം നടത്തിയ സ്വാതന്ത്ര്യസമരത്തിന്റെ വഴിമാറി ചരിച്ച സായുധപോരാട്ടമായിരുന്നു എന്നുമൊക്കെ ലളിതവും ഏകപക്ഷീയവുമായി വിലയിരുത്തുന്നത് തെറ്റാണെന്ന് ഇ. എം. എസ്. വാദിക്കുന്നു. ഈ ഒറ്റയടിപ്പാതാവാദികൾ കലാപത്തിന്റെ സാഹചര്യം, കാരണം, ഉദ്ഭവം, വികാസം, തകർച്ച എന്നിവയെ വസ്തുനിഷ്ഠമായി പഠിക്കാൻ ശ്രമിച്ചിട്ടില്ല. കടബാദ്ധ്യത, വിവിധതരത്തിലുള്ള ജന്മിഭോഗങ്ങൾ, നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്ന നികുതിഭാരം മുതലായവകൊണ്ടു നട്ടെല്ലൊടിഞ്ഞ ഏറനാടൻ മുസ്ലീം കൃഷിക്കാർ 19-ാം നൂറ്റാണ്ടു മുതൽ ചെറുതും വലുതുമായ കലാപങ്ങളും 'ഹാലിളക്കം' തുടങ്ങി ഭംഗ്യന്തരേണയുള്ള ചെറുത്തുനില്പുകളും നടത്തി അടിച്ചമർത്തപ്പെട്ടിട്ടുണ്ട് എന്ന വില്യം ലോഗന്റെയും മറ്റും രേഖകൾ ശരിയാണെന്നും അവയുടെ തുടർച്ചയും മൂർദ്ധന്യാവസ്ഥയുമായിരുന്നു 1921-ലേത് എന്നും ഉള്ളതിൽ തർക്കമില്ല. 1943-ൽ ഇംഗ്ലീഷിൽ എഴുതിയ A Short History of the Peasant Movement in Kerala, PPH, Bombay) എന്ന കൃതിയിൽ ആദ്യം വിശദീകരിച്ചതും പിന്നീട് പല കൃതികളിൽ ആവർത്തിച്ചതുമായ ഇ. എം. എസ്സിന്റെ നിലപാട് 1946-ൽ ദേശാഭിമാനി ദിനപ്പത്രത്തിൽ കലാപത്തിന്റെ രജതജൂബിലിസംബന്ധിച്ച 'ആഹ്വാനവും താക്കീതും' എന്ന ലേഖനത്തിൽ സംഗ്രഹിച്ചിട്ടുണ്ട്. (വിധ്വംസകം എന്ന് ആരോപിച്ച് അന്നത്തെ മദിരാശി പ്രവിശ്യസർക്കാർ പത്രം നിരോധിക്കുകയുണ്ടായി.) ആ ലേഖനത്തിലെ ആശയങ്ങൾ ഇ. എം. എസ്.തന്നെ പിൽക്കാലത്ത് ഇപ്രകാരം സംഗ്രഹിക്കുകയുണ്ടായി:

> "മലബാർ കലാപത്തിന്റെ ആരംഭം ബ്രിട്ടീഷ് സാമ്രാജ്യാധിപത്യത്തിനും മലബാർ പ്രദേശത്തെ ജന്മിമാർക്കുമെതിരായി കൃഷിക്കാരിൽ പൊതുവെയും മുസ്ലീം കൃഷിക്കാരിൽ വിശേഷിച്ചുമുള്ള അസംതൃപ്തിയും പ്രതിഷേധവും ആയിരുന്നു. ഇവയ്ക്ക് രൂപംനൽകുന്നതിൽ മഹാത്മാഗാന്ധി, അലി സഹോദരന്മാർ എന്നിവരുടെ നേതൃത്വത്തിൽ രൂപംകൊണ്ട കോൺഗ്രസ്-ഖിലാഫത്ത് കമ്മിറ്റികളും ഈ പ്രസ്ഥാനം രൂപംകൊള്ളുന്നതിന് മുമ്പുതന്നെ സംഘടിതമായിരുന്ന കുടിയാൻ പ്രസ്ഥാനവും അതിനു സഹായിച്ചു. ഇതാണ് പാർട്ടിയുടെ വിലയിരുത്തലിൽ ഒരു പ്രധാനഭാഗം.
>
> "അതേ അവസരത്തിൽത്തന്നെ മലബാർകലാപത്തിന് മറ്റൊരു വശമുണ്ടെന്ന് പാർട്ടി ചൂണ്ടിക്കാണിച്ചു. സ്വാതന്ത്ര്യസമരത്തിന്റെയും കുടിയാൻപ്രക്ഷോഭത്തിന്റെയും അടിസ്ഥാനത്തിൽ ഉയർന്നുവന്ന പ്രസ്ഥാനത്തിലേക്ക് മുസ്ലീം ജനസാമാന്യത്തിൽ ഇസ്ലാമികസാഹോദര്യത്തിന്റെ വികാരങ്ങളും ഉൾപ്പെട്ടിരുന്നു. അതിനെ മതനിരപേക്ഷ ദേശീയതയ്ക്ക് കീഴ്പെടുത്താൻ കോൺഗ്രസ്-ഖിലാഫത്ത് നേതൃത്വ

ത്തിന് കഴിഞ്ഞില്ല. അതുകൊണ്ട് മതനിരപേക്ഷതയുടെ അടിസ്ഥാനത്തിൽ തുടങ്ങിയ കോൺഗ്രസ്-ഖിലാഫത്ത് പ്രസ്ഥാനം മലബാർപ്രദേശത്ത് 'മാപ്പിളലഹള'യായി മാറി. ഇതിനു മുമ്പിൽ പറഞ്ഞതായ രണ്ടു കാര്യങ്ങളും ചേർന്നാലേ മലബാർകലാപത്തിന്റെ ശാസ്ത്രീയവിശകലനമാവുകയുള്ളൂ."

(കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ, ഒറ്റ സഞ്ചികയിൽ, 44-ാം അദ്ധ്യായം, 2009 പതിപ്പ്).

മലബാർകലാപത്തിന്റെ സാമ്രാജ്യത്വവിരുദ്ധവും ജന്മിത്തവിരുദ്ധവും ആയ വശങ്ങൾ പുതിയ സമരങ്ങൾക്കുള്ള 'ആഹ്വാനവും' 'വർഗ്ഗീയ ചായ്വി'ലേക്കുള്ള പതനത്തിനെതിരെ 'താക്കീതും' എന്നതായിരുന്നു ലേഖനത്തിന്റെ സാരംശം. ബ്രിട്ടീഷ്വാഴ്ചയുടെ ആരംഭംതൊട്ട് നടന്നിട്ടുള്ള കർഷകസമരങ്ങളുടെയും കലാപങ്ങളുടെയും മൂർദ്ധന്യമായിരുന്നു 1921-ലെ മലബാർകലാപം. അതേസമയം നിരവധി ചെറുത്തുനില്പുകളും സമരങ്ങളും കർഷകർ അന്നത്തെ തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും വിജയകരമായും അല്ലാതെയും നടത്തിയിട്ടുണ്ട്. അവയെല്ലാം ഇവിടെ വിവരിക്കുന്നില്ല.

കേരളത്തിന്റെ ചരിത്രരചനാസമ്പ്രദായത്തിൽത്തന്നെ ചരിത്രം സൃഷ്ടിച്ച പി. ഭാസ്കരനുണ്ണിയുടെ 'പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം' (സാഹിത്യ അക്കാദമി, 1988) എന്ന ബൃഹദ്ഗ്രന്ഥത്തിലെ 'ഭൂമി', 'ഭൂനികുതി' എന്ന 10-11 അദ്ധ്യായങ്ങൾ കേരളത്തിൽ നിലനിന്ന ഭൂവുടമവ്യവസ്ഥയുടെ സമർത്ഥവും സമഗ്രവുമായ പഠനമാണ്. തൽപരരായ വായനക്കാർ അത് നോക്കുക എന്ന് നിർദ്ദേശിക്കാനല്ലാതെ ഉദ്ധരിക്കാനോ സംഗ്രഹിക്കാനോ ശ്രമിക്കുന്നത് വിജ്ഞാനപ്രദമെങ്കിലും നമ്മുടെ ആഖ്യാനത്തെ അത് ബഹുദൂരം വ്യതിചലിപ്പിക്കും. ഡസൻകണക്കിന് പിരിവുകളുടെയും നികുതികളുടെയും വിവരം അതിലുണ്ട്. മേലുദ്ധരിച്ച കെ. എ. കേരളീയന്റെ കർഷകഗാനത്തിൽ പറയുന്നതുപോലെ 'വയ്യേയെനിക്ക് കഴിപ്പാൻ' എന്ന് തലയിൽ കൈവെച്ചുകൊണ്ട് നാം ആയത്തിൽനിന്ന് പിൻതിരിഞ്ഞുപോകും. കേരളീയന്റെ ഗാനത്തിൽത്തന്നെ ഈ ചൂഷണവ്യവസ്ഥയുടെ സൂചനകൾ ഉണ്ടല്ലോ. ഇക്കാരണങ്ങളാൽ കുറെകൂടി ചുരുക്കി എൻ. ഇ. ബാലറാം നൽകുന്ന വിവരണത്തെ നമുക്കാശ്രയിക്കാം:

> "കേരളത്തിലെ നാടുവാഴിസമ്പ്രദായത്തിന് ഒമ്പതു നൂറ്റാണ്ടു കാലത്തെ പഴക്കമുണ്ടെന്നാണ് ചരിത്രപഠനംകൊണ്ട് കാണുന്നത്. കുലശേഖരഭരണകൂടത്തിനും മൂഴിക്കുളം കച്ചത്തിനും (ഭൂവുടമാവകാശം സംബന്ധിച്ച ചില വ്യവസ്ഥകൾ അടങ്ങിയതാണ് 'മൂഴിക്കുളം കച്ചം') മുമ്പുതന്നെ പാട്ടം വാങ്ങിക്കുന്ന സമ്പ്രദായം ആവിർഭവിച്ചിട്ടുണ്ട്. മേലോടി, പാതിവാരം, മേൽവാരം എന്നൊക്കെയാണ് അന്നത്തെ പാട്ടത്തിന്റെ പേര്. ക്രമേണ ജന്മിസമ്പ്രദായം ആവിർഭവിച്ചു. ഉത്തരകേരളത്തിലാണ് ആ വ്യവസ്ഥ എത്രയും പുഷ്ടിപ്രാപിച്ചത്. ആ ഭാഗങ്ങളിലുണ്ടായ 'ചിറ്റാരി' സമ്പ്രദായം 20-ാം നൂറ്റാണ്ടിന്റെ പ്രാരംഭഘട്ട

ത്തിൽപ്പോലും അസ്തമിച്ചിരുന്നില്ല. ജന്മിയുടെ കളപ്പുരയാണ് 'ചിറ്റാരി' എന്ന് പറയപ്പെടുന്നത്. ചിറ്റാരി സമ്പ്രദായപ്രകാരമുള്ള നിലത്തിലെ കൃഷിപ്പണി കഴിഞ്ഞാൽ അവർക്ക് സ്വന്തം നിലത്തിൽ പോയി കൃഷി നടത്താം. അങ്ങനെ ചെയ്യുന്ന കൃഷി മുഴുവൻ—ഉഴവ്, കിള, ഞാറിടൽ, നാട്ടിപ്പണി, കൊയ്ത്ത് തുടങ്ങിയവ—കൂടിയാന്മാർ സൗജന്യമായി ചെയ്തുകൊടുക്കണം. ജന്മിമാർ അവർക്ക് കൂലി കൊടുത്തിരുന്നില്ല. ജന്മിയുടെ നിലത്തിലെ കൃഷിപ്പണി കഴിഞ്ഞാൽ അവർക്ക് സ്വന്തം നിലത്തിൽപോയി കൃഷിനടത്താം. അങ്ങനെ ചെയ്യുന്ന കൃഷിക്കാർ ജന്മിക്ക് പാട്ടം നൽകുകയും വേണം. ഈ സമ്പ്രദായത്തിന് 'വിട്ടി' (വൃഷ്ടി) എന്നാണ് പണ്ടുകാലത്ത് പറഞ്ഞുവന്നത്."

(മുൻചൊന്ന പുസ്തകം, അദ്ധ്യായം ഒമ്പത്)

കൊച്ചിയിലേയും തിരുവിതാംകൂറിലേയും സ്ഥിതി ബാലറാം പറഞ്ഞതുപോലെ ഇത്രതന്നെ രൂക്ഷമായിരുന്നില്ലെങ്കിലും അടിസ്ഥാനപരമായി വ്യത്യസ്തമായിരുന്നില്ല. ഈ അവസ്ഥകളാണ് നേരത്തെ സൂചിപ്പിച്ച നിഷേധങ്ങൾക്കും ചെറുത്തുനില്പുകൾക്കും നിദാനം. കൊച്ചിയിലും തിരുവിതാംകൂറിലും ഈ സമരങ്ങളോട് അധികൃതർ സ്വീകരിച്ച നിലപാടും മലബാറിൽനിന്നും കുറെക്കൂടി ക്രിയാത്മകമായിരുന്നു എന്നും പറയേണ്ടതുണ്ട്. തിരുവിതാംകൂറിലെ 'വെറുംപാട്ടക്കാർവിളംബരം' ജന്മികുടിയാൻ റഗുലേഷൻ തുടങ്ങിയവ ഉദാഹരണം. അതുകൊണ്ടൊക്കെയാകണം സംഘടിത കർഷക പ്രസ്ഥാനം ഈ നാട്ടുരാജ്യങ്ങളിൽ മലബാർപ്രദേശത്തേക്കാൾ ഐകരൂപ്യം കൊണ്ടതും ദുർബ്ബലമായതും തിരുവിതാംകൂറിൽ മാർത്താണ്ഡവർമ്മ മഹാരാജാവും ചെറിയൊരളവിൽ കൊച്ചിയിലെ പാലിയത്തച്ചനും ഇടപ്രഭുക്കന്മാരുടെ വെല്ലുവിളികൾ നേരിടാനായി ചില ഭൂപരിഷ്കാരങ്ങൾ നടത്തിയതും. അവിടങ്ങളിൽ നാട്ടുവാഴിത്തത്തെ താരതമ്യേന ദുർബ്ബലമാക്കിയിരുന്നതും എടുത്തുപറയത്തക്കതാണ്.

കാണക്കാരും കൃഷിക്കാരും

കാണം, കുഴിക്കാണം, പാട്ടം, വെറുമ്പാട്ടം, വാരം, പണ്ടാരവകപ്പാട്ടം, എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത ഭൂവുടമാബന്ധങ്ങളും പുറപ്പാട്, കൊടിമരച്ചോട്ടിൽ, ഓണക്കാഴ്ച, കുടിയാന്മാരുടെയും അടിയാൾമാരുടെയും നവവധുക്കളെ പ്രഥമരാത്രിയിൽ കൂടെ പാർപ്പിക്കാനുള്ള ജന്മിയുടെ അവകാശം എന്നിവയൊക്കെ വിവരിക്കാനും വിശകലനംചെയ്യാനും ഒരു പുസ്തകം തന്നെ എഴുതേണ്ടിവരും. അവയ്ക്കുപുറമേ കൊല്ലും കൊലയും കുലാധികാരമായി കൊണ്ടുനടക്കുന്ന ഇടപ്രഭുക്കന്മാരും കവളപ്പാറനായരുടെയും കല്യാട്ടെശമാനന്റെയുംമറ്റും ശാരീരികദണ്ഡനശിക്ഷയുടെയും വധശിക്ഷയുടെ ഇടങ്ങളും എടുപ്പുകളും കൊക്കകളും ഇപ്പോഴും ചിലവ അവശേഷിക്കുന്നുണ്ട്. പാലക്കാട്ടുജില്ലയിലെ കവളപ്പാറനായരുടെ 'കോടതി' അവശിഷ്ടങ്ങൾ ഈ ലേഖകൻ പോയി കണ്ടിട്ടുണ്ട്.

ഈ വിവിധ ഇനം ചൂഷണങ്ങളെയും ജന്മിഭോഗങ്ങളെയും വകതിരിക്കുക അതീവ ദുർഘടങ്ങൾ ആണെങ്കിലും കർഷകപ്രസ്ഥാനത്തിന്റെ വികാസചരിത്രപഠനത്തിന് രണ്ട് ഇനങ്ങളായി തിരിക്കാം. ഒന്ന് കാണക്കുടിയാൻ, മറ്റേത് യാഥാർത്ഥത്തിൽ മണ്ണിലിറങ്ങി എന്നെങ്കിലും കുടിയായ്മവ്യവസ്ഥയിലോ അല്ലെങ്കിൽ ഒരവകാശവും ഇല്ലാതെ ദിവസകൂലിക്കോ അധ്വാനിക്കുന്നവർ. ഒരവകാശവുമില്ലാത്തവർ. കർഷകത്തൊഴിലാളികൾ, എന്നെങ്കിലും അവകാശമുള്ളവർ കർഷകർ. പിൽക്കാലത്ത് കർഷകർക്കും കർഷകത്തൊഴിലാളികൾക്കും വ്യത്യസ്ത സമരസംഘടനകളുണ്ടായി എങ്കിലും ആദ്യകാലത്ത് അവ രണ്ടും ഒന്നുചേർന്ന് ഒരു സംഘത്തിലായിരുന്നു.

അങ്ങനെ പല തട്ടുകളായുള്ള കാർഷികവ്യവസ്ഥയിലെ അത്യുന്നത സ്ഥാനത്ത് ജന്മിയും താഴെത്തട്ടിൽ കർഷകരും—അതിനിടയ്ക്ക് 'കാണക്കുടിയാൻ' എന്ന കരുത്തുറ്റ ഒരു വിഭാഗവുമുണ്ടായിരുന്നു. അവർ ഭൂമി ഉടമയിൽനിന്ന് ഏറ്റെടുത്ത് അധ്വാനിക്കുന്ന കൃഷിക്കാർക്ക് കൊടുത്ത് വിളവിന്റെ ഒരു ഗണ്യമായഭാഗം കൈക്കലാക്കി, അതിലൊരു വിഹിതം ജന്മിക്ക് കൊടുക്കുന്നു. അവർ ഇടത്തട്ടുകാരാണ്. ആധുനിക വിദ്യാഭ്യാസവും സർക്കാരുദ്യോഗം, അഭിഭാഷകവൃത്തി, ഉയർന്നതരം അധ്യാപകവൃത്തി, ഡോക്ടർ മുതലായ പ്രൊഫഷനുകളും വികസിച്ചുവന്നതോടെ അവർ ആ രംഗങ്ങളിൽ നിലയുറപ്പിച്ച് വരുമാനം വർദ്ധിപ്പിച്ചതോടെ കൃഷിക്കാരെ ചൂഷണംചെയ്യുകയും ചെയ്തുവന്നു. കോൺഗ്രസ് നേതൃത്വത്തിലും അവർക്ക് ഗണ്യമായ പങ്കുണ്ടായിരുന്നു. വാസ്തവത്തിൽ കാർഷിക പരിഷ്കരണ പ്രക്ഷോഭത്തിലെ ആദ്യപഥികർ ഈ കാണക്കുടിയാന്മാരായിരുന്നു.

തിരുവനന്തപുരത്തായിരുന്നു മൂലകുടുംബമെങ്കിലും മലബാർ കർമ്മഭൂമിയാക്കിയ ദേശീയനേതാവ് ജി.ശങ്കരനായർ അവർക്ക് നേതൃത്വം നൽകി. ജന്മിഭോഗം നിർത്തലാക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നുവെന്നും കാണക്കുടിയാന്മാരെ ഒഴിവാക്കി കൂടുതൽ പാട്ടം നൽകുന്നവർ പുതിയകുടിയാന്മാർക്ക് പാട്ടച്ചീട്ട് പൊളിച്ചെഴുതി ഭൂമി കൊടുക്കുന്നത് തടയണമെന്നും ആയിരുന്നു കുടിയാന്മാരുടെ വാദം. എന്നാൽ ഈ കാണക്കാരുടെ കീഴിലുള്ള അധ്വാനിക്കുന്ന കൃഷിക്കാരുടെ ആവശ്യങ്ങൾ അവർ കാര്യമായി കണക്കിലെടുത്തിരുന്നില്ല. തിരുവിതാംകൂറിലെ 'ജന്മി കുടിയാൻ റഗുലേഷൻ' പോലുള്ള വ്യവസ്ഥകളും അവർക്ക് സ്വീകാര്യമായിരുന്നു. ഈ റഗുലേഷൻപ്രകാരം കാണക്കുടിയാന്മാർക്ക് ഭൂമിയിൽ സ്ഥിരാവകാശം നൽകുകയും പാട്ടം സർക്കാരിലേക്ക് നൽകുകയും സർക്കാർ അത് പിരിവിന്റെ ചെലവ് വിഹിതം കഴിച്ച് ജന്മിക്ക് കൈമാറുകയുമാണ്. ഈ കാണക്കുടിയാന്മാർക്ക് ഭരണയന്ത്രത്തിലും പൊതുജീവിതത്തിലുമുള്ള സ്ഥാനങ്ങൾ കാരണം ആദ്യകാല കാർഷിക പരിഷ്കാരങ്ങളെല്ലാം ഇവർക്ക് അനുകൂലമായിരുന്നു. ഒരിക്കൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അഖിലേന്ത്യാ പ്രസിഡന്റായിരുന്നയാളും പിന്നീട് ഗാന്ധിയുടെ സമരത്തിനെതിരെ 'ഗാന്ധിയും അരാജകവാദവും' എന്ന ഒരു പുസ്തകമെഴുതുകയും വൈസ്രോയിയുടെ എക്സി

കൃൂട്ടീവ് കൗൺസിലിൽ അംഗമാകുകയും ചെയ്ത സർ ചേറ്റൂർ ശങ്കരൻനായർ കുടിയാൻ പരിഷ്കാരത്തിന് നേതൃത്വം കൊടുത്ത പ്രമാണിയായിരുന്നു. അതേസമയം മറ്റൊരു എക്സിക്യൂട്ടീവ് കൗൺസിൽ അംഗം സർ സി.പി. രാമസ്വാമിഅയ്യർ പരമ്പരാഗതജന്മിത്വത്തിന്റെ അവകാശാധികാരങ്ങൾക്കു വേണ്ടി നിലകൊണ്ടു. 'കുടിയാൻ ശങ്കരൻനായർ' എന്ന് അനുയായികൾ സ്നേഹപൂർവ്വം വിളിച്ചിരുന്ന ജി. ശങ്കരൻനായരായിരുന്നു ആദ്യന്തം കാണക്കുടിയാന്മാർക്കുവേണ്ടി പ്രക്ഷോഭം നയിച്ചത്. അധ്വാനിക്കുന്ന കർഷകരുടെ ഉണർവ്വ് പ്രകടമായപ്പോൾ തന്റെ മറ്റു സഹപ്രവർത്തകരിൽ പലരെയും പോലം പാവപ്പെട്ട കൃഷിക്കാരെ അദ്ദേഹം എതിർത്തില്ലെന്നത് അദ്ദേഹത്തിന്റെ ആദർശശുദ്ധിക്ക് തെളിവാണ്. തിരുവിതാംകൂറിലെ ചിത്തിരതിരുനാൾ മഹാരാജാവിന്റെ ഉപദേഷ്ടാവായി 1931-ൽ സർ സി. പി. വന്നപ്പോൾ ശങ്കരൻനായർ തിരുവനന്തപുരത്തെത്തി സി. പി. ക്കെതിരെ പ്രക്ഷോഭം സംഘടിപ്പിച്ചതും സ്മരണീയമാണ്.

ഈ ഒന്നാം ഘട്ടം കഴിഞ്ഞപ്പോഴാണ് അധ്വാനിക്കുന്ന കൃഷിക്കാരുടെ സംഘടന രൂപംകൊള്ളുന്നത്. അതിന്റെ പശ്ചാത്തലം നേരത്തെ വിവരിച്ചിരുന്നുവല്ലോ. 1935 ജൂലൈ മാസത്തിലാണ് കേരള കർഷകസംഘം രൂപീകൃതമായത്. അന്നത്തെ ചിറയ്ക്കൽ താലൂക്കിലെ (ഇന്നത്തെ തളിപ്പറമ്പ് താലൂക്ക്) കൊളച്ചേരിയിൽവെച്ചാണ് ഈ ചരിത്രസംഭവം നടന്നത്. പിൽക്കാലത്ത് കേരളത്തിലെ കർഷകപ്രസ്ഥാനത്തിന്റെ ഉന്നത നേതാവായി ഉയർന്ന വി. എം. വിഷ്ണുഭാരതീയന്റെ വീട്ടുമുറ്റമായിരുന്നു രംഗം. നീണ്ടവർഷങ്ങളായി കേടുപാടുപോക്കുകയോ കുമ്മായം തേക്കുകയോ ചെയ്യാതെ ഇടിഞ്ഞുപൊളിഞ്ഞു സ്ഥിതിചെയ്യുന്ന ആ വീട്ടിൽ ഞാനും അഞ്ചാറുവർഷം മുൻപു പോയിരുന്നു. ഭാരതീയന്റെ പിന്മുറക്കാർ ഇപ്പോഴും അവിടെ ചാണകം മെഴുകിയ തറയിലും കാലൊടിഞ്ഞ കട്ടിലുകളിലും ഒക്കെയായി പാർത്തു വരുന്നു. കർഷകപ്രസ്ഥാനത്തിന്റെ ഒരു സ്മാരകമന്ദിരമായി ഉയരേണ്ട ആ പഴയ വീടു കണ്ടപ്പോൾ ദുഃഖം തോന്നി. യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചത് പാട്ടത്തിൽ പത്മനാഭൻ എന്ന ഒരു പ്രാദേശിക കർഷക നേതാവ് ആയിരുന്നു. വി. എം. വിഷ്ണുഭാരതീയൻ അദ്ധ്യക്ഷനായും കെ. എ. കേരളീയൻ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ട ഈ എളിയ സമ്മേളനമാണ് പിൽക്കാലത്ത് കേരളത്തെ ആകെ പിടിച്ചുകുലുക്കിയ കൈയ്യൂരിലെയും മൊറാഴയിലെയും കാവുമ്പായിലെയും കരിവെള്ളൂരിലെയും മറ്റും ഐതിഹാസികസമരങ്ങൾക്ക് പ്രചോദനവും നേതൃത്വവും നൽകിയത്.

കൊളച്ചേരിയിൽവെച്ച് രൂപംകൊണ്ടത് ഇന്ത്യയിലെതന്നെ ആദ്യത്തെ സംസ്ഥാനകർഷകസംഘമാണെന്നു തോന്നുന്നു. 1936-ൽ ജവഹർലാൽ നെഹ്റു എന്ന അന്നത്തെ തീപ്പൊരി സോഷ്യലിസ്റ്റ് നേതാവ് അദ്ധ്യക്ഷനായി ലഖ്നൗവിൽവെച്ച് ഡിസംബർമാസത്തിൽ ചേർന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനത്തോടനുബന്ധിച്ച് നടന്ന കർഷകസമ്മേളനത്തിലാണ് അഖിലേന്ത്യാ കിസാൻ സഭ രൂപീകൃതമായത്. കേരള കർഷക

സംഘം പിന്നീട് അതിനോട് അഫിലിയേറ്റ് (കീഴ്ഘടകമായി ബന്ധപ്പെടുക) ചെയ്യപ്പെടുകയാണുണ്ടായത്. വിവിധ സംസ്ഥാനസംഘങ്ങൾ പിന്നീടാണ് സംഘടിപ്പിക്കപ്പെട്ടത്. എൻ. ജി. രംഗ എന്ന ആന്ധ്രകോൺഗ്രസ് നേതാവും ഏതാനും കോൺഗ്രസ് സോഷ്യലിസ്റ്റ് പ്രവർത്തകരുമാണ് ലഖ്നൗവിൽവെച്ച് കിസാൻ സഭയ്ക്ക് രൂപംനൽകിയത്. സി. എസ്. പി.ക്കാരിൽ അന്നത്തെ കമ്മ്യൂണിസ്റ്റുകാരും ഉണ്ടായിരുന്നു. ഏതാനും ഇടതുപക്ഷ കോൺഗ്രസുകാർ ആദ്യം സംഘടനയിൽ ഉണ്ടായിരുന്നു.

കോഴിക്കോട്ടും ചുറ്റുപാടുമുള്ള തൊഴിലാളിസംഘടനകൾ രൂപീകരിക്കാനും സമരങ്ങൾ നയിക്കാനും മുൻകൈയെടുത്ത കെ. ദാമോദരൻ ഈ പ്രാരംഭഘട്ടത്തിൽ കർഷകപ്രസ്ഥാനത്തിൽ നേരിട്ട് പങ്കാളിയായിരുന്നില്ല. പൊതുവെ ഇടതുപക്ഷകോൺഗ്രസുകാരും സി. എസ്. പി.ക്കാരും കമ്മ്യൂണിസ്റ്റുകാരും പ്രവർത്തിച്ചുവന്നതുപോലെ ദാമോദരൻ അതിന് ആവശ്യമായ ലേഖനങ്ങളും കവിതകളും പടപ്പാട്ടുകളും സർവ്വോപരി പിൽക്കാലത്തെ 'പാട്ട ബാക്കി' നാടകവും എഴുതിക്കൊടുത്ത് മറ്റാർക്കും കഴിയാത്ത സംഭാവനകൾ നൽകുകയാണ് ചെയ്തത്. ദാമോദരന്റെ ജീവിതവും കാലവും ചർച്ചചെയ്യുമ്പോൾ ഈ സാഹചര്യങ്ങൾകൂടെ വിവരിച്ചില്ലെങ്കിൽ അതൊരു വലിയ പോരായ്മയായിരിക്കും എന്നതിനാൽ ആണ് കർഷകപ്രസ്ഥാനത്തെപ്പറ്റി ഇത്രയും വിസ്തരിച്ച് ചർച്ചചെയ്തത്. 1937-ൽ ദാമോദരൻ ഉൾപ്പെടെ നാലുപേർ ചേർന്ന് രൂപീകരിച്ച കേരളത്തിലെ പ്രഥമ കമ്മ്യൂണിസ്റ്റ് പാർട്ടി ഘടകത്തിന്റെ ജനന സാഹചര്യങ്ങൾ മനസ്സിലാക്കാനും കർഷകപ്രസ്ഥാന ചരിത്രം തൊഴിലാളിവർഗ്ഗപ്രസ്ഥാനചരിത്രംപോലെ സുപ്രധാനമാണല്ലോ. ബാക്കിക്കാര്യങ്ങളും പ്രസ്ഥാനത്തിനുവേണ്ടി ദാമോദരൻ നടത്തിയ സാഹിത്യയത്നങ്ങളും വഴിയെ വിവരിക്കുന്നതാണ്.

9. അറിവിന്റെ ഊർജ്ജം ആദർശത്തിന്റെ ലഹരി

"പഴയ വിദ്യാലയങ്ങൾ വെറും പുസ്തകജ്ഞാനം മാത്രമാണ് പകർന്നുതന്നത്. പ്രയോജനരഹിതവും ഉപരിപ്ലവവും മുരടിച്ചതുമായ കുറെയേറെ കാര്യങ്ങൾ അറിവെന്ന നിലയിൽ സ്വാംശീകരിക്കാൻ അടിച്ചേല്പിക്കപ്പെട്ടു. അത് വിദ്യാർത്ഥികളുടെ തലച്ചോറിൽ കട്ടപിടിച്ച് അവരെ ഒരേ മൂശയിൽ വാർത്തെടുത്ത പുതിയ ബ്യൂറോക്രാറ്റുകളുടെ യുവതലമുറയാക്കിത്തീർത്തു. ഈ വിമർശനം (ശരിതന്നെയെങ്കിലും) മറ്റൊരു ഗുരുതരമായ അബദ്ധത്തിലേക്ക് ഇത് നയിച്ചേക്കാം. മാനവരാശി സമാഹരിച്ച അറിവിന്റെ സമ്പത്തു മുഴുവൻ സ്വാംശീകരിക്കാതെതന്നെ ആർക്കും കമ്മ്യൂണിസ്റ്റാകാം എന്നതാണ് ആ അബദ്ധധാരണ. അറിവിന്റെ വിപുലമേഖലകളെ സ്വാംശീകരിക്കാതെ കമ്മ്യൂണിസ്റ്റ് മുദ്രാവാക്യങ്ങളും നിഗമനങ്ങളും മാത്രം പഠിച്ചാൽ ആർക്കും കമ്മ്യൂണിസ്റ്റാകാം എന്നു കരുതുന്നത് തികച്ചും തെറ്റാണ്. അറിവിന്റെ ഈ സാകല്യത്തിൽനിന്നാണ് കമ്മ്യൂണിസംതന്നെ രൂപംകൊണ്ടത്... മുതലാളിത്തത്തിന്റെയും ഭൂപ്രഭുത്വത്തിന്റെയും പിന്തിരിപ്പൻവാഴ്ചയുടെയും കീഴിൽ മനുഷ്യരാശി സമാഹരിച്ച അറിവിന്റെ സുക്തികമായ വികാസമാണ് തൊഴിലാളിവർഗ്ഗസംസ്കാരം.... എനിക്കറിയാവുന്നത് അല്പംമാത്രമാണ് എന്ന ബോദ്ധ്യമുണ്ടെങ്കിൽ ഞാൻ കൂടുതൽ പഠിക്കാൻ ശ്രമിക്കും. എന്നാൽ താനൊരു കമ്മ്യൂണിസ്റ്റാണ് ഇനി കൂടുതലൊന്നും പഠിക്കാനില്ലെന്നു കരുതുന്നവൻ ഒരിക്കലും ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റാവില്ല."

(വി.ഐ. ലെനിൻ, കമ്മ്യൂണിസ്റ്റ് യൂത്ത് ലീഗിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്, 1920)

സാധാരണ രാഷ്ട്രീയപ്രവർത്തകരിലും സംഘാടകരിലും അപൂർവ്വമായി മാത്രം കാണുന്ന ഒരു പ്രത്യേകത ദാമോദരന്റെ പ്രവർത്തനശൈലിയിൽ ആദ്യംതൊട്ടേ പ്രകടമായിരുന്നു. താരതമ്യേന അപ്രധാനമെന്നോ പ്രധാനമെന്നോ തോന്നാവുന്ന പ്രവർത്തനങ്ങൾക്കുപോലും താത്ത്വികമായ ഒരടിത്തറ നൽകുക എന്നതാണത്. അതിന് പുസ്തകങ്ങളും മുൻഗാമികളുടെ കണ്ടെത്തലുകളും ദാമോദരൻ പ്രയോജനപ്പെടുത്താറുണ്ടെങ്കിലും അത്തരം

ദ്വിതിയോപാദാനങ്ങൾ അല്ലെങ്കിൽ രണ്ടാം കൈ (സെക്കൻഡ് ഹാൻഡ്) വിവരങ്ങൾകൊണ്ടദ്ദേഹം തൃപ്തിപ്പെട്ടില്ല. വായനയിൽനിന്നു കിട്ടുന്ന ഈ വിവരങ്ങൾക്കു പുറമെ നേരിട്ടുള്ള നിരീക്ഷണങ്ങളിൽനിന്നും ഗവേഷണങ്ങളിൽനിന്നും താൻ പ്രവർത്തിക്കുന്ന പ്രദേശത്തിന്റെയും താൻ ഇടപഴകുകയും സംഘടിപ്പിക്കുകയും ചെയ്യുന്ന ജനവിഭാഗങ്ങളുടെയും വസ്തുനിഷ്ഠമായ വിവരങ്ങൾക്കാണദ്ദേഹം മുൻഗണന നൽകിയത്. അതിനായി പല സർവ്വെകൾ അദ്ദേഹം ആസൂത്രണംചെയ്യുകയും സഖാക്കളുടെ സഹകരണത്തോടെ നടത്തി വിവരങ്ങൾ ശേഖരിച്ച് വിശകലനംചെയ്ത് നിഗമനങ്ങളിലെത്തുകയും ചെയ്യാറുണ്ട്. അവയുടെ അടിസ്ഥാനത്തിലാണ് അദ്ദേഹം തന്ത്രങ്ങൾ മെനയുകയും അടവുകൾ ആവിഷ്കരിക്കുകയും ചെയ്യുക.

ഉദാഹരണത്തിന് കോഴിക്കോടു നഗരത്തിൽ കിടപ്പാടമില്ലാത്തവർ രാത്രി കടത്തിണ്ണകളിൽ മറ്റു പലയിടങ്ങളിലും എന്നപോലെ കടകൾ അടച്ചതിനു ശേഷം കിടന്നുറങ്ങാറുണ്ട്. അവരെപ്പറ്റി പഠിക്കുവാൻ ഒരു ചോദ്യാവലി തയ്യാറാക്കി സഖാക്കളുടെ സഹകരണത്തോടെ രാത്രികാലങ്ങളിൽ തെരുവിൽ സഞ്ചരിച്ച് അദ്ദേഹം വിവരങ്ങൾ ശേഖരിച്ചു. അവരെങ്ങനെയാണ് നഗരത്തിൽ വന്നുപെട്ടത്? അവരുടെ കുടുംബാംഗങ്ങൾ എവിടെയൊക്കെ എന്തൊക്കെ ചെയ്തു കഴിഞ്ഞുകൂടുന്നു? അവർക്കിപ്പോൾ എന്തെങ്കിലും രോഗങ്ങളുണ്ടോ? രോഗം വന്നാൽ എന്താണ് ചെയ്യുക? അവർ ആരാധനാലയങ്ങളിൽ പോകാറുണ്ടോ? മതാധികാരികളുമായുള്ള ബന്ധമെന്ത്? എന്നുതുടങ്ങി പലതും ചോദ്യാവലിയിലുണ്ടായിരുന്നു. നഗരത്തിലെ തെരുവാധാരരായ ഈ പാവപ്പെട്ടവരെക്കുറിച്ച് അദ്ദേഹം ഇപ്രകാരം തയ്യാറാക്കിയ പഠനങ്ങൾ പിൽക്കാലത്ത് സി. എസ്. പി.യുടെ സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 'നാഷനൽഫ്രണ്ട്' തുടങ്ങിയ അഖിലേന്ത്യാ ഇംഗ്ലീഷ് പത്രികകൾ താൽപര്യപൂർവ്വം പ്രസിദ്ധീകരിച്ചിരുന്നത്, സർവ്വെയുടെ ശാസ്ത്രീയതയുടെയും വിശ്വാസ്യതയുടെയും തെളിവാണ്.

കോഴിക്കോട്ടെ ദരിദ്രമുസ്ലിങ്ങൾ തിങ്ങിപ്പാർക്കുന്ന കുറ്റിച്ചിറയിലെ കുടിക്കാൽക്കമ്പനിതൊഴിലാളികളുടെ പണിമുടക്കു സമരത്തിന് ദാമോദരൻ നേതൃത്വം നൽകിയതായി നേരത്തെ വിവരിച്ചിരുന്നുവല്ലോ. അവരെപ്പറ്റിയും കുറ്റിച്ചിറയിലെ 'ചേരി'പ്രദേശതുല്യമായ മേഖലയെയുംകുറിച്ച് ദാമോദരൻ ഒരു സർവ്വെ നടത്തുകയുണ്ടായി. ദാമോദരന്റെ സർവ്വെയുടെയും പഠനത്തിന്റെയും മറ്റൊരു വിഷയം നഗരത്തിലെ വേശ്യമാരായിരുന്നു. മൂന്നാംഗേറ്റ് എന്ന പേരിൽ അറിയപ്പെടുന്ന പ്രദേശത്തെ റെയിൽവെ പുറമ്പോക്കിൽ വിഹരിച്ചിരുന്ന ഈ നിർഭാഗ്യവതികളെക്കുറിച്ച് അദ്ദേഹം വിശദമായ പഠനം നടത്തി. അങ്ങനെ പലതും.

ദാമോദരനേക്കാൾ വിശാലമേഖലകളിൽ പ്രവർത്തിച്ചിരുന്ന പല ലോകോപകാരികളും വിപ്ലവകാരികളും ഈവിധത്തിലോ വ്യത്യസ്തമായ രീതിയിലോ ഇതുപോലുള്ള പഠനം നടത്തിയാണ് തങ്ങളുടെ കർമ്മപദ്ധതികൾ ആവിഷ്കരിച്ചത്. ഒക്ടോബർ സോഷ്യലിസ്റ്റ്വിപ്ലവത്തിന്റെ

ശില്പി വി. ഐ. ലെനിൻ പല പുസ്തകങ്ങളും പ്രബന്ധങ്ങളും രചിച്ചിട്ടുണ്ടെങ്കിലും അവയിൽ ഏറ്റവും ആദ്യത്തെ പ്രമുഖ കൃതി 'റഷ്യയിലെ മുതലാളിത്തത്തിന്റെ വികാസം' ആയിരുന്നു. ഏറ്റവും വലിയ കൃതിയും (മാഗ്നം ഓപസ്) ഇതുതന്നെ. മാർക്സിന്റെയും എംഗൽസിന്റെയും ചില പരാമർശങ്ങളെ ആസ്പദമാക്കി സോഷ്യലിസ്റ്റ് വിപ്ലവം ആദ്യം നടക്കുക വ്യാവസായികമുന്നേറ്റത്തിൽ ആദ്യപഥികരായ ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിലാണ് എന്നും കാർഷികപ്രധാനമായ ഒരു പിന്നോക്കമുതലാളിത്തരാജ്യമായി റഷ്യയിൽ അത് നേരത്തേ നടക്കാമെന്നും ജി.വി. പ്ലഖാനോവ് ഉൾപ്പെടെ പല മിതവാദി സോഷ്യലിസ്റ്റുകളും വാദിച്ചതിനെ ഖണ്ഡിച്ച് റഷ്യയിൽത്തന്നെ സോഷ്യലിസം ആദ്യം നടക്കാനുള്ള സാദ്ധ്യതയുണ്ടെന്നും ലെനിൻ സ്ഥാപിച്ചത് ഈ ഗവേഷണപഠനത്തിലൂടെയാണ്. രാഷ്ട്രങ്ങളുടെ സാമ്പത്തികവികാസചരിത്രവിജ്ഞാനീയം വികസിച്ചിരുന്നില്ലാത്ത ആ ഘട്ടത്തിൽ എഴുതിയ ഈ കൃതി പുതിയ ചരിത്രശാഖയിലെ പ്രഥമ വഴികാട്ടിയാണ്.

ചൈനയുടെ വിപ്ലവനേതാവ് മാവൊ സെ ദൊങ്ങും ഇപ്രകാരമുള്ള പല സർവ്വെകളും പഠനങ്ങളും നടത്തിയാണ് ചൈനയുടെ വിപ്ലവപാത വെട്ടിത്തെളിച്ചത്. അതിൽ തെക്കൻ ചൈനയിലെ തന്റെ ജന്മദേശമായ ഹുനാൻ പ്രവിശ്യയിലെ കർഷകരെയും ജനജീവിതത്തെയുംകുറിച്ചുള്ള അദ്ദേഹത്തിന്റെ പഠനവും റിപ്പോർട്ടും മാർക്സിസ്റ്റ് ക്ലാസിക്കുകളിൽപ്പെടുന്നു.

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയും അദ്ദേഹത്തിന്റേതായ ശൈലിയിൽ ഇതുപോലെ ഒരന്വേഷണപഠനം ഇന്ത്യയെപ്പറ്റി നടത്തിയതിനു ശേഷമാണ് തന്റെ സവിശേഷമായ സമരപദ്ധതികൾക്ക് രൂപംനൽകിയത്. ഇംഗ്ലണ്ടിൽ നിയമം പഠിച്ച് ബാരിസ്റ്ററായി ദഷിണാഫ്രിക്കയിൽ എത്തി പ്രാക്ടീസ് തുടങ്ങിയ ഗാന്ധി തൊഴിലിൽനിന്ന് പടിപടിയായി പിൻമാറി അവിടത്തെ കിരാതമായ വർണ്ണവിവേചനത്തിനെതിരെയുള്ള സമരത്തിലേക്കെടുത്തുചാടി തന്റെ സവിശേഷസമരായുധമായ സത്യാഗ്രഹസമ്പ്രദായം പരീഷിച്ചുനോക്കുകയാണല്ലോ ആദ്യം ചെയ്തത്. തുടർന്ന് തന്റെ ഈ അനുഭവസമ്പത്തുമായി ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാൻ ഗാന്ധി നാട്ടിലെത്തിയശേഷം ആദ്യം ചെയ്തത് തീവണ്ടിയിലെ മൂന്നാം ക്ലാസ് മുറികളിൽ ഇന്ത്യയാകെ സഞ്ചരിച്ച് ജനജീവിതത്തെക്കുറിച്ച് പഠിക്കുകയായിരുന്നുവല്ലോ. ലെനിനെയും മാവൊ സെ ദൊങ്ങിനെയുംപോലെ തന്റെ അനുഭവങ്ങളും കണ്ടെത്തലുകളും അദ്ദേഹം പുസ്തകരൂപത്തിലാക്കിയില്ലെങ്കിലും പിൽക്കാലത്തെ അദ്ദേഹത്തിന്റെ ലേഖനങ്ങളിലും പ്രസംഗങ്ങളിലും സർവ്വോപരി തന്റെ കർമ്മപരിപാടികളിലുമെല്ലാം ഈ അനുഭവങ്ങൾ വീണ്ടും വീണ്ടും ഉയർന്നുവരുന്നത് കാണാം. ഇ. എം. എസ്. നമ്പൂതിരിപ്പാട് (ഒന്നേകാൽകോടി മലയാളികൾ), പി. സുന്ദരയ്യ (വിശാല ആന്ധ്ര), ഭവാനി സെൻ (നതൂൻ ബംഗാൾ) തുടങ്ങിയവരുടെ ഗ്രന്ഥങ്ങളിൽ ഈ വഴിക്കുള്ള പഠനങ്ങൾ നടത്തിയിരിക്കുന്നതു കാണാം. എന്നാൽ ആധുനികസാമൂഹ്യ-സാമ്പത്തിക സർവ്വെകളുടെ ശൈലിയിലുള്ള 'ഒന്നാം കൈ'(ഫസ്റ്റ് ഹാന്റ്) വിവരങ്ങൾ

ആയിരുന്നില്ല അവരുടെ കൃതികളിൽ മുന്തിനിന്നത്. ഇതാണ് ആധുനിക ദാമോദരന്റെ പ്രവർത്തനശൈലിയിലെ അനുപമവും അതീവപ്രയോജനപ്രദവും ആയ ഒരു സവിശേഷത.

അതുപോലെതന്നെ മറ്റൊരു പ്രത്യേകതയാണ് കവിതകളും ചെറുകഥകളും നാടകങ്ങളും മറ്റും സ്വയം രചിച്ച് പ്രസ്ഥാനത്തിനും പ്രക്ഷോഭങ്ങൾക്കും കരുത്തും ഓജസ്സും നൽകുക എന്നത്. ദാമോദരനെക്കൂടാതെ ഇ. എം. എസ്. തുടങ്ങിയ സഖാക്കളും ലഘുലേഖകളും പുസ്തകങ്ങളും പ്രസ്ഥാനത്തിനുവേണ്ടി എഴുതുക പതിവായിരുന്നുവെങ്കിൽ സർഗ്ഗസാഹിത്യം എന്ന് വിശേഷിപ്പിക്കാവുന്ന കവിതയും പാട്ടും ചെറുകഥയും നാടകവും മറ്റും അവരാരും കൈവെച്ച മേഖലകളല്ല. ഇവയിൽ കർഷകരെക്കുറിച്ചുള്ള പാട്ടബാക്കി, തൊഴിലാളികളെക്കുറിച്ചുള്ള രക്തപാനം എന്നിവ പ്രത്യേകം പ്രസ്താവ്യമാണ്. ഇതേക്കുറിച്ചെല്ലാം പിന്നീട് വിസ്തരിച്ച് ചർച്ചചെയ്യുന്നതാണ്. ഈ സർഗ്ഗസാഹിത്യയത്നങ്ങൾക്ക് നേതൃത്വം നൽകാനും ദിശാബോധം നൽകാനും 1937-ൽ രൂപീകൃതമായ 'ജീവൽസാഹിത്യസംഘ'ത്തിന്റെയും നേതാവും സൈദ്ധാന്തികനുമായിരുന്നല്ലോ ദാമോദരൻ. അതും നമുക്ക് പിന്നീട് ആ കാലഘട്ടത്തിലെത്തുമ്പോൾ ചർച്ചചെയ്യാം.

ജീവിതശൈലി: ഇല്ലായ്മയുടെ വല്ലായ്മകൾ

കമ്മ്യൂണിസ്റ്റ്പാർട്ടി (സി.പി.ഐ.-എം. എന്നപോലെ സി.പി.ഐ.യും) ഇന്ന് ഇന്ത്യൻ രാഷ്ട്രീയത്തിൽ ആർക്കും അവഗണിക്കാനാകാത്ത ഒരു ശക്തിയാണ്. ഇന്ത്യൻ ബൂർഷ്വാരാഷ്ട്രീയത്തിന്റെ രണ്ടു മുഖങ്ങളെ പ്രതിനിധീകരിക്കുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസും ഭാരതീയ ജനതാപാർട്ടിയും കഴിഞ്ഞാൽ മൂന്നാമത്തെ കക്ഷിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. രണ്ടു ബൂർഷ്വാപാർട്ടികളെയും ഭരണപക്ഷമായി കണക്കാക്കിയാൽ (മതനിരപേക്ഷത തുടങ്ങിയ ചില പ്രശ്നങ്ങളിൽപ്പോലും വ്യത്യസ്തസ്വരങ്ങളിൽ സംസാരിക്കുമ്പോഴും സാമ്പത്തികനയം, വിദേശനയം, ആഗോളവൽക്കരണം തുടങ്ങിയവയിൽ ഒരേ സ്വരത്തിൽ ത്തന്നെയണല്ലോ അവ രണ്ടിന്റെയും സംസാരവും നിലപാടും) ഏറ്റവും വലിയ സുസംഘടിതപ്രതിപക്ഷവും കമ്മ്യൂണിസ്റ്റ്പാർട്ടിതന്നെ.

ട്രേഡ്യൂണിയനുകൾ, കർഷകസംഘടനകൾ, വനിതാസംഘങ്ങൾ, യുവജന-വിദ്യാർത്ഥിസംഘടനകൾ, കലാസംസ്കാരികസംഘടനകൾ എന്നിവയിലെല്ലാം കമ്മ്യൂണിസ്റ്റ് സാന്നിദ്ധ്യവും പലതിലും നേതൃത്വവും പാർട്ടിക്കുണ്ട്. വിപുലമായി പ്രചരിക്കുന്ന പത്ര-മാസിക-വാരികകളും സുസജ്ജമായ കാര്യാലയമന്ദിരങ്ങളും പാർട്ടിക്കുണ്ട്. ഇക്കാര്യങ്ങളെല്ലാം സൂചിപ്പിക്കുന്ന വമ്പിച്ച ജനസ്വാധീനം മിതമായ തോതിലെങ്കിലും മുഴുവൻ സമയ പ്രവർത്തകർക്ക് വേതനം നൽകാനും പാർട്ടിമന്ദിരങ്ങൾ പടുത്തുയർത്താനും വേണ്ട അംഗവരിസംഖ്യ, അംഗങ്ങളുടെ വരുമാനത്തിന്റെ നിശ്ചിത അനുപാതമനുസരിച്ച് 'ലെവി' സംഭാവന തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ മെച്ചമായ രീതി

യിൽ നടത്താൻ കഴിയും. പാർട്ടിയുടെ വിപുലമായിക്കൊണ്ടിരിക്കുന്ന പ്രവർത്തനത്തിന് സ്ഥലവും വീട്ടിൽ താമസിക്കാൻ കഴിയാത്തവർക്ക് മുറിയും അവർക്ക് ഭക്ഷണമൊരുക്കുന്ന 'പാർട്ടി കമ്മ്യൂണും' വിവിധ വകുപ്പുകളുടെ ചുമതലവഹിക്കുന്ന കമ്മിറ്റികൾക്കും വ്യക്തികൾക്കും ഫയലുകൾ സൂക്ഷിക്കാനും മറ്റുമുള്ള ഏർപ്പാടുകളോടുകൂടി മേശയും കസേരയും പാർട്ടി ക്ലാസുകൾക്ക് ഹാളുകളും ഒന്നിൽകൂടുതൽ ദിവസങ്ങൾ വേണ്ടിവരുന്നവർക്ക് താമസസൗകര്യവും മറ്റും കൂടിയേതീരു. അങ്ങനെ ഏ. കെ. ജി. സെന്റർ, ഇ. എം. എസ്. അക്കാദമി (തിരുവനന്തപുരം), ആലപ്പുഴയിലെ കൃഷ്ണ പിള്ളമന്ദിരം, എറണാകുളത്തെ ലെനിൻ സെന്റർ, പാലക്കാട്ടെ കുഞ്ഞിരാമൻമാസ്റ്റർ സ്മാരകം, തൃശ്ശൂരെ അഴീക്കോടൻ സ്മാരകം, കോഴിക്കോട്ടെ സി. എച്ച്. കണാരൻസ്മാരകം എന്നിവയ്ക്കു പുറമെ ഏരിയാ കമ്മിറ്റികൾക്കും ലോക്കൽ കമ്മിറ്റികൾക്കും പലയിടത്തും സ്വന്തം മന്ദിരങ്ങളും കാര്യാലയങ്ങളുമുണ്ട്. സി. പി. ഐ.ക്കും അതുപോലെ എം. എൻ. സ്മാരകവും സുഗതൻ സ്മാരകവും മറ്റുമുണ്ട്.

ദീർഘകാലത്തെ യാതനകളും പീഡനങ്ങളും സമരങ്ങളുംകൊണ്ട് നേടിയ ഈ നേട്ടങ്ങൾ അസൂയാലുക്കൾക്കും ദുർബ്ബുദ്ധികൾക്കും സഹിക്കാൻ കഴിയാത്തതിനാൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഇപ്പോൾ ധാരാളം സ്വത്തുള്ള ഒരു ബൂർഷ്വാപാർട്ടിയായി തീർന്നിരിക്കുന്നു എന്ന് ആക്ഷേപിച്ച് ആശ്വസിക്കാൻ ശ്രമിക്കുന്നത് നാം കൂടക്കൂടെ കേൾക്കാറുള്ളതാണല്ലോ. പി. കൃഷ്ണ പിള്ള, കെ. ദാമോദരൻ, എൻ. സി. ശേഖർ, കേരളീയൻ, സി. എച്ച്. കണാരൻ, എം. എൻ. ഗോവിന്ദൻനായർ, ആർ. സുഗതൻ തുടങ്ങി ആദ്യകാല സഖാക്കൾ പട്ടിണികിടന്നും കിടക്കാൻ കട്ടിലോ കിടക്കയോ തലയണയോ പോലുമില്ലാതെ വല്ല ഇടുങ്ങിയ മുറികളിലും, പത്രം വിരിച്ച്, പഴയ പത്രകടലാസ് തലയണയായി ഉപയോഗിച്ച് ഉടുതുണികൊണ്ടു പുതച്ച് കൊതുകുകളിൽനിന്ന് രക്ഷനേടി ബീഡിയും ചായയുമായി പശിയടക്കിയുമാണ് ഈ പ്രസ്ഥാനത്തെ ഉയർത്തി ഈ നിലവാരത്തിലെത്തിച്ചത് എന്നൊന്നും ഈ അസൂയാകലുഷിതമായ ആക്ഷേപങ്ങൾ ഉന്നയിക്കുന്നവർക്ക് അറിയില്ല. അല്ലെങ്കിൽ അറിഞ്ഞിട്ടും മനഃസാക്ഷിയെ പരണത്തു വെച്ച് ആരോപണം നടത്തുന്നു.

ഇവിടെ വിവരിച്ച ജീവിതസാഹചര്യങ്ങളും ഇല്ലായ്മയുടെ വല്ലായ്മയും സഹിച്ച ആദ്യപഥികരിൽ ദാമോദരൻ മുന്നിട്ടുനിന്നു. ഇ. എം. എസ്സിനെയും കെ. സി. ജോർജ്ജിനെയുംപോലെ സമ്പന്നകുടുംബങ്ങളിൽനിന്ന് 'തൊഴിലാളിവർഗ്ഗത്തിന്റെ ദത്തുപുത്രന്മാരായി' വന്നവർ തങ്ങൾക്കു കിട്ടിയ ഓഹരി മുഴുവൻ വിറ്റുപെറുക്കി പ്രസ്ഥാനത്തിനു നൽകി ദാരിദ്രം സ്വയം വരിച്ച് കഴിഞ്ഞുകൂടി. കൃഷ്ണപിള്ളയെപ്പോലുള്ളവരാകട്ടെ കുഞ്ഞുന്നാൾ മുതലേ അർദ്ധപ്പട്ടിണികിടന്ന് ശീലിച്ചവരുമായിരുന്നു. ദാമോദരന്നാകട്ടെ ഈ രണ്ടു വിഭാഗക്കാരിൽനിന്നും വ്യത്യസ്തനായിരുന്നു. തിരൂരിലെ സമ്പന്നമായ ഒരു

തറവാട്ടിൽ പിറന്ന് സമൃദ്ധിയിൽ വളർന്നതും പ്രായപൂർത്തിയെത്തുംമുൻപു തന്നെ രാഷ്ട്രീയത്തിൽ കാരണവരുടെ വിലക്കുകളെ വകവയ്ക്കാതെ പ്രവേശിച്ചതും അതോടുകൂടി പഠിത്തം തുടരാനുള്ള ചെലവുപോലും നൽകാതെ പ്രതികാരബുദ്ധിയോടെ കാരണവർ പെരുമാറിയതും ഒടുവിൽ കാശിവിദ്യാപീഠത്തിലേക്ക് തീവണ്ടി കയറാൻപോലും പണമില്ലാതെ വിഷമിച്ച് കടം വാങ്ങി അവിടെ എത്തിപ്പെട്ടതുമെല്ലാം നേരത്തെ വിവരിച്ചിരുന്നവല്ലോ. പക്ഷേ, അതെല്ലാം ദാരിദ്ര്യത്തിന്റെയും മറ്റു ദുരിതാനുഭവങ്ങളുടെയും തുടക്കം മാത്രമായിരുന്നു. കോഴിക്കോട്ടെത്തി ദാമോദരൻ പ്രവർത്തിച്ചുതുടങ്ങിയ കാലത്തെ അനുഭവങ്ങൾ എം. റഷീദ് ഇപ്രകാരം വിവരിക്കുന്നു:

> "ഇന്നത്തെ ട്രേഡ് യൂണിയൻ നേതാക്കൾ അനുഭവിക്കുന്ന സൗകര്യങ്ങളൊന്നും അന്നത്തെ തൊഴിലാളിനേതാക്കൾക്കുണ്ടായിരുന്നില്ല. ദാമോദരനും മറ്റും താമസിച്ചിരുന്നത് പാളയം ജംഗ്ഷന്റെ പടിഞ്ഞാറു ഭാഗത്ത് വടക്കേ വഴിയിലെ അങ്ങാടിഭാഗത്ത് പടിഞ്ഞാറുവശത്തുള്ള ഒരു മുറിയിലായിരുന്നു. തുച്ഛമായ വാടകയ്ക്ക് ലഭിച്ച ആ മുറിയിൽ ഫർണിച്ചറുകളോ മറ്റു സൗകര്യങ്ങളോ ഉണ്ടായിരുന്നില്ല. ആ കെട്ടിടത്തിൽ താമസിച്ചിരുന്ന എല്ലാവർക്കുംകൂടെ ഉപയോഗിക്കാൻ ഒരു പൊതുകക്കൂസുമാത്രമേ ഉണ്ടായിരുന്നുള്ളൂ. കുളിക്കാൻ കിണറ്റിൽനിന്ന് വെള്ളം കോരിയെടുക്കണം. ആത്മാർത്ഥതയും ആവേശവും മൂലം കീഴേടത്ത് തറവാട്ടിലെ പഴയരിച്ചോറും സാമ്പാറും മെഴുക്കുപുരട്ടിയും പപ്പടവും തൈരുംകൂട്ടിയുള്ള ഊണിനേക്കാൾ വല്ലപ്പോഴും തൊഴിലാളികൾ സൽക്കരിക്കാറുള്ള നാറുന്ന ചാക്കരിച്ചോറും മീൻചാറും ദാമോദരന് ഹൃദ്യമായിത്തുടങ്ങി. അതുപോലും ദിവസേന ലഭിച്ചിരുന്നില്ല. പലപ്പോഴും രണ്ടോ മൂന്നോ ചായ വീതം കുടിച്ച് ദിവസങ്ങൾ കഴിച്ചുകൂട്ടിയിരുന്നു. വിശപ്പ് വിട്ടുപിരിയാത്ത കൂട്ടുകാരനായിരുന്നു. സ്റ്റഡിക്ലാസ്സോ യൂണിയൻ കമ്മിറ്റിമീറ്റിങ്ങോ പ്രസംഗമോ കഴിഞ്ഞു വിശന്നു തളർന്ന് മുറിയിലെത്തി നിലത്ത് പഴയ പത്രം വിരിച്ച് കൈയിൽ തലവെച്ചാണ് ഉറങ്ങാറുള്ളത്. വീട്ടിൽ മെത്തയിൽ തലയണവെച്ചുറങ്ങിയതിനേക്കാൾ ഇത് ദാമോദരന് ഹൃദ്യമായി തോന്നിത്തുടങ്ങി. പാർട്ടിപ്രവർത്തകർക്കോ ട്രേഡ്യൂണിയൻ നേതാക്കൾക്കോ ഒറ്റപ്പൈസപോലും അലവൻസായി കൊടുക്കാൻ സാമ്പത്തിക കഴിവില്ലാത്ത അക്കാലത്ത് ഏതെങ്കിലും അനുഭാവിയുടെയോ സുഹൃത്തിന്റെയോ പക്കൽനിന്ന് അഞ്ചാറണ ഒന്നിച്ചു കിട്ടിയാൽ അപ്പോൾ തെരുവിൽ പോയി 'പത്തിരിയും നമ്പറും' (മൂരിയിറച്ചിക്കറി) ശാപ്പിടുമായിരുന്നു. കൃഷ്ണപിള്ളയുടെയും ദാമോദരന്റെയും തന്റെയും ഏറ്റവും വലിയ 'ലക്ഷ്വറി' ഈ ശാപ്പാടായിരുന്നു എന്ന് എൻ. സി. ശേഖർ ഒരിക്കൽ എന്നോടു പറയുകയുണ്ടായി. സാധാരണ താമസിക്കുന്ന മുറിയിൽ പകൽ സമയത്ത് ആരും ഉണ്ടായിരിക്കുകയില്ല. വസ്ത്രങ്ങൾ കഴുകി വൃത്തിയാക്കുന്ന ദിവസങ്ങളിലൊഴികെ.

ഒന്നിലേറെ മുണ്ടും ഷർട്ടും ഇല്ലാത്തതുകൊണ്ട് കഴുകിയത് ഉണങ്ങുന്നതുവരെ തോർത്തുമുണ്ട് ഉടുത്തുകൊണ്ട് എന്തെങ്കിലും വായിക്കുകയോ എഴുതുകയോ ചെയ്തുകൊണ്ടിരിക്കും. തന്റെ ഇഷ്ടദേവതയുടെ സ്ഥാനത്തുനിന്ന് ഗാന്ധിജിയെ മാറ്റി സ്റ്റാലിനെ പ്രതിഷ്ഠിച്ച ദാമോദരൻ അക്കാലത്തും ഖദർ മാത്രമേ ധരിക്കുമായിരുന്നുള്ളു. ഒരിക്കൽ ധരിച്ചിരുന്ന വസ്ത്രങ്ങൾ പലപ്പോഴും 'മഹത്തായ ഒന്നാം വാരം ആഘോഷി'ച്ചതിനുശേഷമേ കഴുകിയിരുന്നുള്ളു. നിത്യവും കുളിക്കുക, ഭംഗിയായി മുടി ചീകിവെക്കുക എന്നതിലൊന്നും അന്ന് ദാമോദരന് വലിയ വിശ്വാസമില്ലായിരുന്നു എന്ന് പറയപ്പെടുന്നു."

(അദ്ധ്യായം 6)

ഈ ഇല്ലായ്മകളുടെ വല്ലായ്മകൾ ദാമോദരൻ സഹിച്ചതിനെക്കുറിച്ച് ആത്മാനുതാപമൊന്നും ദാമോദരന് തോന്നിയില്ല—കൃഷ്ണപിള്ളയ്ക്കും എൻ. സി. ശേഖറിനുംമറ്റുംപോലെതന്നെ. റഷീദ് പറയുംപോലെ ഈ ദുരിതാനുഭവങ്ങളെല്ലാം തന്റെ ആഗ്രഹസാക്ഷാത്കാരത്തിനു കൊടുക്കുന്ന വില എന്ന നിലയിൽ അദ്ദേഹത്തിന് കൂടുതൽ കൂടുതൽ ഹൃദ്യമായിത്തോന്നുകയാണ് ചെയ്തത്. വ്യത്യസ്തമായ സാഹചര്യങ്ങളിൽ ചങ്ങമ്പുഴ കൃഷ്ണപിള്ള അനുഭവിച്ച 'ലഹരി'പോലെ.

"വേദന, വേദന, ലഹരി
പിടിക്കും വേദന
ഞാനതിൽ മുഴുകട്ടെ!"

വിപ്ലവകാരികളുടെ ആദർശലഹരിയായിരുന്ന ദാമോദരന് അനുഭവപ്പെട്ടത് എന്നേ വ്യത്യാസമുള്ളു.

ഈ അവസ്ഥ 1946 ആയപ്പോഴേ പാർട്ടി താരതമ്യേന കൂടുതൽ ശക്തിയാർജ്ജിച്ചു വന്ന ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ടു എങ്കിലും എല്ലായിടത്തും അതായിരുന്നില്ല സ്ഥിതി എന്ന് ഈ ലേഖകന്റെതന്നെ അനുഭവം സാക്ഷ്യപ്പെടുത്തുന്നു. ദാമോദരൻ പാർട്ടിയിൽ ചേർന്ന് 10 വർഷം കഴിഞ്ഞപ്പോഴാണ് ഞാൻ ഗാന്ധിസവും കോൺഗ്രസും മറ്റും വിട്ട് കമ്മ്യൂണിസ്റ്റ്പാർട്ടിയിലെത്തിയത്. ആലുവയിലെ യു. സി. കോളേജിൽ പഠിച്ചിരുന്ന അക്കാലത്ത് ഏലൂർ, ഉദ്യോഗമണ്ഡൽ, മഞ്ഞുമ്മൽ, ആലുവാനഗരം, തൈയ്ക്കാട്ടകം എന്നിവിടങ്ങളിലെ കമ്മ്യൂണിസ്റ്റ് ട്രേഡ്യൂണിയൻ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചുവന്നിരുന്നു. അന്ന് ഞങ്ങളുടെ സഹപാഠിയും പാർട്ടിയുടെ പിൽക്കാലപ്രവർത്തകനുമായ ടി.എ. നാരായണയ്യർ, ഒല്ലൂരിലെ ഇ. ടി. എം. വൈദ്യശാലയുടെ ആലുവാശാഖയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ശൂലപാണിവാര്യരും ആലുവയിൽ ഒരു പ്രസ്സ് നടത്തിക്കൊണ്ടിരുന്ന ജോസഫ് ടി. കായനാടും വാഴക്കുളത്ത് ഒരു ചെറുകിട തോട്ടം ഉടമയായിരുന്ന കട്ടക്കയം ചെറിയാനും മറ്റും പ്രവർത്തകർക്ക് ചിലപ്പോൾ ഭക്ഷണവും മറ്റുചിലപ്പോൾ പണവും കൊടുക്കാറുണ്ടായിരുന്നെങ്കിലും ആഴ്ചയിലേഴുദിവസവും ഈ ഏർപ്പാട് നടക്കുക സാധ്യമല്ലല്ലോ. അതു

കൊണ്ട് ചിലപ്പോൾ ആലുവയിൽനിന്ന് 15 നാഴിക കിഴക്ക് പെരുമ്പാവൂർ അടുത്തുള്ള എന്റെ വീട്ടിലേക്ക്, ബസ്സിന് പണമില്ലാത്തതിനാൽ മുഴുവൻ വഴിയും നടന്ന് സഖാക്കൾ ഒരു നേരത്തെ ഭക്ഷണത്തിനായി വരാറുണ്ടായിരുന്നത് ഓർക്കുന്നു. എൻ. കെ.മാധവൻ, ഇ. ബാലാനന്ദൻ തുടങ്ങി ആലുവാപ്രദേശത്ത് ട്രേഡ് യൂണിയൻ പ്രസ്ഥാനം കെട്ടിപ്പടുത്ത പ്രമുഖസഖാക്കൾ ഈ വിശേഷപ്പെട്ട 'പട്ടിണി ജാഥ'യിൽ അംഗങ്ങളായിരുന്നു.

ആലുവയിലെ പടിഞ്ഞാറെ ഓവർ ബ്രിഡ്ജിനു സമീപം ഒരു ഇടിഞ്ഞുപൊളിഞ്ഞു തുടങ്ങിയ പീടികയുടെ രണ്ടാം നിലയിലുള്ള ഒരു മുറി ഞങ്ങൾ പാർട്ടി ആഫീസും കിടപ്പുമുറിയും ചിലപ്പോൾ സ്വയം പാചകത്തിനുള്ള അടുക്കളയായും ഉപയോഗിച്ചിരുന്നു. കസേരയും മേശയുമൊന്നുമില്ല. എങ്കിലും അവിടെവെച്ച് കമ്മിറ്റികളും കൂടാറുണ്ട്. ഇടപ്പള്ളി സ്റ്റേഷനാക്രമണക്കേസിൽ പ്രതിയായി ഭീകരമർദ്ദനങ്ങൾ സഹിക്കുകയും നീണ്ടകാലം തടവിൽ കഴിയുകയും ചെയ്ത കെ. സി. മാത്യൂ ഈ പാർട്ടികേന്ദ്രത്തിന്റെ നേതാവായിരുന്നു. സാർവ്വദേശീയ ട്രേഡ് യൂണിയൻ ഫെഡറേഷന്റെ ഭാരവാഹിയായി കുറെക്കാലം യൂറോപ്പിൽ പ്രാഗിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ഞങ്ങളുടെ വിലപ്പെട്ട മിനിറ്റ്സ് ബുക്കുകളും രസീത് ബുക്കുകളും മറ്റു രേഖകളും ചിതലെടുത്തു നശിക്കാതിരിക്കാൻ അവ ഒരു ഉറിയിൽ കെട്ടിത്തൂക്കി ഇടുകയായിരുന്നു പതിവ്. ഞങ്ങൾ കിടക്കാനുപയോഗിച്ചിരുന്ന തഴപ്പായയുടെ മുക്കും മൂലയും രാവിലെ എഴുന്നേക്കുമ്പോഴേക്കും ചിതൽ തിന്ന് ഇന്ത്യോനേഷ്യയുടെ ഭൂപടംപോലെയായിരിക്കും കാണുക.

ഇതെല്ലാം സഹിച്ചുകൊണ്ടാണ് ഇന്നത്തെ സുസജ്ജമായ ആഫീസ് മന്ദിരങ്ങൾക്കും സ്മാരകങ്ങൾക്കും ആവശ്യമായ ജനപിന്തുണ നേടാൻ കഴിഞ്ഞത് എന്നുമാത്രം കുറിക്കട്ടെ.

10. ദാമോദരന്റെ കോൺഗ്രസ്പ്രവർത്തനം

കാശി വിദ്യാപീഠത്തിൽനിന്നും മടങ്ങിവന്ന് ദാമോദരൻ വിവിധ വർഗ്ഗ സംഘടനകളിലും ബഹുജനസംഘടനകളിലും പ്രവർത്തിക്കുമ്പോഴും അദ്ദേഹത്തിന്റെ മേലങ്കി സി. എസ്. പി.യുടെയും കോൺഗ്രസിന്റെയുമായിരുന്നു. ഇക്കാലത്ത് കോൺഗ്രസ്പ്രവർത്തനം മനസ്സിലാക്കുന്നതിന് അക്കാലത്തെ കേരളരാഷ്ട്രീയവും അഖിലേന്ത്യാരാഷ്ട്രീയവും എങ്ങനെയായിരുന്നുവെന്ന് മനസ്സിലാക്കണം. കൊച്ചിയിലെയും തിരുവിതാംകൂറിലെയും നാട്ടുരാജ്യപ്രജാപ്രക്ഷോഭണത്തെക്കുറിച്ചുമറിയേണ്ടതുണ്ട്.

1934 മുതൽ '40 വരെ കേരളത്തിലെ കോൺഗ്രസ്രാഷ്ട്രീയം ഇടത്-വലത്മത്സരങ്ങളാൽ മുഖരിതമായിരുന്നു. ഈ കാലയളവിനെ രണ്ടു ഘട്ടങ്ങളായിട്ടാണ് ഇ. എം. എസ്. നമ്പൂതിരിപ്പാട് വേർതിരിക്കുന്നത് ('കമ്മ്യൂണിസ്റ്റ്പാർട്ടി കേരളത്തിൽ' അദ്ധ്യായം 7). ആദ്യത്തെ ഘട്ടം 1934-'35 ആണെങ്കിൽ അടുത്തത് 1938-'40 ആണ്. ഉപ്പുസത്യഗ്രഹം, ഗാന്ധി-ഇർവിൻ സന്ധിയോടുകൂടി പിൻവലിക്കപ്പെട്ടെങ്കിലും ഇർവിൻ വാക്ക് പാലിക്കാത്തതിനെത്തുടർന്ന് നിയമലംഘനവും സത്യാഗ്രഹവും ഒരു ചടങ്ങുപോലെയെങ്കിലും തുടർന്നുവന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് ഒരു കനത്ത ആഘാതമാകുമെന്ന് കരുതി ബ്രിട്ടീഷ് ഗവൺമെന്റ് 1935-ലെ ഭരണഘടനാനിയമം നടപ്പിലാക്കിത്തുടങ്ങിയിരുന്നു. ഇന്ത്യയിലെ പ്രവിശ്യകളിൽ പരിമിതമായ വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ സ്വയംഭരണം അനുവദിക്കുന്ന ഭരണഘടനാനിയമം നാട്ടുരാജ്യങ്ങളെ പൂർണ്ണമായി താന്തോന്നിഭരണത്തിന് വിട്ടുകൊടുക്കുകയാണ് ചെയ്തത്. ഈ ഭരണഘടന അംഗീകരിക്കണോ വേണ്ടയോ എന്നതിനെക്കുറിച്ച് കോൺഗ്രസിൽ വലിയ വിവാദങ്ങൾ നടന്നു. നെഹ്രുവിനെപ്പോലുള്ളവർ നിയമസഭാപ്രവർത്തനത്തെയും മന്ത്രിസഭാപ്രവേശത്തെയും എതിർത്തപ്പോൾ സർദാർ വല്ലഭായിപട്ടേൽ, സി. രാജഗോപാലാചാരി, ബാബു രാജേന്ദ്രപ്രസാദ് തുടങ്ങിയ വലതുപക്ഷക്കാർ മന്ത്രിസഭാരൂപീകരണത്തെ അനുകൂലിച്ചു.

ഈ സാഹചര്യങ്ങളെല്ലാം കണക്കിലെടുത്ത് പ്രവർത്തിക്കുവാൻ ഒരു ഉറച്ച കോൺഗ്രസ് സംഘടന ആവശ്യമാണെന്ന് പരക്കെ ബോദ്ധ്യമായി. 1934 മെയ്മാസത്തിൽ സി. എസ്. പി. കേരളത്തിലും രൂപംകൊണ്ട കാര്യം പറഞ്ഞിരുന്നുവല്ലോ. അധികം താമസിയാതെ കോൺഗ്രസിനെത്തന്നെ പുനരുജ്ജീ

വിപ്പിക്കാൻ ശ്രമം ആരംഭിച്ചു. അന്നത്തെ വലതുപക്ഷകോൺഗ്രസ് നേതാക്കൾ മിക്കവരും വക്കീൽമാരോ മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവരോ ആയിരുന്നു. അവധിദിവസങ്ങളായ ഞായറാഴ്ചകളിൽ മാത്രമാണ് അവർ എന്തെങ്കിലും കോൺഗ്രസ്പ്രവർത്തനത്തിന് തുനിഞ്ഞിരുന്നത്. കോൺഗ്രസ്സിലെ പുരോഗമനവാദികളായ അബ്ദുറഹിമാൻ സാഹിബും കൂട്ടരും അവരെ 'ഞായറാഴ്ചകോൺഗ്രസ്സുകാർ' എന്നാണ് വിളിക്കാറ്. ഇവരിൽ പലരും കോഴിക്കോട്ടു ചാലപ്പുറം കേന്ദ്രമാക്കിയാണ് താമസിച്ചിരുന്നതും പ്രവർത്തിച്ചിരുന്നതുമെന്നതുകൊണ്ട് 'ചാലപ്പുറം കോൺഗ്രസുകാർ' എന്നും അവരെ വിളിക്കാറുണ്ട്. ഈ ദുരവസ്ഥ പരിഹരിക്കാൻ കഴിയുന്നത് ജീവിതം മുഴുവനും ഇന്ത്യയുടെ മോചനത്തിനായി സമർപ്പിച്ച് മുഴുവൻസമയപ്രവർത്തകരായി ജനങ്ങളെ അണിനിരത്തിക്കൊണ്ടിരുന്ന ഇടതുപക്ഷക്കാർക്കും സോഷ്യലിസ്റ്റുകാർക്കും മാത്രമായിരുന്നു. അവരുടെ ഉത്സാഹംമൂലം പുനരുജ്ജീവിക്കപ്പെട്ട കോൺഗ്രസ് പ്രദേശ് കമ്മിറ്റിയുടെ സെക്രട്ടറിമാരിൽ ഒരാൾ എ. കെ. ജി. ആയിരുന്നു. ഈ താൽക്കാലികഏർപ്പാടിനെ തിരുത്തി ഒരു സ്ഥിരം സംവിധാനമുണ്ടാക്കുവാൻ മെമ്പർഷിപ്പ്പ്രവർത്തനം, വിശദീകരണയോഗങ്ങൾ, അത്യാവശ്യത്തിനുള്ള ധനശേഖരങ്ങൾ എന്നിവ വേണ്ടിവന്നു. ഇതിനുശേഷം പൂർണ്ണ കെ. പി. സി. സി.യിലേക്കുള്ള തിരഞ്ഞെടുപ്പ് നടന്നു. രണ്ടു സെക്രട്ടറിമാരാണ് അതിലുണ്ടായിരുന്നത്. ഒന്ന് സി. കെ. ഗോവിന്ദൻനായരും മറ്റേത് ഇ. എം. എസ്സുമായിരുന്നു. പിൽക്കാലത്ത് കമ്മ്യൂണിസ്റ്റ് വിരുദ്ധനായിത്തീർന്ന സി. കെ. ഗോവിന്ദൻനായർ അന്ന് സോഷ്യലിസത്തോട് കൂറുപുലർത്തിയിരുന്നു. കോഴിക്കോട്ടുവച്ചു ചേർന്ന കോൺഗ്രസ് സോഷ്യലിസ്റ്റ് യോഗത്തിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. അങ്ങനെ കോൺഗ്രസ് സെക്രട്ടറിമാർ രണ്ടും ഇടതുപക്ഷക്കാരായത് വലതുപക്ഷക്കാർക്ക് സഹിക്കാനാവുമായിരുന്നില്ല. ഈ കാര്യം അഖിലേന്ത്യാ നേതൃത്വത്തിന്റെ ശ്രദ്ധയിലുമെത്തി. കേന്ദ്രനേതൃത്വം ഇടപെട്ട് സംസ്ഥാനത്തിനു പുറത്തുള്ള ഏതാനും നേതാക്കളെ പ്രശ്നപരിഹാരത്തിനായി കേരളത്തിലേക്കയച്ചു. അവരുടെ ഇടപെടലും കൂടിയാലോചനയും കെ. പി. സി. സി.യുടെ പുനഃസംഘടനയ്ക്ക് വഴിവെച്ചു. അവർ ഒരു സെക്രട്ടറിമാത്രം മതിയെന്ന് വിധിക്കുകയുംചെയ്തു. പിന്നീട് രാജാജി മന്ത്രിസഭയിൽ മലയാളിമന്ത്രി ആയിരുന്ന കോങ്ങാട്ടിൽ രാമൻമേനോൻ സെക്രട്ടറിസ്ഥാനം ഏറ്റെടുത്തു. വലതുപക്ഷക്കാരുടെ ഈ വിജയത്തിന് മറ്റൊരു നിർണ്ണായകകാരണവുമുണ്ടായിരുന്നു. കോൺഗ്രസ്സിന്റെ ഭരണഘടനയിൽ വരുത്തിയ ചില മാറ്റങ്ങളാണ് അവർക്ക് സഹായകമായത്. പഴയ കെ.പി.സി.സി.യിലുണ്ടായിരുന്ന അറുപത് അംഗങ്ങൾക്കു പകരം അംഗസംഖ്യ പത്തായി വെട്ടിക്കുറച്ചു. ആ പത്തിൽത്തന്നെ നാലുപേർ ഇടതുപക്ഷക്കാരായിരുന്നു. എന്നാൽ മേൽത്തട്ടിലെ ഈ വലതുപക്ഷ അട്ടിമറി കീഴ്ഘടകങ്ങളെ തെല്ലും ബാധിച്ചില്ല. അവയിൽ ഭൂരിപക്ഷവും ഇടതുപക്ഷക്കാരുടെ നിയന്ത്രണത്തിലായിരുന്നു. ചിട്ടയായ പ്രവർത്തനവും നിസ്വാർത്ഥമായ സേവനസന്നദ്ധതയുംകൊണ്ട് അണികളിൽ ഭൂരിപക്ഷവും ഇടതുപ

ക്ഷത്തോടാണ് ആഭിമുഖ്യം പ്രകടിപ്പിച്ചത്. അതുകൊണ്ട് അവരിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടവരുടെ പ്രതിനിധിയായി പ്രവർത്തിക്കാൻ 'സംഘടനാ സെക്രട്ടറി' എന്നൊരു പദവിയുണ്ടായിരുന്നു. ഇ. എം. എസ്. ആ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു. സംഘടനാ സെക്രട്ടറി എന്ന നിലയിൽ കീഴ്ഘടകങ്ങളുടെ പ്രവർത്തനങ്ങളും അണികളുടെ രാഷ്ട്രീയവിദ്യാഭ്യാസവും മറ്റും മെച്ചപ്പെടുത്താൻ അദ്ദേഹത്തിനും സഖാക്കൾക്കും കഴിഞ്ഞു.

ഈ ഘട്ടത്തിൽ ഇത്തരം പ്രവർത്തനങ്ങളിൽ മുഴുകിയിരുന്ന നമ്മുടെ കഥാനായകൻ കേരളത്തിലുടനീളം സഞ്ചരിച്ച് കോൺഗ്രസ് സ്റ്റഡീക്ലാസ്സുകൾ നടത്തുകയും ഒരു മാസംവരെ നീണ്ടുനിന്ന പഠനശിബിരങ്ങൾക്ക് നേതൃത്വം നല്കുകയുംചെയ്തു.

1936-ൽ ചേർന്ന കമ്മ്യൂണിസ്റ്റ് ഇന്റർനാഷണൽ അംഗീകരിച്ച 'ഫാസിസത്തിനെതിരായ ഐക്യമുന്നണി' എന്ന മുദ്രാവാക്യം സാമ്രാജ്യത്വത്തിനെതിരായ സമരങ്ങളിൽ ഐക്യമുന്നണി കെട്ടിപ്പടുക്കാൻ പ്രചോദനമായി. അതുകൊണ്ടു കമ്മ്യൂണിസ്റ്റുകാരും സോഷ്യലിസ്റ്റുകാരും കോൺഗ്രസും ഒത്തുചേർന്ന് ബ്രിട്ടീഷ്സാമ്രാജ്യത്വത്തിനെതിരായി സമരംചെയ്യേണ്ട എന്ന ആശയം നാട്ടിലാകെ പുതിയ ഒരുന്മേഷത്തിന് ജന്മം നൽകി. 'ജനകീയ മുന്നണി പ്രമേയം' എന്നും ഈ കമ്മ്യൂണിസ്റ്റ് ഇന്റർനാഷണൽ നയത്തെ വിശേഷിപ്പിക്കാറുണ്ട്. ഈ അന്തരീക്ഷം പരിപൂർണ്ണമായി പ്രയോജനപ്പെടുത്താൻ ദാമോദരൻ കഴിവത് പരിശ്രമിച്ചു. അതിന്റെ ഫലമായി പൊന്നാനി താലൂക്ക് കോൺഗ്രസ് കമ്മിറ്റിയിലേക്ക് ആദ്യവും തുടർന്ന് മലബാർ ജില്ലാ കോൺഗ്രസ് കമ്മിറ്റിയിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. പിൽക്കാലത്ത് ദാമോദരന്റെ മുഖമുദ്രയായി കരുതപ്പെടുന്ന രാഷ്ട്രീയവിദ്യാഭ്യാസം കോൺഗ്രസിൽ അക്കാലത്തും പിൽക്കാലത്തും ഒരു പ്രധാന പ്രവർത്തകമേഖലയല്ല. പക്ഷേ, ഒരു സൈദ്ധാന്തികനുംകൂടിയായിരുന്ന ദാമോദരൻ ഈ കുറവു നികത്താൻ മുന്നോട്ടു വന്നു.

ഇടതുപക്ഷ കെ.പി.സി.സി. രണ്ടാംവട്ടം

കെ.പി.സി.സി.യുടെ രാഷ്ട്രീയവിദ്യാഭ്യാസസമിതിയുടെ കൺവീനർ എന്ന നിലയിൽ ഈ പഠനക്ലാസുകൾ ആസൂത്രണംചെയ്തതും അവയ്ക്കാവശ്യമായ പാഠ്യവിഷയങ്ങൾ തെരഞ്ഞടുത്ത് കുറിപ്പുകളുണ്ടാക്കിയതും കെ. ദാമോദരനായിരുന്നു. സബ്കമ്മിറ്റി അംഗങ്ങൾ പരിശോധിച്ച് അംഗീകരിച്ച പാഠ്യപദ്ധതിപ്രകാരം ക്ലാസുകൾ എടുത്തവരിൽ ഇ.എം.എസ്., പി. കൃഷ്ണപിള്ള മുതലായവരും ഉണ്ടായിരുന്നു എങ്കിലും പ്രധാനാദ്ധ്യാപകനായി കൂടുതൽ വിഷയങ്ങൾ കൈകാര്യംചെയ്തത് കൺവീനറായ ദാമോദരൻതന്നെയായിരുന്നു. സ്വാതന്ത്ര്യസമരചരിത്രം, ധനശാസ്ത്രം, സോഷ്യലിസം, സാർവ്വദേശീയസ്ഥിതി, വർഗ്ഗരാഷ്ട്രീയത്തിന്റെ പൊരുൾ തുടങ്ങിയ പല വിഷയങ്ങൾ വെറും കക്ഷിരാഷ്ട്രീയത്തിനതീതമായ ശൈലിയിലാണ് പഠിപ്പിച്ചിരുന്നത്. എങ്കിലും രാഷ്ട്രീയം ആഴത്തിലും പരപ്പിലും പഠിക്കുക എന്ന പ്രക്രിയ

വിദ്യാർത്ഥികളിൽ ഭൂരിപക്ഷത്തെയും ഇടത്തോട്ടു നയിച്ചതിൽ അത്ഭുതപ്പെടാനില്ല. ഔപചാരികമായ ബ്രിട്ടീഷ് ആധിപത്യത്തിൽനിന്ന് മോചനം നേടുകയും നിലവിലുള്ള ഉച്ചനീചത്വബന്ധങ്ങൾ നിർമ്മാർജ്ജനംചെയ്യുന്നതിൽ ഉദാസീനരായിരിക്കുകയും ചെയ്യുന്നവർക്ക് വലിയ രാഷ്ട്രീയപഠനമൊന്നും ആവശ്യമില്ലല്ലോ. ഇന്നെന്നപോലെ അന്നും ചെറുപ്പക്കാരോടൊപ്പം അദ്ധ്യാപകരെക്കാൾ പ്രായമുള്ളവരും പങ്കെടുക്കാറുണ്ട്. അവരിൽ ചിലരെ ചൂണ്ടി അവരുടെ അനുഭവങ്ങൾ പഠിപ്പിക്കുന്ന സിദ്ധാന്തങ്ങളുമായി കണ്ണിചേർത്ത് അദ്ധ്യാപനം നടത്തുക ദാമോദരന്റെ പതിവായിരുന്നു—അന്നും പിൽക്കാലത്തും. പിൽക്കാലത്ത് ഇടതുപക്ഷത്തും യുവജന-മഹിളാരംഗത്തും അദ്ധ്യാപകപ്രസ്ഥാനത്തിലും പേരെടുത്ത പലരും ദാമോദരന്റെ ക്ലാസുകളിൽ വിദ്യാർത്ഥികളായിരുന്നു. പിൽക്കാലത്തും അഖിലകേരള പ്രശസ്തരായി ഉയർന്ന ഇ. പി. ഗോപാലൻ, ആര്യാ പള്ളം, പി. വി. കുഞ്ഞുണ്ണിനായർ, സാഹിത്യകാരൻ ചെറുകാട് തുടങ്ങിയവർ ദാമോദരന്റെ സമപ്രായക്കാരെന്നു പറയാവുന്ന വിദ്യാർത്ഥികൾ ആയിരുന്നു—അവർ വള്ളുവനാട്ട് നടന്ന ഒരാഴ്ചക്കാലത്തെ പഠനശാലയിൽ പങ്കെടുത്തിരുന്നു.

1938-'40 കാലത്താണല്ലോ കെ.പി.സി.സി. രണ്ടാവട്ടം ഇടതുപക്ഷനേതൃത്വത്തിലായത്. പ്രശസ്ത സ്വാതന്ത്ര്യസമരസേനാനിയും സുഭാഷ് ചന്ദ്രബോസിന്റെ ആരാധകനും 'ചാലപ്പുറം ഞായറാഴ്ചകോൺഗ്രസ്'കാരുടെ എതിരാളിയുമായിരുന്ന മുഹമ്മദ് അബ്ദുർ റഹിമാൻ സാഹിബും കോൺഗ്രസിലെ കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റ്കാരും ഒത്തൊരുമിച്ചു നിന്ന് വലതുപക്ഷത്തെ തറപറ്റിച്ചാണ് കെ.പി.സി.സി. ഇടതുപക്ഷ നേതൃത്വത്തിലെത്തിയത്. ഇ.എം.എസ്. കെ.പി.സി.സി. സെക്രട്ടറിയും പി. നാരായണൻനായർ, കെ. ദാമോദരൻ എന്നിവർ കെ. പി. സി. സി. നിർവാഹകസമിതി അംഗങ്ങളും എ.ഐ.സി.സി. അംഗവുമായി തെരഞ്ഞെടുക്കപ്പെട്ടു.

ഈ പുതിയ കെ.പി.സി.സി. നിലവിൽവരുന്നതിനല്പം മുമ്പാണ് 1935-ലെ നിയമപ്രകാരം മദിരാശി പ്രവിശ്യാനിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ബഹുഭൂരിപക്ഷത്തോടെ ജയിച്ചതും സി. രാജഗോപാലാചാരിയുടെ നേതൃത്വത്തിൽ കോൺഗ്രസ് മന്ത്രിസഭ രൂപീകരിച്ചതും.

അഖിലേന്ത്യാ അടിസ്ഥാനത്തിൽ പൂർണ്ണസ്വാതന്ത്ര്യം നേടുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിച്ചുവന്നിരുന്ന ഇടതുപക്ഷകോൺഗ്രസുകാർക്കും സ്വീകാര്യമായിരുന്നില്ല, നാട്ടുരാജ്യങ്ങളെ തോന്ന്യാസഭരണത്തിന് വിട്ടുകൊടുത്ത് ബ്രിട്ടീഷ് പ്രവിശ്യകൾക്ക് 'സ്വയംഭരണം' നൽകിയ ഈ ഏർപ്പാട് എന്ന് നേരത്തേ വിവരിച്ചിരുന്നുവല്ലോ. എന്നാലും തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ്ഥാനാർത്ഥികളെ വിജയിപ്പിക്കുകയും കൊളോണിയൽ പക്ഷക്കാരെ തോല്പിക്കുക എന്നതും തങ്ങളുടെ കടമയായി അവർ കരുതി. അതനുസരിച്ച് ദാമോദരനും മറ്റു കമ്മ്യൂണിസ്റ്റ്-സോഷ്യലിസ്റ്റ് സഖാക്കളും കയ്യും മെയ്യും മറന്ന് പ്രവർത്തിച്ചു. അതിൽ പ്രസംഗപാടവംകൊണ്ടും

സൈദ്ധാന്തികപ്രാഗല്ഭ്യംകൊണ്ടും ശ്രദ്ധേയനായിത്തീർന്ന ദാമോദരൻ ജനപ്രീതി നേടിയ ഒരു പ്രചാരകനായി. മലബാറിലും മലയാളികൾ കൂടുതൽ പാർക്കുന്ന തമിഴ്നാടു കേന്ദ്രങ്ങളായ കോയമ്പത്തൂർ, കൂടല്ലൂർ തുടങ്ങിയ പ്രദേശങ്ങളിലും ചുറ്റിസ്സഞ്ചരിച്ച് പ്രസംഗങ്ങൾ നടത്തി. ഈ പ്രവർത്തനങ്ങൾ തുടർന്നുവന്ന കെ.പി.സി.സി. തെരഞ്ഞെടുപ്പിൽ ഇടതുപക്ഷവിജയത്തിന് വഴിവെച്ച ഘടകങ്ങളിൽ ഒന്നായ 'ചാലപ്പുറം ഗാംഗ്' കൂടുതൽകൂടുതൽ ഒറ്റപ്പെടുകയായിരുന്നു.

തിരുവിതാംകൂർ സമരത്തിൽ

1935-ലെ ഭരണഘടനപ്രകാരം നാട്ടുരാജ്യങ്ങളെ രാജാക്കന്മാരുടെയും അവർക്കായി ബ്രിട്ടീഷ് സർക്കാർ തിരഞ്ഞെടുത്ത് നൽകിയ ദിവാന്മാരെയും അവരുടെ പാട്ടിന് വിടുകയായിരുന്നുവല്ലോ. ബ്രിട്ടീഷുകാരുടെ ഈ കുതന്ത്രത്തിന് അനുകൂലമായ ഒരു നയമാണ് അഖിലേന്ത്യാതലത്തിൽ മഹാത്മാഗാന്ധിയും വലതുപക്ഷ കോൺഗ്രസ്വിഭാഗവും കൈക്കൊണ്ടത്. സ്വാതന്ത്ര്യസമരത്തിൽ എല്ലാ ഇന്ത്യക്കാരെയും അണിചേർക്കണമെന്നും അതുകൊണ്ട് ഇന്ത്യക്കാർതന്നെയായ നാട്ടുരാജാക്കന്മാരെ അലോസരപ്പെടുത്താതെ വേണം കോൺഗ്രസ് പ്രവർത്തിക്കേണ്ടതെന്നും അവർ വാദിച്ചു. അതായിരുന്നു കോൺഗ്രസിന്റെ നയം. എന്നാൽ ജവഹർലാൽ നെഹ്രുവിനെപ്പോലുള്ളവർ ഗാന്ധിജിയേയുംമറ്റും നേരിട്ടെതിർക്കാതെ മറ്റൊരു നടപടിക്രമത്തിലേക്കാണ് നീങ്ങിയത്. വിവിധ നാട്ടുരാജ്യങ്ങളിൽ അതിനകം രൂപംകൊണ്ടിരുന്ന ഉത്തരവാദിത്വഭരണപ്രക്ഷോഭം നയിക്കാൻ ഓരോ നാട്ടുരാജ്യത്തും പ്രത്യേകം പ്രത്യേകം സംഘടനകൾ ഉണ്ടായി. തിരുവിതാംകൂറിലെ 'സ്റ്റേറ്റ് കോൺഗ്രസ്' കൊച്ചിയിലെ 'കൊച്ചിൻ കോൺഗ്രസ്' (പിന്നീട് പ്രജാമണ്ഡലം), 'മൈസൂർ സ്റ്റേറ്റ് കോൺഗ്രസ്' തുടങ്ങിയവ ഉദാഹരണം. ഇങ്ങനെയുള്ള സംഘടനകളെ അഖിലേന്ത്യാതലത്തിൽ ഏകോപിപ്പിച്ച് 'നാട്ടുരാജ്യപ്രജാസമ്മേളനം' എന്നൊരു സംഘടന ജവഹർലാൽ നെഹ്റു അദ്ധ്യക്ഷനായി രൂപീകരിക്കപ്പെട്ടിരുന്നു. 1930-കളുടെ ആദ്യം മതന്യൂനപക്ഷങ്ങളുടെയും പിന്നോക്കസമുദായക്കാരുടെയും അവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടി രൂപീകരിച്ചിരുന്ന സംയുക്തരാഷ്ട്രീയസഭയാണ് കൂടുതൽ വിപുലീകരിച്ച് 1937-ൽ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സായി മാറിയത്. 1938-ലായിരുന്നു സ്റ്റേറ്റ് കോൺഗ്രസ്സമരത്തിന്റെ ഉച്ചകോടി. അപ്പോൾ തിരുവിതാംകൂർ ദിവാനായിരുന്ന സർ സി. പി. രാമസ്വാമി അയ്യർക്കെതിരെയാണ് പ്രക്ഷോഭകർ കുന്തമുന നീട്ടിയത്. "തിരുമേനി ഭരിച്ചോട്ടേ, ഹിതംപോലെ ഭരിച്ചോട്ടേ, പരദേശി ഭരിക്കണ്ട, ഭരിക്ക വേണ്ട" എന്നതായിരുന്നു പ്രക്ഷോഭകരുടെ മുദ്രാവാക്യംതന്നെ. "മഹാരാജാവിന്റെ പരമാധികാരത്തിൻകീഴിൽ ഉത്തരവാദിത്വഭരണമെന്നർത്ഥം." 1936-ലെ ക്ഷേത്രപ്രവേശനവിളംബരം പുറപ്പെടുവിച്ചതിന്റെ പുറകിൽ സർ സി. പി.യും ഉണ്ടായിരുന്നതായി കരുതിയ മഹാത്മാഗാന്ധിയും സി. രാജഗോപാലാചാരിയും മറ്റു വലതുപക്ഷകോൺഗ്രസ്സു

കാരും സി. പി. യോട് ഒരു മൃദുസമീപനമാണ് സ്വീകരിച്ചിരുന്നത്. ഇതിന്റെ ഫലങ്ങളിലൊന്ന് സർ സി. പി.ക്കെതിരെ സ്റ്റേറ്റ് കോൺഗ്രസ് തയ്യാറാക്കി പ്രസിദ്ധീകരിച്ച കുറ്റപത്രം വ്യക്തിപരമായ ആക്ഷേപമാണ് എന്ന് വിശേഷിപ്പിച്ച് രാജഗോപാലാചാരി ഗാന്ധിയെ സമീപിക്കുകയും ഗാന്ധിജി അത് പിൻവലിക്കാൻ സ്റ്റേറ്റ് കോൺഗ്രസ്സിനെ ഉപദേശിക്കുകയുംചെയ്തു. ആ ഉപദേശം സ്റ്റേറ്റ് കോൺഗ്രസ് നേതൃത്വം ഗത്യന്തരമില്ലാതെ അംഗീകരിക്കുകയും ചെയ്തു. ഇത് സ്റ്റേറ്റ് കോൺഗ്രസ്സമരത്തെ ദുർബ്ബലപ്പെടുത്തി. ഇങ്ങനെ നാട്ടുരാജ്യരാഷ്ട്രീയത്തിൽ ഇടപെട്ടുകൂടാ എന്ന ഗാന്ധിയുടെ നിർദ്ദേശത്തിന് വിപരീതമായി ആ നാട്ടുരാജ്യസമരത്തെ പരാജയപ്പെടുത്താൻ അദ്ദേഹവും വലതുപക്ഷക്കാരും ഇടപെടുകയുംചെയ്തു.

ഈ ഘട്ടത്തിൽ ഇടതുപക്ഷത്തിന്റെ നിയന്ത്രണത്തിലായിത്തീർന്നിരുന്ന കെ.പി.സി.സി. തിരുവിതാംകൂർസമരത്തെ സകലവിധേനയും സഹായിക്കാൻ തീരുമാനിച്ചു. സ്റ്റേറ്റ് കോൺഗ്രസിൽ വലതുപക്ഷ ഇടപെടൽ കൊണ്ട് നിരാശരായ യുവാക്കളിൽ പുരോഗമനവാദികളും പ്രത്യേക സംഘടനകൾ അതിന് വിധേയമായിത്തന്നെ രൂപീകരിച്ച് പ്രവർത്തനം തുടങ്ങി. അതിൽ പ്രധാനപ്പെട്ട ഒന്ന് യൂത്ത് ലീഗായിരുന്നു. മറ്റൊന്ന് മുതിർന്നവർ പങ്കെടുത്ത റാഡിക്കൽ ഗ്രൂപ്പും. ഈ രണ്ടു വിഭാഗത്തെയും ശക്തിപ്പെടുത്താനാണ് ഇടതുപക്ഷ കെ.പി.സി.സി. ശ്രമിച്ചത്. സമരത്തിന്റെ മൂർദ്ധന്യത്തിൽ ത്തന്നെ ആലപ്പുഴ-ചേർത്തല താലൂക്കുകളിലെ തൊഴിലാളികളുടെ രാഷ്ട്രീയ പണിമുടക്കുസമരത്തിന് ഉത്തേജകമായി. തിരുവിതാംകൂർകാരനെങ്കിലും അന്ന് മലബാറിൽ പ്രവർത്തിച്ചിരുന്ന പി. കൃഷ്ണപിള്ളയായിരുന്നു ഈ പണിമുടക്കിന്റെ സൂത്രധാരൻ. എ. കെ. ജി.യുടെ നേതൃത്വത്തിൽ ആലുവവരെ എത്തിയ സമരസഹായജാഥ സ്റ്റേഷനിൽവച്ച് അറസ്റ്റ്ചെയ്യപ്പെട്ടു. എങ്കിലും അതുണ്ടാക്കിയ ചലനം സ്റ്റേറ്റ് കോൺഗ്രസിനെ മോഹഭംഗത്തിൽ നിന്നും തട്ടിയുണർത്തി. ഈ പരിപാടികളുടെ ഭാഗമായിട്ടാണ് യൂത്ത് ലീഗിന്റെ ക്ഷണപ്രകാരം കെ. ദാമോദരൻ തിരുവിതാംകൂറിൽ സമരപ്രചരണത്തിനായി എത്തിയത്.

അദ്ദേഹത്തിന്റെ ആദ്യയോഗം തിരുവനന്തപുരം സെൻട്രൽ റെയിൽവെ സ്റ്റേഷനു മുൻപിൽ ഇന്നത്തെ പൊന്നറ ശ്രീധർ പാർക്കും സ്റ്റേറ്റ് ട്രാൻസ്പോർട്ട് സ്റ്റേഷനും എല്ലാമുൾപ്പെട്ട വിശാലമായ തമ്പാനൂർ മൈതാനത്തിലായിരുന്നു. മലബാർ ദാമോദരൻ എന്ന് തിരുവിതാംകൂർകാർ വിളിച്ചിരുന്ന ദാമോദരന്റെ പ്രശസ്തി അതിനകം പ്രചരിച്ചിരുന്നു. വമ്പിച്ച ഒരു ജനസമൂഹം പങ്കെടുത്ത യോഗത്തിൽ ഉച്ചഭാഷിണികൾ പ്രചാരത്തിൽ ഇല്ലാതിരുന്ന അക്കാലത്ത് മുഴങ്ങുന്ന ശബ്ദത്തിൽ നടത്തിയ ദാമോദരൻപ്രസംഗം കേൾവിക്കാരെ ആകെ ആവേശംകൊള്ളിച്ചു. മഹാരാജാവിന്റെ പരമാധികാരത്തിൻ കീഴിലുള്ള ഉത്തരവാദിത്വഭരണമല്ല നമുക്കു വേണ്ടതെന്നും മഹാരാജാക്കന്മാരുടെയും ചക്രവർത്തിമാരുടെയും കിരീടങ്ങൾ തെറിപ്പിക്കുകയും ചിലപ്പോൾ ശിരച്ഛേദംതന്നെ നടത്തുകയുംചെയ്തിട്ടുള്ള ലോകചരിത്രത്തിലെ

വിപ്ലവാനുഭവങ്ങൾ ദാമോദരൻ ഉജ്ജ്വലമായി വിവരിച്ചു. ഫ്രഞ്ചുവിപ്ലവത്തിന്റെയും റഷ്യൻവിപ്ലവത്തിന്റെയും ചരിത്രത്തിലെ ചോര തുടിക്കുന്ന സംഭവങ്ങൾ ദാമോദരൻ വിവരിച്ചപ്പോൾ ഒരു പുതിയ രാഷ്ട്രീയ അന്തരീക്ഷം അരുണോദയത്തിലെ ചെങ്കതിർകാന്തിപോലെ നിറഞ്ഞു തെളിയുകയായിരുന്നു. കോൺഗ്രസ്സിലെ യാഥാസ്ഥിതികർക്ക് ദാമോദരന്റെ പ്രസംഗം ഇഷ്ടപ്പെട്ടുവെങ്കിലും തങ്ങളുടെ വീക്ഷണവുമായി അത് പൊരുത്തപ്പെടാത്തതിൽ ആശങ്കകളും ഉയർന്നു.

സ്വാഭാവികമായും ദാമോദരൻ തിരുവിതാംകൂർ പൊലീസിന്റെ കസ്റ്റഡിയിലായി. തമ്പാനൂർവെച്ച് ഒരു യോഗവും മേലാൽ തനിക്കെതിരെ നടക്കരുത് എന്ന് നിശ്ചയിച്ച സർ സി. പി. ഈ യോഗസ്ഥലം ഒരു പാർക്കായി പ്രഖ്യാപിച്ച് ചെടികൾ വെച്ച് വളച്ചുകെട്ടി. ഇന്ത്യൻ സ്വാതന്ത്ര്യാനന്തരകാലത്ത് സ്വാതന്ത്ര്യസമരസേനാനിയും എൻ. സി. ശേഖറോടൊപ്പം കമ്മ്യൂണിസ്റ്റ് ലീഗ് സംഘടിപ്പിച്ച നേതാവുമായിരുന്ന പൊന്നറ ശ്രീധറുടെ പേര് ആ പാർക്കിന് നല്കി. ഇപ്പോഴും അത് അങ്ങനെ തുടരുന്നു. വാസ്തവത്തിൽ ദാമോദരന്റെ പേരുകൂടി പൊന്നറയുടേതിനോടൊപ്പം ചേർക്കുകയോ അല്ലെങ്കിൽ ഈ സംഭവത്തെക്കുറിച്ചുള്ള ഒരു കുറിപ്പ് ഫലകത്തിൽ എഴുതിവയ്ക്കുകയോ ചെയ്യാവുന്നതാണ്.

കെ.പി.സി.സി. സെക്രട്ടറി

ഈ അദ്ധ്യായത്തിൽ നാം പ്രധാനമായും വിവരിക്കുന്നത് ദാമോദരന്റെ നേരിട്ടുള്ള കോൺഗ്രസ് പ്രവർത്തനത്തെക്കുറിച്ചാണ്. ഈ കാലയളവിൽ അദ്ദേഹം മറ്റു പല പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരുന്നത് ചില മുൻ അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുള്ളത് ആവർത്തിക്കുന്നില്ല. മറ്റുചിലത് ഇനിയുള്ള ചില അദ്ധ്യായങ്ങളിൽ വിവരിക്കുകയും ചെയ്യും. ഉദാഹരണത്തിന് ഇക്കാലത്ത് അദ്ദേഹം നടത്തിയ അദ്ദേഹത്തിന്റെ സാഹിത്യരചനകൾ വരുന്ന ചില അദ്ധ്യായങ്ങളിൽ വിവരിക്കുന്നതാണ്. ഫറൂക്കിലും ചെറുവണ്ണൂരിലും പൊന്നാനിയിലും മറ്റും തൊഴിലാളിസംഘടനാപ്രവർത്തനങ്ങളിലും സമരങ്ങളിലും ദാമോദരൻ വഹിച്ച പങ്ക് ആദ്യത്തെ ചില അദ്ധ്യായങ്ങളിൽത്തന്നെ വിവരിച്ചിരുന്നുവല്ലോ. 1938-ൽ കെ.പി.സി.സി. വീണ്ടും ഇടതുപക്ഷത്തായപ്പോൾ ദാമോദരൻ അതിലെ നിർവ്വാഹകസമിതിയംഗമായും എ. ഐ. സി. സി. അംഗമായും ഉയർത്തപ്പെട്ടത് വിവരിച്ചിരുന്നുവല്ലോ.

വീണ്ടും കെ.പി.സി.സി. ഇടതുപക്ഷനിയന്ത്രണത്തിലായത് ലോക രാഷ്ട്രീയവും ഇന്ത്യൻ രാഷ്ട്രീയവും ആകെ തിളച്ചുമറിയാൻ തുടങ്ങിയ ഒരു ഘട്ടത്തിലായിരുന്നു. 1933-ൽ ജർമ്മനിയിൽ അധികാരം പിടിച്ചെടുത്ത നാസി പാർട്ടി തലവൻ അഡോൾഫ് ഹിറ്റ്ലർ, ജപ്പാനിലെ ഹിരോഹിതോ ചക്രവർത്തി, ഇറ്റാലിയൻ ഫാസിസ്റ്റ് ഭരണാധികാരി ബെനറ്റോ മുസ്സോളിനി എന്നിവർ ചേർന്ന് ഒരു ത്രികക്ഷിസഖ്യം ഉണ്ടാക്കി ലോകത്തെ ആകെ കാൽക്കീഴിലാക്കാനുള്ള ശ്രമം തുടങ്ങിയിരുന്നു. 1939 മെയ് 22-ന് ഈ ത്രികക്ഷി സഖ്യം

നിലവിൽവന്നു. ഇവർ തമ്മിലുള്ള സഖ്യത്തിന് ആന്റി-കോമിന്റേൺ (കമ്മ്യൂണിസ്റ്റ് ഇന്റർനാഷനലിന് വിരുദ്ധം) ഉടമ്പടി എന്നാണ് വിളിച്ചുവന്നത്. 1939 സെപ്റ്റംബർ 3-ാം തീയതി രണ്ടാം ലോകമഹായുദ്ധം ആരംഭിക്കുകയും ചെയ്തു. ഈ ഫാസിസ്റ്റ് സഖ്യത്തിനെതിരെ ജനാധിപത്യവാദികളും സോഷ്യലിസ്റ്റ് ശക്തികളും സഖ്യംചെയ്ത് പൊരുതണമെന്ന സോവിയറ്റ് നിർദ്ദേശം ബ്രിട്ടൻ, ഫ്രാൻസ് മുതലായ പടിഞ്ഞാറൻ ശക്തികൾ തള്ളിക്കളഞ്ഞു. ഫാസിസ്റ്റുകൾ അവരുടെ ഉടമ്പടിയുടെ പേര് സൂചിപ്പിക്കുന്നതുപോലെ സോവിയറ്റ് യൂണിയനെതിരെ തിരിഞ്ഞുകൊള്ളുമെന്നായിരുന്നു പടിഞ്ഞാറന്മാരുടെ പ്രതീക്ഷ. ഈ പ്രതീക്ഷ സഫലമാക്കത്തക്കവിധം ചെക്കോസ്ലോവാക്യയെ ഹിറ്റ്ലർക്ക് തീറെഴുതുന്ന മ്യൂണിക്ക് ഉടമ്പടി (1938 സെപ്റ്റംബർ 29) എന്നൊരു കരാറിൽ ബ്രിട്ടനും ഫ്രാൻസും ജർമ്മനിയും ഇറ്റലിയും ഒപ്പുവെച്ചു. ചെക്കോസ്ലോവാക്യയെ തീറെഴുതുന്ന ഈ ഉടമ്പടിയിൽ ചെക്കോസ്ലോവാക്യ ഒപ്പുവെച്ചിട്ടില്ല. ചെക്കോസ്ലോവാക്യയെ ചർച്ചകളിൽ പങ്കെടുക്കാൻതന്നെ ക്ഷണിച്ചിരുന്നില്ല. ചെക്കോസ്ലോവാക്യയിലെ സുഡാനൻ-ലാൻഡ് കൈവശപ്പെടുത്താനാണ് ഉടമ്പടിപ്രകാരം ഹിറ്റ്ലർക്ക് അനുമതി നൽകിയിരുന്നതെങ്കിലും ഹിറ്റ്ലർ ചെക്കോസ്ലോവാക്യയെ മുഴുവൻ തന്റെ അധീനത്തിലാക്കി. തുടർന്ന് പോളണ്ടിന്റെനേരെയായി ഹിറ്റ്ലറുടെ നോട്ടം. പോളണ്ടിലെ ബാൾട്ടിക് തീരത്തുള്ള ഡാൻസിഗ് നഗരം ജർമ്മനിയുടെ വകയായിരുന്നു. ആ നഗരത്തിലേക്ക് കരവഴി പോകണമെങ്കിൽ പോളണ്ടിന്റെ തീരപ്രദേശത്തുകൂടി വേണം. ആ മാർഗ്ഗം ഹിറ്റ്ലർ സ്വമേധയാ ആക്രമിച്ചതോടുകൂടി രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. ആത്യന്തികമായി ഹിറ്റ്ലർ തങ്ങൾക്കുനേരെ തിരിയുമെന്ന് ഉറപ്പുണ്ടായിരുന്ന സോവിയറ്റ് യൂണിയൻ ചെറുത്തുനില്പിനു വേണ്ട ഒരുക്കങ്ങൾ ചെയ്യാൻ ഒരടവെടുത്തു. ഹിറ്റ്ലർ ജർമ്മനിയുമായി ഒരു അനാക്രമണസന്ധിയിൽ ഒപ്പിടുക എന്നതായിരുന്നു അത്. പലതവണ ഹിറ്റ്ലർക്കെതിരെ യോജിച്ച് സഖ്യംചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടും കമ്മ്യൂണിസ്റ്റ്വിരോധംമൂലം തിമിരം ബാധിച്ച ഫ്രഞ്ച് പ്രധാനമന്ത്രി ഡെലാഡിയറും ബ്രിട്ടീഷ് പ്രധാനമന്ത്രി നെവിൽ ചേമ്പർലയിനും മ്യൂണിക്ക് ഉടമ്പടി ഒപ്പിട്ട സാഹചര്യത്തിൽ ഒരു മറുമരുന്നായിട്ടാണ് സോവിയറ്റ് യൂണിയൻ ഹിറ്റ്ലറുമായി അനാക്രമണസന്ധിയിൽ ഒപ്പുവെച്ചത്. 1941 ജൂൺ 21-ാം തീയതി എല്ലാവരും പ്രതീക്ഷിച്ചതുപോലെ സോവിയറ്റ് യൂണിയനെ ഏകപക്ഷീയമായി കടന്നാക്രമിക്കുകയുംചെയ്തു. നെപ്പോളിയൻ ബോണപ്പാർട്ടിന്റെ റഷ്യൻ ആക്രമണം നെപ്പോളിയാണിക്സ് സാമ്രാജ്യത്തിന്റെ അന്ത്യംകുറിച്ചതുപോലെ സോവിയറ്റ് യൂണിയന്റെനേരെയുള്ള ആക്രമണം ഹിറ്റ്ലറുടെയും അന്ത്യത്തിന് വഴിതുറന്നു. അക്കാര്യങ്ങളെല്ലാം പിന്നീട് പരിഗണിക്കാം.

1939-ൽ ഹിറ്റ്ലറുടെ ഡാൻസിഗ് ആക്രമണത്തെത്തുടർന്ന് ബ്രിട്ടനും ഫ്രാൻസും ഹിറ്റ്ലർ ജർമ്മനിക്കെതിരെ യുദ്ധം പ്രഖ്യാപിക്കുകയും രണ്ടാം ലോകമഹായുദ്ധം ആരംഭിക്കുകയും ചെയ്തപ്പോൾ ഇന്ത്യൻ ജനതയുടെ

അഭിലാഷങ്ങളോ അഭിപ്രായങ്ങളോ കണക്കിലെടുക്കാതെ ഇന്ത്യയെ ബ്രിട്ടന്റെ ഭാഗത്തു ചേർത്ത് യുദ്ധപങ്കാളിയാക്കി. ഇതിൽ പ്രതിഷേധിച്ച് കോൺഗ്രസ് പ്രവിശ്യാ മന്ത്രിസഭകൾ രാജിവെച്ചു. എന്നാൽ യുദ്ധത്തിനെതിരെ ഒരു തുറന്ന സമരത്തിന് കോൺഗ്രസ് തയ്യാറായില്ല. ആകെ തയ്യാറായത് ഒരു വ്യക്തിസത്യഗ്രഹപരിപാടിക്ക് മാത്രമായിരുന്നു. ആ വ്യക്തികളെ മഹാത്മാഗാന്ധിയോ കോൺഗ്രസ് ഹൈക്കമാന്റോ അല്ലെങ്കിൽ അതിന് ചുമതലപ്പെട്ട മറ്റാരെങ്കിലുമോ തെരഞ്ഞെടുക്കും. വിനോബഭാവെ ആയിരുന്നു ആദ്യത്തെ വ്യക്തിസത്യഗ്രഹി. അന്നത്തെ ഇന്ത്യൻ വൈസ്രായി ലിൻലിത്ഗോപ്രഭു എന്നൊരു കടുത്ത സാമ്രാജ്യവാദി ആയിരുന്നു. അദ്ദേഹം ഇതൊന്നും കാര്യമായി കണക്കാക്കാതെ യുദ്ധയത്നങ്ങളുമായി മുന്നോട്ടുപോയി.

എന്നാൽ കോൺഗ്രസിലെ ഇടതുപക്ഷക്കാരും കോൺഗ്രസിന് പുറത്തുള്ള ഇടതുപക്ഷക്കാരും (കമ്മ്യൂണിസ്റ്റുകാർ ഉൾപ്പെടെ) യുദ്ധയത്നങ്ങൾക്കും ബ്രിട്ടീഷുകാർക്കുമെതിരെ കൂടുതൽ ഉറച്ച സമരപരിപാടികൾ ആസൂത്രണംചെയ്തു. മുംബൈയിലെ ഗിരണികാൺഗാർ യൂണിയന്റെ നേതൃത്വത്തിൽ പൊതുപണിമുടക്കും നടന്നു. കേരളത്തിലെ ഇടതുപക്ഷനേതൃത്വത്തിലുള്ള കെ.പി.സി.സി. കൂടുതൽ കടുത്ത പ്രക്ഷോഭണത്തിലേക്കാണ് നീങ്ങിയത്. 1940 സെപ്റ്റംബർ 15-ന് കെ.പി.സി.സി.യുടെ നേതൃത്വത്തിൽ മലബാറിലാകെ പ്രതിഷേധദിനം ആചരിക്കപ്പെട്ടു. കെ.പി.സി.സി.യുടെ പ്രസിഡന്റായിരുന്ന അബ്ദുർറഹിമാൻസാഹിബിനെ 1940 സെപ്റ്റംബറിനു വളരെ മുൻപുതന്നെ അതായത് ജൂലൈ 3-ന് അറസ്റ്റ്ചെയ്തു വെല്ലൂർ ജയിലിൽ പാർപ്പിച്ചു. അതോടൊപ്പം കെ.പി.സി.സി. സെക്രട്ടറി ആയിരുന്ന ഇ.എം. എസ്സിനെതിരെ അറസ്റ്റ്വാറണ്ട് വരികയും അദ്ദേഹം ഒളിവിൽ പോകുകയും ചെയ്തു. കെ.പി.സി.സി. ഖജാൻജി ആയിരുന്ന കമ്മ്യൂണിസ്റ്റ് നേതാവ് പി. നാരായണൻനായരും അറസ്റ്റിലായി. കോൺഗ്രസ്സിന്റെ ഗാന്ധിയൻ പരിപാടി പ്രകാരം അറസ്റ്റിലോ ഒളിവിലോ ആയ് ആളുകൾക്ക് സംഘടനയുടെ ഏതെങ്കിലും ഭാരവാഹിത്വം നല്കാറില്ല. അതുകൊണ്ട് അബ്ദുർറഹിമാൻ സാഹിബിന്റെയും മറ്റുള്ളവരുടെയും അറസ്റ്റിനെത്തുടർന്ന് കെ.ടി. കുഞ്ഞിരാമൻനമ്പ്യാർ പ്രസിഡന്റായും കെ. ദാമോദരൻ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു.

കെ.പി.സി.സി. മെമ്പർമാരായിരുന്ന ഇ.എം.എസ്., എൻ.സി. ശേഖർ, സർദാർ ചന്ദ്രോത്ത്, പി. കൃഷ്ണപിള്ള, കെ. പി. ഗോപാലൻ, കെ. എ. കേരളീയൻ തുടങ്ങിയ ഇടതുപക്ഷക്കാരെല്ലാം ഒളിവിലോ ജയിലിലോ ആയിരുന്നു. കെ.പി.സി.സി.യെ ഇടതുപക്ഷത്തിൽനിന്നും മോചിപ്പിച്ച് തങ്ങളുടെ നിയന്ത്രണത്തിലാക്കാൻ അവസരം പാർത്തിരുന്ന കോൺഗ്രസ് അതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിച്ചു. സുഭാഷ് ചന്ദ്രബോസും പട്ടാഭിസീതാരാമയ്യയും തമ്മിൽ കോൺഗ്രസ് പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിച്ചപ്പോൾ പട്ടാഭിയെ തോല്പിച്ച് ബോസിനെ വിജയിപ്പിക്കാൻ കേരളം നല്കിയ സംഭാവന ചെറുതായിരുന്നില്ല. അതുകൊണ്ട് കേരളത്തോട് പ്രത്യേകം പകയുള്ള പട്ടാഭിസീതാരാമയ്യയെത്തന്നെ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായി

മദിരാശി പ്രവിശ്യയിലെ കോൺഗ്രസ് നേതൃത്വം നിയോഗിച്ചു. വാശിയേറിയ തെരഞ്ഞെടുപ്പായിരുന്നു കോഴിക്കോട് ആനി ഹാളിൽവച്ച് നടന്നത്. തെരഞ്ഞെടുപ്പിൽ ഇടതുപക്ഷസ്ഥാനാർത്ഥികൾ വിജയിച്ചു.

പിണറായിയിലെ രാഷ്ട്രീയരാസവിദ്യ

1937-ൽ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ആദ്യഘടകം രൂപീകരിച്ച് പടിപടിയായി പാർട്ടി വളർന്നുകൊണ്ടിരിക്കുകയായിരുന്നുവെങ്കിലും അത് നിയമവിരുദ്ധമായിരുന്നു. കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ ഏഴാം കോൺഗ്രസ് അംഗീകരിച്ച ഫാസിസ്റ്റ് വിരുദ്ധവും സാമ്രാജ്യത്വവിരുദ്ധവുമായ ജനകീയ ഐക്യമുന്നണി (പോപ്പുലർ ഫ്രണ്ട്) നയപ്രകാരം കമ്മ്യൂണിസ്റ്റുകാർക്കും സോഷ്യലിസ്റ്റുകാർക്കും യോജിച്ച് പ്രവർത്തിക്കാം. ഈ യോജിപ്പിന്റെ ഫലമായി കമ്മ്യൂണിസ്റ്റുകാർ നിയമവിധേയമായിരുന്ന സി.എസ്.പി.യുടെ മേലങ്കി ധരിച്ചാണ് പ്രവർത്തിച്ചുവന്നതെന്ന് നേരത്തെ പറഞ്ഞുവല്ലോ. എന്നാൽ ലോകമഹായുദ്ധം ആരംഭിച്ചതിനുശേഷമുള്ള സാഹചര്യത്തിൽ ഈ യോജിപ്പ് തുടർന്നുപോകാൻ കഴിയാത്ത അവസ്ഥ വന്നു. വലതുപക്ഷ കോൺഗ്രസ് നേതൃത്വത്തിന്റെ മൃദുസമീപനങ്ങളോട് എതിർപ്പ് വാക്കിൽ പ്രകടിപ്പിക്കാറുണ്ടെങ്കിലും പ്രവൃത്തിയിൽ അവർ വലതുപക്ഷത്തോട് ഒപ്പമായിരുന്നു. ഈ പ്രശ്നം പരിഹരിക്കാൻ 1939 ഡിസംബർ അവസാനവും അടുത്ത വർഷം ജനുവരി ആദ്യവുമായി തലശ്ശേരിക്കടുത്തുള്ള പിണറായി എന്ന ഒരൊതുങ്ങിയ ഗ്രാമത്തിലെ ഗ്രന്ഥശാലയിലും അങ്കണത്തിലുമായി കേരളത്തിലെ സി.എസ്.പി. പ്രവർത്തകരുടെ ഒരു യോഗം പി. കൃഷ്ണപിള്ള വിളിച്ചുചേർത്തു. അവിടെ നടന്ന ആശയസംവാദങ്ങൾക്കുശേഷം സി. എസ്. പി. പ്രവർത്തകർ ഒന്നൊഴിയാതെ സർവ്വരും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയംഗങ്ങളായി പ്രഖ്യാപിക്കപ്പെട്ടു. തുടർന്നും പാർട്ടി നിരോധിക്കപ്പെട്ടിരുന്നുവെങ്കിലും പാർട്ടിയുടെ പേരിൽ പ്രസ്താവനകളും ചുവരെഴുത്തുകളും ലഘുലേഖകളും മറ്റും പുറപ്പെടുവിക്കാൻ ഈ പരിവർത്തനം സഹായകമായി. അതോടെ കേരളത്തിലെ കമ്മ്യൂണിസ്റ്റ്പാർട്ടി ഒരു ബഹുജനപാർട്ടിയാകാൻ തുടങ്ങിയെന്ന് പറയാം.

ഇപ്രകാരം കൂടുതൽ വ്യക്തമായ രാഷ്ട്രീയനിലപാടുകളും ആത്മവിശ്വാസവും നേടിക്കൊണ്ടാണ് ഇടതുപക്ഷ കെ.പി.സി.സി.യെ കമ്മ്യൂണിസ്റ്റുകാർക്ക് നയിക്കാൻ കഴിഞ്ഞത്.

രക്തം ചിന്തിയ സെപ്റ്റംബർ 15

പിണറായിസമ്മേളനത്തിനുശേഷം കെ.പി.സി.സി. കൈക്കൊണ്ട പ്രധാന തീരുമാനമാണ് 1940 സെപ്തംബർ 15-ന് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ പ്രതിഷേധദിനം ആചരിക്കണമെന്നത്. മലബാറിലുടനീളം നിയമം ലംഘിച്ച് പ്രതിഷേധദിനം ആചരിക്കുകയുണ്ടായി. ഒളിവിൽ പോയ നേതാക്കൾ പലരും നാടകീയമായി പ്രതിഷേധറാലികളിൽ പ്രത്യക്ഷപ്പെട്ട

ശേഷം പോലീസിന്റെ കണ്ണു വെട്ടിച്ച് വീണ്ടും ഒളിവിലേക്ക് പോയ അനേകം സന്ദർഭങ്ങളുണ്ട്. പൊലീസുകാർ നിഷ്ഠുരമായ മർദ്ദനവും നിരോധനവുംകൊണ്ടാണ് പ്രതിഷേധദിനത്തെ നേരിട്ടത്. പലയിടത്തും പൊലീസും ജനങ്ങളുമായി ഏറ്റുമുട്ടലുകൾ നടന്നു. അവയിൽ ഏറ്റവും പ്രസിദ്ധമായത് വടക്കെ മലബാറിൽ മൊറാഴ, മട്ടന്നൂർ പ്രദേശത്ത് നടന്ന സംഘട്ടനമാണ്. കെ.പി.ആർ. ഗോപാലനായിരുന്നു ആ പ്രദേശത്തെ പ്രഗത്ഭനായ നേതാവ്. സംഘട്ടനത്തിൽ പൊലീസുദ്യോഗസ്ഥനായ സുബയ്യരായൻ എന്ന മർദ്ദക വീരൻ വധിക്കപ്പെട്ടു. സർക്കാർ കൊലക്കേസിൽ കെ.പി.ആറിനെ ഒന്നാം പ്രതിയാക്കി. വിചാരണയെത്തുടർന്ന് കെ.പി.ആർ. വധശിക്ഷയ്ക്കു വിധിക്കപ്പെട്ടു. ഒടുവിൽ ബഹുജനപ്രക്ഷോഭണത്തെത്തുടർന്ന് കെ.പി. ആറിന്റെ ശിക്ഷ ജീവപര്യന്തം കഠിനതടവായി സർക്കാർ പ്രഖ്യാപിച്ചു. ഭഗത്സിങ്ങിനെ വധശിക്ഷയിൽ നിന്നൊഴിവാക്കണമെന്ന് പത്തുവർഷംമുൻപ് ആവശ്യപ്പെടാൻ തന്റെ അഹിംസാവിശ്വാസം അനുവദിക്കുന്നില്ലെന്ന ന്യായം പറഞ്ഞ ഗാന്ധി കെ. പി.ആറിനെ വധശിക്ഷയിൽനിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. സ്ഥിതിഗതികളിൽ വന്ന മാറ്റമോ മനോഭാവത്തിൽ വന്ന മാറ്റമോ എന്താണ് ഗാന്ധിയെ ഇതിന് പ്രേരിപ്പിച്ചതെന്ന് ഊഹിക്കുകയേ നിവൃത്തിള്ളൂ. അല്ലെങ്കിൽത്തന്നെ ഗാന്ധിയൻ നിലപാടുകളിൽ പൗർവ്വാപര്യദീക്ഷ എന്നത് അപൂർവ്വമാണല്ലോ.

കോൺഗ്രസ്സിനോട് വിട

ഈ മത്സരങ്ങളും വിജയങ്ങളുമെല്ലാം ഇടതുപക്ഷക്കാർ നേടിയത് അനായാസമായിട്ടല്ല. വളരെയേറെ ബുദ്ധിമുട്ടുകൾ സഹിച്ചാണ് കോൺഗ്രസ് കെട്ടിപ്പടുക്കാനും ഇടതുപക്ഷത്തെ ശക്തിപ്പെടുത്താനും അവർ ശ്രമിച്ചത്. കോഴിക്കോട്ട് നടന്ന കെ.പി.സി.സി. തെരഞ്ഞെടുപ്പിന്റെ കാലത്തെ സഖാക്കളുടെ അവസ്ഥയെക്കുറിച്ച് ഇന്നും നമ്മോടൊപ്പമുള്ള അന്നത്തെ കമ്മ്യൂണിസ്റ്റ് നേതാവ് കല്ലോറത്ത് മാധവൻ (കാഞ്ഞങ്ങാട്) ഇപ്രകാരം അനുസ്മരിക്കുന്നു:

> "അന്നത്തെ കെ.പി.സി.സി. മെമ്പർമാരായ സോഷ്യലിസ്റ്റുകാർ തിരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ എത്തിച്ചേർന്നതു പട്ടിണികിടന്നും കഷ്ടപ്പെട്ടിട്ടുമാണ്. കോഴിക്കോട് ആഫീസിലെ പ്രവർത്തകർക്ക് അന്നു രണ്ടും മൂന്നും ദിവസത്തിലൊരിക്കലേ ഭക്ഷണം കഴിക്കാൻ കഴിഞ്ഞിരുന്നുള്ളുവെന്ന സത്യം ഇന്നത്തെ പ്രവർത്തകർ വിശ്വസിക്കുമോ? എന്നാൽ, യാഥാർത്ഥ്യമതായിരുന്നു. കെ.പി.സി.സി. തിരഞ്ഞെടുപ്പ് കഴിഞ്ഞ്, പലർക്കും നാട്ടിലേക്ക് തിരിക്കാൻ കാശില്ലായിരുന്നു. കാശില്ലാത്തതുകൊണ്ട് എനിക്കും കോഴിക്കോട് തങ്ങേണ്ടിവന്നു. വളരെ പ്രയാസപ്പെട്ട് ഒരു പകർച്ച കൊണ്ടുവന്നു ഞാനും സി.എം. കുഞ്ഞിരാമൻനായരും കെ.പി.ആറും ദാമോദരനും ഓഹരിയിട്ടു ഭക്ഷിച്ച സംഭവം ഇന്നും ഞാൻ പലപ്പോഴും ഓർക്കാറുണ്ട്."

കെ.ടി. കുഞ്ഞിരാമൻനമ്പ്യാർ പ്രസിഡന്റും കെ. ദാമോദരൻ സെക്രട്ടറിയുമായിരുന്ന കെ.പി.സി.സി.യാണ് സെപ്തംബർ 15 സംബന്ധിച്ച തീരുമാനം കൈക്കൊണ്ടത്. അതേത്തുടർന്ന് ദാമോദരനും അറസ്റ്റിൽപ്പെടുമെന്ന ആശങ്ക വളർന്നു. അദ്ദേഹം പകുതി ഒളിവിലും പകുതി തെളിവിലുമായി മലബാറിലുടനീളം സഞ്ചരിച്ച് സെപ്തംബർ 15-ന്റെ പ്രതിഷേധദിനം ആചരിക്കാൻ വേണ്ട സംഘടനാപ്രവർത്തനങ്ങൾ നടത്തി. സെപ്തംബർ 15-ലെ പ്രതിഷേധദിനാചരണത്തെത്തുടർന്ന് നിഷ്ഠുരമായ ബ്രിട്ടീഷ് മർദ്ദനവാഴ്ച മലബാറിലെങ്ങും നടമാടി. അത്രമാത്രമല്ല ഇനി ഇടതുപക്ഷക്കാരെ വെച്ചു പൊറുപ്പിക്കാനാവില്ലെന്ന് അഖിലേന്ത്യാ കോൺഗ്രസ് നേതൃത്വംതന്നെ തീരുമാനിച്ചു. അവർ ഇടതുപക്ഷ കെ.പി.സി.സി.യെ പിരിച്ചുവിട്ട് സ്വയം നേതൃത്വം ഏറ്റെടുത്തു. അങ്ങനെ നേതാവായി വന്നത് ബീഹാറുകാരനായ ആർ.കെ. എൽ. നന്ദഗോളിയർ എന്നൊരു നേതാവായിരുന്നു. ഓർക്കുമ്പോൾ രസം തോന്നാം! സ്വാതന്ത്ര്യാനന്തരഭാരതത്തിൽ 1957-ൽ നിലവിൽവന്ന പ്രഥമ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ കേന്ദ്രസർക്കാർ പിരിച്ചുവിട്ടതിന്റെ ഒരു റിഹേഴ്സലായിരുന്നു നന്ദഗോളിയറുടെ വരവ് എന്നു പറയാം. 1957-ൽ കേന്ദ്രദല്ലാൾ ആന്ധ്രാക്കാരനായ ഗവർണർ ബി. രാമകൃഷ്ണറാവു ആയിരുന്നുവെങ്കിൽ റിഹേഴ്സലിൽ ആ ഭാഗം അഭിനയിച്ചത് ബീഹാറുകാരനായ നന്ദഗോളിയർ ആയിരുന്നുവെന്നു മാത്രം!

ഈ ജനാധിപത്യവിരുദ്ധമായ കേന്ദ്രനടപടിയെ അവഗണിച്ച് സമാന്തരമായി ജനകീയ കോൺഗ്രസ് സംവിധാനം ഏർപ്പെടുത്താൻ കെ.പി.സി.സി. സെക്രട്ടറി എന്ന നിലയിൽ ദാമോദരൻ ശ്രമിച്ചുവെങ്കിലും അന്നത്തെ യുദ്ധകാലപരിതഃസ്ഥിതിയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിയമവിരുദ്ധതയും മറ്റും അതത്ര പ്രായോഗികമല്ല എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞു.

ഇങ്ങനെ വലതുപക്ഷകോൺഗ്രസ് നേതൃത്വത്തിന്റെയും ബ്രിട്ടീഷ് മർദ്ദകവീരരുടെയും ഒരു കത്തിരി(കത്രിക)പ്പൂട്ടിനകത്തായി ദാമോദരന്റെ ഭാവി. ഈ പൂട്ടു പൊളിച്ച് ഒളിവിൽ പ്രവർത്തിക്കാനുള്ള തീരുമാനത്തിനിടയിൽ പൊലീസുകാർ അദ്ദേഹത്തെ തിരയുകയായിരുന്നു. പി. കൃഷ്ണപിള്ള, ഇ.എം.എസ്., എൻ. സി. ശേഖർ തുടങ്ങിയ പ്രമുഖരൊക്കെ ഒളിവിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും കമ്മ്യൂണിസ്റ്റ് സംഘടനാസമ്പ്രദായങ്ങളെക്കുറിച്ച് അജ്ഞരായിരുന്ന പൊലീസിന്റെ ദൃഷ്ടിയിൽ ഏറ്റവും വലിയ ആപൽക്കാരി ദാമോദരനായിരുന്നു. പിരിച്ചുവിടപ്പെട്ട ഇടതുപക്ഷ കെ.പി.സി.സി.യുടെ സെക്രട്ടറി എന്ന നിലയിൽ സെപ്തംബർ 15-ലെ പ്രതിഷേധദിനത്തിന് (അവരുടെ ഭാഷയിൽ കലാപത്തിന്) ആഹ്വാനംചെയ്തത് ദാമോദരനായിരുന്നുവല്ലോ. അങ്ങനെ കലാപകാരിയായ ദാമോദരനെ പിടികൂടാൻ നാടു മുഴുവൻ പരതിനടക്കുമ്പോൾ ദാമോദരന് ചെറിയൊരബദ്ധംപറ്റി. കല്ലോറത്ത് മാധവൻ വിവരിച്ച രീതിയിൽ പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞിരുന്ന കാലത്ത് 1941 നവംബർമാസത്തിൽ ഒരുദിവസം ഒരുനേരത്തെ നല്ല ആഹാരത്തിനും യാത്രച്ചെലവിന് അല്പം കാശ് തരമാക്കാനുമായി തിരൂ

രിൽ തന്റെ വലിയമ്മയുടെ മകൾ താമസിച്ചിരുന്ന മഠത്തിൽവീട്ടിലെത്തിപ്പെട്ടു. കുളിച്ച് അലക്കിയ വസ്ത്രവുമുടുത്ത് സുഖമായി ആഹാരം കഴിച്ച് അല്പം കാശും സംഘടിപ്പിച്ച് പുറത്തേക്കിറങ്ങുമ്പോഴാണ് ചതിപറ്റിയതറിഞ്ഞ് ദാമോദരൻ ഞെട്ടിപ്പോയത്.

കുട്ടികൃഷ്ണമേനോൻ എന്നു പേരായി ദാമോദരന്റെ ഒരമ്മാവന്റെ മകൻ പൊലീസിലുണ്ടായിരുന്നു. സബ് ഇൻസ്പെക്ടർപദവിയിൽ. തന്റെ ചാർച്ചക്കാരിയുടെ വീട്ടിൽ 'വിരുന്നു വന്നിരിക്കുന്ന' 'വിധ്വംസകപ്രവർത്തകന്റെ' വിവരം അയാൾ മണത്തറിഞ്ഞ് അകമ്പടിപ്പോലീസിന്റെ സന്നാഹത്തോടെ വന്ന് ദാമോദരനെ അറസ്റ്റുചെയ്ത് അദ്ദേഹത്തിന് സുപരിചിതമായിരുന്ന വെല്ലൂർ സെൻട്രൽ ജയിലിലേക്ക് കൊണ്ടുപോയി. അതോടെ ദാമോദരന്റെ കോൺഗ്രസ്പ്രവർത്തനവും അവസാനിച്ചു.

1940 നവംബറിൽ അറസ്റ്റ്ചെയ്യപ്പെട്ട ദാമോദരൻ ജയിൽമോചിതനായത് 1945 ഒക്ടോബറിലാണ്. അപ്പോഴേക്കും രണ്ടാം ലോകമഹായുദ്ധം അവസാനിച്ചിരുന്നു. സ്വാതന്ത്ര്യം പൂർണ്ണമായാലും അപൂർണ്ണമായാലും, ഇന്ത്യ വിഭജിക്കാതെയാണെങ്കിലും വിഭജിച്ചായാലും രാഷ്ട്രപിതാവിന്റെ അംഗീകാരമുണ്ടെങ്കിലും ഇല്ലെങ്കിലും അധികാരത്തിൽ പിടിച്ചുകയറിയാൽ മതി എന്ന നെഹ്റു-പട്ടേൽ ദ്വന്ദ്വത്തിന്റെ മോഹം സഫലമാകുംവിധം ബ്രിട്ടീഷ്ഗവൺമെന്റുമായി കൂടിയാലോചനകൾ തകൃതിയായി നടക്കുമ്പോഴാണ് ദാമോദരൻ ആറുവർഷത്തോളം ജയിലിൽ കഴിഞ്ഞശേഷം പുറത്തുവന്ന് രാഷ്ട്രീയപ്പോരാട്ടങ്ങളുടെ ചുഴലിക്കാറ്റുകളിലേക്ക് വീണ്ടും വരുന്നത്. അപ്പോഴേക്കും കമ്മ്യൂണിസ്റ്റ്പാർട്ടിയും സോഷ്യലിസ്റ്റ് പാർട്ടിയും ആകെ മാറിമറിഞ്ഞിരുന്നു. ആ കഥകൾ തുടരുംമുമ്പ് ദാമോദരന്റെ മറ്റൊരു പ്രധാന വിഹാരരംഗവും സംഭാവനകളുടെ ഉറവിടവുമായിരുന്ന സാഹിത്യമേഖലയിലൂടെ ഒന്നു കണ്ണോടിക്കാം.

11. സർഗ്ഗസാഹിത്യപ്രതിഭ

"പാടുന്നതൊക്കെയും പാഴിലാണെങ്കിലാ-
പ്പാട്ടിനെന്തുള്ളു വിലയെന്റെ തോഴരേ?

കാറ്റും വെളിച്ചവുമെത്തിനോക്കീടാത്ത
കൂറ്റൻ കരിങ്കല്ലറയിലേകാന്തരായ്
ഹന്തയെന്നുറ്റസഖാക്കളിന്നൊട്ടുപേർ
ബന്ധനസ്ഥരായിക്കിടന്നുറഞ്ഞീടവേ
കഷ്ടമവരെ സ്വതന്ത്രരാക്കീടാത്ത
പാട്ടുകൊണ്ടെന്തു പ്രയോജനം ലോകരേ?

ലാവണ്യലോകത്തെ വർണ്ണിച്ചു വാഴ്ത്തുന്നൊ-
രാലസ്യശീലൻ വെറുംകവിയല്ല ഞാൻ.
എന്തൊരന്യായവും നാശവും കാൺകിലും
പിന്തിരിഞ്ഞീടുന്ന ഭീരുവുമല്ല ഞാൻ.
എല്ലാ വശങ്ങളും നോക്കി ഞാൻ മർത്ത്യന്റെ
അല്ലലിന്നേറ്റുചൊല്ലിന്നതാത്മാർത്ഥമായ്.
മാർദ്ദവമറ്റുള്ള മാലിന്യമൊക്കെയെൻ-
നിർദ്ദയഗീതങ്ങൾകൊണ്ടു തകർത്തുടൻ
ലോകത്തെ നന്നായൊരുക്കി നവ്യാകൃതി
സ്വീകരിപ്പിക്കേണ്ടതാണെന്റെ ധർമ്മവും."

—കെടാമംഗലം പപ്പുക്കുട്ടി

ഹൈസ്ക്കൂൾ വിദ്യാർത്ഥിയായിരുക്കുമ്പോൾത്തന്നെ കെ. ദാമോദരനിൽ സാഹിത്യവാസനയും സർഗ്ഗശേഷിയും പ്രകടമായിത്തുടങ്ങി. കവിതയും രചനയും കഥയെഴുത്തും ഒരദമ്യമായ പ്രചോദനത്തിനു വശപ്പെട്ട് അദ്ദേഹം എഴുതിത്തുടങ്ങി. സ്കൂൾകുട്ടികളുടെ സാഹിത്യവാസന പ്രോത്സാഹിപ്പിക്കുന്നതിൽ തൽപരരായ ചില അദ്ധ്യാപകരെ കണ്ട് അവ തിരുത്തിവാങ്ങുകയും ഈ വിദ്യാർത്ഥിയുടെ പതിവായിരുന്നു. അവയിൽ പലതും തന്റെ പുസ്തകസഞ്ചിയിലോ വീട്ടിലെ പുസ്തകഷെൽഫിലോ നിക്ഷേപിച്ച് നഷ്ടപ്പെട്ടുപോയെങ്കിലും ചിലവ പത്രമാസികകൾക്കയച്ച് പ്രസിദ്ധീകരിച്ചി

ട്ടുമുണ്ട്. സ്കൂൾവിദ്യാഭ്യാസകാലത്തുതന്നെ മലയാളത്തിലും സംസ്കൃതത്തിലും ഇംഗ്ലീഷിലും ഉള്ള സാഹിത്യകൃതികൾ വായിച്ചാസ്വദിക്കാൻ അദ്ദേഹത്തിന് കഴിയുമായിരുന്നു. ഈ വായനാശീലം അദ്ദേഹത്തിന്റെ കൃതികൾക്ക് രചനാ സൗഷ്ഠവവും അർത്ഥപുഷ്ടിയും നൽകി.

വിവർത്തനങ്ങളും രാഷ്ട്രീയം, സാഹിത്യം, ചരിത്രം തുടങ്ങി വിവിധ വിഷയങ്ങളെ മുൻനിറുത്തിയുള്ള ലേഖനങ്ങളും ദാമോദരൻ ചെറുപ്പത്തിലേ എഴുതിത്തുടങ്ങി. 'മാതൃഭൂമി' ദിനപത്രവും ആഴ്ചപ്പതിപ്പും ദാമോദരന്റെ ലേഖനങ്ങൾ സ്വാഗതംചെയ്യുകയും ചെറുതെങ്കിലും അക്കാലത്ത് ദാമോദരന് വലുതായി അനുഭവപ്പെട്ട പ്രതിഫലവും നൽകിവന്നു. കാശിവിദ്യാപീഠത്തിലേക്ക് പോകാനുള്ള യാത്രച്ചെലവിന് പണമില്ലാതെവന്നപ്പോൾ മാതൃഭൂമിയിൽ ദാമോദരൻ എഴുതിയ ലേഖനങ്ങളുംമറ്റും സമാഹരിച്ച് പ്രസിദ്ധീകരിച്ചും നേരിട്ടു വിറ്റഴിച്ചും കുറെ പണമുണ്ടാക്കാമെന്ന് പത്രാധിപരായിരുന്ന കെ. കേളപ്പൻ നിർദ്ദേശിച്ചതും, അവ കേളപ്പന്റെ സ്വാധീനമുപയോഗിച്ച് സൗജന്യമായി അച്ചടിപ്പിച്ചുകൊടുത്തതും നേരത്തെ വിവരിച്ചിരുന്നത് ഓർക്കുമല്ലോ. അങ്ങനെ കുറെ പുസ്തകങ്ങൾ വിറ്റഴിക്കാൻ കഴിഞ്ഞെങ്കിലും ആവശ്യത്തിന് അതൊന്നും തികഞ്ഞില്ലെന്നത് വേറെ കാര്യം. കാശിവിദ്യാപീഠത്തിലെത്തിയതിനുശേഷവും ദാമോദരൻ ഈ എഴുത്തും വിവർത്തനവും തുടർന്നു.

മഹാനായ ഹിന്ദി സാഹിത്യകാരൻ പ്രേംചന്ദ് പത്രാധിപരായി നടത്തിവന്നിരുന്ന 'ഹംസ്' മാസിക ദാമോദരന്റെ ഹിന്ദി രചനകൾക്ക് കേളീരംഗമായി. മലയാളത്തിൽനിന്ന് ഹിന്ദിയിലേക്ക് ലേഖനങ്ങളും കഥകളും വിവർത്തനംചെയ്തു പ്രസിദ്ധീകരിക്കുക, ഹംസിൽനിന്ന് വിവർത്തനംചെയ്തവ മലയാളത്തിൽ പ്രസിദ്ധികരിക്കുക, പ്രത്യേകിച്ച് മാതൃഭൂമിയിൽ പ്രസിദ്ധീകരിക്കുക എന്നത് ദാമോദരന്റെ കാശിപ്രവാസകാലത്തെ പതിവായിരുന്നു. പ്രേംചന്ദുമായി സുഹൃത്ബന്ധം സ്ഥാപിക്കുകയുംചെയ്തു. ഈ പരിചയം പിൽക്കാലത്ത് കേരളത്തിലെ ജീവൽസാഹിത്യപ്രസ്ഥാനത്തിന് രൂപംകൊടുക്കാൻ ദാമോദരന് സഹായകമായത് പിന്നീട് വിവരിക്കുന്നതാണ്.

ദാമോദരന്റെ ആദ്യകാലസാഹിത്യകൃതികളെല്ലാം അദ്ദേഹം പ്രവർത്തിച്ചിരുന്ന രാഷ്ട്രീയപ്പാർട്ടികളുടെയും അതിലേക്ക് വർഗ്ഗബഹുജനസംഘടകളുടെയും ആശയപ്രചരണതാൽപര്യംകൊണ്ട് ചീർത്ത് കനം തൂങ്ങിയാണ്—ഈ വ്യഥാസ്ഥൂലത അതിന്റെ കലാമൂല്യത്തെ ചോർത്തുകയും അത്രകണ്ട് അതിന്റെ ആശയപ്രചാരണക്ഷമത കുറയ്ക്കുകയും ചെയ്യുന്നു. പക്ഷേ, അവ എഴുതുന്ന കാലത്തോ അവയിൽ കാലികങ്ങളിൽ പ്രസിദ്ധീകരിച്ച കുറേക്കഥകൾ 1935-ൽ 'കണ്ണുനീർ' എന്ന പേരിൽ സമാഹരിച്ച് പ്രസിദ്ധീകരിച്ചപ്പോഴോ ദാമോദരനോ സഖാക്കൾക്കോ ഈ ദൗർബ്ബല്യത്തെക്കുറിച്ച് അവബോധമുണ്ടായിരുന്നില്ല. എടുത്തുപറയത്തക്ക ഒരു സാഹിത്യതല്ലജമാണ് 'കണ്ണുനീർ' എന്ന് കേരളീയൻ ഒരിക്കൽ യോഗ്യതാപത്രം നൽകി ബഹുമാനിച്ചത് അതുകൊണ്ടായിരിക്കാം. എന്നാൽ തന്റെ ചെറുകഥകളെപ്പറ്റി കേര

ളീയനുണ്ടായ—കേരളീയർ ഒരിക്കൽ പ്രകടിപ്പിച്ച—അഭിപ്രായമല്ല ഗ്രന്ഥ കർത്താവിനുതന്നെ ഉണ്ടായിരുന്നത്. അതെഴുതുന്ന കാലത്ത് 'ഇടതുപക്ഷ ബാലാരിഷ്ടത' എത്രമാത്രം തന്നെ ബാധിച്ചിരുന്നു എന്നതിന്റെ തെളിവാണ് ഈ കഥകൾ എന്ന് 1974-ൽ ദാമോദരൻ തന്നോടു പറഞ്ഞതായി എം. റഷീദ് സാക്ഷ്യപ്പെടുത്തുന്നു. 1945-ൽ ആറുവർഷത്തോളം ജയിലിൽ കിടന്നശേഷം വീരപരിവേഷത്തോടെ മോചിതനായപ്പോൾ 'കണ്ണുനീർ' രണ്ടാംപതിപ്പ് പ്രസിദ്ധീകരിക്കാനുള്ള കഴിവും സാമർത്ഥ്യവും ദാമോദരനുണ്ടായിരുന്നു. പക്ഷേ, അതിനദ്ദേഹം തുനിഞ്ഞില്ല. സി. അച്ചുതമേനോൻ കുറേക്കൂടി നിശിതമായിട്ടാണ് പിൽക്കാലത്ത് 'കണ്ണുനീരി'നെ വിലയിരുത്തിയത്. ചെറുകഥകളുടെ ശീലുഭംഗിയില്ലാത്ത നെടുനെടുങ്കൻ പ്രസംഗങ്ങളാണ് അവ എന്നായിരുന്നു അദ്ദേഹത്തിന്റെ വിമർശനം.

പാട്ടബാക്കിയും രക്തപാനവും

മേൽ വിവരിച്ച ചെറുകഥകളിലെ ദൗർബ്ബല്യങ്ങളിൽനിന്ന് തികച്ചും വിമുക്തമാണ് എന്നു പറഞ്ഞുകൂടെങ്കിലും 1937-ൽ ദാമോദരൻ എഴുതിയ 'പാട്ടബാക്കി' എന്ന നാടകം പല കാരണങ്ങളാൽ സാഹിത്യത്തിലും രാഷ്ട്രീയത്തിലും ഒരു ചരിത്രസംഭവമോ നാഴികക്കല്ലോ ആയിത്തീർന്നു. അതിന്റെ ഉത്ഭവംതന്നെ അർത്ഥവത്തായ ഒരു പുതിയ സമ്പ്രദായത്തിലും സാഹചര്യത്തിലുമാണ്. 1972-ൽ ഇറക്കിയ ഏഴാംപതിപ്പിൽ ദാമോദരൻ തന്നെ ഈ ഉത്ഭവകഥ വിവരിക്കുന്നുണ്ട്. അതിപ്രകാരം:

> "....1937. ഗുരുവായൂരിൽനിന്നും അഞ്ചാറുനാഴിക വടക്ക് വൈലത്തൂർ എന്ന സ്ഥലത്തുവെച്ചു പൊന്നാനി താലൂക്ക് കർഷകസമ്മേളനം നടക്കാൻ പോവുകയാണ്. പ്രാരംഭപ്രവർത്തനങ്ങൾക്കുവേണ്ടി വന്നുചേർന്ന നേതാക്കന്മാർ കടലായി മനയ്ക്കലിരുന്നുകൊണ്ട് സമ്മേളനം വിജയിപ്പിക്കേണ്ടതെങ്ങനെയാണെന്നതിനെപ്പറ്റി കൂടിയാലോചനകൾ നടത്തുകയാണ്. ഞാനൊരഭിപ്രായമെടുത്തിട്ടു: 'ഒരു നാടകമോ മറ്റെന്തെങ്കിലും കലാപരിപാടികളോ ഉണ്ടെങ്കിൽ കൂടുതൽ കൃഷിക്കാരെ ആകർഷിക്കാൻ കഴിയും.'
>
> ഇ. എം. എസ്. നമ്പൂതിരിപ്പാട് പറഞ്ഞു: 'ശരിയാണ്. നാടകമുണ്ടെന്നറിഞ്ഞാൽ കൂടുതലാളുകൾ പങ്കെടുക്കും. എന്തെങ്കിലും നാടകമായാൽപ്പോരാ. കൃഷിക്കാരുടെ ജീവിതം ചിത്രീകരിക്കുന്ന നാടകമാവണം. പക്ഷേ, അത്തരമൊരു നാടകം മലയാളത്തിലാരും എഴുതിയിട്ടില്ല. പ്രായോഗികമായ വല്ല നിർദ്ദേശങ്ങളുമുണ്ടോ?'
>
> എന്നിട്ട് എന്റെനേർക്ക് തിരിഞ്ഞുകൊണ്ടു ചോദിച്ചു: 'തനിക്കൊരു നാടകമെഴുതിക്കൂടെ?' നിശ്ശബ്ദത. എല്ലാവരും എന്റെനേരെ നോക്കുന്നു.
>
> ഞാൻ പറഞ്ഞു: 'ശ്രമിച്ചുനോക്കാം.'
>
> ഇ. എം. എസ്.: 'നോക്കാമെന്നു പറഞ്ഞാൽ പോരാ. ഇനി ഒരാഴ്ചയേയുള്ളു.'

ആരോ ചോദിച്ചു: 'നാടകമെഴുതലും റിഹേഴ്സലും ഒരാഴ്ചയ്ക്കുള്ളിൽ കഴിയുമോ?' കൊടമന നാരായണൻനായരാണ് മറുപടി പറഞ്ഞത്: 'വേണമെങ്കിൽ കഴിയും. ദാമോദരൻ ഏറ്റുകഴിഞ്ഞില്ലേ? ഇനി സമ്മേളനത്തിനു നാടകമുണ്ടാകുമെന്നു നല്ലതുപോലെ പ്രചാരവേല ചെയ്യുകയാണ് വേണ്ടത്.'

എന്റെ മനസ്സ് മന്ത്രിച്ചു: 'കഴിയുമോ? ഏല്ക്കേണ്ടിയിരുന്നില്ല.' പക്ഷേ, ഏറ്റുപോയി. അതിനുമുമ്പൊരിക്കലും ഞാനൊരു നാടകമെഴുതിയിട്ടില്ല. കവിതകളെഴുതിയിട്ടുണ്ട്. ചെറുകഥകളെഴുതിയിട്ടുണ്ട്. പക്ഷേ, നാടകമെഴുതാൻ പറ്റുമോ? ആലോചിച്ചിരിക്കാൻ സമയമുണ്ടായിരുന്നില്ല. കടലായിമനയ്ക്കലെ ആതിഥേയൻ, നാരായണൻനമ്പൂതിരി, ഒരു ബൗണ്ട്ബുക്കുമായി വന്നു: 'എന്നാൽ തുടങ്ങാം. ആ മുറിയിൽ പോയിരിക്കാം. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ പറഞ്ഞാൽ മതി.'

രണ്ടുദിവസംകൊണ്ട് നാടകമെഴുതിത്തീർത്തു. പിന്നെ വേണ്ടത് റിഹേഴ്സലാണ്. സംവിധായകന്റെ ജോലിയും ഞാൻതന്നെ ഏറ്റെടുത്തു. ചെറുപ്പക്കാരായ ചില പ്രവർത്തകരേയും പണിക്കാരേയും വിളിച്ചിരുത്തി വേഷംകെട്ടേണ്ടവരാരെല്ലാമെന്നു തീരുമാനിച്ചു, നോട്ടുപുസ്തകത്തിലെഴുതിവെച്ചത് ചീന്തിയെടുത്ത് വിതരണം ചെയ്തു. ഒരു ഭാഗം ഞാനുമെടുത്തു. മൂന്നുദിവസത്തെ റിഹേഴ്സൽ. സമ്മേളനത്തിൽ ഞാനും പ്രാസംഗികനായിരുന്നു. പ്രസംഗം കഴിഞ്ഞയുടൻ അണിയറയിൽ ചെന്നു വേഷംകെട്ടി."

(പാട്ടബാക്കിയുടെ ഏഴാംപതിപ്പിന് എഴുതിയ മുഖവുര)

നാടകം മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ മൂന്നു ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചപ്പോൾ അതുവരെ പാവപ്പെട്ട കർഷകരുടെയും കർഷകപ്രവർത്തകരുടെയും മനസ്സിൽ മാത്രം ഉണ്ടായിരുന്ന 'പാട്ടബാക്കി' പണ്ഡിതന്മാരുടെയും നിരൂപകശ്രേഷ്ഠന്മാരുടെയും ശ്രദ്ധയിലും പെട്ടു. നിരൂപകവരേണ്യരിൽ പ്രമുഖരും കമ്മ്യൂണിസത്തിന്റെ സ്വയംപ്രഖ്യാപിതശത്രുക്കളും ആയിരുന്ന കുട്ടികൃഷ്ണമാരാരും എം. ആർ. നായർ എന്ന സഞ്ജയനും 'പാട്ടബാക്കി' കലാമൂല്യമില്ലാത്ത വെറും ചവറുപ്രചരണ ഉപാധിയാണെന്ന് അധിക്ഷേപിക്കുകയുണ്ടായി. അതേസമയം നിരൂപകകേസരിയായിരുന്ന എ. ബാലകൃഷ്ണപിള്ളയും സാഹിത്യചരിത്രകാരനായ പി.കെ. പരമേശ്വരൻനായരും മാരാരുടെയും സഞ്ജയന്റെയും അഭിപ്രായങ്ങൾക്കു നേരെ വിപരീതമായ വിലയിരുത്തലുകളാണ് 'പാട്ടബാക്കി'യെപ്പറ്റി രേഖപ്പെടുത്തിയത്. കലാഘടന വിശ്വസനീയവും കലാസുന്ദരവുമായി നിർവ്വഹിച്ചിട്ടുണ്ട് എന്നാണ് 'പാട്ടബാക്കി'യെപ്പറ്റി പി. കെ. പരമേശ്വരൻനായർ അഭിപ്രായപ്പെട്ടിട്ടുള്ളത്. കേസരി ബാലകൃഷ്ണപിള്ളയാകട്ടെ കെടാമംഗലം പപ്പുക്കുട്ടിയുടെ 'കടത്തുവഞ്ചി' എന്ന കവിതാസമാഹാരത്തിൽ എഴുതിയ അവതാരികയിൽ പറഞ്ഞ സന്ദർഭം കണ്ടെത്തി 'പാട്ടബാക്കി'യെ മുക്തകണ്ഠം പ്രശംസിക്കുന്നു.

നാടകകലാമർമ്മജ്ഞനും നിരൂപകനുമായ സി. ജെ. തോമസ് 'പാട്ടബാക്കി'യുടെ മേന്മകളെ പ്രശംസിക്കുകയും ദൗർബ്ബല്യങ്ങളെ ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. സി. ജെ. തോമസ് 'ഉയരുന്ന യവനിക' എന്ന നാടക പഠനകൃതിയിൽ (പേജ് 85-91) 'പാട്ടബാക്കി'യെക്കുറിച്ച് എഴുതുന്നത് ഇങ്ങനെയാണ്:

"കഥാഘടനയുടെ ലാളിത്യവും ഉള്ളടക്കത്തിന്റെ സത്യാവസ്ഥയും 'പാട്ടബാക്കി'യെ മലയാളത്തിലെ ഏറ്റവും വിജയകരമായ രാഷ്ട്രീയ നാടകമാക്കിത്തീർക്കുന്നു. ഈ നാടകത്തിന്റെ നീണ്ട ചരിത്രവും ഈ അനുമാനത്തെ പിന്താങ്ങുന്നുണ്ട്. മലബാറിലെ കർഷകപ്രസ്ഥാനത്തിൽനിന്ന് ഉടലെടുത്ത ഒരു കലാസൃഷ്ടിയാണു 'പാട്ടബാക്കി'. അതിലെ കഥയും രംഗങ്ങളും പാത്രങ്ങളുമെല്ലാം കർഷകജീവിതത്തിന്റെ പ്രതിഫലനങ്ങൾ മാത്രമാണ്. കർഷകസമരത്തിലെ പങ്കാളിത്തമാണ് നാടകകൃത്തിനുണ്ടായിരുന്ന പ്രചോദനം. ഒരുദിവസം 'ഇൻസ്പിരേഷൻ' വന്നു ശല്യമുണ്ടക്കിയതുകൊണ്ട് എഴുതിയതല്ല 'പാട്ടബാക്കി'. ഇന്ത്യൻ ദേശീയപ്രസ്ഥാനത്തെ സാമാന്യജനങ്ങളുടെയിടയിലേക്ക് പ്രചരിപ്പിക്കാൻവേണ്ടി ഒരുങ്ങിയിറങ്ങിയ കുറെ യുവാക്കന്മാർക്ക് ഒരു പ്രതിബന്ധത്തെ നേരിടേണ്ടിവന്നു. യുഗങ്ങളായി അജ്ഞതയിലും അന്ധവിശ്വാസങ്ങളിലും ആണ്ടുകിടന്നിരുന്ന ഒരു ജനതയുടെ നിസ്സഹായതാബോധം. സ്വന്തം വർഗ്ഗതാൽപര്യങ്ങളുടെ ഭാഷയിൽ മാത്രമേ അവർക്ക് ദേശീയബോധം ഗ്രഹിക്കാൻ കഴിയുമായിരുന്നുള്ളു. അതു സാധാരണ പ്രസംഗങ്ങളും ലഘുലേഖകളുംകൊണ്ട് സാദ്ധ്യമായിരുന്നില്ല. ഇത്തരുണത്തിൽ കല ആ ജോലി ഏറ്റെടുത്തു. പത്തും പന്ത്രണ്ടും മൈല കലെനിന്നു 'പാട്ടബാക്കി' കാണാൻവേണ്ടി കൃഷിക്കാർ നടന്നെത്തുകയെന്നത് സാധാരണ സംഭവമായിരുന്നു. അഭിനയത്തിനിടയിൽ സദസ്യർ എഴുന്നേറ്റുനിന്നു നീചപാത്രങ്ങളുടെ സംഭാഷണങ്ങൾക്ക് ചുട്ട മറുപടി കൊടുക്കാറുണ്ടായിരുന്നതിൽക്കവിഞ്ഞ് ഒരു ജനതയെ അല്ല, പോരാടി ജീവിക്കുന്ന ഒരു ജനതയെയാണ് 'പാട്ടബാക്കി' ചിത്രീകരിക്കുന്നത്. പ്രചാരണമെന്ന നിലയ്ക്ക് ഏറ്റവും വിജയകരമായ രാഷ്ട്രീയനാടകമേതെന്നു ചോദിച്ചാൽ 'പാട്ടബാക്കി'യെന്നു ഞാൻ വിളിച്ചുപറയും."

ഇത്രയൊക്കെ അതിന്റെ മേന്മകളെ പുകഴ്ത്തിയശേഷം 'പാട്ടബാക്കി'യുടെ ദൗർബ്ബല്യങ്ങളിലേക്കും നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു:

"ഉത്തമമായ നാടകങ്ങളുടെ വിജയം അന്തർഭവിച്ചിരിക്കുന്നത് പാത്രങ്ങളുടെ മനസ്സിലെ സംഘട്ടനങ്ങളെ നാടകീയമായി ചിത്രീകരിക്കുന്നതിലാണ്. ഈ നാടകത്തിൽ അത്തരം ഘട്ടങ്ങൾ മൂന്നാണ്. അവയിലൊന്നിലുംതന്നെ ശ്വാസംമുട്ടിക്കുന്ന ഒരു രംഗം സൃഷ്ടിക്കപ്പെട്ടിട്ടില്ല... 'പാട്ടബാക്കി'യിലെ കഥാപാത്രങ്ങൾക്ക് ആകെക്കൂടി ഒരു പന്തികേടുണ്ട്. അവരോട് നമുക്ക് അനുഭാവമോ വെറുപ്പോ തോന്നിയെന്നുവരാം. പക്ഷേ, ഒരിക്കൽക്കൂടി അവരെ കാണണമെന്ന് ആഗ്രഹമുണ്ടാവുകയില്ല.

പ്രചരണഭ്രമം മറ്റു ചില തെറ്റുകൾക്കു കാരണമാകുന്നുണ്ട്. ചായപ്പീടികയിലെ സംഭാഷണത്തിൽ 'സോഷ്യലിസ്റ്റ് സമുദായത്തിൽ മാത്രമേ മനുഷ്യന് മനുഷ്യനായി ജീവിക്കാൻ സാധിക്കുകയുള്ളു'വെന്നു മുഹമ്മദ് പറയുന്നു. പക്ഷേ, പറയുന്നത് മുഹമ്മദല്ല, നാടകകൃത്തുതന്നെ രംഗത്തു വന്ന് പ്രസംഗിക്കുകയാണ്. കഥയുടെ ആ ഘട്ടത്തിൽ അത്രയ്ക്കൊന്നും പ്രസംഗിക്കാൻ മുഹമ്മദ് വളർന്നിട്ടില്ല."

മലയാളനാടകവേദിയിലെ ഒരതികായനായി കരുതപ്പെടുന്ന പ്രൊഫസർ ജി. ശങ്കരപ്പിള്ളയ്ക്കും 'പാട്ടബാക്കി'യെപ്പറ്റി വളരെ മതിപ്പാണുണ്ടായിരുന്നത്. അദ്ദേഹം പറയുന്നു:

ഇതേപോലെതന്നെ മറ്റു ചില സാമൂഹികചലനങ്ങളും ഈ കാലഘട്ടത്തിൽ കേരളത്തിൽ സംഭവിച്ചുകൊണ്ടിരുന്നു. 1931-'38 കാലഘട്ടത്തിൽ നിവർത്തനപ്രക്ഷോഭണം നടന്നു. സമഷ്ടിവാദത്തിന്റെ ശക്തമായ ചില അലകൾ കേരളത്തിലെത്തിക്കഴിഞ്ഞിരുന്നു. 1937-ൽ പൊന്നാനി കർഷകസമ്മേളനത്തിൽ അഭിനയിക്കാൻവേണ്ടിയാണ് കെ. ദാമോദരൻ തന്റെ 'പാട്ടബാക്കി' എഴുതുന്നത്. 1938-ൽ അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. സാമൂഹ്യാസമത്വത്തിന്റെ അതിരിനപ്പുറം മൂലകാരണമായ സാമ്പത്തികാസമത്വത്തെ ചൂണ്ടിക്കാണിക്കുകയാണ് 'പാട്ടബാക്കി'യിൽ ദാമോദരൻ ചെയ്തിരിക്കുന്നത്. പിൽക്കാലത്ത് മലയാളത്തിലുണ്ടായ 'രാഷ്ട്രീയനാടകങ്ങളു'ടെ ചിട്ടയിലും ക്രമത്തിലുംനിന്ന് അത്യന്തം വിഭിന്നമായി നിൽക്കുന്ന ഒരു നാടകമാണ് 'പാട്ടബാക്കി'—രാഷ്ട്രീയനാടകമെന്ന് ചരിത്രകാരന്മാർ പലരും അതിനെ വിശേഷിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും. സാമൂഹ്യസംവിധാനക്രമത്തിന്റെ വൈകൃതത്തെപ്പറ്റി ഉദ്ഘോഷണംനടത്തുന്നതിനുപകരം നാടകത്തിന്റെ അന്ത്യത്തിൽ പ്രധാന കഥാപാത്രങ്ങളെ കൊണ്ടെത്തിച്ചിരിക്കുന്ന മുഹൂർത്തവും, അത്തരം ഒരു സന്ദർഭത്തെ അഭിമുഖീകരിക്കേണ്ടിവരുന്ന സഹോദരീസഹോദരന്മാരുടെ ചിത്തവൃത്തിയും 'നാടക'ത്തെ നാടകമായിത്തന്നെ നിലനിർത്തുന്നതിന് വളരെയേറെ സഹായിച്ചിരിക്കുന്നു."

'പാട്ടബാക്കി'യെത്തുടർന്ന് മറ്റൊരു നാടകംകൂടി ദാമോദരൻ എഴുതിയിട്ടുണ്ട്. അതിന്റെ പേര് 'രക്തപാനം' (1938). കോഴിക്കോട്ടെ പ്രസ്സ് തൊഴിലാളി യൂണിയന്റെ സമ്മേളനത്തിൽ അവതരിപ്പിക്കാനെഴുതിയ 'രക്തപാനം' കൃഷിക്കാരെക്കുറിച്ചല്ല, തൊഴിലാളികളെക്കുറിച്ചാണ്. 'പാട്ടബാക്കി'യുടെ വൻപിച്ച ജനപ്രീതി തൊഴിലാളിപ്രസ്ഥാനത്തിന് പ്രയോജനകരമായ ഒരു നാടകംകൂടി എഴുതാൻ സഖാക്കൾ ദാമോദരനെ നിർബ്ബന്ധിച്ചു. എന്നാൽ പൊതുവെ തൊഴിലാളികളുടെ എണ്ണം കുറവായിരുന്നതിനാലും 1940-കളോടെ പുതിയ രാഷ്ട്രീയസംഭവവികാസങ്ങൾ നിലവിൽ വന്നതിനാലും 'രക്തപാന'ത്തിന് 'പാട്ടബാക്കി'യോളം പ്രചാരമോ ജനപ്രീതിയോ നേടാൻ കഴിഞ്ഞില്ല. എങ്കിലും ഇവ രണ്ടും കേരളത്തിലെ നാട

കപ്രസ്ഥാനത്തിൽ വഴിത്തിരിവുണ്ടാക്കിയ കൃതികളാണ്. സോദ്ദേശപരവും സാമൂഹ്യപുരോഗതിക്ക് ഊർജ്ജം നൽകുന്നതുമായ നാടകങ്ങൾ 'പാട്ടബാക്കി'ക്കു മുൻപും എഴുതപ്പെടുകയും അഭിനയിക്കുകയും ചെയ്തിട്ടുണ്ട്. വി. ടി. ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്' (1930), തുടർന്നു വന്ന പ്രേംജി എന്ന എം. പി. ഭട്ടതിരിപ്പാടിന്റെ 'ഋതുമതി', എം. ആർ. ബി.യുടെ 'മറക്കുടയ്ക്കുള്ളിലെ മഹാനരകം' മുതലായവ ഉദാഹരണങ്ങളാണ്. എന്നാൽ അവയൊന്നും വർഗ്ഗസമരം എന്ന വിഷയത്തെ കൈകാര്യംചെയ്തിട്ടില്ല. അതിന്റെ പ്രാരംഭകൻ ദാമോദരൻതന്നെ. പിന്നീട് തോപ്പിൽ ഭാസി, ചെറുകാട്, പി. ജെ. ആന്റണി തുടങ്ങിയ പലരും വർഗ്ഗസമരങ്ങളെ മുൻനിറുത്തി എഴുതിയ നാടകങ്ങൾ ദാമോദരന്റെ 'പാട്ടബാക്കി'യുടെ പിന്നാലെയാണ് വന്നത്. അതാണ് 'പാട്ടബാക്കി'യുടെ ചരിത്രപ്രാധാന്യം.

സാഹിത്യസിദ്ധാന്തം

1937-ൽ സ്ഥാപിക്കപ്പെട്ട ജീവത്സാഹിത്യസംഘത്തിന്റെ ആശയസമരങ്ങളുടെ ഭാഗമായിട്ടാണ് ദാമോദരന്റെ സാഹിത്യസിദ്ധാന്തങ്ങൾ പുറത്തുവരാൻ തുടങ്ങിയത് (ജീൽസാഹിത്യസംഘത്തിന്റെ ഉത്ഭവവും വളർച്ചയും അടുത്ത അധ്യായത്തിൽ വിവരിക്കുന്നതാണ്). ഈ ലേഖനങ്ങൾ പ്രത്യക്ഷപ്പെട്ടത് മാതൃഭൂമി ആഴ്ചപ്പതിപ്പിലും 'പ്രഭാതം' വാരികയിലുമാണ്. 1935-ൽ ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ പത്രാധിപത്യത്തിൽ ആരംഭിച്ച 'പ്രഭാതം' ഷൊർണ്ണൂരിൽനിന്നാണ് പ്രസിദ്ധീകരിച്ചത്. ഒരു വർഷത്തിനുമുമ്പുതന്നെ അതിനെതിരെ ദുർവ്വഹമായ പിഴ ചുമത്തി ഫലത്തിൽ ബ്രിട്ടീഷ് സർക്കാർ അതു നിരോധിച്ചു. 1938-ൽ വീണ്ടും 'പ്രഭാതം' കോഴിക്കോട്ടുനിന്ന് പ്രസിദ്ധീകരിക്കാൻ തുടങ്ങി. ഇ. എം. എസ്.തന്നെയായിരുന്നു പത്രാധിപർ. പത്രാധിപസമിതിയിലെ പ്രമുഖാംഗമായിരുന്ന ദാമോദരൻ വിവിധ വിഷയങ്ങളെക്കുറിച്ച് നിരന്തരമായി അതിലെഴുതിക്കൊണ്ടിരുന്നു. അവയിൽ സാഹിത്യസിദ്ധാന്തസംബന്ധിയായ ലേഖനങ്ങളും ഉണ്ടായിരുന്നു. അതെല്ലാം പിൽക്കാലത്ത് സമാഹരിച്ച് പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് ഇപ്പോൾ നാം ചർച്ചചെയ്യുന്ന കാലയളവിനുശേഷം ഈ വിഷയത്തെക്കുറിച്ച് ദാമോദരൻ എഴുതിയ ലേഖനങ്ങളെയും പുസ്തകങ്ങളെയും ആശ്രയിക്കുകയാകും പ്രായോഗികം.

ഇവയിൽ രണ്ടു പുസ്തകങ്ങളാണ് പ്രധാനം. 'എന്താണ് സാഹിത്യം?' 'സാഹിത്യനിരൂപണം' എന്നിവയാണവ. ഇപ്പോൾ എന്റെ കൈവശമുള്ള പതിപ്പുകളിൽനിന്നു മനസ്സിലാകുന്നത് പല പതിപ്പുകൾ അക്കാലത്തുതന്നെ വേണ്ടിവന്നു എന്നാണ്. ഇവ കൈപ്പുസ്തകംപോലെ മാർക്സിസ്റ്റുകാരും പുരോഗമനവാദികളും ഉപയോഗിച്ചപ്പോൾ കുട്ടികൃഷ്ണമാരാർ, സഞ്ജയൻ തുടങ്ങിയവർക്ക് എതിർക്കാൻ ആവശ്യമായ വസ്തുതകളും ഉദ്ധരണികളും നൽകിയിരിക്കണം. ആദ്യം നമുക്ക് 'എന്താണ് സാഹിത്യം' എന്നത് ചർച്ച ചെയ്യാം. ഇതിൽ ദാമോദരൻ ആദ്യം ചെയ്യുന്നത് സാഹിത്യരചനയ്ക്കും കലാസൃഷ്ടികൾക്കും ഒരു ദിവ്യപരിവേഷം നൽകി ഗൂഢാത്മകതയിലേക്ക്

(മിസ്റ്റിസിസം) തള്ളാനുള്ള ശ്രമത്തെ എതിർത്ത് അവയെ ഐഹികലോകത്തിലേക്കും മനുഷ്യജീവിതത്തിലേക്കും വീണ്ടെടുക്കുകയാണ്. ഈ മിസ്റ്റിക് കാഴ്ചപ്പാടിനെ വിമർശിക്കാൻ പഴയ കാലത്തിന്റെ ഒരു പ്രതിനിധിയായ പുത്തേഴത്ത് രാമൻമേനോന്റെ ഒരു പരാമർശം ദാമോദരൻ ഉദ്ധരിക്കുന്നു:

"ആരാലും വർണ്ണിക്കപ്പെടാവുന്നതല്ല സാഹിത്യം. അതു ബ്രഹ്മമാണ്; പ്രപഞ്ചമാണ്; ബ്രഹ്മാണ്ഡവുമാണ്. അതു മനുഷ്യനെ വിട്ടതും ദൈവത്തെക്കവിഞ്ഞതുമാണ്."

(സാഹിത്യാഭിരുചി, പേജ് 4)

പരമ്പരാഗതശൈലിയിലെ മഹാപണ്ഡിതൻ എന്നപോലെ മഹായാഥാസ്ഥിതികനും ആയിരുന്ന വടക്കുംകൂർ രാജരാജവർമ്മയും ബ്രഹ്മാണ്ഡവാദിയായതിൽ അതിശയിക്കാനില്ല. എന്നാൽ ഒരു ആധുനികശാസ്ത്രജ്ഞനും സർവ്വകലാശാലാ അദ്ധ്യാപകനും അനേകം ശാസ്ത്രലേഖനങ്ങളുടെയും ഗ്രന്ഥങ്ങളുടെയും കർത്താവുമായിരുന്ന പ്രൊഫസർ കെ. ഭാസ്കരൻ നായരും ഈ മിസ്റ്റിക് വ്യാഖ്യാനങ്ങളിൽ ഭ്രമിച്ചിരുന്നു എന്നത് ചിലരെ വിസ്മയിപ്പിച്ചേക്കാം. ഭാസ്കരൻനായരുടെ അവസാനകാലശാസ്ത്രലേഖനങ്ങളിൽ ശാസ്ത്രത്തേയും മിസ്റ്റിസിസത്തിൽ പൊതിയാൻ ശ്രമിച്ചിരുന്നു എന്ന വസ്തുത നമുക്കിവിടെ ചർച്ചചെയ്യേണ്ട കാര്യമില്ല. പുത്തേഴന്റെ വീക്ഷണം വ്യത്യസ്തരീതികളിൽ പ്രകടിപ്പിക്കുന്ന വടക്കുംകൂറിനെയും ഭാസ്കരൻനായരെയുംകൂടി വിമർശിച്ചുകൊണ്ടാണ് ദാമോദരൻ തന്റെ വാദഗതി അവതരിപ്പിക്കുന്നത്.

"കലാകാരൻ രണ്ടു കണ്ണുമടച്ച് ഉറങ്ങിക്കൊണ്ടുതന്നെ കലാസൃഷ്ടി ചെയ്യണമെന്നോ? അതെങ്ങനെ സാധിക്കും? കലാകാരന് അയാളുടെ ഉപാധിയായിരിക്കണം ഉറക്കുമരുന്നായിത്തീരേണ്ടത്. അതു കയ്യിലെടുക്കുമ്പോൾ അയാൾ ഉറങ്ങണം. സാഹിത്യകാരന് ഭാഷ, ശില്പിക്ക് കല്ലും മരവും മണ്ണും, ചിത്രകാരന് വർണ്ണം, ഗായകനു നാദം. ഈ ഉപാധികൾ അവരെ ബോധമണ്ഡലത്തിൽനിന്നും ഉപബോധമണ്ഡലത്തിലേക്ക് ഇറക്കിവിടണം. ജാഗ്രദവസ്ഥയിൽനിന്നും സ്വപ്നാവസ്ഥയിലേക്ക് മയക്കിവിടണം."

(കലാചിന്തകൾ, പേജ് 42)

എന്നിട്ടോ? സാഹിത്യമുണ്ടാകുന്നതെങ്ങനെയാണ്? എളുപ്പമുള്ള പണിയാണതെന്ന് വിചാരിച്ചുപോകേണ്ട. ഡോ. നായർ പറയുന്നു:

"ആത്മവിസ്മൃതിയും പരിസരവിസ്മൃതിയുംപൂണ്ട് അന്തർമ്മുഖവീക്ഷണമെന്നൊന്നിനെ മാത്രം ആലംബമായിക്കരുതി, അങ്ങനെ ബാഹ്യേന്ദ്രിയങ്ങളുടെ കർമ്മസ്തംഭനം സാധിച്ച്, സ്വപ്നമണ്ഡലത്തിലിരുന്നാൽ അയാൾ ഒരു കലാകാരന്റെ കടമ നിറവേറ്റും. യഥാർത്ഥസ്വപ്നവും കലാസ്വപ്നവും വേർതിരിഞ്ഞു നിൽക്കുന്നത് ഒന്നിൽ മാത്രമാണ്—കലാസ്വപ്നത്തിന് ഉപാധി ഉണ്ടായിരിക്കും; സാക്ഷാൽ സ്വപ്നം ഉപാധിരഹിതമായിരിക്കും."

(എന്താണ് സാഹിത്യം, പേജ് 10)

ഈ സ്വപ്നവാദവും ആത്മവിസ്മൃതിഭാവനയും ദാമോദരൻ അംഗീകരിക്കുന്നില്ല. ബോധമനസ്സ്, ഉപബോധമനസ്സ്, അബോധമനസ്സ് എന്നീ സങ്കല്പങ്ങൾ കാലഹരണപ്പെട്ട ഫ്രോയിഡിയൻ മനശ്ശാസ്ത്രത്തിന്റെ സങ്കല്പനങ്ങൾ മാത്രമാണെന്ന് ദാമോദരൻ പറയുന്നു. ഫ്രോയിഡിയൻ മനശ്ശാസ്ത്രം കാലഹരണപ്പെട്ടുവെന്നത് ശരിതന്നെ. എന്നാൽ ഐവാൻ പാവലോവിന്റെ മനശ്ശാസ്ത്രം അപ്പടി സ്വീകര്യമാണ് എന്ന ദാമോദരന്റെ സൂചന ശരിയാണെന്ന് തോന്നുന്നില്ല. മനുഷ്യമനസ്സിനെ വെറും ഒരു യാന്ത്രികഘടകമാക്കിത്തീർക്കുന്നതാണ് പാവലോവിന്റെ 'കണ്ടിഷൻഡ് റിഫ്ളക്സസ്'. ഫ്രോയിഡിന്റെ സിദ്ധാന്തങ്ങൾ, പ്രത്യേകിച്ച് സ്വപ്നത്തെയും രതിഭാവത്തെയും കുറിച്ചുള്ള പലതും പിശകാണെന്നും അദ്ദേഹത്തിന്റെ മാനസികാപഗ്രഥന രീതി ഒരു മാനസികചികിത്സാസമ്പ്രദായമെന്ന നിലയിൽ ഒരു പരാജയമാണെന്നുമുള്ള കാര്യത്തിൽ സംശയമില്ല. എന്നാൽ ബോധമനസ്സ്, ഉപബോധമനസ്സ്, അബോധമനസ്സ് എന്നിവ മനശ്ശാസ്ത്രഗവേഷകർക്കും മാനസികചികിത്സകർക്കും വളരെ പ്രയോജനകരമായ ഒന്നാണ്. ഈ ചർച്ച നമുക്ക് തുടരേണ്ടതില്ല. സാഹിത്യത്തിന്റെയും കലയുടെയും ബ്രഹ്മാണ്ഡസ്വഭാവം, ആത്മവിസ്മൃതി ആണ് അവർക്ക് ജന്മം നല്കുന്നതെന്നത്, സ്വപ്നാവസ്ഥയിലുള്ള ഒരു പ്രവർത്തനമാണ്. സാഹിത്യസൃഷ്ടി തുടങ്ങിയ ഭാസ്കരൻ നായരുടെയും എസ്. കെ. നായരുടെയും വാദങ്ങളെ തള്ളിക്കളയുകയും മറ്റും ചെയ്യുന്നത് തികച്ചും ശാസ്ത്രയുക്തമാണ്. ദാമോദരൻ ഇപ്രകാരം എഴുതുന്നു:

> "ഉറക്കത്തിലെഴുന്നേറ്റു സ്വപ്നാവസ്ഥയിൽ പലതും പ്രവർത്തിക്കുന്ന ചില ആളുകൾ വൈദ്യശാസ്ത്രജ്ഞന്മാരുടെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ട്. ഇംഗ്ലീഷിൽ 'സോംനാംബുലിസം' എന്ന പേരിലറിയപ്പെടുന്ന ഒരുതരം രോഗത്തിന്നിരയായ നിർഭാഗ്യവാന്മാരാണവർ. തലയ്ക്കു വെളിവില്ലാതെ അബോധാവസ്ഥയിൽ സാഹിത്യം നിർമ്മിക്കുന്ന ചില മനുഷ്യരെ ഭ്രാന്തശാലകൾക്കുള്ളിലും കള്ളുഷാപ്പുകളുടെ സമീപപ്രദേശങ്ങളിലും കണ്ടെത്തിയെന്നുവരും. പക്ഷേ, അവരുടെ സാഹിത്യസൃഷ്ടികളത്രയും അച്ചടിക്കപ്പെടാതെ കിടക്കുകയായതുകൊണ്ട് നമുക്കിവിടെ വലിയ പ്രയോജനമുണ്ടെന്നു തോന്നുന്നില്ല.
>
> ഒരേ മനുഷ്യമസ്തിഷ്കത്തിന്റെ പ്രവർത്തനങ്ങളുടെ വ്യത്യസ്തരൂപങ്ങളെ ബോധമനസ്സെന്നും ഉപബോധമനസ്സെന്നും അബോധമനസ്സെന്നും മൂന്നു കല്ലറകളിലിട്ടു തരംതിരിക്കുന്ന അശാസ്ത്രീയമായ ഫ്രോയ്ഡിയൻ സിദ്ധാന്തങ്ങൾ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്തവയാണെന്ന് പാവ്ലോവും മറ്റു ശാസ്ത്രജ്ഞന്മാരും തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നിട്ടും, ഡോ. എസ്. കെ. നായർ തന്റെ സാഹിത്യവിദ്യാർത്ഥികളെ ഉറക്കത്തിലേക്കും സ്വപ്നത്തിലേക്കും തള്ളിവിട്ടു മയക്കിക്കിടത്താനാണ് ഇപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. 'ഭൗതികമാനദണ്ഡങ്ങൾക്കപ്പുറമാണ് കലാലോകത്തിലെ

വസ്തുസൗന്ദര്യങ്ങൾ' (ടി, പേജ് 52) എന്നാണദ്ദേഹം അവർക്കു പഠിപ്പിച്ചുകൊടുക്കുന്നത്. സ്ഥിരോത്സാഹത്തോടെ ബോധപൂർവ്വം പരിശ്രമിച്ചാൽ തങ്ങൾക്കും നല്ല സാഹിത്യകാരന്മാരായി വളരാൻ കഴിയുമെന്ന വിദ്യാർത്ഥികളുടെ ആത്മവിശ്വാസത്തെ തുരങ്കം വയ്ക്കാൻ മാത്രമേ ഇത്തരം ഉപദേശങ്ങൾ ഉപകരിക്കുകയുള്ളു.

ഇങ്ങനെ, സാഹിത്യം അജ്ഞാതവും അപ്രാപ്യവും അവർണ്ണനീയവും പരബ്രഹ്മവും യോഗാഭ്യാസവും ഉറക്കപ്പിച്ചുംമറ്റുമാണെന്ന അസംബന്ധങ്ങൾ പറയുന്നവരിൽനിന്ന് വ്യത്യസ്തനായി, അതു മനുഷ്യന്റെ ജീവിതവ്യാപാരങ്ങളുമായി ബന്ധപ്പെട്ട ഒന്നാണെന്ന് കഷ്ടിച്ചു സമ്മതിക്കുന്ന ചില സാഹിത്യകാരന്മാരും നമ്മുടെ നാട്ടിലുണ്ട്."

കുട്ടികൃഷ്ണമാരാരെപ്പോലുള്ള ചില യാഥാസ്ഥിതികർ നാലപ്പാട്ട് നാരായണമേനോൻ തർജ്ജമചെയ്ത 'പാവങ്ങൾ' (ഫ്രഞ്ച് സാഹിത്യകാരനായ വിക്ടർ യൂഗോവിന്റെ 'ലേമിറബിൾസ്') വായിച്ച് അവയെ ഭൂതദയ, ഈശ്വരഭക്തി തുടങ്ങിയ കേവലമനുഷ്യവികാരങ്ങളുടെ ആവിഷ്കാരമെന്ന് വാദിക്കുന്നതിനെ ദാമോദരൻ എതിർക്കുന്നു. ബാൽസാക്ക്, ഷേക്സ്പിയർ, ബർണാർഡ് ഷാ, പ്രേംചന്ദ്, ടാഗോർ തുടങ്ങിയവരുടെ കൃതികൾ വായിക്കുന്ന ഏതൊരാൾക്കും അവ ആ പ്രതിഭാശാലികൾ ജീവിച്ചിരുന്ന കാലത്തിന്റെ പ്രതിഫലനമാണ് എന്ന് കാണാൻ കഴിയും. വളരെ പ്രാചീനമായ കഥകൾ പുനരാവിഷ്കരിക്കുമ്പോഴും അവയിലൂടെ സമകാലികയാഥാർത്ഥ്യങ്ങളെയാണ് അവ പ്രതിഫലിപ്പിക്കുന്നത്.

പലപ്പോഴും മാർക്സിസ്റ്റ് സാഹിത്യസൈദ്ധാന്തികർക്കുപോലും വരുന്ന ഒരു തെറ്റ് ദാമോദരന് പറ്റിയിട്ടില്ല. റിഫ്ളക്ഷൻ അഥവാ പ്രതിഫലനമെന്നത് ഒരു കണ്ണാടിയിലെ പ്രതിഫലനംപോലെ നിശ്ചലമോ യഥാതഥമോ അല്ലെന്ന് ദാമോദരൻ ചൂണ്ടിക്കാണിക്കുന്നു. എഴുതുന്നകാലത്ത് ഇംഗ്ലീഷിൽ ഇവിടെ ലഭ്യമല്ലാതിരുന്ന ഒരു ഫ്രഞ്ച് മാർക്സിസ്റ്റ് സാഹിത്യവിജ്ഞാനീയമാണ് ലൂയി അൽത്തൂസറുടെ സഹകാരിയോ ശിഷ്യനോ ആയിരുന്ന പിയറി മെഷേരി എഴുതിയ 'തിയറി ഓഫ് ലിറ്റററി പ്രൊഡക്ഷൻ' (സാഹിത്യോൽപാദനത്തിന്റെ സിദ്ധാന്തം). അതിൽ അദ്ദേഹം വ്യക്തമാക്കുന്നത് റിഫ്ളക്ഷൻ എന്നാൽ വെറും നിർജ്ജീവപ്രതിഫലനമല്ല എന്നും അതിൽ ചിന്തയുടെയും പ്രത്യയശാസ്ത്രത്തിന്റെയും ഘടകങ്ങൾ ഉൾക്കൊള്ളുന്നുവെന്നുമാണ്. ഇംഗ്ലീഷിൽ, 'On Second Reflection I have Changed my View' എന്ന് എഴുതിയാൽ അതിനർത്ഥം 'പുനർചിന്തനത്തിൽ എന്റെ അഭിപ്രായം മാറ്റപ്പെട്ടു' എന്നാണല്ലോ. ഫ്രഞ്ചിലും അങ്ങനെതന്നെ. അതുകൊണ്ടു സാമൂഹ്യയാഥാർത്ഥ്യത്തിന്റെ പ്രതിഫലനമാണ് സാഹിത്യവും കലയുമെന്ന് പറഞ്ഞാൽ അതിനർത്ഥം കണ്ണാടിയിലെപ്പോലെ നിർജ്ജീവപ്രതിഫലനമെന്നല്ല. നിരീക്ഷിതയാഥാർത്ഥ്യത്തിന്റെ പുനരാവിഷ്കാരംകൂടി അതിലടങ്ങിയിരിക്കുന്നു. 'എന്താണ് സാഹിത്യം?' എന്നതിന്റെ ചില അധ്യായങ്ങളിൽ അദ്ദേഹം അത് വ്യക്തമാക്കുന്നുണ്ട്.

സമകാലികസാമൂഹ്യജീവിതത്തിന്റെയും മൂല്യങ്ങളുടെയും പ്രതിഫലനമാണ് സാഹിത്യസൃഷ്ടികളെങ്കിൽ എന്തുകൊണ്ട് ചില സൃഷ്ടികൾ കാലാതിവർത്തിയായി നിലനിൽക്കുന്നു? മാർക്സിസ്റ്റ് കലാസിദ്ധാന്തസംഹിതയിൽ ഈ ചോദ്യത്തിന് ഉത്തരമുണ്ട്. എങ്കിലും മാർക്സ് ഒരിക്കൽ അല്പം അതിശയത്തോടുകൂടി തന്നോടുതന്നെ ഈ ചോദ്യം ഉന്നയിക്കുകയുണ്ടായി: "ഹോമർ ക്രിസ്തുവർഷത്തിന് ആറോ ഏഴോ നൂറ്റാണ്ടിനുമുൻപ് എഴുതിയ 'ഇലിയഡും' 'ഒഡീസി'യും അന്നത്തെ സാമൂഹ്യവ്യവസ്ഥയും മൂല്യസങ്കല്പങ്ങളും ആകെ മാറിമറിഞ്ഞ് ഇന്നുപോലും നമ്മെ ആകർഷിക്കുകയും ആഹ്ലാദിപ്പിക്കുകയും ചെയ്യുന്നതെന്തുകൊണ്ട്? സന്ദർഭവശാൽ മാർക്സ് ഒരിടത്ത് ഉന്നയിച്ച ഈ ചോദ്യത്തിന് വിശദമായി അദ്ദേഹം നേരിട്ട് മറുപടി എഴുതിയിട്ടില്ല. അദ്ദേഹത്തിന്റെയും എംഗൽസിന്റെയും സാഹിത്യകലാപരാമർശങ്ങളെല്ലാം വായിച്ചുനോക്കിയാൽ അതിന് മറുപടി കാണാൻ കഴിയും. ഏതായാലും ദാമോദരൻ വിശദമായി ഈ പ്രശ്നത്തിന് മറുപടി പറയുന്നുണ്ട്.

സാഹിത്യത്തിന്റെ കാലാതിവർത്തിത്വം

തന്റെ വാദഗതികൾ അവതരിപ്പിക്കാനുള്ള ആമുഖമായി എതിർവാദഗതികളെ എടുത്തുകാട്ടാൻ ദാമോദരൻ കുട്ടികൃഷ്ണമാരാരെയാണ് ഉദ്ധരിക്കുന്നത്. സാഹിത്യത്തിലെ ശാശ്വതമൂല്യം എന്ന ഏഴാം അധ്യായം ദാമോദരൻ തുടങ്ങുന്നതുതന്നെ ഇപ്രകാരമാണ്:

"ജീവിതമൂല്യം, കലാമൂല്യം, ശാശ്വതമൂല്യം എന്നിങ്ങനെയുള്ള ചില പദങ്ങൾ, അടുത്തകാലത്തായി പുരോഗമനാശയങ്ങളേയും പുരോഗമനപ്രസ്ഥാനങ്ങളേയും എതിർക്കാനുള്ള ആയുധങ്ങളായിത്തീർന്നിരിക്കുകയാണ്. തങ്ങൾ ഇഷ്ടപ്പെടുകയോ വിശ്വസിക്കുകയോ ചെയ്യുന്ന ഒരാശയം—അല്ലെങ്കിൽ ഒരു തത്ത്വം—ശാശ്വതമാണെന്നും മറ്റുള്ളതെല്ലാം ക്ഷണികങ്ങളും നശ്വരങ്ങളുമാണെന്നും കരുതുന്ന ചിലതലയെടുപ്പുള്ള സാഹിത്യകാരന്മാർപോലും ഈ ആക്രമണത്തിന്നിറങ്ങിക്കാണുന്നു. ഉദാഹരണത്തിന്, സുപ്രസിദ്ധ സാഹിത്യകാരനായ ശ്രീ. കുട്ടികൃഷ്ണമാരാർ 1953 ഫെബ്രുവരിമാസത്തിൽ കൂടിയ 14-ാം മദിരാശി മലയാളിസമ്മേളനത്തിൽ എഴുതി വായിച്ചതും പിന്നീട് ലഘുലേഖയായി അച്ചടിച്ചു പ്രസിദ്ധംചെയ്തതുമായ പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി:

'സാഹിത്യകാരൻ ഈ ലോകസമാധാനപ്രസ്ഥാനത്തെപ്പോലുള്ള ക്ഷണികസദാചാരങ്ങളെയല്ല, അഹിംസാസിദ്ധാന്തത്തെപ്പോലുള്ള ശാശ്വതമൂല്യങ്ങളെ ലക്ഷ്യംവെച്ചാലേ അയാളുടെ കൃതികൾക്ക് കലാപരമായ മേന്മയുണ്ടാവൂ.'

യുദ്ധത്തിന്റെ പേരിൽ കൂട്ടക്കൊല നടത്തുന്നതിനുപകരം രാജ്യങ്ങൾ തമ്മിലുള്ള തർക്കങ്ങളെല്ലാം സൗഹാർദ്ദപരമായി തീർക്കണമെന്നും യുദ്ധത്തിന്റെ പേരിൽ നടക്കുന്ന രക്തച്ചൊരിച്ചിലുകളവസാനി

പ്പിക്കണമെന്നും സാഹിത്യകാരൻ വാദിക്കാൻ പാടില്ല! കാരണം, അതു 'ക്ഷണികസദാചാര'മാണ്, അതിൽ 'ശാശ്വതമൂല്യ'മില്ല. പിന്നെ എവിടെയാണ് ശാശ്വതമൂല്യമുള്ളത്? 'അഹിംസാബോധം ഒരു ശാശ്വതമൂല്യമാണ്' എന്നാണ് മാരാർ പറയുന്നത്. പക്ഷേ, സ്തീകളേയും കുട്ടികളേയും ബോംബിട്ടു ചുടുന്നതിനെ എതിർക്കലല്ലെങ്കിൽപ്പിന്നെ എന്തോന്നാണീ 'അഹിംസ'?

ഇതിൽ മൂല്യങ്ങളുടെ സനാതന അഥവാ ശാശ്വതസ്വഭാവത്തെക്കുറിച്ചുള്ള അവകാശവാദത്തെ ദാമോദരൻ തിരുത്തിക്കുറിക്കുകയാണ്. സമൂഹം മാറുന്നതിനനുസരിച്ച് മൂല്യങ്ങൾ മാറിക്കൊണ്ടിരിക്കും. ഒരുകാലത്ത് രാജഭക്തിയായിരുന്നു മൂല്യവത്തായിരുന്നതെങ്കിൽ ഇപ്പോൾ രാജഭക്തിയല്ല രാജ്യഭക്തിയാണ് മൂല്യവത്തായിരിക്കുന്നത്. മഹാകവി ഉള്ളൂരിന്റെ 'ഹീര' എന്ന കവിത സ്വന്തം കുഞ്ഞിനെ അപകടപ്പെടുത്തിക്കൊണ്ടുപോലും രാജശിശുവിനെ സംരക്ഷിച്ച ഒരു ധാത്രിയുടെ കഥയാണ്. സി. വി. രാമൻപിള്ളയുടെ ആഖ്യായികകൾ രാജഭക്തികൊണ്ട് നിറംപിടിപ്പിച്ചവയാണ്. എസ്. കെ. പൊറ്റെക്കാട്ടിന്റെ 'ഒരു ദേശത്തിന്റെ കഥ' രാജഭക്തിയെക്കാൾ രാജ്യഭക്തിക്ക് മുൻതൂക്കം കൊടുക്കുന്നു. ഒരുകാലത്ത് കൂട്ടുകുടുംബവ്യവസ്ഥയും അതിന്റെ മൂല്യങ്ങളും വിലപ്പെട്ടതായിരുന്നുവെങ്കിൽ ഒ. ചന്തുമേനവന്റെ 'ഇന്ദുലേഖ' കൂട്ടുകുടുംബവ്യവസ്ഥയ്ക്ക് കനത്ത പ്രഹരം നല്കുകയാണ് ചെയ്യുന്നത്. ഭഗവദ്ഗീതയിൽ പഴയ കുലമഹിമയുടെയും കുലമൂല്യങ്ങളുടെയും തടവുകാരനായിട്ടാണ് ബന്ധുക്കളെയും സ്വന്തക്കാരെയും വധിച്ചിട്ട് തനിക്ക് രാജ്യഭാരമോ വിജയമോ വേണ്ടെന്ന് അർജ്ജുനൻ വിഷാദപൂർവ്വം തേരാളിയായ ശ്രീകൃഷ്ണനെ അറിയിച്ചത്. കൃഷ്ണനാകട്ടെ, പുതുതായി മാറിവരുന്ന പരമാധികാരരാഷ്ട്രങ്ങൾക്ക് ഉപയുക്തമായ രീതിയിൽ ക്ഷത്രിയ മൂല്യങ്ങളാണ് അർജ്ജുനനെ ഉപദേശിച്ചത്. വാൾട്ടർ സ്കോട്ടിന്റെ 'My Country Right or Wrong' (തെറ്റായാലും ശരിയായാലും എന്റെ രാജ്യത്തോടു മാത്രമേ എനിക്ക് കൂറുള്ളൂ) എന്ന സിദ്ധാന്തം തൊഴിലാളിവർഗ്ഗസാർവ്വദേശീയതത്വത്തിന് വഴിമാറിക്കൊണ്ടിരിക്കുകയാണ്. വിധവാവിവാഹം അനുചിതമെന്ന് ഒരുകാലത്ത് കരുതിയിരുന്നുവെങ്കിൽ ഇന്ന് അതൊരു പാതകമായി ആരും കരുതുന്നില്ല. ഇങ്ങനെ മൂല്യങ്ങൾ കാലദേശാനുസൃതമായി മാറിക്കൊണ്ടിരിക്കുമ്പോൾ ശാശ്വതമൂല്യത്തെ സംബന്ധിച്ചുള്ള സങ്കല്പങ്ങൾ അബദ്ധമാണ്.

സാഹിത്യത്തിലെയും കലയിലെയും പ്രതിപാദ്യങ്ങളെന്നപോലെ പ്രതിപാദനങ്ങളും മാറിക്കൊണ്ടിരിക്കുന്നതെന്തുകൊണ്ട് എന്ന ചോദ്യം ദാമോദരൻ ഉന്നയിക്കുന്നു. ഇപ്പോൾ ആരും ഹോമറെപ്പോലെ എഴുതാത്തതെന്ത്? കാളിദാസനും ഭാസനും ഷേക്സ്പിയറും മറ്റും എഴുതിയതുപോലെ എന്തുകൊണ്ട് ഇപ്പോൾ ആരും നാടകങ്ങളെഴുതുന്നില്ല? ഇപ്പോഴത്തെ നാടകങ്ങൾ ഇബ്സന്റെയും ബർണാർഡ്ഷായുടെയും, മലയാളത്തിലാണെങ്കിൽ എൻ. കൃഷ്ണപിള്ളയുടെയും ചെറുകാടിന്റെയും സി. ജെ. തോമസിന്റെയും മറ്റും

പുതിയ സമ്പ്രദായത്തിലാണുതാനും. അങ്ങനെ സാഹിത്യരൂപങ്ങളും സാഹിത്യമൂല്യങ്ങളും നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. എവിടെയാണിതിൽ ശാശ്വതികത്വം? എന്നാൽ ഇപ്പറഞ്ഞതിന്റെയൊക്കെ അർത്ഥം കാലാതിവർത്തിയായ സാഹിത്യകലാസൃഷ്ടികൾ ഇല്ലെന്നാണോ? അല്ല. എല്ലാ ഉത്തമകലാസൃഷ്ടികളിലും പിൽക്കാലത്തിന് ബാധകമായ ചില ഘടകങ്ങളുണ്ട്. അത് മാരാർ നിർദ്ദേശിക്കുന്നവിധത്തിലുള്ളതല്ല. സമകാലികപ്രശ്നങ്ങൾ എടുത്ത് കലാസൃഷ്ടി നടത്തുമ്പോഴും അത് ഉത്തമകലാസൃഷ്ടി ആണെങ്കിൽ അത് കാലത്തെ അതിജീവിക്കും. ദാമോദരൻ പറയുന്നു:

"വിശ്വോത്തരമായ ഏതെങ്കിലുമൊരു സാഹിത്യഗ്രന്ഥം പരിശോധിച്ചാൽ ഇതിനു മറുപടി കിട്ടും. സാഹിത്യത്തിന് അതിന്റേതായ ഒരു ധർമ്മമുണ്ട്. മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യയാഥാർത്ഥ്യങ്ങളെ സത്യസന്ധമായി ചിത്രീകരിക്കുക; ഭൂതകാലത്തിൽനിന്നു വർത്തമാനത്തിലൂടെ ഭാവിയിലേക്ക് മാർച്ചുചെയ്യുന്ന മനുഷ്യജീവിതത്തിന്റെ കേന്ദ്രസത്യത്തിന് കലാപരമായ രൂപം കൊടുക്കുക—ഈ ധർമ്മം നിറവേറ്റുന്ന സാഹിത്യകൃതികളാണ് ഭാവിതലമുറകളുടെ ഉപയോഗത്തിനുവേണ്ടി നിലനിൽക്കുന്നത് എന്നു കാണാം.

ഉൽപാദനരീതിയിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് സാമൂഹ്യജീവിതവും സാമൂഹ്യാശയങ്ങളും സാമൂഹ്യസ്ഥാപനങ്ങളും മാറിക്കൊണ്ടിരിക്കുന്നുവെന്നത് ഒരനിഷേധ്യനിയമമാണ്. അതുകൊണ്ട് വളർച്ചയുടെ ഒരു ഘട്ടത്തിൽ കാണപ്പെടുന്ന യാഥാർത്ഥ്യം മറ്റൊരു ഘട്ടത്തിൽ യാഥാർത്ഥ്യമല്ലാതായിത്തീർന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പുരോഗതിയുടെ ഓരോ ഘട്ടത്തിലും മനുഷ്യൻ കണ്ടെത്തുന്ന സത്യം ആപേക്ഷികസത്യമാണ്. ഇത്തരം അനേകം ആപേക്ഷികസത്യങ്ങളിലൂടെയാണ് മനുഷ്യൻ പരിപൂർണ്ണസത്യത്തിലേക്ക് മാർച്ചുചെയ്യുന്നത്. ജീവിതയാത്രയുടെ മുന്നിലുള്ള തടസ്സങ്ങളെ തട്ടിനീക്കാനും നിലവിലുള്ള യാഥാർത്ഥ്യത്തെ മാറ്റിമറിച്ച് പുതിയ യാഥാർത്ഥ്യത്തിലെത്താനുംവേണ്ടി മനുഷ്യൻ പ്രാകൃതകാലംമുതൽക്കേ സമരംചെയ്തുപോന്നിട്ടുണ്ട്. ഈ സമരങ്ങളിലുണ്ടാകുന്ന ഓരോ വിജയവും മനുഷ്യനെ കൂടുതൽകൂടുതൽ പരിപൂർണ്ണതയിലേക്കടുപ്പിക്കുന്നു. അപൂർണ്ണതയിൽനിന്നു പൂർണ്ണതയിലേക്കുള്ള മനുഷ്യത്വത്തിന്റെ ഈ വിജയയാത്രയാണ് സാഹിത്യത്തിന്റെ ഉള്ളടക്കം. പക്ഷേ, ഈ വിജയയാത്രയെ സത്യസന്ധമായി ചിത്രീകരിക്കാൻ കഴിയണമെങ്കിൽ സാഹിത്യകാരന് യാഥാർത്ഥ്യത്തിന്റെനേരെ പുരോഗമനപരമായ ഒരു നിലപാടുണ്ടായിരിക്കണം. എന്നുവെച്ചാൽ, നിശ്ചലതയുടേയും മാറ്റമില്ലായ്മയുടേയും ശാശ്വതത്വത്തിന്റേയും വ്യാമോഹങ്ങളെ പിച്ചിച്ചീന്തിക്കൊണ്ട് അതാതു കാലഘട്ടത്തിലെ യാഥാർത്ഥ്യത്തിന്റെ അഗാധതയിലേക്കിറങ്ങിച്ചെന്ന് വളരുന്ന ശക്തികളെ വളരുന്ന ശക്തികളായും തകരുന്ന ശക്തികളെ തകരുന്ന ശക്തികളായും

ചിത്രീകരിക്കാൻ സാഹിത്യകാരനു സാധിക്കണം. അതാതു കാലത്തെ സാമൂഹ്യശക്തികളുടെ യഥാർത്ഥമായ ഗതിക്രമവുമായി പൊരുത്തപ്പെട്ടുകൊണ്ട് പ്രകൃതിയേയും പ്രകൃതിയെ കീഴടക്കാൻവേണ്ടി മനുഷ്യൻ നടത്തുന്ന സമരങ്ങളേയും നാനാതരം സാമൂഹ്യബന്ധങ്ങളോടുകൂടിയ മനുഷ്യജീവിതത്തിന്റെ കേന്ദ്രയാഥാർത്ഥ്യങ്ങളേയും സത്യസന്ധമായി പ്രതിഫലിപ്പിക്കണം. അയാളുടെ കൃതികൾ അപൂർണ്ണതയിൽനിന്ന് പൂർണ്ണതയിലേക്കു മാർച്ചുചെയ്യുന്ന മനുഷ്യന്റെ ഉൽകൃഷ്ടതയെ, മനുഷ്യത്വത്തിന്റെ മാഹാത്മ്യത്തെ, ഉദ്ഘോഷിക്കണം.

സത്യത്തോടുള്ള അചഞ്ചലമായ കൂറ്, യാഥാർത്ഥ്യത്തെ മാറ്റിമറിച്ച് പുതിയ സത്യങ്ങൾ കണ്ടെത്താനുള്ള മനുഷ്യന്റെ കഴിവിനോടുള്ള ബഹുമാനം, ഭാവിയിലുള്ള ഉറച്ച വിശ്വാസം, ജനങ്ങളോടുള്ള അഗാധമായ സ്നേഹം, ജനങ്ങളുടെ ശത്രുക്കളോടുള്ള കഠിനമായ വെറുപ്പ്— ഇതെല്ലാമായിരിക്കും അത്തരം സാഹിത്യങ്ങളുടെ സ്വഭാവഗുണങ്ങൾ. ഇതൊക്കെത്തന്നെയാണുതാനും സാഹിത്യത്തിന്റെ മൂല്യങ്ങൾ.

ഈ മൂല്യങ്ങളുൾക്കൊള്ളുന്ന സാഹിത്യങ്ങൾ വായനക്കാരുടെ സാമൂഹ്യബോധത്തെ ഉയർത്തുകയും അവരുടെ ജ്ഞാനത്തെ വളർത്തുകയും അവരുടെ അനുഭവങ്ങൾക്കു മാറ്റു കൂട്ടുകയും മാത്രമല്ല, സർവ്വോപരി യാഥാർത്ഥ്യങ്ങളെ മാറ്റാനും പ്രകൃതിയെ കീഴടക്കാനുമുള്ള അവരുടെ കഴിവുകളെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, അത്തരം സാഹിത്യങ്ങൾ കാലത്തേയും വർഗ്ഗങ്ങളേയും അതിജീവിച്ചുകൊണ്ട് നിലനിൽക്കുന്നു."

സാഹിത്യവും പാരമ്പര്യവും

പുരോഗമനസാഹിത്യം പഴമയെയും പാരമ്പര്യത്തെയും അപ്പാടെ തിരസ്കരിക്കുന്നില്ല. ഭൂതകാലത്തിലെ നേട്ടങ്ങളിൽ ഉറച്ചുനിന്നുകൊണ്ടല്ലാതെ ഭാവിയിലേക്കു കുതിക്കാൻ മനുഷ്യന് കഴിയില്ല. ദാമോദരൻ ചൂണ്ടിക്കാണിക്കുന്നതുപോലെ പുരോഗമനചിന്തയുടെ ഏറ്റവും ഉയർന്ന രൂപമായ മാർക്സിസംപോലും പാരമ്പര്യത്തെ പാടെ നിഷേധിച്ചുകൊണ്ടല്ല രൂപംകൊണ്ടതും വളർന്നതും. അതുവരെ മനുഷ്യരാശി നേടിയ അറിവിന്റെയും അനുഭവത്തിന്റെയും സത്ത ഉൾക്കൊണ്ടുകൊണ്ട് പുതിയ കാലത്തിനനുസൃതമായവിധത്തിൽ കൂറേക്കൂടി ഉയർന്ന തലത്തിൽ സിദ്ധാന്തവും പ്രയോഗവും സമന്വയിക്കുകയാണ് മാർക്സും എംഗൽസും ചെയ്തത് എന്ന് ദാമോദരൻ ചൂണ്ടിക്കാണിക്കുന്നു. ദേശീയപാരമ്പര്യത്തെക്കുറിച്ച് ഊറ്റംകൊള്ളുന്നത് ആർ. എസ്. എസ്സിന്റെയും മറ്റ് പുനരുജ്ജീവനപ്രസ്ഥാനങ്ങളുടെയും സ്വഭാവമാണെന്നും ഇടതുപക്ഷത്തിനും പുരോഗമനപ്രസ്ഥാനത്തിനും അത് അനുയോജ്യമല്ലെന്നും ചില 'തീവ്രവാദികൾ' പ്രചരിപ്പിക്കുന്നു. അത് ശരിയല്ല. തീർച്ചയായും പാരമ്പര്യത്തിൽ ഗ്രഹിക്കേണ്ടതെന്നപോലെ ത്യജിക്കേണ്ട

അംശങ്ങളുമുണ്ട്. ഈ തൃജിക്കേണ്ട അംശങ്ങളെ വീണ്ടെടുക്കാൻ ശ്രമിക്കുന്നവരെയാണ് റിവൈവലിസ്റ്റുകൾ അഥവാ പുനരുജ്ജീവനവാദികൾ എന്നു വിശേഷിപ്പിക്കുന്നത്. ആർ. എസ്. എസ്. മുതലായ സംഘടനകൾ അത്തരം പുനരുജ്ജീവനവാദികളുടേതാണ്. ബുദ്ധൻ, അശോകൻ, അക്ബർ തുടങ്ങിയവർ പൂർണ്ണമായി ഇന്നത്തെ 'അർത്ഥ'ത്തിലല്ലെങ്കിലും രാഷ്ട്രീയത്തിലും ജീവിതത്തിലും സെക്കുലറിസ്റ്റ് അഥവാ മതനിരപേക്ഷതാവാദികളായിരുന്നു. അതേസമയം മനുസ്മൃതിയിലുംമറ്റും നാം കാണുന്നത് വർണ്ണാശ്രമധർമ്മത്തിന്റെ ന്യായീകരണം ആണ്. ഇങ്ങനെ വിവിധ ധാരകൾ പാരമ്പര്യത്തിലുള്ളതിൽ ഏതാണ് നാം കൈക്കൊള്ളുക എന്നതിനെ ആശ്രയിച്ചിരിക്കും നാം പുനരുജ്ജീവനവാദിയാണോ നവോത്ഥാനവാദിയാണോ എന്നതിന്റെ തീരുമാനം.

ഒരിക്കൽ പുരോഗമനസാഹിത്യകാരനായ പി. കേശവദേവ് തലശ്ശേരിയിൽവച്ചു ചെയ്ത ഒരു പ്രസംഗത്തിൽ രാമായണവും ഭാരതവുമെല്ലാം ചുട്ടുകരിക്കേണ്ട ഫ്യൂഡൽസൃഷ്ടികളാണ് എന്ന് പ്രഖ്യാപിക്കുകയുണ്ടായി. സോവിയറ്റ് യൂണിയനിൽ 1920 കാലത്ത് ഉയർന്നുവന്ന പല സാഹിത്യകലാപ്രസ്ഥാനങ്ങളിലൊന്നിന്റെ പേര് 'ഫ്യൂച്ചറിറ്റ്സ്' എന്നായിരുന്നു. അതായത് ഭാവിയിലേക്ക് ഉറ്റുനോക്കി പഴമയെ തിരസ്കരിക്കുന്ന പ്രസ്ഥാനം എന്നർത്ഥം. അവരും കേശവദേവിനെപ്പോലെ മുൻകാലവർഗ്ഗസമൂഹത്തിന്റെ സൃഷ്ടികളെ ചുട്ടുകരിക്കണമെന്ന അഭിപ്രായക്കാരായിരുന്നു. ഇത്തരം വാദങ്ങളെക്കുറിച്ച് ദാമോദരൻ നൽകുന്ന വിശദീകരണം കാണുക:

> "1953 മാർച്ചുമാസത്തിൽ ദൽഹിയിൽവെച്ചു കൂടിയ അഖിലേന്ത്യാ പുരോഗമനസാഹിത്യസമ്മേളനം പാസ്സാക്കിയ മാനിഫെസ്റ്റോവിൽ ഇങ്ങനെ ഒരു ഭാഗമുണ്ട്:
>
> 'തങ്ങളുടെ ദേശീയപാരമ്പര്യത്തിനു ഭൂഷണമായവിധത്തിൽ കലാസാഹിത്യാദികൾ വളരണമെന്നാണ് ഇന്ത്യൻ ജനതയുടെ അഭിലാഷം. ദേശാഭിമാനികളായ എല്ലാ കലാകാരന്മാരും സാഹിത്യകാരന്മാരും ന്യായമായ ഈ ജനകീയാഭിലാഷനിർവ്വഹണത്തിനായി യത്നിക്കുന്നു. മഹനീയമായ ഈ സാംസ്കാരികപൈതൃകത്തിൽ മഹത്തരവും മനോഹരവുമായ സർവ്വത്തിനേയും അവർ തങ്ങളുടെ നിർമ്മാണാത്മകമായ പരിശ്രമങ്ങൾകൊണ്ട് പോഷിപ്പിക്കാനും അധഃപതനോന്മുഖവും അസത്യവുമായ സകലതിനേയും നിർമ്മാർജ്ജനം ചെയ്യാനും അവർ ആഗ്രഹിക്കുന്നു.'
>
> ഇന്ത്യയിലെ ജനങ്ങൾക്ക് ദേശീയമായ ഒരു സാംസ്കാരികപൈതൃകമുണ്ടെന്ന വാദം ആർ. എസ്. എസ്സുകാരുടേയും ഹിന്ദുമഹാസഭക്കാരുടേയും ആർഷസംസ്കാരവാദമാണെന്നും അതുകൊണ്ട് പുരോഗമനസാഹിത്യസമ്മേളനത്തിൽ പങ്കെടുത്ത കമ്മ്യൂണിസ്റ്റുകാർ പിന്തിരിപ്പന്മാരാണെന്നുംമറ്റും ഒരു ലേഖകൻ അഭിപ്രായപ്പെടുകയുണ്ടായി. (കൗമുദി, 1953 ഏപ്രിൽ 20-ാം ലക്കം നോക്കുക.)

രാമായണവും ഭാരതവും ചുട്ടുകരിക്കണമെന്നും പഴയതിനെയെല്ലാം നിഷേധിക്കണമെന്നുമുള്ള പഴഞ്ചൻവാദത്തിന്റെ അവശിഷ്ടങ്ങൾ അവിടേയും ഇവിടേയുമായി ഇന്നും നിലനിൽക്കുന്നുണ്ടെന്നാണിത് കാണിക്കുന്നത്.

ഫ്യൂഡലിസത്തിലോ മുതലാളിത്തത്തിലോ ഉണ്ടായ സാഹിത്യഗ്രന്ഥങ്ങളെല്ലാം ചുട്ടുകരിക്കണമെന്ന ആശയം പുറമേക്കു നോക്കുമ്പോൾ വിപ്ലവകരമായിത്തോന്നിയേക്കാം. പക്ഷേ, യഥാർത്ഥത്തിലത് ഫ്യൂഡലിസത്തേയും മുതലാളിത്തത്തേയുമല്ല, മനുഷ്യത്വത്തേയും സംസ്കാരത്തേയുമാണ് നിഷേധിക്കുന്നത്. സാംസ്കാരികപൈതൃകത്തിലെ മഹത്തരവും മനോഹരവുമായ ഘടകങ്ങളെപ്പോലും എതിർക്കുന്നവർ യഥാർത്ഥത്തിൽ ഭൂതത്തോടല്ല ഭാവിയോടാണ് യുദ്ധം വെട്ടുന്നത്. എന്തുകൊണ്ടെന്നാൽ, മനുഷ്യസമുദായത്തിന് ഇതേവരെയുണ്ടായിക്കഴിഞ്ഞിട്ടുള്ള നേട്ടങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ ഭാവി കെട്ടിപ്പടുക്കാൻ കഴിയില്ല.

ഒരു വയസ്സുപോലും പ്രായമാവാത്ത പിഞ്ചുകുട്ടി 'അമ്മേ' എന്നു വിളിച്ചുകൊണ്ട് ഭാഷയുപയോഗിക്കാൻ തുടങ്ങുന്നു. 'അമ്മ' എന്ന വാക്ക് മുതലാളിത്തകാലഘട്ടത്തിൽ മാത്രമല്ല, ഫ്യൂഡലിസത്തിലും അടിമത്ത കാലഘട്ടത്തിലും ഉപയോഗിക്കപ്പെട്ടുപോന്ന ഒരു വാക്കാണ്. അക്കാരണം കൊണ്ട് 'അമ്മ'യ്ക്കു പകരം മറ്റെന്തെങ്കിലും വാക്കുപയോഗിക്കണമെന്ന് ആരെങ്കിലും പറയുമോ? ഇതേവരെ നിലനിന്നുപോന്നിട്ടുള്ള ഭാഷയുപയോഗിക്കാതെ ഏതു സാഹിത്യകാരനാണ് സാഹിത്യം സൃഷ്ടിക്കാൻ കഴിയുക? ഏറ്റവും പ്രതിഭാശാലിയായ സാഹിത്യകാരനുപോലും നൂറ്റാണ്ടുകൾക്കു മുമ്പുമുതൽക്കേ പ്രചരിച്ചുപോന്നിട്ടുള്ള വാക്കുകളുപയോഗിക്കാതിരിക്കാൻ വയ്യ. അയാളുടെ രചനാസൗഷ്ഠവവും സൗന്ദര്യബോധവും ഭാവനയുമെല്ലാം സംസ്കാരത്തിന്റേയും സാഹിത്യത്തിന്റേയും നീണ്ട കാലത്തെ വികാസ ചരിത്രവുമായി ബന്ധപ്പെട്ടതാണ്."

കല കലയ്ക്കുവേണ്ടിയോ?

1937-ൽ ജീവൽസാഹിത്യസംഘം എന്ന പേരിൽ പുരോഗമനസാഹിത്യസംഘടന രൂപംകൊണ്ട കാലംമുതൽ രൂക്ഷമായ വാദപ്രതിവാദത്തിന് ഇടയായ വിഷയമാണ് 'കല കലയ്ക്കുവേണ്ടി' എന്ന യാഥാസ്ഥിതികരുടെ നിലപാട്. കല കലയ്ക്കുവേണ്ടിയല്ല സമൂഹത്തിനുവേണ്ടിയാണെന്ന് പുരോഗമനപക്ഷം തിരിച്ചടിച്ചു. ദാമോദരന്റെ ഈ പുസ്തകത്തിലെ അവസാന അധ്യായമായ 'സാഹിത്യത്തിന്റെ പ്രയോജനം' ആരംഭിക്കുന്നത് ഈ പ്രശ്നം ചർച്ചചെയ്തുകൊണ്ടാണ്. 'കല കലയ്ക്കുവേണ്ടി'യെന്ന പ്രയോഗംതന്നെ അസംബന്ധമാണ്. അത് 'വിളക്ക് വിളക്കിനുവേണ്ടി' എന്നും ഭക്ഷണം ഭക്ഷണത്തിനുവേണ്ടി എന്നും പറയുന്നതുപോലെ യുക്തിരഹിതമാണ് എന്നും

ദാമോദരൻ പറയുന്നു. ചിലർ പറയുന്നത് കല ആനന്ദത്തിനുവേണ്ടിയാണെന്നത്രേ. അത് അപ്പാടെ അസംബന്ധമല്ല. കഥവായിക്കുന്നതും നാടകം കാണുന്നതും കവിത ചൊല്ലുന്നതും നമുക്ക് ആനന്ദം തരുന്നുവെന്നത് വാസ്തവം. പക്ഷേ, ആനന്ദം തരുന്ന മറ്റു പലതുമില്ലേ എന്ന് ദാമോദരൻ ചോദിക്കുന്നു. മൃഷ്ടാന്നമായ ഭോജനം ആനന്ദം പ്രദാനംചെയ്യും. ചിലർക്ക് മദ്യപാനം ആനന്ദം നൽകുന്നു. മറ്റുചിലർക്ക് അധ്വാനിക്കുന്നവനെ ചൂഷണംചെയ്തോ അധാർമ്മികമായ നടപടികൾകൊണ്ട് സ്വത്തു സമ്പാദിക്കുന്നതിലോ ആയിരിക്കും ആനന്ദമുണ്ടാവുക. ദേശാഭിമാനികൾക്ക് രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി സമരംചെയ്ത് പീഡനങ്ങൾ അനുഭവിക്കുന്നത് ആനന്ദകരമായിരിക്കും. അപ്പോൾപ്പിന്നെ സാഹിത്യത്തിലെ ആനന്ദവാദം സാഹിത്യനിർവ്വചനത്തെ എങ്ങനെയാണ് സഹായിക്കുക? ദാമോദരൻ പറയുന്നു:

> "ജനങ്ങളെ സദാചാരനിരതരും ധർമ്മിഷ്ഠരുമാക്കുകയാണ് സാഹിത്യത്തിന്റെ പ്രയോജനം എന്ന് ചിലർ പറയുന്നു. ഒരർത്ഥത്തിൽ ഇത് ശരിയാണ്. പക്ഷേ, എന്താണീ സദാചാരമെന്നുവെച്ചാൽ? ഒരുകാലത്ത് സദാചാരമായിരുന്നത് മറ്റൊരു കാലഘട്ടത്തിൽ ദുരാചാരമായിത്തീരുന്നില്ലേ? ഒരേ സമുദായത്തിൽത്തന്നെ ഒരു ജനവിഭാഗത്തിന്നു ധർമ്മമായിത്തോന്നുന്നത് മറ്റൊരു ജനവിഭാഗത്തിന്റെ ദൃഷ്ടിയിൽ അധർമ്മമായിത്തോന്നുന്നില്ലേ? ഉദാഹരണത്തിന്ന്, ജന്മിയുടെ അഭിപ്രായത്തിൽ പാട്ടം ശരിക്ക് അടച്ചുതീർക്കുക എന്നതാണ് കൃഷിക്കാരന്റെ ധർമ്മം. നേരെമറിച്ച്, കൃഷിക്കാരന്റെ അഭിപ്രായത്തിൽ മറ്റുള്ളവരുടെ അദ്ധ്വാനഫലം കവർന്നുതിന്നുന്ന ജന്മി അക്രമം പ്രവർത്തിക്കുന്നവനാണ്. ഭരണാധികാരികളുടെ ദൃഷ്ടിയിൽ ഭരണകൂടത്തിന്നെതിരായ ജനങ്ങളുടെ ഏതു പ്രവർത്തനവും ഹിംസയാണ്. മർദ്ദിതരായ ജനസമൂഹങ്ങളുടെ അഭിപ്രായത്തിലാകട്ടെ, ഭരണകൂടംതന്നെ ഹിംസയാണ്.
>
> അപ്പോൾ, സാഹിത്യത്തിന് ധർമ്മബോധവും സദാചാരബോധവുമുണ്ടാകുന്നു എന്നു പറഞ്ഞാൽ അതുകൊണ്ട് സാഹിത്യത്തിന്റെ സവിശേഷമായ പ്രയോജനമെന്താണെന്നു മനസ്സിലാക്കാനാവില്ല.
>
> സാഹിത്യവിദ്യയുടെ ലക്ഷ്യം ജ്ഞാനലബ്ധിയാണ്, മനസ്സംസ്കാരമാണ്. സാഹിത്യപരിശീലനം ചെയ്യുന്ന വ്യക്തിയുടെ അന്തഃകരണവൃത്തികളിൽ സർവ്വതോമുഖമായ ഒരു ശുദ്ധികർമ്മംനടത്തലാണ് എന്നു പറയുന്നവരുണ്ട്. ഒരർത്ഥത്തിൽ ഇതും ശരിയാണ്. പുസ്തകം വായിച്ചാൽ ജ്ഞാനമുണ്ടാവും. പക്ഷേ, എന്തിനെപ്പറ്റിയുള്ള ജ്ഞാനം? എന്തിനാണാ ജ്ഞാനം? സാഹിത്യത്തിൽനിന്ന് ജ്ഞാനം ലഭിക്കുന്നു എന്നു പറഞ്ഞാൽ അതുകൊണ്ടുമാത്രം സാഹിത്യത്തിന്റെ സവിശേഷമായ പ്രയോജനമെന്താണെന്നു മനസ്സിലാക്കാൻ കഴിയില്ല."

ഇത്തരുണത്തിൽ 'കല കലയ്ക്കുവേണ്ടി' എന്ന വാദത്തിന്റെ ഉത്ഭവവും വളർച്ചയും അല്പം പരിശോധിക്കേണ്ടതുണ്ട്. 'കല കലയ്ക്കു വേണ്ടി' എന്ന വാദം 19-ാം നൂറ്റാണ്ടിന്റെ അവസാനപാദത്തിൽ ഇംഗ്ലീഷ് സാഹിത്യചിന്തക

നായ വാൾട്ടർ പീറ്റർ തുടങ്ങിയ ചിലർ ഉന്നയിച്ചതാണ്. അതുന്നയിക്കുന്ന സന്ദർഭത്തിൽ പില്ക്കാലത്ത് യാഥാസ്ഥിതികർ ഈ മുദ്രാവാക്യത്തെ കലയുടെ സാമൂഹ്യനിരപേക്ഷത എന്ന വിവക്ഷയില്ലായിരുന്നു. കല രാജാവിനുവേണ്ടി തുടങ്ങിയ അക്കാലത്തെ യാഥാസ്ഥിതികചിന്തയ്ക്ക് മറുമരുന്നായിട്ടാണ് വാൾട്ടർ പീറ്ററും മറ്റും ഈ മുദ്രാവാക്യം ഉയർത്തിയത്. ദാമോദരൻ തുടർന്ന് വിവരിക്കുന്നതുപോലെ ചിലപ്പോൾ കലാസ്രഷ്ടാവ് ഉദ്ദേശിക്കുന്നതിന് വിപരീതമായും അതിന്റെ ഫലം അല്ലെങ്കിൽ അർത്ഥം ആവിഷ്കൃതമായേക്കും. പുരോഗമനവാദമാണെന്നു ധരിച്ച് ചിലരെഴുതുന്നത്, അവരറിയാതെ പശ്ചാദ്ഗമനത്തിലേക്ക് വഴുതിവീണേക്കും. നേരെമറിച്ചു മാകാം. പഴയകാലത്തെ പരിവർത്തനങ്ങൾക്ക് അല്ലെങ്കിൽ വിപ്ലവങ്ങൾക്ക് സഹായകമായ സാഹിത്യകലാസൃഷ്ടികൾ ആധുനികകാലത്തെ പരിവർത്തനങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രയോജനകരമായ ഘടകങ്ങൾകൂടി ഉൾക്കൊണ്ടിരിക്കും. അതുകൊണ്ടാണ് നേരത്തെ നാം കണ്ടതുപോലെ ഉത്തമ സാഹിത്യകലാസൃഷ്ടികൾ കാലാതിവർത്തിയാകുന്നത്. ദാമോദരൻ സാഹിത്യത്തിലെ ആനന്ദാംശത്തെ അംഗീകരിച്ചുകൊണ്ടുതന്നെ ജ്ഞാനാംശത്തെയും (Cognitive element) ഉയർത്തിപ്പിടിക്കുന്നു. എന്താണ് സാഹിത്യം എന്ന പുസ്തകത്തിലെ അവസാന അധ്യായം ഇപ്രകാരമാണ് അദ്ദേഹം ഉപസംഹരിക്കുന്നത്.

"സാഹിത്യം ജനങ്ങളുടെ വൈകാരികവും മാനസികവുമായ മണ്ഡലങ്ങളിൽ മാറ്റങ്ങളുണ്ടാക്കുന്നു. പ്രകൃതിയെപ്പറ്റിയും സാമൂഹ്യയാഥാർത്ഥ്യങ്ങളെപ്പറ്റിയുമുള്ള അവരുടെ ബോധത്തെ ഉയർത്തുന്നു. അവരുടെ വിവേചനാശക്തിയെ മൂർച്ചിപ്പിക്കുന്നു. അവരുടെ അനുഭവങ്ങൾക്കു മാറ്റു കൂട്ടുന്നു. ഈ അർത്ഥത്തിൽ എല്ലാ സാഹിത്യങ്ങൾക്കും വിദ്യാഭ്യാസപരമായ ഒരു പ്രയോജനമുണ്ട്—മനുഷ്യന്റെ സാമൂഹ്യ ബോധത്തിൽ മാറ്റമുണ്ടാക്കുക എന്ന പ്രയോജനം.

സാഹിത്യകാരൻ തന്റെ ഭാവനയുപയോഗിച്ചുകൊണ്ടാണ് പ്രകൃതിയേയും സാമൂഹ്യയാഥാർത്ഥ്യങ്ങളേയും പ്രതിഫലിപ്പിക്കുന്നത്. ഭാവനയാകട്ടെ, സാഹിത്യകാരന്റെ സാമൂഹ്യാനുഭവങ്ങളേയും വർഗ്ഗബന്ധങ്ങളേയും ആശ്രയിച്ചിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, സാഹിത്യകാരന്റെ സാമൂഹ്യജീവിതചിത്രീകരണങ്ങളിൽ അയാളുടെ അനുഭവങ്ങളിൽനിന്നും വർഗ്ഗബന്ധങ്ങളിൽനിന്നും ഉളവായ ജീവിതനിരീക്ഷണരീതികൂടി കാണപ്പെടാതിരിക്കില്ല. ഓരോ സാഹിത്യകാരനും അയാളുടെ വ്യക്തിപരമായ ആഗ്രഹങ്ങൾക്കും അഭിലാഷങ്ങൾക്കും നീതിബോധങ്ങൾക്കുമനുസരിച്ചാണ് സാമൂഹ്യയാഥാർത്ഥ്യങ്ങളെ സമീപിക്കുന്നത്. സ്വന്തമായ യാതൊരു നിലപാടുമെടുക്കാതെ, ജീവനുള്ള യാഥാർത്ഥ്യചിത്രീകരണങ്ങൾ നിർമ്മിച്ച ഒരു സാഹിത്യകാരനെ വിശ്വസാഹിത്യത്തിലൊരിടത്തും കാണാൻ കഴിയില്ല.

ചില സാഹിത്യകാരന്മാർ നിലവിലുള്ള സാമൂഹ്യസ്ഥിതിയെ അതേപടി നിലനിർത്തണമെന്നാഗ്രഹിക്കുന്നവരായിരിക്കും. അത്തരക്കാർ

സാമൂഹ്യയാഥാർത്ഥ്യങ്ങളെ മാറ്റിമറിക്കാൻ ശ്രമിക്കുന്നവരോട് പുച്ഛവും വെറുപ്പും പ്രകടിപ്പിക്കുന്ന സാഹിത്യങ്ങളുണ്ടാക്കുന്നു.

ചില സാഹിത്യകാരന്മാർ നിലവിലുള്ള സാമൂഹ്യയാഥാർത്ഥ്യങ്ങളിൽ അസംതൃപ്തിയുള്ളവരായിരിക്കും. അത്തരക്കാർ അറിഞ്ഞോ അറിയാതെയോ സാമൂഹ്യയാഥാർത്ഥ്യങ്ങളെ മാറ്റിമറിക്കാനുള്ള പരിശ്രമങ്ങൾക്ക് പ്രോത്സാഹനവും പ്രചോദനവും നൽകുന്ന സാഹിത്യകൃതികൾ രചിക്കും.

മറ്റുചില സാഹിത്യകാരന്മാർ ഒരേ സമയത്തുതന്നെ നിലവിലുള്ള സാമൂഹ്യയാഥാർത്ഥ്യങ്ങളെ വെറുക്കുകയും പക്ഷേ, അതിനേക്കാളധികം മാറ്റങ്ങളേയും പരിവർത്തനങ്ങളേയും ഭയപ്പെടുകയുംചെയ്യുന്നവരായിരിക്കും. അത്തരക്കാർ നിഷ്പക്ഷതയുടേയും അയഥാർത്ഥമായ സ്വാതന്ത്ര്യബോധത്തിന്റേയും വ്യാമോഹങ്ങളിൽ സ്വയം കുടുങ്ങിക്കിടന്നുകൊണ്ട് ഒരേ സമയത്തുതന്നെ പുരോഗമനവാദികളേയും പിന്തിരിപ്പന്മാരേയും എതിർക്കുകയും ജനങ്ങൾക്കിടയിൽ നിരാശതയും അവിശ്വാസവും പരത്തുകയുംചെയ്യുന്ന സാഹിത്യങ്ങളുണ്ടാക്കും."

സൗന്ദര്യശാസ്ത്രം: വികാസം

ഈ ലേഖകന്റെ കൈവശമുള്ള ഈ പുസ്തകത്തിന്റെ മൂന്നാം പതിപ്പിന്റെ പ്രസിദ്ധീകരണം 1979 നവംബർ ആണ്. ആദ്യപതിപ്പ് 1958-ലാണ് എന്നു കാണുന്നു. അപ്പോഴേക്കും ദാമോദരൻ നിര്യാതനായിരുന്നു. ഈ പുസ്തകത്തിന്റെ ഒന്നാംപതിപ്പ് 1958 ആയപ്പോഴേക്കും മാർക്സിസ്റ്റ് സാഹിത്യസിദ്ധാന്തങ്ങളിൽ പുതിയ ചില ചക്രവാളങ്ങൾ തുറന്നുകൊണ്ടുള്ള പുസ്തകങ്ങൾ ലഭിക്കാൻ തുടങ്ങിയിരുന്നു. ഹംഗറിക്കാരനായ ഗ്യോർഗ്ഗി ലൂക്കാച്ച് അവരിൽ പ്രമുഖനാണ്. 1940-ൽ ഫാസിസത്തിന്റെ ക്രൂരതകളിൽനിന്ന് രക്ഷപ്പെടാൻ ജർമ്മനി വിട്ടു പോകുന്നതിനിടയിൽ നിര്യാതനായ വാൾട്ടർ ബെഞ്ചമിൻ മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രത്തിന് വളരെ വിലപ്പെട്ട സംഭാവനകൾ ചെയ്തിട്ടുണ്ട്. അതുപോലെതന്നെ സൃഷ്ടിയിലും സിദ്ധാന്തത്തിലും യുഗപ്രഭാവനായ ജർമ്മൻ നാടകകൃത്ത് ബെർത്തോൾഡ് ബ്രഹ്ത് നാടകസങ്കല്പങ്ങളിൽ എന്നപോലെ മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രത്തിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. മറ്റൊരു ജർമ്മൻചിന്തകനായ ആർനോൾഡ് ഹൗസർ അദ്ദേഹത്തിന്റെ 'കലയുടെ സാമൂഹ്യചരിത്രം' എന്ന കൃതിയിൽ മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം വികസിപ്പിച്ചിട്ടുണ്ട്. സ്പെയിൻകാരനാണെങ്കിലും ജീവിതത്തിന്റെ ഭൂരിഭാഗവും ഫ്രാൻസിൽ ചെലവഴിച്ച പാബ്ലോ പിക്കാസോ വിശ്വചിത്രകലയുടെ ചരിത്രത്തിലെ അത്ഭുതപ്രഭാവനാണ്. ഫ്രഞ്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ മരണംവരെ അംഗവുമായിരുന്നു അദ്ദേഹം. മാർക്സിസ്റ്റ് കലാസിദ്ധാന്തത്തെക്കുറിച്ച് ഒന്നും എഴുതിയിട്ടില്ലെങ്കിലും വരകൾകൊണ്ടും വർണ്ണങ്ങൾകൊണ്ടും അദ്ദേഹം സിദ്ധവൽക്കരിച്ചത് മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രത്തിന്റെ പുത്തൻമേഖലകളാണ്. ഇവയൊന്നും ദാമോദരന്റെ ശ്രദ്ധയിൽപ്പെട്ടതായി തോന്നുന്നില്ല. 1962-ൽ അദ്ദേഹം

പ്രസിദ്ധീകരിച്ച 'സാഹിത്യനിരൂപണം' എന്ന കൃതിക്കുശേഷം തത്ത്വചിന്തയിലും ചരിത്രത്തിലും മറ്റും കൂടുതൽ ശ്രദ്ധപതിപ്പിച്ചതുകൊണ്ടാകാം ഈ പുതിയ ചിന്താമണ്ഡലങ്ങളിലേക്കൊന്നും അദ്ദേഹം പ്രവേശിക്കാതിരുന്നത്.

'എന്താണ് സാഹിത്യം' എന്ന കൃതിതന്നെ സാധാരണക്കാർക്ക് അനായാസം സിദ്ധാന്തങ്ങൾ പ്രസംഗത്തിലും സ്റ്റഡിക്ലാസ്സുകളിലും ആകർഷകവും ലളിതവുമായ രീതിയിൽ ദാമോദരൻ പറഞ്ഞുകൊടുക്കാറുള്ള ശൈലിയിലാണ്. എൻ. ഇ. ബാലറാമിന്റെ 'മാർക്സിയൻ സൗന്ദര്യശാസ്ത്രം' (ചിന്ത 1996) എന്ന ശ്രദ്ധേയമായ ലഘുഗ്രന്ഥത്തിലെ ആവിഷ്കാരശൈലി ദാമോദരന് അന്യമല്ലെങ്കിലും ഈ പുസ്തകത്തിൽ അത്തരം കഴിവുകളൊന്നും പ്രകടമാകുന്നില്ല. 1962-ൽ പ്രസിദ്ധീകരിച്ച 'സാഹിത്യനിരൂപണം' എന്ന ദാമോദരന്റെ പുസ്തകം വഴിയേ നമുക്ക് പരിശോധിക്കാം.

12. ജീവത്സാഹിത്യം

"സ്വാഭാവികമായ ആഭ്യന്തരപ്രചോദനത്തിന്റെയും വിദേശ സാഹിത്യപ്രസക്തിയുടെയും ഫലമായി മലയാളസാഹിത്യത്തിൽ അടുത്തകാലത്ത് ആവിർഭവിച്ചിട്ടുള്ള ഒരു പ്രസ്ഥാനവിശേഷമാണ് 'ജീവത്സാഹിത്യം'.

"ഏതു സാഹിത്യത്തിലേയും പ്രതിഭാശാലികളായ ആദികവികൾ അവരുടെ കൃതികളിൽ പ്രകാശിപ്പിച്ചിട്ടുള്ള ലോകം അവരുടെ കാല ത്തുണ്ടായിരുന്നതുതന്നെയാണ്. അഥവാ, അതിനു കുറച്ചു മുമ്പുണ്ടായി രുന്നതായിരിക്കാം. എങ്ങനെയെങ്കിലും ആ ലോകം അവരുടെകാലത്തു സജീവമായിട്ടുള്ളതുതന്നെ ആയിരിക്കണമെന്നുള്ളത് നിസ്സംശയമത്രെ. എന്നാൽ അനന്തരകാലങ്ങളിലെ കവികൾ എന്തുകൊണ്ടാണ് അവരവരുടെ കാലങ്ങളിലുള്ള സജീവലോകത്തെക്കുറിച്ചെഴുതുന്നതിൽ വിമുഖരായിത്തീർന്നത്? സാഹിത്യത്തിലെ പ്രതിപാദ്യവിഷയമെന്ന നിലയിൽ അനുവാചകന്മാരെ ആഹ്ലാദിപ്പിക്കുന്നതിനും വിജ്ഞന്മാരാ ക്കിത്തീർക്കുന്നതിനുമുള്ള ശക്തി പഴയകാലങ്ങൾക്കു മാത്രമാണുള്ള തെന്ന് ഒരിക്കലും പറയാവുന്നതല്ല. നേരെമറിച്ച് ജീവിതായോധനത്തിൽ പിന്തിരിഞ്ഞോടിപ്പോകാതെ യാഥാർത്ഥ്യങ്ങളോട് യഥോചിതം ഇണങ്ങിയും പിണങ്ങിയും പെരുമാറുന്നവർക്ക് സമകാലികമായ ലോകഗതിയിലല്ലയോ അധികം താല്പര്യമുണ്ടായിരിക്കുക? സാഹി ത്യത്തിൽ പ്രതിപാദിക്കപ്പെടുവാൻ വേണ്ടുന്ന വൈചിത്ര്യവും അതിനു ധാരാളമുണ്ടുതാനും. ഇതിനൊക്കെ പുറമേ, അവനവന്റെ അടുത്ത ചുറ്റു പാടുകളെ സൂക്ഷ്മമായി ഗ്രഹിച്ചതിനുശേഷമല്ലയോ കാലദേശവിഷ യങ്ങളിൽ വിദൂരസ്ഥങ്ങളായവയെ ഗ്രഹിക്കാൻ നോക്കേണ്ടത്? ഇങ്ങനെ എന്തുകൊണ്ടു നോക്കിയാലും കവികൾ സമകാലികമായ ലോകത്തി ലേക്ക് തങ്ങളുടെ പ്രതിഭയാകുന്ന സൂക്ഷ്മദർശിനി (ഭൂതക്കണ്ണാടി— Microscope) തിരിക്കുന്നതു സ്പൃഹണീയംതന്നെയാകുന്നു. അങ്ങനെ ചെയ്താൽ മാത്രമേ യഥാർത്ഥമായ ഒരു കേരളീയസാഹിത്യത്തെ പുഷ്ടിപ്പെടുത്തുവാൻ മലയാളകവികൾക്കു സാധിക്കുകയുള്ളൂ" (സാഹിത്യനിഷ്കുടം, അക്കാദമിപ്പതിപ്പ്, പുറം 25,26).

മലയാളസാഹിത്യചരിത്രത്തിൽ ഒരു വഴിത്തിരിവുണ്ടാക്കിയ ദിവസമായിരുന്നു 1937 മെയ് 8. അന്നാണ് തൃശ്ശൂരിൽവച്ച് പിൽക്കാലത്ത് പുരോഗമന സാഹിത്യസംഘം എന്ന പേരിൽ വികസിപ്പിക്കപ്പെട്ട ജീവത്സാഹിത്യസംഘം രൂപംകൊണ്ടത്. അതിന്റെ പ്രചോദനം 1936-ൽ ഹിന്ദിസാഹിത്യസമ്രാട്ടായ ധനപതിറോയി (1880-1937) എന്ന മുൻഷി പ്രേംചന്ദിന്റെ അധ്യക്ഷതയിൽ ലഖ്നൗവിൽ ചേർന്ന അഖിലേന്ത്യാ പുരോഗമന സാഹിത്യസംഘത്തിന്റെ (ആൾ ഇന്ത്യാ പ്രോഗ്രസീവ് റൈറ്റേഴ്സ് അസോസിയേഷൻ) പ്രഥമയോഗം ആയിരുന്നു. കാശിവിദ്യാപീഠത്തിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾത്തന്നെ ദാമോദരൻ പ്രേംചന്ദുമായും അദ്ദേഹം നടത്തിവന്ന 'ഹംസ്' എന്ന മാസികയുമായും ബന്ധപ്പെട്ടിരുന്നു. 'ഹംസ്' മാസികയ്ക്ക് ദാമോദരൻ ലേഖനങ്ങളും വിവർത്തനങ്ങളും നൽകുകയുണ്ടായിരുന്നു. 1936-ലെ പുരോഗമനസാഹിത്യസംഘത്തിന്റെ സ്ഥാപകയോഗം നടന്നത് ആ വർഷം ലഖ്നൗവിൽ ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ ചേർന്ന കോൺഗ്രസ് വാർഷികസമ്മേളനത്തിന്റെ പന്തലിൽത്തന്നെ ആയിരുന്നു. നെഹ്റുവിന്റെ അദ്ധ്യക്ഷപ്രസംഗം സോഷ്യലിസത്തോടു കൂറു പ്രഖ്യാപിക്കുന്ന ഉജ്ജ്വലമായ ഒരു പ്രകടനമായിരുന്നു. പ്രേംചന്ദിന്റെ സാഹിത്യലക്ഷ്യങ്ങളുമായി പൊരുത്തപ്പെടുന്നതായിരുന്നു നെഹ്റു അവതരിപ്പിച്ച രാഷ്ട്രീയ പരിപ്രേക്ഷ്യം. നെഹ്റുവിനു പുറമേ മറ്റൊരു കോൺഗ്രസ് നേതാവും കവയിത്രിയുമായിരുന്ന സരോജിനി നായിഡു, വിശ്വമഹാകവി ടാഗോർ തുടങ്ങിയവരുടെ ആശീർവ്വാദവും സമ്മേളനത്തിനുണ്ടായിരുന്നു. കേരളത്തിൽനിന്ന് ഈ സമ്മേളനത്തിൽ പങ്കെടുത്തത് കെ. ദാമേദരനും, എ. മാധവനും ആയിരുന്നു. ഇപ്പോൾ മിക്കവാറും വിസ്മൃതിയിലാണ്ട മാധവൻ എഴുത്തുകാരനും വിവർത്തകനും കമ്മ്യൂണിസ്റ്റുകാരനും ആയിരുന്നു. തൃശ്ശൂരിൽവച്ചു നടന്ന ജീവത്സാഹിത്യസംഘം സ്ഥാപകസമ്മേളനത്തിന്റെ സംഘാടകരിൽ ഒരാളായിരുന്നു അദ്ദേഹം. ദാമോദരനെയും മാധവനെയും കൂടാതെ ഇ. എം. എസ്. നമ്പൂതിരിപ്പാട്, കെ. കെ. വാര്യർ തുടങ്ങി സാഹിത്യത്തിൽ തൽപരരായിരുന്ന മറ്റു കമ്മ്യൂണിസ്റ്റുകാരും ഈ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. സമ്മേളനത്തിന്റെ മുഖ്യപ്രമേയം തയ്യാറാക്കിയത് ഇ. എം. എസ്. ആയിരുന്നു.

ജീവത്സാഹിത്യസംഘം രൂപീകരിക്കുന്ന കാലയളവിൽ മലയാളത്തിലെ അംഗീകൃതസാഹിത്യരചനാരീതികളും ലക്ഷ്യങ്ങളും—അങ്ങനെ ലക്ഷ്യങ്ങളുണ്ടെങ്കിൽ—എങ്ങനെയായിരുന്നുവെന്ന് ഇ. എം. എസ്. വിവരിക്കുന്നു:

> "കല കലയ്ക്കുവേണ്ടി' എന്ന ന്യായപ്രകാരം ജനങ്ങളുടെ ജീവിതപ്രശ്നങ്ങളുമായി ഒരു ബന്ധവുമില്ലാത്ത കൃതികൾ രചിക്കലാണ് സാഹിത്യകാരന്മാരുടെ കടമ എന്ന ധാരണയാണ് അന്നത്തെ അംഗീകൃത സാഹിത്യകാരന്മാർക്കുണ്ടായിരുന്നത്. അവരിൽ ഭൂരിപക്ഷവും സംസ്കൃതഭാഷയുടെ വ്യാകരണം, അലങ്കാരശാസ്ത്രം, നിരൂപണസിദ്ധാന്തങ്ങൾ എന്നിവയെ ആസ്പദമാക്കി സാഹിത്യത്തിന്റെ മൂല്യം

നിർണ്ണയിച്ചിരുന്നു. ചെറുതെങ്കിലും അടിക്കടി വളർന്നുകൊണ്ടിരിക്കുന്ന മറ്റൊരു വിഭാഗമാകട്ടെ, പാശ്ചാത്യസൗന്ദര്യശാസ്ത്രത്തെയാണ് മിക്കവാറും ആശ്രയിച്ചിരിക്കുന്നത്.

ഈ രണ്ടു വിഭാഗക്കാരും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ 'കല കലയ്ക്കുവേണ്ടി' എന്ന സമീപനം അംഗീകരിച്ചവരാണ്. ഇതിനെതിരായാണ് ആദ്യത്തെ 'ജീവത്സാഹിത്യ'സമ്മേളനം തൃശൂരിൽ കൂടിയത്. രാഷ്ട്രീയമായ വിപ്ലവപരിവർത്തനങ്ങളടക്കം സാമൂഹ്യപുരോഗതി കൈവരുന്നതിനുള്ള ഒരായുധമായാണ് സാഹിത്യാദികലകളെ ഉപയോഗിക്കേണ്ടത് എന്നാണവർ വാദിച്ചത്."

പുരോഗമനപാരമ്പര്യം

ഇ. എം. എസ്. അക്കാലത്തെ അംഗീകൃതസാഹിത്യകാരന്മാരുടെ നിലപാടുകൾ വിവരിച്ചത് ശരിതന്നെയാണ്. എങ്കിലും ഒരു വിശദീകരണം കൂടി ചേർത്തില്ലെങ്കിൽ ചരിത്രപരമായി അത് ശരിയായിരിക്കില്ല.

സാഹിത്യത്തിലോ പൊതുചിന്താസരണികളിലോ ഒരു സംഘടനയുണ്ടാകുന്നതോടുകൂടി പുത്തൻപ്രവണതകൾ ആരംഭിക്കുകയില്ല. സാമൂഹ്യവും ഭൗതികവുമായ സാഹചര്യങ്ങളിൽ ഈ പ്രവണതകൾ നാമ്പിടാൻ തുടങ്ങുമ്പോഴാണ് അതിന് സൈദ്ധാന്തികമായ അടിത്തറ നല്കാനും അതിനെ പോഷിപ്പിക്കാനും സംഘടനകൾ രൂപംകൊള്ളുന്നത്. സാമൂഹ്യപരിവർത്തനത്തെ ത്വരിതപ്പെടുത്താൻ ഗ്രന്ഥകർത്താക്കൾ അറിഞ്ഞോ അറിയാതെയോ നടത്തുന്ന രചനകൾ ജീവത്സാഹിത്യസംഘം രൂപീകരിക്കുന്നതിന് പ്രചോദനം നൽകീട്ടുണ്ട്. 1889-ൽ പ്രസിദ്ധീകരിക്കപ്പെട്ട ഒ. ചന്തുമേനവന്റെ 'ഇന്ദുലേഖ' അക്കാലത്ത് നായർ കൂട്ടുകുടുംബവ്യവസ്ഥയുടെ ദോഷവശങ്ങളിലേക്ക് മലയാളിയുടെ ശ്രദ്ധ തിരിക്കുകയും ബഹുഭാര്യാത്വം, നായർതറവാടുകളിലെ നമ്പൂതിരിസംബന്ധം, മരുമക്കത്തായസമ്പ്രദായം എന്നിവയെ തുറന്നുകാട്ടി പരിഹസിക്കുകയും ചെയ്യുന്നു. പണ്ഡിറ്റ് കറുപ്പന്റെ ചില കൃതികളും ജാതിവ്യത്യാസത്തെ എതിർക്കുന്നവയാണ് (ബാലാകലേശം). കുമാരനാശാന്റെ 'ചണ്ഡാലഭിക്ഷുകി'യും 'ദുരവസ്ഥ'യും ജാതിവ്യവസ്ഥയെ നിശിതമായി വിമർശിക്കുന്നവയാണ്. 1930-ൽ പ്രസിദ്ധീകരിക്കപ്പെട്ട വി. ടി. ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്', തുടർന്നുവന്ന മുത്തിരിങ്ങോട്ട് ഭവത്രാതൻനമ്പൂതിരിപ്പാടിന്റെ 'അപ്ഫന്റെ മകൾ' എന്ന ആഖ്യായിക, എം. പി. ഭട്ടതിരിപ്പാടി(പ്രേംജി)ന്റെ 'ഋതുമതി', എം. ആർ. ഭട്ടതിരിപ്പാടിന്റെ 'മറക്കുടയ്ക്കുള്ളിലെ മഹാനരകം' എന്നിവയും ബോധപൂർവ്വം സാമൂഹ്യപരിഷ്കാരത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി എഴുതിയതാണ്. ജീവത്സാഹിത്യസംഘം രൂപീകരിക്കുന്നതിന് തൊട്ടുമുമ്പിലത്തെ വർഷം ചങ്ങമ്പുഴ കൃഷ്ണപിള്ള എഴുതിയ 'വാഴക്കുല' സാമൂഹ്യപരിഷ്കാരത്തെക്കാൾ ഒരടികൂടി മുന്നോട്ടുപോയി വർഗ്ഗബന്ധത്തെയും ചൂഷണത്തെയും തുറന്നുകാട്ടുന്നു.

നിരൂപണരംഗത്തും ഈവിധത്തിലുള്ള പരിവർത്തനങ്ങൾ വരാൻ തുടങ്ങിയിരുന്നു. അങ്ങനെയുള്ള നിരൂപകരിൽ പ്രമുഖൻ കേസരി ബാലകൃഷ്ണപിള്ളയായിരുന്നു. അദ്ദേഹത്തിന്റെ പല ലേഖനങ്ങളിലും പേരുകേട്ട അവതാരികകളിലും സ്വാതന്ത്ര്യസമരത്തെ പ്രകീർത്തിക്കുന്ന വള്ളത്തോളിന്റെ പല സാഹിത്യമഞ്ജരി കവിതകളും ലക്ഷ്യബോധത്തോടുകൂടി എഴുതിയതാണ്. ഇവയെല്ലാം കണക്കിലെടുത്തുകൊണ്ടാണ് പില്ക്കാലത്ത് പുരോഗമനകലാസാഹിത്യസംഘം അതിന്റെ നയപ്രഖ്യാപനരേഖ ഇപ്രകാരം ആരംഭിക്കുന്നത്:

> "മഹാകവികളും യുഗപ്രഭാവരുമായ കുമാരനാശാന്റെയും വള്ളത്തോളിന്റെയും പിൻതലമുറക്കാരനായ വൈലോപ്പിള്ളി ശ്രീധരമേനോന്റെയും നേതൃത്വത്തിലാണ് 1981-ൽ പുരോഗമനകലാസാഹിത്യസംഘം രൂപംകൊണ്ടത്. വ്യാപകമായ ചർച്ചകൾക്കുശേഷം 1985-ൽ 'കാലഘട്ടത്തിന്റെ വെല്ലുവിളികളും എഴുത്തുകാരും' എന്നൊരു രേഖ സംഘം അംഗീകരിക്കുകയുണ്ടായി. സംഘത്തിന്റെ കാഴ്ചപ്പാടും പ്രവർത്തനപരിപാടികളും അതിൽ ചുരുക്കമായി പ്രതിപാദിച്ചിരുന്നു.
>
> 1937-ൽ രൂപീകരിച്ച ജീവത്സാഹിത്യസംഘം, അത് നവീകരിച്ചും വിപുലീകരിച്ചും 1944-ൽ പുനഃസംഘടിപ്പിച്ച പുരോഗമനസാഹിത്യസംഘം, 1970-കളുടെ ആദ്യം ജന്മമെടുത്ത ദേശാഭിമാനി സ്റ്റഡി സർക്കിൾ എന്നിവയുടെ പാരമ്പര്യം പുരോഗമനകലാസാഹിത്യസംഘം അഭിമാനത്തോടെ പിന്തുടർന്നു. കൂടാതെ സംഘടിതമായും അസംഘടിതമായും പ്രവർത്തിച്ചുപോന്ന മറ്റ് എല്ലാ പുരോഗമനവാദികളുടെയും പ്രസ്ഥാനങ്ങളുടെയും പൈതൃകവും പുരോഗമനകലാസാഹിത്യസംഘം ആദരപൂർവം കൈക്കൊണ്ടു."

സംഘടനാരംഗത്തും ഈ പുരോഗമനപ്രവണത കാണാവുന്നതാണ്. അതുവരെ ആധുനിക മലയാളസാഹിത്യചരിത്രത്തിൽ രണ്ടു പ്രമുഖ സംഘടനകളാണുണ്ടായിരുന്നത്. ആദ്യത്തേത് മലയാള മനോരമ സ്ഥാപകൻ കണ്ടത്തിൽ വർഗ്ഗീസ്മാപ്പിളയുടെ മുൻകൈയിൽ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെയും മറ്റും അനുഗ്രഹാശിസ്സുകളോടെ രൂപീകരിച്ച ഭാഷാപോഷിണി സഭയാണ്. അതോടു ബന്ധപ്പെടുത്തി അദ്ദേഹം ഭാഷാപോഷിണി എന്ന ഒരു സാഹിത്യമാസികയും ആരംഭിച്ചു. പിൽക്കാലത്ത് മാസികയും ഭാഷാപോഷിണിയും നിലച്ചുപോയി (പതിറ്റാണ്ടുകൾക്കുശേഷം പുനരാരംഭിച്ച ഭാഷാപോഷിണി ഇപ്പോഴും നല്ല നിലയിൽ നടന്നുവരുന്നു). ഇപ്പോഴും നടന്നുവരുന്ന സമസ്ത കേരള സാഹിത്യപരിഷത്താണ് മറ്റൊരു സാഹിത്യസംഘടനാസംരംഭം. പ്രധാനമായും യാഥാസ്ഥിതികസാഹിത്യകാരന്മാരുടെ ഒരു കൂട്ടായ്മയാണ് അത്. പണ്ടത്തേതിനെക്കാൾ പുതുമുഖങ്ങൾക്കും പുരോഗമനവാദികൾക്കും അതിൽ ഇപ്പോൾ സ്ഥാനമുണ്ടെങ്കിലും ഒരു വരേണ്യസംഘടനയുടെ ചട്ടക്കൂടാണതിനുള്ളത്.

ഇതിൽനിന്നു വ്യത്യസ്തമായി ചില സംഘടനാശ്രമങ്ങൾ ജീവത്സാഹിത്യസംഘം രൂപീകരിക്കുന്നതിനുമുൻപുതന്നെ നടന്നിരുന്നു. കേരള

ത്തിലെ ആദ്യകാലനേതാക്കളിൽ പ്രമുഖനും കോൺഗ്രസിന്റെ ആദ്യത്തെ ചരിത്രങ്ങളിൽ ഒന്നെഴുതിയ ആളും പിൽക്കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേരുകയും ചെയ്ത മൊയ്യാരത്ത് ശങ്കരൻ 1948-ൽ കോൺഗ്രസ് ഭീകര വാഴ്ചയ്ക്കു കീഴിൽ ജയിലിൽവച്ച് മർദ്ദനംമൂലം രക്തസാക്ഷിയായി. ജീവത്സാഹിത്യസംഘം രൂപീകരിക്കുന്നതിനുമുൻപുതന്നെ താനും പി. കെ. കോരുവും, കെ. ടി. ചന്തുനമ്പ്യാരും മുൻകൈയെടുത്ത് ഒരു യുവജനസാഹിത്യസമ്മേളനം വിളിച്ചുകൂട്ടി പ്രവർത്തനങ്ങൾ ആരംഭിച്ചതായി മൊയ്യാരത്ത് ശങ്കരൻ ആത്മകഥയിൽ വിവരിച്ചിട്ടുണ്ട്. പിന്നീടുണ്ടായ ജീവത്സാഹിത്യസംഘത്തിന്റെ മുന്നോടിയായിട്ടായിരുന്നു ഇത്.

സാർവ്വദേശീയപശ്ചാത്തലം

ലഖ്നൗവിൽവച്ച് പ്രേംചന്ദിന്റെ നേതൃത്വത്തിൽ രൂപീകൃതമായ അഖിലേന്ത്യാ പുരോഗമന സാഹിത്യകാരസംഘടനയ്ക്കും തൃശൂരിൽ ചേർന്ന ജീവത്സാഹിത്യസംഘത്തിനും ഒരു സാർവ്വദേശീയപശ്ചാത്തലമുണ്ട്. 1922-ൽ ബെനിറ്റോ മുസ്സോളിനി ഇറ്റലിയിലും 1933-ൽ അഡോൾഫ് ഹിറ്റ്ലർ ജർമ്മനിയിലും ഫാസിസ്റ്റ്-നാസി സർവ്വാധിപത്യം സ്ഥാപിച്ച് അവരുടെ മേൽക്കോയ്മ മറ്റു രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. 1936-ൽ സ്പെയിനിലെ റിപ്പബ്ലിക്കൻ ജനാധിപത്യസർക്കാരിനെ നാസികളുടെയും ഫാസിസ്റ്റുകളുടെയും സഹായത്തോടെ ജനറൽ ഫ്രാൻസിസ്കോ ഫ്രാങ്കോ അട്ടിമറിച്ച് ഫാസിസം സ്ഥാപിച്ചു. ഫ്രാങ്കോയ്ക്കെതിരെ പടവെട്ടിയ ക്രിസ്റ്റഫർ കോഡ്വെൽ, റാൾഫ് ഫോക്സ്, ലോർക്ക തുടങ്ങിയ പ്രതിഭാശാലികളായ പല സാംസ്കാരികസാഹിത്യകലാകാരന്മാരും ഫാസിസത്തിനെതിരെ പടവെട്ടി ജീവൻ ബലിയർപ്പിച്ചു. ജർമ്മൻകാരായ ബ്രെഹ്തും വാൾട്ടർ ബെഞ്ചമിനും ശാസ്ത്രജ്ഞരായ ആൽബെർട്ട് ഐൻസ്റ്റൈനും മറ്റും നാസിവാഴ്ചയിൽനിന്ന് രക്ഷപ്പെടാൻ നാടുവിട്ടു. പോർത്തുഗലിൽ ഡോ. സലാസർ സർവ്വാധിപതിയായി. ജപ്പാൻ ഈ യൂറോപ്യൻ ഫാസിസ്റ്റുകളുമായി സഹകരിച്ച് ജനാധിപത്യത്തിനും കമ്മ്യൂണിസത്തിനുമെതിരെ പടവെട്ടാൻ ഒരുങ്ങുകയായിരുന്നു. ഈ ഫാസിസ്റ്റ്-സൈനിക സാർവ്വാധിപതികൾ യഹൂദർ തുടങ്ങിയ ന്യൂനപക്ഷങ്ങളെ വംശഹത്യമൂലം നിർമ്മാർജ്ജനം ചെയ്യാൻ ശ്രമിക്കുകയും സാംസ്കാരികനേതാക്കളെയും സാഹിത്യപ്രതിഭകളെയും തടവിലിട്ടും നാടുകടത്തിയും പീഡിപ്പിക്കുകയും ചെയ്തുതുടങ്ങി. അതിനെതിരെ അഖിലലോകാടിസ്ഥാനത്തിൽ പാരീസിൽവച്ച് 1935-ൽ എഴുത്തുകാരുടെയും സാംസ്കാരികപ്രവർത്തകരുടെയും ഒരു സാർവ്വദേശീയസമ്മേളനം ചേർന്നു. റൊമാങ് റൊളാങ്, ഹെൻറി ബർബൂസേ, മാക്സിം ഗോർക്കി, ലൂയി ആരഗൺ തുടങ്ങി സാർവ്വദേശീയപ്രശസ്തിയുള്ള സാഹിത്യസാംസ്കാരികനായകരാണ് ഇതിന് മുൻകൈയെടുത്തത്. യോഗം വിളിച്ചുകൂട്ടാൻ മാക്സിം ഗോർക്കി, ഉണ്ടായിരുന്നുവെങ്കിലും യോഗം നടക്കുമ്പോഴേക്കും രോഗശയ്യയിലായതിനാൽ അദ്ദേഹം പങ്കെടുത്തില്ല.

ഇന്ത്യയിൽനിന്ന് കമ്മ്യൂണിസ്റ്റ് നേതാവും ഉർദുസാഹിത്യകാരനുമായിരുന്ന സജ്ജാദ് സഹിർ പാരീസ്സമ്മേളത്തിൽ പ്രതിനിധിയായിരുന്നു. അക്കാലത്ത് ഇംഗ്ലണ്ടിൽ താമസമാക്കിയിരുന്ന പ്രശസ്ത ഇന്തോ-ആംഗ്ലിയൻ സാഹിത്യകാരൻ ഡോ. മുൽക്‌രാജ് ആനന്ദ് പാരീസിലെ സമ്മേളനത്തിൽ പങ്കെടുത്ത മറ്റൊരു ഇന്ത്യക്കാരനായിരുന്നു.

ഇങ്ങനെ രണ്ടാം ലോകമഹായുദ്ധത്തിലേക്കു ചെന്നെത്തിയ സംഭവവികാസങ്ങൾകൊണ്ട് ലോകരംഗം മുഖരിതമായിരുന്നപ്പോൾ ഇന്ത്യയിലും ചില പുത്തൻസംഭവവികാസങ്ങൾ നടക്കുകയായിരുന്നു. 1936-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പുതിയ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ജവഹർലാൽ നെഹ്രുവിന്റെ രാഷ്ട്രത്തെ കോരിത്തരിപ്പിച്ച സോഷ്യലിസ്റ്റ് നയപ്രഖ്യാപനത്തിന്റെ പുറകിൽ സോവിയറ്റ് യൂണിയന്റെ ക്രമപ്രവൃദ്ധമായ സോഷ്യലിസ്റ്റ് നിർമ്മാണങ്ങളെക്കുറിച്ചുള്ള മതിപ്പ് മറച്ചുവെച്ചില്ല. 1934-ൽ കോൺഗ്രസിലെ സോഷ്യലിസ്റ്റ് ചിന്താഗതിക്കാർ സി. എസ്. പി. രൂപീകരിച്ചതിനെക്കുറിച്ചും ജോഷി ജനറൽ സെക്രട്ടറിയായി ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി പുനഃസംഘടിപ്പിച്ച് നിയമവിരുദ്ധമായി പ്രവർത്തിച്ചുതുടങ്ങിയതും 1935-ലെ ഇന്ത്യൻ ഭരണഘടനാനിയമപ്രകാരമുള്ള പുതിയ പ്രവിശ്യാ സർക്കാരുകൾ നിലവിൽവന്നതുമൊക്കെ നേരത്തേ വിശദമായി ചർച്ചചെയ്തിട്ടുള്ളതാണ്. ഇതിന്റെയെല്ലാം സ്വാധീനം പുരോഗമനസാഹിത്യസംഘത്തിന്റെ ലഖ്നൗ സ്ഥാപകസമ്മേളനത്തിൽ പ്രതിഫലിച്ചിരുന്നതായി പ്രേംചന്ദിന്റെ പ്രഭാഷണങ്ങളും അംഗീകരിച്ച പ്രമേയങ്ങളും വ്യക്തമാക്കുന്നു.

എന്തുകൊണ്ട് ജീവത്സാഹിത്യം?

അഖിലേന്ത്യാ പുരോഗമനസാഹിത്യകാരന്മാരുടെ സംഘടനയുടെ ചുവടുപിടിച്ച് രൂപീകരിക്കപ്പെട്ട കേരളത്തിലെ സംഘടനയ്ക്ക് ജീവത്സാഹിത്യം എന്ന വിശേഷണം വരാൻ കാരണമെന്ത്? ഈ പേര് ഉപയോഗിച്ചതു കാരണം ജീവത്സാഹിത്യവും പുരോഗമനസാഹിത്യവും വ്യത്യസ്തമാണെന്ന തെറ്റിദ്ധാരണപോലും അക്കാലത്ത് പലർക്കുമുണ്ടായിരുന്നതായി ഇ. എം. എസ്. പറഞ്ഞിട്ടുണ്ട്. ഇ. എം. എസ്. സ്ഥാപകയോഗത്തിൽത്തന്നെ ഈ പേര് അത്ര യോജിച്ചതല്ലെന്നും അതിനു പകരം 'മുന്നോക്കി സാഹിത്യ സംഘം' എന്ന പേരായിരിക്കും കൂടുതൽ ഉചിതമെന്നും നിർദ്ദേശിക്കുകയുണ്ടായി. പക്ഷേ, സമ്മേളനപ്രതിനിധികൾക്ക് ഈ പച്ചമലയാളപ്രയോഗം ബാലിശമായി തോന്നി. അഖിലേന്ത്യാ പുരോഗമനസാഹിത്യകാരന്മാരുടെ സംഘടന എന്നർത്ഥം വരുന്ന എ. ഐ. പി. ഡബ്ല്യു. എ.(AIPWA)യ്ക്ക് യോജിച്ചതും ശ്രവണസുഖമുള്ളതുമായ ഒരു വിവർത്തനം അസാധ്യമാണെന്നു തോന്നിയപ്പോൾ മഹാകവി വള്ളത്തോളിന്റെ മകനും സാഹിത്യതൽപരനുമായിരുന്ന സി. ബാലകൃഷ്ണക്കുറുപ്പ് 'ജീവത്സാഹിത്യസംഘം' എന്ന പേര് നിർദ്ദേശിക്കുകയും താൽക്കാലികമായി അത് അംഗീകരിക്കുകയുംചെയ്തു. പഴയ യാഥാസ്ഥിതികസാഹിത്യങ്ങൾ ആസന്നമരണം

നേരിട്ടുകൊണ്ടിരിക്കുമ്പോൾ ഈ പുതിയ സാഹിത്യം ജീവസ്സുള്ളതും വളരുന്നതുമാണെന്നർത്ഥം കിട്ടുമെന്നു കരുതി കുറുപ്പിന്റെ നിർദ്ദേശം അംഗീകരിക്കപ്പെട്ടു.

1940 സെപ്റ്റംബർ 15-ന്റെ സാമ്രാജ്യവിരുദ്ധ പ്രതിഷേധദിനാചരണത്തെത്തുടർന്ന് അന്ന് കെ. പി. സി. സി. സെക്രട്ടറി ആയിരുന്ന ദാമോദരൻ അറസ്റ്റ് ചെയ്യപ്പെട്ട വിവരം നേരത്തെ വിവരിച്ചിരുന്നുവല്ലോ. അതുകൊണ്ട് 1934-ൽ ഷൊർണ്ണൂർവെച്ചു ചേർന്ന ജീവത്സാഹിത്യസമ്മേളനത്തിൽ പങ്കെടുക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. 1944-ലെ ഷൊർണ്ണൂർസമ്മേളനമാണ് ജീവത്സാഹിത്യസംഘമെന്ന പേരുപേക്ഷിച്ച് പുരോഗമനസാഹിത്യസംഘം എന്ന പേര് സ്വീകരിച്ചത്. എ. ഐ. പി. ഡബ്ല്യു. എ.യിലെ 'എഴുത്തുകാർ' എന്ന വാക്ക് ഈ പേരിൽ വന്നില്ലെങ്കിലും ആ അർത്ഥംകൂടി കിട്ടത്തക്ക വിധത്തിലുള്ളതാകയാൽ അത് അംഗീകരിക്കപ്പെട്ടു. ഷൊർണ്ണൂർസമ്മേളനം കേരളത്തിലെ പുരോഗമനസാഹിത്യപ്രസ്ഥാനത്തിലെ വലിയ ഒരു മുന്നേറ്റത്തെയാണ് പ്രതിനിധീകരിച്ചത്. വള്ളത്തോളിന്റെ മൂത്തമകൻ സി. അച്ചുതക്കുറുപ്പ് പുതിയ സെക്രട്ടറിയായി ചുമതലയേൽക്കുകയും സംഘത്തിന്റെ മുഖപത്രമായി 'പുരോഗതി' എന്ന മാസിക ആരംഭിക്കുകയുംചെയ്തു. ജോസഫ് മുണ്ടശ്ശേരി, എം. പി. പോൾ തുടങ്ങിയ പ്രഗല്ഭസാഹിത്യനായകരും വൈലോപ്പിള്ളി ശ്രീധരമേനോനെയും വള്ളത്തോളിനെയും ജി. ശങ്കരക്കുറുപ്പിനെയും പി. കേശവദേവിനെയും തകഴി ശിവശങ്കരപ്പിള്ളയെയും ചങ്ങമ്പുഴയെയുംപോലെ തലയെടുപ്പുള്ള സാഹിത്യകാരന്മാരും അതിൽ പങ്കെടുത്തിരുന്നു. തുടർന്നുള്ള അതിന്റെ പുരോഗതിയും അധോഗതിയും പിളർപ്പും നമുക്ക് പിന്നാലെ പരിശോധിക്കാം.

മാരാർ-സഞ്ജയ കുരിശുയുദ്ധം

ഈ അദ്ധ്യായത്തിന്റെ മുകളിൽ ചേർത്തിരിക്കുന്ന ഉദ്ധരണി വ്യക്തമാക്കുന്നതുപോലെ 'എസ്റ്റാബ്ലിഷ്മെന്റ്' സാഹിത്യകാരന്മാരായി പലരും കരുതിപ്പോന്ന പി. ശങ്കരൻനമ്പ്യാർ, ജോസഫ് മുണ്ടശ്ശേരി, എം. പി. പോൾ തുടങ്ങിയവരുടെ പിന്തുണ പുരോഗമനസാഹിത്യസംഘത്തിന് അപ്രതിരോധ്യമായ ഊർജ്ജം നല്കിയെങ്കിലും എതിരാളികൾ മൗനം ഭജിച്ചില്ല. പുരോഗമനവിരുദ്ധന്മാരുടെ പട്ടികയിലെ ഒന്നാംസ്ഥാനവും രണ്ടാംസ്ഥാനവും കുട്ടികൃഷ്ണമാരാർക്കും എം. ആർ. നായർ എന്ന സഞ്ജയനുമായിരുന്നു. കുട്ടികൃഷ്ണമാരാരുടെ പല അഭിപ്രായങ്ങളെയും ഖണ്ഡിച്ചുകൊണ്ട് ദാമോദരൻ എഴുതിയ മൂർച്ചയുള്ള ലേഖനങ്ങൾ ചിലവയെപ്പറ്റി അദ്ദേഹത്തിന്റെ പിൽക്കാലത്തെ 'എന്താണ് സാഹിത്യം' എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുള്ളത് നാം പരിശോധിച്ചുവല്ലോ.

കുട്ടികൃഷ്ണമാരാർ അദ്ദേഹത്തിന്റെ സ്വന്തമായ യുക്തിയുടെയും വിശ്വാസത്തിന്റെയുമടിസ്ഥാനത്തിൽ ജീവത്സാഹിത്യത്തെ വിമർശിക്കാനാണ് ശ്രമിച്ചത്. എന്നാൽ സഞ്ജയനാകട്ടെ 'ചാവൽസാഹിത്യം' എന്നും

റഷ്യൻ ഇറക്കുമതിയെന്നും മറ്റും വിശേഷിപ്പിച്ച് ഒരുതരം ലാഘവബുദ്ധിയോടെ പുരോഗമനസാഹിത്യത്തെ അധിക്ഷേപിക്കാനാണ് മുതിർന്നത്. ജീവത്സാഹിത്യകാരന്മാരെ ദാമോദരോവ്സ്കി എന്നും മറ്റും സംസ്കാരശൂന്യമായി വിളിച്ച് ഈ സാഹിത്യവിപ്ലവപ്രവണതയെ പരാജയപ്പെടുത്താമെന്നാണ് അദ്ദേഹം വ്യാമോഹിച്ചത്. മാരാരും സഞ്ജയനും ജീവത്സാഹിത്യകാരന്മാർ എന്ന് ഏറ്റുപറഞ്ഞ് സാഹിത്യസൃഷ്ടി നടത്തുന്നവരെ മാത്രമല്ല, അക്കാലത്ത് പ്രതിഭയും പാണ്ഡിത്യവുംകൊണ്ട് മഹാകവിപദത്തിലേക്ക് കുതിച്ചുകൊണ്ടിരുന്ന ചങ്ങമ്പുഴ കൃഷ്ണപിള്ളയെപ്പോലുള്ളവരെയും ആക്ഷേപിച്ചുവന്നു. മാരാരുടെയും സഞ്ജയന്റെയും മുഖ്യമാധ്യമം മാതൃഭൂമി ആഴ്ചപ്പതിപ്പായിരുന്നുവെങ്കിലും 'സഞ്ജയൻ' എന്ന പേരോടുകൂടി ഒരു ഹാസ്യമാസികയും തന്റെ വികൃതവ്യാഖ്യാനങ്ങൾക്കുവേണ്ടി നടത്തിവന്നു. 'സഞ്ജയൻ' മാസികയിൽ ബ്രിട്ടീഷ് ഗവൺമെന്റിനെയും ഉദ്യോഗസ്ഥമേധാവികളെയും വിമർശിക്കുകയും പരിഹസിക്കുകയും ചെയ്യുന്ന ലേഖനങ്ങളുണ്ടായിരുന്നുവെങ്കിലും അതോടൊപ്പം പുതിയ സാഹിത്യപ്രവണതകളെ പരിഹസിക്കുന്നവയ്ക്കായിരുന്നു പ്രാധാന്യം.

ദാമോദരൻ സഞ്ജയനും സഞ്ജയന്റെ മാസികയ്ക്കുമെതിരെ കേരളത്തിലുടനീളം സഞ്ചരിച്ച് പ്രചാരവേല നടത്തി. ദാമോദരന്റെ യുക്തിവാദത്തിലും വാഗ്വിലാസത്തിലും വ്യാമുഗ്ദ്ധരായ ജനങ്ങൾ 'സഞ്ജയൻ' മാസിക പരസ്യമായി കത്തിക്കുകയും സഞ്ജയന്റെ കോലം അദ്ദേഹത്തിന്റെ കാർട്ടൂൺശൈലിയിൽത്തന്നെ വരച്ച് പ്രദർശിപ്പിക്കുകയുംചെയ്തിരുന്നു. 'സഞ്ജയൻ' മാസിക അല്പായുസ്സായിപ്പോകാൻ കാരണം ദാമോദരന്റെ ഈ രൂക്ഷമായ എതിർപ്രചരണമാണെന്നു വിശ്വസിക്കുന്നവർ അന്ന് ചുരുക്കമായിരുന്നില്ല.

പുത്തൻ തലമുറ

ഇപ്രകാരം കടുത്ത എതിർപ്പുകളെ നേരിട്ടുകൊണ്ടാണെങ്കിലും ഒരു പുതിയ തലമുറ എഴുത്തുകാർ ജീവത്സാഹിത്യത്തിന്റെ ആത്മാവ് സ്വാംശീകരിച്ചുകൊണ്ട് ഉയർന്നുവരികയായിരുന്നു—എസ്. കെ. പൊറ്റെക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി, ചെറുകാട് തുടങ്ങിയവരും ഇടശ്ശേരി ഗോവിന്ദൻനായർ, ഒളപ്പമണ്ണ സുബ്രഹ്മണ്യൻനമ്പൂതിരിപ്പാട്, അക്കിത്തം അച്യുതൻനമ്പൂതിരി തുടങ്ങിയ കവികൾ. തുടർന്നു വന്ന ഒ. എൻ. വി. കുറുപ്പ്, വയലാർ രാമവർമ്മ തുടങ്ങിയ യുവകവികൾ. ഇവരെല്ലാം പുതുയുഗത്തിന്റെ പതാകാവാഹകരായി മലയാളസഹൃദയലോകത്തെ കീഴ്പെടുത്തിയവരാണ്.

ചുവന്ന പതിറ്റാണ്ട് എന്ന് ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്ന 1950-കൾക്ക് നിറവും തിറവും ലക്ഷ്യബോധവും നല്കിയത് ഈ പുത്തൻ തലമുറയാണ്. ഈ വരികൾ എഴുതുന്ന 2011-ാം ആണ്ട് സഞ്ജയന്റെ കടുത്ത വിമർശനത്തിനു വിധേയനായ മഹാകവി ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ

ജന്മശതാബ്ദിവർഷമാണ്. കേരളജനതയും സഹൃദയലോകവും പണ്ഡിതന്മാരും എത്രമാത്രം ആവേശത്തോടുകൂടിയാണ് ഈ ശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുക്കുന്നതെന്ന് കാണാൻ മാരാരും സഞ്ജയനും ജീവിച്ചിരിപ്പില്ലല്ലോ എന്ന ഒരു വ്യസനം മാത്രമേയുള്ളു.

ഈ പുരോഗമനസാഹിത്യപ്രസ്ഥാനവുമായി ഔപചാരികമായിത്തന്നെ ബന്ധപ്പെടുകയും അതിന് നേതൃത്വം നല്കുകയും ചെയ്തുപോന്ന തകഴി, പൊറ്റെക്കാട്ട്, ശങ്കരക്കുറുപ്പ്, ഒ. എൻ. വി. എന്നിവർ അഖിലേന്ത്യാതലത്തിൽ പ്രശസ്തിയാർജ്ജിച്ച് ജ്ഞാനപീഠപുരസ്കാരം നേടിയവരാണ്. ഔപചാരികമായി സംഘടനയുമായി ബന്ധമില്ലെങ്കിലും മാനസികമായി അതിനോട് ആഭിമുഖ്യം പ്രകടിപ്പിച്ച മറ്റൊരു ജ്ഞാനപീഠജേതാവ് എം. ടി. വാസുദേവൻ നായരാണ്. ജീവത്സാഹിത്യസംഘത്തെയും പുരോഗമനസാഹിത്യപ്രസ്ഥാനത്തെയും അധിക്ഷേപിച്ചുപോന്ന മഹാരഥന്മാർ കാലത്തിന്റെ കുത്തൊഴുക്കിൽ ഒലിച്ചുപോകുമ്പോഴും ഈ പുതിയ തലമുറ മലയാളസാഹിത്യത്തിലെ തലയെടുപ്പുള്ളവരായി ദീർഘകാലം സ്മരിക്കപ്പെടുമെന്നതിൽ സംശയമില്ല. പുരോഗമനസാഹിത്യസിദ്ധാന്തങ്ങളുടെ വ്യാഖ്യാതാവും പ്രയോക്താവുമായ പ്രൊഫസർ കെ. സച്ചിദാനന്ദൻ കേന്ദ്ര സാഹിത്യ അക്കാദമിയുടെ സെക്രട്ടറിസ്ഥാനംവരെ എത്തിയതും ആകസ്മികമല്ല.

13. മോചനം, വിവാദം, വിവാഹം

ആഹ്ലാദിക്കൂ ഹൃദയമേ ആഹ്ലാദിക്കൂ
റഷ്യൻ സൈനികനെ ജൈത്രപടഹമടിക്കൂ
അവന്റെ വാളിൽ തീവ്രയാതനയുടെ നാളിൽ
പുഞ്ചിരിക്കൊള്ളുന്നത് സമരകൗതുകമല്ല
സമാധാനത്തിനുള്ള മോഹം
മനുഷ്യത്വത്തോടുള്ള സ്നേഹമാണ്.
അവന്റെ ദുർജ്ജയമായ ആ വാൾ
വിയർപ്പും കണ്ണീരും ചോരയുംകൊണ്ട്
പവിത്രമായ കൈയിൽ ഒട്ടിപ്പിടിച്ചിരിക്കുന്നു.
അവസാനത്തെ ആ പിടി അഴയുകയില്ല.

—ജി. ശങ്കരക്കുറിപ്പ്

അഡോൾഫ് ഹിറ്റ്ലർ 1941 ജൂൺ 22-ാംതീയതി സോവിയറ്റ് യൂണിയനെതിരായി കടന്നാക്രമണം ആരംഭിച്ചു. അതിനു മുൻപ് യൂറോപ്പിനെ മുഴുവനും അനായാസമായി കീഴടക്കിയ ഹിറ്റ്ലറുടെ മരണക്കളി ആയിരുന്നു സോവിയറ്റ് യൂണിയനെതിരെയുള്ള ആക്രമണം. ആദ്യമൊക്കെ കുറെ പിന്നോട്ടടിച്ച സോവിയറ്റ് ചെമ്പടയെ വോൾഗ തീരംവരെ ഹിറ്റ്ലർ പിന്തുടർന്നു. ഒടുവിൽ 1945 ഏപ്രിൽ 28-ന് ചെമ്പട ബെർലിനിൽ പ്രവേശിച്ച് ചെങ്കൊടി ഉയർത്തിയതോടെ ഹിറ്റ്ലർ അടിയറവുപറയുകയും വെപ്പാട്ടി ഇവാബ്രൗണിനോടൊപ്പം നിലവറയിലെ പടക്കോപ്പുകൾക്ക് തീകൊളുത്തി ആത്മഹത്യചെയ്യുകയും ചെയ്തു. യൂറോപ്യൻ പരാജയവും ഹിറ്റ്ലറുടെ ആത്മഹത്യയും ജപ്പാന്റെ മനോവീര്യം തകർക്കുകയും ശാന്തസമുദ്രത്തിലും തെക്കുകിഴക്കൻ ഏഷ്യയിലും ജപ്പാൻ പിടിച്ചടക്കിയ സ്ഥലങ്ങളിൽനിന്ന് തോറ്റോടി ഔപചാരികമായി കീഴടങ്ങാൻ തയ്യാറെടുപ്പുകൾ തുടങ്ങുകയും ചെയ്തു. അങ്ങനെ വീണവനെ ചവിട്ടുന്നതുപോലെ യുദ്ധതന്ത്രപരമായി ഒരു പ്രയോജനവും ലഭിക്കാത്ത അമേരിക്കയുടെ അണുബോംബാക്രമണം ജപ്പാനെ അതിഭീകര ദുരന്തത്തിലാഴ്ത്തി 1945 ആഗസ്റ്റ് 6-ന് ഹിരോഷിമയിലും 9-ന് നാഗസാക്കിയിലും അണുബോംബ് വർഷിച്ച് 2,50,000 പേരെ ഭസ്മീകരിക്കുകയും നഗരത്തെ ചുട്ടു ചാമ്പലാക്കുകയും ചെയ്തു. ആഗസ്റ്റ് 14-ന് ഔപചാരികമായി യുദ്ധം അവസാനിച്ചു. യുദ്ധം അവസാനിച്ചതോടെ ബ്രിട്ടീഷ് സർക്കാർ രാഷ്ട്രീയതടവുകാരെ മോചിപ്പിക്കാൻ തുടങ്ങി. അക്കൂട്ടത്തിൽ 1945 ഒക്ടോബറിൽ ദാമോദരനും രാജമന്ദ്രി ജയിലിൽനിന്ന്

മോചിപ്പിക്കപ്പെട്ടു. അറസ്റ്റ്ചെയ്ത ഉടനെ വെല്ലൂർ സെൻട്രൽ ജയിലിലേക്ക് കൊണ്ടുപോയ ദാമോദരനെ പിന്നീട് രാജമന്ദ്രിയിലേക്ക് മാറ്റുകയായിരുന്നു. രാജമന്ദ്രി ജയിലിലെ താമസം ദാമോദരന്റെ വായനയ്ക്കും എഴുത്തിനും കൂടുതൽ സൗകര്യപ്രദമായി. അവിടെയുള്ള രാഷ്ട്രീയതടവുകാർക്ക് സ്റ്റഡിക്ലാസുകൾ എടുക്കുകയും പുസ്തകവായനയ്ക്ക് മാർഗ്ഗനിർദ്ദേശം ചെയ്യുകയും ചെയ്യുന്നത് ദാമോദരൻ തന്റെ കർത്തവ്യമായി കരുതിപ്പോന്നു. അവിടെ വച്ചാണ് ദാമോദരന്റെ ആദ്യകാലകൃതികളിൽ പ്രധാനപ്പെട്ട 'മനുഷ്യൻ' എഴുതിയത്. കൂടാതെ 'ധനശാസ്ത്രപ്രവേശിക', 'നാണയപ്രശ്നം', 'ഉറുപ്പിക' തുടങ്ങിയ സാമ്പത്തികശാസ്ത്രം സംബന്ധിച്ച അദ്ദേഹത്തിന്റെ കൃതികളും രാജമന്ദ്രിയിൽവച്ചാണ് എഴുതിയത്. മനുഷ്യൻ എന്ന കൃതി പരിണാമസിദ്ധാന്തം, നരവംശശാസ്ത്രം, സാമൂഹ്യവിജ്ഞാനീയം, മാർക്സിസം തുടങ്ങി വിവിധ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി മനുഷ്യന്റെ ഉൽപത്തി മുതൽ ഭാവിയിലെ സോഷ്യലിസ്റ്റ് സമൂഹത്തിലെ മനുഷ്യൻ വരെയുള്ള ദീർഘമായ ചരിത്രം ലളിതമായി വിവരിക്കുന്നു.

കഴിഞ്ഞ അധ്യായത്തിൽ പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ വികാസത്തെയും മറ്റും പറ്റി എഴുതിയ കാര്യങ്ങളിൽ ദാമോദരന് പങ്കില്ല. എങ്കിലും താൻകൂടി ചേർന്ന് രൂപം നൽകിയ ജീവത്സാഹിത്യസംഘത്തിന്റെ തുടർന്നുള്ള വികാസഗതികൾ അദ്ദേഹത്തിന് ജയിലിൽ ചാരിതാർത്ഥ്യവും ആഹ്ലാദവും നൽകി. തുടർന്ന് പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ വികാസത്തിലും പിളർപ്പിലും അധോഗതിയിലും ദാമോദരൻ വഹിച്ച പങ്ക് പിന്നാലെ നമുക്കു പരിശോധിക്കാം.

മാറ്റങ്ങൾ: പാർട്ടിയിലും രാജ്യത്തും

ദാമോദരൻ ജയിലിൽ തടവിൽ കഴിഞ്ഞ ആറോളം വർഷകാലത്ത് ലോകത്തിലും ഇന്ത്യയിലും എന്നപോലെ കമ്മ്യൂണിസ്റ്റ് പാർട്ടിയിലും വലിയ മാറ്റങ്ങൾ സംഭവിക്കുകയായിരുന്നു. 1945 ആഗസ്റ്റ് 14-ന് സഖ്യകക്ഷികളുടെ വിജയത്തോടുകൂടി യുദ്ധം അവസാനിച്ച കാര്യം ആദ്യമേ വിവരിച്ചിരുന്നുവല്ലോ. 1941 ജൂൺ 22-ന് നാസിജർമ്മനി സോവിയറ്റ് യൂണിയനെ ആക്രമിച്ചതോടുകൂടി യുദ്ധത്തിന്റെ സ്വഭാവമാകെ മാറിയെന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി വാദിച്ചു. 1941 ഡിസംബർ 7-ന് അമേരിക്കയുടെ വക ഹവായ്ദ്വീപിലെ 'പേൾ ഹാർബർ' തുറമുഖത്തിൽ യുദ്ധപ്രഖ്യാപനമൊന്നുമില്ലാതെ ജപ്പാൻ ബോംബിട്ട് കപ്പലുകൾ മുക്കി. വെറും രണ്ടുമണിക്കൂറിനകം പേൾ ഹാർബറിലെ അഞ്ച് വലിയ യുദ്ധകപ്പലുകളും 14 പത്തേമാരികളും 120 യുദ്ധവിമാനങ്ങളും നശിപ്പിച്ചു. രണ്ടായിരത്തോളം നാവികരെയും നാനൂറോളം സാധാരണജനങ്ങളെയും അപായപ്പെടുത്തി. അമേരിക്ക ജപ്പാനെതിരെ യുദ്ധപ്രഖ്യാപനം നടത്തുകയും രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കാളികളാവുകയും ചെയ്തു. വാസ്തവം പറഞ്ഞാൽ ഇതോടുകൂടിയാണ് രണ്ടാം ലോകമഹായുദ്ധം യഥാർത്ഥത്തിൽ ലോകവ്യാപകമായതും ലോകമഹായുദ്ധം എന്ന പേരിന് അർഹമായതും. അതുവരെ യുദ്ധം യൂറോപ്പിന്റെ ഒരു

ആഭ്യന്തരകാര്യം മാത്രമായിരുന്നു. ആ സ്ഥിതി മാറി. തീർച്ചയായും ഈ സംഭവഗതികൾ യുദ്ധത്തിന്റെ സ്വഭാവമാകെ മാറ്റി. സോവിയറ്റ് യൂണിയനും ഫ്രാൻസ്, ബ്രിട്ടൻ, യുണൈറ്റഡ് സ്റ്റേറ്റ്സ്, ചൈന എന്നീ രാജ്യങ്ങളും ചേർന്ന് സഖ്യകക്ഷികൾ ഒരുഭാഗത്തും അച്ചുതണ്ടുശക്തികൾ എന്നു വിളിക്കപ്പെടുന്ന ജർമ്മനി, ഇറ്റലി, ജപ്പാൻ എന്നിവ മറുഭാഗത്തുമായുള്ള ഒരു പോരാട്ടം ആയപ്പോൾ യുദ്ധം വെറും ഒരു സാമ്രാജ്യത്വയുദ്ധമല്ലെന്നും ജനകീയ യുദ്ധമാണെന്നുമുള്ള ധാരണയാണ് കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കുണ്ടായിരുന്നത്. രണ്ടാം ലോകമഹായുദ്ധമാകട്ടെ, വി. ഐ. ലെനിൻ അദ്ദേഹത്തിന്റെ 'സാമ്രാജ്യത്വം' (1917 ഏപ്രിൽ) എന്ന കൃതിയിൽ വിവരിച്ചിട്ടുള്ളതുപോലെ ഒന്നാം ലോകമഹായുദ്ധം രണ്ടു ഗ്രൂപ്പായി തിരിഞ്ഞ് ലോകാധിപത്യത്തിനുവേണ്ടി സാമ്രാജ്യത്വശക്തികൾ നടത്തിയ മത്സരമാണ്. അതിൽ ആരു ജയിച്ചാലും ലോകജനതയ്ക്കാകെയോ ഏതെങ്കിലും രാജ്യത്തിനോ പ്രയോജനമൊന്നും ലഭിക്കില്ല. സാമ്രാജ്യത്വത്തെ അരക്കിട്ടുറപ്പിക്കാനുള്ള ചെലവു ജീവൻകൊണ്ടും പണംകൊണ്ടും അടിമരാജ്യങ്ങൾ വഹിക്കണമെന്നു മാത്രം. ഇക്കാരണങ്ങളാലാണ് യൂറോപ്പിന്റെ ആഭ്യന്തരകാര്യമായിരുന്ന രണ്ടാം ലോകയുദ്ധത്തെ ലെനിന്റെ നിർദ്ദേശപ്രകാരം ഒരാഭ്യന്തരയുദ്ധമാക്കി മാറ്റി സ്വാതന്ത്ര്യം നേടുകയോ സോഷ്യലിസം സ്ഥാപിക്കുകയോ ചെയ്യണമെന്ന നിർദ്ദേശപ്രകാരം കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ത്യയിലും ശ്രമിച്ചത്. എന്നാൽ സോവിയറ്റ് യൂണിയന്റെ പങ്കാളിത്തം യുദ്ധത്തിന്റെ സ്വഭാവം മാറ്റിയതിനാൽ യുദ്ധയത്നങ്ങളിൽ സഹകരിക്കണമെന്നും ഫാസിസ്റ്റ് വിരുദ്ധ യുദ്ധത്തിന്റെ താൽപര്യങ്ങൾക്ക് കീഴ്പെടുത്തി മാത്രമേ മറ്റു പ്രക്ഷോഭങ്ങളും സമരങ്ങളും നടത്താവൂ എന്നുമായിരുന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിലപാട്. അതുകൊണ്ട് 1942-ലെ ക്വിറ്റ് ഇന്ത്യാ സമരത്തിൽനിന്ന് പാർട്ടി അകന്നുനിന്നു. ദേശീയവികാരങ്ങൾക്ക് എതിരായിരുന്നു ഈ നടപടി എങ്കിലും ആത്യന്തികമായി കമ്മ്യൂണിസ്റ്റ് പാർട്ടി പറഞ്ഞത് ശരിയായിരുന്നുവെന്ന് തെളിയുകയും ചെയ്തു. ഫാസിസത്തിന്റെയും നാസിസത്തിന്റെയും തോൽവി സാർവ്വദേശീയമായി സാമ്രാജ്യത്വത്തിന്റെതന്നെ തോൽവിയാണെന്നും ആ തോൽവി ലോകമെങ്ങുമുള്ള അടിമരാജ്യങ്ങളുടെ മോചനത്തിനും അതിനുവേണ്ടിയുള്ള പോരാട്ടങ്ങൾക്കു ശക്തിപകരുമെന്നും പാർട്ടി വാദിച്ചത് ശരിയാണെന്നും അനുഭവം തെളിയിച്ചു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ലോകമാകെ വീശിയടിച്ച സാമ്രാജ്യത്വവിരുദ്ധസമരങ്ങൾ വിജയിച്ചതും പ്രത്യക്ഷസാമ്രാജ്യങ്ങൾ ഇല്ലാതായതും പാർട്ടിയുടെ നിലപാടിനെ സാധൂകരിച്ചു.

പാർട്ടി: ഒളിവിൽനിന്നും തെളിവിലേക്ക്

ക്വിറ്റ് ഇന്ത്യാ സമരത്തിൽനിന്ന് അകന്നുനിന്നതും യുദ്ധയത്നങ്ങൾക്ക് പിന്തുണ നൽകിയതുംമൂലം പാർട്ടിയുടെമേലുള്ള ദീർഘകാലനിരോധനം പിൻവലിക്കാൻ പ്രേരകമായി. പാർട്ടി തലസ്ഥാനം ഒളിവിൽനിന്നും തെളിവിലേക്കു മാറി. മുംബെയിലെ ഖേയ്ത്ത്വാദി മെയിൻറോഡിലെ രാജഭവൻ

എന്ന കെട്ടിടത്തിലേക്കു മാറ്റി. പി. സി. ജോഷി ആയിരുന്നു ജനറൽ സെക്രട്ടറി. ജോഷിയും ഡോ. ഗംഗാധർ അധികാരിയും ബി. ടി. രണദിവെയും 1943-ൽ മുംബെയിൽവച്ചുചേർന്ന ഒന്നാം പാർട്ടി കോൺഗ്രസ്സിൽ പി. ബി. അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടു. പാർട്ടിക്ക് 'പീപ്പിൾസ് വാർ' എന്നൊരു വാരികയും, 'പീപ്പിൾസ് പബ്ലിഷിംഗ് ഹൗസ്' എന്നൊരു പുസ്തകപ്രസിദ്ധീകരണശാലയും സ്ഥാപിക്കപ്പെട്ടു. മിക്ക സംസ്ഥാനങ്ങളിലും ഇപ്രകാരം നിയമവിധേയമായ പ്രവർത്തനങ്ങളും കാര്യാലയങ്ങളും പ്രസിദ്ധീകരണങ്ങളും നിലവിൽവന്നു. കേരളത്തിൽ 1943-ൽ 'ദേശാഭിമാനി' വാരിക പാർട്ടിയുടെ മുഖപത്രമായി ആരംഭിച്ചു. സംസ്ഥാനഘടകങ്ങളും കീഴ്ഘടകങ്ങളും ഏറ്റവും താഴത്തെത്തട്ടിൽ പാർട്ടിസെല്ലുകളും കേരളത്തിൽ നിലവിൽവന്നു. ഇങ്ങനെയുള്ള വലിയ മാറ്റങ്ങളാണ് ദാമോദരന്റെ ഈ നീണ്ട ജയിൽവാസ കാലത്ത് കേരളത്തിലും മറ്റിടങ്ങളിലും നടന്നത്.

സാമ്രാജ്യത്വയുദ്ധം ജനകീയയുദ്ധമായി മാറി എന്നു വാദിച്ചുകൊണ്ട് യുദ്ധയത്നങ്ങളിൽ സഹകരിച്ച കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയത്തോട് ദാമോദരന് യോജിപ്പില്ലായിരുന്നുവെന്നു പറയപ്പെടുന്നു. അദ്ദേഹവും അങ്ങനെ പില്ക്കാലത്ത് പറഞ്ഞതായി കാണുന്നു. പക്ഷേ, ഇത് ഒരു വിവാദവിഷയമാണെന്നും അങ്ങനെ ദാമോദരൻ ജനകീയയുദ്ധനയത്തെ അന്ന് എതിർത്തതായി തെളിവൊന്നും ഇല്ലെന്നും സി. അച്ചുതമേനോനെപ്പോലെ പലരും ചൂണ്ടിക്കാണിക്കുന്നു.

നേട്ടവും കോട്ടവും

പാർട്ടിയുടെ ജനകീയ യുദ്ധനയം നേട്ടങ്ങളെന്നപോലെ കോട്ടങ്ങൾക്കും വഴിവെച്ചു. പ്രധാനപ്പെട്ട കോട്ടം 1942 ആഗസ്റ്റ് 9-ന്റെ സമരത്തിൽനിന്ന് വിട്ടുനിന്നതുമൂലം ദേശാഭിമാനികളായ ജനതയിൽ ഒരു ഭാഗമെങ്കിലും പാർട്ടിയോട് കടുത്ത ശത്രുതയിലായി എന്നതാണ്. ചിലയിടങ്ങളിൽ സംഘട്ടനങ്ങളും കൈയേറ്റങ്ങളുംവരെയുണ്ടായി. എന്നാൽ നേട്ടങ്ങളിൽ പ്രധാനം നിയമവിധേയമായ സാഹചര്യം ഉപയോഗിച്ചുകൊണ്ട് പാർട്ടി സംഘടനകളും വർഗ്ഗബഹുജനസംഘടനകളും ഗ്രാമീണതലം തൊട്ട് ഉയർന്നതലം വരെ ചിട്ടയായി കെട്ടിപ്പടുക്കാനും പാർട്ടി ക്ലാസ്സുകൾ നടത്താനും സാധിച്ചു എന്നതാണ്. അതോടൊപ്പം നേരത്തെ പറഞ്ഞതുപോലെ ദേശാഭിമാനി തുടങ്ങാൻ സാധിക്കുകയും പരസ്യമായ പത്രസാഹിത്യപ്രചരണങ്ങൾ നടത്താൻ കഴിഞ്ഞതുമാണ്. അഖിലേന്ത്യാതലത്തിലുള്ള പുരോഗമന സാഹിത്യപ്രസ്ഥാനത്തെ കേരളത്തിൽ ശക്തിപ്പെടുത്താനും സാധിച്ചു. തിരുവിതാംകൂർ-കൊച്ചി എന്ന നാട്ടുരാജ്യങ്ങളിലും പ്രസ്ഥാനത്തിന് വേരോട്ടം നൽകാൻ സാധിച്ചു.

യുദ്ധയത്നങ്ങളെ സഹായിക്കുന്ന നിലപാടാണ് പാർട്ടി കൈക്കൊണ്ടതെങ്കിലും യുദ്ധക്കെടുതികൾക്കെതിരെ പ്രചാരവേല നടത്താനും കരിഞ്ചന്ത, വിലക്കയറ്റം മുതലായവ തടയാനുമുള്ള പ്രവർത്തനം ജനങ്ങളെ ആകർഷിച്ചു. ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിലെ പട്ടിണിയും കോളറയുംകൊണ്ട്

ദുരിതത്തിലാണ്ട ജനങ്ങളെ കമ്മ്യൂണിസ്റ്റ് വോളണ്ടിയർമാർ വീടുതോറും കയറിയിറങ്ങി മരുന്നും വസ്ത്രവും നൽകി ആശ്വാസംപകരാൻ പരിശ്രമിച്ചു.

അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് അനേകലക്ഷം പേർ പട്ടിണി കിടന്നു മരിച്ച ബംഗാൾ ക്ഷാമം. അഖിലേന്ത്യാതലത്തിൽത്തന്നെ കമ്മ്യൂണിസ്റ്റ് പാർട്ടി ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തി ബംഗാളിലേക്ക് സന്നദ്ധഭടന്മാരെയും ഡോക്ടർമാരെയും അയച്ചത് ജനങ്ങളെ ആകർഷിച്ചു. അന്ന് പാർട്ടി ജനറൽ സെക്രട്ടറി പി. സി. ജോഷി എഴുതിയ ഉജ്ജ്വലവും ഹൃദയസ്പർശിയുമായ ഒരു ലഘുലേഖയായിരുന്നു Who lives if Bengal lives, who dies if Bengal lives. അക്കാലത്ത് രൂപീകരിക്കപ്പെട്ട ഇന്ത്യൻ പീപ്പിൾസ് തിയറ്റർ അസോസിയേഷൻ (IPTA) ബംഗാൾക്ഷാമത്തെ മുൻനിറുത്തി രചിച്ച നാടകങ്ങളായിരുന്നു ധർത്തി കെ ലാൽ (മണ്ണിന്റെ മക്കൾ), നവന്ന (പുത്തരി) മുതലായവ. പ്രശസ്ത ഗ്രന്ഥകാരനും പുരോഗമനവാദിയുമായിരുന്ന കെ. എ. അബ്ബാസ് അത് സിനിമയാക്കുകയുണ്ടായി. കേരളത്തിലും അതുപോലെ ജനസേവനത്തിനായി കലയിലൂടെയും കർമ്മത്തിലൂടെയും പ്രവർത്തിച്ചുവന്നു.

പ്രവചനം സഫലമായി

രണ്ടാം ലോകമഹായുദ്ധത്തിന്റെ സ്വഭാവവും സ്വഭാവത്തിൽ വന്ന മാറ്റവും അന്ത്യവും വിവരിച്ചിരുന്നുവല്ലോ. 1945-ൽത്തന്നെ യൂറോപ്പിൽ യുദ്ധം അവസാനിച്ചു. 1946 ആഗസ്റ്റ് 6-നും 9-നും. ജാപ്പനീസ് നഗരങ്ങളായ ഹിരോഷിമയിലും നാഗസാക്കിയിലും അമേരിക്ക നടത്തിയ ക്രൂരമായ അണുബോംബാക്രമണത്തോടെ ജപ്പാനും അടിയറവു പറഞ്ഞു. ആഗസ്റ്റ് 14-ന് ജപ്പാൻ നിരുപാധികം കീഴടങ്ങി. അങ്ങനെ രണ്ടാം ലോകമഹായുദ്ധം അവസാനിച്ചു.

1942 ആഗസ്റ്റ് 9-ലെ സമരത്തിൽനിന്ന് വിട്ടുനിൽക്കാൻ കമ്മ്യൂണിസ്റ്റ് പാർട്ടി ഉന്നയിച്ചത് രണ്ടു കാരണങ്ങളായിരുന്നു. കോൺഗ്രസ് ഈ സമരത്തെ ഒരു ഒത്തുതീർപ്പിനുള്ള സമ്മർദ്ദതന്ത്രമായിട്ടാണ് ഉപയോഗിക്കുന്നത്. അല്ലാതെ അന്തിമമായി സ്വാതന്ത്ര്യം നേടാനുള്ള സമരമായിട്ടല്ല. അത് ശരിയായിരുന്നു. മുഖ്യധാരാകോൺഗ്രസ്സുകാർ തടവിൽപ്പോയി കിടന്നതല്ലാതെ സമരത്തിനൊന്നും ഒരുങ്ങിയില്ല. ജയപ്രകാശ് നാരായണൻ, അച്ചുത് പട്‌വർദ്ധൻ, നരേന്ദ്രദേവ്, അരുണാ അസഫ് അലി തുടങ്ങിയ സോഷ്യലിസ്റ്റുകാരാണ് സമരം നടത്തിയത്. അത് ഗാന്ധിജിയുടെ അഹിംസാ, മാർഗ്ഗത്തിലല്ലായിരുന്നുതാനും. 1943 ആയപ്പോഴേക്കും അത് കെട്ടടങ്ങാനും തുടങ്ങി. അതിനു മുൻപുതന്നെ മഹാത്മാഗാന്ധി ഫലത്തിൽ സമരം നിറുത്തിവെച്ച് വൈസ്രോയിയുമായി എഴുത്തുകുത്തും ആരംഭിച്ചിരുന്നു. അതിൽനിന്ന് കമ്മ്യൂണിസ്റ്റുകാർ ഉന്നയിച്ച സമ്മർദ്ദതന്ത്രവാദം തികച്ചും ശരിയെന്നു തെളിഞ്ഞു.

കമ്മ്യൂണിസ്റ്റുകാർ പറഞ്ഞ രണ്ടാമത്തെ കാര്യം. ലോകഫാസിസത്തിന്റെ പരാജയത്തോടുകൂടി ആഗോളവ്യാപകമായി ദുർബ്ബലമായ

സാമ്രാജ്യത്വത്തിനെതിരെ ഇന്ത്യയുൾപ്പെടെ ആഗോളവ്യാപകമായി പോരാട്ടം വീശിയടിക്കും എന്നായിരുന്നു അത്. ആ പോരാട്ടത്തിന് നേതൃത്വം കൊടുക്കാൻ മുന്നോട്ടുവന്നാൽ മാത്രമേ ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങൾ സ്വതന്ത്രമാകൂ എന്നും അവർ വാദിച്ചു. ഇന്ത്യയിൽ നാവികസേനയുടെ പണിമുടക്ക്, പോസ്റ്റൽ ജീവനക്കാരുടെ പണിമുടക്ക്, സുഭാഷ് ബോസിന്റെ ഇന്ത്യൻ ദേശീയസേനാനികൾക്കെതിരായ വിചാരണയും ശിക്ഷാനടപടിയും ബ്രിട്ടീഷുകാർ ഉപേക്ഷിക്കണം എന്ന പ്രക്ഷോഭം തുടങ്ങിയവയെല്ലാം യുദ്ധാനന്തരസ്ഥിതി സംബന്ധിച്ചുള്ള കമ്മ്യൂണിസ്റ്റുകാരുടെ പ്രവചനവും പ്രതീക്ഷയും ശരിയാണെന്നു തെളിയിച്ചു. ക്വിറ്റ് ഇന്ത്യാ സമരത്തിൽ നേതൃത്വം കൊടുത്തിരുന്ന അരുണാ അസഫ് അലി തുടങ്ങി പലരും കമ്മ്യൂണിസ്റ്റ് പാർട്ടിയോട് സഹകരിക്കാൻ തയ്യാറായി. എന്നാൽ കോൺഗ്രസ് ഔദ്യോഗികമായി യുദ്ധാനന്തര മുന്നേറ്റത്തെ എതിർക്കുകയും എങ്ങനെയെങ്കിലും അധികാരത്തിൽ കയറാൻവേണ്ടി ഒത്തുതീർപ്പുശ്രമങ്ങളുമായി നടക്കുകയുമാണ് ചെയ്തത്.

ഇതെല്ലാംവെച്ചു നോക്കുമ്പോൾ ദാമോദരൻ ജനകീയയുദ്ധനയത്തെ എതിർത്തിരുന്നുവെങ്കിൽത്തന്നെ അത് കുറ്റമറ്റ ഒരു നിലപാടായിരുന്നില്ല എന്ന് വ്യക്തം.

പുതിയ കാലം; പുതിയ ജീവിതം

ദാമോദരൻ രാജമന്ത്രി കാരാഗൃഹത്തിൽനിന്നും തലനിറയെ പുതിയ ആശയങ്ങളും കൈനിറയെ പുസ്തകങ്ങളും കുറിപ്പുകളുമായി പുറത്തുവരുമ്പോഴേക്കും കമ്മ്യൂണിസ്റ്റുകാരുടെ ജീവിതരീതിയിലും സംഘടനാശൈലിയിലും വലിയ മാറ്റം വന്നിരുന്നു. നീണ്ടകാലത്തെ ഒളിവു ജീവിതവും ജയിൽ ജീവിതവും എല്ലാം കഴിഞ്ഞ് കമ്മ്യൂണിസ്റ്റുകാർ നിയമവിധേയമായി പ്രവർത്തിച്ചുതുടങ്ങിയതോടെ കുടുംബന്ധങ്ങളിലും ഏർപ്പെടാൻ തുടങ്ങി. അതുവരെ അപകടകരമായ ജീവിതം നയിച്ചുവന്ന വിപ്ലവകാരികൾക്ക് കുടുംബബന്ധം അല്ലലുണ്ടാക്കും എന്നു കരുതി അവർ ബ്രഹ്മചാരികളായിത്തന്നെ കഴിഞ്ഞുവരികയായിരുന്നു. പുതിയ വെല്ലുവിളികളെ നേരിടാനും കടമകൾ ഏറ്റെടുക്കാനും തയ്യാറെടുക്കുന്നതിനിടയിൽ ചില വിവാഹാലോചനകൾ വന്നത് ദാമോദരൻ പരിഗണിച്ചു. അവയിൽ ഏറ്റവും ആകർഷകമായി തോന്നിയത് ദാമോദരന്റെ കീഴേടത്ത് കുടുംബമായ കുട്ടികൃഷ്ണമേനോന്റെ നിർദ്ദേശമാണ്. പൊതുവേ കീഴേടത്തെ കാരണവന്മാർ രാഷ്ട്രീയത്തിനും വിശിഷ്യ കമ്മ്യൂണിസ്റ്റ് രാഷ്ട്രീയത്തിനും എതിരായിരുന്നുവെങ്കിലും കുട്ടികൃഷ്ണമേനോൻ ദാമോദരന്റെ സഹായിയും ഒരു രക്ഷാകർത്താവുമായിട്ട് പ്രവർത്തിച്ചുവന്നു. ദാമോദരൻ കാശീ വിദ്യാപീഠത്തിലേക്ക് പോകുന്നതിനിടയിൽ പല സഹായങ്ങളും കുട്ടികൃഷ്ണമേനോൻ ചെയ്തുകൊടുത്തത് നാം പരാമർശിച്ചിട്ടുള്ളതാണ്. കുട്ടികൃഷ്ണമേനോന്റെ മകളും അഭ്യസ്തവിദ്യയും സുന്ദരിയുമായ കെ. പി. പത്മം ആയിരുന്നു വധു. 1946 ഏപ്രിലിൽ ഗുരുവായൂരിൽവെച്ച് വിവാഹം നടന്നു.

ഇതൊരു പ്രേമവിവാഹമായിരുന്നില്ല എന്നത് വ്യക്തമായിരുന്നല്ലോ. എന്നാൽ സാഹസികനും പണ്ഡിതനും ആയിരുന്ന ദാമോദരനെ കഷ്ടപ്പാടുകൾക്കിടയിലും ആരാധനാമനോഭാവത്തോടെയാണ് പത്മം കരുതിയത്. ദാമോദരന്റെ 'പാട്ടബാക്കി' എന്ന പുസ്തകം തൃശ്ശൂരിൽനിന്ന് ഒരു പുതിയ പതിപ്പ് പ്രസിദ്ധീകരിച്ചതിൽനിന്നും കിട്ടിയ ഒരു ചെറിയ തുകയാണ് വിവാഹച്ചെലവിന് ഉപയോഗിച്ചത്. ഭാര്യയെ തിരൂരിൽ കൂട്ടിക്കൊണ്ടുവന്ന് അമ്മയുടെകൂടെയാണ് താമസിപ്പിച്ചിരുന്നത്. അതിനിടെ രാഷ്ട്രീയം വീണ്ടും പ്രക്ഷുബ്ധമാകുകയും ദാമോദരൻ തടവിലാവുകയും ചെയ്തു. ദാമോദരൻ തടവിലാകുമ്പോൾ പത്മം ഗർഭിണിയായിരുന്നു. മൂത്തമകൻ മോഹൻ ജനിക്കുമ്പോൾ ദാമോദരൻ കണ്ണൂർ ജയിലിലായിരുന്നു. ഈ അവസ്ഥ സാമ്പത്തികമായും മാനസികമായും ദാമോദരനെ വളരെ ക്ലേശിപ്പിച്ചുവെങ്കിലും പത്മം എല്ലാം സഹിച്ച് നിസ്സംഗതയോടെ സാഹചര്യത്തെ നേരിട്ടു. പത്മം-ദാമോദരൻ ദമ്പതിമാർക്ക് അഞ്ചു മക്കളുണ്ടായി. മോഹൻ, ഉഷ, മധു, രഘു, ശശി. ഇവരിൽ മോഹൻ സിങ്കപ്പൂർ സർവ്വകലാശാലയിൽ ഭാഷാവിജ്ഞാനിയാണ്. പ്രൊഫസർ ശശി, ഡൽഹിയിലെ ജാമിയമില്യ സർവ്വകലാശാലയിൽ ചലച്ചിത്രകലയിൽ ബിരുദമെടുത്ത് ശ്രദ്ധേയമായ സൃഷ്ടികൾ നടത്തിയിട്ടുണ്ട്. 1951-ൽ ദാമോദരൻ എറണാകുളത്തുനിന്നും പുറപ്പെട്ടിരുന്ന 'നവയുഗ'ത്തിന്റെ പത്രാധിപത്യം സ്വീകരിച്ചപ്പോൾ പത്മത്തിന്റെയും കുടുംബത്തിന്റെയും താമസം ഗുരുവായൂരിൽനിന്ന് തൃശ്ശൂരിലേക്കു മാറ്റി. പത്മം ഇപ്പോഴും തൃശ്ശൂരിൽ താമസം തുടരുന്നു.

ജയിൽമോചിതനായശേഷം ദാമോദരന്റെ പ്രധാന പരിപാടികളിലൊന്ന് പുതിയ സാഹചര്യങ്ങൾക്ക് ഒത്തവണ്ണം പാർട്ടി അണികളെയും ജനങ്ങളെയും അണിനിരത്താൻ സംസ്ഥാനത്തുടനീളം പ്രസംഗപര്യടനവും പാർട്ടി ക്ലാസ്സുകളും നടത്തുക എന്നതായിരുന്നു. അതിന്റെ ലക്ഷ്യങ്ങളിലൊന്ന് കമ്മ്യൂണിസ്റ്റുകാർ കിറ്റ് ഇന്ത്യാ പ്രക്ഷോഭണകാലത്ത് ബ്രിട്ടീഷ് അനുകൂലികളായി പ്രവർത്തിച്ചുവെന്ന ആക്ഷേപത്തെ നേരിടുക എന്നതായിരുന്നു. ഈ കാലഘട്ടത്തിൽ താനും സർദാർ ചന്ദ്രോത്ത്, കുഞ്ഞിരാമൻനായർ, കെ. പി. ആർ. ഗോപാലൻ തുടങ്ങിയ പലരും ബ്രിട്ടീഷ് തടവിലായിരുന്നുവെന്നതു തന്നെ ദാമോദരന്റെ വാക്കുകൾക്ക് കൂടുതൽ വിശ്വാസ്യത നൽകി. അക്കാലത്താണ് 1943 മാർച്ച് 29-ാം തീയതി കയ്യൂർ സഖാക്കളെ ബ്രിട്ടീഷുകാർ തൂക്കിലേറ്റിയത് എന്നതും ജനശ്രദ്ധയിൽ ഉയർന്നുവന്നു.

തുടർന്ന് 1946-ൽ തിരുവിതാംകൂറിലെ സ്വേച്ഛാധിപതി ദിവാൻ സർ. സി. പി. രാമസ്വാമിഅയ്യരുടെ തേർവാഴ്ചയ്ക്കെതിരെ നടന്ന പുന്നപ്ര വയലാർ സായുധസമരം ഈ പഴയ ദുരാരോപണങ്ങളുടെ വേരറുത്തു. യുദ്ധാനന്തര കാലത്തെ വമ്പിച്ച ജനാധിപത്യസമരങ്ങളുടെ വേലിയേറ്റത്തിന്റെ മുൻപന്തിയിലായിരുന്നു കമ്മ്യൂണിസ്റ്റ് പാർട്ടി എന്നതും ജനങ്ങളുടെ തെറ്റിദ്ധാരണകൾ മാറ്റുക മാത്രമല്ല അവരെ പാർട്ടി നേതൃത്വത്തിൽ അണിനിരത്തുവാൻ സഹായിക്കുകയും ചെയ്തു.

14. സ്വാതന്ത്ര്യവും അസ്വാതന്ത്ര്യവും

രാജമന്ദ്രി ജയിലിൽനിന്ന് ദാമോദരൻ മോചിതനാകുമ്പോഴേക്കും ഭാരതീയസ്വാതന്ത്ര്യത്തിന്റെ പൊതുരൂപത്തെക്കുറിച്ച് മുസ്ലീംലീഗും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും ബ്രിട്ടീഷ് ഗവൺമെന്റും തമ്മിൽ പൊതുധാരണയിൽ എത്തിക്കഴിഞ്ഞിരുന്നു. ആ ധാരണയുടെ സാരാംശം കിഴക്കൻ ബംഗാളും വടക്കു പടിഞ്ഞാറൻ പ്രവിശ്യകളും ചേർത്ത് പാകിസ്ഥാൻ രൂപീകരിക്കുകയും അവശേഷിക്കുന്ന ഭാഗങ്ങൾ ചേർത്ത് ഇന്ത്യൻ യൂണിയൻ രൂപീകരിക്കുകയും ചെയ്യുക എന്നതായിരുന്നു. നിർഭാഗ്യവശാൽ ഇത് സമാധാനത്തിനല്ല, കൂട്ടക്കൊലകൾക്കും ലക്ഷക്കണക്കിന് അഭയാർത്ഥികളുടെ പാകിസ്ഥാനിൽനിന്നും ഇന്ത്യൻ യൂണിയനിലേക്കും മറിച്ചുമുള്ള പ്രവാഹത്തിനാണ് നയിച്ചത്. ഇന്ത്യൻ രാഷ്ട്രത്തിന്റെ പിതാവും സ്വാതന്ത്ര്യസമരത്തിന്റെ ശില്പിയുമായിരുന്ന മഹാത്മാഗാന്ധി ഈ രക്തപങ്കിലമായ വിഭജനത്തെയോ സ്വാതന്ത്ര്യത്തെയോ അംഗീകരിച്ചിരുന്നില്ല. സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ പങ്കെടുക്കാൻ വിസമ്മതിച്ച ഗാന്ധി ബംഗാളിൽ വർഗ്ഗീയലഹളകൾക്ക് ഇരകളായിത്തീർന്നവരുടെ ശുശ്രൂഷകൾക്കായി നവ്ഖാലി പ്രദേശത്ത് അർദ്ധനഗ്നനായി വടിയും കുത്തി സഞ്ചരിക്കുകയായിരുന്നു. ഗാന്ധിയെപ്പോലെ ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുൾപ്പെടെയുള്ള ഇടതുപക്ഷവും പല ഗാന്ധിയന്മാരും ഈ സ്വാതന്ത്ര്യം സത്യമോ മിഥ്യയോ എന്ന് സംശയിച്ചു.

കമ്മ്യൂണിസ്റ്റ് പാർട്ടിയിൽത്തന്നെ സ്വാതന്ത്ര്യത്തെ വിലയിരുത്തുന്നതിൽ ഭിന്നത പ്രകടമായി. പാർട്ടി ജനറൽ സെക്രട്ടറിയായിരുന്ന പി. സി. ജോഷി ഉൾപ്പെടെ ഒരു വിഭാഗം സ്വാതന്ത്ര്യത്തെ സത്യമായി അംഗീകരിക്കുകയും പുതിയ സ്വതന്ത്രഭാരത സർക്കാരിന്റെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിന് പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ ജോഷിയോടും അധികാരിയോടും ഒപ്പം പാർട്ടിയുടെ പോളിറ്റ് ബ്യൂറോയിൽ അംഗമായിരുന്ന ബി. ടി. രണദിവെ ജോഷിയുടെ നിലപാടിനെ ശക്തിയായി എതിർത്തു. ഈ സ്വാതന്ത്ര്യം മിഥ്യയാണെന്നും ബ്രിട്ടീഷുകാരുടെ സർവാധിപത്യത്തിനു മുൻപിൽ കോൺഗ്രസ് നേതാക്കൾ മുട്ടുകുത്തുകയായിരുന്നുവെന്നും വാദിച്ചു. ഈ വിവാദം 1948-ലെ രണ്ടാം സി. പി. ഐ. പാർട്ടി കോൺഗ്രസിൽ ജോഷിയുടെ നയമാകെ തിരുത്തി രണദിവെ തയ്യാറാക്കിയ 'കൽക്കത്ത

തീസിസ്' എന്ന പ്രസിദ്ധമോ കുപ്രസിദ്ധമോ ആയ രേഖ പാർട്ടി കോൺഗ്രസ് അംഗീകരിച്ചു. സോഷ്യലിസത്തിലേക്കുള്ള ആദ്യപടിയായി ജനകീയ ജനാധിപത്യമുന്നണി രൂപീകരിക്കുക എന്ന മാർക്സിസ്റ്റ്-ലെനിനിസ്റ്റ് നയവുമായിട്ടോ ഇന്ത്യയിലെ വസ്തുനിഷ്ഠസാഹചര്യങ്ങളുമായിട്ടോ പൊരുത്തപ്പെടുന്നതായിരുന്നില്ല കൽക്കത്ത തീസിസ്. അതിസാഹസികത്വവും ഇടതുപക്ഷ സെക്ടേരിയനിസവും അനവസരത്തിലുള്ള അതിക്രമങ്ങൾകൊണ്ട് പാർട്ടിക്കും കേഡർമാർക്കും പല ആപത്തുകളും വരുത്തിവച്ച ഒന്നായിരുന്നു രണദിവെ ലൈൻ. ശൂരനാട്, ഇടപ്പള്ളി, കാവുമ്പായി, മുനയൻകുന്ന് തുടങ്ങിയ പല പോരാട്ടങ്ങളും ആവേശകരമായിരുന്നുവെങ്കിലും അവയുടെ നഷ്ടശിഷ്ടങ്ങൾ തുലനംചെയ്യുമ്പോൾ നഷ്ടത്തിന്റെ തട്ടുകൾ താഴുന്നതായി തോന്നിയാൽ തെറ്റില്ല.

സാർവ്വദേശീയം

ഫാസിസത്തിനെതിരെ സോവിയറ്റ് യൂണിയനുൾപ്പെടെയുള്ള സഖ്യകക്ഷികളുടെ വിജയം ലോകമാകെ സാമ്രാജ്യത്വത്തിനെതിരെയുള്ള ഒരു വേലിയേറ്റത്തിനു വഴിവെച്ചു എന്ന് പറഞ്ഞുവല്ലോ. ഈ വേലിയേറ്റത്തിന്റെ ഫലമായി കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ സോഷ്യലിസ്റ്റ്വ്യവസ്ഥ നിലവിൽവന്നു. ആഗോളവ്യാപകമായ മാറ്റങ്ങൾക്കു വഴിതുറന്ന ചൈനീസ് ജനകീയവിപ്ലവം 1949-ൽ വിജയംവരിച്ചു. സുശക്തമായ ഒരു സോഷ്യലിസ്റ്റ് ചേരി ലോകരാഷ്ട്രീയത്തിൽ നിർണ്ണായകമായ പങ്കുവഹിച്ചുതുടങ്ങി. എന്നാൽ അതിനിടയിൽ ചില വിള്ളലുകളും പ്രത്യക്ഷപ്പെടാൻ തുടങ്ങി. 1943-ൽ കമ്മ്യൂണിസ്റ്റ് ഇന്റർനാഷണൽ പിരിച്ചുവിട്ടതിനുശേഷം പ്രസ്ഥാനത്തിന് ആഗോളതലത്തിൽ ആശയവിനിമയം നടത്താൻ ഒരു വ്യവസ്ഥയോ സംഘടനയോ പൊതുവേദിയോ ഉണ്ടായിരുന്നില്ല. ഇതിനുള്ള ഒരു പരിഹാരം എന്ന നിലയ്ക്ക് 1947 ഒക്ടോബറിൽ വാഴ്സായിൽവച്ച് കമ്മ്യൂണിസ്റ്റ് ഇൻഫർമേഷൻ ബ്യൂറോ (കോമിൻഫോം) എന്ന ഒരു സംഘടന രൂപീകരിക്കപ്പെട്ടു. അതിൽ സോവിയറ്റ് യൂണിയനിലെയും കിഴക്കൻ യൂറോപ്പിലെയും കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കു പുറമേ മുതലാളിത്തരാഷ്ട്രങ്ങളായ ഫ്രാൻസിലെയും ഇറ്റലിയിലെയും കമ്മ്യൂണിസ്റ്റ് പാർട്ടികൾകൂടി അംഗങ്ങളായിരുന്നു. കോമിൻഫോം മുഖപത്രമായിരുന്നു പല ഭാഷകളിൽ പ്രസിദ്ധീകരിച്ചിരുന്ന For a lasting peace, for a peoples' democracy. സ്റ്റാലിന്റെ നിര്യാണശേഷം അധികാരത്തിൽവന്ന, സ്റ്റാലിനെതിരെ പ്രചരണമാരംഭിച്ച സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറി നികിതാ ക്രൂഷ്ചേവ് 1956 ഏപ്രിൽ 17-ന് കോമിൻഫോം പിരിച്ചുവിട്ടു.

കോമിൻഫോമിലെ ആദ്യത്തെ പ്രതിസന്ധി മാർഷൽ ടിറ്റോയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന യൂഗോസ്ലേവിയ സംബന്ധിച്ചായിരുന്നു. പോളണ്ട്, റുമേനിയ, ഹംഗറി തുടങ്ങിയ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ നിലവിൽവന്നത് ഹിറ്റ്ലറെ തോല്പിച്ചോടിച്ച ചുവപ്പുസേനയുടെ സഹായത്തോടെ

യായിരുന്നു. എന്നാൽ മാർഷൽ ബ്രോസ് ജോസിപ്പ് ടിറ്റോയുടെ നേതൃത്വത്തിൽ ഉള്ള ഫാസിസ്റ്റ് വിരുദ്ധ ചെറുത്തുനില്പു സംഘടനയായിരുന്ന ചെമ്പടയുടെ കാര്യമായ സഹായം ഇതിന് വേണ്ടിവന്നില്ല. അതുകൊണ്ടായിരിക്കാം നയങ്ങളുടെ നടപടികളിലും കുറേക്കൂടി സ്വതന്ത്രമായ നിലപാട് കൈക്കൊള്ളാൻ കാരണം. കോമിൻഫോം ടിറ്റോയുടെ നയങ്ങളെ പൂർണ്ണമായി അനുവദിച്ചില്ല. ഒടുവിൽ ടിറ്റോയും യൂഗോസ്ലോവ് കമ്മ്യൂണിസ്റ്റ് പാർട്ടിയും സ്റ്റാലിന്റെ നേതൃത്വം ഉപേക്ഷിച്ച് കോമിൻഫോമിൽനിന്ന് ബഹിഷ്കരിക്കപ്പെട്ടു.

തെലുങ്കാനാമാർഗ്ഗം

നാട്ടുരാജ്യങ്ങളിലെ ഉത്തരവാദിത്വഭരണപ്രക്ഷോഭണങ്ങൾ പലയിടത്തും സായുധസമരങ്ങളായി വളർന്നു. കേരളത്തിലെ പുന്നപ്ര-വയലാർ സായുധസമരം അടിച്ചമർത്താൻ ദിവാൻഭരണത്തിന് കഴിഞ്ഞുവെങ്കിലും ആ പരാജയം വിജയത്തിലേക്കുള്ള ഒരു ചവിട്ടുപടി മാത്രമായിരുന്നു. എന്നാൽ തെലുങ്കാനാസമരം അടിച്ചമർത്താൻ ഹൈദരാബാദിലെ നൈസാമിന് കഴിഞ്ഞില്ല. അന്ന് ആന്ധ്രാപ്രദേശിലെ വടക്കുഭാഗവും തെലുങ്കാനയും ബീറാറും നൈസാമിന്റെ ആധിപത്യത്തിലായിരുന്നു. റസാക്കാ എന്ന ഒരു ഗുണ്ടാപ്പടയെ ജനകീയ സമരങ്ങൾ അടിച്ചമർത്താൻവേണ്ടി നൈസാം സംഘടിപ്പിച്ചിരുന്നു—മലബാർ സ്പെഷ്യൽ പൊലീസ് എന്ന എം. എസ്. പി.യുടെ നേർപകർപ്പ്. ഒരു വ്യത്യാസം മാത്രം: റസാക്കർമാർ മുസ്ലീങ്ങളും അവരുടെ ആക്രമണം ഹിന്ദുക്കൾക്കെതിരെയുമായിരുന്നു. എം. എസ്. പി. രൂപീകരിക്കപ്പെട്ടത് മുസ്ലീം ബഹുജനങ്ങൾ പങ്കെടുത്ത മലബാർ കലാപം അടിച്ചമർത്താനായിരുന്നുവെങ്കിലും പിന്നീടത് എല്ലാവിധ ജനകീയ സമരങ്ങളെയും അടിച്ചമർത്താനുള്ള ഉപകരണമായി മാറി. നൈസാമിനും റസാക്കാർമാർക്കും എതിരെയുള്ള കർഷകപോരാട്ടങ്ങൾ തെലുങ്കാനാഭാഗത്ത് ഭൂപ്രഭുക്കന്മാർക്കും ഫ്യൂഡൽ പ്രമാണിമാർക്കുമെതിരായ സമരമായി മാറുകയും ഫ്യൂഡൽ പ്രഭുക്കളുടെ ഭൂമി പിടിച്ചെടുത്ത് ജനങ്ങൾക്ക് വിതരണംചെയ്യുകയും ചെയ്തതോടുകൂടി ഒരു സമാന്തരസർക്കാർതന്നെ അവിടെ നിലവിൽവന്നു. ആശുപത്രികളും സ്കൂളുകളും അവർ സ്ഥാപിച്ച് നടത്തിത്തുടങ്ങി. ഇത് ഒരു ചൈനാമാർഗ്ഗത്തിലുള്ള വിപ്ലവമാണെന്ന് വിലയിരുത്തപ്പെട്ടു. ഉത്തരപശ്ചിമചൈനയിലെ യെനാൻ പ്രദേശം മോചിപ്പിച്ച് അവിടെ സമാന്തരസർക്കാർ സ്ഥാപിച്ചുകൊണ്ടാണല്ലോ മാവോ സേ ദുങ് ചൈനീസ് വിപ്ലവത്തെ വളർത്തിയതും അവസാനം ജനകീയ ജനാധിപത്യ ചൈന 1949 ഒക്ടോബർ 1-ന് നിലവിൽവന്നതും.

തെലുങ്കാനായുടെ അനുഭവവും ചൈനീസ്വിപ്ലവമാർഗ്ഗവും ഇന്ത്യയിലെ അധഃസ്ഥിതജനതയെ അത്യധികം ആകർഷിച്ചു. അങ്ങനെ തെലുങ്കാനാമാർഗ്ഗം നമ്മുടെ മാർഗ്ഗം എന്ന മുദ്രാവാക്യം കമ്മ്യൂണിസ്റ്റുകാർ ഉയർത്തിയപ്പോൾ ബി.ടി രണദിവെ സി. പി. ഐ. ജനറൽ സെക്രട്ടറി എന്ന

നിലയിൽ അതിനെ ശക്തിയായി എതിർത്തു. മാർക്സിനെയും എംഗൽസിനെയും ലെനിനെയും സ്റ്റാലിനെയും മാത്രമല്ലാതെ മറ്റാരെയും (മാവോസെദുങ് എന്നു വ്യംഗ്യം) സി. പി. ഐ. മാർക്സിസം-ലെനിനിസത്തിന്റെ ആധികാരികമായ ഉറവിടമായി അംഗീകരിക്കുന്നില്ലെന്നും സോവിയറ്റ് വിപ്ലവമാർഗ്ഗം മാത്രമാണ് വിജയത്തിലേക്കുള്ള ഏകപാതയെന്നും രണദിവെ വാദിച്ചു. ഇടതുപക്ഷ കമ്മ്യൂണിസം ഒരു 'ബാലാരിഷ്ടത' എന്ന വി. ഐ. ലെനിന്റെ പ്രസിദ്ധമായ കൃതിയിൽ സോഷ്യലിസത്തിലേക്ക് സോവിയറ്റ് മാർഗ്ഗം മാത്രമല്ല ഉള്ളതെന്നും അതാതു ദേശത്തെ സവിശേഷ പരിസ്ഥിതിക്കനുസരിച്ച് വിപ്ലവത്തിന്റെ ശൈലി മാറാമെന്നും നിർദ്ദേശിച്ചത് രണദിവെ സൗകര്യപൂർവ്വം അവഗണിച്ചു. അങ്ങനെ പാർട്ടിയിൽ വീണ്ടും രണ്ടു ഗ്രൂപ്പുകൾ രൂപപ്പെട്ടു. രണദിവെ ഗ്രൂപ്പും തെലുങ്കാനാ ഗ്രൂപ്പും. പി. സുന്ദരയ്യ, എം. ബാസവപുന്നയ്യ, സി. രാജേശ്വരറാവു എന്നീ ആന്ധ്രാ നേതാക്കളായിരുന്നു തെലുങ്കാനാപക്ഷം. പാർട്ടി പിളരും എന്നത് അനിവാര്യമായി തോന്നിയപ്പോൾ ലോക കമ്മ്യൂണിസ്റ്റ് നേതൃത്വം ഇടപെടേണ്ടതായിവന്നു. അതിനുമുൻപുതന്നെ ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പോക്കു ശരിയല്ലെന്നു സൂചിപ്പിക്കുന്ന ഒരു പരാമർശം കോമിൻഫോം മുഖപത്രത്തിൽ (1950 ജനുവരി ലക്കം) പ്രത്യക്ഷപ്പെട്ടിരുന്നു. അതു വീണ്ടുവിചാരത്തിന് വഴിയൊരുക്കി.

ഒടുവിൽ ആ വർഷംതന്നെ പി. സുന്ദരയ്യ, എം. ബാസവപുന്നയ്യ, സി. രാജേശ്വരറാവു, എസ്. എ. ഡാങ്കേ എന്നിവരടങ്ങുന്ന ഒരു ദൗത്യസംഘം നിയമവിരുദ്ധമായി ഇന്ത്യയിൽനിന്നും മോസ്കോവിലെത്തി ലോകനേതൃത്വവുമായി ചർച്ചനടത്തി. ചർച്ചയ്ക്ക് നേതൃത്വം നൽകിയത് ജെ. വി. സ്റ്റാലിൻതന്നെ. ചർച്ചകൾക്കുശേഷം സോവിയറ്റ് സഹായത്തോടെ രഹസ്യമായിട്ടാണെങ്കിലും സുരക്ഷിതമായി അവർ ഇന്ത്യയിൽ തിരിച്ചെത്തി ഒളിവിൽ പോകുകയും ചെയ്തു.

സാമ്രാജ്യത്വവാഴ്ചക്കാലത്ത് പ്രായോഗികവും വിജയകരവുമായിരുന്ന തെലുങ്കാനാമാർഗ്ഗം സ്വതന്ത്രഭാരതത്തിൽ വിജയിക്കാൻ ഇടയില്ലെന്നും മറ്റു സമരമാർഗ്ഗങ്ങളുമായി തെലുങ്കാനാമാർഗ്ഗത്തിന്റെ അന്തർദ്ധാരയെ സമന്വയിച്ച് മുന്നോട്ടു കൊണ്ടുപോവുകയാണ് വേണ്ടതെന്നും അപ്പോഴത്തെ രൂപത്തിലുള്ള തെലുങ്കാനാസമരം അധികം താമസിയാതെ പരാജയമെന്നു തോന്നിയാലും പിൻവലിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു. 1950 ജനുവരി 26-ന് നിലവിൽവന്ന പുതിയ സ്വതന്ത്രഭാരത ഭരണഘടനയനുസരിച്ച് നടക്കാനിരിക്കുന്ന പൊതു തെരഞ്ഞെടുപ്പിൽ സി. പി. ഐ. സമാനചിന്താഗതിക്കാരായ മറ്റു പുരോഗമനവാദികളുമായി ചേർന്ന് മത്സരിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു. 1950 അവസാനത്തിൽ കൽക്കത്തയിൽവച്ചു ചേർന്ന പാർട്ടിയുടെ പ്രത്യേക കോൺഗ്രസിൽ ഈ നിർദ്ദേശങ്ങൾ അംഗീകരിക്കപ്പെട്ടു.

ഇതിൻപ്രകാരം ഇന്ത്യയുടെ വിപ്ലവമാർഗ്ഗം സോവിയറ്റു മാർഗ്ഗവുമല്ല ചൈനീസ് മാർഗ്ഗവുമല്ല എന്നും ഇന്ത്യയുടെ സവിശേഷസാഹചര്യങ്ങൾക്കൊത്തവിധം മാർക്സിസത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഇന്ത്യൻ

വിപ്ലവമാർഗ്ഗമാണെന്നും അംഗീകരിക്കപ്പെട്ടു. 1951-ൽ സംസ്ഥാന നിയമസഭകളിലേക്കും ലോകസഭയിലേക്കും നടന്ന തെരഞ്ഞെടുപ്പുകളിൽ അദ്ഭുതകരമായ വിജയമാണ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുണ്ടായിരുന്നത്. പാർലമെന്റിൽ മുപ്പതിൽപ്പരം സീറ്റുകൾ നേടി ഏറ്റവും വലിയ പ്രതിപക്ഷഗ്രൂപ്പായി ഉയരാൻ പാർട്ടിക്കു കഴിഞ്ഞു. രാജ്യസഭയിൽ പി. സുന്ദരയ്യയും ലോകസഭയിൽ എ. കെ. ഗോപാലനും മുഖ്യപ്രതിപക്ഷ നേതാക്കളായി. ഈ അഭിമാനകരമായ വിജയത്തിന് ഏറ്റവും വളക്കൂറുള്ള മണ്ണായിത്തീർന്നത് അതിസാഹസികത്വം എന്ന ദോഷവശമുണ്ടെങ്കിലും രക്തപങ്കിലമായ സമരങ്ങൾ നടന്നയിടങ്ങളിലാണ്.

സ്വാതന്ത്ര്യപ്രാപ്തി കമ്മ്യൂണിസ്റ്റുകാരെ മാത്രമല്ല കോൺഗ്രസുകാരെയും ആശയക്കുഴപ്പത്തിലാക്കി. പഴയ സോഷ്യലിസ്റ്റ് ആദർശങ്ങൾ മാത്രമല്ല ഗാന്ധിയൻ ആദർശങ്ങൾപോലും തിരസ്കരിക്കപ്പെട്ടു. മഹാത്മാഗാന്ധി 1948 ജനുവരി 30-ന് ഒരു വർഗ്ഗീയ കശ്മലന്റെ വെടിയേറ്റ് രക്തസാക്ഷിയായി. അതോടുകൂടി ഇന്ത്യയുടെയും കോൺഗ്രസ്സിന്റെയും നേതൃത്വമാകെ രണ്ടു പേരുടെ കൈകളിൽ ഒതുങ്ങി: ജവഹർലാൽ നെഹ്റുവിന്റെയും സർദാർ വല്ലഭായിപട്ടേലിന്റെയും. ഈ പോക്കിൽ അസംതൃപ്തരായ പല ഗാന്ധിയൻ നേതാക്കളും കോൺഗ്രസ് വിട്ടു. ജെ. ബി. കൃപലാനി, കെ. കേളപ്പൻ തുടങ്ങിയ പ്രമുഖരായ ഗാന്ധിയൻ നേതാക്കൾ കോൺഗ്രസ്സിനോട് വിട പറഞ്ഞ് കിസാൻ മസ്ദൂർ പ്രജാ പാർട്ടി എന്നൊരു പുതിയ പാർട്ടി രൂപീകരിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയും സോഷ്യലിസ്റ്റ് പാർട്ടിക്കാരുമായി യോജിച്ച് തെരഞ്ഞെടുപ്പിൽ മത്സരിച്ച് പലയിടത്തും വിജയം നേടി. പ്രത്യേകിച്ചും മലബാറിൽ അവർ എല്ലാ സീറ്റും നേടി.

യുക്തിരഹിതമായ കാലത്ത് യുക്തിയുടെ പ്രയോഗം

കെ. ദാമോദരനെപ്പോലെ ബുദ്ധിമാനും രാഷ്ട്രീയവിശകലനത്തിൽ സമർത്ഥനുമായ ഒരാൾക്കുപോലും അത്രവേഗം പിടിയിലൊതുങ്ങുന്നതായിരുന്നില്ല ഇതുവരെ സാർവ്വദേശീയവും ദേശീയവുമായ രംഗങ്ങളിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനകത്ത് നടന്ന ഏറ്റുമുട്ടലുകളും മറിമായങ്ങളും. എങ്കിലും ഈ പ്രശ്നങ്ങളെ നേരിടാൻ ഇ.എം.എസ്സിനെ ഒഴിച്ചുനിറുത്തിയാൽ ദാമോദരൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. സ്വാതന്ത്ര്യം മിഥ്യയാണെന്നും സത്യമാണെന്നും മാറിമാറി സമർത്ഥിക്കാൻ ദാമോദരന്റെ യുക്തിക്ക് സാധിച്ചു. അതുപോലെതന്നെ തീവ്രവാദത്തെയും തിരുത്തൽവാദത്തെയും സന്ദർഭംപോലെ അദ്ദേഹത്തിന്റെ മഷി ഉണങ്ങാത്ത പേന ന്യായീകരിച്ചു. ദാമോദരന്റെ ഇക്കാലത്തെ ആശയസമരങ്ങൾക്കു വേദി ഒരുക്കിയത് കോഴിക്കോട്ടുനിന്നുമാരംഭിച്ച 'കമ്മ്യൂണിസ്റ്റ്' എന്ന ഒരു താത്ത്വിക വാരികയായിരുന്നു. കെ. ദാമോദരൻതന്നെയായിരുന്നു അതിന്റെ പത്രാധിപരും. ഈ ആശയസമരങ്ങളിൽ സവ്യസാചിയെപ്പോലെ വലതു കൈകൊണ്ടും ഇടതു കൈകൊണ്ടും ഒരേസമയം അമ്പയച്ചാണ് ദാമോദരൻ പങ്കെടുത്തത്.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ എതിരാളിയായ കോൺഗ്രസിനെതിരെ വലതു കൈകൊണ്ടും മത്തായി മാഞ്ഞൂരാൻ, ശ്രീകണ്ഠൻനായർ തുടങ്ങിയവരുൾപ്പെടുന്ന കേരള സോഷ്യലിസ്റ്റ് പാർട്ടി (കെ. എസ്. പി.)ക്കെതിരെ ഇടതു കൈകൊണ്ടും ദാമോദരൻ ശരവർഷം നടത്തി. ഒടുവിൽ കൊൽക്കത്താ തീസിസിന്റെ അടിസ്ഥാനത്തിൽ പാർട്ടിനയം ആകെ മാറ്റിയപ്പോൾ ദാമോദരൻ അതിനെയും അനുകൂലിച്ച് തന്റെ വാഗ്പാടവം പ്രകടിപ്പിച്ചു. ഇത്രവേഗം ഇങ്ങനെ മാറാൻ കഴിഞ്ഞതെങ്ങനെ എന്ന ചോദ്യം അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ ഉന്നയിച്ചപ്പോൾ അതിനും അദ്ദേഹത്തിന് മറുപടിയുണ്ടായിരുന്നു. അവസാനകാലത്ത് 1975-ൽ ഇംഗ്ലണ്ടിലെ 'ന്യൂ ലെഫ്റ്റ് റിവ്യൂ' എന്ന ഇടതുപക്ഷ മാസികയ്ക്ക് നൽകിയ പ്രസിദ്ധമായ അഭിമുഖത്തിൽ അദ്ദേഹം ഇപ്രകാരമാണ് അതേപ്പറ്റി പറഞ്ഞത്:

> "....യുദ്ധ അനുകൂല ലൈൻ ആവശ്യപ്പെട്ടുകൊണ്ട്, പാർട്ടി നേതൃത്വത്തിന്റെ, ഒരു സർക്കുലർ ഞങ്ങളുടെ പാർട്ടി ജയിൽ കമ്മിറ്റിക്ക് ലഭിച്ചയുടൻ, യാതൊരു പരപ്രേരണയുംകൂടാതെ ഞാൻ എന്റെ യുദ്ധവിരുദ്ധനിലപാട് ഉപേക്ഷിച്ചു. മറ്റുള്ളവർ എന്നെ പരിഹസിച്ചു. 'നിങ്ങൾ പാർട്ടി തിയറ്റി ഷ്യനാണെന്ന് സ്വയം കരുതി. എന്നാൽ തെറ്റു നിങ്ങൾക്കാണ് പറ്റിയത്. കമ്മ്യൂണിസ്റ്റുകാരെന്ന നിലയ്ക്ക് ഞങ്ങൾ എങ്ങനെയാണ് പരിശീലിക്കപ്പെട്ടതെന്നുള്ളതിലേക്ക് വിരൽചൂണ്ടുന്നു. ഞാൻ ഒരു സ്വയംവിമർശനം നടത്തി. എനിക്ക് തെറ്റു പറ്റിയെന്ന് സമ്മതിക്കുകയും ചെയ്തു. പാർട്ടി എല്ലായ്പോഴും ശരിയായിരിക്കുമെന്ന വിശ്വാസംകൊണ്ടാണ് എനിക്കത് ചെയ്യേണ്ടിവന്നത്."

(തരിഖ് അലിയുമായി നടത്തിയ ഈ അഭിമുഖസംഭാഷണത്തിന്റെ വിശദമായ ചർച്ച അവസാനത്തെ അദ്ധ്യായമായ 'ദാമോദരന്റെ ഒസ്യത്തി'ൽ ചേർത്തിട്ടുണ്ട്.)

പാർട്ടിയുടെ രണ്ടാം കോൺഗ്രസിൽ പങ്കെടുത്ത ദാമോദരന് കൊൽക്കത്ത തീസിസുമായി പൂർണ്ണമായി പൊരുത്തപ്പെടാൻ കഴിഞ്ഞില്ലെന്ന് ചിലർ അഭിപ്രായപ്പെടുന്നുണ്ട്. 1950-കളിലെ ഉൾപ്പാർട്ടി സമരങ്ങളിൽ മിതവാദി വിഭാഗത്തോടൊപ്പം നിന്നിരുന്ന ദാമോദരന് കൊൽക്കത്ത തീസിസുമായി പൊരുത്തപ്പെടാൻ കഴിഞ്ഞില്ല എന്ന് ഊഹിക്കുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. ഏതായാലും പാർട്ടി അംഗീകരിച്ച നയം അച്ചടക്കത്തോടുകൂടി നടപ്പിലാക്കാൻ ഉറച്ചുകൊണ്ടാണ് അദ്ദേഹം കേരളത്തിൽ തിരിച്ചെത്തിയത്.

കേരളത്തിൽ എത്തി പ്രവർത്തനങ്ങളിൽ മുഴുകി. പക്ഷേ, അധികകാലമത് നീണ്ടുനിന്നില്ല. 1948 ആഗസ്റ്റിൽ അറസ്റ്റുചെയ്യപ്പെട്ട ദാമോദരൻ വീണ്ടും വെല്ലൂർ ജയിലിലെത്തി. ജയിലിൽ മറ്റു സഖാക്കൾക്ക് ക്ലാസ്സെടുക്കുകയും പുസ്തകങ്ങൾ വായിക്കുകയും പുതിയ പുസ്തകങ്ങൾ എഴുതിയുമാണ് ദാമോദരൻ സമയം ചെലവഴിച്ചത്. ഈ സ്റ്റഡിക്ലാസുകൾക്ക് എഴുതിയ കുറിപ്പുകളാണ് അവിടെവെച്ച് വികസിപ്പിച്ചു ചിട്ടപ്പെടുത്തി പത്തു പുസ്തകങ്ങളായി രൂപം പ്രാപിച്ചത്. 'കമ്മ്യൂണിസം എന്ത് എന്തിന്, മാർക്സിസം തുട

ങ്ങിയവ ഇക്കൂട്ടത്തിൽപ്പെടുന്നു. ഇതിനിടെ ഭാര്യ പത്മത്തിന് വസൂരിരോഗം ബാധിച്ച് കിടപ്പായിരുന്നതിനാൽ ദാമോദരൻ പരോളിന് അപേക്ഷിച്ച് പുറത്തുവന്നു. എന്നാൽ പരോളിന്റെ അവധി കഴിഞ്ഞിട്ടും വെല്ലൂരിലേക്ക് പോകാതെ ഒളിവിൽ പോകുകയാണ് ചെയ്തത്. വെല്ലൂർക്ക് പോകുന്നതിന്റെ തലേദിവസം ദാമോദരൻ ഗുരുവായൂരിലേക്കും അവിടെനിന്ന് രാത്രി കൊടുങ്ങല്ലൂരേക്കും ഒളിച്ചു കടന്നു. കൊച്ചിയിൽ ഏനാമ്മാവിൽ എത്തിച്ചേർന്ന ദാമോദരൻ കുറച്ചുകാലം കൊച്ചിയിൽ ഒളിവിൽ പ്രവർത്തിച്ചു. ഈ ഘട്ടത്തിൽ കെ. ദാമോദരൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളകമ്മിറ്റി സെക്രട്ടേറിയേറ്റിൽ അംഗമായി. വാസ്തവത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭരണഘടനയനുസരിച്ച് സംസ്ഥാനകമ്മിറ്റികൾ മാത്രമേ ഉണ്ടായിരുന്നുവെങ്കിലും കേരളത്തിൽ സ്ഥിതി വ്യത്യസ്തമായിരുന്നു. ഈ കേരളകമ്മിറ്റി കാര്യക്ഷമമായും കേരളത്തെ മുഴുവൻ ഉൾക്കൊണ്ട് പ്രവർത്തിച്ചിരുന്നുമില്ല. കൊച്ചിക്കും തിരുവിതാംകൂറിനും ഉണ്ടായിരുന്ന കമ്മിറ്റികൾ മിക്കവാറും കേരള കമ്മിറ്റിയിൽനിന്നും സ്വതന്ത്ര്യമായി കേന്ദ്രകമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് പ്രവർത്തിച്ചുവന്നത്. അതുകൊണ്ട് മലബാർ ജില്ലയ്ക്കു മാത്രമായി സംസ്ഥാന കമ്മിറ്റിയുടെ പദവിയുള്ള ഒരു ജില്ലാകമ്മിറ്റി രൂപീകരിക്കുകയും അതിന്റെ സെക്രട്ടറിയായി ദാമോദരൻ നിയോഗിക്കപ്പെടുകയും ചെയ്തു.

യുദ്ധാനന്തര കേരളരാഷ്ട്രീയം

സ്വാതന്ത്ര്യത്തെ സംബന്ധിച്ചുള്ള പരസ്പരവിരുദ്ധവിലയിരുത്തലുകളെയും ഉൾപ്പാർട്ടിസമരങ്ങളെയും സാർവ്വദേശീയരംഗത്തെ സംഭവവികാസങ്ങളെയുംകുറിച്ച് മിക്കവാറും വിശദമായിത്തന്നെ നാം ചർച്ചചെയ്ത് കഴിഞ്ഞുവല്ലോ. എന്നാൽ സ്വാതന്ത്ര്യപ്രാപ്തിക്ക് തൊട്ടുമുൻപുള്ള വർഷങ്ങളിലെ സംഭവങ്ങൾ അല്പംകൂടി വിശദീകരിച്ചാലേ ചിത്രം പൂർത്തിയാകൂ. ഈ കാലഘട്ടത്തിലെ സങ്കീർണ്ണമായ പ്രശ്നങ്ങളും നയംമാറ്റങ്ങളും ജനങ്ങൾക്ക് വിവരിച്ചുകൊടുക്കാൻ ദാമോദരനുപുറമെ ഇ. എം. എസ്., സി. ഉണ്ണിരാജ, എം. എസ്. ദേവദാസ്, കെ. കെ. വാര്യർ തുടങ്ങിയവരും ഉണ്ടായിരുന്നു. അവരുടെ മുഖ്യപ്രചരണോപാധി എം. എസ്. ദേവദാസിന്റെ പത്രാധിപത്യത്തിൽ നടന്നുവന്ന ദേശാഭിമാനി വാരിക ആയിരുന്നു. കൂടാതെ ദാമോദരൻ പത്രാധിപരായി നടത്തിവന്ന 'കമ്മ്യൂണിസ്റ്റ്' എന്ന മാസികയെക്കുറിച്ച് പരാമർശിച്ചിരുന്നുവല്ലോ. ഈ ഘട്ടത്തിൽ ദേശാഭിമാനി ഒരു ദിനപത്രമായി ഉയർത്തേണ്ടതിന്റെ ആവശ്യകത പാർട്ടിക്ക് ബോധ്യമായി. അതിന്റെ ചെലവിലേക്കായി വിപുലമായ തോതിൽ മേളകളും പിരിവുകളും നടത്തി വാരിക ദിനപത്രമായി നടത്താൻ തുടങ്ങി.

1921 ആഗസ്റ്റ്മാസത്തിലെ 'മാപ്പിളലഹള' എന്നു വിളിക്കപ്പെടുന്ന മലബാർകലാപത്തിന്റെ രജതജൂബിലി ആചരണത്തിന്റെ ഭാഗമായി ഇ. എം. എസ്. 'ദേശാഭിമാനി'യിൽ ഒരു ലേഖനം എഴുതി പ്രസിദ്ധീകരിച്ചു; 'ആഹ്വാനവും താക്കീതും' എന്ന പേരിൽ. അതിപ്രകാരം തുടരുന്നു:

"1921-നെക്കുറിച്ച് പല വിലയിരുത്തലുകളും മുൻപ് നടന്നിട്ടുണ്ട്. അതിനെ വെറുമൊരു 'മാപ്പിളലഹള'യായി ചിത്രീകരിക്കാനാണ് ബ്രിട്ടീഷ് ഭരണാധികാരികൾ ശ്രമിച്ചത്. അതിനോട് കോൺഗ്രസ് നേതാക്കളിൽ ഒരു വിഭാഗം യോജിച്ചു. എന്നാൽ കോൺഗ്രസുകാരിൽത്തന്നെ മറ്റൊരു വിഭാഗമടക്കം കുടിയാൻപ്രസ്ഥാനത്തിന്റെ നേതാക്കൾ ജന്മിമർദ്ദനവും കലാപവും തമ്മിൽ ബന്ധമുണ്ടെന്ന് ചൂണ്ടിക്കാണിച്ചു. ജന്മി-കുടിയാൻ ബന്ധത്തിൽ മാറ്റങ്ങൾ വരുത്താനുള്ള ന്യായവാദത്തിൽ മലബാർ ലഹളയെക്കുറിച്ചുള്ള തങ്ങളുടെ വിലയിരുത്തൽകൂടി അവർ ഉപയോഗിച്ചു.

കേരളത്തിന് വെളിയിലുള്ള ഇടതുപക്ഷചിന്താഗതിക്കാരിൽ ഒരു വിഭാഗമാകട്ടെ, മലബാർകലാപത്തെ വെറുമൊരു കാർഷികകലാപമായി ചിത്രീകരിക്കാൻ ശ്രമിച്ചു. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപംകൊള്ളുന്നതിനുമുൻപ് ഇവിടെ വന്നു നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലെന്നവകാശപ്പെട്ടുകൊണ്ട് സൗമ്യേന്ദ്രനാഥ ടഗോർ എന്ന ഒരു ബംഗാളി ഇടതുപക്ഷക്കാരൻ മലബാറിലെ കാർഷിക കലാപം എന്ന തലവാചകത്തിൽ ഒരു ലഘുലേഖതന്നെ എഴുതി പ്രസിദ്ധീകരിച്ചു. ഈ വിവിധ ചിന്താഗതികളിൽ ഓരോന്നിലും സത്യത്തിന്റെ അംശം ഉണ്ടെങ്കിലും, അതൊന്നും മുഴുക്കെ സത്യമല്ല എന്ന അഭിപ്രായമാണ് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപംകൊണ്ടതിനുശേഷം അത് പ്രകടിപ്പിച്ചത്.

മലബാർകലാപത്തിന്റെ ആരംഭം ബ്രിട്ടീഷ് സാമ്രാജ്യാധിപത്യത്തിനും മലബാർപ്രദേശത്തെ ജന്മികൾക്കുമെതിരായി കൃഷിക്കാരിൽ പൊതുവിലും മുസ്ലീം കൃഷിക്കാരിൽ വിശേഷിച്ചുമുള്ള അസംതൃപ്തിയും പ്രതിഷേധവുമായിരുന്നു; ഇവയ്ക്ക് രൂപം നൽകുന്നതിൽ മഹാത്മാഗാന്ധി, അലി സഹോദരന്മാർ എന്നിവരുടെ നേതൃത്വത്തിൽ രൂപംകൊണ്ട കോൺഗ്രസ് കമ്മിറ്റികളും ഖിലാഫത്ത് കമ്മിറ്റികളും സഹായിച്ചു. ഈ പ്രസ്ഥാനം രൂപംകൊള്ളുന്നതിനുമുമ്പുതന്നെ സംഘടിതമായിരുന്ന കുടിയാൻപ്രസ്ഥാനവും അതിനെ സഹായിച്ചു. ഇതാണ് പാർട്ടിയുടെ വിലയിരുത്തലിൽ ഒരു പ്രധാനവശം.

അതേ അവസരത്തിൽ, മലബാർ കലാപത്തിന് മറ്റൊരു വശമുണ്ടെന്ന് പാർട്ടി ചൂണ്ടിക്കാണിച്ചു. സ്വാതന്ത്ര്യസമരത്തിന്റെയും കുടിയാൻപ്രക്ഷോഭത്തിന്റെയും അടിസ്ഥാനത്തിൽ ഉയർന്നുവന്ന പ്രസ്ഥാനത്തിലേക്ക് കടന്നുവന്ന മുസ്ലീം ജനസാമാന്യത്തിൽ ഇസ്ലാമിക സഹാദര്യത്തിന്റെ വികാരങ്ങളും ഉൾപ്പെട്ടിരുന്നു. അതിനെ മതനിരപേക്ഷദേശീയതയ്ക്ക് കീഴ്പെടുത്താൻ കോൺഗ്രസ്-ഖിലാഫത്ത് നേതൃത്വത്തിന് കഴിഞ്ഞില്ല. അതുകൊണ്ട്, മതനിരപേക്ഷതയുടെ അടിസ്ഥാനത്തിൽ തുടങ്ങിയ കോൺഗ്രസ്-ഖിലാഫത്ത് പ്രസ്ഥാനം മലബാർപ്രദേശത്ത് 'മാപ്പിളലഹള'യായി മാറി—ഇതും മുകളിൽ പറഞ്ഞതുമായ രണ്ടു

കാര്യങ്ങളും ചേർത്താലേ മലബാർ കലാപത്തിന്റെ ശാസ്ത്രീയ വിശകലനമാവുകയുള്ളൂ."

പൊതുതെരഞ്ഞെടുപ്പ്

1946-ൽ നടന്ന മറ്റൊരു രാഷ്ട്രീയസംഭവം മലബാറുൾപ്പെടുന്ന മദിരാശി പ്രവിശ്യയടക്കം വിവിധ പ്രവിശ്യാനിയമസഭകളിലേക്ക് 1935-ലെ നിയമ പ്രകാരം നടന്ന പൊതുതെരഞ്ഞെടുപ്പാണ്. 1939-ൽ ബ്രിട്ടീഷ് ഗവൺമെന്റിന്റെ യുദ്ധനയത്തിലേക്ക് ഇന്ത്യൻ നേതാക്കളുമായി ചർച്ചപോലും ചെയ്യാതെ വലിച്ചിഴച്ചതിനെത്തുടർന്ന് ഏഴു വർഷമായി ഗവർണർ ഭരണം നടക്കുകയായിരുന്നല്ലോ. ഈ തെരഞ്ഞെടുപ്പും സ്വാതന്ത്ര്യപ്രാപ്തി അടുത്തുവന്നതോടെ വീണ്ടും പ്രവിശ്യാഭരണങ്ങൾ ഏറ്റെടുക്കാനും കോൺഗ്രസ് സമ്മതംമൂളി. ഇതിനെത്തുടർന്നാണ് 1946-ൽ പൊതുതെരഞ്ഞെടുപ്പ് നടന്നത്. ഈ തെരഞ്ഞെടുപ്പിൽ ഒരു മാനിഫെസ്റ്റോയുടെ രൂപത്തിലല്ലെങ്കിലും ആ തെരഞ്ഞെടുപ്പിനും അതിനുശേഷവും പാർട്ടിയുടെ പ്രവർത്തനങ്ങൾക്ക് വഴികാട്ടിയായ വളരെ പ്രധാനപ്പെട്ട ഒരു പുസ്തകമാണ് ഇ. എം. എസ്സിന്റെ 'ഒന്നേകാൽകോടി മലയാളികൾ' (1946). ഇതിന് സമാന്തരമായി മറ്റ് സംസ്ഥാനങ്ങളിലും ഭാവിപ്രവർത്തനങ്ങളെയും ലക്ഷ്യങ്ങളെയും വിവരിക്കുന്ന കൃതികൾ പ്രസിദ്ധീകരിക്കപ്പെട്ടു. പി. സുന്ദരയ്യയുടെ 'വിശാലാന്ധ്ര', ഭവാനിസെന്നിന്റെ 'നതൂൻബംഗ്ലാ' മുതലായവ അവയിൽ പ്രധാനമാണ്. ആ തെരഞ്ഞെടുപ്പിൽ ഇ. എം. എസ്സും ദാമോദരനുമുൾപ്പെടെ സി. പി. ഐ. സ്ഥാനാർത്ഥികളെല്ലാം പരാജയപ്പെട്ടു.

പിന്നീട് ഇന്ത്യൻ യൂണിയൻ കോൺഗ്രസും മുസ്ലീലീഗായി മാറിയ മലപ്പുറത്തെ സ്വാതന്ത്ര്യന്മാരും ഒഴിച്ച് മറ്റാരും വിജയിച്ചില്ല. ദാമോദരൻ സ്വന്തം ജന്മനാടായ തിരൂരിൽനിന്നാണ് മത്സരിച്ചത്. അതേക്കുറിച്ച് എം. റഷീദ് നൽകുന്ന രസകരമായ ഒരു വിവരണം താഴെച്ചേർക്കുന്നു:

> "മലബാറിലെ തിരൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ ദാമോദരനും സ്ഥാനാർത്ഥിയായിരുന്നു. മുസ്ലീംലീഗിന്റെ നെടുംകോട്ടയായ ആ നിയോജകമണ്ഡലത്തിൽ തോൽവി സുനിശ്ചിതമാണെന്നറിഞ്ഞുകൊണ്ടുതന്നെയാണ് മത്സരിച്ചത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഏറ്റവും നല്ല പ്രാസംഗികനായതുകൊണ്ട്, തിരൂരിൽമാത്രം കേന്ദ്രീകരിച്ചു പ്രവർത്തിക്കാൻ അദ്ദേഹത്തിന് സൗകര്യപ്പെട്ടതുമില്ല. എങ്കിലും ജാമ്യസംഖ്യ നഷ്ടപ്പെടുമെന്ന് എതിരാളികൾപോലും കരുതിയിരുന്നില്ല. ഈ തിരഞ്ഞെടുപ്പുഫലം ദാമോദരനെ ഒട്ടും നിരാശനാക്കിയില്ല. കാരണം, രാഷ്ട്രീയാഭിപ്രായങ്ങൾ വ്യാപകമായി പ്രചരിപ്പിക്കാനുള്ള ഉപാധിയായിട്ടുമാത്രമേ അദ്ദേഹം എക്കാലത്തും തിരഞ്ഞെടുപ്പുകളെ കണ്ടിരുന്നുള്ളൂ. ഈ തിരഞ്ഞെടുപ്പുപ്രചാരണത്തിലെ ഒരു രസാവഹമായ സംഭവം ഇവിടെ അനുസ്മരിക്കട്ടെ: ഒരു മതപണ്ഡിതനും മലബാറിലെ ദേശീയ

മുസ്ലീം നേതാക്കളിലൊരാളുമായിരുന്ന മായിൻ മൗലവി, ഈ തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പക്ഷത്തായിരുന്നു. തിരൂർ നിയോജകമണ്ഡലത്തിൽപ്പെട്ടതും യാഥാസ്ഥിതിക മുസ്ലിം കേന്ദ്രവുമായ താനൂർ അങ്ങാടിയിൽ ചേർന്ന പൊതുയോഗത്തിൽ, മുസ്ലീംലീഗ് സ്ഥാനാർത്ഥിയായ സീതിസാഹിബ് യഥാർത്ഥ മുസ്ലീമല്ലെന്നും കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥിയായ കെ. ദാമോദരനാണ് അല്ലാഹുവിന്റെ ദൃഷ്ടിയിൽ ശരിയായ മുസ്ലിം എന്നും മായിൻ മൗലവി പ്രസംഗിച്ചു. ഉടനെ സദസ്യരിലൊരാൾ ചോദിച്ചു: 'ഇത് ഖുർ-ആനെക്കൊണ്ട് നിങ്ങൾക്ക് തെളിയിക്കാമോ?' ക്ഷുഭിതനായ മൗലവി: ഖുർ-ആൻകൊണ്ട് മാത്രമല്ല, വേണമെങ്കിൽ ഖുർ-ആന്റെ വാപ്പാനെക്കൊണ്ടും തെളിയിക്കും, തുടർന്ന് യോഗം ബഹളത്തിൽ കലാശിച്ചു. ദാമോദരന്റെ ദയനീയമായ തിരഞ്ഞെടുപ്പ് പരാജയത്തിൽ ഇത്തരം പ്രസംഗങ്ങൾക്കും നല്ല പങ്കുണ്ട്."

ഇന്നത്തെ ഗതാഗതസമ്പ്രദായമോ മറ്റു വേഗതയേറിയ ആശയവിനിമയ സമ്പ്രദായമോ ഇല്ലാതിരുന്ന അക്കാലത്ത് പത്രങ്ങളെല്ലാം തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ ഏതെങ്കിലും ഭാഗത്തു മാത്രമേ ഫലപ്രദമായി നടത്താനാകുമായിരുന്നുള്ളൂ. ഐക്യകേരളത്തിന് അനുകൂലമായി പൊതുജനാഭിപ്രായം ക്രോഡീകരിക്കാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയെത്തന്നെ ഏകീകരിച്ച് ശക്തിപ്പെടുത്താനും ഒരു ദിനപത്രംകൊണ്ട് കഴിയില്ലായിരുന്നു. (സ്വാതന്ത്ര്യാനന്തരകാലത്ത് മലബാറിന് ദേശാഭിമാനിയും കൊച്ചിക്ക് നവജീവനും തിരുവിതാംകൂറിന് ജനയുഗവും കമ്മ്യൂണിസ്റ്റ് മുഖപത്രങ്ങളായി ഉണ്ടായിരുന്നു. പക്ഷേ, അവിടത്തോളമെത്താൻ 1946-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സാധിക്കുമായിരുന്നില്ല.)

മാത്രമല്ല 'ദേശാഭിമാനി' പലവട്ടം നിരോധിക്കപ്പെടുകയും പല പേരുകളുംവച്ച് പുതിയ പത്രങ്ങൾ പാർട്ടി ആരംഭിക്കുകയും ചെയ്തു. അതിലൊരെണ്ണത്തിന്റെ പേര് 'റിപ്പബ്ലിക്ക്' എന്നായിരുന്നു. റിപ്പബ്ലിക്ക് നിരോധിക്കപ്പെട്ടപ്പോൾ വേറെയും ചില പേരുകളിൽ പുതിയ പത്രങ്ങൾ ആരംഭിച്ചു. പത്രാധിപരായി പേരുവെച്ചത് പ്രസിദ്ധ കമ്മ്യൂണിസ്റ്റ് പത്രപ്രവർത്തകനായ ജി. എം. നെന്മേലി ആയിരുന്നു. 1950 ജനുവരി 26-ാം തീയതി പുതിയ ഭരണഘടന വന്നതോടെ കുറെക്കൂടി പത്രപ്രവർത്തന സ്വാതന്ത്ര്യം ലഭിക്കുമെന്നായിരുന്നു പ്രതീക്ഷ. ഭരണഘടനയിൽ അപ്രകാരം അഭിപ്രായപ്രകടനത്തിന് കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചിരുന്നുവെങ്കിലും ഉദ്യോഗസ്ഥമേധാവികൾ പഴയപടി നിരോധനങ്ങളും ജാമ്യം കെട്ടിവയ്ക്കൽ ഉത്തരവുകളും പത്രങ്ങൾക്കെതിരെ തുടർന്നു. ഇതു സംബന്ധിച്ച് മദിരാശി ഹൈക്കോടതിയിൽ നടന്ന ഒരു കേസും അതിന്റെ വിധിയും നമ്മുടെ ഭരണഘടനാചരിത്രത്തിലെ ഒരു പ്രധാനസംഭവമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുഖപത്രമായിരുന്ന 'ന്യൂ ഏജ്' കൽക്കത്ത തീസിസിനെത്തുടർന്ന് നിരോധിക്കപ്പെട്ടപ്പോൾ ഒരു ഉന്നത ബുദ്ധിജീവിയും പാർട്ടി അനുഭാവിയുമായിരുന്ന രമേശ് ഥാപ്പറുടെ പത്രാധി

പത്യത്തിൽ ആരംഭിച്ച 'ക്രോസ്റോഡ്സ്' ഫലത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി യുടെ മുഖപത്രമായി. അതും നിരോധിക്കപ്പെട്ടതിനെത്തുടർന്ന് ഹൈക്കോട തിയിൽ എ. കെ. ഗോപാലൻ സമർപ്പിച്ച റിട്ട് ഹർജി അനുവദിച്ചുകൊണ്ട് നിരോധനം ഹൈക്കോടതി റദ്ദാക്കി. ഇങ്ങനെ നിലവിൽവന്ന സ്വാതന്ത്ര്യമായ അന്തരീക്ഷത്തിലാണ് തിരുവിതാംകൂറിലെയും കൊച്ചിയിലെയും മലബാറി ലെയും പാർട്ടി കമ്മറ്റികളുടെ സംയുക്തവാരികയായി ദാമോദരന്റെ പത്രാധി പത്യത്തിൽ നവയുഗം ആരംഭിച്ചത്.

15. പുരോഗമനസാഹിത്യസംഘം

"'ദുരവസ്ഥ' എന്റെ മറ്റു കൃതികളെ അപേക്ഷിച്ച് വിലക്ഷണ രീതിയിലുള്ള ഒരു കാവ്യമാണ്. വർത്തമാനകാലത്തും വായനക്കാരുടെ മുമ്പിലും നടക്കുന്ന സംഭവങ്ങളെ ആധാരമാക്കിയെന്നു മാത്രമല്ല, അവയെ കഴിയുന്നത്ര തന്മയത്വത്തോടുകൂടി വർണ്ണിപ്പാൻ ആശിച്ചുകൊണ്ടും രചിക്കപ്പെടുന്ന കഥാരൂപമായ കവിതകളിൽ സാരസ്യംവരുത്താൻ പ്രയാസമാണെന്നും പറയേണ്ടതില്ലല്ലോ. ഭൂതകാലവും പരോക്ഷതയും ആണ് കവിതാചിത്രനിർമ്മാണത്തിനു പറ്റിയതായി പണ്ടുപണ്ടേ അറിയപ്പെടുന്നതും സ്പൃഹണീയവുമായ ഭിത്തികൾ. രേഖയുടെയോ വർണ്ണത്തിന്റെയോ പല ന്യൂനതകളും അവ മറച്ചുകളയും; ഗുണങ്ങളെ ഉജ്ജ്വലമാക്കുകയും ചെയ്യും. ആ സൗകര്യങ്ങളെയൊക്കെ വെടിഞ്ഞുള്ള ഒരു സംരംഭമാണിത്. കൂടാതെ സമുദായപരിഷ്കരണവിഷയത്തിൽ പ്രബലമായ അഭിപ്രായവ്യത്യാസമുള്ള സംഗതികളെ ലാക്കാക്കിയുമാകുന്നു ഈ കൃതി പുറപ്പെടുന്നത്. ഇതിലെ നായികാനായകന്മാരുടെ ഘടനതന്നെ ഗത്യന്തരമില്ലാത്ത പതനത്തിൽ സംഭവിക്കുന്നതാണെങ്കിലും പൂർവ്വാചാരനിരതമായ മനസ്സിൽ അരുചിയും അനൗചിത്യബുദ്ധിയും ജനിപ്പിക്കാമെന്നുള്ളതാകുന്നു. ഇതിനും പുറമേ പ്രബന്ധത്തിന്റെ കീർത്തിക്കും പ്രതിഷ്ഠയ്ക്കും നിയാമകനായി വിചാരിക്കപ്പെടുന്ന നായകന്റെ കുലീനത്വാദിഗുണങ്ങളുടെ അഭാവത്തെയും തദ്ദൃശനായകന്റെ വിഷയത്തിൽ കുലീനമായ നായികയുടെ രതിക്കുള്ള രസാഭാസത്വശങ്കയേയുംമറ്റും ആസ്പദമാക്കി ഈ പുതിയ സംരംഭത്തിൽ ശാസ്ത്രീയമായ ആക്ഷേപങ്ങൾ പറവാൻ പുറപ്പെടുന്ന പണ്ഡിതന്മാരും ഉണ്ടായേക്കാം. ശക്തിമത്തായ ഈ പ്രതികൂലാവസ്ഥകൾക്കെല്ലാം എതിരായി അക്ഷുണ്ണമായ മാർഗ്ഗത്തിലൂടെയുള്ള ഈ ഗതി വിജയപര്യവസായി ആകുമോ എന്നു ഞാൻതന്നെ സംശയിക്കാതിരിക്കുന്നില്ല. എങ്കിലും ഉൽക്കൃഷ്ടമായ ഒരു ധർമ്മാദർശത്തെ പുരസ്കരിച്ചുള്ള കൃത്യബോധത്താൽ പ്രേരിതനായി ഈ സാഹസത്തിന് ഒരുമ്പെട്ടതാകുന്നു. ശക്തിയേറിയ ഒഴുക്കിൽ മുന്നോട്ടു നീന്താനുള്ള ഈ ശ്രമത്തെ സഹൃദയരായ വായനക്കാർ

അനുകമ്പാപൂർവ്വം നിരീക്ഷിക്കുമെന്നും ഇതിലെ തോൽവിതന്നെയും ഒരുവക വിജയമായി ഗണിക്കുമെന്നും ആശിച്ചുകൊള്ളുന്നു."

—കുമാരനാശാൻ

(തോന്നയ്ക്കൽ, 1922 സെപ്റ്റംബർ 16)

"മി. പോളിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽവെച്ച് പുരോഗമനവാദികൾക്കു പ്രകടിപ്പിക്കേണ്ടിവന്ന അഭിപ്രായങ്ങൾ ഓരോന്നും ഓരോ മാതിരിയായിരുന്നു. എന്നിരുന്നാലും അവയ്ക്കാകെക്കൂടി ഏതാണ്ടൊരൈക്യമുണ്ടായിരുന്നുതാനും. യോഗത്തിനുശേഷം ഞങ്ങൾ ഒരഞ്ചുപത്തുപേർ പാലൊളിച്ചന്ദ്രികയിൽ തിളങ്ങിപ്പരന്നങ്ങനെ കിടന്നിരുന്ന ഭാരതപ്പുഴയുടെ മണൽത്തിട്ടയിൽ പോയിവട്ടമിട്ടിരുന്നു പറഞ്ഞുകൂട്ടിയ കഥകൾ ഞാനിപ്പോഴും ഓർക്കുകയാണ്. ആ അനൗപചാരികസാഹിതീസല്ലാപത്തിൽവെച്ചാണ് കേരളത്തിലെ പുരോഗമനവാദികളായ സാഹിത്യകാരന്മാർ ഒറ്റക്കെട്ടായി നിന്ന് ഏതാനും കാര്യങ്ങൾക്കുവേണ്ടി പൊരുതാൻ തീരുമാനിച്ചതെന്നു പറയാം." (കൊഴിഞ്ഞ ഇലകൾ, പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, (1978) കറന്റ് ബുക്സ്, പുറം 88, 89.)

കേരളത്തിന്റെ സാംസ്കാരികവും രാഷ്ട്രീയവുമായ ചരിത്രത്തിൽ ഒരു പ്രത്യേക സ്ഥാനമാണ് 1946-നുള്ളത്. ആ വർഷമാണ് ഭാവികേരളത്തെ ബാധിക്കുന്ന മറ്റ് പല സംഭവങ്ങൾക്കൊപ്പം ജീവത്സാഹിത്യസംഘവും രൂപം കൊണ്ടതെന്ന് നേരത്തെ പറഞ്ഞിരുന്നുവല്ലോ. പ്രേംചന്ദിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട അഖിലേന്ത്യാ പുരോഗമനസാഹിത്യസംഘത്തിന്റെ ചുവടുപിടിച്ചാണ് ജീവത്സാഹിത്യസംഘം രൂപീകരിക്കപ്പെട്ടത്. ഇ. എം. എസ്., കെ. ദാമോദരൻ, എ. മാധവൻ, പി. കേശവദേവ് തുടങ്ങിയ ചുരുക്കം എഴുത്തുകാരാണ് ഈ തുടക്കം കുറിച്ചത്. തൃശ്ശൂർ സമ്മേളനത്തിനു പുറമെ രണ്ടു വാർഷികസമ്മേളനങ്ങൾ ബക്കളത്തുംമറ്റുമായി നടന്നുവെങ്കിലും രണ്ടാം ലോകമഹായുദ്ധവും അതേത്തുടർന്നുണ്ടായ പൗരസ്വാതന്ത്ര്യനിഷേധവും മൂലം അതിന് തുടർന്നു പ്രവർത്തിക്കാൻ കഴിഞ്ഞില്ല. എന്നാൽ 1944-ൽ പ്രസ്ഥാനത്തിന് വൻപിച്ച ഒരു മുന്നേറ്റം നൽകിയ സമ്മേളനം ഷൊർണൂരിൽവച്ച് നടന്നു. പലരും ജീവത്സാഹിത്യസംഘം എന്ന പേരിൽ തൃപ്തരായിരുന്നില്ല. അതുകൊണ്ട് പ്രേംചന്ദിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട സംഘടനയുടെ പേരിനെ അനുകരിച്ച് പുരോഗമന സാഹിത്യസംഘം എന്ന പേര് സ്വീകരിച്ചു. അഖിലേന്ത്യാ പുരോഗമനസാഹിത്യസംഘത്തിന്റെ കേരളത്തിലെ ഘടകമായിട്ടാണ് തുടർന്ന് പ്രവർത്തനം നടത്തിയത്. അതിന്റെ സഹകാര്യദർശിമാർ പി. കേശവദേവും സി. അച്ചുതക്കുറുപ്പും ആയിരുന്നു. സി. അച്ചുതക്കുറുപ്പ് സ്വന്തം നിലയിൽ ചെറുകഥാകൃത്തും നാടകകൃത്തും നിരൂപകനും ആയിരുന്നുവെങ്കിലും അദ്ദേഹം മഹാകവി വള്ളത്തോളിന്റെ മകനാണെന്നുള്ള പ്രശസ്തി ഒരു പരിവേഷമായി മാത്രമല്ല മഹാകവിയെ

പ്രസ്ഥാനത്തോട് കൂടുതൽ അടുപ്പിക്കാനുള്ള കണ്ണിയുമായിത്തീർന്നു. ദേശീയ പ്രസ്ഥാനത്തിനും സ്വാതന്ത്ര്യസമരത്തിനുംവേണ്ടി ധാരാളം കവിതകൾ എഴുതിയ അത്യുന്നതദേശീയവാദികൂടിയായിരുന്നു വള്ളത്തോൾ. ഖദർ ധരിക്കുകയും ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനങ്ങളിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. വള്ളത്തോളിന്റെ മറ്റൊരു മകനായ ഗോവിന്ദക്കുറുപ്പും എഴുത്തുകാരനും സാഹിത്യരസികനുമായിരുന്നു. മറ്റൊരു മകനായ ബാലകൃഷ്ണക്കുറുപ്പ് ജീവത്സാഹിത്യസംഘത്തിന്റെ തുടക്കം മുതൽ അതുമായി ബന്ധപ്പെട്ടിരുന്നു.

1944-ൽ ഷൊർണൂരിൽവെച്ച് പുതിയ പേരോടുകൂടി പ്രഥമസമ്മേളനം നടക്കുമ്പോഴേക്കും ജീവത്സാഹിത്യസംഘം സ്ഥാപിച്ചതിനുശേഷമുള്ള ഏഴുവർഷക്കാലത്ത് മലയാളസാഹിത്യരംഗത്ത് പല ഉണർവ്വുകളും പരിവർത്തനങ്ങളും സംഭവിച്ചിരുന്നു. ജി. ശങ്കരക്കുറുപ്പ്, ചങ്ങമ്പുഴ കൃഷ്ണപിള്ള വൈലോപ്പള്ളി ശ്രീധരമേനോൻ തുടങ്ങി കവിത്രയത്തിനുശേഷം വന്ന പുത്തൻ തലമുറ അരങ്ങു പിടിച്ചടക്കാൻ തുടങ്ങിയിരുന്നു. ഗദ്യസാഹിത്യത്തിന് അതുവരെ ലഭിക്കാതിരുന്ന പ്രചാരവും ജനപ്രീതിയും ഇക്കാലത്താണാരംഭിക്കുന്നത്. എ. ആർ. രാജരാജവർമ്മ ഗദ്യസാഹിത്യത്തിന്റെ വളർന്നുവരുന്ന പ്രാധാന്യം കണക്കിലെടുത്ത് ഒരു ലക്ഷണഗ്രന്ഥമായ 'സാഹിത്യസാഹ്യം' 1911-ൽത്തന്നെ എഴുതിയിരുന്നു. അക്കാലത്തുതന്നെ ഇപ്പോൾ മിക്കവാറും വിസ്മൃതനായിത്തീർന്ന ഈശ്വരവാര്യർ എന്നൊരു പണ്ഡിതൻ നോവൽ അഥവാ ആഖ്യായിക എന്ന് സാഹിത്യരൂപത്തെപ്പറ്റി എഴുതിയിരുന്നു. എങ്കിലും പുരോഗമനസാഹിത്യസംഘത്തിന്റെ പ്രഥമ പ്രസിഡന്റായി ഷൊർണൂരിൽവച്ചു തെരഞ്ഞെടുക്കപ്പെട്ട എം. പി. പോളിന്റെ നോവലിനെക്കുറിച്ചും ചെറുകഥയെക്കുറിച്ചുമുള്ള ലക്ഷണഗ്രന്ഥങ്ങൾ പ്രമുഖസ്ഥാനം വഹിക്കുന്നു.

കഥയും കാര്യവും

ചെറുകഥാരംഗത്തും നോവൽ സാഹിത്യത്തിലും വ്യക്തമായ പുരോഗമനാഭിമുഖ്യത്തോടെ പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, പൊൻകുന്നം വർക്കി, പി. സി. കുട്ടികൃഷ്ണൻ (ഉറൂബ്), ചെറുകാട്, വൈക്കം മുഹമ്മദ് ബഷീർ തുടങ്ങിയവർ സാഹിത്യനഭസ്സിലെ അത്യുജ്ജ്വലതാരങ്ങളായി. ഈ പുതിയ മാറ്റങ്ങളെല്ലാം 1944-ലെ ഷൊർണൂർ സാഹിത്യസമ്മേളനത്തിൽ പ്രതിഫലിച്ചു. ഈ പുതിയ കവികളും ചെറുകഥാകൃത്തുക്കളും ആഖ്യായികാകാരന്മാരും നേരിട്ടു ഷൊർണൂർ സമ്മേളനത്തിൽ പങ്കെടുക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

ആറു വർഷത്തെ ജയിൽവാസത്തിനുശേഷം 1946-ൽ ദാമോദരൻ പുറത്തുവരുമ്പോൾ രാഷ്ട്രീയരംഗത്തും കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിലും വന്നവൻപിച്ച മാറ്റങ്ങൾ നേരത്തെ വിവരിച്ചിട്ടുള്ളതാണല്ലോ. അതുപോലെതന്നെ സാഹിത്യരംഗത്തും വലിയ മാറ്റങ്ങളും മുന്നേറ്റവുമാണ് ഉണ്ടായതെന്ന് ഈ

വിവരണങ്ങളിൽനിന്ന് വ്യക്തമാകുമല്ലോ. പുതിയ രാഷ്ട്രീയസാഹചര്യങ്ങളെ നേരിടാനുള്ള തയ്യാറെടുപ്പോടുകൂടി സാഹിത്യരംഗത്ത് തന്റെ ആശയങ്ങളുമായി പൊരുത്തപ്പെടുത്താനും അദ്ദേഹം ശ്രമിച്ചു. പുരോഗമനസാഹിത്യ പ്രസ്ഥാനത്തിനെതിരെ കുട്ടികൃഷ്ണമാരാരും സഞ്ജയനുംമറ്റും നടത്തിക്കൊണ്ടിരുന്ന എതിർപ്രചാരവേലയെ നേരിടാൻ ദാമോദരൻ ലേഖനങ്ങൾ വഴിയും പ്രഭാഷണങ്ങൾവഴിയും സംഘടനമുഖാന്തിരവും നടത്തിക്കൊണ്ടിരുന്ന വീറും വ്യക്തതയും ഉള്ള ആശയങ്ങൾ അദ്ദേഹത്തിന്റെ 'എന്താണ് സാഹിത്യം' തുടങ്ങിയ കൃതികളിൽ ആവിഷ്കരിച്ചിട്ടുള്ളത് നേരത്തെ ചർച്ച ചെയ്തിരുന്നുവല്ലോ. ജയിലിൽനിന്നു പുറത്തുവന്ന് ദാമോദരൻ ഈ പ്രസ്ഥാനത്തെ മുന്നോട്ടു കൊണ്ടുപോകാനായി മറ്റു ചില സഖാക്കളുമായി സഹകരിച്ച് 'പുരോഗമനസാഹിത്യം പുരോഗമിപ്പിക്കാൻ' എന്നൊരു പ്രബന്ധം എഴുതി പ്രസിദ്ധീകരിക്കുകയുണ്ടായി. പുരോഗമനസാഹിത്യ പ്രസ്ഥാനത്തെ മുന്നോട്ടു നയിക്കാൻ ഉതകുന്ന വാദഗതികളും ആശയങ്ങളും അതിലുണ്ടായിരുന്നുവെങ്കിലും പിൽക്കാലത്ത് പ്രസ്ഥാനത്തെ പിളർപ്പിലേക്ക് നയിച്ച ഘടകങ്ങളും അതിലുണ്ടായിരുന്നു.

ഭിന്നതയുടെ പശ്ചാത്തലം

പുരോഗമനസാഹിത്യപ്രസ്ഥാനത്തിലും രാഷ്ട്രീയരംഗത്താകെയും സ്വാതന്ത്ര്യപ്രാപ്തിയോടുകൂടി ഉയർന്നുവന്ന വിവാദങ്ങളെക്കുറിച്ച് ഇ. എം. എസ്. ഇപ്രകാരം വിവരിക്കുന്നു:

> "ആയിരത്തിത്തൊള്ളായിരത്തിനാല്പത്തിനാല് ആണല്ലോ ലബ്ധപ്രതിഷ്ഠരായ കുറെ സാഹിത്യകാരന്മാരും കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാരും ചേർന്ന് പുരോഗമനസാഹിത്യസംഘടനയ്ക്ക് രൂപംനൽകിയത്. ഈ രണ്ടു വിഭാഗക്കാരും തമ്മിലുള്ള ഐക്യം പൂർണ്ണമായി തകർന്നത് അടുത്ത രണ്ടു വർഷങ്ങൾക്കുശേഷമാണെങ്കിലും, തകർച്ചയുടെ തുടക്കം 1947 ഡിസംബറിൽ തൃശ്ശൂരിൽവെച്ച് നടന്ന സമ്മേളനത്തിൽത്തന്നെ കണ്ടു.
>
> ഈ തീയതി ശ്രദ്ധേയമാണ്. എന്തുകൊണ്ടെന്നാൽ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മൗലികനയങ്ങളിൽ സാരമായ മാറ്റംവരുത്തിയ കൽക്കത്താ കോൺഗ്രസ് കൂടുന്നതിന് രണ്ടുമാസം മുമ്പാണത്. കൽക്കത്താ കോൺഗ്രസിൽ അംഗീകരിച്ച 'സെക്ടേറിയൻ' നയം സാഹിത്യരംഗത്ത് നടപ്പിൽവരുത്താൻ ശ്രമിച്ചതുകൊണ്ടാണ് പ്രസ്ഥാനം തകർന്നതെന്ന വാദം തികച്ചും ശരിയല്ലെന്ന് ഇതിൽനിന്ന് വ്യക്തമാകും.
>
> എന്നാൽ, തൃശ്ശൂർ സമ്മേളനത്തിനുമുമ്പുതന്നെ കമ്മ്യൂണിസ്റ്റുകാരും അല്ലാത്തവരുമായ രാഷ്ട്രീയക്കാർക്കിടയിൽ സാരമായ ഭിന്നിപ്പിന്റെ ബീജാവാപം നടന്നുകഴിഞ്ഞിരുന്നു. ആഗസ്റ്റ് 15-ന് നടന്ന സ്വാതന്ത്ര്യലബ്ധിയുടെ വ്യാപ്തിയും അർത്ഥവും സംബന്ധിച്ച്

രണ്ടു സമീപനങ്ങൾ രാഷ്ട്രീയക്കാർക്കിടയിൽ പ്രത്യക്ഷപ്പെട്ടിരുന്നു. ഇത് സാഹിത്യകാരന്മാർക്കിടയിലും അലയടിച്ചു.

ബ്രിട്ടീഷ് ഭരണക്കാർ നാടുവിടുകയും ജനപിന്തുണ നേടിയ ഇന്ത്യൻ നേതാക്കൾ ഭരണഭാരം ഏറ്റെടുക്കുകയും ചെയ്തതോടെ ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ദേശീയസമരം അവസാനിപ്പിച്ചുവെന്നാണ് ഒരു വിഭാഗക്കാർ വാദിച്ചത്. കോൺഗ്രസുകാർ എന്നപോലെതന്നെ സോഷ്യലിസ്റ്റുകാരും മറ്റിടതുപക്ഷക്കാരും മൗലികമായി ഈ അഭിപ്രായത്തോട് യോജിച്ചു.

സ്വാതന്ത്ര്യസമരം അവസാനിച്ച സ്ഥിതിക്ക് ഇനി സോഷ്യലിസത്തിനുവേണ്ടിയുള്ള സമരം തുടങ്ങണമെന്നാണ് സോഷ്യലിസ്റ്റുകാരടക്കമുള്ള ഇടതുപക്ഷക്കാർ വാദിച്ചത്. കോൺഗ്രസുകാരാകട്ടെ, കിട്ടിയ സ്വാതന്ത്ര്യം ഉപയോഗിച്ച് ജനാധിപത്യഭരണം നിലവിൽ വരുത്തുകയും അതുപയോഗിച്ച് സാമൂഹ്യവും സാമ്പത്തികവുമായ രംഗങ്ങളിൽ ആധുനികവൽക്കരണം നടത്തുകയും ചെയ്യണമെന്ന് ആഗ്രഹിച്ചു. അവർ ഉന്നയിക്കുന്ന 'ആധുനികവൽക്കരണ'ലക്ഷ്യമാവട്ടെ, മുതലാളിത്തരീതിയിലുള്ള പരിവർത്തനമാണുതാനും

കോൺഗ്രസും സോഷ്യലിസ്റ്റുകാരടക്കം ഇടതുപക്ഷക്കാരും അംഗീകരിച്ച ഈ നിലപാടിൽനിന്ന് വ്യത്യസ്തമായി കമ്മ്യൂണിസ്റ്റുകാർ ഒരു കാര്യം ചൂണ്ടിക്കാണിച്ചു. സ്വാതന്ത്ര്യസമരത്തിന്റെ ഒരു ഘട്ടം മാത്രമാണ്, സമരമാകെയല്ല, അവസാനിച്ചത്. എന്തുകൊണ്ടെന്നാൽ, സ്വാതന്ത്ര്യലബ്ധിയോടൊപ്പമുള്ള അധികാരകൈമാറ്റം നടക്കുമ്പോൾത്തന്നെ, അതിന്റെ ഭാഗമായി ബ്രിട്ടീഷ് കുത്തകകൾ, നാട്ടുരാജ്യഭരണാധികാരികൾ മുതലായ നിക്ഷിപ്തതാൽപര്യക്കാരെ പ്രീണിപ്പിക്കുന്ന വ്യവസ്ഥകൾ അംഗീകരിക്കാൻ കോൺഗ്രസ് നേതാക്കൾ നിർബന്ധിക്കപ്പെട്ടിരുന്നു. ഇതിൽ നിന്നുളവാകുന്ന നിയന്ത്രണങ്ങളും പരിമിതികളും സ്വാതന്ത്ര്യത്തെ അപൂർണ്ണമാക്കുന്നു. ഇതു മാറ്റി സ്വാതന്ത്ര്യം പൂർണ്ണമാക്കാനുള്ള സമരമാണ്, സോഷ്യലിസത്തിനുവേണ്ടിയുള്ള സമരമല്ല, അടുത്ത കടമയെന്ന് കമ്മ്യൂണിസ്റ്റുകാർ അഭിപ്രായപ്പെട്ടു."

പാർട്ടിയുടെ കൊൽക്കത്ത തീസിസിനെത്തുടർന്നു നടന്ന സംഭവങ്ങൾ നേരത്തെ വിവരിച്ചിരുന്നുവല്ലോ. ഈ തീവ്രവാദനിലപാടുകൾ സാഹിത്യപ്രസ്ഥാനത്തിലും കൊണ്ടുവരാൻ കമ്മ്യൂണിസ്റ്റ് എഴുത്തുകാർ ശ്രമിച്ചത് 1944-ലെ ഐക്യത്തിന് ക്ഷതമേല്പിച്ചു. ഇ. എം. എസ്സും ദാമോദരനും എം. എസ്. ദേവദാസും പിന്നീട് ആർ. എസ്. എസ്. അനുഭാവിയായി മാറിയ ദേശാഭിമാനി പത്രാധിപർ വി. ടി. ഇന്ദുചൂഡനുമെല്ലാം ഈ തീവ്രവാദ നിലപാടുകൾ പ്രചരിപ്പിക്കുന്നതിൽ തങ്ങളുടെ കഴിവുകൾ മുഴുവൻ പ്രയോഗിച്ചു. തുടർന്ന് അങ്ങോട്ട് 1944-ൽനിന്നുള്ള പിന്നോക്കംപോക്കും അവസാനം തകർച്ചയുമായിരുന്നു. ഈ അധോഗതിയുടെ പടവുകൾ 1947

ഡിസംബറിൽ തൃശ്ശൂരിൽ ചേർന്ന പുരോഗമനസാഹിത്യസംഘം സമ്മേളനവും, 1945-ൽ ചേർന്ന കോട്ടയം സമ്മേളനം, 1947 ഡിസംബറിലെ തൃശ്ശൂർ സമ്മേളനം, 1948-ലെ കൊല്ലം സമ്മേളനം എന്നിവയും ആയിരുന്നു. 1945-ലെ കോട്ടയം സമ്മേളനത്തിൽ അധ്യക്ഷതവഹിച്ച എം. പി. പോളും സാർവ്വദേശീയസാഹിത്യരംഗമാകെ പരിശോധിച്ച് സാഹിത്യത്തിന്റെ ശക്തമായ ന്യായീകരണം നടത്തിയ ചങ്ങമ്പുഴ കൃഷ്ണപിള്ളയും തകർച്ചയിലേക്കുള്ള വഴുതിപ്പോക്കിനെ തടഞ്ഞുനിറുത്താൻ സഹായിച്ചുവെങ്കിലും അവിടത്തെ ആശയസൗഹൃദം മാസങ്ങൾപോലും നീണ്ടുനിന്നില്ല. 1946-ൽ ജയിൽമോചിതനായ ദാമോദരൻ ഈ പോക്കിനെ തടയാനല്ല അതിന് വേഗത കൂട്ടാനാണ് തന്റെ നിലപാടുകൾകൊണ്ട് സഹായിച്ചത്. ഈ സ്വാതന്ത്ര്യപ്രാപ്തി രാഷ്ട്രീയരംഗത്തെന്നപോലെ സാഹിത്യരംഗത്തും പുതിയ ചേരിചേരലുകൾക്ക് വഴിവെച്ചു.

അതുവരെ കമ്മ്യൂണിസ്റ്റുകാരുമായി സഹകരിച്ചിരുന്ന പലരും പുതിയ പച്ചത്തുരുത്തുകൾ തേടി. ശ്രീകണ്ഠൻനായരും മത്തായി മാഞ്ഞൂരാനുംമറ്റും ചേർന്ന് കെ. എസ്. പി. (കേരള സോഷ്യലിസ്റ്റ് പാർട്ടി) സ്ഥാപിച്ചു. വീണ്ടും പിളർന്ന് ശ്രീകണ്ഠൻനായർ അതുവരെ ബംഗാൾ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടിയുടെ കേരളഘടകത്തിന്റെ നേതാവായി. പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ ശക്തനായ വക്താവായി പ്രവർത്തിച്ചിരുന്ന ജോസഫ് മുണ്ടശ്ശേരി കോൺഗ്രസിൽ ചേരുകയും കോൺഗ്രസ് എം. എൽ. എ. ആകുകയും ചെയ്തു. (മുണ്ടശ്ശേരി 1950-കളുടെ മദ്ധ്യത്തോടെ കമ്മ്യൂണിസ്റ്റ് സഹയാത്രികനായതും പ്രഥമ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിൽ വഹിച്ച ഉജ്ജ്വലമായ പങ്കും പ്രസിദ്ധമാണല്ലോ.) മുണ്ടശ്ശേരി അങ്ങനെ കോൺഗ്രസിലേക്കു പോയെങ്കിലും സാഹിത്യരംഗത്ത് പല വിവാദങ്ങളും അഴിച്ചുവിട്ടു. 'കല കലയ്ക്കുവേണ്ടി' എന്ന പഴയ യാഥാസ്ഥിതികമുദ്രാവാക്യം അദ്ദേഹം സ്വീകരിച്ചില്ല. അദ്ദേഹം പുതിയ ഒരു വാദവുമായി രംഗത്തു വന്നു. അതാണ് രൂപഭദ്രത.

അക്കാലത്തെ പല കമ്മ്യൂണിസ്റ്റ് സാഹിത്യനിരൂപകർ കലാസൃഷ്ടിയിലെ ഉള്ളടക്കമാണ് നിർണ്ണായകപ്രാധാന്യമർഹിക്കുന്നതെന്ന് അർത്ഥം വരുന്ന രീതിയിൽ നിരൂപണം നടത്തുകയോ ഭാവഭദ്രതയ്ക്കുവേണ്ടി നേരിട്ട് വാദിക്കുകയോ ചെയ്തിരുന്നു. അതിനെ എതിർത്ത് 'ഭാവ'ത്തിനല്ല 'രൂപ'ത്തിനാണ് ഏറ്റവും പ്രാധാന്യം കൽപിക്കേണ്ടതെന്നാണ് രൂപഭദ്രതാവാദത്തിന്റെ സാരം. കെ. ദാമോദരനും ദേവദാസും ഇ.എം.എസ്സും മറ്റും രൂപഭദ്രതാവാദത്തെ ശക്തിയായി എതിർത്തു. സാഹിത്യത്തിലെ പിന്തിരിപ്പന്മാർക്ക് ദാമോദരൻ 'രൂപഭദ്രൻ' എന്ന ഒരു വിശേഷണവും ചാർത്തിക്കൊടുത്തത് മാധ്യമങ്ങളിലും പ്രസംഗങ്ങളിലും വ്യാപകമായി ആവർത്തിക്കപ്പെട്ടു.

പിൽക്കാലത്ത് ഇ. എം. എസ്സും ദാമോദരനുംമറ്റും രൂപഭദ്രത സംബന്ധിച്ച ആദ്യനിലപാടുകളിൽ മാറ്റംവരുത്തി. രൂപവും ഭാവവും തുല്യ

പ്രാധാന്യമുള്ളതാണെന്നും ഒന്നിൽനിന്ന് മറ്റേതിനെ അടർത്തുക എന്നത് മാർക്സിസ്റ്റ് സിദ്ധാന്തപ്രകാരം പിശകാണെന്നും ഇ. എം. എസ്സും സമ്മതിക്കുകയുണ്ടായി. പക്ഷേ, ഈ തുല്യപ്രാധാന്യം കണക്കിലെടുക്കാതെ രൂപത്തിന് മുൻതൂക്കം നൽകുന്ന മുണ്ടശ്ശേരിയുടെ നിലപാടിലും പാകപ്പിഴ ഉണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ തകർച്ചയിലേക്കുള്ള വഴി ഇ. എം. എസ്. ഇപ്രകാരം വിവരിക്കുന്നു.

> "ഈ സാഹചര്യത്തിലാണ് പിന്നീട് പ്രസിദ്ധമായിത്തീർന്ന രൂപഭദ്രതാവാദം ഉടലെടുത്തത്. കമ്മ്യൂണിസ്റ്റുകാർ പ്രചരിപ്പിക്കുന്ന ആശയങ്ങൾ, അവർ രചിക്കുന്ന സാഹിത്യകൃതികളുടെ ഉള്ളടക്കം സ്വീകാര്യമാണോ എന്നത് മാത്രമല്ല പ്രശ്നം; ഉള്ളടക്കം സ്വീകാര്യമാണെങ്കിൽത്തന്നെ അതിന് 'കലാപരമായി ഭദ്രതയുള്ള രൂപം' നൽകിയില്ലെങ്കിൽ അവരുടെ കൃതികൾ സാഹിത്യകൃതികൾ എന്ന സ്ഥാനമർഹിക്കുകയില്ല. അവയെ വെറും പടപ്പാട്ടുകൾ എന്ന് വിശേഷിപ്പിക്കേണ്ടിവരും.
>
> ഈ വാദഗതി ആദ്യമായി ഉയർന്നുവന്നത് തൃശ്ശൂർ സമ്മേളനത്തിലാണ്. അതിനെ ഖണ്ഡിച്ചുകൊണ്ടുള്ള കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാരുടെ പ്രസംഗങ്ങളും അവിടെത്തന്നെ നടന്നു. അങ്ങനെ കമ്മ്യൂണിസ്റ്റുകാരും അല്ലാത്തവരുമായ സാഹിത്യകാരന്മാർ തമ്മിലുള്ള ഏറ്റുമുട്ടലിന്റെ ആദ്യരംഗമായി തൃശ്ശൂർ സമ്മേളനം മാറി. അതിന്റെ തുടർച്ചയായി രണ്ടു വർഷങ്ങളോളം കാലം തുടർന്നുവന്ന വാദവിവാദങ്ങൾ വളർന്ന് കൊല്ലത്തുവെച്ചു നടന്ന അടുത്ത സമ്മേളനത്തിൽവെച്ച് പൂർണ്ണമായ ഭിന്നിപ്പായി കലാശിച്ചു. പുരോഗമന സാഹിത്യം എന്ന പ്രസ്ഥാനം അതോടെ തകർന്നു.
>
> ഈ വാദകോലാഹലങ്ങൾക്കിടയ്ക്ക് മുഖ്യമായി പൊന്തിവന്ന പ്രശ്നം സാഹിത്യത്തിന് രാഷ്ട്രീയത്തോടും സാമൂഹ്യപുരോഗതിയോട് പൊതുവിലും ഉള്ള ബന്ധമാണ്. രാഷ്ട്രീയമടക്കം എല്ലാ സാമൂഹ്യരംഗങ്ങളിലും പുരോഗതിയുണ്ടാക്കുന്നതിന് ബോധപൂർവ്വം ശ്രമിക്കുന്ന സാഹിത്യകൃതികൾമാത്രമേ പുരോഗമനസാഹിത്യമെന്ന ഇനത്തിൽ പെടുകയുള്ളൂവെന്ന് കമ്മ്യൂണിസ്റ്റുകാർ വാദിച്ചുവെന്നാണ് ആക്ഷേപം. അത് തികച്ചും തെറ്റാണെന്നു പറയാൻ കഴിയാത്തവിധം ആ നിലപാടെടുക്കുന്ന പല പരാമർശങ്ങളും ഈ ലേഖകനടക്കം കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാരുടേതായി വന്നിട്ടുമുണ്ട്.
>
> പക്ഷേ, ഈ പരാമർശങ്ങളെല്ലാം കമ്മ്യൂണിസ്റ്റിതരസാഹിത്യകാരന്മാർ ഉന്നയിച്ച വാദങ്ങൾക്ക് മറുപടി പറയുന്നതിനിടയ്ക്കു വന്നതാണ്. സാഹിത്യകാരന് സാഹിത്യരചനയല്ലാതെ സാമൂഹ്യപരിവർത്തനം, രാഷ്ട്രീയപ്രക്ഷോഭം മുതലായവയുമായി ഒരിടപാടും

പാടില്ല; അതുണ്ടായാൽ അയാൾക്ക് 'ഹൃദയച്ചുരുക്കം' വരും; വിശേഷിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 'പട്ടാളച്ചിട്ടയ്ക്ക്' ഇരയാവുന്ന സാഹിത്യകാരൻ തന്റെ വൈയക്തികപ്രതിഭയെ പാർട്ടിക്ക് പണയം വെക്കും—ഇതുപോലുള്ള വാദങ്ങളുന്നയിക്കുന്ന എതിരാളികളെയാണ് കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാർക്ക് നേരിടാനുണ്ടായിരുന്നത്."

സംഘവും പ്രസ്ഥാനവും

പുരോഗമനസാഹിത്യസംഘത്തിന്റെ കൊല്ലത്തുവച്ചു ചേർന്ന നാലാം സമ്മേളനത്തോടുകൂടി ആഭ്യന്തരഭിന്നതകൾമൂലം അതു തകർന്നു. എം.പി. പോൾ പ്രസിഡന്റ് സ്ഥാനമുപേക്ഷിച്ചു. പുരോഗമനസാഹിത്യത്തിന്റെയും രാഷ്ട്രീയത്തിന്റെയും ദീർഘദർശിയായ ആചാര്യൻ കേസരി എ. ബാലകൃഷ്ണപിള്ള ചില കമ്മ്യൂണിസ്റ്റ് സാഹിത്യനിരൂപകരുടെ കഠിനമായ വിമർശനത്തിന് വിധേയനായി. ഒരാളദ്ദേഹത്തെ 'സോപ്പുകുമിള' എന്നു വിശേഷിപ്പിച്ചപ്പോൾ മറ്റൊരാൾ 'പണ്ഡിതമൂഢൻ' എന്ന പേരാണ് ആ മഹാന് നൽകിയത്. തന്റെ ഗുരുനാഥന്മാരിൽപ്പെട്ട കേസരിയെയും തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ പഠിപ്പിച്ച എം.പി. പോളിനെയും അനർഹമായ വിധത്തിൽ വിമർശിക്കേണ്ടിവന്നതിൽ ഇ.എം.എസ്. പിൽക്കാലത്ത് അഗാധമായ ഖേദം പ്രകടിപ്പിക്കുകയുണ്ടായി.

പുരോഗമനസാഹിത്യപ്രസ്ഥാനം തകർന്നു അല്ലെങ്കിൽ അസ്തമിച്ചു എന്ന അർത്ഥം വരുന്ന ഇ.എം.എസ്സിന്റെ പരാമർശം ഒരു കൈപ്പിഴയോ നോട്ടപ്പിശകോ മാത്രമായിരുന്നു. പുരോഗമനസാഹിത്യസംഘമാണ് തകർന്നത്. അല്ലാതെ പ്രസ്ഥാനമല്ല. സംഘം ഉണ്ടായിരിക്കുന്നത് പ്രസ്ഥാനത്തിന് ഉത്തേജകവും ലക്ഷ്യബോധം നൽകുന്നതുമാണെങ്കിലും സംഘടന എന്ന നിലയിൽ തകർന്നാലും അതിന്റെ പൈതൃകം പൂർണ്ണമായി അസ്തമിക്കുകയില്ല. 1950-കൾതന്നെ ഉദാഹരണം. ചരിത്രകാരന്മാർ 'ചുവന്ന പതിറ്റാണ്ട്' എന്നാണ് അതിനെ വിശേഷിപ്പിക്കുന്നത്. കേരളീയജീവിതത്തിന്റെ നാനാതുറകളിലും പുത്തനുണർവ്വ് പ്രകടമായ ഈ കാലത്താണ് പുരോഗമനപ്രസ്ഥാനത്തിന്റെ ജീവൻ സ്വാംശീകരിച്ചുകൊണ്ടുള്ള നാടകങ്ങൾ ഉണ്ടായത്. പി.ജെ. ആന്റണിയുടെ പ്രതിഭാ ആർട്ട്സ് ക്ലബ്, തോപ്പിൽ ഭാസിയുടെ കെ. പി. എ. സി., കെ. ടി. മുഹമ്മദും പവനനും നിലമ്പൂർ അയിഷയും ഇ. കെ. അയ്മുവുംമറ്റും നേതൃത്വം നൽകിയ മലബാറിലെ കേന്ദ്രകലാസമിതി തുടങ്ങിയവയുമൊക്കെ കേരളീയജീവിതത്തിലുണ്ടാക്കിയ ചലനം അഭൂതപൂർവ്വമായിരുന്നു. ചെറുകാടിന്റെ നാടകങ്ങളും ഇടശ്ശേരിയുടെയും വൈലോപ്പിള്ളിയുടെയും ഉത്തമകവിതകളും ഇക്കാലത്ത് സഹൃദയലോകത്തെ പിടിച്ചടക്കി. സിനിമാരംഗത്തും മാറ്റങ്ങൾ പ്രത്യക്ഷപ്പെട്ടു. 1950-കൾക്കു മുൻപ് ആണ്ടിൽ ഒരു സിനിമപോലും മലയാളത്തിൽ ഉണ്ടാകാറി

ല്ലായിരുന്നു. ആകപ്പാടെ ഉണ്ടായിരുന്നത് കലാമൂല്യമോ സാമൂഹ്യമൂല്യമോ ഇല്ലാത്ത അഞ്ചോ ആറോ മലയാളസിനിമകൾമാത്രം. 1950-കളിൽ പി ഭാസ്കരൻ, രാംദാസ്, പ്രേംനസീർ, സത്യൻ, രാമു കാര്യാട്ട് തുടങ്ങിയവർ മലയാളചലച്ചിത്രലോകത്ത് ഒരു വിപ്ലവംതന്നെ സൃഷ്ടിച്ചു. ഭാസ്കരന്റെ 'നീലക്കുയിൽ'പേലുള്ള ചിത്രങ്ങൾ വ്യക്തമായ സാമൂഹ്യലക്ഷ്യത്തോടു കൂടിയതായിരുന്നു. 1956-ൽ ഐക്യകേരളം നിലവിൽവരുകയും ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ കേരളത്തിൽ പ്രഥമ ജനകീയ മന്ത്രിസഭ നിലവിൽവരുകയും ചെയ്യുന്നതുവരെ ഈ മുന്നേറ്റം തുടർന്നു. 1959-ലെ കുപ്രസിദ്ധമായ വിമോചനസമരത്തോടുകൂടിയാണ് ഈ മുന്നേറ്റം മന്ദഗതിയിലായത്.

അതുവരെ ചെറുകഥകളിൽ പ്രധാനമായി ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന പുരോഗമനസാഹിത്യകാരന്മാർ വലിയതോതിൽ ആഖ്യായികാനിർമ്മാണത്തിലേക്കു നീങ്ങിയതും ഈ പതിറ്റാണ്ടിലാണ്. കേശവദേവും തകഴിയും ബഷീറും ഉറൂബും അവരുടെ ഇളമുറക്കാരനായ എം. ടി. വാസുദേവൻ നായരും തങ്ങളുടെ മികച്ച ആഖ്യായികകൾ പ്രസിദ്ധീകരിച്ചതു. ബഷീറിന്റെ 'ബാല്യകാലസഖി' പുറത്തുവന്നത് 1946-ലാണെങ്കിലും അത് പുതിയ സൂര്യോദയത്തെ വിളംബരംചെയ്യുന്ന ഒരു ശുക്രനക്ഷത്രം മാത്രമായിരുന്നു.

അപ്പോഴേക്കും 1940-കളിൽ എം. പി. പോളിന്റെ നേതൃത്വത്തിൽ രൂപം കൊണ്ട സാഹിത്യപ്രവർത്തക സഹകരണസംഘം (എസ്. പി. സി. എസ്.) ഒരു മഹാപ്രസ്ഥാനമായി വളരുകയും എഴുത്തുകാർക്ക് അർഹമായ പ്രതിഫലവും പരിഗണനയും കൊടുക്കുകയും ചെയ്തു.

ഇവയെല്ലാം കാണിക്കുന്നത് ഒരു സംഘമെന്നനിലയിൽ പുരോഗമന സാഹിത്യസംഘം ശിഥിലമായി എങ്കിലും ഒരു പ്രസ്ഥാനമെന്ന നിലയിൽ എഴുത്തുകാർക്കും വായനക്കാർക്കും ഉന്മേഷദായകമായ വഴികാട്ടിയായും കൂടുതൽ ഊർജ്ജസ്വലമായും പ്രവർത്തിച്ചുവെന്നതാണ്. പുരോഗമനസാഹിത്യം ഒരു ന്യൂനപക്ഷം എഴുത്തുകാരുടെയും നിരൂപകരുടെയും തൽപരവിഷയം എന്നത് മാറി സാഹിത്യ-കലാരംഗത്തെ നിർണ്ണായകമായ ശക്തിയായി തീർന്നുവെന്നുമാണ്.

ദാമോദരന്റെ നിരൂപണസിദ്ധാന്തം

ഈ സാർവ്വത്രികമായ ഉയിർത്തെഴുന്നേൽപിന്റെ ഊർജ്ജം കൈക്കൊണ്ടും അതിനോടു പ്രതികരിച്ചുകൊണ്ടുമാണ് ദാമോദരന്റെ സാഹിത്യചിന്തകൾ രൂപംകൊണ്ടത്. 'എന്താണ് സാഹിത്യം' എന്ന കൃതിയിൽ അദ്ദേഹം തന്റെ നിലപാടുകൾ വിവരിച്ചത് നാം അന്യത്ര ചർച്ചചെയ്തിട്ടുണ്ടല്ലോ. ഇനി പരിശോധിക്കാനുള്ളത് അദ്ദേഹത്തിന്റെ സാഹിത്യനിരൂപണം സംബന്ധിച്ച ആശയങ്ങളാണ്.

സാഹിത്യനിരൂപണവും സാഹിത്യവിമർശനവും തമ്മിൽ വ്യത്യാസമുണ്ടെന്ന് എൻ. വി. കൃഷ്ണവാര്യർ വാദിക്കുന്നു.

"ഇംഗ്ലീഷിലെ 'ക്രിട്ടിസിസം' എന്ന വാക്കിന്നു പകരമായാണ് ഞാൻ ഇവിടെ 'വിമർശനം' എന്ന പദം ഉപയോഗിക്കുന്നത്. 'റിവ്യൂ' എന്ന വാക്കിന്നു പകരമായി 'നിരൂപണം' എന്ന പദവും ഉപയോഗിക്കുന്നു. രണ്ടും ഒരംശത്തിൽ ഒന്നുതന്നെ; ഒരു കലാവസ്തു സംസ്കൃതമായൊരു മനസ്സിലുളവാക്കിയ പ്രതികരണങ്ങളുടെ ആവിഷ്കാരംതന്നെ. എന്നാൽ മറ്റൊരംശത്തിൽ രണ്ടിനും തമ്മിൽ ഗണ്യമായ വ്യത്യാസമുണ്ട്. സമകാലസാഹിത്യത്തെ, അല്ലെങ്കിൽ മറ്റേതെങ്കിലും സമകാലകലാരൂപത്തെ, സാധാരണവായനക്കാർക്കു പരിചയപ്പെടുത്തിക്കൊടുക്കലാണ് നിരൂപണത്തിന്റെ ധർമ്മം. അതിൽ മൂല്യനിർദ്ധാരണത്തിന് അതിന്റേതായ സ്ഥാനമുണ്ട്; എങ്കിലും മൂല്യനിർദ്ധാരണമല്ല പ്രധാനം. കലയുടെ അടിസ്ഥാന തത്ത്വങ്ങളിലേക്കിറങ്ങിച്ചെല്ലാനോ നിരൂപ്യമായ കൃതിയെ വിശദമായപഗ്രഥിച്ച് ഉചിതമായ പശ്ചാത്തലത്തിനെതിരേവെച്ചു പഠിക്കാനോ ഉള്ള സമയമോ സൗകര്യമോ നിരൂപകന്നില്ല. ആഴ്ചതോറുമോ മാസംതോറുമോ പ്രസിദ്ധംചെയ്യുന്ന ഒരു പത്രത്തിന്റെ ഏതാനും ചില പേജുകളാണ് അയാൾക്കു കിട്ടുന്നത്. ഇത്തരം പത്രങ്ങളിലേറിയകൂറും ആബാലഗോപാലം പ്രചാരമുദ്ദേശിച്ചു നടത്തുന്നവയാണ്. ഉള്ള സ്ഥലത്തു കഴിയുന്നത്ര വേഗത്തിൽ അധികാധികം കൃതികളെപ്പറ്റി ആകർഷകമായും സുഗ്രഹമായും പ്രസ്താവിക്കണമെന്നാണ് ഒരു പത്രനിരൂപകൻ സ്വാഭാവികമായി അഭിലഷിക്കുന്നത്. അതിനാൽ നിരൂപണത്തിന്ന് ഒരുപരിപ്ലവസ്വഭാവമുണ്ടായില്ലെങ്കിലേ അത്ഭുതപ്പെടേണ്ടു.

മൂല്യശാശ്വതത്വം

വിമർശനത്തിന്റെ സ്ഥിതി ഇതല്ല. സ്വന്തം കടലാസും സ്വന്തം സമയവും ചെലവാക്കി സ്വന്തം ഇഷ്ടപ്രകാരമാണ് വിമർശകൻ എഴുതുന്നത്. ഇന്ന സമയത്ത് എഴുതിത്തീർത്തുകൊള്ളണമെന്നോ ഇത്ര വാക്കിൽ ഒതുക്കിക്കൊള്ളണമെന്നോ ആരും അയാളെ ശാസിക്കുന്നില്ല. ഈ സ്വാതന്ത്ര്യത്തിന്നു പുറമേ, ലക്ഷ്യത്തിലും അയാൾ നിരൂപകനിൽനിന്നു വ്യത്യസ്തനാണ്. മൂല്യനിർദ്ധാരണമാണ് അയാളുദ്ദേശിക്കുന്ന പ്രയോജനം. ഇതിന്നു രണ്ടംശങ്ങളുണ്ട്. പരമമായ മൂല്യമെന്തെന്ന പ്രശ്നമാണ് ഒന്ന്. കാലദേശസംസ്കാരഭേദമനുസരിച്ച് മൂല്യങ്ങളെപ്പറ്റിയുള്ള ധാരണകൾ വ്യത്യാസപ്പെട്ടുവന്നിട്ടുണ്ട്. ഓരോരുത്തനും സ്വന്തം മൂല്യബോധം സ്വയം വളർത്തിയെടുക്കേണ്ടിയിരിക്കുന്നു; മൂല്യങ്ങളെ സ്വയം സൃഷ്ടിക്കേണ്ടിയിരിക്കുന്നു. അതിനാൽ ശാശ്വതമൂല്യമെന്ന ഒന്നില്ലതന്നെ. ഇതുതന്നെയാണ് സാർവ്വജനീനമൂല്യത്തിന്റെ കഥയും. താൻ മൂല്യമായി ഗണിക്കുന്നതു ശാശ്വതമായ ഒന്നാണ് എന്ന്, വേണമെങ്കിൽ,

വിമർശകനു വാദിക്കാം. എന്നാൽ ഒരു വിമർശകന്റെ ദൃഷ്ടിയിൽ അങ്ങനെയായില്ലെന്നുവരാം. ധർമ്മമാണ് ചിലർക്കു കലകളുടെ പരമമൂല്യം. മറ്റുചിലർക്ക് അതു സൗന്ദര്യമോ സത്യമോ ആണ്. വേറെ ചിലരെ സംബന്ധിച്ചിടത്തോളം അനിയന്ത്രിതമായ ആത്മാവിഷ്കാരമാകുന്നു പരമകലാമൂല്യം. ധർമ്മം, സൗന്ദര്യം, സത്യം, ആത്മാവിഷ്കാരം മുതലായ സങ്കല്പങ്ങൾതന്നെ പ്രതിവ്യക്തിവിഭിന്നങ്ങളുമാണ്."

(പരിപ്രേക്ഷ്യം, എൻ. വി. കൃഷ്ണവാര്യർ)

തായാട്ടു ശങ്കരന്റെ വീക്ഷണത്തിൽ നിരൂപണം എന്തല്ല എന്നും എന്തായിരിക്കണമെന്നും ഇപ്രകാരം വിവരിക്കുന്നു.

"പ്രാചീനഭാരതത്തിലെ വിവാഹരീതികളിലൊന്ന് സ്വയംവര മായിരുന്നു. വധുവിനെ സ്വയംവരമണ്ഡപത്തിലേക്ക് ആനയിച്ചു കൊണ്ട് വേത്രവതി ഓരോ വരണാർത്ഥിയുടേയും അപദാനങ്ങൾ കീർത്തിച്ചുകൊടുക്കും. 'ഇതാ, മിഥിലാധിപൻ. ഇയാൾ പതിനെട്ട് അക്ഷൗഹിണിയുടെ നാഥനാണ്. ഇതാ മഗധാധിപൻ. പരന്തപനായ ഇയാൾ അശ്വഹൃദയജ്ഞാനിയാണ്. ഇതാ മധുരാധിപൻ. ഇയാൾ സമുദ്രപര്യന്തം കാടും മലയും കീഴടക്കി വാഴുന്നു. ഇതാ അംഗരാ ജൻ. ഇയാൾ ഹസ്തിശാസ്ത്രവിചക്ഷണനാണ്.....' ഇങ്ങനെ പോകുന്നു ആ പരിചയപ്പെടുത്തൽ. വധു ഇതിൽ ആരെ വരിച്ചാലും തവണക്കാരിക്ക് ഒന്നുമില്ല.

വരണമാല്യവുമേന്തിനിൽക്കുന്ന സഹൃദയന്നും കവിക്കുമിട യിൽ, വേത്രവതിയുടെ ഈ ധർമ്മമാണ് നിരൂപണത്തിന്നു നിർവ്വ ഹിക്കുവാനുള്ളതെന്നു കരുതുന്നവരുണ്ട്. ഓരോ കവിതയുടെയും അലങ്കാരം, രസം, ധ്വനി, ഇമേജറി, ബ്രോക്കൺ ഇമേജ് തുടങ്ങിയ ദേശീയവും വൈദേശികവുമായ അംഗരാഗങ്ങളെ തികഞ്ഞ നിസ്സം ഗതയോടെ എടുത്തുകാണിച്ചാൽ മതി; അതിന്നപ്പുറം പോകുന്നത്, നിരൂപകന്റെ മുൻധാരണ കവിയുടെമേൽ വെച്ചുകെട്ടുകയാവും എന്നാണവരുടെ വാദം. ഈ സമീപനമല്ല ഈ പുസ്തകത്തിൽ കൈക്കൊണ്ടിട്ടുള്ളതെന്നു വ്യക്തമാക്കട്ടെ. കവിതയിൽ ആവിഷ്കൃ തമായ ജീവിതസംസ്കാരവും താനാർജ്ജിച്ച ജീവിതാവബോധവും ഉരസിനോക്കുമ്പോഴാണ് നിരൂപണം മറ്റൊരു കലാസൃഷ്ടിയാവുന്ന തെന്ന് ഈ ലേഖകൻ കരുതുന്നു."

(ആമുഖം, തിരഞ്ഞെടുത്ത സാഹിത്യപ്രബന്ധങ്ങൾ, 1981, തായാട്ട് ശങ്കരൻ)

ദാമോദരന്റെ സാഹിത്യനിരൂപണവും തായാട്ട് ശങ്കരൻ വിവരിക്കുന്ന തിൽനിന്നും വ്യത്യസ്തമല്ല. കൃഷ്ണവാര്യർ വ്യവച്ഛേദിച്ചുകാണിക്കുന്ന നിരൂപണവും വിമർശനവും ദാമോദരന്റെ നിരൂപണത്തിൽ സമന്വയിക്കുന്നു. തീർച്ചയായും ഉള്ളടക്കത്തിനാണ് ദാമോദരൻ പ്രാധാന്യം നൽകുന്നത്.

ധാർമ്മികമൂല്യങ്ങൾ എന്ന പുസ്തകത്തിൽ മഹാഭാരതത്തിൽനിന്നും ഉദ്ധരിച്ച് വ്യാഖ്യാനിക്കുമ്പോൾ അതിൽ ദാമോദരന്റെ നിരൂപണശൈലിയുടെ പ്രത്യേകത നമുക്ക് കാണാം. കലാസൃഷ്ടി രൂപംകൊണ്ട സാഹചര്യം, അവനിൽ പ്രതിഫലിപ്പിക്കുന്ന വർഗ്ഗബന്ധങ്ങൾ മുതലായവ ദാമോദരന്റെ നിരൂപണങ്ങളിൽ കണ്ടെത്താൻ കഴിയും.

മാർക്സിസ്റ്റ് കലാനിരൂപണം 1950-കളോടെ പുതിയ വികാസം നേടുകയുണ്ടായി. റെയ്നോൾഡ് വില്യംസ് എന്ന പ്രശസ്തനായ ഇംഗ്ലീഷ് പണ്ഡിതനാണ് ഈ വികാസത്തിന്റെ മുഖ്യപ്രണേതാവ്. അദ്ദേഹത്തിന്റെ കലാസാമൂഹ്യദർശനത്തിന്റെ പേര് 'കൾച്ചറൽ മെറ്റീരിയലിസം' അഥവാ സാംസ്കാരികഭൗതികവാദമെന്നാണ്. ഇതിൻപ്രകാരമുള്ള വിമർശനത്തിന് സാംസ്കാരികവിമർശനം എന്നു പറഞ്ഞുവരുന്നു. സാംസ്കാരികവിമർശനം മാർക്സിസ്റ്റ് വിമർശനത്തിന്റെ കുറെക്കൂടി സമ്പന്നമായ വികാസമാണ്. ദാമോദരൻ റെയ്മണ്ട് വില്യംസിനെ കാര്യമായി ശ്രദ്ധിച്ചിട്ടുണ്ടെന്നുള്ളതിന് തെളിവില്ല. എങ്കിലും റെയ്മണ്ട് വില്യംസ് ആവിഷ്കരിക്കുന്ന നിരൂപണശൈലിയുടെ അവികസിതരൂപങ്ങൾ ദാമോദരന്റെ നിരൂപണശൈലിയിൽ പ്രതിഫലിക്കുന്നുണ്ടെന്ന് അദ്ദേഹത്തിന്റെ 'എന്താണ് സാഹിത്യം', 'സാഹിത്യനിരൂപണം' എന്നീ കൃതികൾ വ്യക്തമാക്കുന്നു.

16. മനുഷ്യനും മാനവികതയും

വിദ്യാർത്ഥിജീവിതകാലംമുതൽ കെ. ദാമോദരൻ ലേഖനങ്ങളും ലഘുലേഖകളും എഴുതിത്തുടങ്ങിയെങ്കിലും പുസ്തകരൂപത്തിലുള്ള പ്രധാനകൃതി 'മനുഷ്യൻ' എന്നതാണ്. വെല്ലൂരും രാജമന്ദ്രിയിലും തടവുകാരനായി കഴിയവെയാണ് ഈ പുസ്തകം എഴുതിയത്. അതുകൂടാതെ പഠനക്ലാസ്സുകൾക്കുവേണ്ടി ദാമോദരൻ മാർക്സിസത്തെ സംബന്ധിച്ചെഴുതിയ പത്തു ലഘുലേഖകളും ഇക്കാലത്തുതന്നെ എഴുതി എന്ന് നേരത്തെ പറഞ്ഞുവല്ലോ. ഈ പത്ത് പഠനസഹായികൾ വിലപ്പെട്ടതെങ്കിലും മൗലികമായി അതിൽ ഇവിടെ ചർച്ചചെയ്യേണ്ടതായി ഒന്നുംതന്നെ ഇല്ല. അതുകൊണ്ട് നമുക്ക് 'മനുഷ്യൻ' എന്ന പുസ്തകം പരിശോധിക്കാം.

'മനുഷ്യൻ' എന്ന ലളിതമായ പേരാണ് അതിന് നൽകിയിരിക്കുന്നതെങ്കിലും മനുഷ്യോല്പത്തിമുതൽ പുതിയ സോഷ്യൽസമൂഹത്തിലെ പൗരൻവരെ നീണ്ട നിരവധിലക്ഷം വർഷത്തെ പരിണാമഗതി ഇതിൽ വിവരിച്ചിരിക്കുന്നു.

പ്രപഞ്ചോല്പത്തിശാസ്ത്രം അഥവാ ജൈവപരിണാമവാദം, നരവംശശാസ്ത്രം, സാമൂഹ്യവികാസവിജ്ഞാനീയം, ധനശാസ്ത്രം, മാർക്സിസം എന്നിവയിലെല്ലാം അവഗാഹം നേടിയ ഒരാൾക്കുമാത്രം എഴുതാൻ കഴിയുന്നവിധം മനുഷ്യനെക്കുറിച്ചുള്ള ഒരു ലഘുവിജ്ഞാനീയകോശംതന്നെയാണ് ഈ പുസ്തകം. എന്നാൽ ഇന്ന് അത് വായിക്കുന്നവർക്ക് അതിലെ ആദ്യഭാഗങ്ങൾ കാലഹരണപ്പെട്ടതായി തോന്നാം. മനുഷ്യോൽപത്തിയെക്കുറിച്ചുള്ള ഏറ്റവും ഒടുവിലായി നമുക്ക് കിട്ടിയ അറിവ് ലൂയി ലീക്കി (1903-1972), ഭാര്യ മേരി ലീക്കി (1913-1996), മകൻ റിച്ചാർഡ് ലീക്കി (ജ.1944), മരുമകൾ മീവി ലീക്കി (ജ.1942) എന്നിവർ ആഫ്രിക്കയിലെ കെനിയയും ടാൻസാനിയയും ചേരുന്ന ഭാഗത്തുള്ള ഓൾഡുവായി എന്ന ഗഹ്വരപ്രദേശത്തുനിന്ന് കണ്ടെടുത്ത പ്രാചീനമനുഷ്യന്റെ തലയോടുകളും മറ്റ് അസ്ഥിക്ഷ്ണങ്ങളുമാണ്. ശാസ്ത്രീയനാമകരണം അനുസരിച്ച് ആസ്ടലോ-പിത്തേക്കസ്, ഹോമോഹാബിലസ്, ഹോമോഇറക്ടസ്, ഹോമോസാപിയൻസ് എന്നീ ചിട്ടപ്പടിയുള്ള മനുഷ്യവികാസഗതി അവരാണ് കണ്ടുപിടിച്ചത്. അവർക്ക് ഈ മനുഷ്യാവശിഷ്ടങ്ങളുടെ കാലനിർണ്ണയം നടത്താൻ കഴിഞ്ഞത് 1947-ൽ വില്ലാർഡ് ലിബ്ബി എന്ന അമേരിക്കൻ ഭൗതികശാസ്ത്രജ്ഞൻ വികസിപ്പിച്ചെടുത്ത സിദ്ധാന്തങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്.

അതിൻപ്രകാരം ഹോമോസാപിയൻസ് എന്ന ആധുനികമനുഷ്യന്റെ ഉല്പത്തി 25 ലക്ഷം വർഷംമുൻപാണ് എന്ന് കണക്കാക്കപ്പെടുന്നു. ലീക്കി കുടുംബം അവരുടെ പ്രധാന കണ്ടുപിടിത്തം പ്രസിദ്ധീകരിച്ചത് 1959-ലാണ്. അതുകൊണ്ട് 1946-ൽ ദാമോദരൻ എഴുതുമ്പോൾ ഈ വസ്തുതകളൊന്നും അറിഞ്ഞിരുന്നില്ല എന്നത് അനിവാര്യംതന്നെ. ദാമോദരന്റെ കൃതികളുടെ സമാഹാരം പ്രസിദ്ധീകരിക്കുന്ന പ്രഭാത് ബുക്ക് ഹൗസുകാർ ഒരു ചെറിയ അടിക്കുറിപ്പെങ്കിലും ചേർത്ത് ഇക്കാര്യം വായനക്കാരെ ധരിപ്പിക്കേണ്ടതായിരുന്നു. അതവർ ചെയ്തിട്ടില്ല. ഈ കുറവ് ഉണ്ടെങ്കിലും മനുഷ്യപുരോഗതിയുടെ പൊതുക്രമം വിവരിക്കാൻ ദാമോദരൻ ഇതിൽ ശ്രമിച്ചിട്ടുണ്ട്. അതിൽ പറയുന്ന വർഷങ്ങളും മറ്റും തിരുത്തലിന് വിധേയമാണ്. മറ്റു ചില പിശകുകളും ഇതിൽ കടന്നുകൂടിയിട്ടുണ്ട്. സൗരയൂഥസിദ്ധാന്തം ആദ്യരൂപത്തിൽ അവതരിപ്പിച്ച പോളീഷ് ശാസ്ത്രജ്ഞൻ നിക്കോളാസ് കോപ്പർനിക്കസിന്റെ (1473-1543) മൗലികകൃതിയുടെ പേര് De Revolutionibus Orbium Coelestium എന്നാണ്. ദാമോദരൻ അതിനെ സ്വർഗ്ഗീയവിപ്ലവങ്ങൾ എന്നാണ് വിവർത്തനം ചെയ്തത്. അതു ശരിയല്ല. ആകാശഗോളങ്ങളുടെ ഭ്രമണപഥങ്ങളെക്കുറിച്ച് എന്നോ മറ്റോ മാത്രം വിവർത്തനംചെയ്താലേ മൂലത്തോട് നീതികാട്ടാൻ കഴിയൂ.

ഈ പ്രാഥമികവിവരങ്ങൾക്കുശേഷം കോപ്പർനിക്കസിനോടുകൂടി ആരംഭിച്ച് പതിനാറാംനൂറ്റാണ്ടിൽ സർ ഐസക് ന്യൂട്ടന്റെ ഗുരുത്വാകർഷണ സിദ്ധാന്തത്തോടുകൂടി സമാപിക്കുകയുംചെയ്ത ഒന്നാം വൈജ്ഞാനിക വിപ്ലവത്തിന്റെ ഹ്രസ്വമായ ഒരു രൂപരേഖ ദാമോദരൻ നമുക്ക് നല്കുന്നു. (വൈജ്ഞാനികവിപ്ലവം സമാപിച്ചു എന്നു പറയുന്നതുകൊണ്ട് വൈജ്ഞാനികരംഗത്തെ പുരോഗതിയാകെ നിലച്ചുപോയി എന്നർത്ഥമില്ല. ഈ വൈജ്ഞാനികവിപ്ലവത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾപ്രകാരം പ്രപഞ്ചവിജ്ഞാനീയവും പ്രകൃതിവിജ്ഞാനീയവും മറ്റും വളർന്നുകൊണ്ടിരിന്നു. ഈ വൈജ്ഞാനികവിപ്ലവത്തിന്റെ അടിസ്ഥാനകാഴ്ചപ്പാട് പ്രപഞ്ചത്തെ ഒരു ഘടികാരംപോലുള്ള യന്ത്രമായി കാണുന്ന യാന്ത്രികവീക്ഷണമാണ്. ഈ യാന്ത്രികവീക്ഷണത്തെ ആകെ അട്ടിമറിച്ചുകൊണ്ടാണ് 1905-ൽ ആൽബെർട്ട് ഐൻസ്റ്റൈൻ അദ്ദേഹത്തിന്റെ ആപേക്ഷികസിദ്ധാന്തം അവതരിപ്പിച്ചത്. അത് മറ്റൊരു വിപ്ലവമായിരുന്നു.)

ദാമോദരൻ എഴുതുന്നു:

> "കോപ്പർനിക്കസ്സിന്റെ സിദ്ധാന്തങ്ങളെ ഉയർത്തിപ്പിടിക്കുകയും കൂടുതൽ വളർത്തുകയും ചെയ്ത മറ്റൊരു ശാസ്ത്രജ്ഞനാണ് ഗിയോർ ഡാനോ ബ്രൂണോ, പ്രപഞ്ചമെന്നത് നിരവധി ലോകങ്ങളുടെയും സൂര്യമണ്ഡലങ്ങളുടെയും ഗ്രഹസമൂഹങ്ങളുടെയും ഒരാകത്തുകയാണെന്നും അവയിലൊരു ഗ്രഹം മാത്രമാണ് നമ്മുടെ ഭൂമിയെന്നും അദ്ദേഹം പ്രഖ്യാപിച്ചു. മാത്രമല്ല, ലോകങ്ങൾക്കു വികാസമുണ്ടാകുന്നുണ്ടെന്നും നമ്മുടെ ലോകത്തിനുതന്നെ ഭൂഗർഭ

ശാസ്ത്രസംബന്ധിയായ പല മാറ്റങ്ങളുമുണ്ടായിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. അംഗീകൃതചിന്താഗതികൾക്കെതിരായിരുന്നു അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ. അതുകൊണ്ട്, പള്ളിയുടെ വിശ്വാസങ്ങൾക്കെതിരായി പോരാടിയെന്നതിന്, എട്ടുകൊല്ലത്തെ കാരാഗൃഹവാസത്തിനുശേഷം അദ്ദേഹം, ജീവനോടെ ചുട്ടുകരിക്കപ്പെട്ടു.

പക്ഷേ, അന്ധവിശ്വാസങ്ങൾക്കും മർദ്ദനങ്ങൾക്കും സയൻസിനെ കീഴടക്കാൻ കഴിഞ്ഞില്ല. വെളിച്ചത്തിന് ഇരുട്ടിനെക്കാൾ ശക്തിയുണ്ടെന്ന് തെളിഞ്ഞു. പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇമാനുവൽ കാന്റ് എന്ന തത്ത്വശാസ്ത്രജ്ഞൻ വികാസത്തിന്റെ വീക്ഷണകോണിൽ നിന്നു പ്രകൃതിയെ നോക്കിക്കാണാൻ ശ്രമിച്ചു. പ്രപഞ്ചമാവിർഭവിച്ചത് വികാസത്തിന്റെ ഫലമായിട്ടാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ലപ്ലാസ് എന്ന ഗണിതശാസ്ത്രജ്ഞൻ കാന്റിന്റെ അഭിപ്രായങ്ങളെ കൂടുതൽ പുഷ്ടിപ്പെടുത്തിക്കൊണ്ട് പ്രപഞ്ചവ്യാപാരങ്ങളിൽ ദൈവികശക്തികൾക്ക് പങ്കുണ്ടെന്ന ധാരണയെ വെല്ലുവിളിക്കുകയും ഭൗതികപദാർത്ഥങ്ങളുടെ ചലനത്തിന്റെ ഫലമായിട്ടാണ് ഭൂലോകമുണ്ടായതെന്ന് സ്ഥാപിക്കുകയും ചെയ്തു. അതിശക്തിയായി ചുറ്റിക്കറങ്ങിക്കൊണ്ടിരുന്ന ഒരു പ്രകാശപടലമായിരുന്നു ആദ്യകാലത്തെ സൂര്യഗോളമെന്നും ചുറ്റലിന്റെ ഗതിവേഗത്താൽ ആ പ്രഭാപടലം ഉറച്ചു കട്ടിയാവാൻ തുടങ്ങിയെന്നും അങ്ങനെ ചുറ്റി ഉറച്ചുകൊണ്ടിരിക്കുന്ന സൂര്യനിൽനിന്ന് തെറിച്ചുപോയ ശകലങ്ങളാണ് ഭൂമിയും മറ്റു ഗ്രഹങ്ങളുമെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. ദൈവത്തെപ്പറ്റി ഒന്നും പറയാത്തതെന്തുകൊണ്ടാണെന്നു ചോദിച്ചപ്പോൾ അങ്ങനെയൊരു സങ്കല്പത്തിന്റെ ആവശ്യം എനിക്കുണ്ടായിരുന്നില്ല എന്നാണദ്ദേഹം മറുപടി പറഞ്ഞത്.

ലപ്ലാസിന്റെ സിദ്ധാന്തത്തെ കൂടുതൽ പരിഷ്കരിക്കാൻ പല ശാസ്ത്രജ്ഞന്മാരും പിന്നീട് പരിശ്രമിക്കുകയുണ്ടായി. അതിൻഫലമായി, ലോകം ശാശ്വതവും സ്ഥിരവും മാറ്റമില്ലാത്തതുമാണെന്ന യാന്ത്രികധാരണയും ഏതോ ദൈവീകശക്തിയുടെ ലീലാവിലാസങ്ങളാണ് ഭൂമിയെ സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്തിട്ടുള്ളതെന്ന അന്ധവിശ്വാസവും തകർന്നുപോയിരിക്കുന്നു."

(കെ. ദാമോദരൻ, സമ്പൂർണ്ണകൃതികൾ 2009,
പ്രഭാത് ബുക്ക് ഹൗസ്, തിരു:)

ജീവന്റെ ഉൽപത്തിയും പരിണാമവും

കോപ്പർനിക്കസിന്റെ സിദ്ധാന്തപ്രകാരം ഗ്രഹങ്ങൾ സൂര്യനെ വലംവെക്കുന്നത് പൂർണ്ണമായ വർത്തുളപഥങ്ങളിലൂടെയാണ്. ഒരുപക്ഷേ, കോപ്പർ

നിക്കസിനെ സ്വാധീനിച്ചത് ഏറ്റവും കുറ്റമറ്റ രൂപം വർത്തുളമാണ് എന്ന പൈതഗോറസിന്റെ കാഴ്ചപ്പാടായിരിക്കാം. വിശദമായ കണക്കുകൂട്ടലുകളിലൂടെ ഗ്രഹങ്ങളുടെ സഞ്ചാരപഥങ്ങൾ വർത്തുളങ്ങളല്ലെന്നും ദീർഘവൃത്തമാണെന്നും ജർമ്മൻകാരനായ യോഹന്നാസ് കെപ്ലർ (1571-1630) തെളിയിച്ചു. പ്രപഞ്ചശാസ്ത്രത്തെക്കുറിച്ച് ബന്ധപ്പെട്ട എല്ലാവരെയും പരാമർശിക്കുന്ന ദാമോദരൻ കെപ്ലറെ വിസ്മരിച്ചത് എന്തുകൊണ്ടെന്ന് അറിയില്ല.

ജീവോൽപത്തിയും പരിണാമവാദവും

ജീവന്റെ ഉത്ഭവത്തെക്കുറിച്ച് വളരെ വിശദമായി രസതന്ത്രത്തിന്റെയും ഊർജ്ജതന്ത്രത്തിന്റെയും സഹായത്തോടെ ദാമോദരൻ വിവരിക്കുന്നുണ്ട്. എന്നാൽ ജനിതകത്തിന്റെ ഉൾക്കാഴ്ചകൾ ദാമോദരന് ലഭ്യമായിരുന്നില്ല. പാരമ്പര്യശാസ്ത്രത്തിന്റെ തുടക്കംകുറിച്ച ഗ്രിഗോർമെൻഡൽ (1822-1884) ഡാർവിന്റെ സമകാലീനനായിരുന്നുവെങ്കിലും ഡാർവിൻ മെൻഡലിന്റെ കണ്ടുപിടിത്തങ്ങളെക്കുറിച്ചറിഞ്ഞിരുന്നില്ല. 1900-ലാണ് മെൻഡലിന്റെ കൃതികൾ വിശാലമായ ശാസ്ത്രലോകത്തിന് തുറന്നുകിട്ടിയത്. പിന്നീട് പല പുരോഗതിയും പാരമ്പര്യശാസ്ത്രത്തിനും ഉണ്ടായി എങ്കിലും 1951-ൽ വാട്സണും ക്രിക്കുമാണ് ജനിതകത്തെയും പാരമ്പര്യശാസ്ത്രത്തെയും ഒരു പ്രത്യേക പഠനമേഖലയായി സ്ഥാപിച്ചത്. സ്വാഭാവികമായും 1940-കളിൽ ദാമോദരന് അതെല്ലാം അറിയുമായിരുന്നില്ല. പരിണാമവാദത്തെക്കുറിച്ചും അതിന്റെ ഉപജ്ഞാതാവായ ചാൾസ് ഡാർവിനെ(1809-1882)ക്കുറിച്ചും വിശദമായി ദാമോദരൻ ചർച്ചചെയ്യുന്നു. പക്ഷേ, ഡാർവിനിസവും ജനിതകവും സമന്വയിച്ചുണ്ടായ നവ-ഡാർവിനിസത്തിന്റെ കാഴ്ചപ്പാടുകൾ ഈ പുസ്തകത്തിൽ കാണുന്നില്ല. ജനിതകവും ജനിതക എഞ്ചിനീയറിംഗും മറ്റും പിൽക്കാലത്താണ് വളർന്നത് എന്നതുകൊണ്ടാകാം. ഈ വളർച്ച ദാമോദരന്റെ കാലത്തുതന്നെ ആയിരുന്നതിനാൽ മനുഷ്യന്റെ പില്ക്കാലപതിപ്പുകളിൽ ചേർക്കാമായിരുന്നു.

പരിണാമവാദത്തിലൂടെ മൃഗത്തിൽനിന്ന് മനുഷ്യനിലേക്കുള്ള പുരോഗതിയെ വിവരിച്ചശേഷം പ്രാചീനമനുഷ്യന്റെ ചരിത്രത്തിലേക്ക് അദ്ദേഹം പ്രവേശിക്കുന്നു. ഭാഷയെ സംബന്ധിച്ചുള്ള ചർച്ചയിൽ ശിലായുഗ മനുഷ്യരെയും സമൂഹരൂപവൽക്കരണത്തെയും ദാമോദരൻ വിവരിക്കുന്നത് ഇപ്പോഴും ശരിയാണ്. ഭാഷയുടെ ഉത്ഭവം ഏതോ ജനിതകപ്രേരണയിലാണ് എന്നും മറ്റുമുള്ള നോംചോംസ്കിയുടെയും മറ്റും തെറ്റായ വാദങ്ങൾ അന്ന് പ്രചാരത്തിലെത്തിയിരുന്നില്ല. 'പ്രകൃതിയുടെ വൈരുദ്ധ്യാത്മകത' എന്ന ഫ്രെഡറിക് എംഗൽസിന്റെ പുസ്തകത്തിലെ വിവരണങ്ങളെ ആശ്രയിച്ചുകൊണ്ട് എങ്ങനെയാണ് സാമൂഹ്യപരിവർത്തനം ഭാഷയുടെ ഉത്ഭവത്തിനും വികാസത്തിനും വഴിവെച്ചതെന്ന് ദാമോദരൻ വിവരിക്കുന്നു. അതുപോലെതന്നെ പണിയായുധങ്ങളുടെ വികാസം സാമൂഹ്യവികാസവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഉൽപാദനോപാദികളുടെ മാറ്റവുമായി

സാമൂഹ്യമാറ്റങ്ങൾ ബന്ധപ്പെട്ടിരിക്കുന്നുവെന്നത് മാർക്സിസത്തിന്റെ ഒരടിസ്ഥാനസിദ്ധാന്തമാണ്. ആദ്യം പരുക്കൻ ശിലായുധങ്ങളും പിന്നീട് മിനുസപ്പെട്ടതും കൂടുതൽ സൂക്ഷ്മവുമായ ശിലായുധങ്ങളുംകൊണ്ട് മുന്നേറിയിരുന്ന മനുഷ്യസമൂഹത്തിന്റെ ചരിത്രം ലോഹം കണ്ടുപിടിച്ചതോടുകൂടി ഒരു വിപ്ലവത്തിനുതന്നെ വഴിവെച്ചു. ദാമോദരൻ പറയുന്നു:

> "ബുദ്ധിശക്തിയുടെയും ഭാഷയുടെയും വികാസം മനുഷ്യജീവിതത്തിന്റെ കാഠിന്യത്തെ ലഘൂകരിച്ചു. കയ്യിന്റെ വളർച്ച, മനുഷ്യനെ പണിയായുധങ്ങളുണ്ടാക്കുന്ന ജീവിയാവാൻ സഹായിച്ചതുപോലെ, ഭാഷവഴിക്കുണ്ടായ മനോവികാസം മനുഷ്യനെ ആശയം നിർമ്മിക്കുന്ന ജീവിയാവാൻ സഹായിച്ചു. ഇന്ദ്രിയോപകരണങ്ങളുടെ സഹായത്തോടുകൂടി ചുറ്റുപാടുകളോടുള്ള പോരാട്ടത്തിൽ, കൂടുതൽകൂടുതൽ വിജയം നേടാൻ മനുഷ്യനു കഴിവുണ്ടായിത്തീർന്നു. ഇപ്രകാരമത്രേ ലക്ഷോപലക്ഷം കൊല്ലങ്ങളുടെ വികാസഫലമായി മനുഷ്യൻ ഭൗതികവും മാനസികവുമായ ഉപകരണങ്ങളുമായി ജീവിതയാത്രയാരംഭിച്ചത്."

ശിലായുഗകാലത്തുതന്നെ മനുഷ്യരുടെ കലാവാസന വളർന്നുവരാൻ തുടങ്ങിയിരുന്നു. ശിലായുഗനിർമ്മാണംതന്നെ ഒരു സർഗ്ഗക്രിയയാണ്. ആ ശിലായുഗത്തിന്റെ രൂപത്തിനുതന്നെ പ്രതിമാശില്പവുമായി സാമ്യമുണ്ട്. മനുഷ്യൻ വസിച്ചിരുന്ന ഗുഹകളുടെ ചുവരുകളിൽ വരച്ചിരുന്ന ചിത്രങ്ങൾ നിറംമങ്ങിപ്പോകാതെതന്നെ ഇപ്പോഴും പ്രാക്ചരിത്രകാരന്മാർ കണ്ടുപിടിച്ചിട്ടുണ്ട്. അതുപോലെ മൃഗങ്ങളെ വേട്ടയാടുന്നതിന്റെയും അമ്പെയ്യുന്നതിന്റെയും ചിത്രങ്ങളും നഷ്ടപ്പെടാതെ ഇപ്പോഴും ചിലയിടത്ത് കാണാൻ കഴിയും. പക്ഷേ, അപ്പോഴും മനുഷ്യർ വേട്ടക്കാരും വനത്തിലെ ഫലമൂലാദികൾ ശേഖരിക്കുന്ന ഭക്ഷണശേഖരണക്കാരും മാത്രമായിരുന്നു. ഇതിനൊരു മാറ്റംവരാൻതുടങ്ങിയത് സുമാർ പതിനായിരം വർഷംമുൻപ് മനുഷ്യൻ കൃഷി കണ്ടുപിടിക്കുകയും പണ്ടത്തെപ്പോലെ കന്നുകാലി മേച്ചും ഭക്ഷണം തേടിയും ദേശാടനം നയിച്ചിരുന്നതിൽനിന്ന് വ്യത്യസ്തമായി സ്ഥിരതാമസം തുടങ്ങിയതുമൂലവും ആണ് ആദ്യമായി കൃഷി ആരംഭിച്ചത്. ഇന്നത്തെ ഈജിപ്ത് മുതൽ ഇറാഖ് വരെ ഒരു അർദ്ധചന്ദ്രാകൃതിയിൽ സ്ഥിതിചെയ്യുന്ന 'ലേ-വന്റെ' എന്ന് വിളിക്കപ്പെടുന്ന പ്രദേശത്താണ്. ഈ പ്രദേശത്തെ Fertile crecent അഥവാ ഫലഭൂയിഷ്ഠമായ 'അർദ്ധചന്ദ്രപ്രദേശം' എന്നു വിളിക്കുന്നു. ഈ കൃഷിയിടത്തിന്റെ കിഴക്കെ ഭാഗത്തുനിന്നാണ് ലോകത്തിലെ ആദ്യനാഗരികതയായ മെസപ്പൊട്ടേമിയ ഉയർന്നുവന്നത്. ഇറാഖിലെ നദികളായ യൂഫ്രട്ടീസിന്റെയും ടൈഗ്രീസിന്റെയും ഇടയ്ക്കുള്ള പ്രദേശമായതുകൊണ്ടാണ് മെസപ്പൊട്ടേമിയ എന്ന് അതിന് പേരു വന്നത്.

ഇപ്രകാരം പടിപടിയായി മനുഷ്യസമൂഹത്തിന്റെയും സംസ്കാരത്തിന്റെയും പുരോഗതി വിവരിച്ചശേഷം ആധുനിക സോഷ്യലിസ്റ്റ്വ്യവസ്ഥയിലെ മനുഷ്യൻവരെ എത്തുന്നു ദാമോദരൻ. അതിനുശേഷം സോഷ്യലിസത്തിനപ്പുറത്തേക്ക് കണ്ണു പായിച്ച് ചില ഊഹാപോഹങ്ങളും ദാമോദരൻ

നടത്തുന്നുണ്ട്. നേരത്തെ പറഞ്ഞ ചില കാലഹരണദോഷം ഉണ്ടാകാമെങ്കിലും മനുഷ്യന്റെ ഭൂതകാലത്തെയും വർത്തമാനത്തെയും ഭാവിയെയും സമഗ്രമായ ഒരു കാഴ്ചപ്പാടോടുകൂടി വിവരിക്കുന്ന ഈ പുസ്തകം ഇന്നും വിലപ്പെട്ടതായി അവശേഷിക്കുന്നു.

ധാർമ്മികമൂല്യങ്ങൾ

'ധർമ്മം' എന്ന വാക്ക് അനായാസമായി മനസ്സിലാക്കാൻ കഴിയുന്നതല്ല. പ്രാചീനഭാരതത്തിൽ 'ധർമ്മം' എന്ന വാക്ക് പ്രചാരത്തിൽ കൊണ്ടുവന്നത് ഗൗതമബുദ്ധനാണ്. അദ്ദേഹത്തിന്റെ അനുയായികളായ ഭിക്ഷുക്കൾ അവരുടെ യാത്രയ്ക്കിടയിൽ ഉയർത്തിക്കൊണ്ടിരുന്ന മൂന്നു മുദ്രാവാക്യങ്ങളുണ്ട്:

ബുദ്ധം ശരണം ഗച്ഛാമി
ധർമ്മം ശരണം ഗച്ഛാമി
സംഘം ശരണം ഗച്ഛാമി.

ബുദ്ധനു മുൻപും ബുദ്ധന്റെ കാലത്തും പിൽക്കാലത്തും ബുദ്ധൻ പ്രചരിപ്പിച്ചതിനെക്കാൾ മോശമായ അർത്ഥത്തിലും ധർമ്മം എന്ന പദം ഉപയോഗിച്ചുവരുന്നു. 'വർണ്ണാശ്രമധർമ്മം' ബുദ്ധന്റെ ശക്തിയായ എതിർപ്പിന് വിധേയമായ ജാതിവ്യവസ്ഥ എന്ന ധർമ്മമാണ്. അപ്പോൾ ധർമ്മത്തിന് കർത്തവ്യം, വ്യവസ്ഥ മുതലായ അർത്ഥങ്ങളുമുണ്ട്. 'രാജധർമ്മം' രാജാവിന്റെ കർത്തവ്യങ്ങളെ സൂചിപ്പിക്കുന്നു. ബുദ്ധമത അനുയായിയായിരുന്ന അശോകചക്രവർത്തിയുടെ (ഭ.269–232 ബി. സി. ഇ.) പ്രസിദ്ധമായ സ്തൂപങ്ങളിൽ ബൗദ്ധധർമ്മവും അതുമായി ബന്ധപ്പെട്ട രാജധർമ്മവും കൊത്തിവച്ചിരുന്നു. ഈ പുരാരേഖകളിൽനിന്നാണ് അന്നത്തെ പല ചരിത്രവസ്തുതകളും ഭരണനയങ്ങളും അനാവരണംചെയ്യപ്പെടുന്നത്. ആ സ്തൂപങ്ങളുടെ മുകളിലുള്ള മൂന്നു സിംഹങ്ങളുടെ രൂപങ്ങളും അതിന് തൊട്ടുതഴെയായി കൊത്തിയിരിക്കുന്ന 'അശോകചക്ര'വും സ്വതന്ത്രഭാരതത്തിന്റെ മുദ്രയാണ്; കൊടിയടയാളവും. ഈ അശോകചക്രത്തെ ധർമ്മചക്രം എന്നും വിളിച്ചുവരുന്നു.

കർത്തവ്യം എന്നതിനു പുറമേ സുജനമര്യാദ, പെരുമാറ്റച്ചട്ടം തുടങ്ങിയവയും ധർമ്മസംഹിതയിൽപ്പെടുന്നു. മാർക്സിന്റെ സിദ്ധാന്തപ്രകാരം മനുഷ്യസമൂഹം ആദ്യം വർഗ്ഗരഹിതവും ചൂഷണവിമുക്തവുമായ പരസ്പരസഹകരണത്തിൽ വർത്തിച്ചിരുന്ന ഒന്നായിരുന്നു. ഉൽപാദനോപാധികൾ മെച്ചപ്പെടുകയും ഉൽപാദനം വർദ്ധിച്ച് ഉൽപാദകൻ മിച്ചോൽപാദനം നടത്തുകയും ചെയ്യാൻ കഴിവുള്ളവനാവുകയും ചെയ്തതോടെയാണ് ഈ മിച്ചമൂല്യം ഉപയോഗിച്ച് ഒരു ചൂഷകവർഗ്ഗം രൂപംകൊണ്ടത്. അതിനു ശേഷമുള്ള ധർമ്മസംഹിതകളെല്ലാം വർഗ്ഗസമൂഹത്തിന്റെ ധർമ്മത്തെ ഉയർത്തിപ്പിടിച്ചു. പ്രാകൃത അല്ലെങ്കിൽ പ്രാചീന കമ്മ്യൂണിസം എന്ന് മാർക്സ് വിശേഷിപ്പിക്കുന്ന സാമൂഹ്യവ്യവസ്ഥയിലെ മഹോന്നതമായ

സമത്വവും സൗന്ദര്യവും നഷ്ടപ്പെട്ടുവെങ്കിലും വർഗ്ഗസമൂഹം സാമൂഹ്യ പുരോഗതിക്ക് ഒരു നാഴികക്കല്ലായി. ഈ വർഗ്ഗസമൂഹത്തിന്റെയും വർഗ്ഗചൂഷണത്തിന്റെയും സംരക്ഷണത്തിനായിട്ടാണ് ഭരണകൂടം നിലവിൽ വരുന്നത്. മാർക്സിന്റെ ഈ ആശയം ഫ്രെഡറിക് എംഗൽസ് അദ്ദേഹത്തിന്റെ 'കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം' എന്നിവയുടെ ഉൽപത്തി എന്ന കൃതിയിൽ വിവരിച്ചിട്ടുണ്ട്.

ഇതേ ആശയംതന്നെ ചില പ്രാചീനപുരാണങ്ങളിൽ കണ്ടെത്താം. ഉദാഹരണത്തിന് മഹാഭാരതത്തിന്റെ ശാന്തിപർവ്വത്തിൽ സംശയനിവാരണത്തിനായി യുധിഷ്ഠിരൻ ചോദിച്ച ചോദ്യത്തിന് ഭീഷ്മർ നൽകുന്ന ഉത്തരം ദാമോദരൻ അദ്ദേഹത്തിന്റെ ധാർമ്മികമൂല്യങ്ങൾ' എന്ന കൃതിയിൽ ഉദ്ധരിക്കുന്നുണ്ട്.

നൈവരാജ്യം നരാജാസീ-
ന്ന ചദണ്ഡോനദാണ്ഡികഃ
ധർമ്മേണൈവ പ്രജാഃ സർവ്വാ
രക്ഷന്തിസ്മ പരസ്പരം.

രാജാവും ഭരണകൂടവുമില്ല; ശിക്ഷിക്കുന്നവനും ശിക്ഷിക്കപ്പെടുന്നവനുമില്ല; ബ്രാഹ്മണനും ശൂദ്രനുമില്ല; പോലീസ്സില്ല; പട്ടാളമില്ല; ജഡ്ജിമാരില്ല; ജയിലുകളില്ല; പക്ഷേ, ഒന്നുണ്ടായിരുന്നു: ധർമ്മം. പരസ്പരം രക്ഷിക്കുകയും പരസ്പരം സഹകരിക്കുകയും പരസ്പരം സ്നേഹിക്കുകയും ചെയ്യുക എന്ന കുലധർമ്മം. കുലങ്ങളും ഗോത്രങ്ങളും ആയിട്ടാണ് അന്ന് ജനങ്ങൾ ജീവിച്ചിരുന്നത്.

ഭരണകൂടത്തിന്റെയും സമൂഹഘടനയുടെയും ഭദ്രതയ്ക്ക് ഉപകരിക്കുന്നതാണ് ഈ ധർമ്മസംഹിത. മനുവിന്റെയും നാരദന്റെയും മറ്റും സ്മൃതികളിൽ നിലവിലുള്ള ജാതിവ്യവസ്ഥയെ അരക്കിട്ടുറപ്പിക്കാനാണ് 'ധർമ്മസംഹിത' ആവിഷ്കരിച്ചിട്ടുള്ളത്. മഹാരാഷ്ട്രത്തിലെ മഹാമനീഷി ആയിരുന്ന ആധുനികചിന്തകൻ കാലെ എഴുതിയ 'ധർനമ്മശാസ്ത്രങ്ങളുടെ ചരിത്രം' ഈ വിഷയം പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് അമൂല്യമായ ഒന്നാണ്. കുലധർമ്മവും ക്ഷത്രിയ അഥവാ രാജധർമ്മവും തമ്മിലുള്ള സംഘർഷമാണ് ഭഗവദ്ഗീതയിലെ മുഖ്യപ്രമേയം. സ്വന്തക്കാരെയും ബന്ധുക്കളെയും ഗുരുജനങ്ങളെയും ഹിംസിച്ച് തനിക്ക് കീർത്തിയോ രാജ്യമോ ആവശ്യമില്ലെന്നു പറഞ്ഞ് അമ്പും വില്ലും താഴെവച്ച് വിഷാദമൂകനായിരുന്ന അർജ്ജുനനെ കുലധർമ്മത്തെക്കാൾ വിലപ്പെട്ടതാണ് രാജധർമ്മം എന്ന് ഉദ്ബോധിപ്പിച്ചുകൊണ്ടാണ് ശ്രീകൃഷ്ണൻ അർജ്ജുനനെ 'കർത്തവ്യബോധമുള്ള'വനാക്കി പടയ്ക്കിറക്കുന്നത്.

സന്മാർഗ്ഗം, സദാചാരം

'ധർമ്മം' എന്ന വാക്കിന് 'എത്തിക്സ്' എന്ന ഇംഗ്ലീഷ്പദം സമാനാർത്ഥദ്യോതകമായി ഉപയോഗിക്കാറുണ്ട്. അതിന്റെ മറ്റൊരു രൂപമാണ് 'മൊറാലിറ്റി'

എന്ന ഇംഗ്ലീഷ്പദം. മലയാളത്തിൽ 'സന്മാർഗ്ഗം' എന്നും 'സദാചാരം' എന്നും ഒക്കെ 'എത്തിക്സിനും' 'മൊറാലിറ്റി'ക്കും സമാനമായി ഉപയോഗിച്ചുവരുന്നു.

സാമൂഹ്യപരിവർത്തനങ്ങൾ എങ്ങനെ ധാർമ്മികമൂല്യങ്ങളെ മാറ്റിത്തീർക്കുന്നുവെന്ന് ദാമോദരൻ വിവരിക്കുന്നു:

"ഗൗതമബുദ്ധൻ വൈശ്യക്ഷത്രിയവർണ്ണങ്ങളുടെ പിന്തുണയോടുകൂടി ബ്രാഹ്മണമേധാവിത്വത്തിന്നെതിരായി നടത്തിയ ആത്മീയസമരങ്ങളുടെ പിന്നിൽ സമുദായത്തിലെ ഭൂരിപക്ഷക്കാരായ ജനങ്ങൾ അണിനിരക്കുകയുണ്ടായി. മദ്ധ്യകാലത്ത്, ദൈവത്തിന്റെ മക്കളെല്ലാം സമന്മാരാണെന്നു പ്രഖ്യാപിച്ചുകൊണ്ട് ജാതിമേധാവിത്വത്തിന്റെ അടിസ്ഥാനത്തിലുള്ള ഫ്യൂഡൽസാന്മാർഗ്ഗിക ബന്ധങ്ങൾക്കെതിരായി കബീറും മറ്റു നേതാക്കന്മാരും നടത്തിയ സമരങ്ങൾക്ക് ഭൂരിപക്ഷക്കാരായ സാധാരണജനങ്ങളുടെ പിന്തുണയുണ്ടായിരുന്നു.

ചാതുർവർണ്ണ്യത്തെ താനാണ് സൃഷ്ടിച്ചത് എന്ന് ഗീതയിൽ കൃഷ്ണൻ അവകാശപ്പെടുന്നുണ്ട്. അതു ശരിയാണെങ്കിൽ വർണ്ണധർമ്മങ്ങൾക്കുമുമ്പു നിലനിന്നിരുന്ന കുലധർമ്മങ്ങളേയും പിന്നീടാവിർഭവിച്ച ജാതിധർമ്മങ്ങളേയും സൃഷ്ടിച്ചതാരാണ്? ദൈവസൃഷ്ടിയായ ചാതുർവർണ്ണ്യം ക്ഷയിക്കാനും തൽസ്ഥാനത്ത് ജാതികളും ഉപജാതികളും അവാന്തരജാതികളും നിറഞ്ഞ ഫ്യൂഡൽവ്യവസ്ഥ ഉടലെടുക്കാനുമുള്ള കാരണമെന്താണ്? വാസ്തവമിതാണ്: ഉൽപാദനശക്തികളുടെ വളർച്ചയുടെ ഫലമായിട്ടാണ് സാമൂഹ്യബന്ധങ്ങളിൽ മാറ്റമുണ്ടാകുന്നത്. സാമൂഹ്യവ്യവസ്ഥകൾ മാറുന്നതിന്നനുസരിച്ച് ധാർമ്മികമൂല്യങ്ങൾക്കും സാന്മാർഗ്ഗികനിയമങ്ങൾക്കും മാറ്റങ്ങളുണ്ടാകുന്നു. സാമൂഹ്യവളർച്ചയിലെ ഓരോ ഘട്ടത്തിലും മനുഷ്യന് സമുദായത്തോടും മറ്റു മനുഷ്യരോടുമുള്ള ബന്ധങ്ങളെയാണ് ധാർമ്മികമൂല്യങ്ങളും സാന്മാർഗ്ഗികബോധങ്ങളും പ്രതിഫലിപ്പിക്കുന്നത്. സാമൂഹ്യബന്ധങ്ങളിൽനിന്നൊറ്റപ്പെട്ട് ദൈവദത്തമായ യാതൊരു ധാർമ്മികമൂല്യവുമില്ല; യാതൊരു സാന്മാർഗ്ഗിക നിയമവുമില്ല.

ധർമ്മമാണ് ഏറ്റവും വലിയ പുരുഷാർത്ഥം. പക്ഷേ, നമ്മൾ കണ്ടുകഴിഞ്ഞതുപോലെ, കുലധർമ്മവും വർണ്ണധർമ്മവും ഒന്നല്ല; വർണ്ണധർമ്മത്തിൽനിന്നു വ്യത്യസ്തമാണ് ജാതിധർമ്മം. ഇങ്ങനെ സാമൂഹ്യഘടന മാറുമ്പോൾ ധർമ്മവും മാറുന്നു. അതാതു കാലത്തെ സ്വത്തുടമബന്ധങ്ങളേയും അവയുടെ അടിസ്ഥാനത്തിലുള്ള മാനുഷികബന്ധങ്ങളേയും കാത്തുരക്ഷിക്കുക എന്നതാണ് ധർമ്മത്തിന്റെ ഏറ്റവും മുഖ്യമായ ജോലി. അർത്ഥം, കാമം, മോക്ഷം എന്നീ മറ്റു പുരുഷാർത്ഥങ്ങളെല്ലാം ധർമ്മത്തെ ആശ്രയിച്ചാണിരിക്കുന്നത്."

(ധാർമ്മികമൂല്യങ്ങൾ 1965 പ്രഭാതം)

അടിച്ചമർത്തലും വിവേചനവും മാത്രമാണ് മേൽജാതിക്കാരുടെയും ഭരണാധികാരികളുടെയും നടപടിക്രമമെങ്കിൽ അത് വിജയകരമാവില്ല. പൊട്ടിത്തെറിക്കും അസ്വസ്ഥതകൾക്കും വഴിവെക്കും. അന്തോണിയോ ഗ്രാംഷി പറയുന്നതുപോലെ. മനുഷ്യസ്നേഹപരം എന്ന് ഭരണീയർക്ക് തോന്നുന്ന ആശയസംഗതികൾ പ്രചരിപ്പിക്കുക കൂടെ ചെയ്താലേ ആ വ്യവസ്ഥ നിലനിൽക്കൂ. ഇക്കാര്യം ദാമോദരൻ ശരിയായിത്തന്നെ ഇപ്രകാരം വിവരിക്കുന്നു:

> "ജാതിവിശ്വാസങ്ങളും ജാത്യാചാരങ്ങളും, മേലാളരോടുള്ള കീഴ്വണക്കം, അയിത്തവും, തൊട്ടുകൂടായ്കയും തീണ്ടിക്കൂടായ്കയും, ബ്രാഹ്മണഭക്തി, രാജാവിനോടുള്ള കൂറ്, ലോകത്തിൽ സംഭവിക്കുന്നതെന്തും കർമ്മത്തിന്റെ ഫലമാണെന്ന ബോധം, ദൈവങ്ങളിലും പുനർജ്ജന്മത്തിലുമുള്ള വിശ്വാസം, അദ്ധ്യാനത്തോടുള്ള പുച്ഛം, അദൃശ്യപ്രപഞ്ചത്തിന്റെ അഗാധതകളിലേക്ക് ഊളിയിട്ടു പോകാനുള്ള അന്തർമ്മുഖത്വത്തിന്റെ ആത്മീയപ്രവണതകൾ, ആത്മസംയമനം, സന്ന്യാസം മുതലായവയുടെ അടിസ്ഥാനത്തിലാണ് ഫ്യൂഡലിസത്തിന്റെ ധാർമ്മികമൂല്യങ്ങൾ ഉയർന്നുവന്നത്. എന്നാൽ അവയോടൊപ്പംതന്നെ പ്രാകൃതഗോത്രസമുദായത്തിലെ മനുഷ്യസ്നേഹപരമായ ചിന്താഗതികളും നശിക്കാൻ കൂട്ടാക്കാതെ നിലനിന്നുപോന്നു. പ്രാചീനകാലംമുതൽക്കേ മനുഷ്യത്വം ആദരിക്കപ്പെട്ടിരുന്നു. വർഗ്ഗവ്യത്യാസങ്ങൾ മനുഷ്യത്വത്തിന്റെ ഉൽകൃഷ്ടതയേയും പാവനതയേയും പാടേ തുടച്ചുനീക്കുകയുണ്ടായില്ല. "ഗുഹ്യം ബ്രഹ്മതദിദം ബ്രവീമി; ന മാനുഷാത് ശ്രേഷ്ഠതരം ഹികിഞ്ചിത" എന്ന് മഹാഭാരതത്തിലൊരിടത്തു പറയുന്നു. ചതുർവർണ്ണ്യവ്യവസ്ഥയുടെ കാലത്ത് ഉടലെടുത്ത ആത്മീയതത്ത്വശാസ്ത്രങ്ങൾപോലും മനുഷ്യന്റെ ദുഃഖത്തിന്നൊരറുതിവരുത്തേണ്ടതെങ്ങനെയെന്നാണ് ചർച്ചചെയ്തത്. ചുരുക്കിപ്പറഞ്ഞാൽ സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവുമായ പരിവർത്തനങ്ങൾ പലതും സംഭവിച്ചിട്ടും ഭൂരിപക്ഷക്കാരായ ജനങ്ങൾക്കിടയിൽ മനുഷ്യസ്നേഹം വേരൂന്നിക്കിടന്നു." (ടി പുസ്തകം)

ഇവയെ പരിമിതമായ അർത്ഥത്തിൽ സനാതനധർമ്മങ്ങളെന്നോ കാലാതിവർത്തിയായ ധാർമ്മികബോധമെന്നോ വിളിക്കാം. പരിമിതമായ അർത്ഥത്തിൽ മാത്രം. അല്ലെങ്കിൽ കാലം മാറുന്നതനുസരിച്ച് ധാർമ്മിക മൂല്യങ്ങൾ മാറിവരുമെന്ന അടിസ്ഥാനസിദ്ധാന്തം വിസ്മൃതമാകും.

മനുഷ്യത്വം

ഈ അദ്ധ്യായത്തിന്റെ ആദ്യം ദാമോദരന്റെ 'മനുഷ്യൻ' എന്ന പുസ്തകത്തെക്കുറിച്ചാണല്ലോ ചർച്ച ചെയ്തത്. മനുഷ്യന്റെ പരിണാമത്തെക്കുറിച്ചും സാമൂഹ്യവികാസങ്ങളെക്കുറിച്ചും പുതിയ സാമൂഹ്യവ്യവസ്ഥകളെക്കുറിച്ചും അവിടെ ചർച്ചചെയ്യുകയുണ്ടായി. എന്നാൽ മാനവികസത്തയെക്കുറിച്ച്

മനുഷ്യനെ മൃഗങ്ങളിൽനിന്നു വേർതിരിക്കുന്ന അവബോധത്തെക്കുറിച്ച് ആ പുസ്തകത്തിൽ വേണ്ടത്ര ചർച്ച നടന്നിട്ടില്ല. ചുരുങ്ങിയതോതിലെങ്കിലും അത് ധാർമ്മികമൂല്യങ്ങളുടെ അവസാനത്തെ അദ്ധ്യായത്തിൽ ഭംഗിയായി അദ്ദേഹം നിർവ്വഹിക്കുന്നുണ്ട്.

"മനുഷ്യൻ എത്ര മധുരവും മനോഹരവുമായ സങ്കല്പം." ഏകദേശം ഈ അർത്ഥം വരുന്ന ഒരു ആപ്തവാക്യം മഹാനായ മാക്സിം ഗോർക്കിയുടേതായി നമുക്കു ലഭിച്ചിട്ടുണ്ട്. മനുഷ്യൻ ചപലനും ക്രൂരനും സ്വാർത്ഥിയും ആണെന്നും ചിലർ വിലയിരുത്തിയിട്ടുണ്ട്. മനുഷ്യൻ മൃഗങ്ങളേക്കാൾ അധ:പതിച്ചവരാണെന്നു പറയുന്നത് ശരിയല്ലെന്നും മനുഷ്യനേക്കാൾ കുറേക്കൂടി വംശസ്നേഹവും സഹോദരത്വവും മൃഗങ്ങൾക്കുണ്ടെന്നും ചിലപ്പോൾ ഭക്ഷണത്തിനുവേണ്ടി അവർ പരസ്പരം കടിപിടികൂടിയേക്കാമെങ്കിലും മനുഷ്യരെപ്പോലെ പരസ്പരം ഹിംസിക്കുകയും കൊല്ലുകയും ചെയ്യുന്ന ശീലം മൃഗങ്ങൾക്കിടയിൽ അപൂർവ്വമാണെന്നും അവർ വാദിക്കുന്നു. ഉദാഹരണത്തിന് ഡെസ്മണ്ട് മോറീസ് എഴുതിയ 'The Naked Ape' നോക്കുക. (നഗ്നവാനരർ എന്ന ആ പുസ്തകം മലയാളത്തിൽ വിവർത്തനംചെയ്തിട്ടുണ്ട്.) അതിന്റെ ചുരുക്കമിതാണ്: കുരങ്ങന്മാർക്കും മനുഷ്യക്കുരങ്ങന്മാർക്കും തണുപ്പിൽനിന്ന് രക്ഷപ്പെടാൻ നീണ്ട രോമങ്ങളുണ്ട്. അതില്ലെന്നുള്ളതൊഴിച്ചാൽ മനുഷ്യൻ വാനരന്മാരായും മറ്റു മൃഗങ്ങളെപ്പോലെയും സ്വാർത്ഥികളും ക്രൂരന്മാരുമാണ്. അമേരിക്കൻ നരവംശശാസ്ത്രജ്ഞനായ റോബർട്ട് ആർഡ്രെ 'The Social Contract' (സാമൂഹ്യകരാർ) എന്ന കൃതിയിൽ മനുഷ്യന്റെ മൃഗസദൃശമായ വാസനകളെ അനാവരണംചെയ്യുന്നു. നോബൽസമ്മാനിതനായ കോൺറാഡ് ലോറൻസ് എന്ന ജർമ്മൻ ശാസ്ത്രജ്ഞനും മനുഷ്യന്റെ മൃഗപ്രകൃതിയെ ഊന്നിക്കാട്ടുന്നു. പ്രസിദ്ധ അമേരിക്കൻ സാമൂഹ്യമനഃശാസ്ത്രജ്ഞനായ എറിക് ഫ്രോം തുടങ്ങിയ പല മാനവികതാവാദികളും മോറീസ് പ്രഭൃതികളുടെ വാദത്തെ എതിർത്ത് കൃതികൾ രചിച്ചിട്ടുണ്ട്. ഈ പുസ്തകങ്ങളിലേക്കോ അവരുടെ വാദഗതികളിലേക്കോ ദാമോദരൻ പ്രത്യേകം ശ്രദ്ധ തിരിച്ചതായി കാണുന്നില്ലെങ്കിലും മാർക്സിസ്റ്റ് മാനവികതയുടെ അടിസ്ഥാനത്തിൽ അവയെ ദാമോദരൻ യുക്തിയുക്തമായി തിരസ്കരിക്കുന്നു.

സവിശേഷമായ ചൂഷകവ്യവസ്ഥയിൽ സ്വാർത്ഥികളും മോഷ്ടാക്കളും പിടിച്ചുപറിക്കാരും ഉണ്ടാകുന്നുണ്ട്. പക്ഷേ, അതെല്ലാം മനുഷ്യരാശിയുടെ മുഴുവൻ അധഃപതനമായി കണ്ടുകൂടാ. എല്ലാവിധ അധഃപതനങ്ങളുടെയും അതിക്രമങ്ങളുടെയും മദ്ധ്യത്തിൽ ഭൂരിപക്ഷംപേർ നല്ലവരായി തുടരുന്നതിന്റെ കാര്യം മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന നന്മയാണ്. ദാമോദരൻ പറയുന്നു:

> "പക്ഷേ, ഇതിന്റെ അർത്ഥം സമുദായമാകെ അധഃപതിക്കുന്നുവെന്നല്ല. ഫ്യൂഡലിസത്തിന്നോ മുതലാളിത്തത്തിന്നോ ദുഷിപ്പിക്കാൻ കഴിയാത്ത കോടിക്കണക്കിലുള്ള ജനങ്ങളുണ്ട്. സമ്മർദ്ദങ്ങൾക്കും പ്രലോഭനങ്ങൾക്കും അവർ കീഴടങ്ങുന്നില്ല. ചൂഷണവ്യവസ്ഥയുടെ ബീഭത്സതകൾക്ക് അവരുടെ മാനുഷികതയെ

ഇടിച്ചുതകർക്കാൻ കഴിയുന്നില്ല. പട്ടിണി, ദാരിദ്ര്യം, തൊഴിലില്ലായ്മ തുടങ്ങിയ പ്രതികൂലസാഹചര്യങ്ങളിൽ എല്ലാ മനുഷ്യരും മോഷണത്തിനോ വ്യഭിചാരത്തിനോ മുതിരാറുണ്ടോ? ഒരു വലിയ പണക്കാരനെ രാത്രിസമയത്തെങ്ങാനും ഒറ്റയ്ക്കു കണ്ടുകിട്ടിയാൽ നിങ്ങളയാളെ കൊലചെയ്ത് പണം തട്ടിക്കൊണ്ടുപോകാൻ മുതിരുമോ? എത്രതന്നെ ദാരിദ്ര്യമുണ്ടെങ്കിലും മോഷണത്തിന്നോ കൊലപാതകത്തിന്നോ ഒരിക്കലും സന്നദ്ധരാകാത്ത ലക്ഷക്കണക്കിനാളുകളെ നമ്മൾ കാണാറില്ലേ? അവർ കക്കുകയോ കൊല നടത്തുകയോ ചെയ്യാത്തതെന്തുകൊണ്ടാണ്? പോലീസുകാർ അറസ്റ്റു ചെയ്യുമെന്ന പേടികൊണ്ടാണോ? അങ്ങനെയാണെങ്കിൽ പോലീസ് അടുത്തെങ്ങുമില്ലെന്നു ബോദ്ധ്യമായാൽ കവർച്ചയ്ക്കും കൊലപാതകത്തിനും ആളുകൾ തയ്യാറാവുമോ? ഇല്ല. എന്തുകൊണ്ട്? ഭീരുത്വംകൊണ്ടാണോ? അല്ല. പിന്നെയോ? തലമുറതലമുറയായി സമാർജ്ജിച്ചുപോന്ന സാന്മാർഗ്ഗികബോധത്തിന്റെ ശക്തികൊണ്ട്; ധാർമ്മികമൂല്യങ്ങളിലുള്ള വിശ്വാസംകൊണ്ട്; തോണി മറിഞ്ഞ് വെള്ളത്തിൽ വീണ അജ്ഞാതബാലനെ രക്ഷിക്കാൻവേണ്ടി സ്വന്തം ജീവനെപ്പോലും ബലികഴിക്കുന്നവരില്ലേ? സ്വന്തം കുട്ടിക്കു ഫീസു കൊടുക്കാൻവേണ്ടി സൂക്ഷിച്ചുവെച്ച പണം അയൽവീട്ടിലെ രോഗിയുടെ ചികിത്സയ്ക്കുവേണ്ടി എടുത്തുകൊടുക്കുന്നവരില്ലേ? എത്രതന്നെ പ്രലോഭനങ്ങളുണ്ടായാലും കൈക്കൂലി വാങ്ങാനോ അന്യരെ വഞ്ചിക്കാനോ കുട്ടാക്കാത്തവരില്ലേ? പൊതുതാൽപര്യങ്ങൾക്കുവേണ്ടി സ്വാർത്ഥതാൽപര്യങ്ങളെ ബലികഴിക്കുന്നവരില്ലേ? അടിമത്തവും പട്ടിണിയും സൃഷ്ടിക്കുന്ന സാമൂഹ്യസാഹചര്യങ്ങളോടു വെറുപ്പുതോന്നുന്നവരില്ലേ? ഉന്നതങ്ങളായ മാനുഷികാദർശങ്ങൾക്കുവേണ്ടി എന്തു ത്യാഗവും ചെയ്യാൻ സന്നദ്ധരാകുന്നവരില്ലേ? ഉണ്ട്, ധാരാളമുണ്ട്. പ്രത്യേകിച്ചും അദ്ധ്വാനിച്ചുപജീവനംകഴിക്കുന്ന തൊഴിലാളികൾ, കൃഷിക്കാർ, പുരോഗമനവാദികളായ ബുദ്ധിജീവികൾ മുതലായ ജനവിഭാഗങ്ങൾക്കിടയിൽ. മനുഷ്യസമുദായമാകെ ധാർമ്മികാധഃപതനത്തിന്റെ ചുഴിയിൽപ്പെട്ടു കറങ്ങുകയാണെന്നു പറയുന്നവർ നുണയാണ് പറയുന്നത്. മനുഷ്യൻ പ്രകൃത്യാ ചീത്തയാണെന്നും സ്വാർത്ഥം, വഞ്ചന, ക്രൂരത മുതലായവ മനുഷ്യന്റെ സഹജസ്വഭാവങ്ങളാണെന്നും പറയുന്നവർ നേരല്ല പറയുന്നത്. മനുഷ്യൻ ഒരിക്കലും മൃഗമായിരുന്നിട്ടില്ല. ചൂഷണവ്യവസ്ഥകളുടെ മൃഗീയസാഹചര്യങ്ങൾ അവന്റെ മാനുഷീകതകളെ വളച്ചൊടിക്കുകയും വികൃതമാക്കുകയും ചെയ്യുന്നുവെന്നതു ശരിയാണ്. പ്രതികൂലസാഹചര്യങ്ങൾ അവന്റെ മനുഷ്യത്വത്തെ മുരടിപ്പിക്കുന്നുവെന്നതും ശരിയാണ്. പക്ഷേ, എല്ലാത്തരം പ്രതികൂലസാഹചര്യങ്ങളോടുമെതിരിട്ടുകൊണ്ട് നൂറ്റാണ്ടുകളിലൂടെ നിലനിന്നുപോന്നിട്ടുള്ള മൗലികങ്ങളായ മാനുഷികഗുണങ്ങളുടെ

ഉറവുകൾ വറ്റിക്കഴിഞ്ഞിട്ടില്ല. ബീഭത്സങ്ങളായ അസാന്മാർഗ്ഗികതകളുടെ ഒത്ത നടുക്കു നിന്നുകൊണ്ടുതന്നെ സ്വന്തം മാനുഷീകതയെ കാത്തുരക്ഷിക്കാനും മറ്റുള്ളവരുടെ ധാർമ്മികബോധത്തെ തട്ടിയുണർത്താനുമുള്ള മനുഷ്യന്റെ കഴിവുകൾ കൈമോശംവന്നു പോയിട്ടില്ല. ആത്മീയശക്തി നഷ്ടപ്പെട്ട ദുർബ്ബലഹൃദയന്മാർ സമ്മർദ്ദങ്ങളോടും പ്രലോഭനങ്ങളോടും നേരിടാൻ കഴിയാതെ ചീത്തത്തരങ്ങൾക്ക് കീഴടങ്ങുന്നുണ്ടെന്നുള്ളതു പരമാർത്ഥമാണ്. പക്ഷേ, അതേസമയത്തുതന്നെ, സാഹചര്യങ്ങളുടെ ആത്മീയ തകർച്ചകളിലേക്ക് കാലിടറിവീഴാതെ മാനുഷികങ്ങളായ ഉൽകൃഷ്ട തകളെ ഉയർത്തിപ്പിടിക്കുന്ന കോടിക്കണക്കിലുള്ള ജനങ്ങൾ ഉണ്ടെന്ന യാഥാർത്ഥ്യം വിസ്മരിച്ചുകൂടാ. ചൂഷകവർഗ്ഗക്കാരും അവരെ ചുറ്റിപ്പറ്റിനിൽക്കുന്ന ക്ഷുദ്രജീവികളും ധാർമ്മികാധഃപതനത്തെ കെട്ടിപ്പുണരുമ്പോൾ ഭൂരിപക്ഷക്കാരായ ജനങ്ങളുടെ മനഃസാക്ഷി അസാന്മാർഗ്ഗികതകൾക്കെതിരായി ഇളകിമറിഞ്ഞുകൊണ്ടിരിക്കുന്നു. ആത്മീയമായ പാപ്പരത്തത്തിന്നു മുമ്പിൽ അവർ മുട്ടുകുത്തുന്നില്ല. അവർ സാഹചര്യങ്ങൾക്കു കീഴടങ്ങുന്നവരല്ല, സാഹചര്യങ്ങളെ സൃഷ്ടിക്കുന്നവരാണ്. ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ സാഹചര്യങ്ങളെ മാറ്റിമറിക്കാനും മനുഷ്യസമുദായത്തിന്റെ ഭാവിയെ രൂപപ്പെടുത്താനുമുള്ള അവരുടെ കഴിവുകൾ നശിച്ചുപോയിട്ടില്ല. പണപ്പെട്ടികളുടെ അസാന്മാർഗ്ഗികതകളേയും അധികാരസ്ഥാനങ്ങളുടെ ആത്മീയപാപ്പരത്തത്തേയും അവരൊരിക്കലും ന്യായീകരിക്കുന്നില്ല. ചുറ്റുപാടുമുള്ള കപടനാട്യങ്ങളും വഞ്ചനകളും അവരെ അസ്വസ്ഥരാക്കുന്നു: അധാർമ്മികതകളെ സൃഷ്ടിക്കുന്ന മൃഗീയസാഹചര്യങ്ങളെ മാറ്റാനും ഉൽകൃഷ്ടതകൾക്കു വളരാൻപറ്റിയ മാനുഷികസാഹചര്യങ്ങൾ സൃഷ്ടിക്കാനും അവർ വെമ്പൽകൊള്ളുന്നു ചൂഷണങ്ങൾക്കും മർദ്ദനങ്ങൾക്കുമെതിരായ തങ്ങളുടെ ദൈനംദിനസമരങ്ങളെ അസാന്മാർഗ്ഗികതകൾക്കെതിരായ സമരങ്ങളുമായി കൂട്ടിയിണക്കാൻ അവർ പരിശ്രമിക്കുന്നു. ഭാവിയിൽ ഉറച്ച വിശ്വാസവും ഉന്നതാദർശങ്ങളോടു കൂറുമുള്ള ഈ ജനകോടികളാണ് പുതിയ സാമൂഹ്യസാഹചര്യങ്ങളുടെ നിർമ്മാതാക്കൾ. മനുഷ്യസമുദായത്തിന്റെ പുരോഗതിക്കും പുതിയൊരു സാമൂഹ്യനീതിക്കും വേണ്ടി പടവെട്ടിക്കൊണ്ടിരിക്കുന്ന ഈ ജനകോടികൾതന്നെയാണ് സമുദായത്തെ മലീമസമാക്കിക്കൊണ്ടിരിക്കുന്ന അധഃപതനപ്രവണതകളെ എന്നന്നേക്കുമായി തുടച്ചുനീക്കാൻ കഴിയുമെന്നതിനുള്ള ഏറ്റവും മുഖ്യമായ ഉറപ്പ്.

എന്നാൽ, അസാന്മാർഗ്ഗികതകൾക്കെതിരായ ഈ ജനകീയ പ്രവണതകൾ ചിന്നിച്ചിതറിക്കിടക്കുകയാണ്. അവയ്ക്കു സംഘടിതമായ ഒരു രൂപംനൽകുകയാണ് ധാർമ്മികമൂല്യങ്ങളിൽ വിശ്വസിക്കുന്നവരുടെ കടമ. (ടി പുസ്തകം)

17. മലബാർ സെക്രട്ടറി

"മതപരമായ സന്താപമെന്നത് അതേസമയംതന്നെ യഥാർത്ഥ സന്താപത്തിന്റെ ഒരു ബഹിർസ്ഫുരണവും യഥാർത്ഥസന്താപത്തിനെതിരായ പ്രതിഷേധവുംകൂടിയാണ്. മതം മർദ്ദിതജീവിയുടെ നിശ്വാസമാണ്; ഹൃദയശൂന്യമായ ലോകത്തിന്റെ ഹൃദയമാണത്. അതുപോലെതന്നെ ഉന്മേഷരഹിതമായ സാഹചര്യങ്ങളിലെ ലഹരിയുമാണത്. ജനങ്ങളുടെ മയക്കുമരുന്നാണത്."

(കാറൽമാർക്സ്, മാർക്സ് എംഗൽസ് മതത്തെപ്പറ്റി, പ്രോഗ്രസ്സ് പബ്ലിഷേഴ്സ്, 1983)

സാർവ്വദേശീയനേതൃത്വത്തിന്റെ സഹായത്തോടുകൂടി പാർട്ടിക്കകത്തെ പ്രത്യയശാസ്ത്രഭിന്നതകൾ അവസാനിക്കാൻ തുടങ്ങി. അതിന് പാർട്ടിയെയാകെ അണിനിരത്താൻ 1951-ൽ കൊൽക്കത്തയിൽ ചേർന്ന വിശേഷാൽ പാർട്ടി കോൺഗ്രസിനെക്കുറിച്ച് നേരത്തെ പരാമർശിച്ചിരുന്നുവല്ലോ. 1950-ൽ നിലവിൽവന്ന ഇന്ത്യൻ ഭരണഘടനയനുസരിച്ച് നടക്കാനിരുന്ന തെരഞ്ഞെടുപ്പിൽ മുഴുകാനും തെലങ്കാനാസമരം പിൻവലിക്കാനും തീരുമാനിച്ചുകൊണ്ടാണ് ദാമോദരനുൾപ്പെടെയുള്ള കേരള പ്രതിനിധികൾ വിശേഷാൽ കോൺഗ്രസ്സിൽനിന്ന് തിരിച്ചെത്തിയത്. കൊൽക്കത്ത കോൺഗ്രസിന്റെ തീരുമാനങ്ങൾ കേരളത്തിൽ അണികൾക്ക് വിവരിച്ചുകൊടുക്കാനും സെക്ടേറിയൻ കാലഘട്ടത്തിൽ ശിഥിലമായ പാർട്ടി സംഘടന പുനരുജ്ജീവിപ്പിക്കാനും മയ്യഴിയിൽവെച്ച് ഒരു പ്രത്യേക സംസ്ഥാന സമ്മേളനം ചേരുകയുണ്ടായി. ആ സമ്മേളനത്തിന്റെ തീരുമാനമനുസരിച്ച് കെ. ദാമോദരനെ സി.പി.ഐ. മലബാർ കമ്മറ്റിയുടെ സെക്രട്ടറിയായി തെരഞ്ഞെടുത്തു. കൊച്ചി കമ്മറ്റിയുടെ സെക്രട്ടറിയായി സി. അച്ചുതമേനോനും തിരുവിതാംകൂർ കമ്മറ്റിയുടെ സെക്രട്ടറിയായി എം.എൻ. ഗോവിന്ദൻ നായരും തെരഞ്ഞെടുക്കപ്പെട്ടു.

മലബാർ പാർട്ടിക്കമ്മറ്റിയിൽ വിഭാഗീയപ്രവണതകൾ നിലവിൽ വരുകയും സ. പി. കൃഷ്ണപിള്ള 1948 ആഗസ്റ്റ് 19-ാം തീയതി മുഹമ്മ പ്രദേശത്ത് ഒളിവിൽ കഴിയവെ പാമ്പുകടിയേറ്റ് നിര്യാതനാവുകയും ചെയ്തു. അതും പാർട്ടിക്ക് കടുത്ത ഒരു ആഘാതമായിരുന്നു. പാർട്ടിക്കകത്ത് സി.എച്ച്. കണാരൻ, ടി.കെ. രാജു തുടങ്ങിയവർ കൃഷ്ണപിള്ളയെ പല

കാര്യങ്ങളിലും ചോദ്യംചെയ്തിരുന്നു. അതിനു പരിഹാരമായി കൃഷ്ണപിള്ള മലബാർ കമ്മറ്റിയെ ഏകപക്ഷീയമായി പിരിച്ചുവിട്ടു. കേന്ദ്രക്കമ്മറ്റി അംഗമെന്ന നിലയിൽ കേന്ദ്രനേതൃത്വത്തിന്റെ പ്രതിനിധിയായി ഇ. എം. എസ്. നമ്പൂതിരിപ്പാട് കൃഷ്ണപിള്ളയുടെ നടപടിയെ റദ്ദാക്കി പാർട്ടിയിൽ ഐക്യം സ്ഥാപിച്ചു.

ദാമോദരൻ മലബാർ പാർട്ടി സെക്രട്ടറി ആയി തെരഞ്ഞെടുക്കപ്പെട്ടപ്പോഴും ഈ പഴയ ഭിന്നതകൾ പൂർണ്ണമായി അവസാനിച്ചിരുന്നില്ലെന്നു തോന്നുന്നു. അതുകൊണ്ടായിരിക്കാം മലബാർ കമ്മറ്റി വീണ്ടും ചേർന്നപ്പോൾ ദാമോദരനെ സെക്രട്ടറിസ്ഥാനത്തുനിന്നും മാറ്റി എ.വി. കുഞ്ഞമ്പു സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടത്. ഒരു സമ്മേളനത്തെത്തുടർന്ന് ഐകകണ്ഠ്യേന സെക്രട്ടറിയായി തെരഞ്ഞെടുത്ത ആളെ പ്രത്യേകിച്ച് കുറ്റങ്ങളൊന്നും ആരോപിക്കുകയോ അന്വേഷിക്കുകയോ ചെയ്യാതെ പിരിച്ചുവിട്ടത് പാർട്ടിയുടെ ഭരണഘടനയ്ക്കും നടപടിക്രമത്തിനും എതിരാണെന്ന് ചില സഖാക്കൾ കേന്ദ്രക്കമ്മറ്റിക്ക് പരാതികൊടുത്തു. വ്യക്തിപരമായി ദാമോദരൻ ഈ അപ്പീലിൽ ഒപ്പുവെച്ചിരുന്നില്ല. അങ്ങനെ പരാതിപ്പെട്ട സഖാക്കളിൽ ഒരാളായിരുന്നു കാഞ്ഞങ്ങാട്ടെ കല്ലോറത്ത് മാധവൻ. കേന്ദ്രക്കമ്മറ്റി അപ്പീൽ അനുവദിക്കുകയും ദാമോദരനെത്തന്നെ സെക്രട്ടറിയായി തുടരാൻ നിർദ്ദേശിക്കുകയും ചെയ്തു.

ദാമോദരന്റെ രാഷ്ട്രീയചായ്വുകളോടോ സംഘടനാശേഷിയോടോ മതിപ്പില്ലായിരുന്ന സി.എച്ച്. കണാരൻ, എ.വി. കുഞ്ഞമ്പു തുടങ്ങിയവർ സെക്രട്ടറി എന്ന നിലയിൽ ദാമോദരന്റെ പ്രവർത്തനം മോശമായിരുന്നു എന്ന അഭിപ്രായക്കാരാണ്. നേരെ മറിച്ചുള്ള അഭിപ്രായങ്ങളും ഉണ്ട്. അവർ പ്രധാനമായും ചൂണ്ടിക്കാണിക്കുന്നത് 1954-ലെ മലബാർ ഡിസ്ട്രിക്ട് ബോർഡ് തെരഞ്ഞെടുപ്പിലുണ്ടായ വിജയവും അതിന്റെ പ്രവർത്തനങ്ങളുമാണ്. 19-ാം നൂറ്റാണ്ടിന്റെ അവസാനം റിപ്പൺപ്രഭു വൈസ്രായിയായിരുന്നപ്പോൾ ഇന്ത്യക്കാരെ സ്വയംഭരണത്തിന് പരിശീലിപ്പിക്കാനെന്ന് അവകാശപ്പെട്ടുകൊണ്ട് പലതലങ്ങളിലും പരിമിതാധികാരത്തോടുകൂടി പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. മുനിസിപ്പാലിറ്റികൾ, താലൂക്ക് ബോർഡുകൾ, ജില്ലാബോർഡുകൾ തുടങ്ങിയവ അവയിൽപ്പെടും. ഈ ജില്ലാ ബോർഡുകൾ പലപ്പോഴും ബ്രിട്ടീഷ്ഭരണ ഭക്തന്മാരുടെയും ജന്മിമാരുടെയും നിയന്ത്രണത്തിലായിരുന്നു. 1937-ൽ സി. രാജഗോപാലാചാരിയുടെ നേതൃത്വത്തിൽ മദിരാശിപ്രവിശ്യയിൽ കോൺഗ്രസ് ഭരണമേറ്റെടുത്തതിനു ശേഷം ജില്ലാബോർഡുകളുടെയും മറ്റും ഭരണം കുറേക്കൂടി ജനകീയമായി. അതിനുശേഷം മലബാർ ജില്ലാ ബോർഡ് ഭരണത്തിൽ കെ. കേളപ്പനെപ്പോലുള്ള വലതുപക്ഷ കോൺഗ്രസ്സുകാർ നേതൃത്വം പിടിച്ചടക്കി. മലബാർ ഡിസ്ട്രിക്ട്ബോർഡ് പ്രസിഡന്റ് എന്ന നിലയിൽ കെ. കേളപ്പൻ അഴിമതികാട്ടിയതായി ആരോപിച്ച് അബ്ദുർറഹിമാൻ സാഹിബിനെപ്പോലുള്ളവർ എതിർപ്പ് പ്രകടിപ്പിച്ച സംഭവങ്ങളുമുണ്ടായിട്ടുണ്ട്. സ്വാതന്ത്ര്യപ്രാപ്തി

ക്കുശേഷം 1954-ൽ നടന്ന മലബാർ ഡിസ്ട്രിക്ട് ബോർഡ് തെരഞ്ഞെടുപ്പിൽ ഒറ്റക്കക്ഷി എന്ന നിലയിൽ ഏറ്റവും വലിയ പാർട്ടിയായി അധികാരം ഏറ്റെടുത്തത് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. ചില സ്വതന്ത്രരും സോഷ്യലിസ്റ്റുകാരും പാർട്ടിക്ക് പിൻതുണ നൽകി. ലീഗാകട്ടെ പ്രശ്നാധിഷ്ഠിതമായ പിന്തുണയും നൽകുകയുണ്ടായി. അതിന്റെ കമ്മ്യൂണിസ്റ്റ് പ്രസിഡന്റായി പി.ടി. ഭാസ്കരപ്പണിക്കർ ചുമതലയേറ്റു. പരിമിതമായ വിഭവശേഷിയും അധികാരവുമാണുണ്ടായിരുന്നതെങ്കിലും വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ഡിസ്ട്രിക്ട് ബോർഡിന്റെ സേവനം ജനങ്ങളെ അത്യധികം ആകർഷിക്കാൻ പോന്നതായിരുന്നു. വാസ്തവത്തിൽ 1957-ൽ അധികാരത്തിൽ വന്ന കേരളത്തിലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ ഒരു 'ഡ്രെസ്സ് റിഹേഴ്സൽ' ആയിരുന്നു, ബോർഡിലേക്കുള്ള വിജയവും ബോർഡിന്റെ ഭരണവുമെന്ന് വിശ്വസിക്കുന്നവർ ചുരുക്കമല്ല.

കെ. ദാമോദരൻ ബോർഡിൽ അംഗമല്ലായിരുന്നുവെങ്കിലും പാർട്ടി സെക്രട്ടറി എന്ന നിലയിൽ അദ്ദേഹം ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി എന്നത് അദ്ദേഹത്തിന്റെ അനുകൂലികൾ പ്രത്യേകിച്ച് ഉയർത്തിക്കാട്ടുന്നു.

വീണ്ടും ഉൾപ്പാർട്ടിസമരം

1951-ലെ കൊൽക്കത്ത വിശേഷാൽ പാർട്ടികോൺഗ്രസ് പാർട്ടിയിലെ പ്രത്യയശാസ്ത്രഭിന്നതകൾ അവസാനിപ്പിച്ചു. 1953-ൽ മധുരയിൽവച്ചു ചേർന്ന പാർട്ടിയുടെ മൂന്നാം കോൺഗ്രസ് ഈ ഐക്യം അരക്കിട്ടുറപ്പിച്ചു എന്നാണ് കരുതിയത്. സോവിയറ്റ് കമ്മ്യൂണിസ്റ്റ് നേതാവായ എം.എം. സുസ്ലോവ്, ബ്രിട്ടീഷ് പാർട്ടി നേതാവായ ഹാരിപോളിറ്റ്, ശ്രീലങ്കൻ പാർട്ടി നേതാവായ പീറ്റർ കുഗിൾമാൻ തുടങ്ങി പല സഹോദരപാർട്ടികളുടെ ഉപദേശവും സഹകരണവും ഈ കോൺഗ്രസ്സിനുണ്ടായിരുന്നു. എന്നാൽ അതിനുശേഷം അധികം താമസിയാതെ വീണ്ടും പാർട്ടിയിൽ ഭിന്നതകൾ പ്രകടമാകാൻ തുടങ്ങി. 1953-ൽ ജെ. വി. സ്റ്റാലിന്റെ മരണവും അതിനുശേഷം അധികം താമസിയാതെ നികിതാ ക്രൂഷേവിന്റെ സെക്രട്ടറിസ്ഥാനാരോഹണവും സി.പി.എസ്.യു. സെക്രട്ടറി ക്രൂഷേവും യു.എസ്.എസ്.ആർ. പ്രസിഡന്റ് ബുൾഗാനിനും ഇന്ത്യ സന്ദർശിച്ചതും ഇൻഡോ-സോവിയറ്റ് സൗഹൃദം ശക്തിപ്പെട്ടതും രാഷ്ട്രീയരംഗത്തെ വലിയ മാറ്റങ്ങളായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം വിഭജിക്കപ്പെട്ട കൊറിയയെ അമേരിക്ക ബലപ്രയോഗത്തിലൂടെ ഏകീകരിച്ചു സ്വന്തം കോളനിയാക്കാൻ നടത്തിയ യുദ്ധമാണല്ലോ കൊറിയൻ യുദ്ധം (1950-53). ജനറൽ മക്കാർത്തറുടെ നേതൃത്വത്തിൽ തെക്കൻകൊറിയയിൽനിന്നും വടക്കൻകൊറിയയിലേക്ക് മുപ്പത്തേഴാം അക്ഷാംശരേഖ കടന്നപ്പോൾ ചൈന വടക്കൻ കൊറിയയ്ക്കനുകൂലമായി യുദ്ധത്തിൽ പ്രവേശിക്കുകയും മക്കാർത്തറുടെയും അമേരിക്കൻ സൈന്യത്തിന്റെയും അഭിനിവേശശ്രമത്തെ പരാജയപ്പെടുത്തു

കയും ചെയ്തു. നെഹ്രുവിന്റെ നേതൃത്വത്തിൽ ഇന്ത്യ യുദ്ധത്തിൽ ആദ്യം അമേരിക്കയുടെ പക്ഷത്തായിരുന്നു. തെക്കൻ കൊറിയയ്ക്കുവേണ്ടി ഒരു ചികിത്സാദൗത്യസംഘത്തെ ഇന്ത്യ അയയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ അമേരിക്കൻ കടന്നാക്രമണത്തെ വടക്കൻ കൊറിയ ചൈനയുടെ സഹകരണത്തോടെ തുരത്തിയതോടുകൂടി അമേരിക്കൻ സൈന്യത്തിന്റെ അജയ്യതാവാദം പൊള്ളയാണെന്ന് ബോധ്യപ്പെട്ടപ്പോൾ വിദേശനയം ഒന്ന് തിരുത്തേണ്ടതുണ്ടെന്ന് നെഹ്റുവിന് ബോധ്യമായി. അങ്ങനെയാണ് ചേരിചേരാനയം അംഗീകരിക്കപ്പെട്ടത്. പിന്നീട് ഈജിപ്ഷ്യൻ പ്രസിഡന്റ് കേണൽ അബ്ദുൽനാസ്സറും യുഗോസ്ലോവ് നേതാവ് മാർഷൽ ജോസിപ്പ് ബ്രോസ് ടിറ്റോയും ഇന്ത്യയുടെ നെഹ്രുവും ചേർന്ന് ചേരിചേരാനയത്തിന് ഒരു ആഗോളസ്വഭാവം നൽകുകയും പുതുതായി സ്വാതന്ത്ര്യം നേടിയ പല മൂന്നാം ലോകരാജ്യങ്ങളും ഈ പ്രസ്ഥാനത്തിൽ അംഗങ്ങളാവുകയും ചെയ്തു. ഇന്ത്യയുൾപ്പെടെ മൂന്നാം ലോകരാജ്യങ്ങൾ ഭൂരിപക്ഷവും പടിഞ്ഞാറൻ മേൽക്കോയ്മയെ തൂത്തെറിഞ്ഞ് സ്വാതന്ത്ര്യപദവി നേടിയതിനാൽ ചേരിചേരാനയത്തിന്റെ കുന്തമുന ഒട്ടൊക്കെ പടിഞ്ഞാറന്മാർക്ക് എതിരായിരുന്നു. സോവിയറ്റ് യൂണിയനും സോഷ്യലിസ്റ്റ് ചേരിയും പടിഞ്ഞാറന്മാർക്കെതിരെ മൂന്നാംലോകരാജ്യങ്ങൾക്ക് അനുകൂലമായിരുന്നു താനും.

ഇതെല്ലാം കണക്കിലെടുത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി സാമ്രാജ്യവിരുദ്ധ ചേരിക്ക് നേതൃത്വം നൽകുന്ന ഇന്ത്യാഗവൺമെന്റിനെ ശത്രുപക്ഷത്തു നിറുത്താതെ അനുകൂലിക്കണം എന്നൊരു വാദം സി.പി.ഐ.യിൽ ശക്തിപ്പെടാൻ തുടങ്ങി. കോൺഗ്രസ് ദേശീയ ബൂർഷ്വാസിയെ പ്രതിനിധീകരിക്കുന്നതിനാൽ ഈ ഘട്ടത്തിൽ തൊഴിലാളിവർഗ്ഗവിപ്ലവപ്രസ്ഥാനം അതുമായി സഹകരിക്കുന്നത് മാർക്സിസം-ലെനിനിസമനുസരിച്ച് ശരിയായ തന്ത്രമാണെന്ന വർഗ്ഗാധിഷ്ഠിതവാദവും ഉയർന്നുവരികയുണ്ടായി. 1955-ൽ ചെന്നൈയ്ക്ക് സമീപമുള്ള ആവടിയിൽവച്ചു ചേർന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനം സോഷ്യലിസ്റ്റ് മാതൃകയിലുള്ള ഒരു സമൂഹസൃഷ്ടിയാണ് കോൺഗ്രസിന്റെ ലക്ഷ്യമെന്ന പ്രമേയം പാസ്സാക്കുകയും ചെയ്തു. കോൺഗ്രസുമായി ഒത്തുപോകണമെന്ന അഭിപ്രായക്കാർക്ക് ഈ പ്രമേയവും സ്വാഗതാർഹമായി തോന്നി. സി.എച്ച്. കണാരൻ തുടങ്ങി ചിലരുടെ എതിർപ്പുകളുണ്ടായിട്ടും കോൺഗ്രസുമായി സഹകരിച്ച് പോകണമെന്ന ദാമോദരന്റെയുംമറ്റും നിലപാടിനെ മലബാർ ഘടകവും താലൂക്ക് ഘടകങ്ങളും അനുകൂലിക്കുകയുണ്ടായി. എന്നാൽ അഖിലേന്ത്യാതലത്തിൽ ഇതൊരു ന്യൂനപക്ഷ നിലപാടായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പ്രത്യയശാസ്ത്രപരമായ ഈ ചേരിതിരിവ് 1956-ൽ പാലക്കാട്ടുവച്ചു ചേർന്ന പാർട്ടിയുടെ നാലാം കോൺഗ്രസിൽ മറനീക്കി പുറത്തുവന്നു. അഖിലേന്ത്യാതലത്തിൽ ജനറൽ സെക്രട്ടറി അജയഘോഷ് 'നെഹ്രുവിന്റെ സോഷ്യലിസം ഒരു തട്ടിപ്പ്' (Nehru's Socialism a hoax) എന്നൊരു ലഘുലേഖ

പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ എസ്.എ. ഡാങ്കെ തുടങ്ങി പലരും കോൺഗ്രസ് പക്ഷത്തേക്ക് തിരിഞ്ഞുതുടങ്ങി. ഇ.എം.എസ്., എ.കെ.ജി., എം.എൻ. ഗോവിന്ദൻ നായർ, എ.വി. കുഞ്ഞമ്പു തുടങ്ങി കേരളത്തിലെ നേതാക്കന്മാർ പലരും ഈ പുതിയ കോൺഗ്രസ് അനുകൂലവാദത്തിനെതിരായിരുന്നു. സി. അച്ചുതമേനോൻ, ബി. ബാലചന്ദ്രമേനോൻ, കെ.ടി. ജേക്കബ് തുടങ്ങിയവർ കോൺഗ്രസുമായി സഹകരിക്കണമെന്നാണാവശ്യപ്പെട്ടത്. ബംഗാളിലെ വിശ്വനാഥ് മുഖർജി, ഭവാനിസെൻ, മഹാരാഷ്ട്രയിലെ സർ ദേശായി, എസ്. എ. ഡാങ്കെ, തമിഴ്നാട്ടിലെ കല്യാണസുന്ദരം, ആന്ധ്രയിലെ സി. രാജേശ്വര റാവു തുടങ്ങിയവർ കോൺഗ്രസ് അനുകൂലികളായിരുന്നു. അടിസ്ഥാനപരമായി കെ. ദാമോദരനും ആ നിലപാടായിരുന്നുവെങ്കിലും നാലാം പാർട്ടികോൺഗ്രസിൽ ഈഷൽഭേദത്തോടെ അദ്ദേഹം ഒരു പ്രമേയം അവതരിപ്പിച്ചു. പാലക്കാട് പാർട്ടി കോൺഗ്രസിൽ കോൺഗ്രസ് വിരുദ്ധ ചേരിയുടെ നേതാക്കളായിരുന്ന അജയഘോഷ്, ഇ.എം.എസ്., എ.കെ.ജി., സുന്ദരയ്യ തുടങ്ങിയവർക്കായിരുന്നു ഭൂരിപക്ഷം. ഈ തർക്കം എട്ടുവർഷത്തോളം നീണ്ട്, 1964-ൽ പാർട്ടിയുടെ പിളർപ്പിലേക്ക് നയിച്ചു. ദാമോദരൻ ജീവിതാന്ത്യംവരെ ഈ മിതവാദിവിഭാഗത്തിൽ ഉറച്ചുനിന്നു. അദ്ദേഹം മരിക്കുന്ന വർഷം (1976) തരിഖ് അലിക്ക് നൽകിയ പ്രസിദ്ധമായ അഭിമുഖ സംഭാഷണത്തിൽ തന്റെ മിതവാദസമീപനത്തെ സ്വയംവിമർശനപരമായി പുനഃപരിശോധിച്ചതായി കാണുന്നില്ല.

കത്തോലിക്കാസഭയുടെ ശത്രുത

പത്തൊൻപതാം നൂറ്റാണ്ടിൽ ജനാധിപത്യം, സോഷ്യലിസം, കമ്മ്യൂണിസം മുതലായ സിദ്ധാന്തങ്ങൾ പ്രചുരപ്രചാരം നേടുകയും അതിനുവേണ്ടിയുള്ള പ്രസ്ഥാനങ്ങൾ ശക്തിയാർജ്ജിക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ മുതൽ കത്തോലിക്കാസഭ അതിനെ നിശിതമായി എതിർത്തുവന്നു. ഈ വിരുദ്ധപ്രസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രണേതാവായിരുന്നു ലിയോ XIII (1878-1903). 1878 ഡിസംബർ 28-ന് ലിയോ XIII ഇറക്കിയ ചാക്രികലേഖനത്തിൽ ആണ് സോഷ്യലിസത്തിനും കമ്മ്യൂണിസത്തിനുമെതിരായ പ്രഖ്യാപനം ഉള്ളത്. പിന്നീടു വന്ന മാർപാപ്പമാർ അത് തുടർന്നെങ്കിലും മാർപാപ്പ പിയൂസ് XI (1922-1939) ആണ് ഈ നയം കൂടുതൽ ശക്തിയായി പ്രചരിപ്പിച്ചത്. 'നിരീശ്വരവാദാധിഷ്ഠിതമായ കമ്മ്യൂണിസം' എന്നായിരുന്നു ചാക്രികലേഖനത്തിന്റെ പേര്. 1922-ൽ ജനാധിപത്യം അട്ടിമറിച്ച് ഇറ്റലിയിൽ അധികാരം പിടിച്ചെടുത്ത ഫാസിസ്റ്റ് ബെനിറ്റോ മുസ്സോളിനിയും 1933-ൽ ജർമ്മനിയിൽ സർവ്വാധിപത്യം സ്ഥാപിച്ച നാസി നേതാവ് അഡോൾഫ് ഹിറ്റ്ലറും അവരുടെ അടിസ്ഥാനനയമായി സ്വീകരിച്ചിരുന്നത്, കമ്മ്യൂണിസ്റ്റ് വിരുദ്ധത ആയിരുന്നു പിയൂസ് XI-ന്റെ നയം അതുമായി പൊരുത്തപ്പെടുന്നതായിരുന്നു. മുസ്സോളിനിയുടെയും ഹിറ്റ്ലറുടെയും ഭീകരവാഴ്ചയേയോ കൂട്ടക്കൊലകളേയോ യഹൂദ വിരുദ്ധനടപടികളേയോ വിഷ

വാതകകൊലയറകളേയോ പിയൂസ് XI എതിർത്തിരുന്നില്ല. ഈ മാർപാപ്പ മാരുടെ കമ്മ്യൂണിസ്റ്റ് വിരുദ്ധ 'കുരിശുയുദ്ധ'ത്തിന് ഒരു തടയിട്ടത് 1958-ൽ മാർപാപ്പയായ ജോൺ XXIII ആണ് (മരണം 1963). അദ്ദേഹം വിളിച്ചുകൂട്ടിയ രണ്ടാം വത്തിക്കാൻ 'സുന്നഹദോസ്' കത്തോലിക്കാസഭാചരിത്രത്തിൽ ഒരു വഴിത്തിരിവായിരുന്നു. അദ്ദേഹത്തിനുശേഷം അധികാരമേറ്റ മാർപാപ്പമാർ ജോൺ XXIII-ന്റെ നയങ്ങൾ പൂർണ്ണമായി തുടർന്നു എന്നു പറയാൻ നിവൃത്തിയില്ലെങ്കിലും രണ്ടാം വത്തിക്കാൻ സമ്മേളനം നാമിന്ന് 'വിമോചന ദൈവശാസ്ത്രം' എന്നു വിശേഷിപ്പിക്കുന്ന പ്രസ്ഥാനത്തിന് തുടക്കംകുറിച്ചു.

'വിമോചന ദൈവശാസ്ത്രം' രൂപംകൊള്ളുകയും അതൊരു പ്രസ്ഥാന മായി വളരുകയും ചെയ്യുന്നതിനുമുമ്പാണ് ദാമോദരൻ ക്രിസ്തുമതത്തെയും അതിന്റെ ഉത്ഭവത്തെയും യേശുക്രിസ്തുവിന്റെ വിപ്ലവകരമായ ആശയങ്ങ ളെയും കുറിച്ച് എഴുതിയതും പ്രസംഗിച്ചതും പ്രചരിപ്പിച്ചതുമെന്നത് ശ്രദ്ധേ യമാണ്. ദാമോദരന്റെ ക്രിസ്തുമതം സംബന്ധിച്ച കൃതികളിലെല്ലാം വിമോചനദൈവശാസ്ത്രത്തിന്റെ മുൻകൂർ ആവിഷ്കാരങ്ങൾ കാണാൻ കഴിയും.

1951-ൽ റിപ്പബ്ലിക്കൻ ഭരണഘടനപ്രകാരം ഇന്ത്യയിൽ പൊതുതെര ഞ്ഞെടുപ്പുകാലത്താണ് കത്തോലിക്കാസഭയുടെ ഈ ബീഭത്സമുഖം ഏറ്റവും കൂടുതൽ ക്രിസ്ത്യാനികളുള്ള കേരളത്തിൽ പ്രകടമായത്. അതിനെതിരെയുള്ള പോരാട്ടത്തിൽ ദാമോദരൻ മുൻപന്തിയിലായിരുന്നു. അന്ന് കേരളം രൂപംകൊണ്ടിട്ടില്ലായിരുന്നു. തിരുവിതാംകൂറും കൊച്ചിയും ചേർന്ന തിരു-കൊച്ചി സംസ്ഥാന നിയമസഭയിലേക്കായിരുന്നു തെരഞ്ഞെ ടുപ്പ്. മലബാറിലും തിരുവിതാംകൂറിൽനിന്ന് കുടിയേറിയ മലയോര ക്രിസ്ത്യാനികൾ ഉണ്ടായിരുന്നുവെങ്കിലും കത്തോലിക്ക പ്രചരണം ഏറ്റവും രൂക്ഷമായിരുന്നത് തിരു-കൊച്ചിയിലാണ്. ജോസഫ് വടക്കൻ എന്ന തൃശ്ശൂർക്കാരൻ പാതിരിയുടെ നേതൃത്വത്തിൽ ഒരു കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണി തട്ടിപ്പടച്ചുണ്ടാക്കിയിരുന്നു. അതു കൂടാതെ കർഷകതൊഴിലാളി പാർട്ടി എന്ന ഒരു പാർട്ടിയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രൂപീകരിക്ക പ്പെട്ടു. (1959-ലെ കുപ്രസിദ്ധ വിമോചനസമരത്തിൽ വടക്കൻ മുൻകൈയെ ടുത്തെങ്കിലും അതിനുശേഷം വന്ന കമ്മ്യൂണിസ്റ്റ് വിരുദ്ധ സർക്കാരുകളുടെ നടപടികളിൽ പ്രതിഷേധിച്ച് കമ്മ്യൂണിസ്റ്റുകാരുമായി സഹകരിച്ച് പോരാ ടാൻ തയ്യാറായത് മറ്റൊരു ചരിത്രം.)

കമ്മ്യൂണിസം മതവിരുദ്ധമാണെന്നും ക്രിസ്തുമതം അതിനെ എക്കാ ലത്തും ചെറുക്കുമെന്നുംമറ്റുമുള്ള വടക്കന്റെ വാദങ്ങളെ യുക്തിയുക്തം ഖണ്ഡിച്ചുകൊണ്ട് കെ. ദാമോദരൻ എഴുതിയ ഒരു ലഘുലേഖയാണ് 'യേശു ക്രിസ്തു മോസ്കോവിൽ'. അതിനു മറുപടിയായി വടക്കൻ 'യേശുക്രിസ്തു മോസ്കോവിലോ' എന്നൊരു ലഘുലേഖ ഇറക്കിയപ്പോൾ 'യേശുക്രിസ്തു മോസ്കോവിൽത്തന്നെ' എന്ന ദാമോദരന്റെ ലഘുലേഖയും പ്രസിദ്ധീകരി ക്കപ്പെട്ടു. ഈ ലഘുലേഖകൾ ഉൾപ്പെടെ മതത്തെക്കുറിച്ചും ക്രിസ്തു

മതത്തെക്കുറിച്ചും അതിന്റെ ദീർഘകാലചരിത്രത്തെക്കുറിച്ചും ആദിമ ക്രിസ്തുമതത്തിന്റെ വിപ്ലവസ്വഭാവത്തെക്കുറിച്ചും ദാമോദരൻ എഴുതിയ അത്യന്തം വിജ്ഞാനപ്രദമായ ലേഖനങ്ങളുംമറ്റും സമാഹരിച്ച് 'കമ്മ്യൂണിസവും ക്രിസ്തുമതവും' (1959, പ്രഭാത്) എന്ന ക്രിസ്തുവിന്റെ ജീവചരിത്രവും ക്രിസ്തുമതത്തിന്റെ ഉത്ഭവത്തിന് സാഹചര്യമൊരുക്കിയ റോമാ സാമ്രാജ്യത്തിലെ സാമൂഹ്യരാഷ്ട്രീയസംഭവങ്ങളെയും പിൽക്കാലത്ത് ക്രിസ്തുമതം ചൂഷകരുടെയും അധികാരത്തിന്റെയും ഉപകരണമായിത്തീർന്നതുമെല്ലാം വളരെ ഭംഗിയായി തെളിവുകൾ സഹിതം ദാമോദരൻ ഈ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. സർ സി.പി. രാമസ്വാമി അയ്യരും തിരുവിതാംകൂറിലെ കത്തോലിക്കാസഭയുമായി ഏറ്റുമുട്ടിയതും കത്തോലിക്കാസഭയുടെ നേതാവ് ജെയിംസ് കാളാശ്ശേരി സി. പി.യുടെ ഭീഷണിക്കു മുമ്പിൽ കീഴടങ്ങിയതുമെല്ലാം ഈ പുസ്തകത്തിലെ ചർച്ചാവിഷയങ്ങളാണ്. അതേസമയം ആദിമ ക്രിസ്തുമതത്തിന്റെ മഹനീയതയും അധഃസ്ഥിതിതസ്വഭാവവും പുതിയ വസ്തുതകൾ നിരത്തി അദ്ദേഹം വിവരിക്കുന്നു. പ്രസിദ്ധ ദാർശനികനും ചരിത്രകാരനും ആയിരുന്ന ആർച്ചിബാൾഡ് റോബർട്ട്സണിന്റെ ക്രിസ്തുമതത്തിന്റെ ഉദ്ഭവം (ഒറിജിൻ ഓഫ് ക്രിസ്റ്റ്യാനിറ്റി) ദാമോദരന്റെ വാദങ്ങൾക്ക് സഹായകമായിട്ടുണ്ട്. 'യേശുക്രിസ്തു മോസ്കോവിൽ' എന്ന ലേഖനം ഇങ്ങനെയാണ് ഉപസംഹരിക്കുന്നത്:

> "യേശുക്രിസ്തു മർദ്ദിതരെ മോചിപ്പിക്കാൻവേണ്ടി മർദ്ദകവർഗ്ഗക്കാർക്കെതിരായി പ്രവർത്തിച്ചു. പക്ഷേ, അന്നത്തെ പരിതഃസ്ഥിതിയിൽ മർദ്ദിതവർഗ്ഗക്കാരുടെ മോചനം സാദ്ധ്യമായിരുന്നില്ല. സാമ്രാജ്യത്വകാലഘട്ടത്തിൽ, മുതലാളിത്തം അതിന്റെ അവസാനദശയിലെത്തിയപ്പോൾ, മാത്രമാണ് അതിനാവശ്യമായ ഭൗതികസാഹചര്യങ്ങളുളവായത്. ഈ ഘട്ടത്തിൽ ലെനിന്റേയും സ്റ്റാലിന്റേയും നേതൃത്വത്തിൽ—മാർക്സിസത്തിൽ അടിയുറച്ച ബോൾഷെവിക്ക് പാർട്ടിയുടെ നേതൃത്വത്തിൽ—റഷ്യൻ വിപ്ലവം പ്രഭുക്കന്മാരെ എന്നെന്നേക്കുമായി സിംഹാസനങ്ങളിൽനിന്നാട്ടിപ്പായിച്ചു. ജന്മിയും മുതലാളിയുമില്ലാത്ത, മനുഷ്യൻ മനുഷ്യനെ ചൂഷണംചെയ്യാത്ത ഒരു സാമൂഹ്യവ്യവസ്ഥിതിക്കടിത്തറയിട്ടു.
>
> ഇന്നു സോവിയറ്റ് യൂണിയൻ വർഗ്ഗരഹിതമായ കമ്മ്യൂണിസത്തിലേക്ക്—യഥാർത്ഥമായ സ്നേഹത്തിന്റെയും സൗഭ്രാത്രത്തിന്റെയും ഘട്ടത്തിലേക്ക്—വിജയപൂർവ്വം മാർച്ചുചെയ്തുകൊണ്ടിരിക്കുകയാണ്.
>
> അതുകൊണ്ടാണ്, നിരീശ്വരവാദിയായ സഖാവ് സ്റ്റാലിന്റെ നേതൃത്വത്തിൽ അഭിവൃദ്ധിയിൽനിന്ന് അഭിവൃദ്ധിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന സോവിയറ്റ് യൂണിയനെപ്പറ്റി ഈശ്വരവിശ്വാസിയും യേശുവിന്റെ യഥാർത്ഥശിഷ്യനുമായ കാന്റർബറിയിലെ ഡീൻ ഇങ്ങനെ രേഖപ്പെടുത്തിയത്:

'അപ്രമേയമായ പ്രഭാവത്തോടുകൂടി മനുഷ്യാത്മാവ് ദൈവത്തിന്റെ നല്ല മാർഗ്ഗങ്ങളിൽക്കൂടി പുരോഗമിക്കുന്നത് സോവിയറ്റ്യൂണിയനിൽ ഞാൻ കണ്ടു.'

അതുകൊണ്ടാണ് ലോകത്തിലുള്ള എല്ലാ നല്ല ക്രിസ്ത്യാനികളും സോവിയറ്റ് യൂണിയനെ സ്നേഹിക്കുന്നത്.

അതുകൊണ്ടുതന്നെയാണ്, സ്വത്തുടമയേയും വർഗ്ഗവ്യത്യാസങ്ങളേയും എന്നെന്നും നിലനിർത്താനാഗ്രഹിക്കുന്ന യൂദാസിന്റെ അനുയായികൾ സോവിയറ്റ് യൂണിയനെപ്പറ്റി തെറിപ്പാട്ടുകളും പുലയാട്ടുകളും പാടുന്നത്.

പക്ഷേ, ചരിത്രം യേശുക്രിസ്തുവിന്റെ ഭാഗത്താണ്, വത്തിക്കാൻ മുതൽ വടക്കനച്ചൻവരെയുള്ളവരുടെ ഭാഗത്തല്ല. മർദ്ദകവർഗ്ഗക്കാരുടേയും അവരെ പിന്താങ്ങുന്ന യൂദാസുകളുടേയും ഭാവിയെന്തായിരിക്കുമെന്ന് 18 നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ പ്രവചിക്കപ്പെട്ടിട്ടുണ്ട്. ഇക്കൂട്ടരെ ചൂണ്ടിക്കൊണ്ടാണ് ക്രിസ്തുവിന്റെ ശിഷ്യന്മാർ പ്രഖ്യാപിച്ചത്:

'നിങ്ങൾ തീകൊണ്ടു നശിപ്പിക്കപ്പെടുന്ന ദിവസം വിദൂരമല്ല. നിങ്ങളുടെ അരമനകൾ വെണ്ണീറിൽ കുഴിച്ചിടപ്പെടും!'"

(കമ്മ്യൂണിസവും ക്രിസ്തുമതവും)

കമ്മ്യൂണിസവും മതവും

ക്രിസ്തുമതത്തോടുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഈ നിലപാട് മതത്തോടു പൊതുവേയുള്ള പാർട്ടിയുടെ നിലപാടിന്റെ ഭാഗംതന്നെയാണ് മതത്തിന്റെ പേരിൽ നടക്കുന്ന ചൂഷണങ്ങളെയും ദ്രോഹങ്ങളെയും പാർട്ടി എതിർക്കുന്നു. മതത്തിന്റെ പേരിൽ മറ്റു മതങ്ങളുമായി കലഹിക്കുന്നതും മതവിദ്വേഷം വളർത്തുന്നതുമായ നടപടികളേയും മതകലഹങ്ങളേയും പാർട്ടി എതിർക്കുകയും ചെയ്യുന്നു. ശാസ്ത്രത്തിനും മറ്റു വിജ്ഞാന പുരോഗതിക്കും എതിരെ മതസ്ഥാപനങ്ങൾ മർദ്ദനം അഴിച്ചുവിട്ടിട്ടുണ്ട്. സൗരയൂഥസിദ്ധാന്തത്തെ മതവിശ്വാസവിരുദ്ധമെന്ന് മുദ്രകുത്തി ഗലീലിയോയെ അദ്ദേഹത്തിന്റെ അവസാനകാലത്ത് എട്ടുവർഷത്തോളം തടവിലിട്ടത് ഓർക്കുക. തടവിൽ കിടന്നാണദ്ദേഹം മരിച്ചതും. ഗിയോർഡിയാനോ ബ്രൂണോയെ അദ്ദേഹത്തിന്റെ പ്രപഞ്ചവീക്ഷണത്തിന്റെ പേരിൽ എട്ടുവർഷം തടവിലിട്ട് പീഡിപ്പിച്ചശേഷം ജീവനോടെ ചുട്ടുകൊന്നതും പല വിജ്ഞാന വിരുദ്ധനടപടികളിൽ ഒന്നാണ്. ചാൾസ് ഡാർവിനെയും അവരെതിർത്തു. പക്ഷേ, ഡാർവിൻ പ്രൊട്ടസ്റ്റന്റു കാരനായ ഇംഗ്ലീഷ് ശാസ്ത്രജ്ഞനായിരുന്നതുകൊണ്ടും കാലം മാറിയതുകൊണ്ടും മതാധികാരികൾക്ക് അദ്ദേഹത്തെ പീഡിപ്പിക്കാനോ കൊല്ലാനോ കഴിഞ്ഞില്ലെന്നുമാത്രം. എന്നാൽ മതത്തിന്റെ ഈ ദുഷ്പ്രവണതകളെ ഏത് ഉദ്ബുദ്ധപൗരനേയുംപോലെ കമ്മ്യൂണിസ്റ്റ് പാർട്ടിയും എതിർക്കുന്നുണ്ടെങ്കിലും മതത്തെ അപ്പാടെ എതിർക്കുന്നതിൽ പാർട്ടിക്ക് താൽപര്യമില്ല. ദാമോദരൻ എഴുതുന്നു:

"നിരീശ്വരവാദികൾക്കും മതത്തെ എതിർക്കുന്നവർക്കും മാത്രമേ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ സ്ഥാനമനുവദിക്കാവൂ എന്ന് പാർട്ടിയുടെ പരിപാടിയിലാകട്ടെ, ഭരണഘടനയിലാകട്ടെ, ഒരിടത്തും ആവശ്യപ്പെടുന്നില്ല. നേരേമറിച്ച്, മതവിശ്വാസങ്ങളെ വ്രണപ്പെടുത്തുകയില്ലെന്നും വിശ്വാസസ്വാതന്ത്ര്യത്തെ എല്ലായ്പോഴും കാത്തുരക്ഷിക്കുമെന്നും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി വീണ്ടും വീണ്ടും ജനങ്ങൾക്കുറപ്പുനൽകിയിട്ടുമുണ്ട്. 1959 ജൂൺ 9,10 തീയതികളിൽ കൂടിയ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരള സ്റ്റേറ്റ് കമ്മിറ്റി ഇതൊരിക്കൽക്കൂടി ആവർത്തിക്കുന്നു: 'കമ്മ്യൂണിസ്റ്റുകാർ മതവിശ്വാസത്തെ നശിപ്പിക്കുന്നുവെന്നും മറ്റുമുള്ള ക്രൂരമായ പ്രചാരവേലകൾ അഴിച്ചുവിടപ്പെട്ടിട്ടുണ്ട്. സ്വന്തം ഭൗതിക താൽപര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി ജനങ്ങളുടെ മതവിശ്വാസത്തെ ചൂഷണം ചെയ്യുന്ന പിന്തിരിപ്പന്മാരുടെ ഈ അടവിനെ പ്രതിഷേധിക്കുന്നതോടൊപ്പം വിവിധ ജനവിഭാഗങ്ങളുടെ മതവിശ്വാസങ്ങളെ അപകടപ്പെടുത്തുന്ന യാതൊന്നും കമ്മ്യൂണിസ്റ്റ് പക്ഷത്തുനിന്നുമുണ്ടാവുകയില്ലെന്ന് ഒരിക്കൽക്കൂടി ഞങ്ങൾ ഉറപ്പു നൽകുകയും ചെയ്യുന്നു.'

ഇത് അവസരവാദമല്ല; മതവിശ്വാസികളെ സ്വാധീനിക്കാനുള്ള സൂത്രവുമല്ല. മാർക്സിസം ലെനിനിസത്തിലുള്ള ദൃഢവിശ്വാസമാണ് ഈ പ്രഖ്യാപനത്തിന്റെ അടിസ്ഥാനം. നിരീശ്വരവാദത്തെ പാർട്ടിയുടെ വിശ്വാസപ്രമാണമായി അംഗീകരിക്കണമെന്നും മതവിശ്വാസത്തിനെതിരായ യുദ്ധപ്രഖ്യാപനം ഒരു പരിപാടിയായി അംഗീകരിക്കണമെന്നുമുള്ള ചില അരാജകവാദികളുടെ അസംബന്ധമായ ആവശ്യങ്ങളെ 1874-ൽത്തന്നെ മാർക്സും എംഗൽസും തള്ളിക്കളയുകയുണ്ടായി. മതവിശ്വാസികളായ പുരോഹിതന്മാർക്കുപോലും കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ സ്ഥാനം നൽകാൻ സഖാവ് ലെനിൻ സന്നദ്ധത പ്രകടിപ്പിച്ചു." (ടി പുസ്തകം)

മേൽ ചേർത്ത മാർക്സിന്റെ ഉദ്ധരണിയിൽനിന്ന് ഒരു കാര്യം വ്യക്തമാകുന്നു. മാർക്സിസത്തിന്റെ എതിരാളികൾ പ്രചരിപ്പിക്കുന്നതുപോലെ മാർക്സിസം ഒരു മതവിരുദ്ധപ്രസ്ഥാനമല്ല. മാർക്സിസത്തിന്റെ പഠന ഉപകരണമായ 'ഡയലക്ടിക്' അഥവാ 'ദ്വന്ദ്വാത്മക' വീക്ഷണത്തോടുകൂടിയാണ് മാർക്സ് മതത്തെ കാണുന്നത്. മതം മനുഷ്യമനസ്സിനെ മയക്കുന്ന കറുപ്പ് ആണ് എന്നതുതന്നെ മതത്തിന്റെ ക്രിയാത്മകവശത്തെയാണ് മാർക്സ് സൂചിപ്പിക്കുന്നത്. മാർക്സ് ഇത് എഴുതുമ്പോൾ ക്ലോറോഫോം മുതലായ മരുന്നുകൾ പ്രചാരത്തിലെത്തിയിരുന്നില്ല. അതുകൊണ്ട് പലപ്പോഴും ഒരു വേദനസംഹാരിയായി കറപ്പാണ് നൽകാറുണ്ടായിരുന്നത്. രോഗത്തിന്റെ അടിസ്ഥാനകാരണങ്ങൾ കണ്ടുപിടിച്ച് പരിഹരിക്കാൻ കഴിയാതെവരുമ്പോൾ കറപ്പ് താല്ക്കാലികമായി വേദന സംഹാരി എന്ന നിലയിൽ സഹായിക്കുന്നു. അതാണ് മാർക്സുദ്ദേശിച്ചത്.

എല്ലാ മതങ്ങളും നിലവിലുള്ള സാമൂഹ്യജീർണ്ണതയ്ക്കും തിന്മകൾക്കും എതിരായിട്ടാണ് ഉത്ഭവിക്കുന്നത്. ബുദ്ധനും ക്രിസ്തുവും മുഹമ്മദുമെല്ലാം സാമൂഹ്യപരിഷ്കർത്താക്കളായിരുന്നു. എന്നാൽ ഒരു ഘട്ടം കഴിയുമ്പോൾ ഈ മതങ്ങൾ അതിന്റെ സ്ഥാപകന്മാരുടെ ലക്ഷ്യത്തിൽനിന്ന് വ്യതിചലിക്കുകയും പഴയ ജീർണ്ണത അതിനെ ബാധിക്കുകയും ചെയ്യുന്നു. 'തന്നെപ്പോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കണമെന്നും' ദൈവം ഔന്നത്യം പ്രാപിക്കുന്നവരെ സ്ഥാനഭ്രഷ്ടരാക്കി അധഃസ്ഥിതർക്ക് നന്മകളാൽ നിറഞ്ഞ വഴി തുറക്കുമെന്നും (ലൂക്കോസിന്റെ സുവിശേഷം) പഠിപ്പിച്ച യേശുക്രിസ്തുവിന്റെ പേരിൽ പിൽക്കാലത്ത് നടത്തിയ പാതകങ്ങളെക്കുറിച്ച് നാം ചർച്ച ചെയ്തുവല്ലോ. വിമോചന ദൈവശാസ്ത്രക്കാരും ദാമോദരനും മതത്തിന്റെ ആദ്യകാലനന്മ ഉയർത്തിപ്പിടിച്ചാണ് തങ്ങളുടെ വാദമുഖങ്ങൾ സ്ഥാപിക്കുന്നത്. എംഗൽസും അങ്ങനെ ആദിമ ക്രിസ്തുമതത്തിന്റെ വിശുദ്ധിയെയും നന്മയെയും കുറിച്ചു പറഞ്ഞിട്ടുള്ളത് ദാമോദരൻ ഉദ്ധരിക്കുന്നുണ്ടല്ലോ. 1959-ൽ കേരളത്തിൽ കമ്മ്യൂണിസ്റ്റ് സർക്കാരിനെതിരെ നടന്ന കുപ്രസിദ്ധമായ വിമോചനസമരത്തിൽ പള്ളിയും പട്ടക്കാരും വഹിച്ച പങ്കിനെ ക്രിസ്തുമത ആദർശങ്ങളുടെ പേരിൽ ദാമോദരൻ വിമർശിച്ചത് ഓർക്കുക.

ബുഖാറിൻ പിടിപ്പിച്ച പുലിവാല്

1953-ലോ 1954-ലോ ആണെന്നു തോന്നുന്നു ദാമോദരൻ ഒരബദ്ധത്തിൽ ചെന്നുചാടി. അന്നത്തെ പാർട്ടി സെക്രട്ടറി എന്നതിനു പുറമെ 'നവയുഗ'ത്തിന്റെ പത്രാധിപർ എന്ന നിലയിൽ 'നവയുഗ'ത്തിൽ ഒരു ചോദ്യോത്തര പംക്തി കൈകാര്യംചെയ്തിരുന്നു. വായനക്കാരിൽ ഒരുവൻ ഒരു ചോദ്യം പത്രാധിപർക്ക് അയച്ചു. നിക്കോളേ ബുഖാറിൻ എഴുതിയ 'എ ബി സി ഓഫ് കമ്മ്യൂണിസം' (കമ്മ്യൂണിസത്തിന്റെ ഹരിശ്രീ) എന്ന പുസ്തകം വിവർത്തനം ചെയ്ത് 'നവയുഗ'ത്തിൽ പ്രസിദ്ധീകരിച്ചുകൂടേ എന്നായിരുന്നു ചോദ്യം. ബുഖാറിൻ സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ അതിപ്രതിഭാശാലിയായ ഒരു ബുദ്ധിജീവിയായിരുന്നു. വി.ഐ. ലെനിൽ തന്റെ പിൻഗാമിയായി ബുഖാറിനെ കണ്ടിരുന്നതായി അദ്ദേഹത്തിന്റെ ചില പരാമർശങ്ങളിൽ സൂചനയുണ്ട്. എന്നാൽ പിൽക്കാലത്ത് സ്റ്റാലിൻ അധികാരത്തിൽ വന്നശേഷം ബുഖാറിനുമായി തെറ്റി. 1938-ലെ മോസ്ക്കോ വിചാരണയിൽ രാജ്യദ്രോഹക്കുറ്റം ചുമത്തി ബുഖാറിനെ വധശിക്ഷയ്ക്ക് വിധേയനാക്കി. ബുഖാറിന്റെ പല കൃതികളും ഇന്നും വിലപ്പെട്ട മാർക്സിസ്റ്റ് ലെനിനിസ്റ്റ് ക്ലാസ്സിക്കുകളായി അവശേഷിക്കുന്നു. എങ്കിലും യുക്തിഭദ്രവും ലളിതവുമായ ബുഖാറിന്റെ കൃതികൾ സാധാരണക്കാർക്കുപോലും വായിച്ച് മനസ്സിലാക്കാൻ സാധിക്കുന്നതായിരുന്നു. എന്നാൽ രാജ്യദ്രോഹക്കുറ്റം ചുമത്തി ശിക്ഷിക്കപ്പെട്ട ബുഖാറിനെ ഒരു കമ്മ്യൂണിസ്റ്റ് വിരുദ്ധനായേ ദാമോദരന് കാണാൻ കഴിഞ്ഞുള്ളു. ഇക്കാര്യം ചോദ്യത്തിന് മറുപടിയായി

'നവയുഗ'ത്തിൽ വിശദീകരിച്ച ദാമോദരൻ അത് പ്രസിദ്ധീകരിക്കാൻ കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണി നേതാവായ ഫാദർ ജോസഫ് വടക്കനോടാണ് പറയേണ്ടതെന്ന് മറുപടി എഴുതി.

ഇത് വായിച്ച റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി നേതാക്കൾ ദാമോദരന്റെ ആരോപണത്തെ നിഷേധിക്കുകയും ബുഖാറിന്റെ പുസ്തകത്തിലെ ഏതു ഭാഗം അഥവാ ഏതു പരാമർശമാണ് കമ്മ്യൂണിസ്റ്റ് വിരുദ്ധമെന്ന് തെളിയിക്കാൻ ദാമോദരനെ വെല്ലുവിളിക്കുകയും ചെയ്തു. ആർ.എസ്.പി. യുടെ മുഖപത്രമായിരുന്ന 'സഖാവി'ലാണ് ഈ വെല്ലുവിളി പ്രസിദ്ധീകരിച്ചത്. ബുഖാറിന്റെ 'എ ബി സി ഓഫ് കമ്മ്യൂണിസ'ത്തിന്റെ കോപ്പി തന്റെ കൈയിൽ ഇപ്പോഴില്ലെന്നും അതിനാൽ വെല്ലുവിളി സ്വീകരിച്ച് മറുപടി പറയാൻ സാധ്യമല്ലെന്നുമായിരുന്നു ദാമോദരന്റെ പ്രതികരണം. 'സഖാവും' ആർ.എസ്.പി.യും വിട്ടുകൊടുത്തില്ല. അവർ ബുഖാറിന്റെ പുസ്തകത്തിന്റെ ഒരു പ്രതി രജിസ്റ്റർചെയ്ത് 'നവയുഗ'ത്തിന്റെ പേരിൽ ദാമോദരനയച്ചുകൊടുത്തു. അക്കാര്യം 'സഖാവി'ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. തുടർന്ന് 'സഖാവും' 'നവയുഗ'വും തമ്മിൽ നീണ്ട ഒരു കുരുക്ഷേത്രയുദ്ധംതന്നെ ഇതേച്ചൊല്ലി നടന്നു. ആ വിവാദത്തിൽ ബുഖാറിനു പുറമേ ദാമോദരന്റെയും സി.പി.ഐ.യുടെയും 'സ്റ്റാലിൻഭക്തി'യുൾപ്പെടെ പല പ്രശ്നങ്ങളും വിഷയീഭവിച്ചു. 'സഖാവി'നുവേണ്ടി ദാമോദരന് മറുപടി എഴുതിയത് കോഴിക്കോട്ടുകാരൻ ഡോക്ടർ സി. പി. ദാമോദരക്കുറുപ്പ് എന്നൊരാളായിരുന്നു. സോവിയറ്റ് യൂണിയനെക്കുറിച്ച് ഗവേഷണം നടത്തി ഡോക്ടറേറ്റ് ബിരുദവും നേടിയ ആളായിരുന്നു കുറുപ്പ്. ഡോക്ടർ കുറുപ്പിന്റെ ലേഖനങ്ങൾ 'സഖാവി'ൽ പ്രസിദ്ധീകരിച്ചത് മറ്റൊരു ആർ.എസ്.പി. സൈദ്ധാന്തികനും പിൽക്കാലത്ത് കേരളകൗമുദിയുടെ സ്പെഷ്യൽ കറസ്പോണ്ടന്റ് എന്ന നിലയിൽ പ്രശസ്തിയാർജ്ജിക്കുകയും ചെയ്ത കെ. വിജയരാഘവന്റെ പേരിലായിരുന്നു.

അക്കാലത്ത് ഏറ്റവും പ്രചാരമുള്ള ഒരു വാരിക ആയിരുന്നു ആർ. എസ്.പി. നേതാവ് കെ. ബാലകൃഷ്ണന്റെ 'കൗമുദി'. ബാലകൃഷ്ണൻ പത്രാധിപരായിരുന്നുവെങ്കിലും 'കൗമുദി' ആർ.എസ്.പി.യുടെ ഔദ്യോഗിക പത്രമായിരുന്നില്ല. ബാലകൃഷ്ണന്റെ വ്യക്തിത്വവും ലേഖനസാമർത്ഥ്യവും പത്രപ്രവർത്തനപ്രതിഭയും 'ഉത്തമപുരുഷൻ ഏകവചന'ത്തിലുള്ള ചോദ്യോത്തരങ്ങളും പുതിയ പുതിയ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്ന നയവും 'കൗമുദി'ക്ക് അനുപമമായ ജനപ്രീതി നേടികൊടുത്തു. ബാലകൃഷ്ണൻ ഈ വിവാദങ്ങൾ മുഴുവനും 'കൗമുദി'യിൽ പുനഃപ്രസിദ്ധീകരിച്ചു. 'നവയുഗ'വും 'സഖാവും' വായിക്കാത്തവർക്കുപോലും അങ്ങനെ ഈ രസകരമായ സംവാദം വായിച്ചറിയാൻ കഴിഞ്ഞു. അതെത്തുടർന്ന് മറ്റു പലരും പ്രത്യേക ലേഖനങ്ങളായും പത്രാധിപർക്കുള്ള കത്തുകളായും ഈ സംവാദത്തെക്കുറിച്ച് അഭിപ്രയങ്ങൾ രേഖപ്പെടുത്തി.

ഇതെല്ലാം വായിച്ച സാധാരണക്കാരുടെ പ്രതികരണം ദാമോദരന്റെ അനുകൂലവും പ്രതികൂലവുമായ നിലപാടുകൾക്കെതിരായിരുന്നു.

ഈ സംവാദത്തിന് കുറെ മുൻപ് പി.എസ്. എന്ന പേരിൽ ഇ.എം.എസ്സും ജോസഫ് മുണ്ടശ്ശേരിയും രൂപഭദ്രതാവാദത്തെക്കുറിച്ചു നടത്തിയ സംവാദംപോലെ ഈ സംവാദവും ചരിത്രത്തിൽ സ്ഥാനംപിടിച്ചു. രണ്ടു കൊല്ലത്തിനകം ക്രൂഷേവിന്റെ നേതൃത്വത്തിൻ 'അപസ്ഥാലിനീകരണം' തുടങ്ങിയതോടെ ഈ സംവാദങ്ങളിൽ ദാമോദരൻ കൈകൊണ്ട നിലപാട് തെറ്റായിരുന്നുവെന്ന് അദ്ദേഹത്തിനുതന്നെ ബോധ്യമായിക്കാണണം.

നാം തുടങ്ങിയത് ബുഖാറിന്റെ 'എ ബി സി ഓഫ് കമ്മ്യൂണിസം' എന്ന പുസ്തകത്തെക്കുറിച്ച് ദാമോദരൻ നടത്തിയ പരാമർശത്തോടുകൂടി ആയിരുന്നല്ലോ. അത് ആർ. എസ്. പി.ക്കാർ അയച്ചുകൊടുത്തത് വായിച്ചപ്പോൾ തനിക്കു പറ്റിയ അമളി ദാമോദരൻ അന്നത് സമ്മതിക്കുകയുണ്ടായില്ല. രണ്ടുപതിറ്റാണ്ടുകൾ കഴിഞ്ഞപ്പോഴാണ് അദ്ദേഹം അക്കാര്യത്തിൽ തനിക്ക് പറ്റിയ തെറ്റ് ഏറ്റുപറഞ്ഞത്. അതോടൊപ്പം ദാമോദരക്കുറുപ്പും വിജയരാഘവനുമായുള്ള സംവാദത്തിൽ തനിക്ക് തെറ്റുപറ്റിയെന്നും പിൽക്കാലത്ത് അദ്ദേഹം ഏറ്റുപറഞ്ഞു.

18. സ്റ്റാലിൻ, റഷ്യ, ക്രൂഷേവ്

സ്റ്റാലിൻ, ഹാ—എഴുപത്തിമൂന്നുവർഷത്തിൻമുമ്പൊ—
രാലയാം ചളിക്കുണ്ടിൽ വിളഞ്ഞ മഹാരത്നം!

കാലത്താൽത്തനതെന്നപോലെതൻ കരിമടി—
ശ്ശീലയിലാക്കപ്പെട്ടൂ സ്തബ്ധമുഗ്ദ്ധമായ് വിശ്വം!

ആരുടെയോരോ വീർപ്പുമാമൂലം വിറപ്പിച്ചൂ
ഘോരമാം വിഷം കയ്ച്ച സാമ്രാജ്യദ്രുമങ്ങളെ;

അസ്സമചിത്തനുടെ നെഞ്ചതാ, മിടിക്കാതായ്!-
ദുസ്സഹാതങ്കാൽ ശ്വാസഹീനമായ്, റഷ്യാനാടും!

ചെങ്കൊടികളെത്തീണ്ടീ വൻകറുപ്പ;-ഖിലർക്കും
കൺകളിൽപ്പൊങ്ങീ വെള്ളം; വരണ്ടൂ വദനങ്ങൾ:

മങ്കയുമാണും കുഞ്ഞും വൃദ്ധനുമൊപ്പം തേടീ
സങ്കടം, നിജനിജബന്ധുമൃത്യുവിൽപ്പോലേ!

ലോകസ്നേഹിനി, റഷ്യേ, നിൻഭർത്തൃദുഃഖമിതിൽ-
ബ്ഭാഗഭാക്കാകാതേതു നാടുള്ളു ഭൂഗോളത്തിൽ?

മെയ് കുനിഞ്ഞീലേതേതു കൊടിക്കു രുജാഭാരാൽ?
തൂകുക, കണ്ണീരിന്ത്യ: വേറെയില്ലല്ലോ സ്റ്റാലിൻ!

വിണ്ണിന്റെയൊരു ഭാഗം തൻമന്നിൽപ്പകരുമാ-
റെണ്ണമില്ലാതേ യത്നംചെയ്തതിൻ വാട്ടം തീർക്കാൻ,

ഉരുഭാവനയൂറിയിരുന്ന മിഴി ചിമ്മി-
ഗ്ഗുരുവിൻ സമീപത്തേ വിശ്രമിക്കയായ്, ശിഷ്യൻ!

—വള്ളത്തോളിന്റെ പദ്യകൃതികൾ

ഒക്ടോബർ സോഷ്യലിസ്റ്റ്വിപ്ലവത്തിന്റെ അധിനായകനായ വ്ളാഡിമിർ ഇലിച്ച് ലെനിൻ 1924-ൽ നിര്യാതനായശേഷം സോവിയറ്റ് യൂണിയന്റെയും കമ്മ്യൂണിസ്റ്റ്പാർട്ടിയുടെയും കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെയും (1919-1943) നേതാവായി ഉയർന്ന ജോസഫ് വിസ്സാറിയാനോവിച്ച് സ്റ്റാലിൻ ലോകത്തിലെ എല്ലാ കമ്മ്യൂണിസ്റ്റുകാരുടെയും അനുഭാവികളുടെയും ആരാധനാപാത്രമായിരുന്നു. സോവിയറ്റ് പഞ്ചവത്സരപദ്ധതികളുടെ വമ്പിച്ച വിജയം മുതലാളിത്തവും ഫ്യൂഡലിസവും കൂടിക്കുഴഞ്ഞ് പിന്നോക്കംനിന്നിരുന്ന ഒരു ദരിദ്രരാജ്യത്തെ സമ്പന്നമായ ഒരു വ്യാവസായികരാഷ്ട്രമായി ഉയർത്താൻ കഴിഞ്ഞതും സർവ്വോപരി ഭീകരമായ ഹിറ്റ്ലർ ഫാസിസ്റ്റ് ആക്രമണത്തെ ചെറുത്ത് നാസിസത്തിന്റെ അന്ത്യംകുറിച്ചതും സ്റ്റാലിന്റെ മഹത്ത്വത്തിന് പരിവേഷം നൽകി. സ്വാഭാവികമായി ദാമോദരന്റെയും ഒരാരാധനാവിഗ്രഹമായിരുന്നു സ്റ്റാലിൻ. ദാമോദരന്റെ ആദ്യകാലരചനകളിലെല്ലാം—വിഷയം മാർക്സിസമായാലും സാഹിത്യമായാലും ധാർമ്മികമായാലും—സ്റ്റാലിന്റെ ഉദ്ധരണികൾ ചേർക്കാതെ അദ്ദേഹത്തിന് തൃപ്തിവരുമായിരുന്നില്ല. സ്റ്റാലിന്റെ ചില അതിക്രമണങ്ങളെയുംമറ്റുംപറ്റി വരാറുള്ള വാർത്തകളും പുസ്തകങ്ങളും ദാമോദരൻ വായിക്കാറുണ്ട് എന്ന് തീർപ്പ്. എന്നാൽ അവയെല്ലാം ദുരുദ്ദേശപങ്കിലമായ കമ്മ്യൂണിസ്റ്റ് വിരുദ്ധപ്രചാരണമായേ അദ്ദേഹം കരുതിയിരുന്നുള്ളൂ—മറ്റെല്ലാ കമ്മ്യൂണിസ്റ്റുകാരെയുംപോലെ.

മനുഷ്യന് മരണം അനിവാര്യമാണെങ്കിലും അതു സംഭവിക്കുമ്പോൾ ബന്ധുമിത്രാദികൾക്ക് ഈ അനിവാര്യത ആശ്വാസം നൽകുന്നില്ല. 1953-ൽ സ്റ്റാലിൻ നിര്യാതനായപ്പോഴും ലോകമെങ്ങുമുള്ള കമ്മ്യൂണിസ്റ്റുകാർക്ക് അത് ഞെട്ടലും വ്യസനവും ഉളവാക്കി. ദാമോദരന് അതോടെ അസഹ്യമായ ആഘാതമായി. പക്ഷേ, മൂന്നുവർഷംകൂടി കഴിയുന്നതിനുമുൻപ് അതിലും വലിയൊരാഘാതം അദ്ദേഹത്തെ അസ്തപ്രജ്ഞനാക്കി. 1956-ൽ നടന്ന സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 20-ാം കോൺഗ്രസ്സിൽ ജനറൽ സെക്രട്ടറി നികിതാ ക്രൂഷേവ് അവതരിപ്പിച്ച സ്റ്റാലിൻ വിരുദ്ധ റിപ്പോർട്ടായിരുന്നു അത്. സ്റ്റാലിന്റെ കാലത്തു നടന്ന നിരവധി അതിക്രമങ്ങളെയും സോഷ്യലിസ്റ്റ് നിയമങ്ങളുടെ ലംഘനത്തെയും സ്റ്റാലിന്റെ വ്യക്തിപ്രഭാവസിദ്ധാന്തത്തെയും അക്കമിട്ട് നിശിതമായി വിമർശിക്കുന്ന ആ റിപ്പോർട്ട് ലോകകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിനകത്ത് രോഷവും വ്യസനവും കോളിളക്കങ്ങളും സൃഷ്ടിച്ചു. ദാമോദരനെ അത് വ്യസനിപ്പിച്ചതിനുപുറമെ അഗാധമായ ആശയക്കുഴപ്പത്തിലാക്കി. അതേക്കുറിച്ച് ദാമോദരൻ പിന്നീട് ഇങ്ങനെ എഴുതുകയുണ്ടായി:

> "മനുഷ്യരാശിക്കും സോഷ്യലിസത്തിനുമെതിരായി സ്റ്റാലിൻ ചെയ്ത കുറ്റങ്ങളെപ്പറ്റി ക്രൂഷേവ് വെളിപ്പെടുത്തിയ വിവരങ്ങൾ എന്നെ ഞെട്ടിപ്പിച്ചുകളഞ്ഞു. എന്റെ മനസ്സ് മുമ്പൊന്നുമുണ്ടായിട്ടില്ലാത്തവിധം പ്രക്ഷുബ്ധമായി. എന്റെ വിശ്വാസങ്ങൾക്ക് ഇളക്കം തട്ടി. എന്റെ ഇഷ്ടദേവനുടെ ബിംബമിതാ പൊട്ടിത്തകർന്ന് കഷണം കഷണമായി

കാൽക്കൽ വീഴുന്നു. രണ്ടുദിവസം മുഴുവൻ എനിക്കുറങ്ങാൻ കഴിഞ്ഞില്ല. ഉത്തരം കിട്ടാത്ത ചില ചോദ്യങ്ങൾ എന്നെ അലട്ടിക്കൊണ്ടിരുന്നു. ലോകകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ പരമോന്നതനേതാവും മാർക്സിസം-ലെനിനിസത്തിന്റെ പതറാത്ത സംരക്ഷകനുമായി കരുതപ്പെട്ടിരുന്ന മഹാനായ സ്റ്റാലിൻ ഇത്രമാത്രം അധഃപതിച്ചതെന്തുകൊണ്ട്? (മാർക്സിസ്റ്റ് വീക്ഷണംമാസിക, 1972, ജനുവരി ലക്കം) എന്നിങ്ങനെ പോകുന്നു മറ്റു പലരുടെയും എന്നപോലെ ദാമോദരന്റെ വികല്പങ്ങളും മനോവ്യഥകളും."

കമ്മ്യൂണിസ്റ്റുകാരുടെ ഈ ആശയക്കുഴപ്പത്തിൽ എതിരാളികൾ ആഹ്ലാദിക്കുകയും മുതലെടുക്കുകയും ചെയ്തത് സ്വാഭാവികം. രാഷ്ട്രീയവിവാദങ്ങളിൽ സ്റ്റാലിനെ മുൻനിർത്തി ഇ. എം. എസ്., ദാമോദരൻ തുടങ്ങിയവരുടെ നിശിതവിമർശനങ്ങളിൽ പ്രതിരോധാവസ്ഥയിലായ കമ്മ്യൂണിസ്റ്റിതര സോഷ്യലിസ്റ്റുകാർ ശരിക്കും മുതലെടുത്തു. അന്ന് കെ.എസ്.പി. നേതാവായിരുന്ന മത്തായി മാഞ്ഞൂരാന്റെ ഒരു ലേഖനത്തിന്റെ തലക്കെട്ട് 'മഹാനായ സ്റ്റാലിനും മണ്ടനായ മത്തായിയും' എന്നായിരുന്നു. അല്പം പരുങ്ങലോടുകൂടിയായിരുന്നെങ്കിലും കമ്മ്യൂണിസ്റ്റുകാർക്കുപോലും ചിരിക്കാതിരിക്കാൻ കഴിയുമോ?

പല യൂറോപ്യൻ കമ്മ്യൂണിസ്റ്റ്പാർട്ടികളിലും ഈ സ്റ്റാലിൻവിരുദ്ധ വികാരം വിള്ളലുണ്ടാക്കി. അതിന്റെ നേതാക്കളിൽ ചിലർ കമ്മ്യൂണിസ്റ്റ് വിരുദ്ധരായി. മാർക്സിസത്തിന്റെയും കമ്മ്യൂണിസത്തിന്റെയും അടിസ്ഥാന സാധുതയിൽ വിശ്വസിച്ചിരുന്ന ഇ. പി. തോംസൺ, പെരി ആൻഡേഴ്സൻ, ഹൈമാർ ലെവി തുടങ്ങിയവർ 'പുത്തൻ ഇടതുപക്ഷം' (ന്യൂ ലെഫ്റ്റ്) എന്ന റിയപ്പെടുന്ന പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളായി. അവർ 'മെർലിൻ' എന്നൊരു ഇടതുപക്ഷ പുസ്തകപ്രസിദ്ധീകരണശാലയും 'ന്യൂ ലെഫ്റ്റ് റിവ്യൂ' എന്നൊരു മാസികയും തുടങ്ങി. ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന അവ ഇപ്പോഴും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചുവരുന്നു. അമേരിക്കയിലും മറ്റു യൂറോപ്യൻ രാജ്യങ്ങളിലും ഇതിന് സമാനമായ പ്രസിദ്ധീകരണങ്ങൾ ഉണ്ട്.

ക്രൂഷേവ് തുടങ്ങിവെച്ച ഈ പ്രക്രിയയെ 'ഡി സ്റ്റാലിനൈസേഷൻ' (അപസ്റ്റാലിനീകരണം) എന്നു വിളിച്ചുവരുന്നുണ്ട്. ക്രൂഷേവിന്റെ ഈ അപസ്റ്റാലിനീകരണത്തിനെതിരെ ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടിയും ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയും പരസ്യമായി രംഗത്തു വന്നു. ഈ എതിർപ്പുകാർ സ്റ്റാലിനെ പൂർണ്ണമായി ന്യായീകരിക്കുന്നില്ല. സ്റ്റാലിന്റെ ക്രിയാത്മകമായ സംഭാവനകളെ തീരെ വിസ്മരിച്ചുകൊണ്ട് നിഷേധാത്മകമായ വശങ്ങൾ മാത്രം ഉയർത്തിക്കാട്ടുന്നത് ഒക്ടോബർ സോഷ്യലിസ്റ്റ്വിപ്ലവത്തെയും സോവിയറ്റ് യൂണിയനെയും ആകെ തിരസ്കരിക്കുന്നതിന് തുല്യമാണെന്നായിരുന്നു അവരുടെ വാദം. സി. പി. ഐ.യും ഈ നിലപാടാണ് എടുത്തത്. സി. പി. ഐ. ജനറൽ സെക്രട്ടറിയായിരുന്ന അജയ്ഘോഷ് ഈ

നിലപാട് വിശദീകരിച്ചുകൊണ്ട് സോവിയറ്റ് വാരിക 'ന്യൂ ടൈംസി'ൽ ഒരു ലേഖനംതന്നെ എഴുതി. ക്രൂഷേവ് അതിനോട് പ്രതികരിച്ചില്ല.

മാവൊ സെ ദൊങ്ങും ചൈനീസ് പാർട്ടിയും ഇന്ത്യൻ പാർട്ടിയേയും അജയ്ഘോഷിനെയുംകാൾ കുറേക്കൂടി മുന്നോട്ടുപോയി. മാർക്സിസം ലെനിനിസത്തിൽ വെള്ളം ചേർത്ത് പ്രസ്ഥാനറിവിഷനിസത്തിലേക്ക് തള്ളി വീഴ്ത്താനുള്ള ഒരു ശ്രമമാണിതെന്നും ക്രൂഷേവ് നയിക്കുന്ന സോവിയറ്റ് പാർട്ടി റിവിഷനിസ്റ്റ് ചെളിക്കുണ്ടിലാണെന്നും ചൈനീസ് പാർട്ടി ആക്ഷേപിച്ചു.

ചൈന സോവിയറ്റ് തർക്കം

ക്രൂഷേവിന്റെയും അദ്ദേഹം നേതൃത്വം നല്കിയ സി. പി. എസ്. യു. വിന്റേയും ഈ നിലപാടിനെ മാവോ സെ ദൊങ്ങ് ചൈനീസ് പാർട്ടിയും ശക്തിയായി എതിർത്തു. പാർട്ടികൾ തമ്മിലുള്ള ഈ ഭിന്നിപ്പ് രാഷ്ട്രങ്ങൾ തമ്മിലുള്ള ഭിന്നിപ്പായി മാറി. സോവിയറ്റ് യൂണിയനും ജനകീയചൈനയും തമ്മിലുള്ള ബന്ധം വഷളായതോടെ ക്രൂഷേവ് പ്രതികാരബുദ്ധിയോടെ ചൈനയെ ഒതുക്കാൻ ദുരുപദിഷ്ടമായ ചില നടപടികൾ കൈക്കൊണ്ടു. ചൈനയ്ക്ക് സാമ്പത്തികവികസനത്തിന് ഗണ്യമായ സഹായമാണ് സോവിയറ്റ് യൂണിയൻ നൽകിക്കൊണ്ടിരുന്നത്. 1960-'62-ൽ ഒരു മുന്നറിയിപ്പുപോലുമില്ലാതെ ക്രൂഷേവ് ഈ സഹായങ്ങളൊക്കെ നിർത്തുകയും, നിർമ്മാണത്തിലിരുന്ന പദ്ധതികളുടെ സാമഗ്രികളും പൊളിച്ചോണ്ടുപോവുകയും ചെയ്തു. ചൈന സ്വയം ഈ പദ്ധതികൾ പൂർത്തിയാക്കരുതെന്ന ഉദ്ദേശത്തോടെ അവയുടെ ബ്ലൂപ്രിന്റുകൾപോലും റഷ്യൻ എൻജിനിയർമാർ തിരിച്ചെടുത്തുകൊണ്ടുപോയി. അങ്ങനെ ഈ ഘട്ടമെത്തിയപ്പോഴേക്കും ലോക കമ്മ്യൂണിസ്റ്റ്പ്രസ്ഥാനംതന്നെ സോവിയറ്റ് അനുകൂലിയും ചൈനീസ് അനുകൂലിയും ആയി പിളർന്നു എന്നു പറയാം.

ക്രൂഷേവിന്റെ റിവിഷണലിസം അഥവാ തിരുത്തൽവാദം അവിടെയും നിന്നില്ല. ഇനിമേൽ വിപ്ലവത്തിന് ബലപ്രയോഗം ആവശ്യമില്ലെന്നും സമാധാനപരമായി പരിശ്രമത്തിലൂടെ സോഷ്യലിസം സ്ഥാപിക്കാമെന്നും അദ്ദേഹം വാദിച്ചു. സോഷ്യലിസ്റ്റ്വ്യവസ്ഥയും മുതലാളിത്തവ്യവസ്ഥയും തമ്മിൽ സമാധാനപരമായ സഹവർത്തിത്വം എന്ന് ലെനിനിസ്റ്റ്സിദ്ധാന്തത്തെ വർഗ്ഗസഹകരണത്തിന്റേതായി ക്രൂഷേവ് മാറ്റിയതിൽ ലോകകമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രരംഗത്ത് ഭിന്നിപ്പിന് വഴിവെച്ചു. ചൈനയുടെ നിലപാടുകളോട് പൂർണ്ണമായും യോജിച്ചില്ലെങ്കിലും ക്രൂഷേവിന്റെ മിതവാദപരമായ നിലപാടുകളെ ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയിലെ ഒരു വലിയ ഭാഗം എതിർത്തു. ഒരു മറ്റേ ഭാഗം ക്രൂഷേവ് പക്ഷത്തിലായിരുന്നു. 1964-ലെ ഏഴാം പാർട്ടികോൺഗ്രസ്സോടുകൂടി ഈ രണ്ടു വിഭാഗക്കാരും തമ്മിൽ തെറ്റിപ്പിരിഞ്ഞ് സി. പി. ഐ.യും സി. പി. ഐ. (എം.)ഉം രണ്ട് പാർട്ടികളായി. സി.പി.ഐ. ക്കാർ, സി.പി.എം.കാരെ ചൈനീസ് പക്ഷവാദികളായി മുദ്രകുത്തി. ഈ ഭിന്നി

പ്പിന്റെ കാരണം ചൈനീസ് സോവിയറ്റ് ഭിന്നതയായിരുന്നില്ല. നേരത്തെ വിവരിച്ചതുപോലെ ഇന്ത്യൻ തൊഴിലാളിവർഗ്ഗത്തിന്റെ മുഖ്യ എതിരാളി വൻകിട ബ്രൂർഷ്വാ-ഭൂപ്രഭുസഖ്യത്തിന്റെ പാർട്ടിയായ കോൺഗ്രസ്സും അവർ നയിക്കുന്ന ഗവൺമെന്റുമാണ് എന്ന് സി. പി. ഐ. (എം.) വാദിച്ചു. എന്നാൽ കോൺഗ്രസ് സാമ്രാജ്യവിരുദ്ധ ബൂർഷ്വാവിരുദ്ധ പാർട്ടിയാണെന്നും അതുമായി സഖ്യംചെയ്യണമെന്നുമായിരുന്നു സി.പി.ഐ.യുടെ നിലപാട്. സി. പി. ഐ.യുടെ ഈ നിലപാടും സി.പി.ഐ. (എം.)നെതിരെയുള്ള ആരോപണവും കണക്കിലെടുത്ത് പ്രയോജനപ്പെടുത്തി, ഇൻഡ്യാഗവൺമെന്റ് സി. പി. ഐ. (എം.) നേതാക്കളെയും കേഡർമാരെയും വ്യാപകമായി അറസ്റ്റുചെയ്ത് തടവിലാക്കി. 1962-ലെ ഇന്ത്യാ-ചൈനീസ് അതിർത്തി സംഘട്ടനത്തിൽ സി. പി. ഐ. (എം.) എടുത്ത നിലപാടും സി. പി. ഐ.യും കോൺഗ്രസ്സും സി. പി. ഐ. (എം.)നെതിരേയുള്ള ആക്രമണത്തിന് ഉപാധിയാക്കി. ചൈനയുടെ അതിർത്തി സംബന്ധിച്ച അവകാശവാദത്തെയോ അവർ നടത്തിയ സംഘട്ടനത്തെയോ സി. പി. ഐ. (എം.) അനുകൂലിച്ചിരുന്നില്ല. ഇരുകൂട്ടരും കൂടിയാലോചിച്ച് ഒരു ഒത്തുതീർപ്പിലെത്തുകയല്ലാതെ ഇന്ത്യയ്ക്ക് ചൈനയേയോ ചൈനയ്ക്ക് ഇൻഡ്യയേയോ ആക്രമിച്ച് കീഴ്പെടുത്താനൊക്കുകയില്ല എന്ന യാഥാർത്ഥ്യം സി.പി.ഐ. ആവർത്തിച്ചു പറഞ്ഞുവെന്നേയുള്ളൂ.

ഈ പ്രശ്നങ്ങളിലെല്ലാം ദാമോദരൻ സി.പി.ഐ. നിലപാട് ഉയർത്തിപ്പിടിച്ചു. 1964-ൽ കെ. ദാമോദരൻ പിളർപ്പിന് തൊട്ടുമുൻപുള്ള സി. പി. ഐ. യുടെ സ്ഥാനാർത്ഥിയെന്ന നിലയിൽ രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 1950-ൽ ദാമോദരനെ വിജയവാഡാ പാർട്ടികോൺഗ്രസ്സിൽവെച്ച് പാർട്ടി നാഷണൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ പ്രവർത്തനമേഖല അഖിലേന്ത്യാതലത്തിലേക്ക് വ്യാപിക്കുകയായിരുന്നു.

സ്റ്റാലിൻപ്രശ്നം ഇൻഡ്യയിൽ

ക്രൂഷേവിന്റെ അപസ്റ്റാലിനീകരണം യൂറോപ്യൻ രാഷ്ട്രങ്ങളിലെ കമ്മ്യൂണിസ്റ്റുകാർക്കിടയിൽ ഉണ്ടാക്കിയ കോളിളക്കങ്ങളും പിളർപ്പുകളും ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകാർക്കിടയിൽ ആവർത്തിച്ചില്ല. തീർച്ചയായും നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ ആരാധനാവിഗ്രഹമായിരുന്ന സ്റ്റാലിന്റെ പതനം ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകാരെ ഞെട്ടിക്കുകയും വേദനിപ്പിക്കുകയും വീണ്ടുവിചാരത്തിന് പ്രേരിപ്പിക്കുകയും ചെയ്തു എന്നത് അനിഷേദ്ധ്യംതന്നെ. ദാമോദരനെത്തന്നെ അത് എങ്ങനെ ആശയക്കുഴപ്പത്തിലാക്കി എന്നത് അദ്ദേഹത്തിന്റെ വാക്കുകളിൽത്തന്നെ നേരത്തെ ഉദ്ധരിച്ചിരുന്നുവല്ലോ.

ഉറക്കമില്ലാത്ത രാത്രികളും ആലോചനാനിരതമായ പകലുകളും ചെലവഴിച്ച് ഒരുവിധം പുതിയ സാഹചര്യവുമായി പൊരുത്തപ്പെടാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റുകാർ ഭൂരിപക്ഷവും ഇപ്രകാരം പൊരുത്തപ്പെടാൻ ശ്രമിക്കുകയും അതിരുകടന്ന് അപസ്റ്റാലിനീകരണപ്രവ

ണതകളെ എതിർക്കുകയും ചെയ്തത് വിവരിച്ചുവല്ലോ. എന്നാൽ ചുരുക്കം ചിലർക്ക് പൊരുത്തപ്പെടാൻ കഴിഞ്ഞില്ല. അവരിലൊരാൾ സി. അച്ചുത മേനോൻ ആയിരുന്നു.

ക്രൂഷേവിന്റെ വെളിപ്പെടുത്തലുകൾ അദ്ദേഹത്തെ വല്ലാതെ ഉലച്ചുക ളഞ്ഞു. കുറേ ദിവസത്തെ ആലോചനയ്ക്കുശേഷം അദ്ദേഹം പാർട്ടി യിൽനിന്നു രാജിവെച്ചു പോകാൻതന്നെ തീരുമാനിച്ചു. രാജിക്കത്ത് പാർട്ടി യുടെ സംസ്ഥാനകമ്മറ്റിയാഫീസിൽ നൽകിയശേഷം മനസ്സമാധാനത്തിനും വിശ്രമത്തിനുമായി അദ്ദേഹം കൊടുങ്ങല്ലൂരിലെ ഭാര്യാഗൃഹത്തിലേക്കു പോയി.

പാലക്കാട്ടെ പാർട്ടി കോൺഗ്രസ്സിലുംമറ്റും വ്യക്തമായതുപോലെ ഉൾപ്പാർട്ടിസമരങ്ങളിൽ അച്ചുതമേനോന്റെ മിതവാദനിലപാടുകളോട് യോജി പ്പുള്ള ആളായിരുന്നു ദാമോദരൻ എന്നു പറഞ്ഞിട്ടുണ്ടല്ലോ. അഖിലേന്ത്യാ തലത്തിൽത്തന്നെ ബംഗാളിലെ വിശ്വനാഥൻ മുഖർജി, ഭവാനിസെൻ, ആന്ധ്ര യിലെ സി. രാജേശ്വരറാവു, മഹാരാഷ്ട്രയിലെ എസ്.എ. ഡാങ്കെ, എസ്. ജി. ഡർദേശായി തമിഴ്നാട്ടിലെ രാജമാണിക്യം, കല്യാണസുന്ദരം തുടങ്ങി യവരോടൊപ്പം ദാമോദരന്റെ രാഷ്ട്രീയനിലപാടുകാരനായ അച്ചുതമേനോന്റെ ഈ നടപടി ദാമോദരനെ ദുഃഖിതനാക്കി. ദാമോദരൻ ഏതാനും ദിവസത്തെ ആലോചനയ്ക്കും പഠനത്തിനും ശേഷം പുതിയ സാഹചര്യവുമായി പൊരു ത്തപ്പെട്ടു തുടങ്ങിയതിനാൽ അച്ചുതമേനോനെ തിരികെക്കൊണ്ടുവരാൻ ഏറ്റവും കഴിവുള്ളയാൾ അദ്ദേഹംതന്നെയായിരുന്നു. ദാമോദരൻ നേരെ കൊടുങ്ങല്ലൂരിലേക്കു പോയി. അച്ചുതമേനോനുമായി ഒരുദിവസം മുഴുവനും സംവാദം നടത്തി. ഒടുവിൽ അച്ചുതമേനോൻ ദാമോദരനോട് യോജിക്കുകയും പാർട്ടി സംസ്ഥാന കമ്മറ്റിയാഫീസിൽ തിരിച്ചെത്തി രാജിക്കത്ത് പിൻവലി ക്കുകയും ചെയ്തു.

പാസ്റ്റർനാക്കും ക്രൂഷേവും

1958-ൽ സോവിയറ്റ് റൈറ്റേഴ്സ് യൂണിയന്റെ ആഭിമുഖ്യത്തിൽ താഷ്കെന്റിൽവെച്ച് ആഫ്രിക്കയിലെയും ഏഷ്യയിലെയും എഴുത്തുകാരുടെ ഒരു സമ്മേളനം ചേരുകയുണ്ടായി. അതിൽ പങ്കെടുത്ത ഇന്ത്യൻ പ്രതിനിധി സംഘത്തിൽ ദാമോദരനും ഉണ്ടായിരുന്നു. വിപുലമായ വായനയും റഷ്യൻ ഉൾപ്പെടെ വിവിധ ഭാഷകളിൽ പാണ്ഡിത്യവും ഉണ്ടായിരുന്ന ദാമോദരൻ സമ്മേളനത്തിൽ ശ്രദ്ധേയമായ പങ്കാണ് വഹിച്ചത്.

ആയിടയ്ക്കാണ് ബോറിസ് പാസ്റ്റർനാക്കിന്റെ ഡോക്ടർ ഷിവാഗോ എന്ന ആഖ്യായിക പുറത്തുവന്നത്—വിവാദങ്ങൾക്ക് വഴിവെച്ചത്. സോവിയറ്റ് യൂണിയന്റെ സ്ഥിതിഗതികളെ വിമർശിക്കുന്ന ഒരു ആഖ്യായികയായിരുന്നു അത്. അതുകൊണ്ടായിരിക്കാം അതിന് നോബൽസമ്മാനം ലഭിച്ചത്. സോവി യറ്റ് അധികൃതർക്ക് ഈ നടപടി അരോചകമായി തോന്നി. പാസ്റ്റർ നാക്കിനെ നോബൽസമ്മാനം വാങ്ങാൻ സ്വീഡനിലേക്കു പോകാൻ സർക്കാർ അനു

വാദം കൊടുത്തില്ല. മാത്രവുമല്ല ആ പുസ്തകം നിരോധിക്കുകയും ചെയ്തു. ആഫ്രോ ഏഷ്യൻ എഴുത്തുകാരുടെ സമ്മേളനത്തിൽ ഈ പ്രശ്നം ചിലർ ഉന്നയിച്ചുവെങ്കിലും ആതിഥേയരായി എഴുത്തുകാരുടെ യൂണിയൻ അവർ വിവാദവിഷയമാക്കാൻ തയ്യാറാകാതെ തന്ത്രപൂർവ്വം ഒതുക്കിക്കളഞ്ഞു.

ആഫ്രോ ഏഷ്യൻ എഴുത്തുകാരുടെ സമ്മേളനം അവസാനിച്ചശേഷം അതിലെത്തിയ വിദേശപ്രതിനിധികളെ സോവിയറ്റ് യൂണിയനിൽ ചുറ്റിസ്സഞ്ചരിച്ച് കാഴ്ചകൾ കാണാനും പഠിക്കാനും ക്ഷണം ലഭിച്ചിരുന്നു. ആ ക്ഷണം ഉപയോഗിച്ച് ദാമോദരൻ ആദ്യം പോയത് മോസ്കോവിലേക്കാണ്. മോസ്കോയിലെ ബോൾഷോയ് നാട്യശാലയിൽ അവിടെ പതിവായി പ്രദർശിപ്പിച്ചുപോന്ന 'ബോൾഷോയ് ബാലേ' വിശ്വപ്രസിദ്ധമാണ്. ദാമോദരൻ ഒരു വിശിഷ്ടാതിഥി എന്ന നിലയിൽ ബാലേ കാണാൻ തിയറ്ററിൽ എത്തി. ബാലേ തുടങ്ങിക്കഴിഞ്ഞപ്പോൾ സാമാന്യം തടിച്ച ഒരാൾ അദ്ദേഹത്തിന്റെ അടുത്ത സീറ്റിൽ ഉപവിഷ്ടനായി. സൂക്ഷിച്ചുനോക്കിയപ്പോൾ ദാമോദരൻ അല്പം അമ്പരന്നു. അത് നികിതാ ക്രൂഷേവ്തന്നെ ആയിരുന്നു. റഷ്യൻ ഭാഷ അറിയാമായിരുന്ന ദാമോദരൻ കളിക്കിടയിൽ ക്രൂഷേവിനോട് സ്വയം പരിചയപ്പെടുത്തുകയും കുശലപ്രശ്നങ്ങൾ നടത്തുകയും ചെയ്തു. ഇൻഡ്യയിൽനിന്നുള്ള വിശിഷ്ടാതിഥി എന്ന നിലയിൽ ക്രൂഷേവ് സ്നേഹാദരങ്ങളോടെയാണ് ദാമോദരനോട് സംസാരിച്ചത്. ദാമോദരൻ പത്രാധിപർ എന്ന നിലയിൽ 'നവയുഗ'ത്തിൽ പാസ്റ്റർ നാക്കിനെതിരെ അധികൃതർ കൈക്കൊണ്ട നയത്തെ ന്യായീകരിച്ചിരുന്നുവെങ്കിലും ആ പ്രശ്നം അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നു. ആയിടെ റഷ്യക്കാരുടെ മദ്യപാനാസക്തിയെ വിമർശിച്ചുകൊണ്ട് ക്രൂഷേവ് ഒരു പരസ്യപ്രസ്താവന ചെയ്തിരുന്നു. ദാമോദരൻ അക്കാര്യം എടുത്തുപറഞ്ഞുകൊണ്ട് ക്രൂഷേവിനെ അഭിനന്ദിക്കുകയും ഇൻഡ്യയിലെപ്പോലെ മദ്യനിരോധനത്തെപ്പറ്റി ആലോചിച്ചുകൂടേ എന്ന് ചോദിക്കുകയും ചെയ്തു. വെറും നിയമംകൊണ്ടുമാത്രം മദ്യാപാനാസക്തി കുറയ്ക്കാൻ കഴിയില്ലെന്നും അതിന് പൊതുജനാഭിപ്രായം വളർത്തിയെടുക്കേണ്ടതുണ്ടെന്നും ക്രൂഷേവ് പറഞ്ഞു. പൊതുജനാഭിപ്രായം സൃഷ്ടിക്കാതെ നിരോധനം ഏർപ്പെടുത്തിയാൽ വ്യാജവാറ്റും കള്ളക്കച്ചവടവും വ്യാപകമാവുകയേയുള്ളൂ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അപ്പോൾ പാസ്റ്റർ നാക്കിന്റെ കാര്യത്തിലും അതല്ലേ യുക്തമായ നടപടി? പുസ്തകം നിരോധിച്ചാൽ അതിന്റെ വ്യാജപ്പതിപ്പുകൾ രഹസ്യമായി ആളുകൾ വായിക്കുകയും അനർഹമായ പ്രചാരം അതിന് ലഭിക്കുകയുമല്ല ഫലം? ക്രൂഷേവ് പാസ്റ്റർ നാക്ക് കാര്യത്തിൽ താനൊന്നും ചെയ്തിട്ടില്ലെന്നും സോവിയറ്റ് എഴുത്തുകാരുടെ സംഘടനയാണ് പുസ്തകപ്രസിദ്ധീകരണം തടഞ്ഞതെന്നും അറിയിച്ചു. ഒക്ടോബർവിപ്ലവം കഴിഞ്ഞിട്ട് അരനൂറ്റാണ്ടായിട്ടും ഒരു പുസ്തകം സുരക്ഷിതത്വത്തിന് ഹാനിയാണെന്ന് കരുതതക്കവിധം സോവിയറ്റ് യൂണിയൻ അത്ര ദുർബ്ബലമാണോ എന്നായി ദാമോദരൻ. ക്രൂഷേവ് അല്പം മുഷിഞ്ഞതുപോലെ നമുക്ക് ബാലേ കാണാം എന്നു പറഞ്ഞു സംഭാഷണം അവസാനിപ്പിച്ചു.

ആഫ്രോ-ഏഷ്യൻ സമ്മേളനത്തിൽ വിവിധരാജ്യങ്ങളിൽനിന്ന് എത്തിയ എഴുത്തുകാരുടെ മുമ്പിൽവച്ച് സോവിയറ്റ് റൈറ്റേഴ്സ് യൂണിയനുമായി ഇക്കാര്യത്തെക്കുറിച്ച് തർക്കിക്കുന്നത് അനുചിതമാകുമെന്നു കരുതി ദാമോദരൻ മൗനംഭജിക്കുകയാണുണ്ടായത്. എന്നാൽ റൈറ്റേഴ്സ് യൂണിയൻ ഭാരവാഹികളുമായി തനിയെ സംസാരിക്കാൻ അവസരം കിട്ടിയപ്പോൾ ദാമോദരൻ പാസ്റ്റർ നാക്ക് പ്രശ്നം വീണ്ടും എടുത്തിട്ടു. യൂണിയൻകാർ അവരുടെ നിലപാടിനെ ശക്തിയായി ന്യായീകരിക്കുകയാണുണ്ടായത്. പശ്ചാത്താപമൊന്നും പ്രകടിപ്പിച്ചില്ല.

ഇതിൽനിന്നെല്ലാം ദാമോദരൻ ഒരു നിഗമനത്തിലെത്തി. പൗരസ്വാതന്ത്ര്യങ്ങളെ നിഷേധിച്ചുവെന്നും സോഷ്യലിസ്റ്റ് നിയമങ്ങൾപോലും ലംഘിച്ചുവെന്നും വിമർശകരെ പീഡിപ്പിക്കുകയും അടിച്ചമർത്തുകയും ചെയ്തുവെന്നും സ്റ്റാലിനെ കുറ്റപ്പെടുത്തി. കോലാഹലം ഉണ്ടാക്കിയ നികിത ക്രൂഷേവ്തന്നെ സ്റ്റാലിനിസ്റ്റ് സമ്പ്രദായങ്ങൾ തുടരുകയാണെന്നതായിരുന്നു ദാമോദരന്റെ നിഗമനം. ക്രൂഷേവിനെ ഒരു പെൻഷൻ കൊടുത്ത് പിരിച്ചയച്ചശേഷം അധികാരമേറ്റ ലിയോണിഡ് ബ്രഷ്നേവും ഇക്കാര്യത്തിൽ ക്രൂഷേവിന്റെ പാതതന്നെയാണ് പിൻതുടർന്നത്. ദാമോദരനും സി.പി.ഐ.യും ക്രൂഷേവിന്റെ ആരാധകരും പിന്നീട് ബ്രഷ്നേവിന്റെ അനുകൂലികളുമായിരുന്നു എന്നത് അർത്ഥവത്താണ്. സാർവ്വദേശീയതലത്തിൽ സോവിയറ്റ് റിവിഷനിസത്തെ അനുകൂലിക്കുകയും സെക്ടേറിയനെന്ന് അവർ വിശേഷിപ്പിച്ച ചൈനീസ് പാർട്ടിയെ എതിർക്കുകയും ചെയ്തതിന്റെ ഭാഗമായിരുന്നു ഈ നിലപാട്. സോവിയറ്റ് യൂണിയന്റെ ഈ നിലപാടാണ് 1990-'91-ൽ അതിന്റെ തകർച്ചയ്ക്ക് വഴിവച്ചതെന്ന് പലരും കരുതുന്നു.

വിയത്ത്നാമും ചൈനയും

കമ്മ്യൂണിസ്റ്റ്പാർട്ടിയിലെ പ്രത്യയശാസ്ത്രഭിന്നത പാലക്കാട് പാർട്ടി കോൺഗ്രസ്സിനുശേഷം കൂടുതൽ രൂക്ഷമായി. ഈ സാഹചര്യത്തിലാണ് 1960-ൽ വിജയവാഡയിൽവച്ച് പാർട്ടിയുടെ ആറാം കോൺഗ്രസ് ചേർന്നത്. (1958-ൽ അമൃത്സറിൽവച്ച് പാർട്ടിയുടെ ഒരു പ്രത്യേകകോൺഗ്രസ് ചേർന്നതുകൊണ്ടാണ് വിജയവാഡയിലെ കോൺഗ്രസ്സിനെ ആറാമത്തേത് എന്നു വിശേഷിപ്പിക്കുന്നത്.) കോൺഗ്രസ്സിൽ രണ്ടഭിപ്രായക്കാരും അവരവരുടേതായ നിലപാട് വിശദീകരിച്ചുകൊണ്ട് രേഖകൾ സമർപ്പിച്ചിരുന്നു. കൂടാതെ ഔദ്യോഗികപക്ഷത്തുനിന്നും പാർട്ടി നാഷണൽ കൗൺസിലിലെ ഒരു രേഖയുമുണ്ടായിരുന്നു. സോവിയറ്റ്-ചൈന തർക്കം, ഇൻഡ്യാ-ചൈന തർക്കം, മുതലായ ദുർഘടപ്രശ്നങ്ങൾ ചർച്ചയ്ക്കുവന്നു. രണ്ടു വിരുദ്ധകക്ഷികളുടെ രേഖകൾ മാത്രമല്ല ഔദ്യോഗികപക്ഷത്തിനുവേണ്ടി ജനറൽ സെക്രട്ടറി അജയഘോഷ് അവതരിപ്പിച്ച രേഖയും തിരസ്കരിക്കപ്പെട്ടു. എങ്കിലും ആ രേഖയെ മുൻനിർത്തിക്കൊണ്ട് അജയ്ഘോഷ് അതിസമർത്ഥമായി വിവിധ വിഭാഗങ്ങളുടെ അഭിപ്രായങ്ങൾ സമന്വയിച്ച് പാർട്ടി കോൺഗ്രസ്സിന്റെ അംഗീ

കാരംനേടി. ഈ സമന്വയത്തിന്റെ ഭാഗമായി പുതിയ നാഷണൽ കൗൺസിലും വിവിധ അഭിപ്രായക്കാർക്ക് പ്രാതിനിധ്യം നല്കി. 'ഇഴച്ചുകെട്ടിയാൽ മുഴച്ചു നില്ക്കും' എന്ന ചൊല്ല് വിജയവാഡതീരുമാനങ്ങൾക്കുണ്ടായിരുന്നതു കൊണ്ട് അധികം താമസിയാതെ ഭിന്നിപ്പ് വീണ്ടും പൊട്ടിപ്പുറപ്പെടുകയും 1964-ൽ പാർട്ടി പിളരുകയും ചെയ്തു എന്നത് നേരത്തെ പരാമർശിച്ചതാണല്ലോ. മിതവാദപക്ഷത്തുനിന്നും കെ. ദാമോദരൻ നാഷണൽ കൗൺസിലിലേക്കു തെരഞ്ഞെടുക്കപ്പെട്ടു.

അധികം താമസിയാതെ ആ വർഷംതന്നെയാണ് വിയത്ത്നാം വർക്കേഴ്സ് (കമ്മ്യൂണിസ്റ്റ്)പാർട്ടിയുടെ മൂന്നാം സമ്മേളനം ഹാനോയിൽവച്ച് ചേർന്നത്. വിയത്ത്നാം അപ്പോഴും പൂർണ്ണമായി ഫ്രഞ്ച് ആധിപത്യത്തിൽ നിന്നും വിമുക്തമായിരുന്നില്ല. തെക്കൻ വിയത്ത്നാം അപ്പോഴും ഫ്രഞ്ച് കൊളോണിയൽ അധികൃതരുടെ ആശ്രിതന്മാരാണ് ഭരിച്ചിരുന്നത്. വിയത്ത്നാം പാർട്ടിയുടെ മൂന്നാം കോൺഗ്രസ്സിലേക്ക് സഹോദരപാർട്ടി പ്രതിനിധികളായി ദാമോദരനെയും ബംഗാളിലെ കർഷകനേതാവായിരുന്ന ഹരേകൃഷ്ണ കോനാരെയും നിയോഗിച്ചു.

കോനാരുമൊത്ത് ഹാനോയിൽ എത്തിയ ദാമോദരൻ പല രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ്നേതാക്കളുമായി പരിചയപ്പെടുകയും സംഭാഷണം നടത്തുകയും ചെയ്തു. റഷ്യയും ചൈനയും തമ്മിലുള്ള ഭിന്നിപ്പ് രൂക്ഷമാകാൻ തുടങ്ങിയ സന്ദർഭമായിരുന്നു അത്. അതുകൊണ്ട് ഈ ചർച്ചകൾ പല കാര്യങ്ങളും വ്യക്തമാകാൻ സഹായിച്ചു. തങ്ങളുടെ നിലപാട് വിശദീകരിച്ചുകൊടുക്കാൻ റഷ്യൻ ദൗത്യസംഘം ദാമോദരനെയും മറ്റു ചില സഖാക്കളെയും അത്താഴവിരുന്നിനു ക്ഷണിച്ചു. റഷ്യ-ചൈന തർക്കത്തിൽ ദാമോദരൻ പൊതുവെ റഷ്യയുടെ ഭാഗത്തായിരുന്നുവെങ്കിലും കാര്യങ്ങൾ കൂടുതൽ വ്യക്തമായി മനസ്സിലാകാൻവേണ്ടി റഷ്യക്കാർക്ക് അരോചകമായ പല ചോദ്യങ്ങളും അദ്ദേഹം ഉന്നയിച്ചു. ഇക്കാര്യം അറിഞ്ഞ ചൈനീസ് പ്രതിനിധികൾ ദാമോദരനെയും കോനാരെയും ചൈന സന്ദർശിക്കാൻ ക്ഷണിച്ചു. പക്ഷേ, അവർക്ക് ചൈന സന്ദർശിക്കാനുള്ള അനുവാദം ഇന്ത്യൻ സർക്കാരിൽനിന്ന് ലഭിച്ചിരുന്നില്ല. അതുകൊണ്ട് രഹസ്യമായും നിയമവിരുദ്ധമായും ചൈനയുടെ ഒരു വിമാനത്തിലാണവർ ബീജിങ്ങിൽ എത്തിച്ചേർന്നതും അഞ്ചു ദിവസം അവിടെ താമസിച്ച് സംഭാഷണം നടത്തിയതും.

മാവൊ സെ ദൊങ് കഴിഞ്ഞാൽ ഏറ്റവും പ്രമുഖനായ ചൈനീസ് നേതാവും വിദേശകാര്യമന്ത്രിയുമായിരുന്ന ഷു എൻലായ് ആണ് കോനാരും ദാമോദരനുമായി സംഭാഷണം നടത്തിയത്. റഷ്യക്കാർ ചൈനയോടു ചെയ്ത അപരാധങ്ങളെക്കുറിച്ച് ഷൂ എൻലായ് പറഞ്ഞത് ദാമോദരനും കോനാർക്കും ന്യായമായി തോന്നിയെങ്കിലും ഇന്ത്യ-ചൈന അതിർത്തിത്തർക്കത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞത് ബോദ്ധ്യമായില്ല. മനുഷ്യവാസം അസാദ്ധ്യമായ ഹിമവൽസാനുക്കളിലെ അല്പം സ്ഥലത്തെ മുൻനിർത്തി ഒരു സംഘർഷം സൃഷ്ടിക്കുന്നതു ശരിയാണോ എന്ന് ആരാഞ്ഞപ്പോൾ ഷു

എൻലായി അതിശക്തിയായി ചൈനീസ് നിലപാടിനെ ന്യായീകരിക്കുകയാണുണ്ടായത്.

ചൈനയിൽനിന്നും തിരിച്ച് ഹാനോയിൽ എത്തിയ ദാമോദരനെയും കോനാരെയും പ്രസിഡന്റ് ഹോച്ചിമിൻ ഒരു ചായസല്ക്കാരത്തിനായി ക്ഷണിച്ചത് ദാമോദരനെ പുളകംകൊള്ളിച്ചു. സാമ്രാജ്യത്വത്തിനെതിരെ വീരോചിതമായി പടവെട്ടി ജയിച്ച ഈ പൊക്കം കുറഞ്ഞു മെലിഞ്ഞ ഊശാൻതാടിക്കാരന്റെ കണ്ണുകളിലെ തിളക്കം ദാമോദരന് അവസാനകാലം വരെ അവിസ്മരണീയമായിരുന്നു. രണ്ടു കൈയും നീട്ടി ദാമോദരനെയും കോനാരെയും സ്വീകരിച്ചാശ്ലേഷിച്ചു ചുംബിച്ച ഈ മഹനായ മനുഷ്യൻ വിവിധഭാഷാപണ്ഡിതനും കവിയും ദാർശനികനും സൈനികതന്ത്രജ്ഞനുമായിരുന്നു. 1927-ൽ ജനീവയിൽവച്ചു നടന്ന സാർവ്വദേശീയ സാമ്രാജ്യവിരുദ്ധസമ്മേളനത്തിൽവച്ച് ജവഹർലാൽ നെഹ്റുവിനെയും അച്ഛൻ മോത്തിലാൽ നെഹ്റുവിനെയും അദ്ദേഹം പരിചയപ്പെട്ടിരുന്നു. സാമ്രാജ്യവിരുദ്ധലീഗിന്റെ ജോയിന്റ് സെക്രട്ടറിമാരിലൊരാളായിരുന്നു ഹോച്ചിമിൻ. തന്റെ ജീവിതത്തിൽ വലിയവരും ചെറിയവരുമായ അനേകം ലോകനേതാക്കളെ കണ്ട് സംസാരിച്ചിട്ടുണ്ടെങ്കിലും അവരെക്കാളെല്ലാം മഹാനാണ് ഈ വിറകുകോൽപോലുള്ള മനുഷ്യൻ എന്ന് ദാമോദരനു തോന്നി. പല കാര്യങ്ങളെക്കുറിച്ചും അദ്ദേഹത്തിന്റെ പക്വമായ അഭിപ്രായങ്ങൾ ദാമോദരന് എക്കാലത്തും പ്രചോദകമായിരുന്നു.

വീണ്ടും റഷ്യയിൽ

ഒരു രോഗബാധയെത്തുടർന്ന് വിദഗ്ദ്ധചികിത്സയ്ക്കായി കെ. ദാമോദരൻ സോവിയറ്റ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ക്ഷണപ്രകാരം വീണ്ടും റഷ്യയിലേക്കു പോയി. വിദേശത്ത് അതിഥികളുടെ ചികിത്സയ്ക്കും ശുശ്രൂഷയ്ക്കുമായി കരിങ്കടൽതീരത്ത് ഒരുക്കിയിരുന്ന ഒരു സാനട്ടോറിയത്തിലാണ് ദാമോദരനെ പ്രവേശിപ്പിച്ചത്. ദാമോദരൻ അവിടെ ചികിത്സയ്ക്കായി എത്തുമ്പോൾ സോവിയറ്റ് യൂണിയനിലാകെ ഒരുത്സവാഘോഷപ്രതീതിയായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ ഫ്രഞ്ച്ചക്രവർത്തിയായി സ്വയം അവരോധിച്ച നെപ്പോളിയൻ ബോണപ്പാർട്ടിനെ റഷ്യൻ ജനതയും ഭീകരമായ മഞ്ഞുകാലവും ഒത്തുചേർന്ന് പരാജയപ്പെടുത്തിയതിന്റെ നൂറാം വാർഷികാഘോഷങ്ങളായിരുന്നു. ഈ ആഘോഷത്തിനുവേണ്ടിയുള്ള പ്രചാരവേലയിൽ സങ്കുചിതമായ ദേശീയവികാരം ആളിപ്പടർന്നുകൊണ്ടിരുന്നു. തൊഴിലാളിവർഗ്ഗസാർവ്വദേശീയത്വവുമായി പൊരുത്തപ്പെടുന്നതല്ല ഈ സങ്കുചിതദേശീയത എന്ന് ദാമോദരനു തോന്നി.

1789-ലെ ഫ്രഞ്ച് ബൂർഷ്വാ വിപ്ലവത്തിന്റെ സംരക്ഷകനും പ്രചാരകനും ആയിട്ടാണ് മുഖ്യധരണ്യാഴിയിൽ കോഴ്സിക്ക എന്ന അപ്രധാനദ്വീപിലെ ഒരു കാലാൾപ്പടയാളിയും ഭാഗ്യാന്വേഷിയുമായ നെപ്പോളിയൻ ഫ്രാൻസിൽ എത്തിപ്പെട്ടത്. തന്റെ വീരസാഹസികകൃത്യങ്ങൾകൊണ്ട് സൈന്യത്തി

ന്റെയും രാഷ്ട്രത്തിന്റെയും തലവനായ നെപ്പോളിയന്റെ യൂറോപ്യൻ ആക്രമണങ്ങൾ ഒന്നിനൊന്നു വിജയിച്ചുകൊണ്ടിരുന്നു. നെപ്പോളിയൻ സ്വയം ചക്രവർത്തിയായി പ്രഖ്യാപിച്ചെങ്കിലും അദ്ദേഹത്തിന്റെ ആക്രമണങ്ങൾ ഫ്രാൻസിലെപ്പോലെ യൂറോപ്പിലെ ഫ്യൂഡൽവ്യവസ്ഥയെ തകർത്തു. ഫ്രാൻസിനും മറ്റു രാജ്യങ്ങൾക്കുംവേണ്ടി നെപ്പോളിയൻ ആവിഷ്കരിച്ചു നടപ്പാക്കിയ നിയമസംഹിതകൾ (നെപ്പോളിയാണിക് കോഡ്) ബൂർഷ്വാ വ്യവസ്ഥയുടെ അടിത്തറയായി മാറി. ഈ സാഹചര്യത്തിൽ റഷ്യയിലേക്ക് തന്റെ സൈന്യവുമായി മാർച്ചുചെയ്ത നെപ്പോളിയൻ റഷ്യയിലെ മുരത്ത ഫ്യൂഡൽ വ്യവസ്ഥയ്ക്ക് വെല്ലുവിളി ഉയർത്തി. നെപ്പോളിയൻ പിടിച്ചെടുത്തോളം പശ്ചിമറഷ്യൻ ഭാഗങ്ങളിൽ 'നെപ്പോളിയാണിക് കോഡ്' നടപ്പാക്കിത്തുടങ്ങിയിരുന്നു. (അതുകൊണ്ട് നെപ്പോളിയന്റെ ആക്രമണം റഷ്യയുടെ ദേശീയപരമാധികാരത്തിനെതിരെയുള്ള വെല്ലുവിളി ആയിരുന്നുവെങ്കിലും അതിൽ ഒരു പുരോഗമനഘടകം അടങ്ങീട്ടുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിൽ കിഴക്കൻ യൂറോപ്പിൽ റഷ്യൻ ചുവപ്പുസേന പ്രവേശിച്ചത് അവിടത്തെ ഉൽപാദനബന്ധങ്ങളിൽ പുരോഗമനപരമായ മാറ്റങ്ങൾ സൃഷ്ടിച്ചതുപോലെയാണ് നെപ്പോളിയന്റെ റഷ്യൻ ആക്രമണത്തെ കാണേണ്ടതെന്ന് ദാമോദരൻ വിശ്വസിച്ചു. അതുകൊണ്ട് നെപ്പോളിയന്റെ റഷ്യൻ പരാജയത്തിൽ അതിരുവിട്ട് ആഹ്ലാദിക്കുന്നത് യാഥാസ്ഥിതികത്വമാണെന്ന് ദാമോദരൻ കരുതി.

ദാമോദരൻ സാനട്ടോറിയത്തിൽനിന്ന് ഈ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഒരു കത്ത് സോവിയറ്റ്പാർട്ടിയുടെ മുഖപത്രമായ 'പ്രവ്ദ'യുടെ പത്രാധിപർക്കയച്ചുകൊടുത്തു. പത്രാധിപർക്കുള്ള കത്തുകളുടെ കൂട്ടത്തിൽ ഇതുകൂടെ പ്രസിദ്ധീകരിക്കണമെന്നും വായനക്കാർക്ക് താൽപര്യമുണ്ടെങ്കിൽ അതെസംബന്ധിച്ച് ഒരു സംവാദം നടത്തുന്നത് നന്നായിരിക്കുമെന്നും ദാമോദരൻ അതിലെഴുതി. റഷ്യൻഭാഷയിൽത്തന്നെയാണ് ദാമോദരൻ കത്തയച്ചത്. പിറ്റേദിവസം മുതൽ രാവിലെ 'പ്രവ്ദ'യ്ക്കുവേണ്ടി കാത്തിരിക്കാൻ തുടങ്ങി. ആഴ്ചകൾ കഴിഞ്ഞിട്ടും ദാമോദരന്റെ കത്ത് വെളിച്ചംകണ്ടില്ല. അങ്ങനെയിരിക്കെ ദാമോദരന്റെ ആരോഗ്യസ്ഥിതി അന്വേഷിക്കാൻ എന്ന ഭാവേന സോവിയറ്റ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഒരു കേന്ദ്രകമ്മറ്റിഅംഗം വന്ന് കുശലപ്രശ്നം നടത്തി. അല്പംകഴിഞ്ഞ് അദ്ദേഹം 'പ്രവ്ദ'യിലേക്കയച്ച കത്തിന്റെ കാര്യം എടുത്തിടുകയും 'പ്രവ്ദ'യുടെ നിലപാടിനെ ശക്തിയായി ന്യായീകരിക്കുകയും ചെയ്തു. 'പ്രവ്ദ'യ്ക്ക് അയച്ച കത്ത് എങ്ങനെ ഈ നേതാവിനു കിട്ടി എന്ന ദാമോദരന്റെ ചോദ്യത്തിന് പ്രതികരണമുണ്ടായില്ല. തീർച്ചയായും 'പ്രവ്ദ'നടത്തിപ്പുകാർ ഈ കത്ത് കേന്ദ്രകമ്മറ്റിയംഗത്തിനു കൈമാറി. ദാമോദരനുമായി സംസാരിക്കാൻ ചുമതലപ്പെടുത്തി അയച്ചതായിരിക്കണമെന്ന് അദ്ദേഹം ഊഹിച്ചു.

19. ഭാരതീയചിന്ത: ഒരു നവീന മാർക്സിസ്റ്റ് വീക്ഷണം

ദാമോദരന്റെ കൃതികളിൽ ഏറ്റവും പ്രധാനമായ ഭാരതീയചിന്ത എഴുതാൻ അദ്ദേഹത്തെ നിർബ്ബന്ധിച്ചതും ആ പുസ്തകം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലൂടെ പ്രസിദ്ധീകരിച്ചതും ഞാനാണെന്നതിൽ എനിക്ക് അതീവ ചാരിതാർത്ഥ്യമുണ്ട്. ഇംഗ്ലീഷിലുള്ള പുസ്തകത്തിന്റെ നേർതർജ്ജമയല്ല മലയാളഗ്രന്ഥം. കുറേക്കൂടി വിപുലവും സ്വതന്ത്രവുമാണ്.

—എൻ.വി. കൃഷ്ണവാര്യർ

സംസ്കാരത്തെയും ദർശനത്തെയുംകുറിച്ചാവുമ്പോൾ 'ഭാരതീയം' എന്നതിന് 'പ്രാചീനഭാരത'മെന്നാണ് പൊതുവിൽ അർത്ഥം കല്പിച്ചുകാണുന്നത്. ഉദാഹരണമായി ഡോ. എസ്. രാധാകൃഷ്ണന്റെ 'ഭാരതീയദർശനം' എന്ന സുപ്രസിദ്ധകൃതിയിൽ പ്രാചീനഭാരതീയദർശനം മാത്രമാണ് വിഷയം. വേദോപനിഷത്പുരാണേതിഹാസാദികളിലും ഹിന്ദുമതത്തിലുമൊതുങ്ങിനിന്നുകൊണ്ടാണ് പൊതുവിൽ ഭാരതീയസംസ്കാരത്തെപ്പറ്റി പറയുക. ഏറിയാൽ ബൗദ്ധ-ജൈനമതങ്ങളെയും ചർച്ചയിൽ ഉൾപ്പെടുത്തിയേക്കും. അടുത്തകാലത്തായി സംഘപരിവാരരാഷ്ട്രീയവീക്ഷണം ബോധപൂർവ്വമായിത്തന്നെ ഈ സങ്കുചിതവും അശാസ്ത്രീയവുമായ ചിന്താരീതിപ്രചരിപ്പിച്ചുതുടങ്ങി. ജൂത-ക്രൈസ്തവ-ഇസ്ലാമിക-പാഴ്സിമതങ്ങൾ ഇന്ത്യയ്ക്ക് പുറത്താണ് പിറന്നതെങ്കിലും പല കാലങ്ങളിലായി ഇന്ത്യയിലേക്ക് കടന്നുവരികയും ഇവിടത്തെ ജനങ്ങളിൽ ഗണ്യമായ സ്വാധീനംചെലുത്തുകയും ചെയ്ത ഹിന്ദു-ബുദ്ധ-ജൈന-സിക്ക്മതങ്ങളുടെയും മതനിരപേക്ഷമായ മുതലാളിത്ത-തൊഴിലാളിവർഗ്ഗരാഷ്ട്രീയവിശ്വാസസംഹിതകളുടെയും അടിസ്ഥാനത്തിലുള്ള സമാഹാരമാണ് ഭാരതീയദർശനം. ഈ ആശയം ആത്മാർത്ഥമായി ഉൾക്കൊള്ളാൻ തയ്യാറാകാത്തപക്ഷം ഇന്ത്യയിലെ മുസ്ലിങ്ങളും ക്രിസ്ത്യാനികളും കമ്മ്യൂണിസ്റ്റുകാരും വൈദേശികരാണെന്നും അതുകൊണ്ടുതന്നെ അവർ ഇന്ത്യയുടെ ശത്രുക്കളാണെന്നുമുള്ള സംഘപരിവാരത്തിന്റെ ഹിന്ദുത്വരാഷ്ട്രീയവീക്ഷണത്തിന് അറിഞ്ഞോ അറിയാതെയോ നാം അടിപ്പെട്ടുപോകും.

ഇന്ത്യയുടെ ഐക്യത്തെയും അഖണ്ഡതയെയും നിലനില്പിനെത്തന്നെയും ഇത്രത്തോളം ബാധിക്കുന്ന ഭാരതീയസംസ്കാരത്തെക്കുറിച്ചും ദർശനത്തെക്കുറിച്ചുമുള്ള ശരിയായ കാഴ്ചപ്പാട് മുൻപേ വച്ചുപുലർത്തിയ ചിന്തകനാണ് കെ. ദാമോദരൻ. അദ്ദേഹത്തിന്റെ 'ഭാരതീയചിന്ത' ഇതിന് ഏറ്റവും മുന്തിയ തെളിവാണ്.

സർഗ്ഗസാഹിത്യത്തിലും വൈജ്ഞാനികസാഹിത്യത്തിലുംപെട്ട ചെറുതും വലുതുമായ പല കൃതികളും ദാമോദരന്റേതായി നമുക്ക് ലഭിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ ഏറ്റവും മികവുറ്റ കൃതിയായി (മാസ്റ്റർപീസ്) പരിഗണിക്കേണ്ടത് 'ഭാരതീയചിന്ത'യാണ് എന്ന കൃഷ്ണവാര്യരുടെ നിഗമനം തികച്ചും ശരിയാണ്. മാത്രമല്ല, ഈ വിഷയത്തെക്കുറിച്ച് മലയാളത്തിലും ഇംഗ്ലീഷിലും ഒരുപക്ഷേ, ഇതരഭാരതീയഭാഷകളിലും ഇതുപോലെ മറ്റൊരു പുസ്തകം ഉണ്ടായിട്ടുണ്ടോ എന്നും സംശയമാണ്. മാസ്റ്റർപീസ് എന്നതിനു പുറമേ ഇത് ദാമോദരന്റെ 'മാഗ്നം ഓപ്പസു'മാണ്. അതായത് ഏറ്റവും വലിപ്പമുള്ള കൃതി. ഈ അതുല്യമായ പദവി ഈ കൃതിക്ക് എങ്ങനെ ലഭിച്ചുവെന്ന് നമുക്ക് പരിശോധിക്കാം. അതിനുമുൻപ് ഈ പുസ്തകത്തിന്റെ പരിണാമഗതികൂടി വിവരിക്കേണ്ടതുണ്ട്. 1958-ൽ 'ഇന്ത്യയുടെ ആത്മാവ്' എന്ന പുസ്തകത്തിലാണ് പിൽക്കാലത്ത് 'ഭാരതീയചിന്ത' എന്ന പേരിൽ വികസിച്ച ഈ പുസ്തകത്തിന്റെ തുടക്കം. പിന്നീട് 'ഇൻഡ്യൻ തോട്ട്' എന്ന പേരിൽ ഇതേ വിഷയംതന്നെ ഒരു ഇംഗ്ലീഷ് പുസ്തകമായി മുംബൈയിലെ ഏഷ്യാ പബ്ലിഷിംഗ് ഹൗസ് (1967) മുഖേന പ്രസിദ്ധീകരിക്കുകയുണ്ടായി. പിന്നീടാണ് ഈ രണ്ടു പുസ്തകങ്ങളെയും ആധാരമാക്കി മലയാളത്തിൽ 'ഭാരതീയചിന്ത' എന്ന പേരിൽ കേരള ഭാഷാ ഇൻസ്റ്റിട്യൂട്ട് ഡയറക്ടറായിരുന്ന കൃഷ്ണവാര്യരുടെ നിർബ്ബന്ധത്തിന് വഴങ്ങി 1973-ൽ പ്രസിദ്ധീകരിച്ചത്. 1998 ആകുമ്പോഴേക്കും ഭാഷാ ഇൻസ്റ്റിട്യൂട്ട് അതിന്റെ അഞ്ചാംപതിപ്പ് പുറത്ത് കൊണ്ടുവന്നു. 1976-ൽ അദ്ദേഹം നിര്യാതനായതിനുശേഷവും ഈ പുസ്തകത്തിന്റെ ജനപ്രീതി കുറഞ്ഞിട്ടില്ല എന്നതിന്റെ തെളിവാണിത്. കൃഷ്ണവാര്യർ സൂചിപ്പിക്കുന്നതുപോലെ ഇത് ഇംഗ്ലീഷ് പതിപ്പിന്റെ നേർതർജ്ജമ അല്ല. 'ഇന്ത്യയുടെ ആത്മാവ്' എന്ന കൃതിയുടെ ആവർത്തനവുമല്ല. ഭാഷാ ഇൻസ്റ്റിട്യൂട്ടിനുവേണ്ടി 'ഭാരതീയചിന്ത' എഴുതുമ്പോഴേക്കും ദാമോദരന്റെ നിലപാടുകളിലുണ്ടായ പുരോഗതിയും വ്യതിയാനങ്ങളും ഈ പുസ്തകത്തിൽനിന്ന് നമുക്ക് വായിച്ചെടുക്കാം.

മേന്മകൾ

ഭാരതീയദർശനങ്ങളെക്കുറിച്ച് മാർക്സിസ്റ്റ് കാഴ്ചപ്പാടിൽ എഴുതിയ പുസ്തകം എന്ന സവിശേഷത മാത്രമല്ല ഈ പുസ്തകത്തിനുള്ളത്. 1958-ൽ 'ഇന്ത്യയുടെ ആത്മാവ്' പ്രസിദ്ധീകരിക്കുമ്പോൾ മാർക്സിസ്റ്റ് കാഴ്ചപ്പാടിൽ ഇന്ത്യൻ ദർശനങ്ങളെക്കുറിച്ച് എഴുതിയ പുസ്തകങ്ങൾ അത്രയൊന്നും ശ്രദ്ധേയമായി കരുതാവുന്നവ ഇംഗ്ലീഷിൽ ഉണ്ടായിരുന്നില്ലെങ്കിലും ദാമോ

ദരന്റെ 'ഇന്ത്യൻ തോട്ട്' പുറത്ത് വരുമ്പോഴേക്കും ദേബീപ്രസാദ് ഛതോപാദ്ധ്യായയുടെയുംമറ്റും വളരെ വിലപ്പെട്ട പുസ്തകങ്ങൾ വരാൻ തുടങ്ങിയിരുന്നു. ദേബീപ്രസാദ് ഛതോപാദ്ധ്യായയുടെ 'ലോകായുത' എന്ന കൃതി 1959-ൽ 'ഇന്ത്യയുടെ ആത്മാവ്' പ്രസിദ്ധീകരിച്ച വർഷംതന്നെയാണ് പുറത്തുവന്നത്. പക്ഷേ, അത് ഭാരതീയദർശനങ്ങളിലെ ഭൗതികവാദത്തെക്കുറിച്ച് മാത്രമായിരുന്നു പരാമർശിച്ചത്. ഇന്ത്യൻ ദർശനങ്ങളെ, ആകെ വിവരിക്കുന്ന ഛതോപാദ്ധ്യായയുടെ 'ഇന്ത്യൻ ഫിലോസഫി: എ പോപ്പുലർ ഇൻട്രഡക്ഷൻ' എന്ന പുസ്തകം പ്രസിദ്ധീകരിച്ചത് 1984-ലാണ്. ആ കൃതി ഭാരതീയ ചിന്താധാരകളെ ആകെ പൊതുവെ എടുത്ത് വിവരിക്കുന്നുണ്ടെങ്കിലും അതിലും ഗൗരവമായ ചില പോരായ്മകൾ കാണാൻ കഴിയും. ഭാരതീയ ചിന്താധാരകളെ വ്യക്തമായും സാമൂഹ്യപരിവർത്തനപ്രക്രിയയുമായി ഇണക്കിച്ചേർത്ത് എഴുതിയ വളരെ നല്ലൊരു മാർക്സിസ്റ്റ്പഠനമാണ് കമ്മ്യൂണിസ്റ്റ് നേതാവും ചിന്തകനുമായ മഹാരാഷ്ട്രക്കാരൻ എസ്. ജി. സർ ദേസായിയുടെ 'പ്രോഗ്രസ് ആന്റ് കൺസർവേറ്റിസം ഇൻ ഏൻഷ്യന്റ് ഇന്ത്യ' (മുബൈ 1986). ദാമോദരന്റെ 'ഇന്ത്യയുടെ ആത്മാവും' ഇംഗ്ലീഷിലെഴുതിയ 'ഇന്ത്യൻ തോട്ടും' നാമിവിടെ പ്രധാനമായി ചർച്ചചെയ്യുന്ന ഭാരതീയചിന്തയും പ്രസിദ്ധീകരിക്കപ്പെട്ടതിനുശേഷം വളരെ കഴിഞ്ഞാണ് ദേസായിയുടെ കൃതി പുറത്തു വന്നത്. അതുകൊണ്ട് ഭാരതീയദർശനത്തെക്കുറിച്ച് മാർക്സിസ്റ്റ് കാഴ്ചപ്പാടിലെഴുതിയ മറ്റ് പ്രധാനപ്പെട്ട കൃതികളെക്കാളെല്ലാം ദാമോദരന്റെ പഠനമാണ് ആദ്യത്തെ കാൽവെപ്പുകൾ എന്നതും പ്രശംസാർഹമാണ്. ഡോക്ടർ എസ്. രാധാകൃഷ്ണന്റെ രണ്ടു ബൃഹദ്സഞ്ചികകളായി പ്രസിദ്ധീകരിച്ച 'ഇന്ത്യൻ ഫിലോസഫി' തുടങ്ങിയ സുരേന്ദ്രനാഥ് ദാസ്ഗുപ്തയുടെ അഞ്ചു സഞ്ചികകളുള്ള 'എ ഹിസ്റ്ററി ഓഫ് ഇന്ത്യൻ ഫിലോസഫി' എന്നീ ആധികാരികമായ അക്കാദമിക് ഗ്രന്ഥങ്ങൾക്കുള്ള മേല്പറഞ്ഞ പോരായ്മകൾ ഛതോപാദ്ധ്യായയുടെ ഗ്രന്ഥങ്ങൾ ഉൾപ്പെടെ ഉള്ളവയ്ക്ക് ഉണ്ടെന്നത് വിസ്മരിച്ചുകൂടാ. ഉന്നതചിന്തകനായ എസ്. ജി. സർ ദേസായിയുടെ പുസ്തകത്തിനും ഇതേ പോരായ്മകൾ ഉണ്ട്. എന്താണ് ആ പോരായ്മകൾ?

ഡോക്ടർ എൻ. വി. പി. ഉണിത്തിരി ചൂണ്ടിക്കാണിക്കുന്നതുപോലെ അവരെല്ലാം ഭാരതീയദർശനത്തിന്റെ തുടക്കംകുറിക്കുന്നത് വേദോപനിഷത്തുകളിൽനിന്നാണ്. ഛതോപാദ്ധ്യായയുടെ കൃതിയിൽ വേദോപനിഷത്തുകൾക്ക് മുൻപുള്ള ഹരപ്പൻ തുടങ്ങിയ ആര്യേതരചിന്തകളെക്കുറിച്ച് പരാമർശിക്കുന്നുണ്ടെങ്കിലും അവസാനിക്കുന്നത് ഇന്ത്യയുടെ സദ്ദർശനങ്ങളിലും ലോകായതം മുതലായ നാസ്തികചിന്തകളിലുമാണ്.

ഇതിൽനിന്നെല്ലാം വ്യത്യസ്തമായി ദാമോദരൻ പ്രാഗ്വേദഭാരതീയദർശനങ്ങളെയും പ്രത്യേകിച്ച് ഹരപ്പൻ പ്രാഗ്വേദഭാരതീയദർശനങ്ങളെയും ചിന്തകളെയും മാത്രമല്ല, സി. ഇ.പത്താം നൂറ്റാണ്ടോടുകൂടി ഇന്ത്യയിൽ പ്രചരിക്കാൻ തുടങ്ങിയ ഇസ്ലാമിക്-ക്രൈസ്തവ-സിക്ക്ചിന്തകളെയും ഒടുവിൽ ദേശീയസ്വാതന്ത്ര്യപ്രസ്ഥാനത്തോടുകൂടി വളരാൻ തുടങ്ങിയ ആധുനിക ചിന്തകളെയും മാർക്സിസ്റ്റ് ചിന്തയെത്തന്നെയും ഭാരതീയസംസ്കാര

ത്തിന്റെ അവിഭാജ്യഭാഗമായി കണ്ടു വിവരിക്കുന്നുവെന്നതാണ് ദാമോദരന്റെ കൃതിയുടെ മുഖ്യമായ സ്വഭാവവിശേഷം. ഉണിത്തിരി ചൂണ്ടിക്കാണിക്കുന്നതു പോലെ ഭാരതീയസംസ്കാരം എന്നു പറഞ്ഞാൽ ഹൈന്ദവമെന്നും ഹൈന്ദവം എന്ന് വിശേഷിപ്പിക്കാവുന്ന ചിന്താധാരകളും ഏറിയാൽ ബൗദ്ധ-ജൈന-സിക്ക് ചിന്തകളും മാത്രമല്ലെന്നും ഇസ്ലാമിക-ക്രൈസ്തവ-മാർക്സിസ്റ്റ് ചിന്തകൾക്കൂടി സമന്വയിച്ചതാണെന്നും ദാമോദരൻ സമർത്ഥിക്കുന്നുവെന്നതാണ് അദ്ദേഹത്തിന്റെ കൃതിയുടെ മേന്മ. സ്വാതന്ത്ര്യാനന്തര ദാർശനികചിന്തകളെയും ദാമോദരൻ വിമർശനാത്മകമായി പരിശോധിക്കുകയും സംഘപരിവാറിന്റെയും ഇസ്ലാമികമതമൗലികതാവാദികളുടെയും സങ്കുചിതചിന്താഗതികളെ യുക്തിയുക്തം നിഷേധിക്കുകയും ചെയ്യുന്നുവെന്നത് ഈ കൃതിയുടെ അനന്യമായ മേന്മയാണ്.

മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, രവീന്ദ്രനാഥ് ടാഗൂർ, മുഹമ്മദ് ഇഖ്ബാൽ, തുടങ്ങിയവരുടെ 'ദർശനങ്ങളോടൊപ്പം' റാംമോഹൻ റോയ്, സ്വാമി വിവേകാനന്ദൻ, ശ്രീനാരായണഗുരു തുടങ്ങിയ നവോത്ഥാനനായകരുടെ സംഭാവനകളെയും ദാമോദരൻ വിവരിക്കുമ്പോൾ ഭാരതീയചിന്തയുടെ സമഗ്രമായ ഒരു ചിത്രം നമുക്കു ലഭിക്കുന്നു. സ്വാതന്ത്ര്യാനന്തരഭാരതീയദർശനങ്ങളെയും ചിന്താധാരകളെയുംകുറിച്ച് മാർക്സിസ്റ്റ് അടിസ്ഥാനത്തിൽ പ്രതിപാദിച്ചിട്ടുള്ള അമേരിക്കൻ ദാർശനികൻ 'ഡിയൽ റൈപ്പ്' തുടങ്ങിയവരുടെ കൃതികൾ വരുന്നതിനുമുൻപുതന്നെ ദാമോദരൻ ഇവയെക്കുറിച്ച് വിശദമായി ചർച്ചചെയ്തുവെന്നത് ഈ പുസ്തകത്തിന്റെ മേന്മയും ദാമോദരന്റെ മൗലികചിന്തയുടെ തെളിവും ആണ്.

ദർശനം: തുടർച്ചയും ഇടർച്ചയും

ദർശനത്തിന്റെ വികാസപരിണാമങ്ങൾ വിവരിക്കുമ്പോൾ അത് പഴമയുമായുള്ള പൂർണ്ണമായ വിടുതലല്ല എന്നും ഇടർച്ചയും തുടർച്ചയുമുൾക്കൊള്ളുന്ന ഒരു നൈരന്തര്യം ആണെന്നും ദാമോദരൻ ചൂണ്ടിക്കാണിക്കുന്നു. ദാർശനികപുരോഗതിയുടെ ഈ സ്വഭാവം മനസ്സിൽവെച്ചുകൊണ്ടു വേണം ഭാവിലോകത്തെയും ഭാവിചിന്തയെയും കരുപ്പിടിപ്പിക്കാൻ എന്നാണദ്ദേഹത്തിന്റെ പക്ഷം. അതിൽ ധാർമ്മികമൂല്യങ്ങൾക്കുള്ള പ്രാധാന്യം ദാമോദരൻ എടുത്തുപറയുന്നുണ്ട്. ഈ പുസ്തകത്തിന്റെ ആദ്യ അദ്ധ്യായത്തിൽത്തന്നെ ധാർമ്മികമൂല്യങ്ങളോട് മാർക്സിസ്റ്റ് സിദ്ധാന്തത്തിനും പ്രയോഗത്തിനുമുള്ള അഭേദ്യബന്ധത്തെപ്പറ്റിയും ദാമോദരന്റെ നിലപാടിനെപ്പറ്റിയും സൂചിപ്പിച്ചിരുന്നുവല്ലോ. ധാർമ്മികമൂല്യങ്ങളെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട് വ്യക്തമാക്കുന്ന ഗ്രന്ഥങ്ങൾ പരിശോധിക്കുന്നതിനുമുൻപ് ഈ പുസ്തകത്തിന്റെ ആകെ മൊത്ത നിഗമനം എന്ന നിലയിൽ അദ്ദേഹം പറയുന്നത് ഉദ്ധരിക്കാം:

> "മുതലാളിത്തത്തെ മൗലികമായും വിപ്ലവകരമായും മാറ്റിമറിച്ചുകൊണ്ടു മാത്രമേ സോഷ്യലിസം കെട്ടിപ്പടുക്കാൻ കഴിയൂ എന്നത്

ശരിയാണ്. പക്ഷേ, മുതലാളിത്തത്തിലെ എല്ലാ ഘടകങ്ങളും തുടച്ചു നീക്കപ്പെടുന്നില്ല. ഒരർത്ഥത്തിൽ മുതലാളിത്തത്തിന്റെ തുടർച്ചകൂടിയാണ് സോഷ്യലിസം എന്നു പറയാം. എന്തെന്നാൽ മുതലാളിത്തം വിപുലമായ തോതിൽ വളർത്തിക്കൊണ്ടുവന്ന ഉൽപാദനശക്തികളെയും ശാസ്ത്രത്തിന്റെ നേട്ടങ്ങളെയും സാങ്കേതികജ്ഞാനത്തെയും എല്ലാം നശിപ്പിച്ചുകളയുകയല്ല, നേരെമറിച്ച് അവയെ മുതലാളിത്തബന്ധങ്ങളുടെ മതിൽക്കെട്ടുകളിൽനിന്നു മോചിപ്പിച്ച് പുതിയ സാമൂഹ്യസാഹചര്യങ്ങളിൽ കൂടുതലുയർന്ന നിലവാരത്തിലേക്ക് വളർത്തിക്കൊണ്ടുവരികയാണ് സോഷ്യലിസം ചെയ്യുന്നത്. അതുപോലെതന്നെ നിലവിലുള്ള സാംസ്കാരികവും ആത്മീയവുമായ മൂല്യങ്ങളെയും ഏറ്റെടുത്ത് പുഷ്ടിപ്പെടുത്തുകയാണ് ചെയ്യുന്നത്. സോഷ്യലിസ്റ്റ് സമുദായത്തിലെ ധാർമ്മികമൂല്യങ്ങൾ നിലവിലുള്ള മൂല്യങ്ങളുടെ പൂർണ്ണമായ നിഷേധമല്ല, അവയുടെ തുടർച്ചയും വളർച്ചയുമാണ്. സാംസ്കാരികപാരമ്പര്യങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് മനുഷ്യൻ പുതിയ സാമൂഹ്യസാമ്പത്തികവ്യവസ്ഥയിൽ തന്റെ വ്യക്തിവൈശിഷ്ട്യത്തെ വികസിപ്പിക്കുന്നത്.

വിദ്യാഭ്യാസത്തിലൂടെയും ഉപദേശങ്ങൾവഴിയായും ജനങ്ങൾക്ക് മതബോധമുണ്ടാക്കിക്കൊടുക്കുകയും അവർ സനാതനങ്ങളായ സാന്മാർഗ്ഗികനിയമങ്ങളനുസരിച്ച് ജീവിക്കാൻതുടങ്ങുകയും ചെയ്താൽ മനുഷ്യസമുദായം അഭിവൃദ്ധിപ്പെടുമെന്നാണ് മതനേതാക്കന്മാരും ആത്മീയവാദികളും വിശ്വസിക്കുന്നത്. നേരെമറിച്ച്, നിലവിലുള്ള എല്ലാ സാന്മാർഗ്ഗികമൂല്യങ്ങളും സ്ഥാപിതതാൽപര്യങ്ങളെ അരക്കിട്ടുറപ്പിക്കാൻവേണ്ടി സൃഷ്ടിക്കപ്പെട്ടവയാണെന്നും അതുകൊണ്ട് മുതലാളിത്തമവസാനിപ്പിച്ച് സോഷ്യലിസം സ്ഥാപിക്കുന്നതുവരെ എല്ലാ സാന്മാർഗ്ഗികമൂല്യങ്ങളെയും എതിർക്കണമെന്നും യാന്ത്രികഭൗതികവാദികൾ ഉറപ്പിച്ചു പറയുന്നു. ഈ രണ്ടു വീക്ഷണഗതികളും അശാസ്ത്രീയമാണ്. എന്തെന്നാൽ നമ്മൾ കണ്ടുകഴിഞ്ഞതുപോലെ സാന്മാർഗ്ഗികമൂല്യങ്ങൾ സാമൂഹ്യസാമ്പത്തികപരിവർത്തനങ്ങളുടെ പിന്നാലെ സ്വയംപ്രേരിതമായി ആവിർഭവിക്കുന്ന ഉപോല്പന്നങ്ങളല്ല. മനുഷ്യനാണ് സാമൂഹ്യസാമ്പത്തികപരിവർത്തനങ്ങളുടെ എന്നപോലെ സാന്മാർഗ്ഗികമൂല്യങ്ങളുടെയും സ്രഷ്ടാവ്. മാനുഷികബന്ധങ്ങളെ മനുഷ്യന്റെ താൽപര്യങ്ങൾക്കും സമൂഹത്തിന്റെ ഭദ്രതയ്ക്കും അനുയോജ്യമായവിധത്തിൽ രൂപപ്പെടുത്തുകയും ക്രമീകരിക്കുകയും ചെയ്യുക എന്നതാണ് അവയുടെ പങ്ക്. ചൂഷണവും മർദ്ദനവുമില്ലാത്ത ഒരു സാമൂഹ്യവ്യവസ്ഥ മനുഷ്യന്റെ വ്യക്തിവൈശിഷ്ട്യത്തിന്റെയും ധാർമ്മികമൂല്യങ്ങളുടെയും വികാസത്തിന് പറ്റിയ സാഹചര്യങ്ങൾ ഉളവാക്കും എന്ന കാര്യത്തിൽ സംശയമില്ല. നെഹ്റു എഴുതുകയുണ്ടായി: "എല്ലാവർക്കും സമാനമായ സാമ്പത്തികരീതിയും അവസരസമത്വവും

നൽകുന്ന ഒരു വർഗ്ഗരഹിതസമുദായം കൂടുതലുയർന്ന ഭൗതികവും സാംസ്കാരികവുമായ നിലവാരത്തിലേക്കും സഹകരണം, നിസ്വാർത്ഥത, സേവനമനോഭാവം, ശരിയായ കാര്യങ്ങൾ ചെയ്യാനുള്ള ആഗ്രഹം, സന്മനോഭാവം, സ്നേഹം എന്നിങ്ങനെയുള്ള ആത്മീയമൂല്യങ്ങളുടെ ഉന്നതിയിലേക്കും മനുഷ്യരാശിയെ ഉയർത്താൻവേണ്ടിയുള്ള സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ട ഒരു സമുദായം, അന്തിമമായി ഒരു സാർവ്വലൗകികവ്യവസ്ഥ—നമ്മുടെ അവസാനലക്ഷ്യം ഇതല്ലാതെ മറ്റൊന്നാവാൻ വയ്യ...”

(അദ്ധ്യായം 44)

പാകപ്പിഴകൾ

ഇപ്രകാരം മഹനീയമായ ലക്ഷ്യത്തെ മുൻനിറുത്തി എഴുതിയ മേന്മയേറിയ ഈ പുസ്തകത്തിൽ അനവധാനതകൊണ്ടും മറ്റുചിലപ്പോൾ ധാരണവൈകല്യങ്ങൾകൊണ്ടും ചില പാകപ്പിഴകൾ വന്നുപോയിട്ടുണ്ട്. ചന്ദ്രനിലെ കളങ്കംപോലെ ഇതിന്റെ മൊത്തം മേന്മയെ അതു ബാധിച്ചേക്കില്ലെങ്കിലും ഒരു നിരൂപകൻ അവ കണ്ടില്ലെന്നു നടിക്കുന്നത് ശരിയല്ല എന്നു കരുതി അവയിൽ ചിലതുമാത്രം ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

ഇത്തരം പാകപ്പിഴകൾ ഏറ്റവും കൂടുതൽ കാണുന്ന ഒന്നാണ് ‘ഭക്തിപ്രസ്ഥാനം’എന്ന ഇരുപത്തെട്ടാം അദ്ധ്യായം. ഈ അദ്ധ്യായത്തിൽ പറയുന്ന കാര്യങ്ങൾ പലതിനെയും നിഷേധിക്കാൻ ‘ദക്ഷിണേന്ത്യയിലെ പ്രാചീന ചിന്തകളും ഹിന്ദുമതവും’ എന്ന ഇരുപത്തൊന്നാം അദ്ധ്യായം മതിയാകും. ഭക്തിപ്രസ്ഥാനത്തിന്റെ തുടക്കംകുറിച്ചത് വിശിഷ്ടാദ്വൈതസ്ഥാപകനായ രാമാനുജാചാര്യർ ആണ് (1017-1137?). അദ്ദേഹത്തിന്റെ നിര്യാണവർഷത്തിലേക്കുള്ള തർക്കത്തിലേക്ക് കടക്കുന്നില്ല—തികച്ചും തെറ്റാണെന്ന് മാത്രമല്ല, ഇരുപത്തിയൊന്നാം അദ്ധ്യായത്തിൽ അദ്ദേഹം പറഞ്ഞിട്ടുള്ളതിൽനിന്നും വ്യത്യസ്തവുമാണ്. ഇത് ഒരച്ചടിപ്പിശകോ കൈപ്പിഴയോ മാത്രമല്ലെന്നും ഗൗരവമായ പ്രമാദമാണെന്നും തുടർന്നുള്ള ഗ്രന്ഥകാരന്റെ വിശദീകരണങ്ങൾ വ്യക്തമാക്കുന്നു. രാമാനുജന്റെ ജനന-മരണവർഷങ്ങൾ സംബന്ധിച്ച് പണ്ഡിതന്മാർക്കിടയിലുള്ള വിവാദങ്ങളിലേക്കിവിടെ പ്രവേശിക്കുന്നില്ല. എന്നാൽ ഒരു കാര്യത്തിൽ വിവിധ പണ്ഡിതന്മാർ ഒരേ അഭിപ്രായക്കാരാണ്. 11-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും 12-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലുമായിട്ടാണ് രാമാനുജൻ ജീവിച്ചിരുന്നത്. ദാമോദരൻ ഇരുപത്തിയൊന്നാം അദ്ധ്യായത്തിൽ ഇന്ത്യയിലെ ആദ്യത്തെ ഭക്തിപ്രസ്ഥാനകവികളും വിശുദ്ധർ എന്ന് പരിഗണിക്കുന്നവരുമായ അറുപത്തിമൂന്ന് നായനാർമാരും പന്ത്രണ്ട് (പത്തെന്നും പാഠഭേദം) ആഴ്വാർമാരും സി.ഇ. ഏഴാം നൂറ്റാണ്ടുമുതൽ ഒൻപതാം നൂറ്റണ്ടുവരെയാണ് ജീവിച്ചിരുന്നതെന്ന് പ്രസ്താവിച്ചിട്ടുണ്ട്. അപ്പോൾപ്പിന്നെ രാമാനുജൻ എങ്ങനെ ഭക്തിപ്രസ്ഥാനത്തിന്റെ പ്രോദ്ഘാടകനാകും? രാമാനുജന്റെ ശിഷ്യനായിരുന്നു ഉത്തരേന്ത്യക്കാരനായ ശ്രീരാമ

ഭക്തൻ രാമാനന്ദനെന്ന ദാമോദരന്റെ പ്രസ്താവനയും ശരിയാണെന്ന് തോന്നുന്നില്ല. രാമാനുജന്റെ നിര്യാണം സംഭവിച്ച കൃത്യമായ വർഷം വിവാദവിഷയമാണെങ്കിലും പന്ത്രണ്ടാം നൂറ്റാണ്ടിലായിരുന്നു അതെന്നതിനെക്കുറിച്ച് ആർക്കും സംശയമില്ല. രാമാനന്ദന്റെ (1400?-1470?) ജനനമരണവർഷങ്ങൾ സംബന്ധിച്ചും തർക്കങ്ങൾ നിലവിലുണ്ടെങ്കിലും അദ്ദേഹത്തിന്റെ ജീവിതകാലം 15-ാം നൂറ്റാണ്ടായിരുന്നുവെന്നത് എല്ലാവരും സമ്മതിക്കുന്നു. ഭക്തിപ്രസ്ഥാനത്തിന്റെ അത്യുന്നതപ്രതിഭാശാലികളിൽ ഒരാളായിരുന്ന കബീർ (1398-1518) രാമാനന്ദന്റെ സമകാലികനും പ്രത്യേകിച്ച് അദ്ദേഹത്തിന്റെ ഉത്തമ ശിഷ്യനുമായിരുന്നു. ഇങ്ങനെ രാമാനന്ദന്റെയും രാമാനുജന്റെയും കാലഘട്ടങ്ങൾ തമ്മിൽ രണ്ടു നൂറ്റാണ്ടുകളോളം വ്യത്യാസമുണ്ടായിരിക്കെ എങ്ങനെയാണ് ഇരുവരെയും ഗുരുശിഷ്യബന്ധത്തിൽ ഒതുക്കുക? രാമാനന്ദൻ ശ്രീരാമന്റെയും രാമാനുജൻ വിഷ്ണുവിന്റെയും ആരാധകരായിരുന്നുവെങ്കിലും ശ്രീരാമൻ വിഷ്ണുവിന്റെ ഏഴാമത്തെ അവതാരമായിരുന്നു എന്നതുകൊണ്ട് ഇരുവരും വൈഷ്ണവരായിരുന്നുവെന്ന് കരുതുന്നതിൽ വലിയ തെറ്റില്ലെന്ന് സമ്മതിക്കാം. രാമന്റെ പേരിലുള്ള പുണ്യഗ്രന്ഥം രാമായണവും വിഷ്ണുവിന്റെയും പ്രത്യേകിച്ച് കൃഷ്ണന്റെയും പുണ്യപുരാണം മഹാഭാഗവതവുമായിരുന്നു എന്നും ഓർക്കേണ്ടതുണ്ട്. രാമാനന്ദൻ ജാതിവ്യവസ്ഥയുടെ അതിശക്തനായ എതിരാളി ആയിരുന്നു. രാമാനുജനാകട്ടെ അക്കാര്യത്തിൽ മൃദുലമായ ഒരു സമീപനമാണ് സ്വീകരിച്ചിരുന്നത്.

ഇതിനുപുറമേ ദാമോദരൻ ഭക്തിപ്രസ്ഥാനത്തിന്റെ കാലയളവിനെപ്പറ്റി ഇരുപത്തെട്ടാം അദ്ധ്യായത്തിൽ നല്കുന്ന കണക്കും ശരിയല്ല. അദ്ദേഹം ഒരിടത്തു പറയുന്നത് രണ്ടു നൂറ്റാണ്ടുകളോളം ഇന്ത്യയിലാകെ അത് പടർന്നു പിടിച്ചശേഷം ഗുരുനാനാക്കി(1469-1539)നോടുകൂടി അധോഗതിയിലാണെന്നാണ്. മേലുദ്ധരിച്ച ഇരുപത്തൊന്നാം അദ്ധ്യായത്തിലെ നായനാർമാരുടെയും ആഴ്വാർമാരുടെയും കാലം സി. ഇ. 700-900 ആണെങ്കിൽ നാനാക്കിന്റെ കാലത്തോടുകൂടി ഈ കാലയളവ് പത്തു നൂറ്റാണ്ടുകൾ നീണ്ടുനിന്നതായി കണക്കാക്കണം. ദാമോദരന്റെ ഇരുന്നൂറ് ആണ്ട് എന്ന ഭക്തിപ്രസ്ഥാനത്തിന്റെ കാലം അംഗീകരിക്കുന്നപക്ഷം തമിഴകത്തിലെ നായനാർമാരെയും ആഴ്വാർമാരെയും മാത്രമല്ല കർണ്ണാടകത്തിലെ വീരശൈവരെയും മഹാരാഷ്ട്രയിലെ പന്തർപ്പൂർഭക്തരെയും ഗുജറാത്തിലെ നർസിമേത്തയേയും രാജസ്ഥാനിലെ മീരയേയും കാശ്മീരിലെ ലാൽദ്ദിനേയും ഉത്തരേന്ത്യയിലെ സൂർദാസ് തുടങ്ങിയവരെയും ഒക്കെ ഭക്തിപ്രസ്ഥാനത്തിന് പുറത്തുള്ളവരായി കരുതേണ്ടിവരും. ഭക്തിപ്രസ്ഥാനത്തിന്റെ മറ്റൊരു ശാഖയായ രാമായണ-മഹാഭാരത-മഹാഭാഗവതവിവർത്തകരെയും ഭക്തിപ്രസ്ഥാനത്തിൽ പെടാത്തവരായി കരുതേണ്ടിവരും.

ഈ തെറ്റുകൾ ദാമോദരന്റെ കണക്കുകൂട്ടലിൽ കടന്നുകൂടിയത് അദ്ദേഹത്തിന് അറിവില്ലാത്തതുകൊണ്ടല്ല. 1526-ൽ ബാബർ ഇന്ത്യയിൽ മുഗൾ സാമ്രാജ്യം സ്ഥാപിച്ചതിനുശേഷമാണ് ഭക്തിപ്രസ്ഥാനം ആരംഭിച്ചത് എന്ന

വിശ്വാസംകൊണ്ടാണ്. അങ്ങനെയെങ്കിൽ അദ്ദേഹംതന്നെ ഏഴാം നൂറ്റാണ്ടിൽ തമിഴകത്ത് ആരംഭിച്ച ആഴ്വാർ-നായനാർപ്രസ്ഥാനത്തേയും രണ്ടാം നൂറ്റാണ്ടുമുതൽ മുന്നേറിയ കർണ്ണാടകത്തിലെ വീരശൈവപ്രസ്ഥാനത്തെയുംമറ്റും മറ്റേതെങ്കിലും വകുപ്പിൽപ്പെടുത്തി വിവരിക്കേണ്ടതായിരുന്നു. അങ്ങനെ ചെയ്യാത്തത് വായനക്കാർ അദ്ദേഹം നൽകുന്ന വിവരങ്ങളിൽനിന്ന് സ്വന്തം നിഗമനത്തിലെത്തിക്കൊള്ളട്ടെ എന്നു കരുതിയാണെങ്കിൽ ഈ വിഷയത്തെക്കുറിച്ച് മുൻകൂർ പഠനം നടത്തിയിട്ടില്ലാത്തവരെ ആശയക്കുഴപ്പത്തിലെത്തിക്കുകയേ ഉള്ളൂ.

അതുകൊണ്ടെല്ലാം ദാമോദരൻ നൽകുന്ന വിവരങ്ങൾ അനുസരിച്ചുതന്നെ ഏഴാം നൂറ്റാണ്ടിൽ തമിഴകത്ത് ആരംഭിച്ച ഭക്തിപ്രസ്ഥാനം പടിപടിയായും സമാന്തരമായും ഇന്ത്യയാകെ വ്യാപിച്ച് 17-ാം നൂറ്റാണ്ടോടുകൂടി അത് അസ്തമിച്ചു എന്നാണ്. ഏതെങ്കിലും ഒരുഭാഗത്ത് അത് അസ്തമിക്കുമ്പോൾ മറ്റൊരു ഭാഗത്ത് അത് മുളപൊട്ടിത്തുടങ്ങുകയായിരുന്നു. മറ്റൊരു സ്ഥലത്ത് അതേകാലത്ത് അത് വളർച്ചയുടെ ഉച്ചകോടിയിലേക്ക് വ്യാപിക്കുകയായിരുന്നതായും കാണാം.

ചരിത്രത്തിൽ ഭക്തിപ്രസ്ഥാനം

ഭക്തിപ്രസ്ഥാനത്തെക്കുറിച്ചുള്ള ദാമോദരന്റെ വിവരണത്തിലെ മറ്റൊരു സാരമായ പോരായ്മ അതിലെ വൈരുദ്ധ്യങ്ങളെയും വൈവിദ്ധ്യങ്ങളെയും വേണ്ടത്ര വ്യക്തമാക്കിയിട്ടില്ല എന്നതാണ്. ഭക്തിപ്രസ്ഥാനത്തിലെ തിളക്കമുറ്റ വെള്ളിനക്ഷത്രമായിരുന്ന കബീർദാസിന്റെ ദോഹകളുംമറ്റും ധാരാളം ഉദ്ധരിച്ച് പ്രസ്ഥാനത്തിന്റെ ക്രിയാത്മകമായ വശങ്ങൾ—ഏകദൈവവിശ്വാസം, വിഗ്രഹാരാധനയോടുള്ള എതിർപ്പ്, സർവ്വമതസമഭാവന, ജാതിവ്യത്യാസത്തോടുള്ള വിരോധം, നിലവിലുള്ള വ്യവസ്ഥയിലെ സാമൂഹ്യവും സാമ്പത്തികവുമായ ഉച്ചനീചത്വങ്ങളെ ഉച്ചാടനംചെയ്യൽ, പ്രതിഷേധം—ശരിയായതിനെ വാഴ്ത്തിപ്പാടുമ്പോൾ അതിലെ നിഷേധാത്മകമായ വശങ്ങളെയും വ്യത്യസ്തരായ നേതാക്കളെയും കാണുന്നില്ല. കബീറിനോടൊപ്പം പേരെടുത്തുപറയുന്ന 'രാമചരിതമാനസ'കർത്താവായ തുളസീദാസ് വർണ്ണാശ്രമധർമ്മത്തെ അനുകൂലിച്ചിരുന്നു മുതലായ പലതും ദാമോദരൻ കാണുന്നില്ല.

ഭക്തിപ്രസ്ഥാനത്തിന്റെ ദൗർബ്ബല്യങ്ങൾ ചിലതിനെ എടുത്തുകാട്ടി അവയാണ് അതിന്റെ അപചയത്തിന്റെ കാരണമായിത്തീർന്നത് എന്ന് ദാമോദരൻ പറയുന്നു. മഹാരാഷ്ട്രത്തിൽ ശിവജിയുടെ നേതൃത്വത്തിൽ മുഗൾ ആധിപത്യത്തിനെതിരെ കർഷകരെ അണിനിരത്തുന്നതിൽ രാമദാസ് തുടങ്ങിയ ഭക്തിപ്രസ്ഥാനനേതാക്കൾക്കു വലിയ പങ്കുണ്ടായിരുന്നു. മിക്കവാറും അതോടൊപ്പം നടന്ന മദ്ധ്യഭാരതത്തിലെ കർഷകകലാപങ്ങൾക്ക് പ്രചോദനം ലഭിച്ചതും ഭക്തിപ്രസ്ഥാനത്തിൽനിന്നാണ്. പഞ്ചാബ്-ഹരിയാനമേഖലയിൽ സിഖ്രാഷ്ട്രം കെട്ടിപ്പടുക്കാൻ മഹാരാജ രഞ്ജിത്സിംഗും മറ്റും ഗുരുനാനാക്കിന്റെ പ്രധാനപ്പെട്ട സ്നേഹ-സാഹോദര്യസിദ്ധാന്തങ്ങൾ അവഗണിച്ചുകൊ

ണ്ടാണെങ്കിലും ഗുരുഗോവിന്ദ്സിങ്ങിന്റെയുംമറ്റും കൃപാണസഹിതമുള്ള സൈനികയത്നത്തിൽനിന്ന് കരുത്തു നേടി. ഇങ്ങനെയൊക്കെ അധികാര രാഷ്ട്രീയത്തിന്റെയും പടയോട്ടത്തിന്റെയും സ്വഭാവം കൈക്കൊണ്ടതോടെ പലയിടത്തും ഭക്തിപ്രസ്ഥാനം പഴയ ശൈലിയും ലക്ഷ്യങ്ങളും കൈവെടിഞ്ഞതായി ദാമോദരൻ കാണുന്നു. അതിൽ തെറ്റില്ലെങ്കിലും അത് പ്രസ്ഥാനത്തിന്റെ അപചയത്തിന്റെ ഒരു വശം അല്ലെങ്കിൽ രൂപം മാത്രമായിരുന്നു. ഈ രൂപാന്തരത്തേയും പ്രസ്ഥാനത്തിന്റെ പരാജയകാരണത്തേയും അദ്ദേഹം ഇപ്രകാരമാണ് വിവരിക്കുന്നത്:

> "അങ്ങനെ ഭക്തിപ്രസ്ഥാനം കൂട്ടപ്രാർത്ഥനകളിലൂടെയും നൃത്തത്തിലൂടെയും സംഘഗാനങ്ങളിലൂടെയും ജനങ്ങളുടെ ക്രിയാത്മകമായ കർമ്മ ശക്തിക്കൊരു ഉത്തേജനം നൽകി. അത് ജനങ്ങളെ ഒരു പുതിയ ബോധത്തിലേക്കുണർത്തി പ്രവർത്തനത്തിന് ഉത്തേജനം നല്കി. അത് ഫ്യൂഡലിസത്തിലെ ജാതീയവും മതപരവുമായ അസമത്വങ്ങൾക്കുമെതിരെയുള്ള പ്രക്ഷോഭങ്ങൾക്കു മാത്രമല്ല, നാടുവാഴിത്തത്തിനെതിരായ സാമ്പത്തികസമരങ്ങൾക്കും പ്രചോദനം നൽകി. എന്നാൽ ഭക്തിപ്രസ്ഥാനത്തിന് അതിന്റേതായ ദൗർബ്ബല്യങ്ങൾ ഉണ്ടായിരുന്നു. മതപരമായ ഉത്തേജനം വികാരത്തിന്റേതാണ്. യുക്തിയുടെ അല്ല. അതിനാൽ സാമൂഹ്യമായ പ്രശ്നങ്ങളെ യുക്തിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്താനോ അതിന് യുക്തിസഹമായ പരിഹാരം കണ്ടെത്താനോ സാധിച്ചില്ല. ജനങ്ങളെ ഉണർത്തുവാൻ അവർക്ക് കഴിഞ്ഞു. എന്നാൽ സാമൂഹ്യ-സാമ്പത്തികഘടനയിലെ തകരാറുകളുടെ യഥാർത്ഥകാരണങ്ങൾ ഗ്രഹിക്കുന്നതിലും മനുഷ്യരുടെ ദാരിദ്ര്യത്തിന് സമൂലമായ ചികിത്സ നിശ്ചയിക്കുന്നതിലും അവർ പരാജയപ്പെടുകയാണുണ്ടായത്. അതുകൊണ്ടാണ് നാടുവാഴിത്തത്തിന്റെ താന്തോന്നിത്തത്തിനും പൗരോഹിത്യത്തിന്റെ അന്ധവിശ്വാസങ്ങൾക്കും എതിരായി ജനങ്ങളെ അണിനിരത്തുന്നതിൽ ഭക്തിപ്രസ്ഥാനക്കാർ ഒടുവിൽ വിഭാഗീയസംഘങ്ങളായി ത്തീർന്നത്. സിഖ്മതത്തിന്റെ പരിണാമം ഇതിന്റെ വ്യക്തമായ ഒരു ദൃഷ്ടാന്തമാണ്."

ഈ വിശദമായ വിലയിരുത്തലിൽ ചില ശരികൾ ഇല്ലെന്നു പറഞ്ഞുകൂടാ. എന്നാൽ പൊതുവെ വസ്തുതകളിലും വീക്ഷണത്തിലും വിശകലനരീതിയിലും ഗുരുതരമായ പാളിച്ചകൾ പറ്റിപ്പോയിട്ടുണ്ട്. ആദ്യവാചകത്തിലെ സൂചനയിൽ ശരി കണ്ട് ഭക്തിപ്രസ്ഥാനം അതിന്റെ ആദ്യകാലത്ത് പ്രകടിപ്പിച്ചിരുന്ന ജനകീയസ്വഭാവവും ഫ്യൂഡൽവ്യവസ്ഥയോടുള്ള എതിർപ്പും കാലക്രമേണ അപ്രത്യക്ഷമായി എന്നതാണ് അത്. എന്നാൽ ഈ ജനകീയ സ്വഭാവവും അസംതൃപ്തിയുടെയും പ്രതിഷേധത്തിന്റെയും ഘടകങ്ങളും അധികം താമസിയാതെ ചോർന്നുപോവുകയും നാടുവാഴിത്തത്തെ അരക്കിട്ടുറപ്പിക്കുന്ന ഘടകമായി മാറുകയുംചെയ്തു എന്നത് ഇപ്പോൾ പണ്ഡിതന്മാരെല്ലാം ഐകകണ്ഠ്യേന യോജിക്കുന്ന കാഴ്ചപ്പാടാണ്. ദാമോദരന്റെ നിഗ

മനവും എം. ജി. എസ്. നാരായണനും കേശവൻ വെളുത്താട്ടും ചേർന്നെഴുതിയ വളരെ വിലമതിക്കപ്പെടുന്ന പ്രബന്ധത്തിലെ നിഗമനവും ആധുനിക ചരിത്രപണ്ഡിതന്മാരുടെ നിഗമനവും നേരെ വിപരീതമായ ദിശകളിലേക്കാണ് നീങ്ങുന്നത്. ദക്ഷിണേന്ത്യയിൽ ആഴ്വാർമാരും നായനാർമാരും അന്യംനിന്നുപോവുകയും ആ സ്ഥാനത്ത് 'ആചാര്യന്മാർ' ആധിപത്യം തുടങ്ങുകയുംചെയ്ത കാലത്തോടുകൂടിയാണ് ഭക്തിപ്രസ്ഥാനം അധോഗതിയിലാവുന്നത്. അതായത് ഒമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ശങ്കരൻ നാഥമുനി തുടർന്നുവന്ന യമുന, രാമാനുജൻ, മധ്വൻ, നിംബാർക്കൻ തുടങ്ങിയ ആചാര്യന്മാരുടെ മേൽക്കോയ്മയും ഭക്തിപ്രസ്ഥാനത്തെ അതിന്റെ ലാളിത്യത്തിൽനിന്നും അതിന്റെ സാർവ്വജനീനമായ മാതൃഭാഷയിൽനിന്നും വിമുക്തമാക്കി സംസ്കൃതവൽക്കരണം ആരംഭിക്കുകയും ചെയ്തു. പ്രശസ്ത സാമൂഹികശാസ്ത്രജ്ഞനായ എം.എൻ. ശ്രീനിവാസ് ചൂണ്ടിക്കാട്ടുന്നതുപോലെ ഈ സംസ്കൃതവൽക്കരണം ജനകീയതയിൽനിന്നു വരേണ്യതയിലേക്കുള്ള പിന്നോക്കംപോക്കാണ്. ദാമോദരൻ പറയുന്നതുപോലെ രാമാനുജൻ ഭക്തിപ്രസ്ഥാനത്തിന് തുടക്കംകുറിക്കുകയല്ല അന്ത്യംകുറിക്കുകയുമാണ് ചെയ്തത്. ആഴ്വാർമാരുടെ ആശയങ്ങൾ നാഥമുനി 'നാലായിരപ്രബന്ധം' എന്ന പേരിൽ സമാഹരിച്ച് പ്രസിദ്ധീകരിച്ചതിനെ ഭാഗവതപുരാണത്തോട് തുല്യമായിത്തന്നെ രാമാനുജൻ അംഗീകരിച്ചിരുന്നു. ആ അംഗീകാരം സംസ്കൃതവൽക്കരണത്തിലേക്കും അപചയത്തിലേക്കുമാണ് ഭക്തി പ്രസ്ഥാനത്തെ നയിച്ചത്. ഭക്തിപ്രസ്ഥാനം ദാമോദരൻ പറയുന്നവിധം നാടുവാഴിത്തത്തെ ദുർബ്ബലപ്പെടുത്തുകയല്ല ശക്തിപ്പെടുത്തുകയാണ് ചെയ്തത്—അതിന്റെ പിൽക്കാലഘട്ടത്തിലെങ്കിലും. ക്ഷേത്രങ്ങൾ വൻ സ്വത്തുടമകൾ ആവുകയും രാജാക്കന്മാരുടേയും പ്രഭുക്കളുടേയും ഔദാര്യംകൊണ്ട് ബ്രാഹ്മണാധിപത്യം വളരുകയുംചെയ്തു. എം. ജി. എസ്. നാരായണനും കേശവൻ വെളുത്താട്ടും തമിഴകത്തിലെ ഭക്തിപ്രസ്ഥാനത്തെപ്പറ്റി എഴുതിയ അത്യന്തം ശ്രദ്ധേയമായ ഒരു പ്രബന്ധത്തിൽ അവരുടെ നിഗമനം ഇപ്രകാരം സംഗ്രഹിക്കുന്നു:

> "മതപരമായ പ്രവർത്തനങ്ങളും സാമൂഹിക-രാഷ്ട്രീയവും സാമ്പത്തികവും ആയ പ്രവണതകളും തമ്മിൽ വളരെയടുത്ത പരസ്പരബന്ധമാണുള്ളത്. അതുകൊണ്ട് അവയിൽനിന്നു വേർപെടുത്തിക്കൊണ്ട് ഭക്തിപ്രസ്ഥാനത്തെ കാണാൻകഴിയില്ല. അക്കാലത്ത് അതിനു സമാന്തരവും പരസ്പരം ബന്ധിതവും ആയ സംഭവങ്ങൾ ദക്ഷിണേന്ത്യയിൽ സംഭവിക്കുകയായിരുന്നു."

തുടർന്ന് ഈ സംഭവവികാസങ്ങൾ എന്തൊക്കെയായിരുന്നു എന്നും അവ ഭക്തിപ്രസ്ഥാനത്തോട് എങ്ങനെ ബന്ധപ്പെട്ടിരുന്നു എന്നും നാരായണനും വെളുത്താട്ടും വിശദീകരിക്കുന്നുണ്ട്. നാടുവാഴിത്തത്തേയും ഭൂപ്രഭുത്വത്തേയും അതിന്റെ നെടുംതൂണുകളായി വർത്തിച്ച രാജാധികാരം, ബ്രാഹ്മണാധിപത്യം, ക്ഷേത്രം എന്നിവയേയും ഭക്തിപ്രസ്ഥാനം എപ്രകാരം ശക്തിപ്പെടുത്തി എന്ന് അവർ ഇപ്രകാരം സംഗ്രഹിക്കുന്നു:

"ഈ വ്യതിയാനങ്ങൾ (നേരത്തെ വിവരിച്ചവ) ഭാഗികവും താത്കാലികവും എന്നാൽ വിപരീതഫലങ്ങൾ ഉളവാക്കുന്നവയും ആയിരുന്നു. ജൈനമതത്തിന്റെയും ബുദ്ധമതത്തിന്റെയും സ്വാധീനം ക്ഷയിച്ചതോടുകൂടി രാജാക്കന്മാർ ഭക്തിപ്രസ്ഥാനത്തിലൂടെ ഹിന്ദുമത ത്തിലേക്ക് മാറാൻതുടങ്ങി. അതോടെ പ്രസ്ഥാനത്തിന്റെ തുറന്നതും അയവേറിയതുമായ സ്വഭാവം അപ്രത്യക്ഷപ്പെടാൻ തുടങ്ങുകയും അത് വ്യവസ്ഥാപിതസംവിധാനത്തിന്റെ ഭാഗമായി മാറുകയുംചെയ്തു. ആചാ രാനുഷ്ഠാനങ്ങളോടുള്ള എതിർപ്പ്, ജാതിവ്യവസ്ഥയ്ക്ക് എതിരെയുള്ള പ്രതിഷേധം മുതലായവ പത്താം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി അസ്തമിക്കാൻ തുടങ്ങി. ആഴ്വാർമാരും നായനാർമാരും അരങ്ങൊ ഴിഞ്ഞു. അവരുടെ സ്ഥാനങ്ങൾ 'ആചാര്യന്മാർ'ഏറ്റെടുത്തു. അവ രെല്ലാം ബ്രാഹ്മണരും ആയിരുന്നു. ആചാരാനുഷ്ഠാനങ്ങളിൽ ഉറച്ചു വിശ്വസിച്ചിരുന്നവരും. ജൈനിസവും ബുദ്ധിസവുംപോലുള്ള മത വിധ്വംസക പ്രവണതകൾ അരങ്ങൊഴിഞ്ഞ് സാമൂഹ്യമായ ഒത്തൊ രുമ കൈവന്നതോടെ ഭക്തിപ്രസ്ഥാനത്തിന്റെ പ്രയോജനം ഇല്ലാതായി എന്നവർ കണ്ടു. എല്ലാ രംഗങ്ങളിലും യാഥാസ്ഥിതികത്വത്തിലേക്കുള്ള ഒരു തിരിച്ചുപോക്കാണ് ഈ ഘട്ടത്തിൽ നാം കാണുന്നത്. ആ രംഗ ങ്ങളിൽ ഏറ്റവും പ്രധാനം സംസ്കാരംതന്നെ. ക്ഷേത്രങ്ങൾ വമ്പിച്ച ഭൂസ്വത്തിന്റെ ഉടമകളായി. സമൂഹത്തിൽ അവയ്ക്കുള്ള സ്ഥാനം ഉയർന്നു. അധികാരവും സമ്പത്തുമാണ് അതിന് വഴിവച്ചത്. ഈ സാഹ ചര്യത്തിൽ ഭക്തരുടെ ത്യാഗങ്ങൾക്കും വ്യത്യസ്ത ജീവിതരീതി കൾക്കും പ്രസക്തിയില്ല. എന്നാൽ പഴയ വിശുദ്ധന്മാരുടെ ഗാനങ്ങൾ പാടുകയും അവർ മാനിക്കപ്പെടുകയുംചെയ്തിരുന്നു. ബ്രാഹ്മണ ആചാര്യന്മാർ അധിപതികളായ മഠങ്ങൾ വർദ്ധിക്കുകയും വർണ്ണാശ്രമ ധർമ്മത്തെ അവർ ശക്തിയായി പ്രചരിപ്പിക്കുകയും ചെയ്തുവന്നു. തങ്ങ ളുടെ അധികാരം ഉറപ്പിക്കാൻ രാജാക്കന്മാർ ഭക്തിപ്രസ്ഥാനത്തെ ആശ്ര യിച്ചുവന്നത് അവസാനിപ്പിച്ചു. അവരുടെ ഭാഷപോലും മതകാര്യങ്ങ ളിലും മറ്റും സംസ്കൃതമായിത്തീർന്നു. പല അനീതികൾക്കും എതി രായി ഒരുകാലത്ത് കലഹിച്ച ഭക്തിപ്രസ്ഥാനത്തിന്റെ ഊർജ്ജം ഭാഷ യുടെയും സാഹിത്യത്തിന്റെയും മണ്ഡലങ്ങളിൽ അലങ്കാരങ്ങളിൽ മാത്രമായി ഒതുങ്ങി."

(Indian Movements: Some Aspects of Dissent Protest and Reform, Shimla 1978).

ആശയവാദം

ദാമോദരൻ ഭക്തിപ്രസ്ഥാനത്തിന്റെ അപചയത്തിന് കാരണമായി ക്കാണുന്നത് ഇതൊന്നുമല്ല. സാമൂഹ്യപരിഷ്കരണത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സഹായിക്കുന്നവിധം ഒരു തത്ത്വശാസ്ത്രം അവർക്കി

ല്ലാതെപോയി എന്നതാണ് അദ്ദേഹം കാണുന്ന ദൗർബ്ബല്യം. അദ്ദേഹം ഇപ്രകാരം എഴുതുന്നു:

"എന്നാൽ ഭക്തിപ്രസ്ഥാനത്തിന് അതിന്റേതായ ദൗർബ്ബല്യങ്ങളുണ്ടായിരുന്നു. മതപരമായ ഉത്തേജനം വികാരത്തിന്റേതാണ്. യുക്തിയുടേതല്ല. അതിനാൽ, സാമൂഹ്യപ്രശ്നങ്ങളെപ്പറ്റി യുക്തിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നതിനോ അവയ്ക്ക് യുക്തിസഹമായ പരിഹാരം കണ്ടെത്തുന്നതിനോ അതിന് സാധിച്ചില്ല. ജനങ്ങളെ ഉണർത്തിവിടാൻ അതിനു കഴിഞ്ഞു. പക്ഷേ, സാമൂഹ്യസാമ്പത്തികഘടനയിലെ തകരാറുകളുടെ യഥാർത്ഥകാരണങ്ങൾ ഗ്രഹിക്കുന്നതിലും മനുഷ്യരുടെ ദുരിതത്തിന് സമൂലമായ ചികിത്സ നിർദ്ദേശിക്കുന്നതിലും അത് പരാജയപ്പെടുകയാണുണ്ടായത്. അതുകൊണ്ട് നാടുവാഴിത്തത്തിന്റെ താന്തോന്നിത്തത്തിനും പൗരോഹിത്യത്തിന്റെ അന്ധവിശ്വാസങ്ങൾക്കും എതിരായി ജനങ്ങളെ അണിനിരത്തിയ ഭക്തിപ്രസ്ഥാനക്കാർ ഒടുവിൽ വിഭാഗീയസംഘങ്ങളായിത്തീർന്നത് സിഖുമതത്തിന്റെ പരിണാമത്തിന് വ്യക്തമായ ഒരു ദൃഷ്ടാന്തമാണ്."

ചരിത്രപരമായ ഭൗതികവാദത്തിൽ അധിഷ്ഠിതമായ ഒരു വീക്ഷണമല്ല ഇത്. തികച്ചും ആശയവാദമാണ് ഇതിൽ മുന്തിനിൽക്കുന്നത്. ചരിത്രഗതികളേയും പരിണാമത്തേയും നയിക്കുന്നത് സമൂഹത്തിലെ ചില വ്യക്തികളുടെ ആശയങ്ങളാണെന്ന വികലമായ ധാരണ ഇവിടെ മാത്രമല്ല, പുസ്തകത്തിലെ മറ്റു പല അദ്ധ്യായങ്ങളിലും കണ്ടെത്താൻ കഴിയും. മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു തുടങ്ങിയവരുടെ ചിന്തയെക്കുറിച്ചുള്ള ദാമോദരന്റെ വിശകലനങ്ങളിലും ഈ പാളിച്ച കാണാൻകഴിയും. ഉദാഹരണത്തിന് നെഹ്റുവിനെക്കുറിച്ചുള്ള വിലയിരുത്തൽ കാണുക. നെഹ്റുവിന്റെ അധഃസ്ഥിതരോടുള്ള ആത്മനിഷ്ഠമായ കാരുണ്യവായ്പും സോഷ്യലിസത്തോടുള്ള ആഭിമുഖ്യവും ഇന്ത്യയിൽ സോഷ്യലിസ്റ്റ് ആശയങ്ങൾ പ്രചരിപ്പിക്കുന്നതിൽ അദ്ദേഹത്തിനുള്ള പങ്കും വിവരിച്ചശേഷം അതൊന്നും നടപ്പാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല എന്ന വിമർശനം ദാമോദരൻ നടത്തുന്നുണ്ട്.

"മൂന്നു ദശാബ്ദക്കാലമായി താനുയർത്തിപ്പിടിച്ചുപോന്ന ലക്ഷ്യം ഭരണവ്യവസ്ഥയുടെ തലപ്പത്തിരുന്നിട്ടും, നെഹ്രുവിന് നടപ്പിൽവരുത്താൻ കഴിയാഞ്ഞെതെന്തുകൊണ്ടാണ്? എന്തുകൊണ്ടാണ് അദ്ദേഹത്തിന്റെ വ്യക്തിപരമായ ആഗ്രഹത്തെ വകവയ്ക്കാതെ കുത്തകമുതലാളിത്തം ഇന്ത്യയുടെ സാമ്പത്തികസാമൂഹ്യവ്യവസ്ഥയിൽ ആധിപത്യം നേടിയത്? ഈ ചോദ്യത്തിന് ഒറ്റവാക്കിൽ മറുപടി പറയുക എളുപ്പമല്ല. ലക്ഷ്യത്തിലെത്താനാവശ്യമായ സാമ്പത്തികരാഷ്ട്രീയപരിവർത്തനങ്ങൾ നടപ്പിൽവരുത്താൻ അദ്ദേഹത്തിനു കഴിഞ്ഞില്ല എന്നത് സ്പഷ്ടമാണ്. ഒരുപക്ഷേ, അദ്ദേഹത്തിന്റെ വൈയക്തികമായ അഭിലാഷത്തേക്കാൾ കരുത്തുള്ളവയായിരുന്നിരിക്കാം സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയമേഖലകളിൽ ആധിപത്യംവഹിച്ച പ്രതിലോമശക്തികൾ.

ഒരുപക്ഷേ, ഒരു ബൂർഷ്വാഭരണക്കൂടത്തിന്റെ തലവൻ എന്ന നിലയ്ക്ക് നിലവിലുള്ള സാമൂഹ്യക്രമത്തിലെ വൈരുദ്ധ്യങ്ങളേയും സംഘട്ടനങ്ങളേയും നിലനിറുത്താനും അങ്ങനെ നിയമവും സമാധാനവും കാത്തു രക്ഷിക്കാനുമുള്ള ബാധ്യതയ്ക്ക് സോഷ്യലിസം എന്ന ലക്ഷ്യവുമായി പൊരുത്തമില്ലായിരുന്നിരിക്കാം. അല്ലെങ്കിൽ അദ്ദേഹത്തിന്റെ ആദർശങ്ങളേയും സിദ്ധാന്തങ്ങളേയും ഔപചാരികമായി മാത്രം അംഗീകരിക്കുകയും ഫലത്തിൽ എതിർക്കുകയുംചെയ്ത സഹപ്രവർത്തകരുടെ സമ്മർദ്ദങ്ങൾക്ക് കീഴടങ്ങേണ്ടിവന്നിരിക്കാം."

(അദ്ധ്യായം: 42)

ഇവിടെ ദാമോദരൻ കാതലായ ഒരു പ്രശ്നം മറക്കുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഇന്ത്യയിലെ വൻകിട ബൂഷ്വാസിയുടെ രാഷ്ട്രീയസംഘടനയാണെന്ന കാര്യം അവഗണിച്ചാൽ അതിന്റെ പ്രമുഖനേതാക്കളായിരുന്ന ഗാന്ധി, നെഹ്റു, രാജാജി, രാജേന്ദ്രപ്രസാദ്, ദേസായി തുടങ്ങിയവരുടെ വർഗ്ഗ ബന്ധങ്ങളും വർഗ്ഗവീക്ഷണവും എങ്ങനെ വിലയിരുത്താൻ കഴിയും? അവരുടെയൊക്കെ ഭാഷയും ശൈലിയും വ്യത്യസ്തമായിരുന്നിരിക്കാം. എന്നാൽ അടിസ്ഥാനപരമായി അവരെ യോജിപ്പിച്ചിരുന്ന ഒരു വർഗ്ഗവീക്ഷണമില്ലേ? അതു കാണാതെ അവരുടെ ഒറ്റപ്പെട്ട ചില ആത്മാലാപങ്ങളും ഉറക്കെ ചിന്തിക്കുന്നതുപോലുള്ള ചില ശൈലീവിശേഷണങ്ങളും എടുത്താണോ അവരുടെ വർഗ്ഗനിലപാടുകൾ നിർണ്ണയിക്കേണ്ടത്? ഏതെങ്കിലും ഒരാളെ വിലയിരുത്തുമ്പോൾ അയാളെക്കുറിച്ച് അയാൾക്കുള്ള അഭിപ്രായങ്ങളെ ആശ്രയിക്കുന്നത് വിപരീതഫലോല്പാദക(കൗണ്ടർ പ്രൊഡക്ടീവ്)മാണെന്ന് മാർക്സ് ഒരിക്കൽ ചൂണ്ടിക്കാണിച്ചിരുന്നത് ഓർക്കുക. നെഹ്റുവിനെക്കുറിച്ചുള്ള ദാമോദരന്റെ വിലയിരുത്തലും വ്യത്യസ്തമല്ല. നെഹ്റു ഭരണഘടനയിലൂടെ ആവിഷ്കരിച്ച പുതിയ ഇന്ത്യയോ അദ്ദേഹം പ്രവൃത്തിയിലൂടെ പുഷ്ടിപ്പെടുത്തിയ കുത്തകമുതലാളിത്ത ഇന്ത്യയോ അല്ല, നെഹ്റുവിന്റെ ആത്മനിഷ്ഠവും പ്രചാരണപ്രമുഖവും ആയ ആശയങ്ങളാണ് ദാമോദരനെ തന്റെ നിഗമനങ്ങളിലേക്ക് നയിക്കുന്നത്. നെഹ്റു ഒരു ബൂർഷ്വാബുദ്ധിജീവി ആയിരുന്നു എന്നതും അങ്ങേയറ്റം ഒരു കെയിൻഷ്യൻ ക്ഷേമരാഷ്ട്രത്തിനപ്പുറം പോകാൻ അദ്ദേഹം തയ്യാറല്ലായിരുന്നു എന്നതും കാണാതെ നെഹ്രുവിന്റെ പരാജയത്തിന്റെ പല കാരണങ്ങളെക്കുറിച്ച് ദാമോദരൻ വിചാരസഞ്ചാരം നടത്തുന്നത് അദ്ദേഹത്തിന്റെ മാർക്സിസത്തെ ബഹുമാനിക്കുന്നവരെ വിസ്മയിപ്പിക്കും. കുത്തകമുതലാളിത്തത്തിന്റെ ശക്തി, സഹപ്രവർത്തകരുടെ സഹകരണക്കുറവ് എന്നിങ്ങനെ പോകുന്നു സോഷ്യലിസം കെട്ടിപ്പടുക്കാൻ നെഹ്രുവിന് പ്രതിബന്ധമായ ഘടകങ്ങൾ! 'ഒരു ബൂർഷ്വാരാഷ്ട്രത്തിന്റെ തലവൻ' എന്ന നിലയിൽ ഇത്രയൊക്കെയല്ലേ അദ്ദേഹത്തിന് കഴിയുമായിരുന്നുള്ളൂ? എന്ന ദാമോദരന്റെ അഭിപ്രായം വികലവും രസാവഹവും തന്നെ. ഒരു സോഷ്യലിസ്റ്റ് അല്ലായിരുന്നുവെങ്കിൽ എങ്ങനെ ഒരു ബൂർഷ്വാരാഷ്ട്രത്തിന്റെ തലവനാകാൻ കഴിയും?

ഇന്ത്യയുടെ ഭരണഘടനയനുസരിച്ച് നടന്ന 1951-'52-ലെ ഒന്നാം പൊതു തെരഞ്ഞെടുപ്പിൽ പൊതുവെ ജയിച്ച കോൺഗ്രസ് പല സംസ്ഥാനങ്ങളിലും കനത്ത പ്രഹരമാണ് ഏറ്റുവാങ്ങിയത്. ഭാഷാസംസ്ഥാനങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭണം മുതലായ രാഷ്ട്രീയകോളിളക്കങ്ങൾ സൃഷ്ടിച്ച സാഹചര്യത്തിൽ ചെന്നൈയ്ക്കടുത്ത് ആവടിയിൽവെച്ച് ചേർന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ "സോഷ്യലിസ്റ്റ് മാതൃകയിലുള്ള ഒരു സമൂഹമാണ് ലക്ഷ്യം എന്ന പ്രസിദ്ധമായ പ്രമേയം നഷ്ടപ്പെട്ട പൊതുജനപിന്തുണ വീണ്ടെടുക്കാനുള്ള തട്ടിപ്പാണ്" എന്ന് അന്നത്തെ സി.പി.ഐ. ജനറൽ സെക്രട്ടറി അജയ്ഘോഷ് ഒരു ലഘുലേഖയിൽ യുക്തിയുക്തം സമർത്ഥിച്ചിരുന്നതും ദാമോദരൻ ശ്രദ്ധിച്ചില്ല, അല്ലെങ്കിൽ അംഗീകരിച്ചില്ല എന്ന് വേണം പറയാൻ (അജയ്ഘോഷ്—നെഹ്റുവിന്റെ സോഷ്യലിസം: ഒരു തട്ടിപ്പ് Nehru's Socialisam A Hoax). നെഹ്റുവിന്റെ സോഷ്യലിസ്റ്റ് വിശ്വാസം വെറുംവാക്കല്ലായിരുന്നു എങ്കിൽ ഭരണഘടനാനിർമ്മാണസന്ദർഭത്തിൽ അതോർക്കേണ്ടിയിരുന്നു. അത് ചെയ്തില്ല എന്നു മാത്രമല്ല, സ്വകാര്യസ്വത്തുടമാസമ്പ്രദായത്തിന്റെ അനിഷേദ്ധ്യത അതിൽ എഴുതിച്ചേർക്കുകയുണ്ടായി. (പിന്നിട്ട ചില ഭേദഗതികൾ അതിനുണ്ടായിരിക്കാമെങ്കിലും അടിസ്ഥാനപരമായി മുതലാളിത്തവർഗ്ഗമേധാവിത്വം ഭരണഘടനയിൽ ഉൾച്ചേർത്തിരിക്കുന്നു.)

1969-ൽ കോൺഗ്രസ് പിളർന്നപ്പോൾ ജനങ്ങളുടെ ശ്രദ്ധയാകർഷിച്ച് എതിരാളികളെ തോല്പിക്കാൻ നെഹ്റുവിന്റെ മകൾ ഇന്ദിരാഗാന്ധി ബാങ്ക് ദേശസാൽക്കരണം, മുൻരാജാക്കന്മാർക്കുള്ള 'പ്രിവിപേഴ്സ്'—വാർഷിക സഹായധനം) മുതലായവ നടപ്പാക്കിയതും അടിയന്തിരാവസ്ഥക്കാലത്ത് സോഷ്യലിസ്റ്റ് ലക്ഷ്യം ഭരണഘടനയുടെ പട്ടികയിൽ എഴുതിച്ചേർത്തതും ഓർക്കുക. അതൊന്നും അവരുടെ മകന്റെയോ ഇപ്പോൾ മരുമകൾ സോണിയാഗാന്ധിയുടെയോ സ്വകാര്യവർക്കരണത്തിനോ ആഗോളീകരണത്തിനോ പ്രതിബന്ധമാകുന്നില്ല എന്നതും അർത്ഥവത്തല്ലേ? ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെയും സ്വാതന്ത്ര്യാനന്തരഭാരതത്തെയും ഇന്ത്യൻ നാഷണൽ കോൺഗ്രസിനെയുംമറ്റുംകുറിച്ച് ഇപ്പോഴും ആധികാരികമായി കരുതപ്പെടുന്ന പുസ്തകങ്ങൾ എഴുതിയിട്ടുള്ള ആർ.പി. ദത്ത് (ഇന്ത്യാ ടുഡെ), ഇ. എം. എസ്. നമ്പൂതിരിപ്പാട് (ഇന്ത്യൻ സ്വാതന്ത്ര്യസമരം), അയോദ്ധ്യാസിങ്, മന്മദനാഥ ഗുപ്ത എന്നിവരെല്ലാം നെഹ്റുവിന്റെയും ഗാന്ധിയുടെയും പ്രത്യയശാസ്ത്രത്തെ 'ബൂർഷ്വ' എന്ന് അസന്ദിഗ്ദ്ധമായി വിശേഷിപ്പിക്കുകയോ? ദാമോദരൻ അങ്ങനെ ചെയ്യാതെ ഉരുണ്ടുകളിക്കുന്ന ആശയവാദത്തിന്റെ ഒരുവക ബൂർഷ്വാ ലിബറലിസത്തിന്റെയും പിടിയിൽ അറിഞ്ഞോ അറിയാതെയോ പെട്ടുപോയതിന്റെ തെളിവാണെന്നല്ലാതെ എങ്ങനെയാണ് വിലയിരുത്തുക? ഇ. എം. എസ്. നമ്പൂതിരിപ്പാടിന് അത്തരത്തിലുള്ള വികല്പങ്ങളൊന്നുമുണ്ടായില്ല. അദ്ദേഹം പറയുന്നു:

"അവസാനം ഉന്നയിക്കേണ്ട ചോദ്യമിതാണ്: നമ്മുടെ സ്വാതന്ത്ര്യസമരത്തിന്റെ ഏറ്റവും ഉന്നതരായ നേതാക്കൾക്ക് രണ്ടുപേർക്കും—മഹാ

ത്മാഗാന്ധിക്കും ജവഹർലാൽ നെഹ്റുവിനും—എന്തുകൊണ്ടാണ് തങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനാകാതെ ഈ ലോകം വെടിയേണ്ടിവന്നത്? ഗാന്ധിയെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന് പരമപ്രധാനമായിരുന്നത് ഇന്ത്യയുടെ ഐക്യവും അതിലെ ഒരു പ്രധാന ഘടകമായിരുന്ന ഹിന്ദു-മുസ്ലീം ഐക്യവും കാത്തുസൂക്ഷിക്കുക എന്നതായിരുന്നു. എന്നാൽ നെഹ്രുവിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ സ്വപ്നം സ്വതന്ത്രഇന്ത്യയെ പുരോഗമിപ്പിക്കുന്ന, മുന്നോട്ടു നയിക്കുന്ന ജനാധിപത്യരാഷ്ട്രമാക്കി വളർത്തിയെടുക്കുകയുമായിരുന്നു. എന്നാൽ ഇവ രണ്ടും എന്തുകൊണ്ട് സംഭവിച്ചില്ല? ബൂർഷ്വാവ്യവസ്ഥിതിയാകെ പ്രതിസന്ധിയുടെ പടുകുഴിയിൽ വീണുകൊണ്ടിരിക്കുമ്പോൾ ഇന്ത്യയെ ബൂർഷ്വാജനാധിപത്യത്തിന്റെ മാർഗ്ഗത്തിലൂടെ വികസിപ്പിക്കാനാണ് ബൂർഷ്വാപ്രതിനിധികളായ അവർ ഇരുവരും വ്യാമോഹിച്ചത് എന്നതുകൊണ്ടാണ് അതു നടക്കാതെപോയതെന്നാണുത്തരം. എന്നാൽ തങ്ങളുടെ സ്വപ്നങ്ങൾ തകർന്നുകൊണ്ടിരിക്കുമ്പോഴും ഈ കാര്യങ്ങൾ അവർ കണ്ടില്ല എന്നും പറയേണ്ടതുണ്ട്.

ഗാന്ധിയുടെ ഔന്നത്യം നെഹ്രുവിനെക്കാൾ ഒരിഞ്ച് ഉയർന്നതാണ്. തന്റെ സ്വപ്നങ്ങൾ തകരുന്നു എന്നദ്ദേഹം അംഗീകരിച്ചു. എന്നാൽ നെഹ്റു ആകട്ടെ അന്ത്യനിമിഷംവരെ (ചൈനാസംഭവത്തിനുശേഷവും) മുതലാളിത്തരീതിയിൽ ഇന്ത്യയെ വികസിപ്പിക്കാമെന്നാണ് വിശ്വസിച്ചത്.

പൊതുവിൽ പറഞ്ഞാൽ ഗാന്ധിയും നെഹ്രുവും നമുക്ക് നൽകിയ പാരമ്പര്യം നിഷേധാത്മകമായിരുന്നു. അത് പിന്തുടരുന്നതിനേക്കാൾ നല്ലത് അതുമായുള്ള ബന്ധം വെടിയുകയാണ്."

(നെഹ്രുവും നെഹ്രുയിസവും, തിരുവനന്തപുരം 1989)

പുസ്തകത്തിന്റെ അവസാനം ഒരുപസംഹാരം എന്ന നിലയിൽ എഴുതിയിരിക്കുന്ന ഈ വാചകങ്ങൾ വായിച്ചാൽ തോന്നുക ഇ. എം. എസ്സും ദാമോദരനെപ്പോലെ രാഷ്ട്രീയപരിണതികളിൽ ആശയങ്ങൾക്ക് മുഖ്യസ്ഥാനം കൊടുക്കുന്നു എന്നതായിരിക്കും. അത് ശരിയല്ല. ബൂർഷ്വാവ്യവസ്ഥിതിയുടെ സ്ഥാപനത്തിനും ബൂർഷ്വാവികസനത്തിനും ഉപകരിക്കുംവിധം സ്വാതന്ത്ര്യം പ്രാപ്തിക്കും അതിനുമുമ്പുമായി കോൺഗ്രസ്സിനെ പരുവപ്പെടുത്താൻ നെഹ്റു, സർദാർ പട്ടേൽ തുടങ്ങിയ പ്രഖ്യാപിതമുതലാളിത്തപക്ഷപാതികളുമായി ചേർന്ന് വിജയകരമായി പരിശ്രമിക്കുകയുംചെയ്തു. ആദ്യം കമ്മ്യൂണിസ്റ്റ്കാരെയും പിന്നീട് ജയപ്രകാശ് നാരായണൻ, റാം മനോഹർ ലോഹ്യ തുടങ്ങിയ കോൺഗ്രസ്-സോഷ്യലിസ്റ്റ്കാരെയും അവസാനം തങ്ങളുടെ ചൊൽപ്പടിക്കു നിൽക്കുന്നില്ല എന്നു തോന്നിയ മാനവികതാവാദിഗാന്ധിയന്മാരായ ജെ. ബി. കൃപലാനി, കെ. കേളപ്പൻ തുടങ്ങിയവരെയും കോൺഗ്രസിൽനിന്ന് ബഹിഷ്കരിച്ചിരുന്നു. ആശയം പുലർത്തുക മാത്രമല്ല അതിനുതക്ക സംഘടന വാർത്തെടുക്കുകയുംചെയ്തു; സ്വാതന്ത്ര്യസമരത്തിലെ

പ്രമുഖരെ അങ്ങനെ ബഹിഷ്കരിച്ചശേഷം അതിന്റെ എതിരാളികളായിരുന്ന സർ ഷൺമുഖംചെട്ടി തുടങ്ങിയ മുതലാളിത്തപക്ഷക്കാരെ നെഹ്റു തന്റെ സഹപ്രവർത്തകരാക്കി ഉയർത്തുകയുംചെയ്തു. ഇതൊക്കെ വ്യക്തമാക്കുന്ന മുതലാളിത്തവർഗ്ഗസ്വഭാവം എന്തുകൊണ്ട് ദാമോദരൻ വിലയിരുത്തലിൽ കണക്കിലെടുത്തില്ല?

ആശയപരമായ ഈ ലിബറലിസമല്ലേ ദാമോദരനെ പിൽക്കാലത്ത് പ്രസ്ഥാനത്തിൽനിന്ന് അകറ്റിയത് എന്ന് സംശയിക്കുന്നവരും ചുരുക്കമല്ല. ഈ ചർച്ചകൾക്ക് പ്രാരംഭംകുറിച്ചുകൊണ്ട് നല്ലൊരു പുസ്തകത്തിന് സംഭവിച്ച പാകപ്പിഴകളാണിതെന്നും അത് ചന്ദ്രനിലെ കളങ്കംപോലെയാണെന്നും പറഞ്ഞത് പിൻവലിക്കുന്നില്ല. പക്ഷേ, വായനക്കാരും പഠിതാക്കളും വിമർശനബുദ്ധിയോടെ വേണം ഈ കൃതി വായിക്കുവാൻ എന്നേ പറയുന്നുള്ളൂ. ഈ പുസ്തകം അദ്ദേഹത്തിന്റെ മാസ്റ്റർപീസായി പരിഗണിക്കാവുന്നതിനാൽ ആസ്വാദനവും വിമർശനവും അല്പം നീണ്ടുപോയി.

20. പ്രാഗ്‌വസന്തം: ദാമോദരന് മഞ്ഞുകാലം

ഏതൊരു യക്ഷി വഴിപിഴപ്പിച്ചിതീ-
പ്പൂതമാർഗ്ഗൈകപഥികരാം നിങ്ങളെ!
ഇങ്ങു മടങ്ങുവി,നിങ്ങു മടങ്ങുവിൻ;
നിങ്ങൾതൻ പോക്കു വിപരീതമാകൊലാ:
കാര്യസിദ്ധിക്കു കിഴക്കോട്ടു പോകേണ്ട
കാലുകളയ്യോ, പടിഞ്ഞാട്ടു നീങ്ങൊലാ!

—വള്ളത്തോൾ, നിങ്ങൾതൻ പോക്കു വിപരീതമാകൊല

ഇൻഡ്യൻ കമ്മ്യൂണിസ്റ്റ്പാർട്ടി 1964-ൽ രണ്ടായി പിളരുന്നതിനു തൊട്ടു മുൻപാണ് കെ. ദാമോദരൻ രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. അതോടുകൂടി ദാമോദരന്റെ താമസം ദില്ലിയിലായി. അങ്ങനെ കേരളത്തിൽനിന്ന് ദില്ലിയിലേക്ക് താമസം മാറ്റിയതോടെ കേരളത്തിലെ രാഷ്ട്രീയപ്രവർത്തനങ്ങളിൽനിന്നും അദ്ദേഹം ബഹുദൂരം അകലാൻ തുടങ്ങി. ദില്ലിയിൽ പാർലമെന്റ് പ്രവർത്തനങ്ങൾക്കു പുറമേ കൂടുതൽ പഠനത്തിനും ഗ്രന്ഥരചനയ്ക്കുമാണ് അദ്ദേഹം സമയം കണ്ടെത്തിയത്. അദ്ദേഹത്തിന്റെ 'ഇൻഡ്യൻ തോട്ട്' എന്ന ഇംഗ്ലീഷ് പുസ്തകം ഈ ഘട്ടത്തിലാണ് എഴുതിയത്. അതു പ്രസിദ്ധീകരിക്കാൻ പാർട്ടിയുടെ പ്രസിദ്ധീകരണശാലയായ 'പീപ്പിൾസ് പബ്ലിഷിംഗ് ഹൗസി'ന് കൊടുത്തെങ്കിലും അതിന്റെ മേധാവിയായിരുന്ന എസ്. എ. ഡാങ്കേ അതിന്റെ കൈയെഴുത്തുപ്രതി അച്ചടിക്കാതെ സ്വന്തം കസ്റ്റഡിയിലാക്കി വെച്ചു. പലതവണ ദാമോദരൻ ആവശ്യപ്പെട്ടിട്ടും ഡാങ്കേ കൈയെഴുത്തുപ്രതി തിരിച്ചുകൊടുത്തില്ല. അങ്ങനെ മൂന്നുവർഷം കഴിഞ്ഞപ്പോൾ ദാമോദരൻ ഡാങ്കേയുമായി കലഹിച്ച് അതു തിരികെ വാങ്ങുകയും മുംബൈയിലെ ഏഷ്യാ പബ്ലിഷിംഗ് ഹൗസ് മുഖേന പ്രസിദ്ധീകരിക്കുകയും ചെയ്തു. 'ഇൻഡ്യയുടെ ആത്മാവ്' എന്ന ദാമോദരന്റെ പുസ്തകം പരിഷ്കരിച്ച് വിപുലീകൃതമാക്കി. ഇംഗ്ലീഷിൽ എഴുതിയ ഈ പുസ്തകത്തിന് ഇൻഡ്യയിലും പുറത്തും നല്ല പ്രചാരം ലഭിച്ചു. സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ അതിന് ആവേശപൂർവ്വമായ സ്വീകരണമാണ് ലഭിച്ചത്. അത് റഷ്യനുൾപ്പെടെ പലഭാഷകളിലേക്കും വിവർത്തനംചെയ്യണമെന്ന് നിരൂപകർ നിർദ്ദേശിച്ചു. 1967-ലാണ് 'ഇൻഡ്യൻ തോട്ട്' ഏഷ്യാ പബ്ലിഷിംഗ് ഹൗസുകാർ പ്രസിദ്ധീകരിച്ചത്. മൂന്നു വർഷംകൂടി കഴിഞ്ഞ് അതിന്റെ ഒരു പരിഷ്കരിച്ച പതിപ്പ്

മലയാളത്തിൽ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുകയുണ്ടായി. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായിരുന്ന എൻ. വി. കൃഷ്ണവാര്യരുടെ പ്രേരണയും അതിനുണ്ടായിരുന്നു. (മുൻ അദ്ധ്യായത്തിൽ അതേക്കുറിച്ചുള്ള വിമർശനാത്മകമായ ഒരു പഠനം പ്രസിദ്ധീകരിക്കുന്നുണ്ട്. അതുകൊണ്ട് അതേപ്പറ്റി ഇവിടെ കൂടുതൽ ചർച്ചചെയ്യുന്നില്ല.) ഈ പുസ്തകത്തിന്റെ റഷ്യൻപരിഭാഷ തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ മോസ്കോയിലെ പ്രോഗസ്സീവ് പബ്ലിഷിംഗ് ഹൗസ് മുംബൈയിലെ ഏഷ്യാ പബ്ലിഷിംഗ് ഹൗസുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. എന്നാൽ തുടർന്നുണ്ടായ ചെക്കോസ്ലോവാക്യൻ സംഭവവികാസങ്ങളും അതിൽ റഷ്യക്കാർക്ക് ഹിതകരമല്ലാതിരുന്ന ദാമോദരന്റെ നിലപാടും റഷ്യൻപതിപ്പിന്റെ പ്രസിദ്ധീകരണത്തിന് വിഘാതമായി.

എന്തായിരുന്നു ചെക്കോസ്ലോവാക്യൻ സംഭവവികാസങ്ങൾ? 'പ്രാഗ്‌വസന്തം' എന്നപേരിൽ ചരിത്രത്തിൽ സ്ഥാനംപിടിച്ച സംഭവവികാസങ്ങൾ ദാമോദരന്റെ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തെ മാത്രമല്ല, അദ്ദേഹത്തിന്റെ രാഷ്ട്രീയജീവിതത്തെ ആകെ പിടിച്ചുകുലുക്കിയ ഒന്നായിരുന്നു. 1968-ൽ ചെക്കോസ്ലോവാക്യയിൽ നടന്ന ജനാധിപത്യവല്ക്കരണശ്രമം സ്ഥലകാലവ്യത്യാസങ്ങൾ പരിഗണിക്കാതെ സോവിയറ്റ് മാതൃകയിലുള്ള സാമ്പത്തികരാഷ്ട്രീയസംവിധാനം നടപ്പിലാക്കുക കാരണം ചെക്കോസ്ലോവാക്യ സാമ്പത്തികപ്രതിസന്ധിയെ നേരിടുകയായിരുന്നു. ജനങ്ങളുടെയിടയിലുള്ള അസംതൃപ്തി വർദ്ധിച്ചു. പ്രസിഡന്റായിരുന്ന അന്റോണിൻ നൊവോട്നിക് രാജിവെക്കാൻ നിർബ്ബന്ധിതനായി. പാർട്ടിനേതൃത്വത്തിലും മാറ്റംവന്നു. അലക്സാണ്ടർ ദുബ് ചെക്ക് എന്ന മാനവികതാവാദി പാർട്ടിനേതൃത്വം ഏറ്റെടുത്തതോടുകൂടി സ്വതന്ത്രമായ അന്തരീക്ഷം സംജാതമായി. സാമ്പത്തികപരിഷ്കാരങ്ങൾ ജനങ്ങളുടെ താൽപര്യത്തിന് അനുകൂലമായി പരിഷ്കരിക്കപ്പെട്ടു. സോവിയറ്റ് യൂണിയന്റെ കടുംപിടിയിൽനിന്ന് ചെക്കോസ്ലോവാക്യ കുതറിമാറുകയാണെന്ന ധാരണ സോവിയറ്റ്നേതൃത്വത്തെ പരിഭ്രാന്തരാക്കി. ചെക്കോസ്ലോവാക്യൻ മാതൃക മറ്റു കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലേക്ക് വ്യാപിക്കുമെന്ന ആശങ്കയും അവരെ അസ്വസ്ഥരാക്കി. ഒടുവിൽ 1968 ആഗസ്റ്റ് 20-ന് സോവിയറ്റ് സൈന്യം കവചിതവാഹനങ്ങളോടെ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലൂടെ ചെക്കോസ്ലോവാക്യയിൽ പ്രവേശിച്ച് ദുബ് ചെക്കിന്റെ വാഴ്ചയ്ക്കും പരിഷ്കാരങ്ങൾക്കും അന്ത്യംകുറിച്ചു. ദുബ് ചെക്കിന്റെ സ്ഥാനത്ത് സോവിയറ്റ് യൂണിയന്റെ ഒരു ആജ്ഞാനുവർത്തിയായ ഹുഷെക്കിനെ അധികാരം ഏല്പിച്ചു.

ലോകകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിൽ വലിയ കോളിളക്കവും പ്രതിഷേധവുമുളവാക്കിയ സോവിയറ്റ് സൈനികഇടപെടൽ ഇന്ത്യയിലും വിവാദമായി. ചെക്കോസ്ലോവാക്യയിലെ സംഭവവികാസങ്ങൾ പടർന്നുപിടിക്കുന്നപക്ഷം സോഷ്യലിസ്റ്റ്ചേരിക്കുതന്നെ അത് വെല്ലുവിളിയാകുമെന്നു കരുതി സി.പി.ഐ. (എം.) ചെക്കോസ്ലോവാക്യയിലെ സോവിയറ്റ് ഇടപെടലിനെ ന്യായീക

രിച്ചു. സി.പി.ഐ. ദേശീയകൗൺസിൽ ആദ്യം ചെക്കോസ്ലോവാക്യയിലെ ഭരണമാറ്റത്തെയും അലക്സാണ്ടർ ദുബ് ചെക്കിന്റെ നടപടികളെയും ന്യായീകരിച്ച് പ്രമേയം പാസ്സാക്കി. ഈ തീരുമാനം ഐകകണ്ഠ്യേന ആയിരുന്നു. സി.പി.ഐ.യുടെ തീരുമാനത്തെത്തുടർന്നാണ് സോവിയറ്റ് സൈന്യം ചെക്കോസ്ലോവാക്യയിൽ ഇടപെട്ടത്. സോവിയറ്റ് യൂണിയന്റെ ഇടപെടൽ സി.പി.ഐ. ദേശീയകൗൺസിലിൽ ആശയക്കുഴപ്പം സൃഷ്ടിച്ചു. ചിലർ സോവിയറ്റ് നടപടിയെ ന്യായീകരിച്ചപ്പോൾ മറ്റുചിലർ ശക്തിയായെതിർത്തു. ഒരു സോഷ്യലിസ്റ്റ് രാഷ്ട്രം മറ്റൊരു സോഷ്യലിസ്റ്റ് രാഷ്ട്രത്തെ സൈനികമായി ആക്രമിച്ച് അവിടത്തെ ഭരണത്തെ അട്ടിമറിക്കുന്നത് ശരിയല്ലെന്നായിരുന്നു ഭിന്നാഭിപ്രായക്കാരുടെ നിലപാട്. ദാമോദരൻ ഈ ഭിന്നാഭിപ്രായക്കാരുടെ ശക്തനായ വക്താവായി മുന്നോട്ടുവന്നു. ദാമോദരനും മറ്റേതാനും സഖാക്കളും ചെക്കോസ്ലോവാക്യൻ എംബസിയിൽ പോയി കിട്ടാവുന്നത്ര രേഖകൾ ശേഖരിച്ച് പഠിച്ചപ്പോഴും തങ്ങളുടെ നിലപാട് ശരിയാണെന്ന് കൂടുതൽ ബോദ്ധ്യമായി. ദാമോദരനും ഏതാനും സഖാക്കളും ചെക്കോസ്ലാവാക്യൻ സംഭവങ്ങളെക്കുറിച്ച് ഏതാനും ലേഖനങ്ങൾ എഴുതി ഒരു ലഘുലേഖയുടെ രൂപത്തിൽ പ്രസിദ്ധീകരിച്ചു. എല്ലാവരും തൂലികാനാമങ്ങളാണ് ആ പുസ്തകത്തിൽ ഉപയോഗിച്ചിരുന്നത്. എങ്കിലും ഈ തൂലികാനാമത്തിന് പുറകിലുള്ള സഖാക്കൾ ആരൊക്കെ എന്ന് സി.പി.ഐ.നേതൃത്വം കണ്ടുപിടിച്ചു. പ്രശ്നം നാഷണൽ കൗൺസിലിൽ വന്നപ്പോൾ ദാമോദരൻ ഒന്നും മറച്ചുവെക്കാതെ താനാണ് അതിന്റെ മുഖ്യ ഉത്തരവാദി എന്ന് ഏറ്റുപറഞ്ഞു. ദേശീയകൗൺസിലിൽ ദാമോദരനെ മുപ്പത്തിനാലുപേർ അനുകൂലിച്ചപ്പോൾ മുപ്പത്തഞ്ചുപേർ എതിർത്തു. രണ്ടുപേർ നിഷ്പക്ഷത അവലംബിച്ചു. ഉച്ചഭക്ഷണത്തിനുശേഷം വീണ്ടും കൗൺസിൽയോഗം ചേർന്നപ്പോൾ ഈ രണ്ടുപേരും ദാമോദരനെ അനുകൂലിച്ചതോടുകൂടി ദാമോദരന് ഭൂരിപക്ഷമായി. അതോടുകൂടി ഈ പ്രശ്നത്തെക്കുറിച്ച് ഒരു വോട്ടെടുപ്പുനടന്നാൽ ദാമോദരന്റെ പക്ഷം വിജയിക്കുമെന്നുറപ്പായി. സോവിയറ്റ് യൂണിയനോട് പല കടപ്പാടും ഉണ്ടായിരുന്ന സി.പി.ഐ.ക്കാർക്ക് ഒരു സോവിയറ്റ് വിരുദ്ധപ്രമേയം അംഗീകരിക്കാൻ വളരെ വിഷമമായിരുന്നു. അതുകൊണ്ട് ഇപ്പോൾ വോട്ടെടുപ്പു നടത്തേണ്ടെന്നും ഇരുകൂട്ടരുടെയും നിലപാട് വിശദീകരിക്കുന്ന രേഖകൾ കീഴ്ഘടകങ്ങൾക്കും അണികൾക്കും വിതരണംചെയ്ത് പാർട്ടിയിലാകെ തുറന്ന ചർച്ച നടത്തണമെന്നും നിർദ്ദേശിക്കപ്പെട്ടു. ഇപ്രകാരമുള്ള ഒരു തുറന്നചർച്ച പാർട്ടിയിലൂടനീളം നടക്കുന്നത് നല്ലതാണല്ലോ എന്ന് ദാമോദരനും തോന്നി.

ഈ വിവാദങ്ങൾക്കൊക്കെ ഇടയിൽ റഷ്യൻ എംബസിയിലെ പലപ്രതിനിധികളും സി.പി.ഐ. നേതാക്കളുമായി സംവാദം നടത്താനും സി.പി.ഐ.യെ സോവിയറ്റ് അനുകൂലികളാക്കി മാറ്റാനും ശ്രമിച്ചുകൊണ്ടിരുന്നു. അവരിലൊരാൾ ഒരുദിവസം ദാമോദരനെ കണ്ട് സംസാരിക്കാൻ എത്തി. സോവിയറ്റ് വാർത്താ ഏജൻസിയായ 'ടാസ്സി'ന്റെ ദില്ലി ബ്യൂറോ തലവനായി

രുന്നു അദ്ദേഹം. ദാമോദരന്റെ ദീർഘകാലസുഹൃത്തും. റഷ്യൻ നിലപാടിനെ ന്യായീകരിക്കാൻ അദ്ദേഹം ശ്രമിച്ചതൊന്നും ദാമോദരന് ബോദ്ധ്യമായില്ല. ഒടുവിൽ ഒരു 'മുന്തിയ അടവ്' പ്രയോഗിക്കാൻ 'ടാസ്സ്' പ്രതിനിധി തുനിഞ്ഞു. ദാമോദരന്റെ 'ഇൻഡ്യൻ തോട്ടി'ന്റെ റഷ്യൻപരിഭാഷ പ്രസിദ്ധീകരിക്കുന്നതുവരെയെങ്കിലും അദ്ദേഹം ചെക്കോസ്ലോവാക്യയെ സംബന്ധിച്ച ഭിന്നാഭിപ്രായം പ്രകടിപ്പിക്കരുതെന്നായിരുന്നു 'ടാസ്സ്' പ്രതിനിധിയുടെ ഉപദേശം.

ദാമോദരന് കണക്കിലേറെ ക്ഷോഭംവന്നു. ശബ്ദമുയർത്തിക്കൊണ്ട് ദാമോദരൻ ഇപ്രകാരം പ്രതികരിച്ചു: "നിങ്ങൾ എന്നെ വിലയ്ക്കു വാങ്ങാൻ വന്നതാണല്ലേ? അത് നടപ്പില്ല." ഈ ഉച്ചത്തിലുള്ള പ്രതിഷേധത്തിന്റെ അലകൾ വീട്ടിനകത്തേക്ക് അടിച്ചുകയറി. എന്താണ് സംഭവം എന്നറിയാൻ വീട്ടുകാർ ഇറങ്ങിവന്നു. അപ്പോഴേക്കും ദാമോദരൻ അല്പം ശാന്തനായി. തന്റെ അതിഥിയായി വന്ന ഒരു സുഹൃത്തിനോടിപ്രകാരം ക്ഷോഭിച്ചു പറയേണ്ടതില്ലായിരുന്നുവെന്ന് അദ്ദേഹത്തിനു തോന്നി. ക്ഷമാപണംനടത്തുകയും ചെയ്തു.

എങ്കിലും ടാസ്സ് പ്രതിനിധി ഭീഷണിപ്പെടുത്തിയപോലെ സംഗതികൾ കലാശിച്ചു. റഷ്യൻ പ്രസാധകർ 'ഇൻഡ്യൻ തോട്ട്' പ്രസാധകരായ ഏഷ്യാ ബുക്ക്ഹൗസുകാരെ വിളിച്ച് ഏകപക്ഷീയമായി കരാർ റദ്ദാക്കി എന്ന വിവരം ദാമോദരനു കിട്ടി.

അച്ചടക്കനടപടി

അണികൾക്കിടയിൽ തുറന്ന ചർച്ചനടത്താൻ എന്നുപറഞ്ഞ് മാറ്റിവെച്ച ചെക്കോസ്ലോവാക്യൻപ്രശ്നം വീണ്ടും നാഷണൽ കൗൺസിലിന്റെ പരിഗണനയ്ക്കു വരുമ്പോഴേക്കും നേരത്തെ ദാമോദരനെ അനുകൂലിച്ചിരുന്ന മുപ്പത്തഞ്ചുപേരിൽ പലരും സോവിയറ്റ്പക്ഷത്തേക്ക് കാലുമാറിക്കഴിഞ്ഞിരുന്നു. ഒരുപക്ഷേ, സോവിയറ്റ് പ്രതിനിധികൾ അവരെ പലരേയും കണ്ട് സ്വാധീനിച്ചിരിക്കാം. എങ്കിലും ദാമോദരൻ കടുകിട വിട്ടുകൊടുക്കാൻ തയ്യാറല്ലായിരുന്നു. നേരത്തെ പരാമർശിച്ച പുസ്തകം (തൂലികാനാമമുപയോഗിച്ച് സോവിയറ്റ് യൂണിയന്റെ സൈനികനടപടിയെ വിമർശിക്കുന്ന പുസ്തകം) പാർട്ടി സഖാക്കൾ വായിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യരുതെന്ന ദേശീയ കൗൺസിൽ നിർദ്ദേശിച്ചു. ആ പുസ്തകത്തിന്റെ ഉത്തരവാദിത്വം താൻ ഏറ്റെടുക്കുന്നുവെന്നും അത് പിൻവലിക്കില്ലെന്നും ദാമോദരൻ കൗൺസിലിനെ അറിയിച്ചു. ഈ നിലപാട് ഗുരുതരമായ അച്ചടക്കനടപടിയാണെന്ന് ആരോപിച്ച് ദാമോദരനെതിരെ ശിക്ഷാനടപടികൾ എടുക്കണമെന്ന് ആവശ്യം ഉയർന്നുവന്നു. ദാമോദരനെ പരസ്യമായി ശാസിക്കാനാണ് പാർട്ടി തീരുമാനിച്ചത്. സി.പി.ഐ. മുഖപത്രമായ 'ന്യൂ ഏജി'ൽ അപ്രധാനമായ സ്ഥാനത്ത് ചെറുതായി നല്കിയ ഈ സെൻസർഷിപ്പ്വാർത്ത ബൂർഷ്വാപത്രങ്ങൾ പൊടിപ്പും തൊങ്ങലും വെച്ച് ആഘോഷപൂർവ്വം പ്രചരിപ്പിച്ചു. പരസ്യശാസനാതീരുമാനത്തിന്റെ ഭാഗമായി ദാമോദരന് സ്വയംവിമർശനം നടത്തി തെറ്റു

തിരുത്താൻ പതിനഞ്ചുദിവസം കൗൺസിൽ അനുവദിച്ചു. പതിനഞ്ചുദിവസമല്ല പതിനഞ്ചു വർഷം അനുവദിച്ചാലും ഈ പ്രശ്നത്തിൽ താൻ നിലപാട് മാറ്റുകയില്ലെന്ന് ദാമോദരൻ പ്രഖ്യാപിച്ചു. കേരളത്തിലെ കമ്മ്യൂണിസ്റ്റ്പാർട്ടിയിലെ നാലു സ്ഥാപകനേതാക്കളിലൊരാളായ ദാമോദരനെ പാർട്ടിയിൽനിന്നു പുറത്താക്കുക എന്നത് പാർട്ടി അണികൾ അത്രവേഗം ക്ഷമിച്ചുവെന്നുവരില്ല. ഒടുവിൽ എല്ലാ ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽനിന്നും അദ്ദേഹം ഒഴിവാക്കപ്പെട്ടു. പാർട്ടിയുടെ നാഷണൽ കൗൺസിലിലെ പ്രമുഖാംഗമായിരുന്ന ദാമോദരനെ സംസ്ഥാനക്കമ്മറ്റിയിലേക്കുപോലും പിന്നീട് തെരഞ്ഞെടുത്തില്ല.

സഫലമാകാത്ത അഭിലാഷങ്ങൾ

തുടർന്നുള്ള ദാമോദരന്റെ ജീവിതം ദില്ലിയിലെ സാർവ്വദേശീയപ്രശസ്തിയാർജ്ജിച്ച ജവഹർലാൽ നെഹ്റു സർവ്വകലാശാലയിലായിരുന്നു. ദീർഘകാലമായി ദാമോദരൻ അറിയുക മാത്രമല്ല, ആദരിക്കുകകൂടി ചെയ്ത സി. പി.ഐ. മുൻ ജനറൽ സെക്രട്ടറി പി. സി. ജോഷി ആയിരുന്നു ദാമോദരന്റെ ജെ.എൻ.യു. പ്രവേശനത്തിന് വഴിയൊരുക്കിയത്. പി.സി. ജോഷി പാർട്ടിയിലെ ഒരു സാധാരണഅംഗം മാത്രമായിരുന്നു അക്കാലത്ത്. അദ്ദേഹം സർവ്വകലാശാലയ്ക്കു നൽകിയ ഒരു പ്രോജക്ട് അവർ അംഗീകരിക്കുകയും അതു നടപ്പിലാക്കാൻ ഒരു ഫെല്ലോഷിപ്പ് നൽകുകയും ചെയ്തു. സമകാലികഭാരത ചരിത്രത്തിന്റെ രേഖകൾ തേടിപ്പിടിച്ച് ഒരു പുരാലിഖിതശേഖരം ഉണ്ടാക്കുകയായിരുന്നു ജോഷിയുടെ പദ്ധതി. അദ്ദേഹം ഈ പദ്ധതിനിർവ്വഹണത്തിൽ ദാമോദരനെക്കൂടി സഹപ്രവർത്തകനാക്കി. അക്കാലത്തെപ്പറ്റി അന്ന് ജെ. എൻ.യു.വിലെ ചരിത്രവകുപ്പിൽ പ്രൊഫസ്സറായിരുന്ന ഡോ. കെ.എൻ. പണിക്കർ ഇപ്രകാരം അനുസ്മരിക്കുന്നു:

> "ഞാൻ ദാമോദരനെ അടുത്തറിയുന്നത് ജെ.എൻ.യു.വിൽ വച്ചാണ്, ആയിരത്തിത്തൊള്ളായിരത്തി എഴുപതുകളിൽ. സർവ്വകലാശാലയുടെ ബാല്യകാലമായിരുന്നു എങ്കിലും ആ കാലം ഒരു ഭൗതിക വസന്തമായിരുന്നു. സെമിനാറുകളും ചർച്ചകളുംകൊണ്ട് മുഖരിതമായ അന്തരീക്ഷം. വ്യത്യസ്തമായ ചിന്താധാരകൾ തമ്മിലുള്ള നിരന്തരമായ സംവാദം. ക്ലാസ്മുറികളിലും സെമിനാറുകളിലും മാത്രമല്ല; രാത്രി ഭക്ഷണത്തിനുശേഷം ഹോസ്റ്റലുകളിൽ നടന്നിരുന്ന തുറന്ന സദസ്സുകളിലും അർദ്ധരാത്രിവരെ അവ നീണ്ടുനിന്നു. മാർക്സിസവും മാർക്സിസത്തിലെ പുതിയ ചിന്താധാരകളും ഈ സംവാദങ്ങളിലെ മുഖ്യപ്രമേയങ്ങളായിരുന്നു. ഇന്ത്യയിൽ ഇന്ന് പ്രസിദ്ധമായ പല സാമൂഹ്യ-രാഷ്ട്രീയ ചിന്തകന്മാരുടെയും ആശയലോകം കരുപ്പിടിപ്പിച്ചത് ഈ ധൈഷണികാന്തരീക്ഷമായിരുന്നു.
>
> ഈ സദസ്സുകളിലെ നിത്യസാന്നിദ്ധ്യമായിരുന്നു ദാമോദരൻ. ജെ. എൻ. യു.വിലെ ആർക്കൈവ്സ് ഓൺ കണ്ടംപററി ഹിസ്റ്ററി (Archeves

on Contemporary History)യുടെ ഭാഗമായി പ്രവർത്തിക്കുകയായിരുന്നു അദ്ദേഹം അന്ന്. ദാമോദരൻ ഒരു പ്രൊഫസറായി മാറി എന്ന് എൻ.സി. ശേഖർ അധിക്ഷേപമായാണെങ്കിലും അഭിപ്രായപ്പെട്ടത് അതുകൊണ്ടാണ്. ഈ ആർക്കൈവ്സ് ജെ. എൻ. യു.വിൽ സ്ഥാപിച്ചത് പി. സി. ജോഷിയാണ്. കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തെക്കുറിച്ച് അദ്ദേഹം ശേഖരിച്ചിരുന്ന രേഖകളാണ് ആർക്കൈവ്സിന്റെ പ്രധാനഭാഗം. ഇന്ത്യൻ ഇടതുപക്ഷപ്രസ്ഥാനത്തെക്കുറിച്ചുള്ള ഏറ്റവും സമ്പന്നമായ രേഖാസമുച്ചയമാണിത്. ചില അമേരിക്കൻ സർവ്വകലാശാലകൾ ഇത് വളരെ വലിയ വില കൊടുത്തു വാങ്ങാൻ തയ്യാറായിരുന്നു എന്നാണ് കേൾവി. പക്ഷേ, ഈ ശേഖരം ഇന്ത്യയിൽത്തന്നെ സംരക്ഷിക്കാൻ ദത്തശ്രദ്ധനായിരുന്നു ജോഷി. അതുകൊണ്ടാണ് അദ്ദേഹം അത് ജെ.എൻ.യു.വിന് സംഭാവന ചെയ്തത്. അതിന്റെ ഭാഗമായി കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ ഒരു ഡോക്കുമെന്ററി ചരിത്രം തയ്യാറാക്കാനുള്ള കർമ്മപദ്ധതി വിഭാവനം ചെയ്തു. ഈ പ്രവർത്തനത്തിന്റെ ചുമതലക്കാരനായിരുന്നു ദാമോദരൻ. അതിൽ വ്യാപൃതനായിരിക്കെയാണ് മസ്തിഷ്കാഘാതമേറ്റ് ദാമോദരൻ ചരമമടഞ്ഞത്."

(കെ ദാമോദരൻ, സ്മൃതിചിത്രങ്ങൾ,
എഡി: വിശ്വമംഗലം സുന്ദരേശൻ, ഗൗതാ ബുക്സ് തിരു. 2007)

കേരളത്തിലെ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നാല് സ്ഥാപകാംഗങ്ങളിൽ ഒരാളായിരുന്ന ദാമോദരന്റെ ജീവിതാന്ത്യം ആരെയും വ്യസനിപ്പിക്കുന്നതാണ്. അദ്ദേഹം തുടങ്ങിവെച്ച പദ്ധതികൾ പൂർണ്ണമാക്കാൻ കഴിഞ്ഞില്ല. 1962-ൽ ദാമോദരൻ കേരളത്തിന്റെ ഒരു സമഗ്രചരിത്രമെഴുതാൻ ആരംഭിച്ചിരുന്നു. നാലു സഞ്ചികകളായി പൂർത്തിയാക്കാനായിരുന്നു ഉദ്ദേശ്യം. പക്ഷേ, ഒരെണ്ണം മാത്രമേ പുറത്തുവന്നുള്ളൂ. കാറൽ മാർക്സിന്റെ ചരിത്രവീക്ഷണപ്രകാരം എഴുതിയ ഈ ഒന്നാം സഞ്ചിക അതിനുമുൻപ് ആരും കൈവെക്കാത്ത ചരിത്രമേഖലകളിലേക്കു വെളിച്ചംവീശുന്നു. ചില പോരായ്മകൾ അതിലുണ്ട്. അതിൽ പ്രധാനം യൂറോപ്യൻ സാഹചര്യങ്ങളെ മുൻനിർത്തി മാർക്സ് വിഭാവനംചെയ്ത ചതുർഘട്ടചരിത്രവീക്ഷണം അതേപോലെതന്നെ ഇൻഡ്യയിലെയും കേരളത്തിലെയും പ്രത്യേകതകൾ കണക്കിലെടുക്കാതെ വാർപ്പ് മാതൃകപോലെ എഴുതി എന്നതാണ്. ഉദാഹരണത്തിന് പ്രാകൃതകമ്മ്യൂണിസ്റ്റ് വ്യവസ്ഥ കഴിഞ്ഞാൽ അടിമത്തവും അതേത്തുടർന്ന് ഫ്യൂഡലിസവും പിന്നീട് മുതലാളിത്തവുമെന്നതാണ് ചതുർഘട്ടചരിത്രപദ്ധതിയുടെ കാതൽ. ജാതിവ്യത്യാസവും ഉച്ചനീചത്വങ്ങളും കീഴ്ജാതിക്കാരെ ചൂഷണംചെയ്യലും ഉണ്ടായിരുന്നുവെങ്കിലും പടിഞ്ഞാറൻരാജ്യങ്ങളിലെപ്പോലെ 'ചാറ്റൽ സ്ലേവറി' ഇൻഡ്യയിൽ നിലവിലില്ലായിരുന്നു. ഉണ്ടായിരുന്നുവെന്ന വാർപ്പ് മാതൃകരീതിയിൽ എസ്. എ. ഡാങ്കേയും മറ്റുമെഴുതിയതിനെ ഡി. സി. കെ. സാംബി തൊട്ടുള്ള മാർക്സിസ്റ്റ് ചരിത്രകാരന്മാർ തിരസ്കരിക്കുന്നു. ഡാങ്കെയുടെ 'പ്രാകൃതകമ്മ്യൂണിസത്തിൽനിന്നും അടിമത്തത്തിലേക്ക്' എന്ന

പുസ്തകത്തിലെ തെറ്റ് ദാമോദരനും ആവർത്തിക്കുന്നു. ഇൻഡ്യാചരിത്രത്തിലെ പുതിയ കണ്ടെത്തലുകൾ ഉപയോഗിച്ച് മാർക്സിസ്റ്റ് അടിസ്ഥാനത്തിൽ കെ. എൻ. പണിക്കരുമൊന്നിച്ചൊരു കേരളചരിത്രം രചിക്കാൻ പദ്ധതിയിട്ടിരുന്നുവെങ്കിലും ദാമോദരന്റെ ചരമം അതിന് വിഘാതമായി. അതും ദാമോദരന്റെ സഫലമാകാത്ത മോഹങ്ങളിൽപ്പെടുന്നു.

ജെ.എൻ.യു.വിലെ ഗവേഷണങ്ങളുടെ ഫലമായി പി.സി. ജോഷിയും ദാമോദരനും ചേർന്നെഴുതിയ ഒരു ഇംഗ്ലീഷ് പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട് (Marx Comes to India, 1975).

അന്ത്യനാളുകൾ

ദാമോദരന്റെ അന്ത്യനാളുകൾ പല കാരണങ്ങളാലും വിഷാദപൂർണ്ണമായിരുന്നു. ആ നാളുകളെക്കുറിച്ചും അന്ത്യത്തെക്കുറിച്ചും പ്രൊഫസ്സർ പണിക്കർ ഇപ്രകാരം എഴുതുന്നു:

> "ജീവിതത്തിന്റെ അവസാനഘട്ടത്തിൽ, താൻ ജീവിതം മുഴുവൻ ഉപയോഗിച്ച് കെട്ടിപ്പടുക്കാൻ സഹായിച്ച പ്രസ്ഥാനത്തിൽനിന്ന് ദാമോദരൻ ഒട്ടേറെ ഒറ്റപ്പെട്ടുപോയിരുന്നു. അതിൽ വളരെ ദുഃഖിതനും നിരാശനുമായിരുന്നു അദ്ദേഹം. മുൻ സഹപ്രവർത്തകരും അനുയായികളും ആരാധകരുമൊക്കെ അദ്ദേഹത്തെ കൈവെടിഞ്ഞു. ആ സന്ദർഭത്തിൽപ്പോലും കാലുഷ്യമില്ലാത്ത മനസ്സുമായി ശുഭാപ്തിവിശ്വാസത്തോടെ, കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ ഭൂതകാലം തിട്ടപ്പെടുത്തി ആഖ്യാനം ചെയ്യുന്നതിലും ഭാവിയെ കരുപ്പിടിപ്പിക്കാനുതകുന്ന സൈദ്ധാന്തികചിന്തയിലും അദ്ദേഹം മുഴുകി. ജെ.എൻ.യു.വിലെ പുരോഗമനവാദികളായ വിദ്യാർത്ഥികളും അദ്ധ്യാപകരും ദാമോദരന്റെ സംഭാവനയെ തിരിച്ചറിയുകയും ആദരിക്കുകയും ചെയ്തു. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ മരണശേഷം മറ്റാർക്കും സിദ്ധിക്കാത്ത ബഹുമതി ജെ. എൻ. യു. വിൽ ദാമോദരന് സിദ്ധിച്ചത്. വിദ്യാർത്ഥികളും അദ്ധ്യാപകരും അദ്ദേഹത്തിന്റെ പേരിൽ ഒരു മെമ്മോറിൽ ഫണ്ട് രൂപീകരിച്ചു. ഒരു അനുസ്മരണപ്രസംഗം ഏർപ്പെടുത്തുകയും ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിൽ സ്കോളർഷിപ്പ് കൊടുക്കാനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്തു.
>
> 1976 ജൂലൈ ഒന്നാംതീയതിയാണ് ദാമോദരൻ ചരമമടഞ്ഞത്. ജെ.എൻ.യു.വിലെ എന്റെ മുറിയിൽ അബോധാവസ്ഥയിൽ വീണുകിടന്നിരുന്ന അദ്ദേഹത്തെ സഫ്ദർജംഗ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഞാനന്ന് ദൽഹിയിലുണ്ടായിരുന്നില്ല. മടങ്ങി വന്നപ്പോഴാണ് വിവരമറിയുന്നത്. ഉടനെ ആശ്രുപത്രിയിലെത്തി. ദാമോദരന്റെ തലയുടെ പിന്നിൽ മുഴയുണ്ടായിരുന്നെങ്കിലും അതുവരെ എക്സ്റേ എടുത്തിരുന്നില്ല. എക്സ്റേ എടുത്തപ്പോഴാണ് മസ്തിഷ്കത്തിൽ രക്തസ്രാവമുണ്ടെന്നും ഉടനെ ഓപ്പറേഷൻ വേണമെന്നും ഡോക്ടർമാർ അഭിപ്രായപ്പെട്ടത്.

ഞാനും ബിപിൻചന്ദ്രയുംകൂടി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ന്യൂറോ സർജനായ ഡോ.തൽവാറെ പോയി കാണുകയും, അദ്ദേഹം ലീവിലാണെങ്കിലും ഓപ്പറേഷൻ ചെയ്യാൻ സന്നദ്ധനാകുകയും ചെയ്തു. പക്ഷേ, ദൗർഭാഗ്യവശാൽ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് മാറ്റാൻ സാധിക്കുന്നതിനുമുമ്പുതന്നെ ദാമോദരൻ അന്ത്യശ്വാസം വലിച്ചു. വേണ്ടത്ര വൈദ്യസഹായം ലഭിക്കാതെയാണോ ദാമോദരന്റെ ജീവിതം അവസാനിച്ചത് എന്ന സംശയം അവശേഷിക്കുന്നു. ഇത് ചൂണ്ടിക്കാട്ടിക്കൊണ്ട് ഒരു പത്രക്കുറിപ്പ് ഞാനന്ന് കേരളത്തിലെ പ്രധാനപ്പെട്ട പത്രങ്ങൾക്ക് അയയ്ക്കുകയുണ്ടായി. അടിയന്തിരാവസ്ഥയുടെ ആ കരിദിനങ്ങളിൽ ഈ വാർത്ത പ്രസിദ്ധീകരിക്കാനുള്ള സ്വാതന്ത്ര്യം കേരളത്തിലെ ഒരു പത്രത്തിനുമുണ്ടായില്ല.

ഒരാഴ്ചയിലേറെ ദാമോദരൻ ആശുപത്രിയിൽ അബോധാവസ്ഥയിൽ കിടന്നു. അദ്ദേഹത്തിന്റെ മുൻകാലസഹപ്രവർത്തകരും ശിഷ്യന്മാരും അനുചരന്മാരുമൊക്കെ ദൽഹിയിൽ ധാരാളമുണ്ടായിരുന്നു. കേരളത്തിലെ ഭരണം ഇടതുപക്ഷനേതൃത്വത്തിലുമായിരുന്നു. അവരിൽനിന്നൊന്നും ഈ ആപൽസന്ധിയിൽപ്പോലും അദ്ദേഹമർഹിക്കുന്ന ശ്രദ്ധയുണ്ടായില്ല. ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന് അനിഷേധ്യമായ സംഭാവന നൽകിയ ഈ ധിഷണാശാലി ആശുപത്രിയിലെ ജനറൽ വാർഡിൽവച്ച് ഒരുപക്ഷേ, ആവശ്യമായ വൈദ്യസഹായം ലഭിക്കാതെ, തന്റെ പത്നിയുടെ മാത്രം സാന്നിദ്ധ്യത്തിൽ വിടവാങ്ങി.

ദാമോദരന്റെ ജീവിതം, അലോസരപ്പെടുത്തുന്ന ചർച്ചയ്ക്ക് വിധേയമാകേണ്ട, പല ചോദ്യങ്ങളും മുന്നോട്ടു വയ്ക്കുന്നു. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിൽ ആന്തരിക വിമർശകർക്ക് (Critical insider)എന്തെങ്കിലും ഭൂമികയുണ്ടോ എന്നും ഉണ്ടെങ്കിൽ അതെന്തായിരിക്കണം എന്നുമാണ്."

(കെ. ദാമോദരൻ, സ്മൃതിചിത്രങ്ങൾ,
എഡി: വിശ്വമംഗലം സുന്ദരേശൻ, ഗൗതാ ബുക്സ് തിരു. 2007)

21. ദാമോദരന്റെ ഒസ്യത്ത്— കറുപ്പും വെളുപ്പും

ആയിരം പൂക്കൾ വിരിയട്ടെ,
ആയിരം ചിന്താധാരകൾ
പരസ്പരം മത്സരിക്കട്ടെ!

(മാവൊ സെ ദൊങ്)

പാരുറ്റോരു നവീനയുഗത്തിൽ
വാകപ്പൂവുകൾ വിരിയട്ടെ
അസ്മദനശ്വരപൈതൃകമാമീ-
യഗ്നി വിടർത്തും സ്കന്ധങ്ങൾ
ആകെയുടച്ചിടട്ടെ മന്നിലെ
നാകപുരത്തിൻ ബന്ധങ്ങൾ!

ചോര തുടിക്കും ചെറുകയ്യുകളെ
വേദന വഹിപ്പന്തങ്ങൾ!

—വൈലോപ്പിള്ളി ശ്രീധരമേനോൻ

1976 ജൂലൈ 3-ന് അടിയന്തിരാവസ്ഥയുടെ അതിക്രമങ്ങൾ താണ്ഡവ നൃത്തമാടിക്കൊണ്ടിരുന്നപ്പോഴാണ് മസ്തിഷ്കത്തിലെ രക്തസ്രാവംമൂലം ന്യൂ ദില്ലിയിലെ ജവഹർലാൽ യൂണിവേഴ്സിറ്റി ക്യാമ്പസ്സിൽവെച്ച് കെ. ദാമോദരൻ നിര്യാതനായത്. മുൻകൂർ സൂചന നൽകാതെ പെട്ടെന്ന് സംഭവിക്കുന്ന ഈ അന്ത്യരോഗംമൂലമോ തന്റെ പ്രകൃതത്തിന് യോജിക്കാത്ത ഒരഭ്യാസമായതിനാലോ എന്ന് നിശ്ചയമില്ല, അദ്ദേഹം ആത്മകഥ എഴുതുകയോ മരണപത്രിക എഴുതിവെക്കുകയോ ചെയ്തിട്ടില്ല. പക്ഷേ, അപ്പോഴേക്കും അദ്ദേഹത്തിന്റെ സ്വതവേയുള്ള ബഹിർമ്മുഖത്വപ്രകൃതം കുറെശ്ശെ അന്തർമ്മുഖത്വത്തിന് വഴിമാറിക്കൊണ്ടിരുന്നു എന്ന് ധരിക്കാൻ കാരണങ്ങളുണ്ട്. ഈ അന്തർമുഖത്വം കൂടുതൽ വ്യക്തമാക്കാൻ സഹായിച്ചത് ലണ്ടനിൽനിന്ന് പ്രസിദ്ധീകരിക്കുന്ന ന്യൂ ലെഫ്റ്റ് റിവ്യൂവിന് അദ്ദേഹം നൽകിയ നീണ്ട അഭിമുഖസംഭാഷണമാണ്. പാക്കിസ്ഥാൻകാരനായ താരിഖ് അലിയാണ് ദാമോ

ദരനുമായി അഭിമുഖസംഭാഷണം നടത്തിയത്. ലണ്ടനിൽ സ്ഥിരതാമസക്കാരനായ താരിഖ് അലി ആദ്യകാലത്ത് ലിയോൺ ട്രോട്സ്കിയുടെ നാലാം ഇന്റർനാഷണലിന്റെ പ്രവർത്തകനും വക്താവുമായിരുന്നു എങ്കിലും ഇപ്പോൾ ആ ബന്ധമെല്ലാം ഉപേക്ഷിച്ച് പാർട്ടിബന്ധമൊന്നുമില്ലാത്ത ഒരു 'സ്വതന്ത്ര' മാർക്സിസ്റ്റും ഇടതുപക്ഷക്കാരനുമായി പ്രവർത്തിച്ചുവരുന്നു. മികവുറ്റ ചിന്തകളും ആഖ്യായികകളും താത്ത്വികഗ്രന്ഥങ്ങളും സമകാലിക രാഷ്ട്രീയാഖ്യാനങ്ങളും രചിച്ച് ലോകമെങ്ങും യാത്രചെയ്തു കഴിയുന്നു.

1975 സെപ്തംബർ-ഒക്ടോബർ മാസത്തിലേതായ 93-ാം ലക്കത്തിലാണ് അഭിമുഖം പ്രസിദ്ധീകരിക്കപ്പെട്ടത്. ദാമോദരന്റെ നിര്യാണത്തിന് എട്ടു മാസം മുമ്പ്, അടിയന്തിരാവസ്ഥപ്രഖ്യാപനത്തിനുശേഷം നാലുമാസം കഴിഞ്ഞ് അടിയന്തിരാവസ്ഥക്കാലത്തുതന്നെയാണ് അഭിമുഖം നടന്നതെന്ന് മിക്കവാറും ഉറപ്പിക്കാം. സി.പി.ഐ. പരിപൂർണ്ണപിന്തുണ നൽകുകയും കേരളത്തിൽ കോൺഗ്രസുമായി മുന്നണിയുണ്ടാക്കി ഭരിക്കുകയുംചെയ്തിരുന്ന കാലം. ഇന്ത്യൻ രാഷ്ട്രീയരംഗത്തെ ഈ വമ്പിച്ച തകിടംമറിച്ചിൽ ദാമോദരന്റെ നിലപാടുകളിൽ—പ്രത്യേകിച്ച് കൂടുതൽ ജനാധിപത്യപരവും തുറന്നതുമായ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും കമ്മ്യൂണിസ്റ്റ് വ്യവസ്ഥയ്ക്കുംവേണ്ടി വാദിക്കുമ്പോൾ—എന്തെങ്കിലും മാറ്റം വരുത്തിയിരുന്നുവെങ്കിൽ അക്കാര്യം ന്യൂ ലെഫ്റ്റ് റിവ്യുവിനെ എഴുതി അറിയിക്കാൻ അദ്ദേഹം തുനിയുമായിരുന്നു—അഭിമുഖം പ്രസിദ്ധീകരിച്ച് എട്ടുമാസത്തോളം കർത്തവ്യനിരതനായി അദ്ദേഹം ജീവിച്ചിരുന്നുവല്ലോ. അതുണ്ടായില്ലെന്നത് ഇനി വരുന്ന ചർച്ചയിൽ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്.

മേൽവിവരിച്ച കാര്യങ്ങളൊക്കെ കണക്കിലെടുക്കുമ്പോൾ തന്റെ ഏറ്റവും ഒടുവിലത്തെ ദേശീയവും സാർവ്വദേശീയവുമായ നിലപാടുകളും, സ്വയംവിമർശനങ്ങളോടൊപ്പം ആത്മപ്രകാശനവും, ഭാവിയെ സംബന്ധിച്ച പ്രതീക്ഷകളും നിർദ്ദേശങ്ങളും അടങ്ങുന്ന ഈ അഭിമുഖസംഭാഷണത്തെ ദാമോദരന്റെ 'ലാസ്റ്റ് ടെസ്റ്റ്മെന്റ്' എന്നോ ഒസ്യത്ത് എന്നോ വിശേഷിപ്പിക്കുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു.

കറുത്ത പുള്ളികൾ

ഈ സംഭാഷണത്തിലെ ക്രിയാത്മകവും പ്രസാദമധുരവും ആയ ഭാഗങ്ങളിലേക്കു കടക്കുന്നതിനുമുമ്പ് സി. അച്ചുതമേനോന്റെ ഉദാരമായ ഭാഷയിൽ ഓർമ്മപ്പിശകുമൂലം ദാമോദരന് പറ്റിയ ചില പ്രമാദങ്ങളെപ്പറ്റി പരിശോധിക്കാം. ഓർമ്മപ്പിശകാണോ 'ആഗ്രഹാനുസരണചിന്ത'(വിഷ്ഫുൾ തിങ്കിങ്) ആണോ ദാമോദരന്റെ പ്രമാദങ്ങൾക്ക് കാരണം എന്ന് വായനക്കാർ തീരുമാനിച്ചാൽ മതി.

'ഒരു ഇന്ത്യൻ കമ്മ്യൂണിസ്റ്റിന്റെ ഓർമ്മക്കുറിപ്പ്' എന്ന പേരിൽ സി.പി.ഐ.യുടെ പ്രഭാത് ബുക്ക് ഹൗസ് പ്രസിദ്ധീകരിച്ച (1990) ന്യൂ ലെഫ്റ്റ് റിവ്യു അഭിമുഖസംഭാഷണത്തിന്റെ മലയാളം വിവർത്തനത്തിന് സി. അച്ചുത

മേനോൻ എഴുതിയ 'മുഖക്കുറിപ്പിൽ' രണ്ടു സുപ്രധാനകാര്യങ്ങളിൽ ദാമോദരന് പറ്റിയ തെറ്റ് ചൂണ്ടിക്കാണിക്കുന്നു. ഒന്ന് 1941-ൽ ലോകമഹായുദ്ധത്തിൽ സോവിയറ്റ് യൂണിയൻ ചേർന്നതോടെ അത് സാമ്രാജ്യത്വയുദ്ധമായിരുന്നത് മാറി ജനകീയയുദ്ധമായി മാറിയതും അതു സംബന്ധിച്ച പരാമർശങ്ങളും ആണ് ദാമോദരന്റെ ഒന്നാമത്തെ തെറ്റ്. രണ്ടാമത്തേത് 1957-ലെ കേരളത്തിലെ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള സർക്കാരിനെ സംബന്ധിച്ച വിലയിരുത്തൽ സംബന്ധിച്ച്.

അഡോൾഫ് ഹിറ്റ്ലറുടെ നാസിജർമ്മനി സോവിയറ്റ് യൂണിയനെ 1941 ജൂൺ 21-22-ന് ആക്രമിച്ചതോടെ സാമ്രാജ്യത്വയുദ്ധം ജനകീയയുദ്ധമായി എന്നും തുടർന്ന് യുദ്ധത്തോടുള്ള എതിർപ്പ് അവസാനിപ്പിച്ച് ഇന്ത്യയുടെ യുദ്ധയത്നങ്ങളിൽ സഹകരിച്ച് സോവിയറ്റ് യൂണിയൻ ഉൾപ്പെടെയുള്ള സഖ്യകക്ഷികളുടെ വിജയത്തിനുവേണ്ടി പ്രവർത്തിക്കുകയാണ് കമ്മ്യൂണിസ്റ്റുകാരുടെ കടമ എന്നതായിരുന്നു നയംമാറ്റത്തന്റെ കാതൽ. ആദ്യം കമ്മ്യൂണിസ്റ്റുകാർ ഈ നയംമാറ്റനിർദ്ദേശത്തെ എതിർത്തു എങ്കിലും പിന്നീട് സാർവ്വദേശീയകർത്തവ്യത്തിലൂന്നിക്കൊണ്ട് ഭൂരിപക്ഷം സഖാക്കളും നയംമാറ്റത്തെ അനുകൂലിച്ചു. ഒളിവിലായിരുന്ന ഇന്ത്യൻ സെൻട്രൽ 'കമ്മിറ്റി തീരുമാനത്തോടെ എതിർപ്പുകൾ ഇല്ലാതായി എങ്കിലും ദാമോദരൻ എതിർപ്പിൽ ഉറച്ചുനിന്നു എന്നും അന്ന് വെല്ലൂർ ജയിലിലായിരുന്ന അദ്ദേഹം തന്റെ വിലയിരുത്തൽ ന്യായീകരിച്ചുകൊണ്ടും ജനകീയയുദ്ധനയത്തെ എതിർത്തുകൊണ്ടും പുറത്തെ നേതൃത്വത്തിന് രഹസ്യമായി അയച്ചുകൊടുത്തു എന്നുമാണ് അദ്ദേഹം പറയുന്നത്. ജനകീയയുദ്ധനയം പൊതുവെ ശരിയെങ്കിലും സാമ്രാജ്യവിരുദ്ധദേശീയധാരയിൽനിന്ന് കമ്മ്യൂണിസ്റ്റുകാരെ ഒറ്റപ്പെടുത്തുന്നവിധം പല പാകപ്പിഴകളും വന്നുപോയിട്ടുണ്ട് എന്ന് പാർട്ടി പിൽക്കാലത്ത് നടത്തിയ സ്വയംവിമർശനത്തിന്റെ പിൻബലത്തോടെ ദാമോദരൻ സ്വയം ന്യായീകരിക്കുന്നു. മാത്രമല്ല, പടിപടിയായി കമ്മ്യൂണിസ്റ്റ്കാരെല്ലാവരെയും തടവിൽനിന്ന് മോചിപ്പിച്ചിട്ടും തന്നെ മാത്രം ജയിലിൽ അവശേഷിപ്പിച്ചത് ഈ നിലപാടുകൊണ്ടാണെന്നും ദാമോദരൻ വാദിക്കുന്നു. കേരളത്തിലെ മറ്റൊരുന്നത കമ്മ്യൂണിസ്റ്റ് നേതാവായിരുന്ന ഇ. പി. ഗോപാലന്റെ ഒരു കത്തിൽനിന്നുള്ള ഉദ്ധരണിയോടുകൂടി അച്ചുതമേനോൻ ദാമോദന്റെ അവകാശവാദത്തെ നിഷേധിക്കുന്ന ഇ.പി. ഗോപാലൻ ഇങ്ങനെ എഴുതി:

> "1942 ഒടുവിൽ ദാമോദരൻ ഉൾപ്പെടെ ഞങ്ങളിൽ പലരെയും വെല്ലൂർ സെൻട്രൽ ജയിലിൽനിന്ന് രാജമന്ദ്രി ജയിലിലേക്ക് മാറ്റുകയുണ്ടായി. 1945-ലാണ് ബാച്ച്ബാച്ച് ആയി വിടുതൽവന്നത്. ദാമോദരനുൾപ്പെടെയുള്ള ബാച്ചിനെ വിട്ടുകഴിഞ്ഞപ്പോഴും ഞങ്ങൾ മൂന്നുപേർ കെ.ടി. കുഞ്ഞുരാമൻനമ്പ്യാർ, സർദാർ ചന്ദ്രോത്ത് കുഞ്ഞിരാമൻനായർ, ഞാൻ എന്നിവർ—രാജമന്ദ്രി ജയിലിൽ ബാക്കിയായിരുന്നു. ദാമോദരന്റെ വിമോചനത്തിനുശേഷം രണ്ടുമാസം കഴിഞ്ഞാണ് ഞങ്ങളെ വിട്ടത്."

ഇക്കാര്യം വെല്ലൂരിൽ ദാമോദരനോടൊപ്പം ജയിലിൽ കിടന്നിരുന്ന എൻ. ഇ. ബാലറാം ഉൾപ്പെടെ ചിലർ തന്നോട് പറഞ്ഞിട്ടുണ്ടെന്ന് അച്ചുതമേനോൻ പറയുമ്പോൾ അത് വിശ്വസിക്കാൻ കാരണമില്ല.

ഇതെല്ലാം വ്യക്തമാക്കുന്നത് തരിഖ് അലിയുമായി സംസാരിക്കുമ്പോഴേക്ക് വെറും ഓർമ്മത്തെറ്റുകൾക്കപ്പുറം എവിടെയൊക്കെയോ കാലിടറിത്തുടങ്ങിയിരുന്നു എന്നല്ലേ? മിതഭാഷിയായ അച്ചുതമേനോന്റെ നിഗമനം ഇതാണ്:

> "ദാമോദരൻ ഇങ്ങനെ പറഞ്ഞത് തന്റെ രാഷ്ട്രീയാഭിപ്രായങ്ങൾ നിമിത്തം അന്നത്തെ പാർട്ടിനേതൃത്വം തന്നെ ബലിയാടാക്കി എന്ന് വരുത്തിത്തീർക്കാനാണെന്ന് സ്പഷ്ടം. ആ നേതൃത്വം എന്നു പറഞ്ഞാൽ ദാമോദരന്റെ ജീവിതത്തിൽ അദ്ദേഹത്തിന്റെ പ്രേഷ്ഠസുഹൃത്തായിരുന്ന പി.സി. ജോഷിയാണെന്നുകൂടി ഓർക്കുമ്പോഴാണ് സ. ദാമോദരന്റെ പ്രസ്താവനയുടെ ദൗർഭാഗ്യകരമായ സ്വഭാവം വെളിച്ചപ്പെടുന്നത്."

ഇവയെക്കാളെല്ലാം തെറ്റുകളും അവാസ്തവങ്ങളും നിറഞ്ഞിട്ടുള്ളതാണ് 1957-ലെ കേരളത്തിലെ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള സർക്കാരിന്റെ വർഗ്ഗസ്വഭാവത്തെപ്പറ്റി ദാമോദരൻ പറയുന്നത്. തെരഞ്ഞെടുപ്പിലൂടെ ലോകത്തിലാദ്യമായി അധികാരത്തിലെത്തിയിരിക്കുകയാണ് കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി എന്നും അത് സമാധാനപരമായി സോഷ്യലിസം സ്ഥാപിക്കാൻ കഴിയുമെന്ന് തെളിയിക്കുന്നു എന്നും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് അത് മാതൃകയാണെന്നുംമറ്റുമുള്ള മിതവാദധാരണയായാണ് പാർട്ടിയിലെ ഭൂരിപക്ഷത്തിനും നേതൃത്വത്തിനും ഉണ്ടായിരുന്നത് എന്നും ഒരു ന്യൂന പക്ഷത്തിന്റെ പിന്തുണയോടെ അതിനെ എതിർത്തു എന്നുമാണ് ദാമോദരൻ തരിഖ് അലിയോടു പറഞ്ഞത്. ഒരു കേന്ദ്രമുതലാളിത്തഭരണകൂടത്തിന്റെ ഘടകമായി പരിമിതാധികാരത്തോടെ നിലനിൽക്കുന്ന ഒരു സംസ്ഥാനത്തിൽ താൽക്കാലികമായി കിട്ടിയ അധികാരം തൊഴിലാളിവർഗ്ഗാധികാരമല്ലെന്നും ബൂർഷ്വാഭരണവ്യവസ്ഥയുടെ ഭാഗംതന്നെയാണെന്നും താൻ വാദിച്ചു എന്നും ദാമോദരൻ അവകാശപ്പെടുന്നു. പല തലങ്ങളിൽ താൻ ഈ നിലപാടിനു വേണ്ടി വാദിച്ചിട്ടുണ്ട് എന്നും അന്നത്തെ പാർട്ടി ജനറൽ സെക്രട്ടറി അജയ് ഘോഷിന്റെ സാന്നിധ്യത്തിലും സംവാദംനടത്തിയിട്ടുണ്ട് എന്നും ദാമോദരൻ പറയുന്നു.

ഈ പ്രശ്നത്തെ സംബന്ധിച്ച് ദാമോദരൻ പല തലങ്ങളിൽ പല നേതാക്കളുമായി ചർച്ചചെയ്തിരിക്കാം. എന്നാൽ കേരളത്തിലെ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ വർഗ്ഗസ്വഭാവത്തെക്കുറിച്ച് ദാമോദരൻ മറ്റുള്ളവരിൽ ആരോപിക്കുന്ന തെറ്റായ വീക്ഷണം വസ്തുതാപരമായി അസംബന്ധമാണ് എന്ന് 1957-ൽ നിയമസഭയിലും പാർട്ടിയുടെ സംസ്ഥാനകമ്മിറ്റിയിലും അംഗമായിരുന്ന എനിക്ക് ഉറപ്പിച്ചു പറയാൻ കഴിയും. 1957 ഏപ്രിൽ 5-ന് അധികാരമേറ്റശേഷം ആദ്യം ചേർന്ന സംസ്ഥാന കമ്മിറ്റിയിൽത്തന്നെ അജയ്ഘോഷും ഇ. എം. എസ്സും അച്ചുതമേനോനും ഇക്കാര്യം വ്യക്തമാക്കിയിരുന്നു. ഈ സർക്കാരിന്റെ രൂപീകരണം ഇന്ത്യൻ തൊഴിലാളിവർഗ്ഗത്തിന്റെ ചരിത്രത്തിൽ സുപ്രധാനമായ ഒരു നീണ്ട കാൽവെപ്പാണെന്നതിൽ സംശയമില്ലെങ്കിലും

ഇതേക്കുറിച്ച് അമിതമായ പ്രതീക്ഷകൾ വെച്ചുപുലർത്തരുതെന്നും ഇന്ത്യൻ ബൂർഷ്വാഭൂപ്രഭുഭരണകൂടത്തിൽനിന്നും തികച്ചും ഒഴിഞ്ഞുനിൽക്കാൻ അതിന് കഴിവില്ലെന്നും ഇതുവഴി അദ്ധ്വാനിക്കുന്ന ജനങ്ങൾക്ക് കഴിയുന്നത്ര ആശ്വാസനടപടികൾ കൈക്കൊള്ളുകയും ആനുകൂല്യങ്ങൾ നൽകുകയും ചെയ്ത് കൂടുതൽ ജനപിന്തുണ ആർജ്ജിക്കാനുള്ള ഒരുപാധിമാത്രമാണിതെന്നും അജയ്ഘോഷ് പറഞ്ഞത് ഞാനിപ്പോഴും ഓർക്കുന്നു. ഈ വീക്ഷണപ്രകാരം നോക്കുമ്പോൾ ആഭ്യന്തരം, ധനകാര്യം മുതലായി പ്രധാനമെന്ന് ഇന്ന് പരിഗണിക്കപ്പെടുന്ന വകുപ്പുകളെ അപേക്ഷിച്ചു കൃഷി, തൊഴിൽ, തദ്ദേശസ്വയംഭരണം തുടങ്ങിയവയ്ക്കാണ് കൂടുതൽ പ്രധാന്യം കല്പിക്കേണ്ടത് എന്നുംകൂടി അദ്ദേഹം കൂട്ടിച്ചേർത്തു. മുഖ്യമന്ത്രി ഇ. എം. എസ്. സ്വതസ്സിദ്ധമായ ശൈലിയിൽ അത് കൂടുതൽ വിശദമാക്കി. ദാമോദരൻ തന്റേത് മാത്രമായി അവതരിപ്പിക്കുന്ന വർഗ്ഗവീക്ഷണം അദ്ദേഹത്തിന്റേതു മാത്രമായിരുന്നില്ലെന്ന് വ്യക്തം.

ഇതേക്കുറിച്ച് അച്ചുതമേനോന്റെ വിശദീകരണം കൂടുതൽ വ്യക്തത നൽകുന്നു. അദ്ദേഹം പറയുന്നു:

> ഭരണകൂടത്തെയും വിപ്ലവത്തെയുംപറ്റിയുള്ള ലെനിന്റെ തീസിസുകൾ കേന്ദ്രകമ്മിറ്റിയിലെയും സംസ്ഥാനകമ്മിറ്റിയിലെയും അംഗങ്ങൾക്കെല്ലാം അറിയാമായിരുന്നു. ഇന്ത്യൻ സ്റ്റേറ്റിനകത്തെ ഒരു പ്രവിശ്യയിൽ ഭരണാധികാരം ലഭിച്ചാൽ അത് ഇന്ത്യൻ റിപ്പബ്ലിക്കിന്റെ മുഴുവൻ അധികാരമാണെന്നു ധരിക്കാനുള്ള മൗഢ്യം എത്ര സഖാക്കൾക്കുണ്ടായിരുന്നു എന്നെനിക്കറിഞ്ഞുകൂടാ. കേന്ദ്രകമ്മിറ്റിയിലെയും സംസ്ഥാനകമ്മിറ്റിയിലെയും ഭൂരിപക്ഷം സഖാക്കൾക്കും ഉണ്ടായിരുന്നില്ല എന്നും തീർച്ചയാണ്. ഞാൻ അന്ന് സംസ്ഥാനകമ്മിറ്റിയിലെയും കേന്ദ്രകമ്മിറ്റിയിലെയും ഒരംഗമായിരുന്നു. ഈ രണ്ടു കമ്മിറ്റികളുടെയും ഏതെങ്കിലും യോഗത്തിൽ ഈ പ്രശ്നം ഔപചാരികമായി ചർച്ചചെയ്തിട്ടേ ഇല്ല എന്ന് എനിക്ക് ഉറപ്പിച്ചുപറയാൻ കഴിയും. മറ്റു ചർച്ചകളുടെ കൂട്ടത്തിൽ ഈ പ്രശ്നവും ഏതെങ്കിലും സഖാവ് സംസ്ഥാനകമ്മിറ്റിയിൽ ഉന്നയിച്ച സമയത്തൊക്കെ ഇന്ത്യൻ സ്റ്റേറ്റിന്റെ അധികാരം നമുക്ക് ലഭിച്ചിട്ടില്ല എന്നുതന്നെയാണ് നേതൃത്വത്തിൽനിന്നും ആധികാരികമായ വിശദീകരണം ഉണ്ടായിട്ടുള്ളത്.
>
> കേന്ദ്രകമ്മിറ്റിയിലെയും സംസ്ഥാനകമ്മിറ്റിയിലെയും ഏതാനും സഖാക്കൾ സ. അജയഘോഷിന്റെ സാന്നിദ്ധ്യത്തിൽ ഈ പ്രശ്നം ചർച്ചചെയ്തിരുന്നിരിക്കാം. പക്ഷേ, അങ്ങനെയുള്ള യാതൊരു യോഗത്തിനും രണ്ടു കമ്മിറ്റികളിലെയും അംഗമായ ഞാൻ ക്ഷണിക്കപ്പെട്ടിട്ടില്ലാ; ഞാൻ പോയിട്ടുമില്ല, എന്നുറപ്പിച്ചു പറയാൻ കഴിയും.
>
> കേന്ദ്രകമ്മിറ്റിയുടെയും സംസ്ഥാനകമ്മിറ്റിയുടെയും ധാരണയിൽ കേരളത്തിലെ കമ്മ്യൂണിസ്റ്റുഭരണത്തിന്റെ സ്വഭാവത്തെപ്പറ്റി സ. ദാമോദരൻ പറഞ്ഞ രീതിയിലുള്ള ഒരു വിലയിരുത്തൽ ഉണ്ടായിട്ടേ ഇല്ല.

പാർട്ടിയിലെ പിളർപ്പ്

1964-ൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രത്യയശാസ്ത്രപരവും നയപരവും ആയ വിവാദങ്ങളെത്തുടർന്ന് യോജിച്ച തീരുമാനത്തിൽ എത്താൻ കഴിയാതെ സി. പി. ഐ., സി. പി. ഐ. (എം.) എന്നിങ്ങനെ രണ്ടായി പിളർന്നുവല്ലോ. ഈ പിളർപ്പിനു കാരണം സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയും തമ്മിൽ പൊട്ടിപ്പുറപ്പെട്ട തർക്കത്തിൽ ഒരു വിഭാഗക്കാർ ചൈനീസ്പക്ഷത്ത് അണിനിരന്നുവെന്നും അവരാണ് മാതൃസംഘടനയിൽനിന്നു പിണങ്ങിപ്പിരിഞ്ഞ് സി. പി. ഐ. (എം.) ആയതെന്നും പലരും ആരോപിച്ചിരുന്നു. സി.പി.ഐ. യിലെ അവശിഷ്ടനേതൃത്വവും ആ നിലപാടാണ് ആവർത്തിച്ചുകൊണ്ടിരുന്നത്. എന്നാൽ കെ. ദാമോദരൻ സി. പി. ഐ.യുടെ പൊതുനിലപാടിൽനിന്നു വ്യത്യസ്തമായി കുറേക്കൂടി ശരിയായ ഒരു നിലപാടിൽ എത്തി എന്നാണ് തരീഖ് അലിയുമായുള്ള സംഭാഷണത്തിൽനിന്നും വ്യക്തമാവുന്നത്. ദാമോദരൻ ഇപ്രകാരമാണ് തരീഖ് അലിയോട് ഇക്കാര്യത്തെപ്പറ്റി പറഞ്ഞത്:

> സി. പി. ഐ.-സി. പി. ഐ.(എം.) പിളർപ്പ് ചൈനാ-സോവിയറ്റ് തർക്കത്തിന്റെ കേവലമൊരു പ്രതിഫലനമാണെന്ന് പലരും എഴുതിയിട്ടുണ്ട്. അതു ശരിയല്ല. ചൈനാ-സോവിയറ്റ് സംഘർഷത്തോടുള്ള സമീപനമായിരുന്നു പ്രധാനഘടകം. ഞാൻ നേരത്തെ നിങ്ങളോടു പറഞ്ഞതുപോലെ അതിർത്തിത്തർക്കത്തിൽ ചൈനയുടെ നിലപാടു സംബന്ധിച്ച ചു എൻ ലായിയുടെ വിശദീകരണം എനിക്ക് അല്പം പോലും ബോധ്യമായിരുന്നില്ല. ചൈനീസ് നിലപാടിനെ എതിർത്ത സി. പി. ഐ.യുടെ നയമായിരുന്നു ശരിയെന്ന് ഞാനിപ്പോഴും വിചാരിക്കുന്നു. ചൈനീസ് നിലപാടിന് പിന്തുണ നൽകാതിരിക്കുന്നതും നിങ്ങളുടെ സ്വന്തം ബൂർഷ്വാസിക്ക് പിന്തുണ നൽകുന്നതും തമ്മിൽ വലിയൊരു വ്യത്യാസമുണ്ട്. എന്നിരുന്നാലും സി. പി. ഐ. നേതാക്കളിൽ ചിലരുടെ പ്രസ്താവനകൾ തികച്ചും സങ്കുചിതദേശീയവാദപരമായിരുന്നുവെന്നും അവർ കോൺഗ്രസ്നേതാക്കളുടെ പ്രസംഗങ്ങൾ തത്തയെപ്പോലെ ആവർത്തിക്കുകയായിരുന്നുവെന്നും ഞാൻ ഭയപ്പെടുന്നു. 'മഞ്ഞ വിപത്തിന്റെ' രീതിയിലുള്ള ചില വർഗ്ഗീയശകാരങ്ങൾപോലും ചൈനീസ്നേതാക്കൾക്കുനേരെ വർഷിക്കപ്പെട്ടു. ചൈനയ്ക്കെതിരെ ആഞ്ഞടിച്ചുകൊണ്ടും ഇന്ത്യൻ ബൂർഷ്വാസിയെ ന്യായീകരിച്ചുകൊണ്ടും ഡാങ്കെ എഴുതിയ ചില ലേഖനങ്ങൾ സ്റ്റാലിനിസ്റ്റ് പൈതൃകത്തിൽ ആകൺഠം മുഴുകിയ ഒരു കമ്മ്യൂണിസ്റ്റ് നേതാവിനുപോലും അപമാനകരമായിരുന്നു. സി.പി.ഐ.(എം.)ന്റെ കൂടെ പോയ സഖാക്കളിൽ പലർക്കും ഇത് മനംമടുപ്പുണ്ടാക്കിയിരുന്നു. അത് ശരിയായിരുന്നുതാനും. ഇന്ത്യാ-ചൈനാ അതിർത്തിസംഘട്ടനങ്ങൾക്കുശേഷം 1964-ലുണ്ടായ പിളർപ്പിന് ഇതുപോലും മുഖ്യകാരണമായിരുന്നില്ല.

തിരഞ്ഞെടുപ്പുസഖ്യം സംബന്ധിച്ച പ്രശ്നവുമായി ബന്ധപ്പെട്ട ആഭ്യന്തരമായ അഭിപ്രായഭിന്നതകളായിരുന്നു, എന്റെ അഭിപ്രായത്തിൽ, പിളർപ്പിന്റെ മുഖ്യകാരണം. കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ പതനം മുതൽ ഒരുതരം ചർച്ച നടക്കുന്നുണ്ടായിരുന്നു. 1964-ൽ അത് അതിന്റെ ഉച്ചകോടിയിലെത്തി. 1960 മുതൽ 1964 വരെയുള്ള പാർട്ടിരേഖകൾ നിങ്ങൾ പഠിക്കുകയാണെങ്കിൽ പിളർപ്പിന്റെ യഥാർത്ഥകാരണങ്ങൾ നിങ്ങൾക്ക് കണ്ടെത്താൻ കഴിയും. ഈ രേഖകളിലെല്ലാം വ്യക്തമായ ഒരു ഉള്ളടക്കമുണ്ട്. പാർലമെന്ററി മുരടിപ്പ്. ഇക്കാര്യത്തിൽ രണ്ടു പക്ഷവും തമ്മിൽ കാര്യമായ വ്യത്യാസമൊന്നുമില്ല. സംസ്ഥാനങ്ങളിൽ കൂടുതൽ തിരഞ്ഞെടുപ്പുവിജയവും ലോകസഭയിൽ കൂടുതൽ സീറ്റും നേടിയെടുക്കേണ്ട ആവശ്യകതയുടെ കാര്യത്തിൽ ഇരുകൂട്ടർക്കും യോജിപ്പാണ്. ഇന്ത്യയിൽ കമ്മ്യൂണിസത്തിലേക്കുള്ള പാത അതാണ്. "കോൺഗ്രസ്സിന്റെ കുത്തക പൊളിക്കുക" എന്ന തത്ത്വത്തിലടങ്ങിയ ഒരു അനുബന്ധമുദ്രാവാക്യവുമുണ്ട്. അതിനുചുറ്റുമാണ് അഭിപ്രായ വ്യത്യാസം വളർന്നുവന്നത്. ജനസംഘമോ മുസ്ലിംലീഗോ പങ്കാളികളായിട്ടാണെങ്കിൽപ്പോലും കോൺഗ്രസ്സിന്റെ കുത്തക പൊളിക്കണം—ഇതാണ് ഒരു വിഭാഗത്തിന്റെ അഭിപ്രായം. വലതുപക്ഷത്തിനെതിരെ കോൺഗ്രസിലെ പുരോഗമനവിഭാഗങ്ങളുമായി കൂട്ടുകൂടുകയാണ് കുത്തക പൊളിക്കുന്നതിനുള്ള മാർഗ്ഗം—എതിർവിഭാഗം ഇപ്രകാരമഭിപ്രായപ്പെടുന്നു. അങ്ങനെ ഇന്ത്യൻ കമ്മ്യൂണിസത്തെ പിളർപ്പിലേക്കു നയിച്ച ചർച്ച നിലവിലുള്ള ഭരണകൂടത്തെയും അതിന്റെ ഘടനകളെയും ശരിക്കും എങ്ങനെ അധികാരഭ്രഷ്ടമാക്കാൻ കഴിയും എന്നതിനെച്ചൊല്ലിയുള്ള അഭിപ്രായംമൂലമായിരുന്നില്ല. നേരെമറിച്ച്, കൂടുതൽ സീറ്റ് എങ്ങനെ നേടിയെടുക്കാൻ കഴിയും എന്നതിനെച്ചൊല്ലിയായിരുന്നു. എന്റെ അഭിപ്രായത്തിൽ അടവുപരമായ അഭിപ്രായവ്യത്യാസങ്ങളാണ് പാർട്ടിയെ പിളർപ്പിലേക്കു നയിച്ചത്.

അഭിപ്രായവ്യത്യാസങ്ങൾ വേറെയുമുണ്ടായിരുന്നു—ഇന്ത്യാ-ചൈനാ പ്രശ്നത്തിൽ, സോവിയറ്റ് യൂണിയന്റെ നയങ്ങളെ വിലയിരുത്തുന്നതിൽ എന്നിവയൊക്കെ. എങ്കിലും മുഖ്യമായ അഭിപ്രായവ്യത്യാസം തിരഞ്ഞെടുപ്പടവുകൾ നടപ്പിലാക്കുന്നതിലായിരുന്നു. സി.പി.ഐ.(എം.) നേതാക്കളായി മാറിയ സഖാക്കൾ നാഷണൽ കൗൺസിൽ യോഗത്തിൽനിന്ന് ഇറങ്ങിപ്പോകാനുണ്ടായ അടിയന്തിരകാരണം ഡാങ്കെകത്തായിരുന്നു. ബ്രിട്ടീഷധികാരികൾക്ക് തന്റെ സേവനം വാഗ്ദാനംചെയ്തുകൊണ്ട് 1924-ൽ ഡാങ്കെ എഴുതിയതായി കരുതപ്പെടുന്ന കത്താണിത്. ആ കത്തിന്റെ ഒരു കോപ്പി നാഷണൽ ആർക്കൈവ്സിൽ പ്രത്യക്ഷപ്പെട്ടു. ഇതിനെക്കുറിച്ചന്വേഷിക്കുന്നതിന് സി.പി.ഐ. നാഷണൽ കൗൺസിൽ ഒരു കമ്മീഷനെ നിയമിച്ചു. കത്ത് കെട്ടിച്ചമച്ചതാണെന്നു പറഞ്ഞ് കമ്മീഷനിലെ ഭൂരിപക്ഷം ഡാങ്കെയെ കുറ്റവിമു

ക്കനാക്കി. ഡാങ്കെ ഇങ്ങനെയൊരു കത്തെഴുതിയിട്ടില്ലെന്നു സൂചിപ്പിക്കുന്ന യാതൊരു തെളിവുമില്ലെന്ന് ന്യൂനപക്ഷം അഭിപ്രായപ്പെട്ടു. കൗൺസിലിലെ മൂന്നിലൊന്നു വരുന്ന 32 പേർ യോഗത്തിൽനിന്നിറങ്ങിപ്പോയി. അവർ പിന്നെ തിരിച്ചുവന്നില്ല. ഡാങ്കെകത്ത് കേവലമൊരു മറ മാത്രമായിരുന്നുവെന്ന് വ്യക്തമായിരുന്നു. മൗലികമായ അഭിപ്രായവ്യത്യാസങ്ങൾ ഇല്ലാതിരുന്നുവെന്നതും വ്യക്തമായിരുന്നു. അതിനുശേഷമുള്ള രണ്ടു പാർട്ടികളുടെയും പരിണാമം ഈ വസ്തുത സ്ഥിരീകരിച്ചു. നാഷണൽ കൗൺസിലിൽ സി.പി.ഐ.ക്ക് ബഹുഭൂരിപക്ഷമുണ്ടായിരുന്നു. എന്നാൽ ഇതായിരുന്നില്ല സംസ്ഥാനകൗൺസിലുകളിലെ അവസ്ഥ. പശ്ചിമബംഗാൾ സംസ്ഥാന കൗൺസിലിൽ സി.പി.ഐ.(എം.)നായിരുന്നു ഭൂരിപക്ഷം. കേരളത്തിൽ സി.പി.ഐ.ക്ക് നേരിയ ഭൂരിപക്ഷവും. ഇതുതന്നെ തെറ്റിദ്ധാരണാജനകമായിരുന്നു. എന്തുകൊണ്ടെന്ന് ഞാൻ വിശദീകരിക്കാം. നിങ്ങൾ സംസ്ഥാന കൗൺസിലിൽനിന്ന് ജില്ലാ കമ്മിറ്റികളിലേക്ക് പോയാൽ ചിലതിൽ സി.പി.ഐ.(എം.)ന് ഭൂരിപക്ഷമുണ്ടായിരുന്നുവെന്ന് കാണാം. അവിടെനിന്നും താഴോട്ടു പോയി ബ്രാഞ്ചുതലത്തിലും സെൽതലത്തിലുമെത്തിയാൽ സി.പി.ഐ. മിക്കവാറും തുടച്ചുനീക്കപ്പെട്ടിരുന്നുവെന്ന് ബോദ്ധ്യമാകും. കേരളത്തിൽ താഴേത്തട്ടിലുള്ളവർ ഏറിയകൂറും സി.പി.ഐ.(എം.)ന്റെ കൂടെ പോയി. ആന്ധ്രാപ്രദേശിലെ സ്ഥിതിയും ഏതാണ്ടിതുപോലെതന്നെയായിരുന്നു.

ആശയക്കുഴപ്പങ്ങളും തെറ്റിദ്ധാരണകളും കുഴഞ്ഞുമറിയുന്ന ഈ പ്രസ്താവനയിൽ ശരിയും തെറ്റും കണ്ടെത്താം. സോവിയറ്റ് പാർട്ടിയുമായുള്ള ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തർക്കത്തിലോ ഇന്ത്യയ്ക്കെതിരെ ചൈന നടത്തിയ അതിർത്തിയുദ്ധകാര്യത്തിലോ സി. പി. ഐ.(എം.) ചൈനീസ് നിലപാടിനെ അപ്പാടെ അംഗീകരിക്കയായിരുന്നു എന്ന സൂചന വസ്തുതാപരമായി തെറ്റാണ്. ഇരുരാജ്യങ്ങളും തമ്മിലുള്ള തർക്കം യുദ്ധത്തിലൂടെ പരിഹരിക്കാൻ സാദ്ധ്യമല്ലെന്നും സമാധാനപരമായ കൂടിയാലോചനകളിലൂടെ മാത്രമേ സാധിക്കയുള്ളൂ എന്നും ഇരുകൂട്ടർക്കും അതായിരിക്കും അഭികാമ്യം എന്നുമായിരുന്നു സി.പി.ഐ.(എം.)ന്റെയും പിളർപ്പിനു മുൻപ് ഇടതുപക്ഷചിന്താഗതിക്കാർ എന്നു വിശേഷിപ്പിച്ചിരുന്ന കമ്മ്യൂണിസ്റ്റുകാർക്കും ഉണ്ടായിരുന്ന അഭിപ്രായം. കോൺഗ്രസ്സിന്റെ കുത്തകവാഴ്ച തകർക്കാൻ ജനസംഘവുമായി (ഇന്നത്തെ ബി. ജെ. പി.യുടെ പൂർവ്വരൂപം) കൂട്ടുചേരണമെന്ന് കമ്മ്യൂണിസ്റ്റുകൾ ആരുംതന്നെ വാദിച്ചിരുന്നതായി തോന്നുന്നില്ല. സി.പി.ഐ.(എം.) ഏതായാലും അങ്ങനെ വാദിച്ചിരുന്നില്ല എന്നതു വ്യക്തം. 1967-ലെ നാലാമത്തെ പൊതുതെരഞ്ഞടുപ്പിൽ സി. പി. ഐ. ജനസംഘവുമായി ഒത്തുചേർന്ന് ബീഹാർ തുടങ്ങി ചിലയിടങ്ങളിൽ കൂട്ടുകക്ഷിസർക്കാരുകൾ രൂപീകരിച്ചിരുന്നതിനെക്കുറിച്ചാണോ ദാമോദരൻ സൂചിപ്പിക്കുന്നത് എന്നത് വ്യക്തമല്ല. സോവിയറ്റ് യൂണിയനും ചൈനയുമായുള്ള

ഭിന്നതയുടെ പ്രതിഫലനമായിരുന്നു ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പിളർപ്പ് എന്ന വാദം ദാമോദരൻ നിരാകരിക്കുന്നത് ശരിതന്നെ എന്നു മാത്ര മല്ല, പിന്നീട് സി. പി. ഐ.യെക്കൂടി കൈവിട്ട് സ്വന്തമായി ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയുണ്ടാക്കി അധോഗതിയിലായ എസ്. എ. ഡാങ്കെയെപ്പോലെ ചിലർ തൊഴിലാളിവർഗ്ഗസാർവ്വദേശീയത്വത്തിന് ഒരിക്കലും യോജിക്കാത്തവിധം സങ്കുചിതദേശീയഭ്രാന്ത് ഇളക്കിവിട്ടിരുന്നു എന്നതും ദാമോദരന്റെ പ്രസ്താവനയിലെ ശരിയായ വിലയിരുത്തലാണ്.

എന്നാൽ കോൺഗ്രസ്സിന്റെ ഭരണകുത്തക പൊളിക്കാൻ അതിലെ ഇടതുപക്ഷപുരോഗമനവിഭാഗവുമായി സഹകരിക്കുകയാണ് എന്ന അന്നത്തെ സി. പി. ഐ.യുടെയും ദാമോദരന്റെയും നിലപാട് 'കൗണ്ടർ പ്രൊട്ടക്ടീവ്' (ഉദ്ദേശിച്ച ലക്ഷ്യത്തിനെതിരായ ഫലം ഉളവാക്കുന്നത്) ആയിരുന്നു. ഫലത്തിൽ അത് കോൺഗ്രസ്സുമായുള്ള നിരുപാധികമായ ഐക്യത്തിലേക്കാണ് നയിച്ചത്. കോൺഗ്രസ്സുമായുള്ള ഈ സഖ്യത്തിൽ സി. പി. ഐ.യ്ക്ക് ഒരു കീഴാളർസ്ഥാനം മാത്രമേ ഉണ്ടായിരുന്നുള്ളു. ഒടുവിൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ അടിയന്തിരാവസ്ഥയെ നിരുപാധികം പിന്താങ്ങുന്ന നിലപാടു വരെയെത്തി ഈ കീഴാളർപദവി. അടിയന്തിരാവസ്ഥയുടെ അതിക്രമങ്ങളും രൂക്ഷതയും ഏറ്റവും കൂടുതൽ പ്രകടമായിരുന്ന ദില്ലിയിലാണ് അക്കാലത്ത് ഇന്ദിരാ സർക്കാരിന്റെ ആശിസ്സോടുകൂടി ദാമോദരൻ പി. സി. ജോഷിയുമൊത്ത് ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഗവേഷണവും ഗ്രന്ഥരചനയും നടത്തിക്കൊണ്ടിരുന്നത്. തരീഖ് അലിയുമായുള്ള സംഭാഷണവും അവിടെവച്ച് അക്കാലത്തുതന്നെയായിരുന്നു. എന്നിട്ടും പരോക്ഷമായി പ്പോലും അടിയന്തിരാവസ്ഥയെ ദാമോദരൻ വിമർശിച്ചില്ല എന്നത് അദ്ദേഹത്തിന് ഭൂഷണമായിരുന്നു എന്നു തോന്നുന്നില്ല. സി. പി. ഐ.യ്ക്കും ദാമോദരനും വന്നുചേർന്ന ഈ പതനത്തിന്റെ കാരണം പാർട്ടിപ്പിളർപ്പിലേക്ക് നയിച്ച വികലമായ അവരുടെ നയസമീപനങ്ങളാണ്. കോൺഗ്രസ്സിലെ പുരോഗമന പക്ഷവുമായി യോജിക്കുക എന്നത് അവസാനം കോൺഗ്രസ്സിനെയാകെ അനുകൂലിക്കുകയും അവരുടെ ചൊൽപ്പടിക്കനുസരിച്ച് പ്രവർത്തിക്കുക എന്ന ദുരവസ്ഥയിലേക്കും എത്തിച്ചു എന്നതാണ് പരമാർത്ഥം.

ദാമോദരന് കാണാൻ കഴിയാതെപോയ ഫലങ്ങൾ

കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പിളർപ്പിന് താൻ എക്കാലവും എതിരായിരുന്നു എന്നും ആ പിളർപ്പ് പാർട്ടിയേയും ബഹുജനസംഘടനകളേയും ദുർബ്ബലപ്പെടുത്തുമെന്നതാണ് അതിന് കാരണമെന്നും തരീഖ് അലിയുമായുള്ള സംഭാഷണത്തിൽ ദാമോദരൻ വിസ്തരിച്ച് ഉപന്യസിക്കുന്നുണ്ട്.

ഒറ്റ കേൾവിക്ക് ശരിയെന്നു തോന്നാവുന്നതാണ് ദാമോദരന്റെ വാദം. ഏതു പ്രസ്ഥാനത്തെയും പിളർപ്പുകൾ ദുർബ്ബലപ്പെടുത്തുകയല്ലേ എന്ന് ആർക്കും തോന്നാം. ഒരതിർത്തിവരെ അത് ശരിയുമായിരിക്കാം. എന്നാൽ

കുറെക്കുടി ആഴത്തിൽ പരിശോധിക്കുമ്പോൾ കാര്യം അത്ര ലളിതമല്ലെന്ന് ബോദ്ധ്യപ്പെടും. ജനകീയപ്രസ്ഥാനങ്ങളെയും വിപ്ലവപ്രസ്ഥാനങ്ങളെയും പിളർപ്പുകൾ തളർത്തുന്നതിനു പകരം വളർത്തുന്ന ധാരാളം അനുഭവങ്ങൾ ചരിത്രത്തിലുണ്ട്. റഷ്യൻ ലേബർ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി (ആർ. എൽ. എസ്. ഡി. പി.) എന്ന പേരിൽ അറിയപ്പെട്ടിരുന്ന പാർട്ടിയാണല്ലോ പിന്നീട് റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയായിത്തീർന്നത്. 1902-ൽ വി. ഐ. ലെനിന്റെ നേതൃത്വത്തിൽ അതിലെ ഭൂരിപക്ഷം (ബോൾഷെവിക്ക്) എന്ന വിശേഷണത്തോടെ തെറ്റിപ്പിരിയുകയും അവശേഷിച്ച പാർട്ടി 'മെൻഷവിക്' (ന്യൂനപക്ഷം) എന്ന പേരിൽ അറിയപ്പെടുകയുംചെയ്തു. ഇപ്രകാരം ഒരു പിളർപ്പിലൂടെ ബോൾഷെവിക്ക് പാർട്ടി രൂപംകൊണ്ടിരുന്നില്ല എങ്കിൽ റഷ്യൻവിപ്ലവം നടക്കുകയില്ലായിരുന്നു. ഈ പിളർപ്പ് പാർട്ടിയെ തളർത്തുകയല്ല വളർത്തുകയായിരുന്നു എന്ന് സ്പഷ്ടം. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം പോലെ തന്നെയാകണം ചൈനീസ് വിപ്ലവം എന്നും അതനുസരിച്ച തന്ത്രവും അടവുമാണ് സ്വീകരിക്കേണ്ടത് എന്നും വാദിച്ച ലി ലി സാൻ വിഭാഗവുമായി 1934-ൽ തെറ്റിപ്പിരിഞ്ഞ് മാവൊ സെ ദൊങ്ങിന്റെ നേതൃത്വത്തിൽ പാർട്ടി പുനഃസംഘടിപ്പിച്ചില്ലായിരുന്നുവെങ്കിൽ ചൈനീസ് വിപ്ലവം നടക്കുമായിരുന്നില്ല. ബൂർഷ്വാ ജനാധിപത്യകക്ഷികളിലും ഇത്തരം ഉദാഹരണങ്ങൾ ഉണ്ട്. 1906-ൽ സൂറത്തിൽവെച്ച് ചേർന്ന ഇന്ത്യൻ നാഷനൽ കോൺഗ്രസ് ബാലഗംഗാധരതിലക്, ലാലാ ലജ്പത്റായ്, ബിപിൻചന്ദ്രപാൽ എന്നിവരുടെ നേതൃത്വത്തിലുള്ള തീവ്രവാദികളും, ഗോപാലകൃഷ്ണഗോഖലെ, ഫിറോസ്ഷാ മേത്ത തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള മിതവാദികളുമായി തെറ്റിപ്പിരിഞ്ഞ് രണ്ടായി. ഈ പിളർപ്പ് കോൺഗ്രസിനെ തളർത്തുകയല്ല വളർത്തുകയാണ് ചെയ്തത് എന്ന് 'ബാൽ-ലാൽ-പാൽ' ഗ്രൂപ്പ് എന്നു വിളിക്കപ്പെട്ട തീവ്രവാദികൾ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോയപ്പോൾ മറ്റെ വിഭാഗം വെറും പ്രസംഗ-പ്രമേയഗ്രൂപ്പായി ചുരുങ്ങുകയുംചെയ്തു. (എക്സ്ട്രിമിസ്റ്റുകളും മോഡറേറ്റുകളും).

1964-ലെ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പിളർപ്പും പാർട്ടിയെ തളർത്തുകയല്ല വളർത്തുകയാണ് ചെയ്തത്. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ ഏറ്റവും വലുത് സി.പി.ഐ.(എം.) ആണെന്നതിൽ ആർക്കും തർക്കമില്ല. കോൺഗ്രസിനോടു ചായ്വ് പ്രകടിപ്പിച്ച് മിതവാദനയങ്ങൾ ഉയർത്തിപ്പിടിക്കുകയും ഒടുവിൽ കോൺഗ്രസിന്റെ ഒരു കീഴാളർ സഖ്യകക്ഷിയായി മാറുകയും ചെയ്ത സി.പി.ഐ. ഇന്നെവിടെ നിൽക്കുന്നു? ദാമോദരന്റെ മരണശേഷം 1978-ൽ പഞ്ചാബിലെ ഭട്ടിണ്ടയിൽവെച്ച് ചേർന്ന സി.പി.ഐ. കോൺഗ്രസ്, പിളർപ്പിലേക്കു നയിച്ച അവരുടെ വലതുപക്ഷ അവസരവാദനയം ഉപേക്ഷിക്കുകയും ഇടതുപക്ഷൈക്യത്തിനായി കോൺഗ്രസ് ബന്ധം വിച്ഛേദിക്കുകയും ചെയ്തത് കാണാൻ നിർഭാഗ്യവശാൽ ദാമോദരനുണ്ടായിരുന്നില്ല. ദാമോദരന്റെ നിര്യാണശേഷം ഒരു വർഷം പിന്നിട്ടപ്പോൾ അടിയന്തിരാവസ്ഥ അലസിപ്പോയതും തുടർന്നു നടന്ന പൊതുതി

രഞ്ഞെടുപ്പിൽ ബംഗാളിൽ സി.പി.ഐ.(എം.) നേതൃത്വത്തിൽ ഇടതു മുന്നണി ഗവൺമെന്റ് നിലവിൽവന്നതും സി.പി.ഐ.യുടെ കണ്ണുതുറപ്പിച്ചു. ഭട്ടിണ്ടയ്ക്കുശേഷം ഫോർവേർഡ് ബ്ലോക്ക്, ആർ.എസ്.പി. തുടങ്ങിയവരെക്കാൾ താഴെയുള്ള ഒരു പങ്കാളിത്തത്തോടുകൂടി സി.പി.ഐ. പിന്നീട് ഇടതുമുന്നണിയിൽ ചേരുകയാണുണ്ടായത്.

പാർട്ടിയുടെ പിളർപ്പിലേക്ക് നയിച്ച നിലപാടുകളെയും സംഭവങ്ങളെയും തരീഖ് അലിക്ക് വിശദീകരിച്ചുകൊടുക്കുന്നതിനിടയിൽ ഡാങ്കെയുടെയും സി.പി.ഐ.യുടെയും ചില പാളിച്ചകൾ ദാമോദരൻ ഏറ്റുപറഞ്ഞത് നാം നേരത്തെ പരാമർശിച്ചിരുന്നുവല്ലോ. അങ്ങനെ വീണ്ടുവിചാരത്തിന്റെ ചില തുടക്കങ്ങൾ ദാമോദരന്റെ അഭിമുഖത്തിൽനിന്ന് വായിച്ചെടുക്കാം. എന്നിട്ടും പിൽക്കാലത്ത് ഭട്ടിണ്ടയിൽവെച്ച് സി.പി.ഐ. ചെയ്തപോലെ ഈ അപഥ സഞ്ചാരത്തിൽനിന്ന് പൂർണ്ണമായി വിടപറയാൻ ദാമോദരൻ ഒരുങ്ങിയില്ല. പഴയ നിലപാടിൽ ഉറച്ചുനിന്ന് പിളർപ്പിന്റെ മുഖ്യസൂത്രധാരനായിരുന്ന എസ്. എ. ഡാങ്കെ സി.പി.ഐ. വിട്ട് സ്വന്തം മകൾ റോസാദേശ് പാണ്ഡെയെ ചേർത്ത് ഒരു വെള്ളക്കുമിളപോലെ വിമതഗ്രൂപ്പ് സ്ഥാപിച്ചത് കാണാനും ദാമോദരൻ ജീവിച്ചിരുന്നില്ല.

മാർക്സിസ്റ്റ് ചിന്തയിലെ വിവിധ ധാരകൾ

അത്യന്തം സങ്കീർണ്ണവും വൈവിദ്ധ്യമാർന്നതും പരസ്പരവിരുദ്ധഘടകങ്ങൾ ഏറ്റുമുട്ടുന്നതുമായ ലോകക്രമത്തെ മൗലികമായി മാറ്റിത്തീർക്കുവാനുള്ള ഒരു സൈദ്ധാന്തികോപാധിയാണല്ലോ മാർക്സിസവും മാർക്സിസം-ലെനിനിസവും. ഈ ഉപാധി ലളിതമായ ഒരു ഒറ്റയടിപ്പാതയാണെന്ന് തെറ്റിദ്ധരിച്ച് ഒരു നീക്കുപോക്കുമില്ലാതെ എല്ലാ കാലത്തും എല്ലാ ദേശങ്ങളിലും പ്രയോഗിക്കാൻ ശ്രമിക്കുന്നത് അപകടധാരണമൂലമാണെന്നും ഈ കാലദേശവ്യത്യാസങ്ങൾ കണക്കിലെടുത്ത് ഓരോ രാജ്യത്തും പ്രദേശത്തും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട് എന്നും വി.ഐ. ലെനിൽ 'ഇടതുപക്ഷ കമ്മ്യൂണിസം: ഒരു ബാലാരിഷ്ട' ഉൾപ്പെടെ പല കൃതികളിലും ഉപദേശിച്ചിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ രണ്ടാം കോൺഗ്രസിൽ ലെനിൻ അവതരിപ്പിച്ച 'കൊളോണിയൽ തീസിസ്' ഈ നിലപാടിന്റെ വിവേകപൂർവ്വമായ ഒരു പ്രയോഗമാണ്. വിവിധരാജ്യങ്ങളിലെ പിൽക്കാല വിപ്ലവാനുഭവങ്ങൾ ലെനിന്റെ കാഴ്ചപ്പാടിനെ സിദ്ധവൽക്കരിക്കയും ചെയ്യുന്നു. റഷ്യൻ വിപ്ലവവും ചൈനീസ് വിപ്ലവവും തമ്മിലുള്ള മാർഗ്ഗവ്യത്യാസം പെട്ടെന്ന് മനസ്സിൽ വരുന്ന ഒരുദാഹരണമാണ്.

ഈ പശ്ചാത്തലത്തിൽ തെറ്റും ശരിയും ഇടകലർന്ന പല ചിന്താധാരകളും മാർക്സിസ്റ്റ്പ്രസ്ഥാനത്തിൽ ഉണ്ടാകുന്നതിൽ അതിശയിക്കാനില്ല. ഇവയെല്ലാം കൂട്ടിക്കുഴച്ച് അവിയൽപരുവത്തിൽ എന്തെങ്കിലും പടച്ചുണ്ടാക്കുന്നത് ശരിയുമല്ല. എന്നാൽ ഏതെങ്കിലും വിയോജിപ്പിന് വകയുള്ളതിനെ

ശത്രുപക്ഷത്തേക്ക് തള്ളുകയും അവയുടെ പ്രണേതാക്കളെ പ്രതിവിപ്ലവകാരികൾ എന്ന് അടച്ചാക്ഷേപിക്കുകയും ചെയ്യുന്നത് മാർക്സിസത്തെ ദരിദ്രമാക്കുകയേ ഉള്ളൂ എന്നാണ് ദാമോദരന്റെ പക്ഷം. അത്തരം വ്യതിയാനക്കാരെ ചരിത്രത്തിൽനിന്ന് തുടച്ചുനീക്കി ചരിത്രത്തെ വളച്ചൊടിക്കുകയെന്നത് സ്റ്റാലിനിസ്റ്റ് സമ്പ്രദായത്തിന്റെ അനുകരണമാണ്. ലിയോൺ ട്രോട്സ്കിയെക്കുറിച്ചുള്ള തരീഖ് അലിയുടെ ചോദ്യത്തിന് ദാമോദരൻ നൽകുന്ന മറുപടിയിൽ ഇതെല്ലാം വിസ്തരിച്ചിട്ടുണ്ട്. പൊതുവെ ആ വീക്ഷണം ശരിയാണെന്നാണ് ആധുനിക മാർക്സിസ്റ്റ് നിലപാട്. ദാമോദരന്റെ വിശദീകരണം അതുപോലെതന്നെ താഴെ ചേർക്കുന്നു:

> "....ഞാനൊരു ട്രോട്സ്കിയിസ്റ്റല്ല. സ്റ്റാലിനായിരുന്നു എന്റെ വിഗ്രഹം. ആ വിഗ്രഹം തുണ്ടംതുണ്ടമായി തകർന്ന വിഗ്രഹത്തെ പുതിയൊരു വിഗ്രഹംകൊണ്ട്, അത് തകർന്നതല്ലെങ്കിൽപ്പോലും പകരം വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കാരണം, വിഗ്രഹാരാധനയിൽ ഞാനിപ്പോൾ വിശ്വസിക്കുന്നില്ല. ട്രോട്സ്കി, ബുഖാറിൻ, റോസാ ലക്സംബർഗ്ഗ്, ഗ്രാംഷിലൂക്കാച്ച് തുടങ്ങിയ മാർക്സിസ്റ്റുകാരുടെ കൃതികൾ എല്ലാ കമ്മ്യൂണിസ്റ്റുകാരും ഗൗരവപൂർവ്വം പഠിക്കുകയും വിമർശനാത്മകമായി വിലയിരുത്തുകയും ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. ലോകകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽനിന്ന് അവരെ ഒഴിവാക്കിയാൽ മാർക്സിസം കൂടുതൽ ദരിദ്രമായിരിക്കും. ചരിത്രത്തെ സ്റ്റാലിനിസ്റ്റ് രീതിയിൽ വികൃതമാക്കുന്നതിനോട് ഞാൻ യോജിക്കുന്നില്ല...."

ഏകദേശം ഇതിനോട് താരതമ്യപ്പെടുത്താവുന്ന അഭിപ്രായമായിരുന്നു അവസാനകാലത്ത് ഇ. എം. എസ്. നമ്പൂതിരിപ്പാടിനുണ്ടായിരുന്നത്. മാർക്സിസ്റ്റ് ചിന്തയിൽ പുതിയ ധാരകൾ വെട്ടിത്തെളിച്ച ഇറ്റാലിയൻ മാർക്സിസ്റ്റ് മഹീഷി അന്തോണിയോ ഗ്രാംഷിയെക്കുറിച്ച് ഈ ലേഖകന്റെ ചെറിയ സഹായത്തോടെ ഇ. എം. എസ്. 'ഗ്രാംഷിയൻ വിചാരവിപ്ലവം' എഴുതുന്ന സന്ദർഭത്തിൽ അദ്ദേഹം ഈ ലേഖകനോട് ഇപ്രകാരം പറയുകയുണ്ടായി:

> "ജെ.വി. സ്റ്റാലിൻ പല തെറ്റുകളും ചെയ്തതായി പറയാറുണ്ടല്ലോ. അതിൽ ശരിയും തെറ്റുമുണ്ടായിരിക്കാം. എന്നാൽ പി. ജി.ക്കറിയാമോ അദ്ദേഹം ചെയ്ത ഏറ്റവും വലിയ തെറ്റ് എന്ത് എന്നത്? സോവിയറ്റ് യൂണിയൻ അംഗീകരിക്കാത്ത വ്യത്യസ്ത ചിന്താഗതിക്കാരായ മാർക്സിസ്റ്റ്കാരെ മുഴുവനും ശത്രുപാളയത്തിൽ ഉൾപ്പെടുത്തുക മാത്രമല്ല, സോവിയറ്റ് ചരിത്രഗ്രന്ഥങ്ങളിൽ പൂർണ്ണമായി തിരസ്കരിക്കുകയും ചെയ്തു എന്നതാണത്. അന്തോണിയോ ഗ്രാംഷി, ജർമ്മൻകാരിയായ റോസാലക്സംബർഗ്ഗ് തുടങ്ങിയ പലരും ആ പട്ടികയിൽപ്പെടുന്നു. അവരെല്ലാം പറയുന്നത് അപ്പാടെ അംഗീകരിച്ചുകൊള്ളണമെന്നല്ല, പ്രത്യേക സാഹചര്യങ്ങളിൽ പ്രത്യേക പ്രശ്നങ്ങളോടുള്ള പ്രതികരണങ്ങളെന്ന നിലയിൽ അവരുടെ അഭിപ്രായങ്ങൾ തെറ്റോ ശരിയോ രണ്ടും ഇടക

ലർന്നതോ ആയിരിക്കാം. ത്യാജ്യഗ്രാഹ്യവിവേചനത്തോടെ അവകൂടി വിമർശനാത്മകമായി പഠിച്ചാൽ മാത്രമേ നമ്മുടെ മാർക്സിസ്റ്റ് വിദ്യാഭ്യാസം പൂർണ്ണമാകൂ. ഗ്രാംഷിയുടെ പുസ്തകങ്ങൾ വായിച്ചപ്പോഴാണ് എനിക്ക് ഈ കാര്യം പൂർണ്ണമായി ബോധ്യമായത്....”

ഭാവിയെപ്പറ്റി ശുഭപ്രതീക്ഷ


മാർക്സിസ്റ്റ് സിദ്ധാന്തപഠനത്തിൽ വരുത്തേണ്ട ഈ ഉദാരസമീപനത്തെത്തുടർന്ന് ദാമോദരൻ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ ഭാവിയെക്കുറിച്ച് പ്രതീക്ഷയോടെ വിവരിക്കുന്നുണ്ട്—പുതിയ തലമുറയുടെ കഴിവുകളെ സംബന്ധിച്ച് ചില പഴമക്കാർ പ്രകടിപ്പിക്കുന്ന ആശങ്കകളൊന്നും ദാമോദരനെ അലട്ടുന്നില്ല. തീർച്ചയായും അവർ പുതിയ കാലത്തിനനുസരണമായി പഴയ തെറ്റുകൾ തിരുത്തി മുന്നേറുമെന്ന ശുഭാപ്തിവിശ്വാസമാണദ്ദേഹത്തിനുള്ളത്. തരീഖ് അലിയുമായുള്ള സംഭാഷണത്തിന്റെ അന്ത്യഭാഗം ഈ ശുഭപ്രതീക്ഷയുടെ പ്രഖ്യാപനമാണ്. ദാമോദരന്റെ നിര്യാണശേഷം പതിന്നാലുവർഷം കഴിഞ്ഞാണ് സോവിയറ്റ് യൂണിയന്റെയും കിഴക്കൻ യൂറോപ്യൻ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെയും തകർച്ച. ലോകത്തിലെ മറ്റു പലയിടത്തെയും പ്രത്യേകിച്ച് മൂന്നാംലോകം എന്നു വിളിക്കപ്പെടുന്ന രാജ്യങ്ങളിലെയും കമ്മ്യൂണിസ്റ്റുകാരെ സോവിയറ്റ് തകർച്ച അഗാധമായി വ്യസനിപ്പിച്ചെങ്കിലും അവർ ഈ വിപര്യയം കമ്മ്യൂണിസത്തിന്റെയോ മാർക്സിസത്തിന്റെയോ തകർച്ചയായി കണ്ടില്ല. സി. പി. ഐ. (എം.)ന്റെ ചെന്നൈയിൽ ചേർന്ന 1992-ലെ 14-ാം പാർട്ടി കോൺഗ്രസ് സോവിയറ്റ് തകർച്ച സോഷ്യലിസത്തിന്റെയോ കമ്മ്യൂണിസത്തിന്റെയോ അല്ല അതിന്റെ പ്രയോഗത്തിൽ വന്ന പാകപ്പിഴയുടെ ഫലമാണെന്ന് പ്രഖ്യാപിക്കുകയുണ്ടായി. സി.പി.ഐ.യും ഈ നിലപാടിനോട് യോജിക്കുന്നു. ദാമോദരൻ ജീവിച്ചിരുന്നെങ്കിൽ അദ്ദേഹവും ഈ നിലപാട് സ്വീകരിക്കുമായിരുന്നുവെന്ന് ഊഹിക്കുവാനേ നമുക്കിപ്പോൾ സാധിക്കൂ.

ദാമോദരന്റെ ഒസ്യത്തായി നാം പരിഗണിച്ച ഈ അഭിമുഖത്തിന്റെ അന്ത്യഭാഗം അതിന്റെ കാതലായി പരിഗണിക്കാം. ഇപ്രകാരമാണ് അദ്ദേഹം തരീഖ് അലിയുമായുള്ള സംഭാഷണം ഉപസംഹരിക്കുന്നത്.


> “ഇന്ത്യൻ കമ്മ്യൂണിസത്തിന്റെ ഭൂതകാലം മുഴുവൻ നിഷേധിക്കണമെന്ന അഭിപ്രായത്തോട് എനിക്ക് യോജിക്കാനാവില്ല. വൈരൂപ്യങ്ങളും തെറ്റുകളുമെല്ലാമുണ്ടെന്നിരിക്കിൽത്തന്നെയും ഇന്ത്യയിലെ പരസഹസ്രം കമ്മ്യൂണിസ്റ്റുകാർ സോഷ്യലിസത്തിനും വിപ്ലവത്തിനും വേണ്ടി സമരംചെയ്യുകയും പലതരത്തിലുള്ള കഷ്ടപ്പാടുകൾ സഹിക്കുകയും ചെയ്തിട്ടുണ്ട്. ഒട്ടനവധി കർഷകസമരങ്ങളും ട്രേഡ് യൂണിയൻ സമരങ്ങളും സാമ്രാജ്യത്വവിരുദ്ധസമരങ്ങളും നടത്തിയ ഒന്നാംതരം ഉശിരൻ കമ്മ്യൂണിസ്റ്റുകാരും നമുക്കുണ്ടായിട്ടുണ്ട്. നാം ഇതിനകം ചർച്ചചെയ്ത കാരണങ്ങളാൽ, നേതൃത്വത്തിന് അവരുടെ കഴിവുകളേയും ശക്തികളേയും വിപ്ലവപരമായി തിരിച്ചുവിടാൻ കഴിഞ്ഞില്ലെ

ന്നതായിരുന്നു ദുരന്തം. അതുകൊണ്ട് അനുഭവം മുഴുവൻ എഴുതിത്ത ള്ളരുതെന്ന് ഞാൻ ഊന്നിപ്പറയും. ഏതൊരു പുത്തൻ കമ്മ്യൂണിസ്റ്റു പ്രസ്ഥാനവും വീണ്ടും സ്വന്തമാക്കേണ്ട അദ്ധ്യായങ്ങൾ അതിനുണ്ട്. സി.പി.ഐ.യുടേയും സി.പി.ഐ.(എം.)ന്റേയും എം.എൽ. ഗ്രൂപ്പുകളു ടേയും പിന്നിൽ സോഷ്യലിസ്റ്റ് വിപ്ലവം നടന്നുകാണാനാഗ്രഹിക്കുന്ന സമർപ്പിതചേതസ്സുകളായ ആയിരക്കണക്കിന് കേഡർമാരുണ്ട്. അവരെ അവഗണിക്കാൻ കഴിയില്ല. കൂടാതെ അവരിൽ പലർക്കും ബഹു ജനസമരങ്ങളുടെ അനുഭവങ്ങളുമുണ്ട്. പരമ്പരാഗതപാർട്ടികളിലെ സ്റ്റാലിനിസത്തിന്റെ അനുഭവമില്ലാത്ത ഉശിരന്മാരായ അനേകം ചെറു പ്പക്കാർ മാർക്സിസ്റ്റുകാരും കമ്മ്യൂണിസ്റ്റുകാരുമായി മുമ്പോട്ടേക്ക് വരു ന്നുണ്ട്. മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ മുഴുവൻ കമ്മ്യൂണിസ്റ്റ്ശക്തികളുടെയും ഏകീകരണം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് അനുപേക്ഷണീയമാണെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ഇതെങ്ങനെ സാധിക്കാമെന്നത്—ലയനത്തി ലൂടെയോ ഒരു പുതിയ കമ്മ്യൂണിസ്റ്റ് പാർട്ടി ഉദയംചെയ്യുന്നതിലൂടെയോ എന്നും മറ്റുമുള്ള കാര്യം—ഞാൻ ഭാവിക്ക് വിടുന്നു. എന്നാൽ പരസ്പരം തലതല്ലിപ്പൊളിച്ചുകൊണ്ട് ഐക്യം നേടാനാവില്ല. തത്ത്വാധിഷ്ഠിതമായ ചർച്ചകളും സാഹോദര്യപൂർണ്ണമായ വിവാദങ്ങളും പൊതുവായി യോജി പ്പുള്ള പരിപാടിയുടെ അടിസ്ഥാനത്തിലുള്ള ഏകീകൃതപ്രവർത്തന ങ്ങളുംവഴി മാത്രമേ അത് സാധിക്കൂ. വിവിധ കമ്മ്യൂണിസ്റ്റ് പാർട്ടിക ളുടെ അണികൾ തങ്ങളുടെ സൈദ്ധാന്തികനിലവാരമുയർത്തുകയും ഈ മഹാസംവാദത്തിൽ ഫലപ്രദമായി ഇടപെടാൻ കഴിവുനേടുകയും ചെയ്യുമ്പോൾ മാത്രമേ ഇത് വിജയിക്കുകയുള്ളൂ. ഞാനൊരു ശുഭാ പ്തിവിശ്വാസിയാണ്. വാർദ്ധക്യത്തിലേക്ക് കാലെടുത്തുവെച്ച പഴയ തലമുറയിലെ നേതാക്കൾ ഈ ശ്രമത്തിൽ പരാജയപ്പെട്ടാലും യുവത ലമുറയിലെ പുതിയ വിപ്ലവകാരികൾ സന്ദർഭത്തിനൊത്തുയരുമെന്ന് എനിക്കുറപ്പുണ്ട്."


★




കെ. ദാമോദരൻ (ഫയൽ ചിത്രം)




പി. സി. ജോഷി



എ. കെ. ജി.




ബി. ടി. രണദിവേ




ഇ. എം. എസ്.



പി. കൃഷ്ണപിള്ള



എൻ. സി. ശേഖർ



എസ്. വി. ഘാട്ടേ സഖാക്കൾക്കൊപ്പം



കെ. ദാമോദരൻ
പോരും പൊരുളും

പി. ഗോവിന്ദപ്പിള്ള

കേരളത്തിലെ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ ആദ്യ പഥികനായ കെ. ദാമോദരന്റെ അപഗ്രഥനാത്മകജീവ ചരിത്രം. മാർക്സിസ്റ്റ് സൈദ്ധാന്തികനായ പി. ഗോവി ന്ദപ്പിള്ളയുടെ തൂലികയിൽനിന്നുമാകുമ്പോൾ അതിന് ആധികാരികതയേറും. ചരിത്രത്തിന്റെ ഗതിമാറ്റിയ കെ. ദാമോദരനെക്കുറിച്ചുള്ള പുസ്തകം എസ്.പി.സി.എസ്. അഭിമാനപൂർവ്വം സമർപ്പിക്കുന്നു.

നാഷണൽ ബുക്ക്സ്റ്റാൾ

ജീവചരിത്രം
₹180

9 780000 171955

Sahithya Pravarthaka Co-operative Society
Ltd.No. 2458. Kottayam, Kerala State, India

Sales Department
National Book Stall
Thiruvananthapuram-Kollam-Alappuzha-
Kottayam-Kottayam (Show room)
Ernakulam (Marine Drive)-Thrissur-Palakkadu-
Kozhikodu-Kalpatta-Kannur.